


# വിശ്വാസത്തിന്റെ
# വേരുകൾ

ഡോ. മൈക്കിൾ കാരിമറ്റം



ഡോ. മൈക്കിൾ കാരിമറ്റം

# വിശ്വാസത്തിന്റെ വേരുകൾ

ദൈവവചനം, ത്രിത്വൈകദൈവം, തിരുസഭ, നിത്യജീവിതം എന്നീ കത്തോലിക്കാവിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ വ്യക്തവും ലളിതവുമായ ഭാഷയിൽ ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

ബൈബിളിനോടും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളോടും വിശ്വസ്തത പുലർത്തുന്ന ഈ ഗ്രന്ഥം കത്തോലിക്കാസഭയുടെ വിശ്വാസം ആഴത്തിൽ അറിയാൻ ആഗ്രഹിക്കുന്ന ഏവർക്കും ഉപകാരപ്രദമായ ഒരു വഴികാട്ടിയായിരിക്കും.

atma
Book with a soul

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600, 91 9746077500,
E-mail: atmabooks@gmail.com
atmabooks.com

978-93-88909-48-8 ₹ 250

Roots of Faith

"മലകൾ അകന്നുപോയേക്കാം,
കുന്നുകൾ മാറ്റപ്പെട്ടേക്കാം,
എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം
നിന്നെ പിരിയുകയില്ല;
എന്റെ സമാധാന ഉടമ്പടിക്ക്
മാറ്റം വരുകയുമില്ല".

(ഏശയ്യാ 54,10)

# വിശ്വാസത്തിന്റെ വേരുകൾ

# വിശ്വാസത്തിന്റെ വേരുകൾ

ഡോ. മൈക്കിൾ കാരിമറ്റം

pavan atma
book with a soul

atmabooks@gmail.com

Malayalam
*viswasattinte verukal*
(Roots of Faith - Malayalam)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: 1990
Second Edition: February 2016
Reprint: August 2021

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| | രണ്ടാം പതിപ്പ് - മുഖവുര | 9 |
| | ആമുഖം | 11 |
| | ഗ്രന്ഥസൂചി | 14 |
| | **ഭാഗം ഒന്ന്** | |
| | **ബൈബിൾ** | 15 |
| 1. | കാനോനിക ഗ്രന്ഥങ്ങൾ | 17 |
| | ബൈബിൾ വിഭജനം | 21 |
| 2. | ദൈവനിവേശിത ഗ്രന്ഥം | 25 |
| | ദൈവനിവേശനത്തിന്റെ ഫലങ്ങൾ | 27 |
| 3. | ദൈവവചനം മനുഷ്യന്റെ വാക്കുകളിൽ | 31 |
| 4. | ബൈബിളും പാരമ്പര്യവും | 35 |
| | ബൈബിൾ മാത്രമോ? | 41 |
| 5. | ബൈബിൾ വ്യാഖ്യാനം | 44 |
| | **ഭാഗം രണ്ട്** | |
| | **ത്രിയേക ദൈവം** | 49 |
| 1. | പരിശുദ്ധ ത്രിത്വം - ഒരു രഹസ്യം | 51 |
| 2. | പഴയ നിയമത്തിൽ | 57 |
| | A. ഏകദൈവം | 57 |
| | B. ഏകത്വത്തിൽ ബഹുത്വം | 60 |

പേജ്

3. പുതിയ അനുഭവം 67

പഴയനിയമം പുതിയ വെളിച്ചത്തിൽ 71

4. ആഴങ്ങളിലേക്ക് 74

ആദിമപ്രഘോഷണം - വി. പൗലോസിന്റെ ലേഖനങ്ങളിൽ - സുവിശേഷങ്ങളിൽ - കാതോലിക ലേഖനങ്ങൾ - വെളിപാട് - ചുരുക്കത്തിൽ - വിശ്വാസത്തിന്റെ അടിസ്ഥാനം

5. വഴി തെറ്റിയ വ്യാഖ്യാനങ്ങൾ 95

ജ്ഞാനവാദം - സെറിന്തസ് - മാർസിയോൺ - ഡൊസെറ്റിസം - ആരിയനിസം - അപ്പോള്ളിനാരിയനിസം - നെസ്തോറിയനിസം - മൊണാർക്കിയനിസം - ദത്തുപുത്രവാദം - ഏകസ്വഭാവവാദം - ഏകേച്ഛാവാദം - മാസിഡോണിയനിസം - മൊന്താനിസം

6. വിശ്വാസപ്രമാണം 109

1. പുതിയനിയമത്തിൽ 110
2. ജ്ഞാനസ്നാനബന്ധിയായ വിശ്വാസപ്രമാണങ്ങൾ 111
3. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം 112
4. സൂനഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾ 114
5. പ്രസക്തിയും പ്രധാന്യവും 124

## ഭാഗം മൂന്ന്
## തിരുസ്സഭ 127

1. സഭയുടെ ഉത്ഭവം 129

A. പഴയനിയമത്തിൽ 129

വിളിയും വീഴ്ചയും - പുതിയ തുടക്കം - ദൈവത്തിന്റെ സഭ - ദൈവജനം - രാജഭരണം - ദൈവഭരണം - ജറുസലെം - സീയോൻ കന്യക - സാർവ്വത്രിക ദൗത്യം - വിശ്വസ്തരുടെ ഗണം

B. പുതിയനിയമത്തിൽ 137

1. ഒരുക്കം 137

| | | | |
|---|---|---|---|
| | | | പേജ് |
| | 2. | സഭാസ്ഥാപനം | 143 |
| | 3. | സഭയുടെ ഉദ്ഘാടനം | 148 |
| 2. | സഭയുടെ സ്വഭാവം | | 151 |
| | 1. | മാർഗ്ഗം | 151 |
| | 2. | വിശ്വാസികളുടെ കൂട്ടായ്മ<br>അപ്പസ്തോല പ്രബോധനം - കൂട്ടായ്മ -<br>അപ്പം മുറിക്കൽ - പ്രാർത്ഥന | 153 |
| | 3. | ക്രിസ്തുവിന്റെ ശരീരം | 158 |
| | 4. | ക്രിസ്തുവിന്റെ മണവാട്ടി | 160 |
| | 5. | സഭ നമ്മുടെ മാതാവ് | 162 |
| 3. | സഭയുടെ അടയാളങ്ങൾ | | 164 |
| | 1. | ഏകസഭ | 165 |
| | 2. | പരിശുദ്ധ സഭ | 168 |
| | 3. | കാതോലിക സഭ | 170 |
| | 4. | അപ്പസ്തോലിക സഭ | 177 |
| 4. | ശുശ്രൂഷകൾ<br>സഭ - കരിസ്മാറ്റിക് സമൂഹം - പുരോഹിതസമൂഹം -<br>ശുശ്രൂഷയുടെ തലങ്ങൾ - ഹയരാർക്കി - പിതാക്കന്മാർ -<br>അത്മായരും വൈദികരും - സന്യാസികൾ | | 180 |
| 5. | കൂദാശകൾ<br>കൂദാശകൾ ഏഴ് - യേശു കൂദാശകൾ സ്ഥാപിച്ചു -<br>കൂദാശ - രഹസ്യം, അടയാളം, ആരാധന - കൂദാശകളിൽ വൈവിധ്യം<br>- ശിശുക്കളുടെ മാമ്മോദീസാ - ദാനവും ദൗത്യവും | | 194 |

പേജ്

## ഭാഗം നാല്


**ലക്ഷ്യത്തിലേക്ക്** 210

1. വ്യക്തിയുടെ അന്ത്യം 212
   1. മരണം 212
   2. തനതുവിധി 216
   3. സ്വർഗ്ഗം 216
   4. നരകം 217
   5. ശുദ്ധീകരണസ്ഥലം - മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന 219
   6. വിശുദ്ധരുടെ കൂട്ടായ്മ - മാധ്യസ്ഥ്യം 221
   7. വിഗ്രഹാരാധന - പ്രതിമാവണക്കം 222
2. കർത്താവിന്റെ ദിവസം 224
   1. ലോകത്തിന്റെ നവീകരണം 224
   2. മരിച്ചവരുടെ പുനരുത്ഥാനം 226
   3. കർത്താവിന്റെ പുനരാഗമനം 227
   4. പൊതുവിധി 229
      ഹർമാഗെദ്ദോൻ 230
   5. ജീവിതത്തികവ് 231
3. മറിയം ബൈബിളിലും സഭയിലും 234
   1. ദൈവത്തിന്റെ ദാനം 234
      ദൈവകൃപ നിറഞ്ഞവൾ - അമലോത്ഭവ - ദൈവമാതാവ് - കന്യകാമാതാവ് - നിത്യകന്യക - സ്വർഗ്ഗാരോപിത
   2. മറിയത്തിന്റെ മറുപടി 237
      കർത്താവിന്റെ ദാസി - വിശ്വസിച്ച ഭാഗ്യവതി
   3. മരിയഭക്തി 241


**അനുബന്ധം**


1. റീത്തുകൾ 244
2. സാർവ്വത്രിക സൂനഹദോസുകൾ 246
3. മാർപ്പാപ്പാമാർ 247

# രണ്ടാം പതിപ്പ്
# മുഖവുര

ചോദ്യം ചെയ്യപ്പെടുന്ന കത്തോലിക്കാ വിശ്വാസത്തിന്റെ അർത്ഥവും അടിസ്ഥാനങ്ങളും ബൈബിളിന്റെയും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വ്യക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഇരുപതു വർഷംമുമ്പ് (1990 ൽ) പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് പ്രതീക്ഷിച്ചതിലും വലിയ സ്വീകരണമാണ് ലഭിച്ചത്. പല രൂപതകളിലും യുവജനങ്ങൾക്കും മുതിർന്നവർക്കുമുള്ള മതബോധനത്തിനു പാഠപുസ്തകമായി ഇത് ഉപയോഗിക്കപ്പെട്ടു. മതാധ്യാപകർ, സുവിശേഷ പ്രഘോഷകർ, സന്യാസിനികൾ, വൈദിക വിദ്യാർത്ഥികൾ തുടങ്ങി അനേകർക്ക് തങ്ങൾ വിശ്വസിക്കുകയും ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന സത്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തതയും ബോധ്യവും ലഭിക്കാൻ ഈ പുസ്തകം സഹായകമായി എന്നറിയാൻ കഴിഞ്ഞത് തികച്ചും ചാരിതാർത്ഥ്യജനകമാണ്.

മൂന്നു തവണ പുനഃപ്രസാധനം ചെയ്യപ്പെട്ട ഈ പുസ്തകത്തിന്റെ കോപ്പികൾ ഏതാനും വർഷങ്ങളായി ലഭ്യമായിരുന്നില്ല. 1994-ൽ വത്തിക്കാനിൽ നിന്ന് പ്രസിദ്ധീകരിച്ച "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ കൂടുതൽ വിശദവും ആധികാരികവുമായി പഠിപ്പിക്കുന്നുണ്ട്. എന്നാൽ ഔദ്യോഗിക ഗ്രന്ഥത്തിന്റെ ഭാഷയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിധവും സമഗ്രതയിൽ ശ്രദ്ധിക്കുന്നതിനാൽ പലപ്പോഴും ക്ലിഷ്ടവും സാധാരണക്കാർക്കു ഗ്രഹിക്കാൻ പ്രയാസമുള്ളതുമായിത്തീരുന്നു. അതിനാൽ വിശ്വാസ സത്യങ്ങളുടെ ലളിതമായ അവതരണം ഇന്നും ഒരാവശ്യമായി നിലനില്ക്കുന്നു.

ഈ ആവശ്യത്തെ പരിഗണിച്ചും അനേകരുടെ അഭ്യർത്ഥനയെ മാനിച്ചും ഒരു പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. ചുരുക്കം തിരുത്തലുകളും വിശദീകരണങ്ങളും കൂട്ടിച്ചേർത്തതല്ലാതെ കാര്യമായ മാറ്റമൊന്നും ഈ രണ്ടാം പതിപ്പിൽ വരുത്തിയിട്ടില്ല.

# ആമുഖം

കത്തോലിക്കാസഭ വലിയൊരു വടവൃക്ഷംപോലെയാണ്. രണ്ടായിരം വർഷം പഴക്കമുള്ള ആ മഹാവൃക്ഷം ശാഖോപശാഖകളായി വളർന്നു പന്തലിച്ച് ലോകം മുഴുവൻ നിറഞ്ഞു നില്ക്കുന്നു. തഴച്ചുവളരുന്ന ഈ മരത്തിന്റെ ചില ശാഖകൾ ഉണങ്ങിക്കരിയുന്നു: മറ്റു ചിലവ വെട്ടിമാറ്റപ്പെട്ടിരിക്കുന്നു. തായ്ത്തടിതന്നെ ഉണങ്ങി വരണ്ട് വിണ്ടുകീറി നില്ക്കുന്ന പുറന്തോടിനാൽ അനാകർഷകമായി പലർക്കും അനുഭവപ്പെടുന്നു. ഈ മരം ഇന്നല്ലെങ്കിൽ നാളെ വീഴും എന്നു പ്രവചിക്കുന്നവരുണ്ട്. അതിനെ വെട്ടിമുറിച്ച് അഗ്നിക്കിരയാക്കാൻ അനേകം സാമ്രാജ്യശക്തികൾ ശ്രമിച്ചിട്ടുണ്ട്. എന്നാൽ സഭയെ നശിപ്പിക്കാൻ ശ്രമിച്ചവരും സഭയുടെ 'മരണമണി' മുഴക്കിയവരും മൺമറഞ്ഞിട്ടും സഭ പൂർവ്വോപരി ശക്തിയാർജ്ജിച്ചു വളരുന്നു. കാരണം ആഴത്തിൽ ഊന്നിയതാണ് അതിന്റെ വേരുകൾ.

പുറമെനിന്നുള്ള ആക്രമണങ്ങളെയും പീഡനങ്ങളെയുംകാൾ അപകടകാരികളാണ് അകമെനിന്നു വിശ്വാസത്തിനു തുരങ്കം വയ്ക്കുന്ന ശക്തികൾ. കത്തോലിക്കാസഭയുടെ പരമ്പരാഗതമായ വിശ്വാസത്തെയും ആചാരങ്ങളെയും ചോദ്യം ചെയ്യുക ഇന്ന് ഒരു 'ഫാഷൻ' ആയിത്തീർന്നിട്ടുണ്ട്. പരിശുദ്ധ ത്രിത്വം മുതൽ വിശുദ്ധരോടുള്ള ഭക്തിവരെ ചോദ്യം ചെയ്യപ്പെടാത്തതായി ഒരു വിശ്വാസവുമില്ല. 'കത്തോലിക്കരെ മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനികളാക്കാൻ' യഹോവാ സാക്ഷികൾ, വിവിധ പെന്തകോസ്ത് വിഭാഗങ്ങൾ തുടങ്ങിയവർ ബൈബിളിനെ അടിസ്ഥാനമാക്കി ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുമുമ്പിൽ അനേകം കത്തോലിക്കർ പതറിപ്പോകുന്നു. ശാസ്ത്രീയസത്യങ്ങളെ ആധാരമാക്കി യുക്തിവാദികളും നിരീശ്വരവാദികളും ഉയർത്തുന്ന വെല്ലുവിളികൾക്കു മുമ്പിൽ ഉത്തരം മുട്ടുന്ന പല കത്തോലിക്കരുടെയും വിശ്വാസത്തിന് ഇളക്കം തട്ടുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് തുറന്നുവിട്ട നവീകരണത്തിന്റെയും അധുനാധുനീകരണത്തിന്റെയും പ്രവാഹങ്ങളിൽ പരമ്പരാഗതമായ പല വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ഇളകിയൊഴുകിപ്പോകും എന്നു ഭയപ്പെടുന്നവരുണ്ട്. ബൈബിളിനോടുണ്ടായ വലിയ താത്പര്യവും ദൈവശാസ്ത്രത്തിലെ പുതിയ ആഭിമുഖ്യങ്ങളും സാധാരണക്കാരായ കത്തോലിക്കർക്ക് പലപ്പോഴും തങ്ങളുടെ വിശ്വാസത്തിൽ ആഴമേറിയ അവബോധം നല്കുന്നതിനേക്കാൾ സംശയങ്ങൾ വർദ്ധിപ്പിക്കുകയും ചിലപ്പോഴെങ്കിലും ഇടർച്ചയ്ക്കു

കാരണമാകുകയും ചെയ്യുന്നു. പത്രമാസികകളിലെ ലേഖനങ്ങളിലൂടെ ദൈവശാസ്ത്രവിശകലനങ്ങൾ നടക്കുമ്പോൾ ലേഖകന്മാരുടെ വ്യക്തിപരമായ അഭിപ്രായങ്ങളും സഭയുടെ ആധികാരിക പഠനങ്ങളും തമ്മിൽ വേർതിരിച്ചു കാണാൻ സാധാരണക്കാർക്കു വൈഷമ്യം നേരിടാറുണ്ട്.

വിശ്വാസസത്യങ്ങൾ സംക്ഷിപ്തമായി അവതരിപ്പിച്ചിരുന്ന പഴയ മതബോധനശൈലിയുടെ സ്ഥാനത്ത് വിശ്വാസത്തിന്റെ അർത്ഥവും ആഴവും വ്യക്തമാക്കാൻ ശ്രമിക്കുന്ന പുതിയ പാഠപുസ്തകങ്ങളും മതബോധനശൈലിയും രൂപംകൊണ്ടു. എന്നാൽ പത്താംക്ലാസു കഴിഞ്ഞു പുറത്തിറങ്ങുന്നവർക്ക് കത്തോലിക്കാവിശ്വാസത്തെക്കുറിച്ചു സമഗ്രമായ ഒരു കാഴ്ചപ്പാടും അടിസ്ഥാനസത്യങ്ങളെക്കുറിച്ചുള്ള ബോധ്യവും വേണ്ടത്ര ലഭിക്കുന്നുണ്ടോ എന്ന കാര്യത്തിൽ സംശയം നിലനില്ക്കുന്നു. യുവാക്കൾക്കുവേണ്ടിയുള്ള മതബോധനം കാര്യക്ഷമമാക്കുന്നതിനു പര്യാപ്തമായ സംവിധാനങ്ങൾ ഇനിയും രൂപം കൊള്ളേണ്ടിയിരിക്കുന്നു.

കഴിഞ്ഞ പത്തുവർഷത്തിനിടയ്ക്കു ദൈവജനത്തിന്റെ വിവിധ തലങ്ങളിലുള്ള നൂറുകണക്കിനു ഗ്രൂപ്പുകൾക്ക്, പ്രത്യേകിച്ചും മതാധ്യാപകർക്ക്, ബൈബിൾ ക്ലാസെടുക്കാനുള്ള അവസരം എനിക്കു ലഭിച്ചിട്ടുണ്ട്. ക്ലാസുകളിൽ നിരന്തരമായി പൊന്തിവന്നുകൊണ്ടിരുന്ന ചോദ്യങ്ങളും സംശയങ്ങളും മേൽ വിവരിച്ച അവസ്ഥക്കു തെളിവായി നില്ക്കുന്നു. ചോദ്യംചെയ്യപ്പെടുന്ന വിശ്വാസസത്യങ്ങളുടെ അർത്ഥവും അടിസ്ഥാനവും ഗ്രഹിക്കാനുതകുന്ന ഒരു പുസ്തകം തയ്യാറാക്കണമെന്ന് അനേകം മതാധ്യാപകരും ബ. ഇടവക വികാരിമാരും കഴിഞ്ഞ മൂന്നാലു വർഷമായി എന്നോട് ആവശ്യപ്പെടുന്നു. ഈ അഭ്യർത്ഥനയാണ് ഇങ്ങനെയൊരു പുസ്തകം എഴുതാൻ എനിക്കു പ്രചോദനം നല്കിയത്.

സ്ഥിരമായി ചോദിക്കാറുള്ള ചോദ്യങ്ങൾക്കു നേരിട്ട് ഉത്തരം നല്കുക എന്നതിനേക്കാൾ സ്വന്തമായി ഉത്തരം കണ്ടുപിടിക്കാൻ സഹായിക്കുക എന്ന ലക്ഷ്യമാണ് ഈ ഗ്രന്ഥരചനയിലുണ്ടായിരുന്നത്. ബൈബിൾ വിജ്ഞാനീയത്തിലെയും ദൈവശാസ്ത്രത്തിലെയും നൂതനാഭിമുഖ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുതന്നെ, പരമ്പരാഗതമായ വിശ്വാസത്തെ ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ കഴിയുന്നത്ര സമഗ്രവും അതേസമയം ലളിതവുമായി അവതരിപ്പിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വ്യക്തമായ അനേകം ചോദ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ പുസ്തകം തയ്യാറാക്കിയതെങ്കിലും, വിവാദത്തിന്റെ എന്നതിനേക്കാൾ വിശകലന – വിശദീകരണങ്ങളുടെ ശൈലിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

നാലു ഭാഗങ്ങളായി ഈ പുസ്തകത്തെ വിഭജിച്ചിരിക്കുന്നു. കത്തോലിക്കാ വിശ്വാസത്തിന്റെ വേരുകൾ ഉറച്ചിരിക്കുന്നത് ബൈബിളിലൂടെയും സഭയുടെ ഔദ്യോഗിക പ്രബോധനത്തിലൂടെയും ലഭിക്കുന്ന ദൈവാവിഷ്കൃത സത്യത്തിലാണ്. ഒന്നാം ഭാഗത്ത് ബൈബിളിന്റെ ഉത്ഭവം, ഉള്ളടക്കം, ബൈബിളും പാരമ്പര്യവും തമ്മിലുള്ള ബന്ധം, ബൈ ബിൾ വ്യാഖ്യാനത്തിൽ അവശ്യം പാലിക്കേണ്ട നിയമങ്ങൾ എന്നിവ പ്രതിപാദിക്കപ്പെടുന്നു. രണ്ടാംഭാഗത്ത് ദൈവത്തിന്റെ ഏകത്വവും ത്രിത്വവും ദൈവപുത്രന്റെ മനുഷ്യാവതാരവും പഠനവിഷയമാക്കുന്നു. വിശ്വാസത്തിന്റെ വ്യാഖ്യാനത്തിൽ വന്നുകൂടിയ പിശകുകളും, സത്യവിശ്വാസം കാത്തുസൂക്ഷിക്കാനും അപ്രമാദമായി പഠിപ്പിക്കാനുംവേണ്ടി സഭ രൂപപ്പെടുത്തിയ വിശ്വാസ പ്രമാണങ്ങളും ഈ ഭാഗത്തു ചർച്ച ചെയ്തിട്ടുണ്ട്. കത്തോലിക്കാസഭയുടെ ഉത്ഭവം, സ്വഭാവം, ഘടന, ലക്ഷണങ്ങൾ, ശുശ്രൂഷകൾ മുതലായ വിഷയങ്ങളാണ് മൂന്നാം ഭാഗത്തു ചർച്ച ചെയ്യപ്പെടുന്നത്. വ്യക്തികളുടെയും സമൂഹത്തിന്റെയും എന്നല്ല ലോകചരിത്രത്തിന്റെയും പ്രപഞ്ചം മുഴുവന്റെയും ലക്ഷ്യത്തെക്കുറിച്ചുള്ള സഭയുടെ വിശ്വാസം നാലാം ഭാഗത്ത് അവതരിപ്പിക്കുന്നു. സഭയുടെ പ്രതിച്ഛായയും മാതാവും അതേസമയം രക്ഷാകരപ്രവൃത്തിയുടെ ആദ്യഫലവുമായ മറിയത്തെക്കുറിച്ചുള്ള പഠനത്തോടെയാണ് പുസ്തകം സമാപിക്കുന്നത്.

ബൈബിളും കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുമാണ് മുഖ്യമായും ഈ ഗ്രന്ഥരചനയ്ക്കു ഉപയോഗിച്ചിട്ടുള്ളത്. ഇവയ്ക്കു പുറമേ അനേകം പുസ്തകങ്ങളും ലേഖനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയുടെ ഒരു പട്ടിക ആരംഭത്തിൽ തന്നെ കൊടുത്തിരിക്കുന്നു. ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന കാര്യങ്ങളുടെ ആധികാരികത പരിശോധിക്കാനും കൂടുതൽ വിശദമായി പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് ഇതുപകരിക്കും.

കത്തോലിക്കാവിശ്വാസത്തെ സംബന്ധിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും തികച്ചും തൃപ്തികരമായ ഉത്തരം നല്കാൻ കഴിഞ്ഞു എന്നു ഞാൻ അവകാശപ്പെടുന്നില്ല. വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളെക്കുറിച്ച് കൂടുതൽ ബോധ്യം നേടാനും തങ്ങളുടെ വിശ്വാസം അഭിമാനത്തോടെ ഏറ്റു പറയാനും വിശ്വാസത്തിൽ നിന്നുരുത്തിരിയുന്ന പ്രത്യാശയോടെ ദൈവവചനത്തിനനുസൃതമായ ജീവിതം കരുപ്പിടിപ്പിക്കാനും ഈ പുസ്തകം ആർക്കെങ്കിലും സഹായകമായാൽ ഞാൻ കൃതാർത്ഥനായി.

# BIBLIOGRAPHY


***BIBLE - Texts***

*Biblia Hebraica,* ed., Kittel R., Stuttgart, 1937
*Septuaginta.* ed., Rahlfs A., Stuttgart, 1935
*The Greek New Testament,* ed., Aland K., Stuttgart, 1968
*Novum Testamentum Graece et Latine,* ed., Merk A.M. Rome, 1977

***DOGMATIC PROCLAMATIONS***

Denziger-Schoenmetzer, ed., *Enchiridion Symbolorum,* Rome, 1965
Kirch K., ed., *Enchiridion Fontium Historiae Antiquae,* Rome, 1965
Rouet De Journel, ed., *Enchiridion Patristicum,* Rome, 1965
Vattican II, *16 Documents*
*The Church and the Bible, TPI, 2000*

***PAPAL ENCYCLICALS***

Pius IX, *Ineffabilis Deus,* 1854
Pius XII, *Mystici Corporis,* 1943
" *Divino Afflante Spiritu,* 1943
" *Munificentissimus Deus,* 1950
" *Ad Coeli Reginam,* 1954
Paul VI *Ecclesiam Suam,* 1964
" *Mysterium Fidei,* 1965
John Paul II, *Redemptor Hominis,* 1979
" *Dives in Misericordia,* 1980
" *Dominum et Vivificantem,* 1986
" *Redemptoris Mater,* 1987

*CATECHISM OF THE CATHOLIC CHURCH, Vatican, 1994*

***ENCYCLOPEDIAS AND DICTIONARIES***

Brown C., ed., *Dictionary of N.T. Theology,* 3 vols., Exeter, 1978
Kiitel G., ed., *Theological Dictionary of N.T.,* 10 vols., Grand Rapids, 1968
Leon Du-four X, ed., *Dictionary of Biblical Theology,* Bangalore, 1973
Douglas J.D., ed., *The New International Dictionary of the Christian Church* Exeter, 1974
Feiner J., ed., *Mysterium Salutis,* 9 vols, Brescia, 1972
Mc Donald W.J., ed., *New Catholic Encyclopedia,* 17 Vols., New York, 1967
Rahner K., ed., *Sacramentum Mundi, an Encyclopedia of Theology,* 6 vols., New York, 1968

***OTHER WORKS***

Ropes H.D., *The Church of Apostles and Martyrs,* 2 vols., New York, 1960
Feiner J., ed., *The Common Catechism,* Bristol, 1975
Grillmaier A., *Christ in Christian Tradition,* Vol. 1. *From the Apostolic Age to Chalcedon* (AD 451), London, 1975
Lubac H. De, *Catholicism,* London, 1961
Lawler R., ed., *The Teaching of Christ,* Huntington, 1976
Newman J.H. Card., *An Essay on the Development of Christian Doctrine,* 1878 (repr. London, 1960)
Pilkan Jaroslav, *The Christian Tradition, Vol. 1, Emergence of the Catholic Tradition,* London, 1971
Rogier L. J., ed., *The Christian Centuries,* Vol. 1, *The First Six Hundred Years,* London, 1964.

# ഭാഗം - 1

# ബൈബിൾ

എഴുതപ്പെട്ട ദൈവവചനവും ജീവിതത്തിന്റെ മാനദണ്ഡവുമായി ബൈബിളിനെ എല്ലാ ക്രൈസ്തവരും അംഗീകരിച്ച് ആദരിക്കുന്നുണ്ട്. ബൈബിളിലൂടെ ദൈവം നമുക്കു സ്വയം വെളിപ്പെടുത്തുന്നു എന്ന് എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, ഐക്യത്തിന്റെ അടിസ്ഥാനമായിരിക്കേണ്ട ബൈബിൾ ഇന്നു ക്രൈസ്തവർക്കിടയിൽ അനൈക്യത്തിനും വിശ്വാസവൈരുധ്യങ്ങൾക്കും കാരണമാകുന്നു.

ഏതെല്ലാം പുസ്തകങ്ങളാണ് ബൈബിളിന്റെ ഭാഗമായി കരുതേണ്ടത് എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം നിലനില്ക്കുന്നു. ബൈബിളിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുന്നു എന്ന് വിശ്വസിക്കുന്നവരിൽത്തന്നെ ഒരു കൂട്ടർ ബൈബിൾ മാത്രമാണ് ദൈവാവിഷ്കരണത്തിന്റെ ഉറവിടം എന്നും ബൈബിളിൽ കാണാത്തതൊന്നും വിശ്വാസസത്യമായി പരിഗണിക്കേണ്ടതില്ല എന്നും വാദിക്കുമ്പോൾ മറ്റൊരുകൂട്ടർ ബൈബിളും പാരമ്പര്യവും ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ നമുക്കു ലഭ്യമാക്കുന്ന രണ്ട് അരുവികളാണെന്നു പഠിപ്പിക്കുന്നു.

ബൈബിളിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ചും ഏറെ തർക്കങ്ങൾ നിലവിലുണ്ട്. ദൈവവചനമാകയാൽ ബൈബിളിലെ ഓരോ വാക്കും അക്ഷരാർത്ഥത്തിൽത്തന്നെ മനസ്സിലാക്കണം എന്നു വാദിക്കുന്നവരുണ്ട്. എന്നാൽ

മറ്റൊരുകൂട്ടർ, ദൈവവചനം മനുഷ്യർ എഴുതിയതാകയാൽ എഴുത്തുകാരുടെ ശൈലിയും മറ്റും കണക്കിലെടുത്ത് സന്ദേശം ഗ്രഹിക്കാനാണ് ശ്രമിക്കേണ്ടത് എന്നു കരുതുന്നു. സംശയാസ്പദമായ വിഷയങ്ങളിൽ ഓരോ വ്യക്തിയും തനിക്കു ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനം അനുസരിച്ചാണ് ബൈബിൾ വ്യാഖ്യാനിക്കേണ്ടത് എന്ന് ഒരുകൂട്ടർ പറയുമ്പോൾ, ബൈബിളിനെ സംബന്ധിച്ച് ആധികാരികമായ വ്യാഖ്യാനം പ്രബോധനാധികാരം ലഭിച്ചവരാണ് നല്കേണ്ടത് എന്ന് മറ്റൊരുകൂട്ടർ പഠിപ്പിക്കുന്നു.

ഈ ആശയക്കുഴപ്പങ്ങൾക്കിടയിൽ കത്തോലിക്കാസഭയുടെ നിലപാട് എന്താണ്, എന്തുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സഭ സ്വീകരിച്ചിരിക്കുന്നത് എന്നു വ്യക്തമായി മനസ്സിലാക്കുക ആവശ്യമാണ്.

# 1 കാനോനിക ഗ്രന്ഥങ്ങൾ

വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥം എന്ന് സഭ ഔദ്യോഗികമായി അംഗീകരിച്ച പുസ്തകങ്ങളുടെ പട്ടിക "കാനോൻ" എന്നും ആ പട്ടികയിൽപ്പെട്ട ഗ്രന്ഥങ്ങൾ "കാനോനിക ഗ്രന്ഥങ്ങൾ" എന്നും അറിയപ്പെടുന്നു. "മാനദണ്ഡം" എന്നാണ് '*കാനോൻ*" എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം. ഞാങ്ങണ എന്നർത്ഥമുള്ള "*ഖനു*" എന്ന ബാബിലോണിയൻ പദത്തിൽനിന്നാണ് 'കാനോൻ" എന്ന ഗ്രീക്കുപദം രൂപംകൊണ്ടത്. അളവുകോലായി ഞാങ്ങണ ഉപയോഗിച്ചിരുന്നതിനാലാണ് ഈ പേരുണ്ടായത്. ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ പട്ടിക എന്ന അർത്ഥത്തിൽ ഏ.ഡി. 4-ാം നൂറ്റാണ്ടു മുതൽ ഈ പദം ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിൽ വന്നു.

'പഴയനിയമം', 'പുതിയനിയമം' എന്ന രണ്ടു ഭാഗങ്ങളിലായി 73 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥസമാഹാരമാണ് ബൈബിൾ. 'പഴയനിയമം" എന്നു ക്രൈസ്തവർ വിളിക്കുന്ന ആദ്യഭാഗം യഹൂദരുടെയും മതഗ്രന്ഥമാണ്. പുസ്തകങ്ങളുടെ എണ്ണത്തെക്കുറിച്ചു പറയുമ്പോൾ പഴയനിയമവും പുതിയനിയമവും വേറിട്ടു കാണേണ്ടതുണ്ട്. ബൈബിളിൽ എത്ര പുസ്തകങ്ങൾ ഉണ്ട് എന്ന കാര്യത്തിൽ യഹൂദരുടെയും ക്രൈസ്തവരുടെയും ഇടയിൽ ദീർഘകാലത്തേക്ക് സംശയങ്ങളും തർക്കങ്ങളും നിലനിന്നു. പുതിയനിയമത്തിൽ 27 പുസ്തകങ്ങൾ ഉണ്ട് എന്ന് എല്ലാ ക്രൈസ്തവരും അംഗീകരിക്കുന്നുണ്ട്. എന്നാൽ പഴയനിയമത്തെക്കുറിച്ചുള്ള നിലപാട് വ്യത്യസ്തമാണ്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ത്രെന്തോസ് സൂനഹദോസ് (ഏ.ഡി. 1545-1563) ഈ കാര്യത്തിൽ അന്തിമ തീർപ്പു കല്പിച്ചു. 1546 ഏപ്രിൽ 8-ാം തീയ്യതി നടന്ന സൂനഹദോസിന്റെ നാലാം സമ്മേളനം "കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച്" (De Canonicis Scripturis) എന്ന ഡിക്രിയിലൂടെ പഴയനിയമത്തിൽ 45 ഉം ("വിലാപങ്ങൾ" എന്ന പുസ്തകം "ജറെമിയാ" യുടെ അനുബന്ധമായി കരുതി, രണ്ടുംകൂടി ഒരു പുസ്തകമായിട്ടാണ് എണ്ണിയത്) പുതിയനിയമത്തിൽ 27 ഉം പുസ്തകങ്ങൾ ആണ് ഉള്ളതെന്ന് വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

ഏ.ഡി. നാലാംനൂറ്റാണ്ടിന്റെ അവസാനത്തോടെ വി.ജെറോം മൂലഭാഷകളിൽ നിന്നു ലത്തീനിലേക്കു വിവർത്തനം ചെയ്തതും "വുൾഗാത്താ" എന്ന പേരിൽ അറിയപ്പെടുന്നതുമായ ബൈബിളിന്റെ പതിപ്പിനെയാണ് സൂന

ഹദോസ് ആധികാരിക ഗ്രന്ഥമായി സ്വീകരിച്ചത്. എന്നാൽ പ്രോട്ടസ്റ്റന്റു സഭകൾ ത്രെന്തോസ് സൂനഹദോസിന്റെ ഈ തീരുമാനത്തെ അംഗീകരിക്കുന്നില്ല. പഴയനിയമത്തെ സംബന്ധിച്ചാണ് അഭിപ്രായവ്യത്യാസം ഉള്ളത്.

പഴയനിയമം യഹൂദരുടെ മതഗ്രന്ഥമാകയാൽ യഹൂദർ "കാനോനികം" എന്ന് അംഗീകരിച്ച പുസ്തകങ്ങൾ മാത്രമേ ക്രിസ്ത്യാനികളും കാനോനികമായി സ്വീകരിക്കാവൂ എന്നതാണ് പ്രോട്ടസ്റ്റന്റു നിലപാട്. ഹെബ്രായ ബൈബിളിൽ ഇല്ലാത്തതും കത്തോലിക്കർ പ്രസിദ്ധീകരിക്കുന്ന ബൈബിളിൽ ഉള്ളതുമായ പുസ്തകങ്ങളെ പ്രോട്ടസ്റ്റൻറുകാർ "അപ്പോക്രിഫ" അഥവാ അപ്രാമാണിക ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. കത്തോലിക്കരാകട്ടെ ഈ ഗ്രന്ഥങ്ങളെ "ഉത്തരകാനോനികം" (deutero-canonical) എന്നാണു വിളിക്കുന്നത്.

തോബിത്, യൂദിത്ത്, 1–2 മക്കബായർ, ജ്ഞാനം, പ്രഭാഷകൻ, ബാറുക് എന്നീ ഏഴു പുസ്തകങ്ങളും എസ്തേർ 10,4–16,24; ദാനിയേലിന്റെ പുസ്തകം 3–ാം അധ്യായം 23–ാം വാക്യത്തിനും 24–ാം വാക്യത്തിനും ഇടയിൽ ചേർത്തിരിക്കുന്ന "അസറിയായുടെ പ്രാർത്ഥനയും മൂന്നു യുവാക്കളുടെ കീർത്തനവും എന്ന 68 വാക്യങ്ങൾ," ദാനിയേൽ 13 (സൂസന്ന); ദാനിയേൽ 14 (ബേലും വ്യാളവും) എന്നീ ഭാഗങ്ങളും ഉത്തരകാനോനിക ഗ്രന്ഥങ്ങളിൽപ്പെടുന്നു.

ഈ പുസ്തകങ്ങളും പുസ്തഭാഗങ്ങളും പ്രോട്ടസ്റ്റന്റു നവീകരണക്കാർ ആരംഭംമുതലേ ഉപേക്ഷിച്ചിരുന്നില്ല. നവീകരണപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നറിയപ്പെടുന്ന മാർട്ടിൻ ലൂഥർ 1534–ൽ പ്രസിദ്ധീകരിച്ച ബൈബിൾ വിവർത്തനത്തിൽ മേല്പറഞ്ഞ ഭാഗങ്ങൾ പഴയനിയമത്തിന്റെ അവസാനത്തിൽ ചേർത്തിരുന്നു. അവതരണക്കുറിപ്പ് എന്ന നിലയിൽ "അപ്പോക്രിഫ – ഈ പുസ്തകങ്ങൾ വിശുദ്ധഗ്രന്ഥത്തോടു തുല്യമല്ലെങ്കിലും വായിക്കുന്നത് നല്ലതും ഉപയോഗപ്രദവും ആയിരിക്കും" എന്ന് ഈ സമാഹാരത്തിന്റെ ആരംഭത്തിൽ ലൂഥർ എഴുതിചേർത്തിരുന്നു. പ്രോട്ടസ്റ്റന്റു നവീകരണത്തിന്റെ മറ്റൊരു പ്രമുഖനേതാവായ സ്വിംഗ്ലി 1527–29ൽ സൂറിച്ചിൽ നിന്നു പ്രസിദ്ധീകരിച്ച ബൈബിൾ വിവർത്തനത്തിലും ഉത്തരകാനോനിക ഗ്രന്ഥങ്ങൾ അവസാനത്തെ വാല്യമായി ചേർത്തിരുന്നു. കാൽവിൻ നേതൃത്വം നല്കിയ വിവർത്തനത്തിലും (1534–35) ഈ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജെയിംസ് രാജാവിന്റെ വിവർത്തനം (King James Version) എന്നറിയപ്പെടുന്ന ഇംഗ്ലീഷ് പരിഭാഷയിൽ (1611) ഉത്തര കാനോനികഗ്രന്ഥങ്ങൾ പഴയനിയമത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്. കാലക്രമത്തിൽ പല പ്രോട്ടസ്റ്റന്റു വിഭാഗങ്ങളും ഉത്തര കാനോനിക ഗ്രന്ഥങ്ങൾ ബൈബിളിൽനിന്നു മാറ്റി. ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിക്കുന്ന പ്രോട്ടസ്റ്റന്റു ബൈബിളിൽ നിന്ന് ഉത്തരകാനോ

നികഗ്രന്ഥങ്ങൾ ഉപേക്ഷിക്കാൻ അന്തിമമായ തീരുമാനം ഉണ്ടായത് 1827-ൽ ആണ്.

എന്നാൽ അടുത്തകാലത്ത്, പ്രത്യേകിച്ചും യൂറോപ്പിൽ, പ്രോട്ടസ്റ്റന്റു സഭകളും ഉത്തര കാനോനികഗ്രന്ഥങ്ങളോടു കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. ഈ പുസ്തകങ്ങളുടെ ഉത്ഭവത്തെയും ഉള്ളടക്കത്തെയും യഹൂദർക്കിടയിൽ ഇവയ്ക്കുണ്ടായിരുന്ന സ്ഥാനത്തെയുംക്കുറിച്ചുള്ള പഠനങ്ങളാണ് ഈ പുതിയ താല്പര്യത്തിനു നിദാനമായി നില്ക്കുന്നത്. കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും ഒരുമിച്ചു പ്രസിദ്ധീകരിക്കുന്ന ബൈബിളിൽ ഈ ഗ്രന്ഥങ്ങൾ പഴയനിയമത്തിന്റെ അവസാനം ചേർക്കുന്നുണ്ട്. ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന മലയാളം ബൈബിളിൽ “ഉത്തര കാനോനിക ഗ്രന്ഥങ്ങൾ / അപ്പോക്രിഫ” എന്ന ശീർഷകത്തിൽ ഈ പുസ്തകങ്ങൾ പഴയനിയമത്തിന്റെ അവസാനം ചേർത്തിരിക്കുന്നതും ബൈബിൾ സൊസൈറ്റി എന്ന പ്രോട്ടസ്റ്റന്റു സ്ഥാപനം ഈ പതിപ്പിന്റെ വിതരണത്തെ പ്രോത്സാഹിപ്പിക്കുന്നതും ശ്രദ്ധേയവും ശുഭോദർക്കവുമാണ്.

യഹൂദരുടെ ബൈബിളിൽ ഇല്ലാത്ത പുസ്തകങ്ങൾ പഴയ നിയമത്തിന്റെ ഭാഗമായി കരുതാൻ പാടില്ല എന്നു വാദിക്കുന്നവർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. പുതിയനിയമം രൂപംകൊണ്ട ഒന്നാംനൂറ്റാണ്ടിൽ യഹൂദരെ സംബന്ധിച്ചിടത്തോളം എല്ലാവരും അംഗീകരിച്ച ഒരു കാനോൻ ഉണ്ടായിരുന്നില്ല. പലസ്തീനായിലെ യഹൂദരുടെ ഇടയിൽ ഹെബ്രായഭാഷയിലുള്ള ബൈബിളും റോമാസാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ വസിച്ചിരുന്ന യഹൂദരുടെ ഇടയിൽ അലക്സാണ്ഡ്രിയായിൽവച്ചു വിവർത്തനം ചെയ്യപ്പെട്ട “സപ്തതി” എന്നറിയപ്പെടുന്ന ഗ്രീക്കു ബൈബിളുമാണ് പ്രചാരത്തിലിരുന്നത്. രണ്ടും തമ്മിൽ പുസ്തകങ്ങളുടെ എണ്ണത്തിൽ വ്യത്യാസവും ഉണ്ടായിരുന്നു.

2. ഉത്തര കാനോനികഗ്രന്ഥങ്ങൾ സപ്തതിയിൽ മാത്രമേ കാണുന്നുള്ളു എന്നതിനാൽ അവ ഗ്രീക്കുഭാഷയിൽ രചിക്കപ്പെട്ടതാവണം എന്നില്ല. “പ്രഭാഷകൻ” എന്ന പുസ്തകം ഹെബ്രായഭാഷയിൽ നിന്നുള്ള വിവർത്തനമാണെന്ന് ഗ്രന്ഥകർത്താവുതന്നെ പറയുന്നുണ്ട് (പ്രഭാഷകൻ, മുഖവുര). ചാവുകടൽതീരത്തെ ഗുഹകളിൽനിന്നു കണ്ടെത്തിയ ഖുമ്റാൻ സന്യാസസമൂഹത്തിന്റെ ചുരുളുകളിൽ ബാറുക്, തോബിത്, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളുടെ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഇവയെ ബൈബിളി ന്റെ ഭാഗമായി അംഗീകരിച്ചിരുന്ന യഹൂദർ (ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ) പലസ്തീനായിൽ ഉണ്ടാ

യിരുന്നു എന്നതിന് ഇതു തെളിവാണ്.

3. പാലസ്തീനായ്ക്കു പുറത്ത് ഗ്രീക്കുകാരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ച അപ്പസ്തോലന്മാർ "സപ്തതി" എന്ന ഗ്രീക്കു ബൈബിളാണ് ഉപയോഗിച്ചിരുന്നത്. പുതിയനിയമ ഗ്രന്ഥകർത്താക്കൾ ഉദ്ധരിക്കുന്നതും സപ്തതിയിൽ നിന്നാണ്. തന്നെയുമല്ല, ഇന്ന് ബൈബിളിന്റെ ഭാഗമായി ആരും അംഗീകരിക്കാത്ത ചില പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികളും പുതിയ നിയമത്തിൽ കാണാം. ഉദാ. യൂദാസ് എഴുതിയ ലേഖനം 14-ാം വാക്യം "കണ്ടാലും, കർത്താവ് തന്റെ വിശുദ്ധരുടെ പതിനായിരങ്ങളുടെ കൂടെ ആഗതനായിരിക്കുന്നു" ഏനോക്കിന്റെ ഒന്നാംപുസ്തകം 1,9-ൽ നിന്നുള്ള ഉദ്ധരണിയാണിത്. യൂദാ 9-ൽ കൊടുത്തിരിക്കുന്ന മോശയുടെ ശരീരത്തെചൊല്ലി പിശാചിനോടു തർക്കിച്ച മിഖായേലിന്റെ ചിത്രം, "മോശയുടെ സ്വർഗ്ഗാരോഹണം" എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്തതാണ്. "അവൻ നസ്രായൻ എന്നു വിളിക്കപ്പെടും" (മത്താ. 2,23) എന്ന പ്രവചനം ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന പഴയനിയമത്തിൽ നിന്നല്ല, മറ്റേതോ പുസ്തകത്തിൽ നിന്ന് എടുത്തതായിരിക്കണം. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് പുതിയനിയമം രചിക്കപ്പെട്ട കാലത്ത് ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് യഹൂദരുടെ ഇടയിൽ അന്തിമമായ ഒരു തീരുമാനം നിലവിൽ വന്നിരുന്നില്ല എന്നാണ്.

4. ഏ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കണം പലസ്തീനായിലെ യഹൂദർ ബൈബിൾ ഗ്രന്ഥങ്ങളുടെ അന്തിമമായ പട്ടിക തയ്യാറാക്കിയത് എന്നാണ് ബൈബിൾ പണ്ഡിതന്മാർ കരുതുന്നത്. ഈ തീരുമാനത്തെ ലോകമെങ്ങുമുള്ള മറ്റു യഹൂദരും സ്വീകരിച്ചു. ഇപ്രകാരം ഒരു തീരുമാനത്തെ ആധാരമാക്കി ക്രൈസ്തവർ വിശുദ്ധഗ്രന്ഥത്തിന്റെ "കാനോൻ" സംബന്ധിച്ച തീരുമാനം എടുക്കുന്നതു യുക്തിപൂർവ്വമായിരിക്കുകയില്ലല്ലോ.

ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് ത്രെന്തോസ് സൂനഹദോസ് പെട്ടെന്ന് ഒരു തീരുമാനം എടുക്കുകയായിരുന്നില്ല. ഏ.ഡി. 393-ൽ ഹിപ്പോ പട്ടണത്തിൽ കൂടിയ പ്രാദേശിക സൂനഹദോസും ഏ.ഡി. 397-ലെ രണ്ടാം കാർത്തേജ് സൂനഹദോസും കാനോനിക ഗ്രന്ഥങ്ങളെ സംബന്ധിച്ച പ്രഖ്യാപനങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഏ.ഡി. 405-ൽ ഇന്നസന്റ് ഒന്നാമൻ മാർപാപ്പാ ടുളൂസിലെ മെത്രാനയച്ച ഒരു കത്തിൽ കാനോനിക ഗ്രന്ഥങ്ങൾ ഏവയെന്ന് പ്രഖ്യാപിക്കുന്നുണ്ട്. ഏ.ഡി. 1441-ൽ ഫ്ളോറൻസിൽ സമ്മേളിച്ച സാർവ്വത്രിക സൂനഹദോസ് ഇപ്രകാരമൊരു പട്ടിക പ്രസിദ്ധീകരിക്കുകയുണ്ടായി. മേല്പറഞ്ഞ തീരുമാനങ്ങളും പ്രഖ്യാപനങ്ങളും എല്ലാം ഒരേ പട്ടിക തന്നെയാണ് അവതരിപ്പിക്കുന്നത്. ഈ പട്ടികയാണ് ത്രെന്തോസ് സൂനഹദോസ് വിശ്വാസസത്യമായി പ്രഖ്യാപിച്ചത്.

യഹൂദർ അംഗീകരിച്ചിരുന്നോ ഇല്ലയോ എന്നതായിരുന്നില്ല ക്രിസ്തുവിന്റെ സഭയെ സംബന്ധിച്ചിടത്തോളം ബൈബിളിലെ ഗ്രന്ഥങ്ങൾ ഏവയെന്നു തീരുമാനിക്കാനുള്ള മാനദണ്ഡം. ദൈവനിവേശിതവും വിശ്വാസത്തെയും ധാർമ്മികതയേയും സംബന്ധിക്കുന്ന സത്യങ്ങൾ ഉൾക്കൊള്ളുന്നവയും ആയ പുസ്തകങ്ങളെയാണ് സഭ കാനോനികങ്ങൾ എന്ന് അംഗീകരിച്ചത്. ഈ ഗ്രന്ഥങ്ങൾ അപ്പസ്തോലികസഭയുടെ വിശ്വാസത്തിന്റെ ലിഖിതരൂപത്തിലുള്ള പ്രകാശനങ്ങളാണോ അല്ലയോ എന്നതായിരുന്നു ഈ തീരുമാനത്തിന് മാനദണ്ഡമായി സ്വീകരിച്ചത്. അപ്പസ്തോലന്മാരുടെയും സഭാപിതാക്കന്മാരുടെയും ഉപയോഗവും പഠനവും ഈ തീരുമാനത്തിന് വഴികാട്ടിയായി സ്വീകരിക്കപ്പെട്ടു. ക്രിസ്തുവിൽനിന്നു ലഭിച്ചതും പരിശുദ്ധാത്മാവിനാൽ നിരന്തരം നയിക്കപ്പെടുന്നതുമായ തന്റെ പ്രബോധനാധികാരം ഉപയോഗിച്ചാണ് സഭ ഈ ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. അതിനാൽ ബൈബിളിലെ 73 പുസ്തകങ്ങളും ദൈവനിവേശിതങ്ങളാണെന്നതു വിശ്വാസസത്യമായി സ്വീകരിക്കാൻ സഭാംഗങ്ങളെല്ലാവരും കടപ്പെട്ടിരിക്കുന്നു.

ഒറ്റപ്പെട്ട വ്യക്തികളോ സമൂഹങ്ങളോ തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് ബൈബിളിലെ ഗ്രന്ഥങ്ങൾക്കു പരിധി കല്പിക്കുന്നതു ശരിയല്ല. അകത്തോലിക്കാ സഹോദരങ്ങളുമായി ബൈബിൾ സംബന്ധമായ ചർച്ചയിൽ ഏർപ്പെടുന്ന കത്തോലിക്കർ ഈ കാര്യം പ്രത്യേകം ഓർത്തിരിക്കുന്നതു നല്ലതാണ്. മരിച്ചവരുടെ പുനരുത്ഥാനം, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകത, മുതലായ പ്രധാനപ്പെട്ട ചില പഠനങ്ങൾ ഉത്തരകാനോനിക ഗ്രന്ഥങ്ങളിലാണ് ഏറ്റം വ്യക്തമായി അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ആരെങ്കിലുമായി ചർച്ച തുടങ്ങുന്നതിനുമുമ്പേ ഏതു ബൈബിളാണ് ഉപയോഗിക്കുന്നതെന്നും ഈ ഗ്രന്ഥം ദൈവവചനമാണെന്നുള്ളതിന് എന്തുറപ്പാണുള്ളതെന്നും ആദ്യമേ തീരുമാനിക്കണം.

## ബൈബിൾ വിഭജനം

യഹൂദർ ബൈബിൾ ഗ്രന്ഥങ്ങളെ നിയമം (*തോറാ*), പ്രവാചകന്മാർ (*നബിയിം*), ലിഖിതങ്ങൾ (*കെതുബിം*) എന്നു മൂന്നു ഗണങ്ങളായി തരംതിരിച്ചിരുന്നു. പ്രവാചകഗ്രന്ഥങ്ങളെത്തന്നെ ആദിപ്രവാചകന്മാർ എന്നും പില്ക്കാല പ്രവാചകന്മാർ എന്നും രണ്ടായി വിഭജിച്ചിരുന്നു. ആദിപ്രവാചകന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത് ജോഷ്വാ മുതൽ രാജാക്കന്മാർവരെയുള്ള ചരിത്രഗ്രന്ഥങ്ങളാണ്. ചരിത്രത്തിലൂടെ ദൈവം തങ്ങളോടു സംസാരിച്ചു എന്ന ഇസ്രായേലിന്റെ വിശ്വാസമാകാം ഈ ശീർഷകത്തിനു പ്രചോദനം നല്കിയത്. നിയമഗ്രന്ഥങ്ങൾക്കാണ് ഏറ്റവും കൂടുതൽ പ്രാധാന്യം

കല്പിച്ചിരുന്നത്; ലിഖിതങ്ങൾക്ക് ഏറ്റം കുറവും.

സപ്തതി വേറൊരു വിഭജനക്രമമാണ് സ്വീകരിച്ചത്: നിയമഗ്രന്ഥങ്ങൾ, ചരിത്രഗ്രന്ഥങ്ങൾ, ഗീതങ്ങൾ, പ്രവാചക ഗ്രന്ഥങ്ങൾ. എല്ലാ പുസ്തകങ്ങൾക്കും തുല്യപ്രാധാന്യം നല്കപ്പെട്ടു. കത്തോലിക്കാസഭ പൊതുവേ ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്ന് ബൈബിൾ ഗ്രന്ഥങ്ങളെ തരംതിരിച്ചിരിക്കുന്നു. പുസ്തകങ്ങളുടെ പ്രാധാന്യമല്ല, ഉള്ളടക്കമാണ് വിഭജനത്തിനു മാനദണ്ഡം.

ഹെബ്രായ ബൈബിളിൽ ഇല്ലാത്ത പന്ത്രണ്ടു പുസ്തകങ്ങൾ സപ്തതിയിൽ ഉണ്ട്. ഇതിൽ അഞ്ചു പുസ്തകങ്ങൾ കത്തോലിക്കാസഭ കാനോനിക ഗ്രന്ഥങ്ങളായി പരിഗണിക്കുന്നില്ല. താഴെകൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് വിഭജനവും കാനോനിക ഗ്രന്ഥങ്ങളുടെ എണ്ണവും ക്രമവും വ്യക്തമാകും.

| ഹെബ്രായബൈബിൾ | സപ്തതി | കത്തോലിക്കാ ബൈബിൾ |
|---|---|---|
| **നിയമം** | **നിയമം** | **ചരിത്രഗ്രന്ഥങ്ങൾ** |
| 1. ഉല്പത്തി | 1. ഉല്പത്തി | 1. ഉല്പത്തി |
| 2. പുറപ്പാട് | 2. പുറപ്പാട് | 2. പുറപ്പാട് |
| 3. ലേവ്യർ | 3. ലേവ്യർ | 3. ലേവ്യർ |
| 4. സംഖ്യ | 4. സംഖ്യ | 4. സംഖ്യ |
| 5. നിയമാവർത്തനം | 5. നിയമാവർത്തനം | 5. നിയമാവർത്തനം |
| | | 6. ജോഷ്വാ |
| ***ആദിപ്രവാചകന്മാർ*** | ***ചരിത്രഗ്രന്ഥങ്ങൾ*** | 7. ന്യായാധിപന്മാർ |
| | | 8. റൂത്ത് |
| | | 9. 1. സാമുവേൽ |
| 6. ജോഷ്വാ | 6. ജോഷ്വാ | 10. 2. സാമുവേൽ |
| 7. ന്യായാധിപന്മാർ | 7. ന്യായാധിപന്മാർ | 11. 1. രാജാക്കന്മാർ |
| 8. സാമുവേൽ | 8. റൂത്ത് | 12. 2. രാജാക്കന്മാർ |
| 9. രാജാക്കന്മാർ | 9. 1. രാജാക്കന്മാർ | 13. 1. ദിനവൃത്താന്തം |
| | 10. 2. രാജാക്കന്മാർ | 14. 2. ദിനവൃത്താന്തം |
| ***പില്ക്കാല പ്രവാചകന്മാർ*** | 11. 3. രാജാക്കന്മാർ | 15. എസ്രാ |
| | 12. 4. രാജാക്കന്മാർ | 16. നെഹെമിയാ |
| | 13. 1. ദിനവൃത്താന്തം | 17. തോബിത് |
| 10. ഏശയ്യാ | 14. 2. ദിനവൃത്താന്തം | 18. യൂദിത്ത് |
| 11. ജറെമിയാ | 15. 1. എസ്ദ്രാ | 19. എസ്തേർ |
| 12. എസെക്കിയേൽ | 16. 2. എസ്ദ്രാ | 20. 1. മക്കബായർ |
| 13. 12 പ്രവാചകന്മാർ | 17. എസ്തേർ | 21. 2. മക്കബായർ |
| | 18. യൂദിത്ത് | |
| ***ലിഖിതങ്ങൾ*** | 19. തോബിത് | |
| | 20. 1. മക്കബായർ | ***ലിഖിതങ്ങൾ*** |
| 14. സങ്കീർത്തനങ്ങൾ | 21. 2. മക്കബായർ | (***ജ്ഞാനഗ്രന്ഥങ്ങൾ***) |
| 15. സുഭാഷിതങ്ങൾ | 22. 3. മക്കബായർ | 22. ജോബ് |
| 16. ജോബ് | 23. 4. മക്കബായർ | 23. സങ്കീർത്തനങ്ങൾ |
| 17. ഉത്തമഗീതം | | 24. സുഭാഷിതങ്ങൾ |
| 18. റൂത്ത് | ***ഗീതങ്ങൾ*** | 25. സഭാപ്രസംഗകൻ |
| 19. വിലാപങ്ങൾ | | 26. ഉത്തമഗീതം |
| 20. സഭാപ്രസംഗകൻ | 24. സങ്കീർത്തനങ്ങൾ | 27. ജ്ഞാനം |
| 21. എസ്തേർ | 25. കീർത്തനങ്ങൾ | 28. പ്രഭാഷകൻ |
| 22. ദാനിയേൽ | 26. സുഭാഷിതങ്ങൾ | |
| 23. എസ്രാ - നെഹെമിയാ | 27. സഭാപ്രസംഗകൻ | |
| 24. ദിനവൃത്താന്തങ്ങൾ | 28. ഉത്തമഗീതം | |
| | 29. ജോബ് | |
| | 30. ജ്ഞാനം | |

31. പ്രഭാഷകൻ
32. സോളമന്റെ സങ്കീർത്തനം

*പ്രവാചകഗ്രന്ഥങ്ങൾ*

33. ഹോസിയാ
34. ആമോസ്
35. മിക്കാ
36. ജോയേൽ
37. ഒബാദിയാ
38. യോനാ
39. നാഹും
40. ഹബക്കുക്ക്
41. സെഫാനിയാ
42. ഹഗ്ഗായി
43. സഖറിയാ
44. മലാക്കി
45. ഏശയ്യാ
46. ജറെമിയാ
47. ബാറൂക്
48. വിലാപങ്ങൾ
49. ജറെമിയായുടെ ലേഖനം
50. എസെക്കിയേൽ
51. സൂസന്ന
52. ദാനിയേൽ
53. ബേലും വ്യാളവും

*പ്രവാചകഗ്രന്ഥങ്ങൾ*

29. ഏശയ്യാ
30. ജറെമിയാ
31. വിലാപങ്ങൾ
32. ബാറൂക്ക്
33. എസെക്കിയേൽ
34. ദാനിയേൽ
35 .ഹോസിയാ
36 .ജോയേൽ
37. ആമോസ്
38. ഒബാദിയാ
39. യോനാ
40. മിക്കാ
41. നാഹും
42. ഹബക്കുക്ക്
43. സെഫാനിയാ
44. ഹഗ്ഗായി
45. സഖറിയാ
46. മാലാക്കി

സപ്തതിയിലെ 15,22,23,25,32 എന്നീ നമ്പറിലെ പുസ്തകങ്ങൾ കത്തോലിക്കാസഭ കാനോനികമായി അംഗീകരിക്കുന്നില്ല. 2എസ്ദ്രാസ് എന്ന പുസ്തകം കത്തോലിക്കാസഭയിൽ എസ്രാ, നെഹെമിയാ എന്നു രണ്ടു പുസ്തകങ്ങളായി എണ്ണുന്നു. 49 ബാറൂക്കിന്റെ ഭാഗമായും 51,53 ദാനിയേലിന്റെ ഭാഗമായും ആണ് കത്തോലിക്കാ ബൈബിളിൽ കാണുന്നത്. ത്രെന്തോസ് സൂനഹദോസ് പ്രഖ്യാപിച്ച കാനോൻ അനുസരിച്ച് "ജറെമിയായും" "വിലാപങ്ങളും' ഒറ്റ പുസ്തകമാണ്. ഇന്ന് ഇവ രണ്ടു പുസ്തകമായി കരുതുന്നു. 1,2 മക്കബായർ പട്ടികയുടെ അവസാനമാണു ചേർത്തിരിക്കുന്നത്.

# 2 ദൈവനിവേശിത ഗ്രന്ഥം

ബൈബിളിന്റെ രചനയ്ക്കായി ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുത്തു. താൻ വെളിപ്പെടുത്താൻ ഇച്ഛിച്ച കാര്യങ്ങൾ ഗ്രഹിക്കാൻ ദൈവം അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഗ്രഹിച്ചവ തെറ്റു കൂടാതെ എഴുതാൻ അവരുടെ മനസ്സിനെ ഉത്തേജിപ്പിക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥകാരന്മാരിലുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തെയാണ് "ദൈവനിവേശനം" (divine inspiration) എന്നു വിളിക്കുന്നത്. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ നിവേശനത്തിൻ കീഴിൽ രചിക്കപ്പെട്ട ഗ്രന്ഥമായതിനാൽ ബൈബിളിനെ ദൈവനിവേശിതഗ്രന്ഥം എന്നു വിളിക്കുന്നു.

"പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപം കൊണ്ടവയല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്" (2 പത്രോ 1,21) എന്ന് വിശുദ്ധപത്രോസും, "വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു" (2 തിമോ 3,16) എന്ന് വി.പൗലോസും രേഖപ്പെടുത്തിയിരിക്കുന്നു. "പ്രവചനങ്ങൾ" എന്നു വി. പത്രോസ് വിളിക്കുന്നത് പ്രവാചകഗ്രന്ഥങ്ങളെ മാത്രമല്ല പഴയനിയമത്തെ മുഴവനുമാണ്.

ദൈവനിവേശിത ഗ്രന്ഥമായതിനാൽ ബൈബിൾ ദൈവത്തിന്റെ വചനമാണ്. ചില വ്യക്തികളോട് തന്റെ വചനങ്ങൾ എഴുതി പിൻതലമുറകൾക്കായി സൂക്ഷിക്കാൻ ദൈവം തന്നെ ആവശ്യപ്പെടുന്നതായി ബൈബിളിൽ കാണാം. "കർത്താവ് മോശയോട് അരുളിച്ചെയ്തു: ഇതിന്റെ ഓർമ്മ നിലനിർത്താനായി നീ ഇത് ഒരു പുസ്തകത്തിലെഴുതി ജോഷ്വായെ വായിച്ചു കേൾപ്പിക്കുക" (പുറ 17,14).

കർത്താവ് ഏശയ്യായോട് അരുളിച്ചെയ്തു: "വരും നാളിൽ എന്നേക്കുമുള്ള സാക്ഷ്യത്തിനായി ഇത് അവരുടെ മുമ്പിൽ ഒരു ഫലകത്തിൽ രേഖപ്പെടുത്തുകയും പുസ്തകത്തിൽ എഴുതുകയും ചെയ്യുക" (ഏശയ്യാ 30,8).

"സൈന്യങ്ങളുടെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ നിന്നോടു പറഞ്ഞതെല്ലാം ഒരു പുസ്തകത്തിൽ എഴുതുക" (ജറെ 30,2).

ദൈവം നല്കിയ പ്രത്യേക പ്രചോദനം അനുസരിച്ചാണ് തങ്ങൾ എഴുതിയത് എന്ന് വിശുദ്ധ ഗ്രന്ഥകാരന്മാർക്കുണ്ടായിരുന്ന അവബോധത്തെയാണ്

മേലുദ്ധരിച്ച വാക്യങ്ങൾ വ്യക്തമാക്കുന്നത്.

യേശുവും അപ്പസ്തോലന്മാരും പഴയനിയമത്തെ ദൈവവചനമായി കരുതിയിരുന്നു (മത്താ 4;4,11,10;19,4–5; ലൂക്കാ 18,31;24,44). യേശുവിന്റെ സഭ പുതിയ നിയമത്തെയും ദൈവവചനമായി കരുതുന്നു. സഭാപിതാക്കന്മാരും സൂനഹദോസുകളും ഈ പഠനം ആവർത്തിച്ചിട്ടുണ്ട്. ദൈവനിവേശനത്തെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗതമായ പഠനത്തെ രണ്ടാം വത്തിക്കാൻ സൂനഹദോസ് "ദൈവികവെളിപാട്" എന്ന പ്രമാണരേഖയിൽ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു: "അപ്പസ്തോലന്മാരിൽ നിന്നു സ്വീകരിച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാതാവായ തിരുസ്സഭ ഇങ്ങനെ പഠിപ്പിക്കുന്നു: പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും എല്ലാ പുസ്തകങ്ങളും പൂർണ്ണമായി അവയുടെ എല്ലാ ഭാഗങ്ങളുമുൾപ്പെടെ സംപൂജ്യവും കാനോനികവുമാണ്. കാരണം അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽനിന്നാകുന്നു. ദൈവമാണ് അവയുടെ കർത്താവ്" (നമ്പർ 11).

നീതിനിഷ്ഠമായ ജീവിതം നയിക്കുന്നതിനും നിത്യജീവൻ പ്രാപിക്കുന്നതിനും ആവശ്യകമായ കാര്യങ്ങൾ ബൈബിളിലൂടെ ദൈവം നമുക്കു വെളിപ്പെടുത്തിത്തരുന്നു. പിതാവു മക്കളോടെന്നപോലെ, ബൈബിളിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു. ദൈവത്തിനു നമ്മോടുള്ള അനന്തമായ സ്നേഹവും തന്റെ ജീവനിൽ നമ്മെ പങ്കുകാരാക്കാനുള്ള ആഗ്രഹവും അതിനായി അവിടുന്നു സംവിധാനം ചെയ്ത രക്ഷാപദ്ധതിയുമാണ് ബൈബിൾ അനാവരണം ചെയ്യുന്നത്. അദൃശ്യനായ ദൈവം നമുക്കയിച്ചിരിക്കുന്ന കത്തുകളുടെ സമാഹാരമാണ് ദൈവനിവേശിതഗ്രന്ഥമായ ബൈബിൾ എന്നു പറയാം.

ദൈവനിവേശിതമായി സഭ അംഗീകരിക്കുന്നത് മൂലഭാഷകളിൽ രചിക്കപ്പെട്ട ബൈബിൾ ഗ്രന്ഥങ്ങളാണ്. വിവർത്തനങ്ങൾ മൂലഭാഷയോടു വിശ്വസ്തത പുലർത്തുമ്പോൾ മാത്രമേ ദൈവനിവേശിതമാവുകയുള്ളു. ഗ്രന്ഥകാരൻ ഉദ്ദേശിച്ച കാര്യങ്ങൾ വിശ്വസ്തമായി വിവർത്തനം ചെയ്യാൻ പരിഭാഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. വിവർത്തനം മൂലഗ്രന്ഥത്തോടു വിശ്വസ്തമാണെന്ന കാര്യത്തിന് സഭയുടെ ഒദ്യോഗികാംഗീകാരം നല്കുന്നത് ഇതുകൊണ്ടാണ്. വിശുദ്ധ ഗ്രന്ഥകാരന്മാർ എഴുതിയ കയ്യെഴുത്തു പ്രതികൾ ഇന്ന് ലഭ്യമല്ല. പല തവണ പകർത്തിയെഴുതിയതിന്റെ പകർപ്പുകൾ മാത്രമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. ഈ കയ്യെഴുത്തു പ്രതികളിൽ ഏതാണ് മൂലഗ്രന്ഥത്തോട് ഏറ്റം വിശ്വസ്തമായത് എന്നു നിശ്ചയിക്കാൻ സൂക്ഷ്മമായ പഠനം ആവശ്യമുണ്ട്. ബൈബിൾ വിജ്ഞാനീയത്തിന്റെ ഒരുശാഖ ഈ വിഷയത്തിൽ ദീർഘകാലമായി ശാസ്ത്രീയമായ വിധത്തിൽ ഗവേഷണങ്ങൾ നട

ത്തിക്കൊണ്ടാണിരിക്കുന്നത്.

## ദൈവനിവേശനത്തിന്റെ ഫലങ്ങൾ

ദൈവനിവേശനത്തിന്റെ ഫലമാണ് ബൈബിൾ ഗ്രന്ഥം. ദൈവമാണ് ആത്യന്തികമായി അതിന്റെ കർത്താവ്. ഇതിൽനിന്നും സുപ്രധാനമായ ചില കാര്യങ്ങൾ ഓർത്തിരിക്കേണ്ടതുണ്ട്.

*1. ദൈവികവെളിപാട്:* ബൈബിൾ ദൈവനിവേശിതമായ ഗ്രന്ഥമായതിനാൽ അതു വായിക്കുന്നവർക്ക് ദൈവം സ്വയം വെളിപ്പെടുത്തുന്നു. ദൈവത്തെ അറിയാനും ദൈവികജീവനിൽ പങ്കുചേരാനും ബൈബിൾ സഹായിക്കുന്നു.

*2. ബൈബിൾ ഒറ്റഗ്രന്ഥമാണ് :* ഏകദേശം ആയിരത്തിൽപരം വർഷങ്ങൾക്കുള്ളിൽ അനേകം പേരാൽ രചിക്കപ്പെട്ട 73 പുസ്തകങ്ങളുടെ സമാഹാരമാണു ബൈബിളെങ്കിലും അവയുടെയെല്ലാം കർത്താവ് ദൈവമാകയാൽ ഈ സമാഹാരം ഒരു ഒറ്റ ഗ്രന്ഥമായി കരുതണം. ഒറ്റപ്പെട്ട പുസ്തകങ്ങളും അവയിലെ വാക്യങ്ങളും വ്യാഖ്യാനിക്കുമ്പോൾ ബൈബിളിന്റെ മൊത്തമായ ഐക്യം മനസ്സിലുണ്ടായിരിക്കണം. എങ്കിൽ മാത്രമേ ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ കണ്ടെത്താനാവൂ.

ബൈബിളിലെ അനേകം പുസ്തകങ്ങൾ യേശുക്രിസ്തുവിനെ കേന്ദ്രമാക്കിയാണ് രചിക്കപ്പെട്ടിരിക്കുന്നത്. യേശുവിലൂടെ സംഭവിച്ച ദൈവാവിഷ്കരണത്തിന്റെ വിശദീകരണമാണ് പുതിയനിയമം. ദൈവനിവേശനത്തിന്റെ ഫലമായി പഴയനിയമത്തിൽ പുതിയനിയമം നിഗൂഢമായി സ്ഥിതിചെയ്യുന്നു; പുതിയ നിയമത്തിൽ പഴയനിയമം പ്രകടമാകുന്നു. അഥവാ, പഴയനിയമം പുതിയനിയമത്തിനു വഴിയൊരുക്കുന്നു: പുതിയ നിയമത്തിൽ പഴയനിയമം പൂർത്തിയാവുന്നു.

*3. ബൈബിൾ ഒരു കൂദാശ:* യേശുക്രിസ്തുവിലൂടെ മനുഷ്യൻ ദൈവവുമായി കണ്ടുമുട്ടുന്ന വേദിയാണല്ലോ കൂദാശകൾ. രക്ഷാകരമായ ഈ കണ്ടുമുട്ടൽ അടയാളങ്ങളിലൂടെയാണ് നടക്കുന്നത്. ഏഴു കൂദാശകളാണ് സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ, യേശുക്രിസ്തുവിലൂടെ ദൈവത്തെ കണ്ടുമുട്ടാനുള്ള വേദിയാണ് ബൈബിളും. മനുഷ്യബുദ്ധിയെയും ഭാവനയെയും വികാരങ്ങളെയും നേരിട്ടു സ്പർശിക്കുന്നതാകയാൽ ബൈബിളിലൂടെ നടക്കുന്ന ഈ കണ്ടുമുട്ടൽ വളരെ പ്രധാനപ്പെട്ടതാണ്.

*4. അപ്രമാദിത്വം:* സത്യം തന്നെയായ ദൈവമാണ് ബൈബിളിന്റെ

കർത്താവ്. അതിനാൽ ബൈബിളിൽ സത്യവിരുദ്ധമായ പഠനങ്ങൾ ഉണ്ടായിരിക്കുകയില്ല. മനുഷ്യന്റെ നിത്യരക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങളാണ് ദൈവം വെളിപ്പെടുത്തുന്നത്. ഈ നിലയിൽ വേണം ബൈബിളിൽ ആവിഷ്കരിക്കപ്പെടുന്ന സത്യങ്ങളെ മനസ്സിലാക്കാൻ. ആധുനിക ശാസ്ത്രത്തിന്റെയും ചരിത്രപഠനങ്ങളുടെയും മറ്റും കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾ തെറ്റായി തോന്നിയേക്കാം. ശാസ്ത്രമോ ലോകചരിത്രമോ പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല, രക്ഷാകരചരിത്രമാണ് ബൈബിൾ എന്ന ബോധ്യത്തോടെ വേണം ബൈബിളിലെ പഠനങ്ങളെ സമീപിക്കാൻ. ഓരോ പുസ്തകവും എഴുതപ്പെട്ട കാലത്തു നിലവിലിരുന്ന പ്രപഞ്ചവീക്ഷണവും സാഹിത്യശൈലികളും മാനുഷികഗ്രന്ഥകാരന്മാരെ സ്വാധീനിച്ചിട്ടുണ്ട് എന്ന കാര്യം മറക്കാവതല്ല. ഗ്രന്ഥകാരൻ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന രക്ഷാകര സത്യം എന്ത് എന്നു മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്. അപ്പോൾ പ്രത്യക്ഷത്തിൽ തെറ്റെന്നു തോന്നിയേക്കാവുന്ന പല പ്രസ്താവനകളും തെറ്റല്ല എന്നു തെളിയും.

## ദൈവനിവേശിതം – ദൈവനിശ്വസിതം

വിശുദ്ധഗ്രന്ഥകാരന്മാരിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന "*ഇൻസ്പിരാസിയോ*" (inspiratio) എന്ന ലത്തീൻ പദത്തിൽ നിന്നാണ് *ഇൻസ്പിരേഷൻ* (inspiration) എന്ന ഇംഗ്ലീഷു പദമുണ്ടായത്. "*തെയോപ്നെവുസ്തോസ്*" എന്ന ഗ്രീക്കുപദത്തിന്റെ വിവർത്തനമാണത്. 'ഊതൽ" അഥവാ "നിശ്വസനം" എന്നാണ് ഈ പദത്തിന്റെ അർത്ഥം. 2 തിമോ 3,16–ലാണ് ഈ പദം പ്രത്യക്ഷപ്പെടുന്നത്. ദൈവത്തിന്റെ പ്രത്യേക പ്രചോദനത്താൽ രചിക്കപ്പെട്ട ഗ്രന്ഥം എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുക. വി.പൗലോസ് ഉപയോഗിച്ച പദം അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യുകയാണെങ്കിൽ "നിശ്വസിതം" അഥവാ "ഊതപ്പെട്ടത്" എന്ന പദമാണുപയോഗിക്കേണ്ടത്. രചിക്കപ്പെട്ട ഗ്രന്ഥത്തിന്റെ കർത്താവ് ദൈവമാണെന്നും ഗ്രന്ഥം ദൈവവചനമാണെന്നും ഉള്ള സത്യത്തിന് ഊന്നൽ കൊടുക്കാൻ ഈ പദം സഹായിക്കും. പൂഴിയിൽ നിന്നുണ്ടാക്കിയ മനുഷ്യരൂപത്തിലേക്ക് ജീവന്റെ ശ്വാസം നിശ്വസിക്കുകയും അങ്ങനെ മനുഷ്യനെ ജീവനുള്ളവനാക്കുകയും ചെയ്ത ദൈവത്തിന്റെ പ്രവർത്തനത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ നിശ്വസനം. ഗ്രന്ഥത്തിന്റെ സ്വഭാവത്തെ വ്യക്തമാക്കാൻ ഈ പദം ഉപകാരപ്രദമാണ്.

"ദൈവനിവേശനം" എന്ന പദമാകട്ടെ, വിശുദ്ധഗ്രന്ഥകാരനിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ഊന്നൽ നല്കുന്നു. നിവേശിക്കുക –

നിവേശനം – എന്നതിന്റെ അർത്ഥം പ്രവശിക്കുക – പ്രവേശനം – എന്നാണല്ലോ. ഗ്രന്ഥം എഴുതുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയിൽ പരിശുദ്ധാത്മാവ് പ്രത്യേകവിധത്തിൽ ആവസിക്കുകയും ഗ്രന്ഥരചനയ്ക്കായി അയാളെ ഒരുക്കുകയും നിരന്തരം പ്രചോദിപ്പിക്കുകയും ചെയ്തു എന്ന് എടുത്തുകാട്ടാൻ "നിവേശിതം" എന്ന പദമാണ് കൂടുതൽ ഉപയുക്തമാവുക. പരിശുദ്ധാത്മാവിന്റെ ആവാസവും പ്രചോദനവും വഴി എഴുതപ്പെടുന്ന ഗ്രന്ഥം ദൈവവചനമാണ്; യഥാർത്ഥ ഗ്രന്ഥകർത്താവ് ദൈവവും. ഇതിനെ പരിശുദ്ധ കന്യകാമറിയത്തിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഉപമിക്കാവുന്നതാണ്. പരിശുദ്ധാത്മാവ് മറിയത്തിൽ ആവസിച്ച് ദൈവവചനത്തിന്റെ മനുഷ്യാവതാരം സാധിച്ചതുപോലെ വിശുദ്ധഗ്രന്ഥകാരന്മാരിൽ ആവസിച്ച് ദൈവവചനത്തെ ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കുന്നു.

രണ്ടുപദങ്ങളും ഒരേ യാഥാർത്ഥ്യത്തെത്തന്നെയാണ് സൂചിപ്പിക്കുന്നതെങ്കിലും ഓരോന്നും ഓരോ പ്രത്യേകവശത്തിന് ഊന്നൽ നൽകുന്നു. "നിശ്വസിതം" എന്ന പദം ബൈബിളിനെ പൂർണ്ണമായും ദൈവത്തിന്റെ മാത്രം രചനയായി കാണുമ്പോൾ "നിവേശിതം" എന്ന പദം ബൈബിളിന്റെ രചനയിൽ മാനുഷിക പങ്കാളിത്തത്തിന്റെ പ്രധാന്യംകൂടി എടുത്തുകാട്ടുന്നു. ആദം പൂർണ്ണമായും ദൈവത്തിന്റെ മാത്രം സൃഷ്ടിയായിരുന്നു. എന്നാൽ വചനത്തിന്റെ മനുഷ്യാവതാരത്തിൽ മറിയത്തിന്റെ പങ്കാളിത്തവും ഉണ്ട്; ഇതുപോലെ ബൈബിളിന്റെ കാര്യത്തിലും.

ഈ രണ്ടുപദങ്ങൾ വ്യത്യസ്തങ്ങളായ രണ്ടു കാഴ്ചപ്പാടുകൾ പ്രതിഫലിപ്പിക്കുന്നു. ബൈബിൾ രചനയിൽ മാനുഷിക വ്യക്തികളെ സ്വന്തമായ ഇച്ഛാശക്തിയോ ഭാവനയോ ഇല്ലാത്ത വെറും ഉപകരണങ്ങൾ മാത്രമായി കാണുന്ന ഒരു കാഴ്ചപ്പാടാണ് "നിശ്വസനം" എന്ന പദം പ്രതിഫലിപ്പിക്കുക. ബൈബിളിന്റെ കർത്താവ് ദൈവമാണ് എന്നു പറയുമ്പോൾ താൻ എഴുതാൻ ആഗ്രഹിച്ചവ ദൈവാത്മാവ് എഴുത്തുകാരന്റെ ചെവിയിൽ പറഞ്ഞു കൊടുക്കുകയും എഴുതാനായി അവന്റെ കരങ്ങൾ ചലിപ്പിക്കുകയും ചെയ്തു എന്നാണ് ഈ വ്യാഖ്യാനം അർത്ഥമാക്കുന്നത്. ഒരു പേനയുടെയോ ടൈപ്പ്റൈറ്ററിന്റെയോ സ്ഥാനം മാത്രമേ അപ്പോൾ വിശുദ്ധ ഗ്രന്ഥകാരനുണ്ടാവുകയുള്ളൂ. ബൈബിളിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ചു വളരെയേറെ തെറ്റിദ്ധാരണകൾക്കിടം നല്കുന്നതാണ് ഈ വീക്ഷണം. ബൈബിളിലെ ഓരോ വാക്യവും വാക്കും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാൻ ഈ കാഴ്ചപ്പാടു നിർബന്ധിക്കുകയും അങ്ങനെ ഉത്തരം കിട്ടാത്ത അനേകം പ്രശ്നങ്ങളിൽ വായനക്കാരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ഈ കാഴ്ചപ്പാട് കത്തോലിക്കാ സഭ ഔദ്യോഗികമായി പുറന്തള്ളിയതാണ്.

ദൈവമാണ് ബൈബിളിന്റെ ഗ്രന്ഥകർത്താവ് എന്നതുകൊണ്ട് വിശുദ്ധ ഗ്രന്ഥകാരന്മാർക്ക് യാതൊരു പ്രാധാന്യവും ഇല്ല എന്നു വരുന്നില്ല. അവർ സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഭാവനയും ഉള്ള യഥാർത്ഥ ഗ്രന്ഥകാരന്മാരായിട്ടുതന്നെയാണ് പ്രവർത്തിക്കുന്നത്. പരിശുദ്ധാത്മാവിന്റെ സ്വാധീനം അവരുടെ മാനുഷികമായ കഴിവുകളെ എടുത്തുകളയുകയല്ല, ഉദ്ദീപിപ്പിക്കുകയും പ്രചോദിപ്പിക്കുകയുമാണ് ചെയ്യുന്നത്. ദൈവവചനം മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. ഈ ആശയം വ്യക്തമാക്കാൻ "ദൈവനിവേശിതം" എന്ന പദമാണ് കൂടുതൽ അനുയോജ്യം.

പദത്തിന്റെ ഉത്പത്തിയിൽനിന്നു മാത്രം അർത്ഥം ഗ്രഹിക്കാനാവില്ല. "ഇൻസ്പിരേഷൻ" എന്ന ഇംഗ്ലീഷ് വാക്കിന് "ഊതൽ" അഥവാ "നിശ്വസനം" എന്നല്ല "പ്രചോദനം" എന്നാണ് അർത്ഥം. ഇതിനു പിന്നിലുള്ള ലത്തീൻ – ഗ്രീക്കു പദങ്ങൾക്കും ഈ അർത്ഥം തന്നെയാണു നല്കപ്പെടുക. അതിനാൽ ദൈവനിശ്വസിതം എന്ന വിവർത്തനം മുഴുവൻ ശരിയല്ല.

# 3. ദൈവവചനം മനുഷ്യന്റെ വാക്കുകളിൽ

"*വിശുദ്ധ ലിഖിതങ്ങളിൽ ദൈവം മനുഷ്യർവഴി മാനുഷികമായ രീതിയിലാണ് സംസാരിച്ചത്. തന്മൂലം അവയുടെ വ്യാഖ്യാതാവ് ചിലതെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. എന്താണ് ദൈവം നമ്മോടു പറയാൻ ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻവേണ്ടി വി.ഗ്രന്ഥകാരന്മാർ ഓരോന്നിനും എന്തർത്ഥമാണ് യഥാർത്ഥത്തിൽ കല്പിക്കുന്നതെന്നും അവരുടെ വാക്കുകളിലൂടെ ദൈവം എന്താണ് പ്രകാശിപ്പിക്കാൻ മനസ്സാകുന്നതെന്നും പരിശോധിക്കണം*" (വത്തിക്കാൻ II, ദൈവാവിഷ്ക്കരണം 12).

ബൈബിളിന്റെ കർത്താവ് ദൈവമാണെങ്കിലും രണ്ടായിരത്തിലേറെ വർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന മനുഷ്യർ വഴിയാണ് ദൈവത്തിന്റെ വചനം എഴുതപ്പെട്ടത്. ആയിരത്തിൽപരം വർഷങ്ങൾകൊണ്ടാണ് രചന പൂർത്തിയായത്. നമ്മുടേതിൽ നിന്നു തികച്ചും വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തിലാണ് അവർ ജീവിച്ചിരുന്നത്. അവരുടെ ചിന്താരീതിയും ഭാഷാശൈലിയും അവർ ഉപയോഗിച്ചിരുന്ന സാഹിത്യരൂപങ്ങളും മറ്റും ശരിയായി പഠിച്ചെങ്കിലേ എന്താണ് അവർ പറയാൻ ഉദ്ദേശിക്കുന്നത് എന്നു മനസ്സിലാകൂ. വിവിധങ്ങളായ സാഹിത്യരൂപങ്ങൾ ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം. ഇസ്രായേലിന്റെ ചരിത്രം അവതരിപ്പിക്കുന്ന ചരിത്രഗ്രന്ഥങ്ങളുണ്ട്; പ്രവാചകന്മാരുടെ പ്രസംഗങ്ങളും മുന്നറിയിപ്പുകളും ഉണ്ട്. കവിതകളും നാടകങ്ങളും അന്യാപദേശങ്ങളും ചൊല്ലുകളും ബൈബിളിൽ കാണാം. പ്രതീകാത്മകഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളുമുണ്ട്. ഉദാ: വെളിപാടിന്റെ പുസ്തകം. ഒരേ പുസ്തകത്തിൽത്തന്നെ വിവിധ സാഹിത്യരൂപങ്ങൾ കണ്ടെന്നു വരാം. പ്രവാചകഗ്രന്ഥങ്ങളിൽ ചരിത്രം ഉണ്ടാകാം; ചരിത്രഗ്രന്ഥങ്ങളിൽ പ്രവചനവും. ഏതു സാഹിത്യരൂപമാണ് വി.ഗ്രന്ഥകാരൻ തിരഞ്ഞെടുത്തിരിക്കുന്നത് എന്നു മനസ്സിലാക്കിയാലേ എന്താശയമാണ് ഒരു പുസ്തകം അഥവാ ബൈബിൾ ഭാഗം അവതരിപ്പിക്കുന്നതെന്നു ഗ്രഹിക്കാൻ കഴിയൂ.

വിവിധങ്ങളായ ജീവിതസാഹചര്യങ്ങളിൽ നിന്നാണ് ദൈവം ഗ്രന്ഥകാരന്മാരെ തിരഞ്ഞെടുത്തത്. ഓരോരുത്തരുടെയും ജീവിതാനുഭവങ്ങളും പരിശീലനങ്ങളും അവരുടെ ശൈലിയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. ആട്ടി

ടയനായ ആമോസും കർഷകനായ മിക്കായും പുരോഹിതനായ എസെക്കിയേലും പ്രവാചകന്മാരായിരുന്നു. എന്നാൽ അവരിലൂടെ അറിയിക്കപ്പെട്ട ദൈവവചനം എത്ര വ്യത്യസ്തമായ രീതിയിലാണ് നമുക്കു ലഭിച്ചിരിക്കുന്നത്! മുക്കുവനായ പത്രോസും അഭ്യസ്തവിദ്യനായ പൗലോസും ഭിഷഗ്വരനായ ലൂക്കായും ചിന്തകനായ യോഹന്നാനും യേശുവിനെക്കുറിച്ചു പറയുന്നത് തങ്ങളുടേതായ പ്രത്യേക ശൈലിയിലാണ്. ഈ വൈവിധ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടുവേണം ബൈബിൾ വായിക്കാൻ.

ഓരോ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മനുഷ്യരോട് അവർക്കു പരിചിതമായ ഭാഷയിലാണ് ദൈവം സംസാരിച്ചത്. പ്രപഞ്ചത്തെയും ചരിത്രത്തെയുംകുറിച്ചു തങ്ങൾക്കു ലഭ്യമായ അറിവിന്റെ വെളിച്ചത്തിലാണ് വി.ഗ്രന്ഥകാരന്മാർ എഴുതിയത്. കാലത്തിന്റേതായ പരിമിതികൾ അവരുടെ ലിഖിതങ്ങളിൽ കാണാം. അതിനാൽ അവർ ഉപയോഗിക്കുന്ന വാക്കുകളും പ്രതീകങ്ങളും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുകയല്ല, അവർ കൈമാറാൻ ആഗ്രഹിക്കുന്ന രക്ഷാകരസന്ദേശം മനസ്സിലാക്കാൻ ശ്രമിക്കുകയാണ് നാം ചെയ്യേണ്ടത്.

പഴയനിയമത്തിൽ കാണുന്ന ചില ആചാരങ്ങളും വിശ്വാസങ്ങളും ഇന്നു നമുക്കു തികച്ചും അരോചകവും അസ്വീകാര്യവുമായി തോന്നിയേക്കാം. ബഹുഭാര്യാത്വം, ശത്രുക്കളോടുള്ള സമീപനം മുതലായവ ഉദാഹരണങ്ങളാണ്. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു" (ഹെബ്രാ. 1,1-2). അതിനാൽ യേശുവിൽ നിന്നു ലഭിച്ച വെളിപാടിന്റെ വെളിച്ചത്തിലായിരിക്കണം നമ്മൾ പഴയനിയമം വ്യാഖ്യാനിക്കുന്നത്. പഴയനിയമത്തിലെ പല കല്പനകളും യേശു തിരുത്തിക്കുറിക്കുന്നതായി കാണാം.

".......എന്നു കല്പിച്ചിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു......" (മത്താ. 5,27-28). പല തവണ ആവർത്തിക്കപ്പെടുന്ന ഈ പ്രയോഗം പരിധിയില്ലാത്ത സ്നേഹത്തിൽ അധിഷ്ഠിതമായ പുതിയ ധാർമ്മികതയിലേക്കു വിരൽ ചൂണ്ടുന്നു.

ദൈവത്തെയും അവിടുത്തെ രക്ഷാകരപദ്ധതിയെയുംകുറിച്ചുള്ള സമ്പൂർണ്ണമായ ജ്ഞാനം പുതിയ നിയമത്തിലൂടെയാണ് നമുക്കു നല്കപ്പെടുന്നത്. "ഇപ്പോൾ അവിടുത്തെ വിശുദ്ധരായ അപ്പസ്തോലന്മാർക്കും പ്രവാചകന്മാർക്കും പരിശുദ്ധാത്മാവിനാൽ വെളിവാക്കപ്പെട്ടതുപോലെ മറ്റു തല

മുറകളിലെ മനുഷ്യർക്ക് ഇതു വെളിവാക്കപ്പെട്ടിരുന്നില്ല" (എഫേ 3,5). ഈ വെളിപ്പെടുത്തൽ ധാർമ്മികതയെ മാത്രമല്ല, വിശ്വാസ സത്യങ്ങളെയും സ്പർശിക്കുന്നതാണ്. ഏകദൈവ വിശ്വാസം ഉറപ്പിക്കപ്പെട്ടതിനുശേഷമാണ് പുതിയ നിയമത്തിൽ ത്രിയേക ദൈവം എന്ന സത്യം വെളിപ്പെടുത്തപ്പെട്ടത്. അതിനാൽ വിശ്വാസത്തെയും ധാർമ്മികതയെയുംകുറിച്ച് പഴയ നിയമമല്ല, പുതിയ നിയമമാണ് മാനദണ്ഡമായി എടുക്കേണ്ടത്.

യേശുവിന്റെ വരവോടുകൂടി പഴയനിയമത്തിലെ വെളിപാട് ഇല്ലായ്മ ചെയ്യപ്പെടുകയല്ല, പൂർത്തീകരിക്കപ്പെടുകയാണു ചെയ്യുന്നത്. അതിനാൽ പഴയനിയമത്തിന് പ്രസക്തിയില്ല എന്നു കരുതുന്നതു ശരിയല്ല. ക്രിസ്തുസംഭവത്തെയും, യേശുവിന്റെയും അപ്പസ്തോലന്മാരുടെയും പഠനങ്ങളെയും മനസ്സിലാക്കാൻ പഴയനിയമം അനിവാര്യമാണ്. പടിപടിയായി സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെയാണ് നാം ബൈബിളിൽ കണ്ടെത്തുക. അതിനാൽ ഓരോ കാലഘട്ടത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾക്ക് ദൈവികവെളിപാടിന്റെ കാര്യത്തിൽപോലും പരിമിതികൾ ഉണ്ട് എന്ന കാര്യം മറക്കാവതല്ല.

ഓരോ ഭാഷയ്ക്കും അതിന്റേതായ മികവുകളും പോരായ്മകളും ഉണ്ട്. ഓരോ ജനത്തിന്റെയും ചിന്താഗതിയും ജീവിത ശൈലിയും സംസ്കാരസമ്പത്തും എല്ലാം പ്രകടമാക്കുന്നതാണ് ഭാഷ. അതിനാൽ ഭാഷയുടെ പ്രത്യേകതകൾ മനസ്സിലാക്കിയാലേ ആശയം ഗ്രഹിക്കാൻ കഴിയൂ. പഴയനിയമം ഹെബ്രായ ഭാഷയിലാണ് രചിക്കപ്പെട്ടത്. കാവ്യാത്മകമാണ് ആ ഭാഷ. ഭാവനാ സമ്പന്നമാണ്. അതേസമയം ചുരുങ്ങിയ പദസമ്പത്തേ ഈ ഭാഷയ്ക്കുള്ളു, ഏകദേശം നാലായിരം വാക്കുകൾ മാത്രം. അമൂർത്തയാഥാർത്ഥ്യങ്ങളെ സമൂർത്തമായിട്ടാണ് അവതരിപ്പിക്കുക. പറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഒരു ചിത്രത്തിലെന്നപോലെ കൺമുൻപിൽ വരച്ചുകാട്ടാൻ ഈ ഭാഷയ്ക്കു പ്രത്യേക ചാതുര്യമുണ്ട്. ദൈവം 'സർവ്വാതിശായി' ആണെന്നു പറയാൻ വേണ്ടി ഉന്നതങ്ങളിലിരിക്കുന്നവൻ, സ്വർഗ്ഗസ്ഥൻ എന്നൊക്കെയാവും ഹെബ്രായർ പറയുക. സൃഷ്ടപ്രപഞ്ചം മുഴുവൻ എന്ന ആശയം പ്രകടിപ്പിക്കാൻ ആകാശവും ഭൂമിയും പാതാളവും എന്നായിരിക്കും അവർ പറയുക. ദരിദ്രർ മർദ്ദിക്കപ്പെടുന്നു എന്ന ആശയം അവതരിപ്പിക്കാൻ "പാവപ്പെട്ടവരുടെ തല പൂഴിയിൽ ചവിട്ടിമെതിക്കുന്നു" (ആമോസ് 2,7). "ജനത്തിന്റെ മാംസം ഭക്ഷിക്കുന്നു; തൊലി ഉരിഞ്ഞെടുക്കുന്നു" (മിക്കാ 2,8) എന്നൊക്കെ ആയിരിക്കും പറയുക. കഠിനമായ ദുഃഖം അനുഭവിക്കുന്നു എന്നു പറയാൻ "എന്റെ അണ്ണാക്ക് ഓട്ടുകഷണംപോലെ വരണ്ടിരിക്കുന്നു" (സങ്കീർത്തനം 22,15). "എന്റെ തൊലി വിണ്ടുകീറി ചലം ഒലിക്കുന്നു" (ജോബ് 7,5) മുത

ലായ ചിത്രങ്ങളായിരിക്കും ഉപയോഗിക്കുക. ഇവയൊന്നും അക്ഷരാർത്ഥ ത്തിലല്ല എടുക്കേണ്ടതെന്നു വ്യക്തമാണല്ലോ.

ആവർത്തനത്തിലുള്ള താല്പര്യമാണ് ഈ ഭാഷയുടെ മറ്റൊരു പ്രത്യേ കത. ദൈവം പരമപരിശുദ്ധനാണ് എന്നു പറയാൻവേണ്ടി പരിശുദ്ധൻ എന്ന വിശേഷണം മൂന്നു തവണ ആവർത്തിക്കും. വികാരത്തിന്റെ തീവ്രത പ്രക ടമാക്കാൻ ഒരേ കാര്യം പല വാക്കുകളിൽ വീണ്ടും വീണ്ടും വിവരിക്കും. ഓരാശയം തറപ്പിച്ചു പറയാൻ ഉപയോഗിക്കുന്ന മാർഗ്ഗം ആവർത്തനമാണ്. കഥകളിലൂടെയും ഉപമകളിലൂടെയും കാര്യം അവതരിപ്പിക്കുക എന്നതും ഈ ഭാഷയുടെ ഒരു പ്രത്യേകതയാണ്. കഥാരൂപത്തിൽ അവതരിപ്പിക്കുന്ന സത്യം ഗ്രഹിക്കാൻ കഥയെ ചരിത്രമായി എടുത്താൽ സാധിക്കുകയില്ലല്ലോ. യേശുവിന്റെ ഉപമകൾ തന്നെ ഇതിന് ഏറ്റം ഉത്തമമായ ഉദാഹരണം.

ദൈവവചനം നമുക്കു ലഭിച്ചിരിക്കുന്നത് ഇപ്രകാരം പല പ്രത്യേകതക ളുള്ള ഭാഷകളിലൂടെയാണ്. അതു നമ്മുടെ ഭാഷയിലേക്കു വിവർത്തനം ചെയ്യുമ്പോൾ അക്ഷരാർത്ഥത്തിലല്ല, സന്ദേശത്തിലാണ് നാം ശ്രദ്ധ ചെലു ത്തേണ്ടത്. കാലത്തിനതീതനായ ദൈവം എല്ലാക്കാലത്തും ജീവിക്കുന്ന മനു ഷ്യരോട് ബൈബിളിലൂടെ സംസാരിക്കുന്നു. ആ വചനം ഗ്രഹിക്കാൻ ബൈബിൾ എഴുതപ്പെട്ട കാലത്തിന്റെയും ഭാഷയുടെയും പ്രത്യേകതകൾ മനസ്സിലാക്കിയിരിക്കണം.

# 4. ബൈബിളും പാരമ്പര്യവും

ബൈബളിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുന്നതെങ്കിൽ ബൈബിളിൽ കാണാത്ത കാര്യങ്ങൾ വിശ്വാസസത്യമായി കരുതുന്നതു ശരിയോ? കത്തോലിക്കാ സഭ പഠിപ്പിക്കുന്ന പല കാര്യങ്ങളും ബൈബിളിൽ കാണുന്നില്ല. ഉദാ: മാതാവിന്റെ സ്വർഗ്ഗാരോപണം, ശുദ്ധീകരണസ്ഥലം. മാത്ര മല്ല, ബൈബിളിന്റെ സ്പഷ്ടമായ പഠനത്തിനു വിരുദ്ധമെന്നു തോന്നാവുന്ന പല ആചാരങ്ങളും കത്തോലിക്കാസഭ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഉദാ: പ്രതിമാവണക്കം, മധ്യസ്ഥ പ്രാർത്ഥന. ഇന്ന് സാധാരണ കേൾക്കാ റുള്ള ഒരു ചോദ്യമാണിത്.

ബൈബിളിന്റെ ഉത്ഭവത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച വിക ലമായ ധാരണകളാണ് ഈ ചോദ്യത്തിൽ പ്രതിഫലിക്കുന്നത്. 'ദൈവം ചില വ്യക്തികളെ പ്രത്യേകം തിരഞ്ഞെടുത്ത് ദൈവികരഹസ്യങ്ങൾ അവർക്കു വെളിപ്പെടുത്തി. അവർ എഴുതി പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് ബൈബിൾ. അതു വായിക്കുന്ന ആർക്കും ദൈവം വെളിപ്പെടുത്തിയ സത്യം മുഴുവൻ തെറ്റു കൂടാതെ ഗ്രഹിക്കാൻ കഴിയും'. ഏതാണ്ട് ഈ വിധത്തിലുള്ള ചിന്ത യാണ് മേലുദ്ധരിച്ച ചോദ്യത്തിനു പിന്നിലുള്ളത്. എന്നാൽ ബൈബിളിന്റെ ഉത്ഭവം ഇത്ര ലളിതമായ വിധത്തിലായിരുന്നില്ല. അതിസങ്കീർണ്ണമായ ഒരു പ്രയാണത്തിലൂടെയാണ് ദൈവവചനം ലിഖിതരൂപത്തിലായത്. പഴയ നിയ മത്തെയും പുതിയനിയമത്തെയും സംബന്ധിച്ച് ഇതു വാസ്തവമാണ്.

ബി.സി. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രാഹത്തെ സംബന്ധിച്ച കാര്യങ്ങൾ ബി.സി. 10-ാം നൂറ്റാണ്ടിൽ ദാവീദിന്റെയും സോളമന്റെയും കാല ത്താണ് ലിഖിതരൂപത്തിലായത്. ബി.സി. 13-ാം നൂറ്റാണ്ടിൽ നടന്ന പുറപ്പാടും സീനായ് ഉടമ്പടിയും മറ്റും ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന വിധത്തിൽ അന്തി മമായി എഴുതപ്പെട്ടതു ബി.സി. 5-ാം നൂറ്റാണ്ടിലാണ്. ക്രിസ്ത്വാനുഭവത്തെ ലിഖിതരൂപത്തിൽ അവതരിപ്പിക്കുന്ന സുവിശേഷങ്ങൾ എഴുതപ്പെട്ടത് ഏ. ഡി. 60 നു ശേഷമാണ് - യേശുവിന്റെ മരണത്തിന് മുപ്പതിൽപരം വർഷ ങ്ങൾക്കുശേഷം. അപ്പോൾ എഴുതപ്പെട്ട ബൈബിൾ ഉണ്ടാകുന്നതിനു മുമ്പേ ദൈവികവെളിപാട് ഒരു സമൂഹത്തിനു ലഭിക്കുകയും ആ സമൂഹം അത് പിൻതലമുറകൾക്കു കൈമാറുകയും ചെയ്തിരുന്നു എന്നു വ്യക്തം.

വിശുദ്ധഗ്രന്ഥകാരന്മാർ ആരും ഒറ്റപ്പെട്ട വ്യക്തികൾ എന്ന നിലയിൽ തങ്ങൾക്കു ലഭിച്ച സ്വകാര്യവെളിപാടുകൾ രേഖപ്പെടുത്തുകയല്ല ചെയ്തത്.

അവരെല്ലാം ഒരു സമൂഹത്തിന്റെ ഭാഗമായിരുന്നു. ദൈവത്താൽ പ്രത്യേക വിധം തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിന്റെ അംഗങ്ങളായിരുന്നു അവർ. ഈ സമൂഹത്തിനാണ് ദൈവവചനം വെളിപ്പെടുത്തപ്പെട്ടത്. ഈ സമൂഹമാണ് ദൈവികവെളിപാടു കാത്തുസൂക്ഷിച്ചത്. ജനത്തിനു വെളിപ്പെടുത്തപ്പെട്ട ദൈവികസത്യങ്ങളാണ് വിശുദ്ധഗ്രന്ഥകാരന്മാർ ലിഖിതരൂപത്തിലാക്കിയത്. ദൈവവചനം ലിഖിതരൂപത്തിലായ പ്രക്രിയയിൽ മൂന്നു ഘട്ടങ്ങൾ കാണാൻ കഴിയും. 1. അനുഭവം 2. പ്രഘോഷണം 3. രചന

**1. അനുഭവം:** ദൈവജനത്തിനു ലഭിച്ച ദൈവാനുഭവമാണ് ബൈബിളിൽ ആവിഷ്കരിക്കപ്പെടുന്നത്. വെറും ഭാവനാനിർമ്മിതമായ കെട്ടുകഥകളിലല്ല, ചരിത്രപരമായ സംഭവങ്ങളിലാണ് ദൈവാനുഭവം അടിയുറച്ചിരിക്കുന്നത്. ക്രിസ്തുസംഭവമാണ് ദൈവികവെളിപാടിന്റെ ഉച്ചകോടി. പഴയനിയമം മുഴുവൻ ഈ സംഭവത്തിലേക്കു നയിക്കുന്നു. പുതിയനിയമം ഈ സംഭവത്തിനു സാക്ഷ്യം വഹിക്കുന്നു.

യേശുവിലേക്കു നയിക്കുന്ന ഇസ്രായേൽ ജനത്തിന്റെ ഏകദേശം രണ്ടായിരം വർഷത്തെ ചരിത്രത്തിന്റെ ചുഴിക്കുറ്റി എന്ന നിലയിൽ വർത്തിക്കുന്ന സംഭവമാണ് പുറപ്പാട്. ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന ഒരു കൂട്ടം ആളുകൾ അത്ഭുതകരമായി രക്ഷപ്പെട്ടു. ദീർഘകാലം മരുഭൂമിയിലൂടെ അലഞ്ഞുനടന്ന അവർ കാനാൻദേശത്ത് പ്രവേശിച്ച് ശക്തമായ ഒരു ജനതയായിത്തീർന്നു. തങ്ങളുടെ കഴിവുകൾക്ക് അതീതമായ ഈ വിമോചനത്തിൽ ദൈവത്തിന്റെ ശക്തമായ പ്രവർത്തനം അവർ കണ്ടു.

ഈജിപ്തിൽനിന്നു പുറത്തുവന്നവർ സീനായ് മലയുടെ അടിവാരത്തിൽ കൂടാരമടിച്ചു. അവിടെവച്ചാണ് അവർ ഒരു ജനതയായിത്തീർന്നത്. ദൈവം തങ്ങളെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു എന്നും തങ്ങൾ ദൈവത്തിന്റെ സ്വന്തം ജനമാണെന്നും ഉള്ള ബോധ്യം അവർക്കുണ്ടായത് സീനായ് ഉടമ്പടിയിലൂടെയാണ്. ദൈവം തങ്ങളോടു ചെയ്ത ഉടമ്പടിയുടെ നിബന്ധനകൾ അനുസരിച്ചാണ് തങ്ങൾ ജീവിക്കേണ്ടതെന്ന് അവർ മനസ്സിലാക്കി. ഈജിപ്തിൽനിന്നുള്ള മോചനവും സീനായ് ഉടമ്പടിയും ഇസ്രായേൽ ജനത്തിന്റെ സ്ഥാപകമുഹൂർത്തങ്ങളായിരുന്നു. ഈ സംഭവങ്ങളാണ് അവരെ ദൈവജനമാക്കി മാറ്റിയത്. ഈ സംഭവങ്ങളാണ് അവരുടെ ദൈവാനുഭവത്തിന്റെ കേന്ദ്രം.

ഈ സംഭവത്തിൽ പങ്കുചേർന്ന എല്ലാവരും ആഴമായ ദൈവാനുഭവത്തിലേക്കു കടന്നുവന്നില്ല. അനേകർ സംശയിക്കുകയും പിറുപിറുക്കുകയും ദൈവത്തോടു മല്ലടിക്കുകയും ചെയ്തു. മോശയാണ് അവർക്ക് ഈ സംഭവങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചു കൊടുത്തത്. ഇവയിലൂടെ ദൈവം തന്റെ

സ്വഭാവവും ഹിതവും അവർക്കു വെളിപ്പെടുത്തുകയായിരുന്നു എന്ന് മോശ അവരെ പഠിപ്പിച്ചു. ദൈവത്തിന്റെ പ്രവർത്തനങ്ങൾ കണ്ടതുകൊണ്ടുമാത്രം ആരും ദൈവാനുഭവത്തിലേക്കു കടന്നുവരണമെന്നില്ല. സംഭവത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയണം. അതു വ്യാഖ്യാനിച്ചു കൊടുക്കുന്നതിലൂടെയാണ് ദൈവാവിഷ്കരണം നടക്കുന്നത്.

ദൈവം നിർണ്ണായകമായും അന്തിമമായും ചരിത്രത്തിൽ ഇടപെട്ടു സ്വയം വെളിപ്പെടുത്തിയത് ക്രിസ്തുസംഭവത്തിലൂടെയാണ്. യേശുവിന്റെ ജനനം, ജീവിതം, പ്രവർത്തനങ്ങൾ, പീഡാനുഭവം, മരണം, ഉത്ഥാനം ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് ക്രിസ്തു സംഭവം. ഈ സംഭവത്തിനു ദൃക്സാക്ഷികളായ എല്ലാവർക്കും ഇത് ദൈവാനുഭവത്തിന്റെ അവസരമായില്ല. അവന്റെ അത്ഭുതങ്ങൾ കണ്ട അനേകർ അവനെ തെറ്റിദ്ധരിച്ചു; പ്രസംഗം കേട്ടവരിൽ ഭൂരിഭാഗവും അവനെ തള്ളിപ്പറഞ്ഞു. താൻ ദൈവപുത്രനാണെന്നു പരസ്യമായി പ്രഖ്യാപിച്ചപ്പോൾ യഹൂദനേതാക്കൾ അവനെ മരണത്തിനു വിധിച്ചു. ശൂന്യമായ ശവക്കല്ലറ കണ്ടവർ അവന്റെ ശരീരം മോഷ്ടിക്കപ്പെട്ടു എന്നു തീരുമാനിച്ചു. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയ ശിഷ്യഗണമാണ് അവനിൽ വിശ്വസിച്ചത്. അവർക്കാണ് ക്രിസ്തുസംഭവം ദൈവാനുഭവത്തിന്റെ ഉറവിടമായത്. അപ്പസ്തോലസമൂഹത്തിന്റെ ദൈവാനുഭവമാണ് പുതിയനിയമമായി രൂപം കൊണ്ടത്.

**2. പ്രഘോഷണം**: ദൈവജനം തങ്ങൾക്കുണ്ടായ ദൈവാനുഭവത്തെക്കുറിച്ച് പിൻ തലമുറകളോടു വിവരിച്ചു പറഞ്ഞു. മാതാപിതാക്കന്മാർ കുടുംബങ്ങളിൽ വച്ചു മക്കളോടും പുരോഹിതന്മാർ ആരാധനാകേന്ദ്രങ്ങളിൽവച്ചു സമൂഹത്തോടും ഈ അനുഭവം വിവരിച്ചു. അങ്ങനെ ദൈവികവെളിപാട് ദൈവജനത്തിന്റെ പൊതുസ്വത്തായി. പരമ്പരാഗതമായി കൈമാറപ്പെട്ട സജീവമായ ഈ പാരമ്പര്യത്തെയാണ് സങ്കീർത്തകൻ അനുസ്മരിപ്പിക്കുന്നത്: "ദൈവമേ, പൂർവ്വകാലങ്ങളിൽ ഞങ്ങളുടെ പിതാക്കന്മാർക്കുവേണ്ടി അങ്ങു ചെയ്ത പ്രവൃത്തികൾ അവർ ഞങ്ങൾക്കു വിവരിച്ചു തന്നിട്ടുണ്ട്; അതു ഞങ്ങൾ കേട്ടിട്ടുണ്ട്" (സങ്കീ. 44.1).

ദൈവം ചെയ്ത രക്ഷാകരപ്രവൃത്തികളുടെ സജീവസ്മരണ നിലനിർത്തുന്ന അവസരങ്ങളായിരുന്നു പെസഹാ, പന്തക്കുസ്ത, കൂടാരത്തിരുനാൾ മുതലായ തിരുനാളുകൾ. വീടുകളിൽ വച്ചു പെസഹാ ആഘോഷിക്കുമ്പോൾ വീട്ടിലെ കാരണവർ പെസഹായുടെ അർത്ഥം വിവരിച്ചു കൊടുക്കും. "ആ ദിവസം നിന്റെ മകനോടു പറയണം: ഈജിപ്തിൽ നിന്നു ഞാൻ പുറത്തുപോന്നപ്പോൾ കർത്താവ് എനിക്കുവേണ്ടി പ്രവർത്തിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണിത്" (പുറ 13,8)

തങ്ങൾ അനുഷ്ഠിക്കുന്ന ആചാരങ്ങളും അനുസരിക്കുന്ന നിയമങ്ങളും എല്ലാം ദൈവം നല്കിയ മോചനത്തിന്റെ ഓർമ്മ നിലനിർത്തുന്നതായി ഇസ്രായേൽ കണ്ടു. "നമ്മുടെ ദൈവമായ കർത്താവ് നിങ്ങളോടു കല്പിച്ചിട്ടുള്ള പ്രമാണങ്ങളുടെയും ചട്ടങ്ങളുടെയും നിയമങ്ങളുടെയും അർത്ഥമെന്തെന്ന് നിങ്ങളുടെ മക്കൾ ഭാവിയിൽ ചോദിക്കുമ്പോൾ നിങ്ങൾ പറയണം: ഈജിപ്തിൽ നമ്മൾ ഫറവോയുടെ അടിമകളായിരുന്നു; തന്റെ ശക്തമായ കരത്താൽ കർത്താവ് നമ്മെ ഈജിപ്തിൽനിന്നു മോചിപ്പിച്ചു കൊണ്ടുവന്നു........." (നിയ 6,20-25).

പിതാക്കന്മാർക്കുണ്ടായ ദൈവാനുഭവത്തിന്റെ ഓർമ്മ ആചരിക്കുന്ന അവസരങ്ങൾ മാത്രമല്ല, ആ അനുഭവം സ്വന്തമാക്കുന്ന അവസരങ്ങൾ കൂടിയായിരുന്നു തിരുനാളുകൾ. ഈജിപ്തിൽനിന്നു പിതാക്കന്മാരെ മോചിപ്പിച്ച ദൈവം ഇന്നു തങ്ങൾക്കും മോചനം നല്കും എന്ന് അവർ ഉറച്ചു വിശ്വസിച്ചു. വിമോചകനായ ദൈവത്തെ തങ്ങളുടെ ജീവിതത്തിൽ കണ്ടുമുട്ടാൻ തിരുനാളുകൾ അവരെ സഹായിച്ചു.

ദൈവം നല്കിയ ഉടമ്പടിയുടെ നിബന്ധനകൾ തിരുനാളവസരങ്ങളിൽ പ്രഘോഷിക്കപ്പെട്ടു. ഉടമ്പടിയോടു വിശ്വസ്തത പുലർത്താൻ തിരുനാളുകൾ പ്രചോദനം നല്കി. "നമ്മുടെ പിതാക്കന്മാരോടല്ല, നമ്മോളോടാണ് കർത്താവ് ഉടമ്പടി ചെയ്തത്. ഇന്ന് ഇവിടെ ജീവനോടിരിക്കുന്ന നമ്മോട്" (നിയ 5,3). അങ്ങനെ തിരുനാളാഘോഷങ്ങളും ദൈവാരാധനയും ദൈവാനുഭവത്തിന്റെയും ഉടമ്പടി നവീകരണത്തിന്റെയും അവസരങ്ങളായി. ദൈവജനത്തിന്റെ മുഴുവൻ പൈതൃകമായ ഈ അനുഭവത്തിലൂടെയാണ് ദൈവികവെളിപാട് തലമുറകൾക്കു കൈമാറപ്പെട്ടത്. ഏറെക്കാലം കഴിഞ്ഞാണ് ഈ അനുഭവങ്ങൾ ലിഖിത രൂപത്തിലായത്.

പുതിയനിയമത്തെ സംബന്ധിച്ചും ഇതുതന്നെയാണു സംഭവിച്ചത്. യേശുവിനോടൊത്തു ജീവിച്ച അപ്പസ്തോലന്മാർ ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിൽനിന്നു ശക്തി ലഭിച്ചപ്പോൾ ഗ്രന്ഥങ്ങൾ എഴുതുകയല്ല, സുവിശേഷം പ്രഘോഷിക്കുകയാണു ചെയ്തത്. ജറുസലെമിൽ തുടങ്ങി ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം അറിയിച്ച ശിഷ്യന്മാർ തങ്ങൾ യേശുവിൽനിന്നു നേരിട്ടു കണ്ടതും കേട്ടതുമായ കാര്യങ്ങൾ പരസ്യമായി വിളിച്ചു പറഞ്ഞു. വീടുകളിലും പ്രാർത്ഥനാലയങ്ങളിലും പൊതുസ്ഥലങ്ങളിലും ഈ പ്രഘോഷണം നടന്നു. തങ്ങൾക്കു ലഭിച്ച രക്ഷാകരമായ അനുഭവം പങ്കുവയ്ക്കുകയാണ് ഇതുവഴി ശിഷ്യന്മാർ ചെയ്തത്.

അന്ത്യത്താഴത്തിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് വീടുകൾ തോറും അപ്പം മുറിക്കാൻ ഒരുമിച്ചു കൂടിയ അവസരത്തിൽ ഈ പ്രഘോഷണം ഏറ്റം

സജീവമായി. യേശുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം, എന്നിവ ഉൾക്കൊള്ളുന്ന പെസഹാരഹസ്യം ഈ പ്രഘോഷണത്തിന്റെ കേന്ദ്രമായിരുന്നു. അതോടൊപ്പം യേശുവിന്റെ പഠനങ്ങളും പ്രവർത്തനങ്ങളും അപ്പസ്തോലന്മാർ ശിഷ്യസമൂഹത്തോടു വിവരിച്ചു പറഞ്ഞു. ഇതുവെറും അനുസ്മരണം മാത്രമായിരുന്നില്ല. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ നാഥൻ ഈ അത്താഴവിരുന്നുകളിൽ സജീവമായി സന്നിഹിതനാണെന്നും അന്ത്യത്താഴവേളയിൽ നല്കിയതുപോലെ, അവിടുത്തെ ഓർമ്മ ആചരിക്കപ്പെടുന്ന ഓരോ അപ്പം മുറിക്കലിലും അവിടുന്ന് തന്റെ ശരീരരക്തങ്ങൾ ഭക്ഷ്യപാനീയങ്ങളായി തങ്ങൾക്കു നല്കുന്നു എന്നും ശിഷ്യസമൂഹം ഉറച്ചുവിശ്വസിച്ചു. അങ്ങനെ അത്താഴവിരുന്ന് സജീവമായ ദൈവാനുഭവത്തിന്റെ വേദിയായി.

"കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്. കർത്താവായ യേശു....... നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനംവരെ പ്രഘോഷിക്കുകയാണു ചെയ്യുന്നത്" (1 കോറി 11,23-26).

അപ്പസ്തോലന്മാരിൽനിന്നു ലഭിച്ച ഈ സജീവപാരമ്പര്യമാണ് ദൈവികവെളിപാടായി സഭാസമൂഹം സ്വീകരിച്ചതും വിവിധ മാർഗ്ഗങ്ങളിലൂടെ പ്രഘോഷിച്ചതും. സഭാസമൂഹത്തിന്റെ സജീവസാക്ഷ്യമായ പാരമ്പര്യത്തിൽനിന്നാണ് വിശുദ്ധ ഗ്രന്ഥങ്ങൾ ഉണ്ടായത്. അതിനാൽ സഭയെയും പാരമ്പര്യത്തെയും അവഗണിച്ചുകൊണ്ട് ബൈബിളിനെക്കുറിച്ചു ചിന്തിക്കാനോ ദൈവികവെളിപാടു സ്വീകരിക്കാനോ സാധിക്കുകയില്ല.

**3. രചന:** ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും രചനയ്ക്കു പിന്നിൽ അതതിന്റേതായ ചരിത്രമുണ്ട്. എന്നാലും എല്ലാ പുസ്തകങ്ങളെയുംകുറിച്ചു പൊതുവായി പറയാവുന്ന ഒരു കാര്യമുണ്ട്. ദൈവജനത്തിന്റെ വിശ്വാസപാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട് ആ ജനത്തിനുവേണ്ടി ദൈവവചനം ലിഖിതരൂപത്തിൽ ആക്കിയതാണ് ഓരോ പുസ്തകവും. ഗ്രന്ഥകർത്താക്കളെല്ലാം ദൈവജനത്തിന്റെ അംഗങ്ങളായിരുന്നു. ദൈവജനം ഈ പുസ്തകത്തെ ദൈവികവെളിപാടായി അംഗീകരിച്ചു സ്വീകരിച്ചപ്പോൾ മാത്രമാണ് അതു കാനോനിക ഗ്രന്ഥവും ബൈബിളിന്റെ ഭാഗവുമായിത്തീർന്നത്.

പഴയനിയമത്തെ സംബന്ധിച്ചിടത്തോളം "തോറാ" എന്നറിയപ്പെടുന്ന പഞ്ചഗ്രന്ഥം സുദീർഘമായ ഒരു രചനാചരിത്രത്തിലൂടെ കടന്നുവന്നതാണ്. പുറപ്പാടു സംഭവത്തെയും ഉടമ്പടിയുടെ നിയമങ്ങളെയുംകുറിച്ച് മോശതന്നെ ചുരുക്കം കാര്യങ്ങൾ എഴുതിയിട്ടുണ്ട്. പഞ്ചഗ്രന്ഥത്തിന്റെ ഈ കേന്ദ്രബിന്ദു

വളർന്നു വികസിച്ചത് ജറുസലെമിലും ഷെക്കെമിലും ഉണ്ടായിരുന്ന ആരാധനാകേന്ദ്രങ്ങളിലാണ്. ആ കേന്ദ്രങ്ങളിൽ എഴുതപ്പെട്ട പുസ്തകങ്ങൾ പിന്നീട് ഒരുമിച്ചു ചേർക്കപ്പെട്ടു. ദൈവജനത്തിന്റെ വിവിധങ്ങളായ ജീവിതസാഹചര്യങ്ങളിൽ ഈ ഗ്രന്ഥത്തിന് വീണ്ടും വികാസം സംഭവിച്ചു. പുരോഹിതന്മാരും പ്രവാചകന്മാരും തങ്ങൾക്കു ലഭിച്ച ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ ദൈവികവെളിപാടിനെ വ്യാഖ്യാനിച്ചു. അന്തിമമായി പഞ്ചഗ്രന്ഥം ഇന്നത്തെ രൂപത്തിൽ പ്രസാധനം ചെയ്യപ്പെട്ടത് ബി.സി. അഞ്ചാം നൂറ്റാണ്ടിലാണെന്ന് ഇന്നു പൊതുവേ കരുതപ്പെടുന്നു.

പ്രവാചകഗ്രന്ഥങ്ങളിൽ അധികപങ്കും പ്രവാചകന്മാരുടെ ശിഷ്യന്മാരാണ് എഴുതിയത്. പ്രവാചകന്മാർ പൊതുവേ പ്രസംഗിക്കുന്നവരായിരുന്നു, എഴുത്തുകാരായിരുന്നില്ല. ദൈവജനത്തോടു പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങൾ അവരുടെ ശിഷ്യന്മാർ കാത്തു സൂക്ഷിച്ചു; പിന്നീട് ലിഖിതരൂപത്തിലാക്കി. ഇവിടെയും ദൈവജനമാണ് ദൈവവചനം കാത്തു സൂക്ഷിച്ചതും പിൻതലമുറകൾക്ക് ഏല്പിച്ചു കൊടുത്തതും. രചന ഈ കൈമാറലിന്റെ ഒരുഭാഗമാണ്.

ലിഖിതങ്ങൾ, അഥവാ പ്രബോധനഗ്രന്ഥങ്ങൾ, മിക്കവാറും എല്ലാംതന്നെ നൂറ്റാണ്ടുകളിലൂടെ ഇസ്രായേൽ സമൂഹത്തിൽ രൂപംകൊണ്ട പ്രാർത്ഥനകളും ചൊല്ലുകളുമാണ്. ഒരു ജനത്തിന്റെ മുഴുവൻ ദൈവാനുഭവവും ആ അനുഭവത്തിൽ നിന്നു വാർന്നുവീണ ജീവിതവീക്ഷണവും ഈ ഗ്രന്ഥങ്ങളിൽ കാണാം. ഇതുപോലെ തന്നെ ചരിത്രഗ്രന്ഥങ്ങളും ദൈവജനത്തിന്റെ വിശ്വാസപാരമ്പര്യത്തിന്റെ കാഴ്ചപ്പാടിൽ നൂറ്റാണ്ടുകളിലൂടെ രചിക്കപ്പെട്ടതാണ്. ഇവയുടെ പിന്നിലും അനേകം ഗ്രന്ഥകാരന്മാർ പ്രവർത്തിച്ചിട്ടുണ്ട്.

പുതിയനിയമത്തിന്റെ രചനയിലും ഇതുപോലെ ഒരു പ്രക്രിയ നടന്നതായി കാണാം. റോമാസാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലായി രൂപംകൊണ്ട് ക്രിസ്തീയസമൂഹങ്ങളുടെ ദൈവാനുഭവവും വിശ്വാസവുമാണ് ഈ ഗ്രന്ഥങ്ങളിൽ പ്രതിഫലിക്കുന്നത്. സുവിശേഷങ്ങൾ നാലും ഒരേ ക്രിസ്തുസംഭവത്തെയാണ് അവതരിപ്പിക്കുന്നതെങ്കിലും അവ രൂപംകൊണ്ട സഭാസമൂഹങ്ങളുടെ പ്രത്യേകതകൾ അവയിൽ നിഴലിക്കുന്നുണ്ട്. നമുക്കു ലഭിച്ചിരിക്കുന്ന നാലു സുവിശേഷങ്ങൾക്കും പിന്നിൽ എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ പാരമ്പര്യങ്ങൾ ഉണ്ടെന്നു പൊതുവേ എല്ലാവരും അംഗീകരിക്കുന്നു. പാരമ്പര്യങ്ങളെക്കുറിച്ചു ദീർഘമായ പഠനങ്ങൾ നടത്തിയതിനുശേഷമാണ് താൻ എഴുതുന്നതെന്ന് വി. ലൂക്കാ വ്യക്തമായി പറയുന്നുണ്ട്: “നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം

പേർ ശ്രമിച്ചിട്ടുണ്ടല്ലോ..........എല്ലാ കാര്യങ്ങളും സൂക്ഷ്മമായി പഠിച്ചതിനു ശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി" (ലൂക്കാ 1,1-3).

ലേഖനങ്ങൾ പൊതുവേ അതെഴുതിയ വ്യക്തികളുടെ രചനയായി കരുതപ്പെടുന്നു. എന്നാലും തങ്ങൾക്കു ലഭിച്ച സ്വകാര്യ വെളിപാടുകളുടെ പ്രകാശനമായിട്ടല്ല, യേശുവിൽ നിന്നോ അപ്പസ്തോലിക സമൂഹത്തിൽനിന്നോ തങ്ങൾക്കു ലഭിച്ചതും ക്രൈസ്തവസമൂഹം സ്വീകരിച്ചു ജീവിക്കുന്നതുമായ വിശ്വാസത്തിന്റെ പ്രകടനമായിട്ടാണ് അവർ എഴുതുന്നത്. "എനിക്കു ലഭിച്ചത് സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചു തന്നു" (1കോറി 15,3) എന്ന വചനം ഈ പാരമ്പര്യത്തെയാണ് സൂചിപ്പിക്കുന്നത്. വി.പൗലോസ് ഓരോ പ്രത്യേക സാഹചര്യങ്ങളിൽ ഓരോ സഭാസമൂഹങ്ങൾക്കെഴുതിയ ലേഖനങ്ങളെ ദൈവവചനമായികണ്ട് അവ ശേഖരിച്ചു സൂക്ഷിച്ചതും പിൻ തലമുറകൾക്കു കൈമാറിയതും സഭയാണ്. ഇതുതന്നെയാണ് മറ്റെല്ലാ പുസ്തകങ്ങളുടെയും അവസ്ഥ.

അതിനാൽ സഭയിലാണ് ബൈബിൾ രൂപംകൊണ്ടത്; സഭയാണ് ബൈബിൾ സൂക്ഷിക്കുന്നതും കൈമാറുന്നതും; സഭയ്ക്കാണ് ബൈബിൾ ഏല്പിച്ചു കൊടുത്തിരിക്കുന്നത്. ദൈവവചനമാകുന്ന ബൈബിൾ വിശ്വസ്തമായി സൂക്ഷിക്കുകയും വ്യാഖ്യാനിക്കുകയും പ്രഘോഷിക്കുകയും ചെയ്യുക സഭയുടെ ദൈവദത്തമായ് ദൗത്യമാണ്.

## ബൈബിൾ മാത്രമോ?

ദൈവികവെളിപാടിന്റെ ഉറവിടം ബൈബിൾ മാത്രമാണെന്നും ബൈബിളിൽ എഴുതപ്പെട്ടിട്ടില്ലാത്ത യാതൊന്നും വിശ്വാസത്തിന്റെയോ ധാർമ്മികതയുടെയോ മാനദണ്ഡമായി സ്വീകരിക്കാൻ പാടില്ല എന്നും ഉള്ള വാദഗതി മേൽപറഞ്ഞതിന്റെ വെളിച്ചത്തിൽ സ്വീകാര്യമല്ല എന്നു കാണാം. സഭാസമൂഹത്തിനു ലഭിച്ച ദൈവാവിഷ്കരണത്തിന്റെ ലിഖിതരൂപത്തിലുള്ള പ്രകാശനമാണ് ബൈബിൾ. എന്നാൽ തങ്ങൾക്കു ലഭിച്ചതെല്ലാം എഴുതപ്പെട്ടിട്ടില്ല എന്നു സുവിശേഷകന്മാർതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

"ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങൾ യേശു ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു" (യോഹ 20,30). "യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുന്നത്" (യോഹ 21,25).

“ഞങ്ങൾ വചനം മുഖേനയോ കത്തു മുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചു നില്ക്കുകയും ചെയ്യുവിൻ” (2 തെസ 2,15) എന്ന് ഉപദേശിക്കുമ്പോൾ വാചിക പാരമ്പര്യത്തിന്റെ പ്രാധാന്യം അപ്പസ്തോലൻ എടുത്തു കാട്ടുന്നു. കോറിന്തോസിലെ സഭയ്ക്കു നാലു ലേഖനങ്ങൾ എഴുതിയതായി വി.പൗലോസ് പറയുന്നുണ്ട്. അവയിൽ രണ്ടെണ്ണം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. ലാവോദിക്യായിലെ സഭയ്ക്കെഴുതിയ കത്ത് (കൊളോ 4,16) നമുക്കു കിട്ടിയിട്ടില്ല. ഇന്നു ലഭിച്ചിരിക്കുന്ന ബൈബിളിൽ ഉൾക്കൊണ്ടിട്ടില്ലാത്ത പലതും യേശുവും അപ്പസ്തോലന്മാരും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

തന്നെയുമല്ല, യേശു പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത കാര്യങ്ങളെയും സർവ്വോപരി അവിടുത്തെ വ്യക്തിത്വത്തിന്റെ ആഴങ്ങളെയുംകുറിച്ചുള്ള പൂർണ്ണമായ അവബോധം സാവധാനമാണ് അപ്പസ്തോലന്മാർക്കും സഭാസമൂഹത്തിനും ലഭിച്ചത്. “ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും” (യോഹ 16,12). ക്രിസ്തുസംഭവത്തിലൂടെ നടന്ന വെളിപാടിന്റെ പൂർണ്ണതയിലേക്കു പരിശുദ്ധാത്മാവാണ് സഭയെ സാവധാനം കൈപിടിച്ചു നടത്തുന്നത്. അതിനാൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ സഭയിൽ വളർച്ചയുണ്ടായിട്ടുണ്ട്. ബൈബിളിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന പല കാര്യങ്ങളും ക്രമേണയാണ് സഭ മനസ്സിലാക്കിയത്. പരിശുദ്ധ ത്രിത്വത്തെയും യേശുവിന്റെ ദൈവ-മനുഷ്യസ്വഭാവങ്ങളെയും മറ്റും കുറിച്ചുള്ള സഭയുടെ പഠനങ്ങൾ ഉദാഹരണങ്ങളാണ്.

ബൈബിളും സഭയുടെ സജീവമായ പാരമ്പര്യവും ഒരേ ഉറവയിൽ നിന്ന് ഒഴുകിവരുന്ന രണ്ട് അരുവികൾപോലെയാണ് (വത്തിക്കാൻII, ദൈവാവിഷ്കരണം 7-10). ഇവ രണ്ടും സ്വീകരിച്ചാലേ ദൈവാവിഷ്കൃതസത്യങ്ങൾ പൂർണ്ണമായി ഗ്രഹിക്കാൻ കഴിയൂ. സഭാപിതാക്കന്മാരുടെ പഠനങ്ങൾ, ആദിമസഭയുടെ ആരാധനക്രമങ്ങൾ, പ്രാർത്ഥനകൾ, സാർവ്വത്രിക സൂനഹദോസുകളുടെ തീരുമാനങ്ങൾ, തന്റെ പ്രബോധനാധികാരം ഉപയോഗിച്ച് വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ സഭ നല്കുന്ന പഠനങ്ങൾ എന്നിവയിലൂടെയാണ് യഥാർത്ഥ പാരമ്പര്യം നമുക്കു ലഭിക്കുന്നത്.

പാരമ്പര്യത്തെക്കുറിച്ചുള്ള സഭയുടെ ഈ കാഴ്ചപ്പാട് ബൈബിളിന്റെ

പ്രാധാന്യത്തെ യാതൊരു വിധത്തിലും കുറച്ചു കാണിക്കുന്നില്ല. ബൈബിൾ പഠിപ്പിക്കുന്ന സത്യങ്ങൾക്കെതിരായി സഭാപാരമ്പര്യങ്ങൾ ഒന്നും പഠിപ്പിക്കുന്നില്ല. രണ്ടിന്റെയും ഉറവിടം ദൈവം തന്നെയാകയാൽ അവ തമ്മിൽ വൈരുദ്ധ്യം ഉണ്ടാവുകയുമില്ല. ബൈബിളിനെ മറന്നുകൊണ്ടു പാരമ്പര്യത്തിനോ, പാരമ്പര്യത്തെ മറന്നുകൊണ്ട് ബൈബിളിനോ നിലനില്ക്കാനാവില്ല.

ബൈബിൾ മാത്രമാണ് ദൈവാവിഷ്കരണത്തിന്റെ ഏക ഉറവിടം എന്ന പ്രോട്ടസ്റ്റന്റു വാദത്തിനെതിരേ പാരമ്പര്യത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടാൻ ശ്രമിച്ചപ്പോൾ കത്തോലിക്കാസഭ ബൈബിളിനു വേണ്ടത്ര പ്രാധാന്യം നല്കിയില്ല എന്നതു വാസ്തവമാണ്. ഇന്നും കത്തോലിക്കാ സഭാംഗങ്ങൾ ബൈബിളിനു വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ഈ സ്ഥിതിയിൽ ഗണ്യമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു എന്നത് സഭയിലുള്ള പരിശുദ്ധാത്മാവിന്റെ നിരന്തരമായ പ്രവർത്തനത്തിന്റെ അടയാളമായി കാണാവുന്നതാണ്. “വി.ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ആദരവോടുംകൂടി നാം സ്വീകരിച്ചു വണങ്ങേണ്ടതാണ്” (വത്തിക്കാൻ II ദൈവാവിഷ്കരണം 9).

# 5 ബൈബിൾ വ്യാഖ്യാനം

*"പ്രഭാതം പൊട്ടിവിരിയുകയും പ്രഭാതനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്നപോലെ പ്രവാചകവചനത്തെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ: വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല"* (2 പത്രോ 1,20).

പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. ദൈവം ബൈബിളിലൂടെ എന്താണ് നമ്മോടു പറയുന്നതെന്നു മനസ്സിലാക്കാൻ പരിശുദ്ധാത്മാവിന്റെ പ്രകാശം ആവശ്യമാണ്; ആ പ്രകാശം ദൈവം എല്ലാവർക്കും വാഗ്ദാനം ചെയ്തിട്ടുമുണ്ട്. എന്നാൽ പാപത്താൽ പങ്കിലവും പരിമിതവുമായ അറിവും കഴിവുകളുമാണ് ഓരോ വ്യക്തിക്കുമുള്ളത്. അതിനാൽ പലപ്പോഴും സ്വന്തം താല്പര്യങ്ങളും ചിന്തകളും നിഗമനങ്ങളും പ. ആത്മാവിന്റെ പ്രകാശനങ്ങളായി തെററിദ്ധരിക്കപ്പെട്ടു എന്നുവരാം. ഈ സാധ്യതയെ മുന്നിൽ കണ്ടുകൊണ്ടാവണം ആരും സ്വന്തം താല്പര്യം അനുസരിച്ചു ബൈബിൾ വ്യാഖ്യാനിക്കാൻ പാടില്ല എന്ന് വി.പത്രോസ് താക്കീതു ചെയ്യുന്നത്. പലരും ബൈബിൾ വാക്യങ്ങൾ വളച്ചൊടിക്കുന്നു എന്ന് മേലുദ്ധരിച്ച ലേഖനത്തിൽ തുടർന്നു പറഞ്ഞിട്ടുണ്ട് (2 പത്രോ 3,16-17). അതിനാൽ ബൈബിൾ വായിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. (ദൈവാവിഷ്കരണം 11-13; ബൈബിൾ വ്യാഖ്യാനത്തിനു സഭയുടെ മാർഗ്ഗരേഖ. വിവ. ഡോ. ജോസ് വടക്കേടം, കാരുണികൻ, 2009 കാണുക)

1. ബൈബിൾ ദൈവത്തിന്റെ വചനമാണ്. അതിനാൽ അതർഹിക്കുന്ന ആദരവോടും ഭക്തിയോടുംകൂടെ വേണം ബൈബിൾ വായിക്കാൻ. ദൈവം വെളിപ്പെടുത്തുന്നതും വിശുദ്ധ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നതുമായ അർത്ഥം ഗ്രഹിക്കുന്നതിനായി ബുദ്ധിയെ പ്രകാശിപ്പിക്കാൻ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ചുകൊണ്ടു വായിക്കുക.

2. വിശ്വാസികൾക്കുവേണ്ടി വിശ്വാസികൾ രചിച്ച ഗ്രന്ഥമാണ് ബൈബിൾ. വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് ഇതു വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടത്. വിശ്വാസം മാനുഷികബുദ്ധിക്കും യുക്തിക്കും വിരുദ്ധമല്ല, അതീതമാണ്. ലോകത്തിന്റെ ദൃഷ്ടിയിൽ ജ്ഞാനികളും ബുദ്ധിമാന്മാരും ആയവർക്കല്ല, ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും

ചെയ്യുന്ന ശിശുക്കളെപ്പോലുള്ളവർക്കാണ് ദൈവവചനം വെളിപ്പെടുക. ബൈബിളിലെ സത്യം ഗ്രഹിക്കാൻ ഈ മനോഭാവം ആവശ്യമാണ്.

3. ബൈബിൾ രക്ഷാകരസന്ദേശമാണ്. നമ്മുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താനല്ല, നമുക്കു നിത്യരക്ഷ പ്രദാനം ചെയ്യാൻ വേണ്ടിയാണ് ബൈബിൾ രചിക്കപ്പെട്ടത്. കേൾവിക്കാർ മാത്രമാകാതെ വചനം അനുസരിച്ചു ജീവിക്കാനുള്ള സന്നദ്ധതയോടെ ആയിരിക്കണം നാം വിശുദ്ധഗ്രന്ഥം വായിക്കുന്നത്. ഇന്നു ജീവിക്കുന്ന നമ്മോടാണ് ദൈവം സംസാരിക്കുന്നത്. നിത്യജീവനിലേക്കുള്ള തീർത്ഥാടനത്തിൽ ദൈവവചനം നമ്മുടെ പാതയിൽ പ്രകാശമാകുന്നത് വചനം അനുസരിച്ചു ജീവിക്കാൻ നാം തയ്യാറാകുമ്പോൾ മാത്രമാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതപരിവർത്തനം ലക്ഷ്യം വച്ചുകൊണ്ടുവേണം ബൈബിൾ വായിക്കാൻ.

4. ബൈബിൾ മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ട ദൈവവചനമാണ്. ഓരോ ഗ്രന്ഥകർത്താവും ഉപയോഗിച്ച സാഹിത്യരൂപങ്ങളും ഭാഷയുടെ പ്രത്യേകതകളും കണക്കിലെടുക്കേണ്ടതുണ്ട്. കഥകളെ ചരിത്രമായി തെറ്റിദ്ധരിക്കരുത്. ഏതെങ്കിലും ഒരു പ്രത്യേക സന്ദേശം നല്കുന്നതിനു വേണ്ടിയായിരിക്കും കഥകൾ ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ കഥകളുടെ വിശദാംശങ്ങളിൽ തങ്ങിനില്ക്കുകയല്ല, അവ നല്കുന്ന സന്ദേശം എന്തെന്നു ഗ്രഹിക്കാൻ ശ്രമിക്കുകയാണു വേണ്ടത്. ഓരോ ഗ്രന്ഥകാരനും തനതായ കാഴ്ചപ്പാടും ശൈലിയും ഉണ്ടായിരിക്കും. സുവിശേഷങ്ങളെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകം പ്രസക്തമാണ്. അതിനാൽ ഗ്രന്ഥകാരന്മാർ എന്താണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻ ശ്രമിക്കണം. ഇതിനു വിശദമായ പഠനം ആവശ്യമാണ്. ബൈബിളിലെ പല ഭാഗങ്ങളിലും പ്രതീകാത്മകമായ ഭാഷയാണുപയോഗിച്ചിരിക്കുന്നത്. ഒരാശയം തറപ്പിച്ചു പറയാൻവേണ്ടി ആവർത്തനങ്ങളും അതിശയോക്തികളും ഉപയോഗിച്ചിട്ടുണ്ട്. ഇതു കണക്കിലെടുക്കാതെ ബൈബിളിലെ എല്ലാ പുസ്തകങ്ങളും ഒരുപോലെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ സാധിക്കാതെ പോകും.

5. ബൈബിൾ ഒരു ശാസ്ത്രഗ്രന്ഥമല്ല. ശാസ്ത്രീയമായ സത്യങ്ങൾ അവതരിപ്പിക്കുകയല്ല ബൈബിളിന്റെ ലക്ഷ്യം. പ്രപഞ്ചോല്പത്തി, പ്രപഞ്ചഘടന മുതലായ കാര്യങ്ങളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ബൈബിളിൽനിന്നു കിട്ടിയെന്നുവരില്ല. ഇന്നത്തെ ശാസ്ത്രീയമായ അറിവുവച്ചുനോക്കുമ്പോൾ ബൈബിളിലെ ചില പരാമർശങ്ങൾ പ്രാകൃതവും വികലവും ആയി തോന്നിയേക്കാം. അന്നത്തെ മനുഷ്യർക്കു മനസ്സിലാവുന്ന ഭാഷയിലാണ് ബൈബിൾ എഴുതപ്പെട്ടത് എന്ന കാര്യം മറക്കാതിരിക്കുക.

6. ബൈബിൾ രക്ഷാചരിത്രമാണ്. വസ്തുതകളും സംഭവങ്ങളും അനിഷേധ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്ന ഒരു ലോക ചരിത്രമോ ഇസ്രായേൽ ചരിത്രമോ അല്ല ബൈബിൾ. ദൈവമനുഷ്യബന്ധ ത്തിന്റെ ചരിത്രമാണത് - പാപിയായ മനുഷ്യന് ദൈവം നല്കുന്ന രക്ഷ യുടെ ചരിത്രം. ആധുനിക കാഴ്ചപ്പാടിലുള്ള ഒരു ചരിത്രഗ്രന്ഥം എന്നതി നെക്കാൾ ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് അവതരിപ്പി ക്കുന്ന ഗ്രന്ഥമായി ബൈബിളിനെ കാണണം.

7. യേശുവിൽ പൂർത്തിയാകുന്ന രക്ഷാചരിത്രമാണ് ബൈബിൾ അവതരിപ്പിക്കുന്നത്. ദൈവാവിഷ്കരണത്തിന്റെ പല ഘട്ടങ്ങൾ ബൈബി ളിൽ കാണാം. പഴയനിയമത്തിലെ പല കാര്യങ്ങളും നമുക്ക് അപ്രസക്തമാ യിരിക്കും. ഉദാ: - ബാഹ്യമായ ശുദ്ധിയെയും ബലിയർപ്പണത്തെയും മറ്റും കുറിച്ച് ലേവ്യരുടെ പുസ്തകത്തിലെ നിയമങ്ങൾ, ശത്രുക്കൾക്കെതിരായ സങ്കീർത്തനങ്ങളിലെ പ്രാർത്ഥനകൾ മുതലായവ. ഈ കാര്യങ്ങൾ ഇന്ന് അക്ഷരാർത്ഥത്തിൽ അനുവർത്തിക്കുകയല്ല അവയുടെ ചൈതന്യവും ഉദ്ദേ ശ്യവും മനസ്സിലാക്കുകയും യേശു നല്കിയ പുതിയനിയമത്തിന്റെ വെളി ച്ചത്തിൽ വിവേചനാപൂർവ്വം സ്വീകരിക്കുകയുമാണ് ചെയ്യേണ്ടത്.

8. ബൈബിളിനെ ഒറ്റപ്പെട്ട വാക്യങ്ങളായിട്ടല്ല ഒറ്റ ഗ്രന്ഥമായി കാണണം. 73 പുസ്തകങ്ങൾ ഉണ്ടെങ്കിലും അവയുടെ എല്ലാം ഉറവിടവും ആത്യന്തികമായ കർത്താവും ദൈവമാകയാൽ ഓരോ പുസ്തകത്തെയും വേറിട്ടു വ്യാഖ്യാനിക്കുകയല്ല, ബൈബിളിൽ മൊത്തമായി വെളിപ്പെടുത്ത പ്പെടുന്ന രക്ഷാകര സത്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുകയാണു വേണ്ടത്. ബൈബിളിൽത്തന്നെ പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധങ്ങളായ പ്രസ്താവ നകൾ കണ്ടെന്നുവരാം. ഓരോ പ്രസ്താവനയും തനിച്ചു കാണുമ്പോഴാണ് ഈ പ്രശ്നമുണ്ടാവുക. പടിപടിയായി വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ഭാഗികമായ അവതരണമായിരിക്കും ചിലപ്പോൾ ഈ പ്രസ്താവനകൾ. മറ്റു ചിലപ്പോൾ പ്രസ്താവനകളുടെ ശരിയായ അർത്ഥം ഗ്രഹിക്കാത്തതുകൊ ണ്ടായിരിക്കും അവ പരസ്പരവിരുദ്ധങ്ങളായി അനുഭവപ്പെടുക. ദൈവം പര സ്പരവിരുദ്ധമായി സംസാരിച്ചു എന്നു വിശ്വസിക്കാനാവില്ല. അതിനാൽ ഒറ്റ പ്പെട്ട വാചകങ്ങളിൽ വ്യാഖ്യാനം ഒതുക്കിനിർത്താതെ, ആ വാക്യത്തിന് അതു പ്രത്യക്ഷപ്പെടുന്ന പുസ്തകത്തിലും ബൈബിളിൽ മൊത്തമായും ഉള്ള സ്ഥാനം എന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കണം.

9. സഭയുടെ ആധികാരികമായ പ്രബോധനവും ബൈബിളും തമ്മിൽ വൈരുദ്ധ്യമോ പൊരുത്തക്കേടോ ഉണ്ടായിരിക്കുകയില്ല. ബൈബിൾ രചനയ്ക്കായി ഗ്രന്ഥകാരന്മാരെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്ത പരിശുദ്ധാത്മാവു തന്നെയാണ് സഭയെയും നയിക്കുന്നത്. ഒരേ

ആത്മാവുതന്നെ പരസ്പരവിരുദ്ധമായ വെളിപാടുകൾ നല്കുകയില്ല. സാർവ്വത്രികസഭയുടെ ഏതെങ്കിലും ഔദ്യോഗിക പഠനം ബൈബിളിന്റെ പഠനത്തിനു വിരുദ്ധമെന്നു പ്രത്യക്ഷത്തിൽ തോന്നുന്നുണ്ടെങ്കിൽ അത് ബൈബിളിൽ വെളിപ്പെടുത്തപ്പെടുന്ന സത്യം ശരിക്കു ഗ്രഹിക്കാത്തതുകൊണ്ടാവും.

10. സഭയുടെ പ്രബോധനാധികാരമാണ് ബൈബിളിന് ഔദ്യോഗികവും അന്തിമവുമായ വ്യാഖ്യാനം നല്കുന്നത്. സഭയിലാണ് ബൈബിൾ രൂപംകൊണ്ടത്; ബൈബിൾ കാത്തുസൂക്ഷിക്കാനും പ്രഘോഷിക്കാനുമുള്ള അധികാരം സഭയ്ക്കാണു നല്കപ്പെട്ടിരിക്കുന്നത്. അതിനാൽ സഭയുടെ ഔദ്യോഗിക പഠനത്തിനു വിരുദ്ധമായുള്ള ബൈബിൾ വ്യഖ്യാനം ശരിയാവുകയില്ല.

11. ബൈബിൾ മാത്രം പോരാ, പാരമ്പര്യവും പരിഗണിക്കണം. ബൈബിളിൽ നിഗൂഢവും വ്യംഗ്യവുമായി സ്ഥിതിചെയ്യുന്ന സത്യങ്ങൾ പാരമ്പര്യത്തിലൂടെയാണ് പൂർണ്ണമായി വെളിപ്പെടുത്തപ്പെടുന്നത്. വെളിപ്പെടുത്തപ്പെട്ട ദൈവികസത്യങ്ങളെക്കുറിച്ചുള്ള അറിവ് സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവാണ് സത്യത്തിന്റെ ആഴങ്ങളിലേക്കു വ്യക്തികളെയും സഭാസമൂഹത്തെയും നയിക്കുന്നത്. അതിനാൽ ബൈബിളിൽ സ്പഷ്ടമായി കാണാത്ത ചില സത്യങ്ങൾ പില്ക്കാലത്തു സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടെന്നു വരാം. പാരമ്പര്യവും ബൈബിളും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്.

12. ബൈബിൾ ജീവിതത്തിനു മാനദണ്ഡമാണ്. നമ്മുടെ ജീവിതവീക്ഷണങ്ങളെയും താല്പര്യങ്ങളെയും സാധൂകരിക്കാൻവേണ്ടി ബൈബിൾ ഉപയോഗിക്കുകയില്ല, ബൈബിൾ വെളിപ്പെടുത്തുന്ന സത്യത്തിന്റെ വെളിച്ചത്തിൽ അവയെ ചോദ്യം ചെയ്യുകയും തിരുത്തുകയും ആണ് വേണ്ടത്. ഇത് ഒറ്റപ്പെട്ട വ്യക്തികൾക്കും സഭാസമൂഹങ്ങൾക്കും ബാധകമാണ്. ബൈബിൾ 'കാനോനികം' ആണെന്നു പഠിപ്പിക്കുമ്പോൾ ഇതും അർത്ഥമാക്കുന്നുണ്ട്. ജീവിതത്തിന്റെ മാനദണ്ഡമാണ് ബൈബിൾ, മറിച്ചല്ല. സഭയിൽ കാലാകാലങ്ങളിൽ, മാനുഷികബലഹീനതകൾ കാരണം, കടന്നുകൂടാവുന്ന അനാചാരങ്ങളെയും തെറ്റായ പ്രവണതകളെയും തിരുത്താൻ ബൈബിൾ ആവശ്യപ്പെടും. ആചാരാനുഷ്ഠാനങ്ങളെ അപ്പസ്തോലിക സഭയുടെ പാരമ്പര്യത്തിൽനിന്നും വ്യവച്ഛേദിച്ചറിയണം. "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുവായ്ത്തലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ 4,12). ചില മനോഭാവങ്ങളും വീക്ഷണങ്ങളും പ്രവർത്തനശൈലികളും മാറ്റുക ശസ്ത്രക്രിയപോലെ വേദനാജനകമായേക്കാം. എന്നാലും ദൈവവചനമാകുന്ന വാൾ നടത്തുന്ന ഈ പരിവർത്തനപ്രക്രിയയ്ക്ക്

വ്യക്തികളും സഭാസമൂഹം ഒന്നടങ്കവും വിധേയമാകണം.

13. ആഴമേറിയ അർത്ഥം (Sensus Plenior). ബൈബിളിലെ പല വാക്യങ്ങളും പ്രഖ്യാപനങ്ങളും അവയുടെ ഗ്രന്ഥകാരന്മാരും സമകാലികരായ വായനക്കാരും മനസ്സിലാക്കിയതിനേക്കാൾ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നവയാണ്. പ്രത്യേകിച്ചും പഴയനിയമത്തിലെ പ്രവചനങ്ങൾ. ബൈബിളിൽ നിഗൂഢമായിരിക്കുന്ന ഈ അർത്ഥത്തിന്റെ പൂർണ്ണതയിലേക്ക് പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സഭ സാവധാനം കടന്നുവരുന്നു. യേശുവിന്റെ കന്യാജനനം (ഏശ 7,14), മിശിഹായുടെ ദൈവത്വം (സങ്കീ 110,1) മുതലായവ ഉദാഹരണങ്ങൾ.

14. പഴയനിയമത്തെ പുതിയനിയമത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക. ദൈവികവെളിപാടിന്റെ പൂർണ്ണത യേശുക്രിസ്തുവിലാണ് നല്കപ്പെട്ടത്. അതിനാൽ വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച പഴയനിയമത്തിന്റെ പഠനങ്ങൾ യേശുവിലൂടെ നല്കപ്പെട്ടതും അപ്പസ്തോലിക സഭ ഗ്രഹിച്ചതുമായ പൂർണ്ണമായ വെളിപാടിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കണം.

# ഭാഗം II

## ത്രിയേകദൈവം

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എല്ലാ പ്രവൃത്തികളും തുടങ്ങുകയും "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുക ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വസാധാരണമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്നും എന്നാൽ ഈ മൂവരുംകൂടി മൂന്നു ദൈവങ്ങളല്ല, ഒരേ ഒരു ദൈവം മാത്രമാണെന്നും ഉള്ള സത്യത്തെ സൂചിപ്പിക്കാനാണ് "പരിശുദ്ധത്രിത്വം" അഥവാ "ത്രിയേകദൈവം" എന്ന പദം ഉപയോഗിക്കുന്നത്.

ക്രൈസ്തവ വിശ്വാസത്തിന്റെ കാതലും അടിത്തറയുമാണ് ഈ സത്യമെങ്കിലും ഇത്രയേറെ തെറ്റിദ്ധാരണകൾക്കും വിവാദങ്ങൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇടനല്കിയ മറ്റൊരു വിശ്വാസസത്യമില്ല. കാരണം ഇത്രമാത്രം നിഗൂഢവും ദുർജ്ഞേയവുമായ മറ്റൊരു രഹസ്യമില്ല എന്നതുതന്നെ. അതിനാൽ വേദപാഠക്ലാസുകളിലും ദൈവശാസ്ത്രക്ലാസുകളിലും അധ്യാപകർ പഠിപ്പിക്കാൻ ഏറ്റവുമധികം മടിക്കുന്നതും ബുദ്ധിമുട്ടുന്നതുമായ ഒരു വിഷയമാണ് "പരിശുദ്ധത്രിത്വം". നമുക്കു മനസ്സിലാക്കാനാവാത്ത ഒരു കാര്യമാണിത് എന്നുപറഞ്ഞ് സൗകര്യപൂർവ്വം ഒഴിഞ്ഞുമാറാനാണ് പലരും ശ്രമിക്കുക. എന്നാൽ ഈ ഒഴിഞ്ഞുമാറൽ അസാധ്യമാക്കിക്കൊണ്ട് ഇന്ന് അനേകം ചോദ്യങ്ങൾ ഉയർന്നുവരുന്നു.

തങ്ങളുടെ വിശ്വാസം എന്തെന്ന് മനസ്സിലാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും അല്പം ചിന്തിക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ഉള്ളിൽ ഉയർന്നുവരുന്ന ഒരു ചോദ്യമാണ് "ഒന്ന് എങ്ങനെ മൂന്നാകും? മൂന്നെങ്ങിനെ ഒന്നാകും?" ഒന്നുകിൽ ഒരു ദൈവം, അല്ലെങ്കിൽ മൂന്നു ദൈവങ്ങൾ. പക്ഷേ ദൈവം ഒരുവനേയുള്ളു എന്ന് ബൈബിൾ അനിഷേധ്യമായി പഠിപ്പിക്കുന്നു. ഏകദൈവവിശ്വാസമാണ് മനുഷ്യബുദ്ധിക്കും യുക്തിക്കും കൂടുതൽ സ്വീകാര്യം. "ത്രിയേകദൈവം" എന്ന വിശ്വാസം പിന്നെ എങ്ങനെ ഉണ്ടായി എന്ന ചോദ്യം അവശേഷിക്കുന്നു.

യഹോവാ സാക്ഷികൾ മുതലായവരുടെ ചോദ്യങ്ങൾ ഈ ദിശയിൽ ചിന്തിക്കാൻ കത്തോലിക്കരെ ഇന്നു നിർബന്ധിക്കുന്നുണ്ട്. 'ഒരു ദൈവം മാത്രമേയുള്ളു. അവന്റെ നാമം യഹോവാ എന്നാണ്. യേശുക്രിസ്തു ഏറ്റം ഉന്നതനായ മനുഷ്യനാണെങ്കിലും ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ്. പിതാവു തന്നെക്കാൾ വലിയവനാണെന്നും, തനിക്കജ്ഞാതമായ രഹസ്യങ്ങൾ ഉണ്ടെന്നും യേശുക്രിസ്തുതന്നെ ഏറ്റുപറഞ്ഞിട്ടുണ്ട്. അതിനാൽ ക്രിസ്തു ദൈവമല്ല, ദൈവത്തിന്റെ ശക്തി മാത്രമാണ്'. ബൈബിളിലെ ചില വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം വാദിക്കുന്നതു കേൾക്കുമ്പോൾ എന്തുത്തരം പറയണമെന്നറിയാതെ അനേകർ കുഴങ്ങുന്നു.

അനേകം കത്തോലിക്കരുടെ വിശ്വാസത്തെ ഇതൊരു പ്രതിസന്ധിയിൽ എത്തിക്കുന്നുണ്ട്. 'പരിശുദ്ധത്രിത്വം' എന്ന സത്യം എന്താണ് അർത്ഥമാക്കുന്നത്? ഇതു ബൈബിളിന്റെ പഠനത്തിനു വിരുദ്ധമാണോ? എപ്രകാരമാണ് സഭ ഈ നിർവ്വചനത്തിൽ എത്തിച്ചേർന്നത്? ഇപ്രകാരം ഒരു സത്യം ഏറ്റുപറയുന്നതിന് വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ എന്തെങ്കിലും പ്രസക്തിയുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കാനാണ് "ത്രിയേകദൈവം" എന്ന ഈ രണ്ടാംഭാഗത്ത് ശ്രമിക്കുന്നത്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഒന്നാം ഭാഗം- നമ്പർ 26-1065 ഈ വിഷയം വിശദമായി അവതരിപ്പിക്കുന്നുണ്ട്.

# 1 പരിശുദ്ധ ത്രിത്വം ഒരു രഹസ്യം

വി. ആഗസ്തീനോസിനെക്കുറിച്ച് ഒരു കഥ പറയാറുണ്ട്. പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെക്കുറിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ട് കടൽത്തീരത്തു നടന്ന ആഗസ്തീനോസ് ഒരു ബാലനെ കണ്ടു. അവൻ മണലിൽ ഒരു കുഴിയുണ്ടാക്കി ആ കുഴിയിൽ ഒരു കക്കാകൊണ്ട് കടലിൽനിന്നു വെള്ളം കോരി നിറയ്ക്കുകയായിരുന്നു. ബാലന്റെ ഈ ജോലിയിൽ രസം തോന്നിയ ആഗസ്തീനോസ് ചോദിച്ചു: "നീ എന്താണ് ചെയ്യുന്നത്?" ബാലൻ മറുപടി പറഞ്ഞു. "ഈ കടൽ തേകി വറ്റിക്കാൻ ശ്രമിക്കുകയാണ്". അഗാധപാണ്ഡിത്യമുള്ള ആഗസ്തീനോസിന്റെ ചുണ്ടിൽ നേരിയ പുഞ്ചിരി വിടർന്നു. "എന്തൊരു വിഡ്ഢിത്തമാണിത്? ഈ മഹാസമുദ്രത്തിലെ വെള്ളം മുഴുവൻ ഒരു കക്കാകൊണ്ട് തേകി വറ്റിക്കാമെന്നോ? മണലിലെ കുഴിയിൽ ഒഴിക്കുന്ന വെള്ളം വീണ്ടും കടലിലേക്കുതന്നെ ചെല്ലുകയില്ലേ?" ആഗസ്തീനോസിന്റെ മറുപടി കേട്ടപ്പോൾ മന്ദഹസിച്ചതു ബാലനാണ്. "നീ ചിന്തിച്ചുകൊണ്ടിരിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിലും എളുപ്പമാണ് കക്കാകൊണ്ട് ഈ കടൽ തേകി വറ്റിക്കുന്നത്".

## 1. ദിവ്യരഹസ്യം

മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമായ ഒരു ദിവ്യരഹസ്യമാണ് പരിശുദ്ധ ത്രിത്വം. ദൈവം ഒരുവനേയുള്ളു. ആ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു മൂന്നാളുകളുണ്ട്. ഈ മൂവരും ഒരുപോലെ ആരംഭവും അവസാനവും ഇല്ലാത്തവരാണ്; തുല്യമായ ശക്തിയും അറിവും മഹത്വവുമുള്ള ഈ മൂവരും മൂന്നു വ്യക്തികളാണ്. മൂവരും ഒരുപോലെ ആരാധനയർഹിക്കുന്നു. എന്നാൽ മൂവരുംകൂടി മൂന്നു ദൈവങ്ങളല്ല, ഒരേ ഒരു ദൈവംമാത്രം – സത്തയിൽ ഏകത്വവും വ്യക്തിത്വത്തിൽ ത്രിത്വവും. ഒരേ ദൈവികസത്തയിൽ തുല്യമായി പങ്കുചേരുന്ന മൂന്നു വ്യക്തികൾ.

## 2. ഉദാഹരണങ്ങൾ അപര്യാപ്തം

ഒരേ ദൈവത്വത്തിന്റെ മൂന്നുഭാവങ്ങളല്ല ഈ മൂന്നു വ്യക്തികൾ. മതബോധന ക്ലാസ്സുകളിൽ പരിശുദ്ധത്രിത്വത്തെ വിശദീകരിക്കാനായി ചില

ഉദാഹരണങ്ങൾ അവതരിപ്പിക്കാറുണ്ട്. ദ്രവം, ഘരം, വാതകം എന്നീ മൂന്നു രൂപങ്ങളിൽ ജലം കാണപ്പെടാറുണ്ട്. തണുത്തുറയ്ക്കുമ്പോൾ ഐസുകട്ട യാകുന്നതും ചുടാകുമ്പോൾ നീരാവിയാകുന്നതും ഇതുരണ്ടുമല്ലാത്തപ്പോൾ ദ്രാവകമായിരിക്കുന്നതും ഒരേ ജലംതന്നെ. ഇതുപോലെയാണ് ദൈവം എന്ന് ചില അധ്യാപകർ പഠിപ്പിക്കും. ദൈവം ഒരുവനേയുള്ളു. മനുഷ്യനായി അവ തരിച്ചപ്പോൾ പുത്രനായും, പന്തക്കുസ്താ മുതൽ പരിശുദ്ധാത്മാവായും പ്രത്യക്ഷപ്പെട്ടത് പിതാവെന്നു വിളിക്കുന്ന ഒരേ ഒരു ദൈവം തന്നെയാണ്. പക്ഷേ 'മോഡലിസം' എന്നപേരിൽ അറിയപ്പെട്ട വലിയൊരു പാഷണ്ഡത അഥവാ വിശ്വാസവിരുദ്ധമായ പഠനമാണിതെന്ന് ഈ ഉദാഹരണം പറയു ന്നവർ പലപ്പോഴും മനസ്സിലാക്കാറില്ല. ഒരേ ജലംതന്നെ ഒരേ സമയത്ത് മൂന്നു രൂപത്തിലും പ്രത്യക്ഷപ്പെടുന്നില്ല എന്നതോ പോകട്ടെ, ദൈവത്തിലെ മൂന്നാ ളുകൾക്ക് തനതായ വ്യക്തിത്വമുണ്ടെന്ന അടിസ്ഥാന സത്യത്തെ ഈ ഉദാ ഹരണം നിഷേധിക്കുന്നു. അതിന്റെ ഫലമായി പിതാവുതന്നെയാണ് കുരി ശിൽ മരിച്ചതെന്നും പിതാവുതന്നെ പിതാവിനെ പിതാവേ എന്നു വിളിച്ചു എന്നും ഒക്കെ പറയേണ്ടി വരും. ദൈവത്തിന്റെ ഏകത്വത്തെ ഊന്നിപ്പറയു മ്പോൾ ത്രിത്വത്തെ നിഷേധിക്കേണ്ടിവരുന്നു.

ചിന്തയിൽനിന്നു പുറപ്പെടുന്ന വാക്കും വാക്കിന്റെ അർത്ഥവും ആണ് പ. ത്രിത്വത്തെ വിശദീകരിക്കാനായി ചില പിതാക്കന്മാർ ഉപയോഗിച്ചിരുന്ന ഒരു ഉദാഹരണം. ചിന്തയാണ് വാക്കിന്റെ ഉറവിടം. ചിന്തയും വാക്കും തമ്മി ലുള്ള ബന്ധമാണ് അർത്ഥം. ഇതുപോലെ പിതാവിൽനിന്നു പുത്രൻ ജനി ക്കുന്നു. പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധമാണ് പരിശുദ്ധാ ത്മാവ്. ഉറവ, ജലം, അരുവി എന്ന ഉദാഹരണവും ത്രിത്വത്തെ വിശദീകരി ക്കാനായി ഉപയോഗിക്കാറുണ്ട്. ഈ ഉദാഹരണങ്ങൾക്കെല്ലാം മേല്പറഞ്ഞ പോലുള്ള വൈകല്യങ്ങളുണ്ട്. ഒരേ സത്തയിൽ പങ്കുചേരുന്ന മൂന്നു വ്യക്തി കൾ എന്നതിന് തൃപ്തികരമായ വിശദീകരണം നല്കാൻ ഇവയ്ക്കൊന്നും കഴിയുന്നില്ല.

പരിശുദ്ധത്രിത്വത്തെ ഒരു പ്രശ്നം (Problem) എന്ന നിലയിൽ അപഗ്ര ഥിച്ചു പഠിക്കാൻ ശ്രമിക്കുമ്പോഴാണ് മേലുദ്ധരിച്ച ബുദ്ധിമുട്ടുകളുണ്ടാകുക. ത്രിത്വമെന്നത് പഠനവിഷയമാക്കി ഉത്തരം കണ്ടെത്തേണ്ട ഒരു പ്രശ്നമല്ല. ദൈവത്തിന്റെ ആന്തരികജീവനിലേക്കോ സ്വഭാവത്തിലേക്കോ എത്തിനോ ക്കാൻ പോലും പരിമിതമായ മനുഷ്യബുദ്ധിക്കു കഴിയുകയില്ല. ത്രിത്വം എന്നത് ഒരു രഹസ്യമാണ് (Mystery). അതിനെ വസ്തുനിഷ്ഠമായി അപ ഗ്രഥിക്കാനാവില്ല. ഒരു മനുഷ്യവ്യക്തിയുടെപോലും ആഴങ്ങൾ ശാസ്ത്രീയ

മായ അപഗ്രഥനത്തിനു കണ്ടെത്താൻ കഴിയാത്ത സ്ഥിതിക്ക് സ്രഷ്ടാവിനെ അപഗ്രഥിക്കാൻ ഏതു ശാസ്ത്രത്തിനാണു കഴിയുക!

വ്യക്തിയെ മനസ്സിലാക്കുന്നതു ശാസ്ത്രീയ ഗവേഷണങ്ങളിലൂടെയല്ല, വ്യക്തിബന്ധങ്ങളിലൂടെയാണ്. വ്യക്തിബന്ധത്തിൽ വ്യക്തിത്വം പൂർണ്ണമായും പങ്കുചേരുന്നു. ബുദ്ധിയും മനസ്സും ഹൃദയവും വികാരങ്ങളും ചിന്തയും തീരുമാനങ്ങളും എല്ലാം ഈ ബന്ധത്തിൽ സജീവപങ്കാളിത്തം വഹിക്കുന്നു. ഇപ്രകാരമൊരു ബന്ധം സ്നേഹബന്ധമാണ്. സ്നേഹബന്ധത്തിലൂടെയാണ് വ്യക്തികൾ പരസ്പരം വെളിപ്പെടുത്തുകയും മനസ്സിലാക്കുകയും ചെയ്യുക. ദൈവത്തെക്കുറിച്ചും ഇതു പ്രസക്തമാണ്. ദൈവത്തെ നാം അറിയുന്നത് ബുദ്ധിയുടെ വ്യാപാരങ്ങളിലൂടെയല്ല. പഠനത്തിന്റെയും അപഗ്രഥനത്തിന്റെയും മാർഗത്തിലൂടെ സമീപിക്കുമ്പോൾ ത്രിത്വം എന്ന രഹസ്യം ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി അവശേഷിക്കും. എന്നാൽ വ്യക്തിബന്ധത്തിന്റെ മാർഗത്തിലൂടെ സമീപിക്കുമ്പോൾ ത്രിത്വം എന്ന രഹസ്യം ജീവദായകമായി അനുഭവപ്പെടും.

## 3. ത്രിത്വം എന്ന പദം

ബൈബിളിൽ ഒരിടത്തും ത്രിത്വം എന്ന പദം ഉപയോഗിച്ചിട്ടില്ല. ത്രിയേക ദൈവം എന്ന പ്രയോഗവും ബൈബിളിലില്ല. ത്രിത്വം എന്ന അർത്ഥമുള്ള '*ത്രിയാസ്*' എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് ഏ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ചിരുന്ന തെയോഫിലസ് ആണ്. സിറിയയുടെ തലസ്ഥാനവും ഒരു പ്രമുഖ ക്രൈസ്തവ കേന്ദ്രവുമായ അന്തിയോക്കിയായിലെ മെത്രാനായിരുന്നു അദ്ദേഹം. ആഫ്രിക്കയിലെ ഏറ്റം പ്രധാനപ്പെട്ട ക്രൈസ്തവ കേന്ദ്രമായിരുന്ന കാർത്തേജിൽ ജീവിച്ചിരുന്ന നിയമപണ്ഡിതനും സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനുമായ തെർത്തുല്ല്യൻ (ഏ. ഡി. 160-220) '*ത്രിനിത്താസ്*' എന്ന ലത്തീൻ പദം ആദ്യമായി ഉപയോഗിച്ചതായി കരുതപ്പെടുന്നു. ഇതിൽനിന്നാണ് *ട്രിനിറ്റി* (Trinity) എന്ന ഇംഗ്ലീഷുപദത്തിന്റെ ഉത്ഭവം. 'ഏക ദൈവത്തിൽ തുല്യരായ മൂന്നാളുകൾ' എന്ന ആശയം അവതരിപ്പിക്കാനാണ് ഈ പദം അവർ ഉപയോഗിച്ചത്.

പുതുതായി അറിഞ്ഞ ഏതെങ്കിലും ഒരു സത്യം പഠിപ്പിക്കുകയല്ല, ബൈബിളിൽനിന്നു ലഭിച്ചതും ക്രൈസ്തവ സഭ സ്വീകരിച്ചു വിശ്വസിക്കുന്നതുമായ ഒരു സത്യം സംക്ഷിപ്തമായി അവതരിപ്പിക്കുക മാത്രമായിരുന്നു അവരുടെ ഉദ്ദേശ്യം. സമൂർത്ത യാഥാർത്ഥ്യങ്ങളിൽനിന്നും വ്യക്തിബന്ധങ്ങളിൽനിന്നും അടർത്തിയെടുത്ത് ഒരു ആശയമെന്ന നിലയിൽ അവതരി

പ്പിക്കുമ്പോൾ സത്യത്തിന്റെ യഥാർത്ഥമുഖം അവ്യക്തമായെന്നുവരും.

അമ്മയും കുഞ്ഞും തമ്മിലുള്ള വികാരോഷ്മളവും സജീവവുമായ ബന്ധത്തെ 'മാതൃത്വം' എന്ന പദത്തിലൂടെ അവതരിപ്പിക്കുമ്പോൾ സംഭവിക്കുന്നതു ശ്രദ്ധിക്കുക. അനുഭവിച്ചറിഞ്ഞിട്ടില്ലാത്തവർക്ക് ആ സ്നേഹബന്ധത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങാൻ കഴിയില്ല. പുറമെനിന്നു നിരീക്ഷിക്കുമ്പോൾ ചില കാര്യങ്ങളെല്ലാം ഗ്രഹിക്കാൻ കഴിഞ്ഞെന്നുവരും. നിരീക്ഷണങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ മാതൃത്വത്തെ സംബന്ധിക്കുന്ന തത്വങ്ങൾ സത്യങ്ങളായി അവതരിപ്പിക്കാൻ സാധിക്കും. പക്ഷേ ഈ തത്വസംഹിതയിൽനിന്ന് എത്രയോ വ്യത്യസ്തമാണ് അമ്മയുടെയും കുഞ്ഞിന്റെയും അനുഭവങ്ങൾ. ദൈവത്തെ സംബന്ധിച്ച് "ത്രിത്വം" എന്ന പദം ഉപയോഗിക്കുമ്പോഴും ഏതാണ്ട് ഇതുതന്നെയാണു സംഭവിക്കുക. സജീവമായ അനുഭവങ്ങളുടെ തലത്തിൽനിന്ന് വിചിന്തനത്തിന്റെയും വിശകലനത്തിന്റെയും തലത്തിലേക്കു കടക്കുമ്പോൾ കൈമോശം വരുന്നതു ജീവനാണ്, അവശേഷിക്കുന്നതു നിർജ്ജീവമായൊരു നിർവ്വചനം. നിർവ്വചനത്തിന്റെ പിന്നിലെ അനുഭവത്തിലേക്ക് എത്തിയെങ്കിലേ ജീവദായകമായ സത്യം വെളിപ്പെടുകയുള്ളു. അതിനാൽ 'ത്രിത്വം' എന്ന പദത്തിനല്ല, ആ പദം എന്തിലേക്കു വിരൽ ചൂണ്ടുന്നുവോ ആ യാഥാർത്ഥ്യത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടത്. 'ത്രിത്വം' എന്ന പദമല്ല യഥാർത്ഥ്യമാണ് വെളിപ്പെടുത്തപ്പെട്ട സത്യം.

## 4. വെളിപ്പെടുത്തപ്പെട്ട സത്യം

മാറ്റത്തിനു വിധേയവും ആരംഭമുള്ളതും നശ്വരവുമായ ഈ പ്രപഞ്ചത്തിന്റെ ആദികാരണമായി എന്തെങ്കിലും ഒന്ന് ഉണ്ടായിരിക്കണം എന്ന് ബുദ്ധി ഉപയോഗിച്ചു കണ്ടുപിടിക്കാൻ മനുഷ്യനു കഴിയും. "ആദിപരാശക്തി" എന്നും "ചലനമില്ലാത്ത ചാലകൻ" എന്നും "ദൈവം" എന്നും ഒക്കെ ഈ ആദികാരണത്തെ വിളിക്കുന്നു. ദൈവം ഉണ്ടെന്ന് യുക്തിവിചാരത്തിലൂടെ കണ്ടെത്താൻ കഴിയുമെങ്കിലും ദൈവം ആരെന്നു മനുഷ്യബുദ്ധിക്കു കണ്ടുപിടിക്കാൻ സാധിക്കുകയില്ല. പ്രപഞ്ചത്തിൽ കാണുന്ന ശക്തിയും സൗന്ദര്യവും ജ്ഞാനവും ജീവനും ദൈവത്തിന്റെ പ്രതിഫലനങ്ങളായി കണ്ട് മനുഷ്യൻ ദൈവത്തെ ഓരോ പേരുകളിൽ വിളിച്ചു; ഓരോ പ്രതീകങ്ങളിലൂടെ ആരാധിച്ചു. ശക്തമായ കൊടുങ്കാറ്റിന്റെ മുമ്പിൽ മുട്ടുമടക്കിയ മനുഷ്യൻ കാറ്റിനെ ദൈവമായി കണ്ടു. മനുഷ്യനു ചൂടു നല്കുകയും എന്നാൽ എല്ലാം ചുട്ടെരിക്കുകയും ചെയ്യുന്ന അഗ്നിയെയും ദൈവമായി അവൻ കരുതി. മഴയും കടലും മരവും പുഴയും എല്ലാം മനുഷ്യന്റെ ഭാവനയിൽ ദൈവങ്ങ

ളായി. ആകാശത്തിലേക്കുനോക്കി വിസ്മയഭരിതനായ അവൻ സൂര്യനെയും ചന്ദ്രനെയും നക്ഷത്രവ്യൂഹങ്ങളെയും ദൈവങ്ങളായി ആരാധിച്ചു. അവയുടെ എല്ലാം പ്രതിമകളുണ്ടാക്കി തന്റെ വിധേയത്വം ഏറ്റുപറയുകയും ആവശ്യങ്ങൾ അറിയിക്കുകയും ചെയ്തു. എന്നാൽ ഇവയുടെയെല്ലാം കാരണവും ഉറവിടവുമായ ദൈവം അദൃശ്യനും അഗ്രാഹ്യനും അപരിമേയനും ആയി നിലകൊള്ളുന്നു. ദൈവം എന്ന അജ്ഞേയരഹസ്യത്തിനു മുമ്പിൽ ‘നേതി’, ‘നേതി’ (ഇതല്ല, ഇതല്ല) എന്നു പറയാനേ മനുഷ്യനു കഴിയൂ. കാണുന്നതും കേൾക്കുന്നതും അറിയുന്നതും ഒന്നും ദൈവമല്ല; ദൈവത്തിലേക്കു വിരൽചൂണ്ടുന്ന യാഥാർത്ഥ്യങ്ങൾ മാത്രം.

രഹസ്യത്തിന്റെ മറനീക്കി ദൈവം സ്വയം വെളിപ്പെടുത്തിയെങ്കിൽ മാത്രമേ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് മനുഷ്യന് എന്തെങ്കിലും ഗ്രഹിക്കാൻ കഴിയൂ. പ്രകാശമുണ്ടെങ്കിലേ നമുക്ക് കാണാൻ കഴിയൂ. എന്നാൽ പ്രകാശം ഒരു പരിധിയിൽ അധികമായാൽ നമ്മുടെ കണ്ണുകൾ അന്ധമായിത്തീരും. നട്ടുച്ചയ്ക്ക് സൂര്യനെ നോക്കിയാൽ താല്ക്കാലികമായെങ്കിലും നമുക്ക് അനുഭവപ്പെടുന്നത് ഇരുട്ടാണ്. ആയിരം സൂര്യന്മാരുടെ പ്രകാശം ഒരുമിച്ചു നമ്മുടെ നഗ്നനേത്രങ്ങളിലേക്കു കടന്നുവന്നാലോ? അനുഭവം പൂർണ്ണമായ അന്ധതയായിരിക്കും. കണ്ണുകൾക്കു സ്വീകരിക്കാൻ കഴിയുന്ന പരിധിക്കപ്പുറത്തുള്ള പ്രകാശം ഇരുട്ടായി അനുഭവപ്പെടും. അപ്പോൾ ഇരുട്ടും വെളിച്ചവും തമ്മിൽ വ്യത്യാസമില്ല എന്നുതോന്നും. ദൈവികവെളിപാടിനെ സംബന്ധിച്ചും ഏതാണ്ട് ഇതുപോലെയാണ്. തന്റെ സ്വഭാവത്തെയും ആന്തരികജീവനെയും സംബന്ധിച്ച മഹാരഹസ്യം സ്വീകരിക്കാൻ പ്രാപ്തരാകുന്നതിനുവേണ്ടി ദൈവം മനുഷ്യരെ ചരിത്രത്തിലൂടെ സാവധാനം ഒരുക്കി. ഓരോ കാലഘട്ടത്തിലും ജീവിച്ചിരുന്ന മനുഷ്യനു ഗ്രഹിക്കാൻ കഴിയുന്ന വിധത്തിലാണ് ദൈവം സ്വയം വെളിപ്പെടുത്തിയത്. എല്ലാ മതങ്ങളിലും ദൈവിക വെളിപാടിന്റെ അംശങ്ങൾ കാണാം. എന്നാൽ അവയെല്ലാം ദൈവത്തെ ഭാഗികമായി മാത്രമേ വെളിപ്പെടുത്തുന്നുള്ളു.

ദൈവം പ്രത്യേകവിധത്തിൽ സ്വയം വെളിപ്പെടുത്തിയതിന്റെ ചരിത്രം ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ് ബൈബിൾ. മനുഷ്യനു ഗ്രഹിക്കാൻ കഴിയുന്ന വിധത്തിൽ മനുഷ്യനോടു സംസാരിക്കുന്ന ദൈവത്തിന്റെ വചനമാണത് എന്നു നാം കണ്ടുകഴിഞ്ഞു. ഈ വെളിപ്പെടുത്തലിന്റെ പൂർണ്ണത യേശുക്രിസ്തുവിലാണു സംഭവിച്ചത്. പ്രവൃത്തികളിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവം തന്റെ അന്തഃസത്ത തുറന്നുകാട്ടുകയായിരുന്നു യേശുക്രിസ്തുവിൽ. യേശുവിലൂടെ ലഭിച്ച ദൈവാവിഷ്ക്കരണം കൂടാതെ നാം ഒരിക്കലും

ത്രിയേക ദൈവത്തെക്കുറിച്ച് അറിയുമായിരുന്നില്ല. പരിശുദ്ധത്രിത്വം എന്നോ ത്രിയേക ദൈവം എന്നോ ദൈവത്തെക്കുറിച്ച് യേശു ഒരിക്കലും പറഞ്ഞിട്ടില്ല. അവന്റെ വാക്കുകളിലും പ്രവൃത്തികളിലും നിന്ന് ശിഷ്യസമൂഹം എത്തിച്ചേർന്ന നിഗമനമാണ് ത്രിയേകദൈവം എന്ന സത്യം.

പുതിയ നിയമത്തിലുടനീളം ഈ സത്യത്തിന്റെ ആവിഷ്കരണം കാണാം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു ദൈവിക ആളുകളായിട്ടാണ് പുതിയനിയമം ദൈവത്തെക്കുറിച്ചു പറയുന്നത്. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28,20) എന്നു ശിഷ്യന്മാരോട് ആജ്ഞാപിക്കുന്ന ഉത്ഥിതനായ യേശുവിന്റെ വാക്കുകൾ ഈ സത്യത്തിന്റെ ആവിഷ്കരണമാണ്. കോറിന്തോസിലെ സഭയ്ക്കു വി.പൗലോസ് നല്കുന്ന ആശീർവ്വാദത്തിൽ ഈ സത്യത്തെ ഏറ്റുപറയുന്നതായി കാണാം: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ" (2 കോറി 13,14). ജോർദ്ദാനിലെ മാമ്മോദീസായുടെ അവസരത്തിൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ സ്വരം യേശുവിനെ പുത്രനായി ഏറ്റുപറയുകയും ചെയ്തപ്പോൾ (മത്താ 3,16-17) ത്രിത്വത്തിലെ മൂന്നാളുകളും ഒരുമിച്ചു വെളിപ്പെടുത്തപ്പെട്ടു. യേശുവിന്റെ പ്രാർത്ഥനയിലും (ലൂക്കാ 10,21) അന്ത്യത്താഴവേളയിലും (യോഹ 14,16.26; 16,15) ഈ സത്യം വെളിപ്പെടുത്തപ്പെടുന്നുണ്ട്. 1 കോറി 12,4-5; എഫേ 4,4-6; 1 പത്രോ1,2 എന്നീ വാക്യങ്ങളിലും ത്രിയേക ദൈവത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ കാണാം.

# 2 പഴയനിയമത്തിൽ

പരിശുദ്ധത്രിത്വം എന്ന രഹസ്യം ഭാഗികമായി മാത്രമേ പഴയനിയമത്തിൽ വെളിപ്പെടുത്തപ്പെടുന്നുള്ളൂ. ദൈവം ഏകനാണ് എന്ന സത്യം ഏറ്റം ശക്തമായും വ്യക്തമായും പഴയനിയമഗ്രന്ഥങ്ങൾ ഏറ്റുപറയുന്നു. എന്നാൽ ദൈവത്തിന്റെ ആന്തരിക സ്വഭാവത്തിലേക്കോ ദൈവത്തിലെ മൂന്നാളുകളിലേക്കോ പഴയനിയമം വ്യക്തമായ ഉൾക്കാഴ്ചകളൊന്നും തന്നെ നല്കുന്നില്ല. എന്നാലും പുതിയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ട ഈ സത്യത്തിന്റെ ചില സൂചനകൾ പഴയനിയമത്തിന്റെ പല ഭാഗങ്ങളിലും കാണാം. പുതിയനിയമത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഈ സൂചനകളുടെ അർത്ഥം ഗ്രഹിക്കാനാവൂ.

## A ഏകദൈവം

ദൈവം ഒരുവൻ മാത്രമേയുള്ളു എന്നത് പഴയനിയമത്തിന്റെ അടിസ്ഥാന വിശ്വാസമാണ്. ഉടമ്പടിയുടെ പ്രമാണങ്ങളും പ്രവാചകന്മാരുടെ പ്രഘോഷണങ്ങളും തിരുനാളാഘോഷങ്ങളും വിഗ്രഹാരാധനയ്ക്കെതിരേയുള്ള കർശനമായ താക്കീതുകളുംവഴി ഈ സത്യം ഊന്നിപ്പറയുന്നു. പഴയനിയമത്തിന്റെ അടിത്തറയായ ഏകദൈവവിശ്വാസം ഏറ്റം സ്പഷ്ടമാക്കുന്നതും ഇസ്രായേൽ ജനത്തെ ഇതരജനതകളിൽനിന്നു വേറിട്ടു കാണിക്കുന്നതും യാഹ്വേയിലുള്ള വിശ്വാസമാണ്.

1. **ഏകദൈവം – യാഹ്വേ:** "ഇസ്രായേലേ കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്" (നിയ 6,4). ഇസ്രായേൽ ജനത്തിന്റെ അടിസ്ഥാന വിശ്വാസമാണിത്. മേലുദ്ധരിച്ച വാക്യത്തിന്റെ അർത്ഥം വ്യക്തമാകണമെങ്കിൽ വിവർത്തനം ഇപ്രകാരമായിരിക്കണം:

'ഇസ്രായേലേ ഓർമ്മിക്കുക: യാഹ്വേ ആണ് നമ്മുടെ ദൈവം. യാഹ്വെ മാത്രമാണ് ദൈവം".

ദൈവം ഒരുവനേയുള്ളു എന്നും അവന്റെ നാമം യാഹ്വേ എന്നാണെന്നും ഏറ്റം സ്പഷ്ടമായി ഏറ്റുപറയുന്ന ഒരു വാക്യമാണിത്. "ഞാനാണ് നിന്റെ ദൈവമായ കർത്താവ്, ഞാനാണ് അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നത്. ഞാനല്ലാതെ മറ്റു ദൈവങ്ങൾ നിനക്കുണ്ടാകരുത്" (നിയ 5,6–7).ഏകദൈവവി ശ്വാസത്തെ ജനഹൃ

ദയങ്ങളിൽ ആഴമായി ഉറപ്പിക്കുന്നതാണ് പത്തുപ്രമാണങ്ങളിൽ ആദ്യത്തേതായ ഈ പ്രമാണം. വിഗ്രഹാരാധനയെ വിലക്കുന്ന ഈ പ്രമാണത്തിന്റെ രണ്ടാം ഭാഗം ഇതിനെ കൂടുതൽ ഉറപ്പിക്കുന്നു.

ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും സർവ്വത്ര നിലനിന്ന ഒരു സാഹചര്യത്തിലാണ് ദൈവം ഏകസത്യദൈവമായി സ്വയം വെളിപ്പെടുത്തിയത്. വിഗ്രഹാരാധനയ്ക്കെതിരേ പ്രവാചകന്മാർ നിരന്തരം പടപൊരുതിയത് ഈ വിശ്വാസത്തിന്റെ തനിമയെ കാത്തുസൂക്ഷിക്കാനായിരുന്നു. ഈ ദൈവം ഒരു ശക്തിയല്ല, വ്യക്തിയാണ്; സ്വതന്ത്രമായ ഇച്ഛാശക്തിയും പ്രവർത്തനവുമുള്ള വ്യക്തി.

**2. ദൈവത്തിനു പല പേരുകൾ:** യാഹ്‌വേ എന്ന നാമം വെളിപ്പെടുത്തുന്നതിനു മുമ്പ് ദൈവം വേറെ പേരുകളിൽ സ്വയം വെളിപ്പെടുത്തിയിരുന്നു. ആ പേരുകളിൽ പലതും “യാഹ്‌വേ” എന്ന നാമം വെളിപ്പെടുത്തിയതിനുശേഷവും ഉപയോഗിച്ചിരുന്നു. ***ഏൽ*** = ദൈവം (സങ്കീ 104,20); ***ഏലി*** = എന്റെ ദൈവം (സങ്കീ 22,1). ബൈബിളിലെ പല വ്യക്തികളുടെയും പേര് ‘ഏൽ” എന്ന പേരുമായി ബന്ധപ്പെട്ടതാണ്. ഉദാ: ഇസ്രായേൽ, ദാനിയേൽ, എസെക്കിയേൽ. *ഏൽഷദ്ദായ്* = സർവ്വശക്തനായ ദൈവം (ഉൽപ 49,25; സംഖ്യ. 24,4) *ഏൽ ഏലിയോൺ* = അത്യുന്നതനായ ദൈവം (2സാമു 22,14; സങ്കീ 7,17) *ഏൽഓലാം* = നിത്യനായ ദൈവം (ഏശ 40,28) പാറ (ഏശ 30,29). രാജാവ് (ന്യായാ 8,23); ഇടയൻ (സങ്കീ 23,1); വിധിയാളൻ (ഉൽപ 18,25); ജീവിക്കുന്ന ദൈവം (ജറെ 10,10); ആദിയും അന്തവും (ഏശ 44,6); പുരാതനനായവൻ (ദാനി 7,9); പരിശുദ്ധൻ (ഹോസി. 11,9).

ഈ പേരുകൾക്കു പുറമെ ദൈവത്തെ സൂചിപ്പിക്കാനായി അത്യുന്നതൻ, സ്വർഗ്ഗസ്ഥൻ, മഹത്വം, ശക്തി എന്നൊക്കെ യഹൂദർ പറഞ്ഞിരുന്നു. ദൈവത്തോടുള്ള ആദരവുമൂലം ഏതെങ്കിലും ഒരു പേര് ഉപയോഗിക്കാനുള്ള വൈമനസ്യമാണ് ഇപ്രകാരമുള്ള പ്രയോഗങ്ങൾക്കു കാരണം. (YHWH) എന്ന നാലക്ഷരങ്ങൾ കാണുമ്പോൾ ബഹുമാനം മൂലം “*അദോനായ്*” എന്ന് അവർ വായിച്ചിരുന്നു. ‘‘എന്റെ കർത്താവ്’’ എന്നാണ് ഇതിനർത്ഥം. ഹെബ്രായ ഭാഷയിൽ വ്യഞ്ജനങ്ങൾ മാത്രമേ എഴുതാറുള്ളു. സ്വരങ്ങൾ ചേർത്തുവായിക്കണം. മേലെഴുതിയ നാലു വ്യഞ്ജനങ്ങൾക്ക് അദോനായ് എന്ന പദത്തിന്റെ അ-ഓ-അ എന്ന സ്വരങ്ങൾ നല്കിയതിനാലാണ് ‘‘യാഹോവ’’ എന്ന ഉച്ചാരണം ഉണ്ടായത്. എന്നാൽ ഈ പേര് “യാഹ്‌വേ”എന്നുച്ചരിക്കണം എന്നാണ് ബൈബിൾ പണ്ഡിതന്മാർ കരുതുന്നത്. പേരുകളുടെ ഈ വൈവിധ്യത്തിൽനിന്ന് വ്യക്തമാകുന്ന ഒരു കാര്യ

മുണ്ട്. "യാഹ്‌വേ" എന്നതു മാത്രമായിരുന്നില്ല ദൈവത്തിന്റെ പേര്. ദൈവത്തിന്റെ ഒരു പ്രത്യേകത എടുത്തുകാട്ടാൻ ഉപയോഗിക്കപ്പെട്ടതാണ് "യാഹ്‌വേ" എന്ന നാമം.

3. **ദൈവം വിമോചകൻ:** യാഹ്‌വേ എന്ന പേരിന്റെ അർത്ഥത്തെക്കുറിച്ച് ഇന്നും വിവാദങ്ങൾ നിലനില്ക്കുന്നു. "ആയിരിക്കുന്നവൻ", "തന്നാൽ താനായിരിക്കുന്നവൻ", "സ്വയംഭൂ ആയവൻ" എന്നൊക്കെ പലരും പലവിധത്തിൽ ഇതിനെ വ്യാഖ്യാനിക്കാറുണ്ട്. ഇതെല്ലാംതന്നെ ഏതെങ്കിലും ഒരു തത്വശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ നിന്നുള്ള വ്യാഖ്യാനമാണ്. എന്നാൽ പേരിന്റെ അർത്ഥം അതു വെളിപ്പെടുത്തപ്പെടുന്ന സാഹചര്യത്തിൽ നിന്നാണ് മനസ്സിലാക്കേണ്ടത്.

"ഈജിപ്തുകാർ അടിമകളാക്കിയിരിക്കുന്ന ഇസ്രായേൽ മക്കളുടെ ദീനരോദനം ഞാൻ കേട്ടു. എന്റെ ഉടമ്പടി ഞാൻ ഓർമ്മിക്കുകയും ചെയ്തു. ആകയാൽ ഇസ്രായേൽ മക്കളോടു പറയുക; ഞാൻ യാഹ്‌വേ ആകുന്നു. ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി നിങ്ങളെ ഞാൻ മോചിപ്പിക്കും" (പുറ 6,5-6). ഇതൊരു ശപഥം പോലെയാണ്. "ഞാൻ കർത്താവാണേ, നിങ്ങളെ ഞാൻ മോചിപ്പിക്കും" എന്നാണ് ഇതിന്റെ അർത്ഥം. ദൈവത്തെക്കൊണ്ടാണ് മനുഷ്യൻ ഒരു സത്യം ആണയിട്ടുറപ്പിക്കുന്നത്. ദൈവത്തിനു തന്നെക്കാൾ വലിയവനെ സാക്ഷിനിർത്തി ശപഥം ചെയ്യാനാവില്ല. ദൈവം തന്റെ ദൈവത്വത്തെ സാക്ഷിനിർത്തി ഇവിടെ ശപഥം ചെയ്യുന്നു. അതിനുവേണ്ടിയാണ് "യാഹ്‌വേ" എന്ന പേരു വെളിപ്പെടുത്തുന്നത്. ദൈവം യാഹ്‌വേ ആണെന്നു തെളിയുന്നത് ഇസ്രായേലിന്റെ മോചനത്തിലൂടെയാണ്. ഇസ്രായേൽ ജനത്തിനു ദൈവം സ്വയം വെളിപ്പെടുത്തിയതും ഇസ്രായേൽ തങ്ങളുടെ ദൈവത്തെ അടുത്തറിഞ്ഞതും ഈജിപ്തിൽനിന്നുള്ള വിമോചനത്തിലൂടെ ആയിരുന്നു. പുറപ്പാടുസംഭവത്തിൽ നടന്ന വിമോചനം പില്ക്കാലത്തെ എല്ലാ വിമോചനങ്ങൾക്കും മാതൃകയും അടിസ്ഥാനവുമായി. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽ ജനത്തോട് എസെക്കിയേൽ പ്രവാചകൻവഴി ദൈവം അരുളിച്ചെയ്തു. "ഞാൻ അവരുടെ നുകം തകർക്കുകയും അടിമപ്പെടുത്തിയവരുടെ കരങ്ങളിൽനിന്ന് അവരെ മോചിപ്പിക്കുകയും ചെയ്യുമ്പോൾ ഞാനാണ് യാഹ്‌വേ എന്ന് അവർ അറിയും" (എസെ 34,27).

ഇതിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. "യാഹ്‌വേ" എന്ന നാമത്തിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നത് മർദ്ദിതർക്കു മോചനം നല്കുന്നവനാണ് താൻ എന്നു പഠിപ്പിക്കാൻ വേണ്ടിയാണ്. ഏകദൈവത്തിലുള്ള

വിശ്വാസം മാത്രമല്ല, ''വിമോചകൻ' എന്ന അവിടുത്തെ സ്വഭാവവും ഈ പേരിലൂടെ വെളിപ്പെടുത്തപ്പെടുന്നു. വിമോചകനായി ദൈവം ചരിത്രത്തിൽ ഇടപെടുന്നതിന്റെ നിർണ്ണായകമായ തുടക്കമായി ഇതിനെ ബൈബിൾ കാണുന്നു. പാപത്തിന്റെയും അതിന്റെ ഫലമായുണ്ടായ മരണത്തിന്റെയും അടിമത്തത്തിൽനിന്നു മോചിപ്പിക്കുപ്പെടുമ്പോൾ മാത്രമേ മനുഷ്യന്റെ വിമോചനം പൂർത്തിയാവുകയുള്ളൂ. യേശുക്രിസ്തുവിലാണ് പൂർണ്ണമായ മോചനം ദൈവം നല്കുന്നത്. അത് പുതിയൊരു വെളിപ്പെടുത്തലിന്റെ മുഹൂർത്തമാണ്. അതുവരെ, പഴയനിയമത്തിൽ, ദൈവം യാഹ്‌വേ എന്ന പേരിൽ അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യും.

ദൈവത്തെക്കുറിച്ചുള്ള തത്വശാസ്ത്രപരമായ ഒരു നിർവ്വചനമല്ല, ചരിത്രത്തിലിടപെടുന്ന ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു പേരാണ് "യാഹ്‌വേ". അതിനാൽ പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നവൻ എന്നു പറയുകയായിരിക്കും ഈ പേരിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്നത്. ചരിത്രത്തിന്റെ നിർണ്ണായകമായ ഒരു ഘട്ടത്തിൽ ദൈവം നല്കിയ വെളിപാടു സ്വീകരിക്കുന്നതോടൊപ്പം പുതിയ വെളിപാടിനു വേദി തുറന്നിടുകയും ചെയ്യുന്നതാണ് ഈ പേര്.

ദൈവത്തോടൊന്നിച്ചുള്ള യാത്രയിലൂടെയാണ് ഇസ്രായേൽജനം അവനെ കൂടുതൽ കൂടുതലായി അടുത്തറിഞ്ഞത്. അവൻ തങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന വലിയ കാര്യങ്ങളിലൂടെ ആയിരുന്നു ഈ അടുത്തറിയൽ സംഭവിച്ചത്. പ്രവാചകന്മാർ ഈ അറിവിനെ വ്യാഖ്യാനിക്കുന്നു: സങ്കീർത്തനങ്ങൾ ഈ അറിവിനെ പ്രാർത്ഥനകളിലൂടെ ഏറ്റുപറയുന്നു. പഴയനിയമത്തിൽ പൂർത്തിയാവുന്നതല്ല ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ. അതു പുതിയനിയമത്തിനു കളം ഒരുക്കുകയാണു ചെയ്യുന്നത്. അതിനാൽ പഴയനിയമത്തിൽ "ദൈവം ഏകനാണ്" എന്ന സത്യം അരക്കിട്ട് ഉറപ്പിക്കപ്പെടുമ്പോഴും ദൈവത്തെ സംബന്ധിച്ച സത്യം പൂർണ്ണമായി വെളിപ്പെടുത്തപ്പെട്ടു എന്നു കരുതാനാവില്ല.

## B ഏകദൈവത്തിൽ ബഹുത്വം

ദൈവം ഒരുവനേയുള്ളു എന്ന് ഏറ്റുപറയുമ്പോൾത്തന്നെ ദൈവത്തിൽ ബഹുത്വം സൂചിപ്പിക്കുന്ന ചില പദങ്ങളും സംഭവങ്ങളും പ്രയോഗങ്ങളും പഴയനിയമത്തിൽ കാണാം.

1. **ഏലോഹിം:** 'ഏലോഹ' എന്ന പദത്തിന്റെ ബഹുവചനമാണിത്. ദൈവങ്ങൾ എന്നാണ് അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യേണ്ടത്.

എന്നാൽ ആരും അങ്ങനെ ചെയ്യാറില്ല. കാരണം ദൈവം ഒരുവനേയുള്ളു എന്നതുതന്നെ. നമുക്കു പരിചിതമായ പൂജകബഹുവചനവുമല്ല ഇത്. ദൈവത്വത്തിന്റെ പൂർണ്ണതയെ സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിക്കുക. പ്രത്യക്ഷത്തിൽ ദൈവത്തിന്റെ ഏകത്വം ഏറ്റുപറയുന്നുണ്ടെങ്കിലും ദൈവത്തിന്റെ പൂർണ്ണതയിൽ ബഹുത്വം ഒളിഞ്ഞിരിക്കുന്നു എന്ന ഒരു സൂചന ഇവിടെ കാണാവുന്നതാണ്.

**2. നാം - നമ്മുടെ:** "ഏലോഹിം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം" (ഉൽപ 1,26). ഇവിടെ ദൈവം മറ്റാരോടെങ്കിലും ആലോചിക്കുകയല്ല, തന്നോടുതന്നെ ആലോചിച്ച് മനുഷ്യനെ സൃഷ്ടിക്കാൻ തീരുമാനിക്കുകയാണു ചെയ്യുന്നത്. പല വ്യക്തികളെക്കുറിച്ചു പറയുന്നില്ലെങ്കിലും ആ ദിശയിലുള്ള സൂചന ഇവിടെയും കാണാം.

**3. മൂന്നാളുകൾ:** "അബ്രാഹം തല ഉയർത്തി നോക്കിയപ്പോൾ മൂന്നാളുകൾ തനിക്കെതിരേ നില്ക്കുന്നതു കണ്ടു....... അബ്രാഹത്തോടു സംസാരിച്ചു കഴിഞ്ഞപ്പോൾ കർത്താവ് അവിടെ നിന്നുപോയി" (ഉൽപ 18,1-33). സോദോമിന്റെ നാശവുമായി ബന്ധപ്പെട്ട ഈ സംഭവത്തിൽ മൂന്നാളുകളായി പ്രത്യക്ഷപ്പെട്ടത് ദൈവം തന്നെ ആയിരുന്നു എന്ന് സംഭാഷണത്തിലൂടെ വ്യക്തമാകുന്നു. ഒരു ദൈവത്തിൽ മൂന്നാളുകൾ എന്ന സത്യം പൂർണ്ണമായി ഇവിടെ വെളിപ്പെടുന്നതായി ആരും കരുതുന്നില്ല. എന്നാലും എന്തേ ദൈവം ആദ്യം മൂന്നാളുകളായി പ്രത്യക്ഷപ്പെടുകയും പിന്നീട് ഒരുവനായി കാണപ്പെടുകയും ചെയ്തു എന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരമില്ല. ത്രിത്വത്തിന്റെ ഒരു സൂചനയല്ലേ ഇവിടെ കാണുക?

**4. എന്റെ കർത്താവ്:** "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക" (സങ്കീ 110,1). ഇവിടെ കർത്താവ് എന്നു വിവർത്തനം ചെയ്യുന്നത് രണ്ടു പേരുകളാണ്. ആദ്യത്തേത് 'യാഹ്‌വേ', രണ്ടാമത്തേത് '***അദോൻ***' (എന്റെ എന്നർത്ഥമുള്ള "ഇ" പ്രത്യയം കൂട്ടിച്ചേർത്ത് ***"അദോനി"***). രാജാവിന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട ഒരു സങ്കീർത്തനമാണിത്. പ്രത്യക്ഷത്തിൽ "അദോനി" എന്ന പദം രാജാവിനെയാണു സൂചിപ്പിക്കുക. എന്നാൽ ഫരിസേയരുമായുള്ള വിവാദത്തിൽ യേശു ഈ വാക്യം ഉപയോഗിക്കുകയും എതിരാളികൾക്കു മറുപടി പറയാൻ കഴിയാതെ പോവുകയും ചെയ്തു എന്നതു ശ്രദ്ധേയമാണ് (മർക്കോ 12,35-37). യേശുവിന്റെ കാലത്തെ യഹൂദർ 'അദോനി' എന്ന പ്രയോഗത്തിന് ഒരു മാനു

ഷിക രാജാവ് എന്നതിലുപരി അർത്ഥം കല്പിച്ചിരുന്നു എന്ന് ഊഹിക്കുന്ന തിൽ തെറ്റില്ല. പക്ഷേ, എന്താണ് ഈ പ്രത്യേകത എന്നത് അവർക്കു വ്യക്ത മായിരുന്നില്ല.

**5. ശിശു – പുത്രൻ – ശക്തനായ ദൈവം:** "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമധാനത്തിന്റെ രാജാവ് എന്ന് അവൻ വിളി ക്കപ്പെടും" (ഏശ 9,6). വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള ഒരു പ്രവച നമായി ഇതിനെ എല്ലാവരും പരിഗണിച്ചിരുന്നു. എന്നാൽ ആരാണ് ഇയാൾ? "ഏൽ" എന്ന ദൈവത്തിന്റെ പേരു തന്നെ ഇയാൾക്കു നല്കുന്നെങ്കിൽ ഇതു വെറും ഒരു മനുഷ്യൻ മാത്രമോ? അതേസമയം ദൈവം ഒരുവനേയുള്ളു, അവൻ യാഹ്വേ ആകുന്നുവെങ്കിൽ പിന്നെ ഈ ശിശുവിനെ എന്തുകൊണ്ട് ദൈവം എന്നു വിളിക്കുന്നു? തന്നെയുമല്ല, ഈ ശിശുവിനു നല്കപ്പെടുന്ന വിശേഷണങ്ങളെല്ലാം ദൈവത്തിനു നല്കപ്പെടുന്നവയാണുതാനും. അവ്യ ക്തമായ എന്തോ ഒന്ന് ഈ പ്രവചനത്തിന്റെ പിന്നിൽ നില്ക്കുന്നതായി കാണാം.

**6. മനുഷ്യപുത്രൻ:** "നിശാദർശനത്തിൽ ഞാൻ കണ്ടു, ഇതാ, വാന മേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു........ ആധി പത്യവും മഹത്വവും രാജത്വവും അവനുനല്കി. അവന്റെ രാജത്വം അന ശ്വരമാണ്" (ദാനി 7,13). അന്തിയോക്കസ് നാലാമന്റെ മതമർദ്ദനത്തിൽ വിശ്വാസം കാത്തു സൂക്ഷിക്കാൻവേണ്ടി ജീവൻ ത്യജിക്കുന്ന ദൈവത്തിന്റെ വിശുദ്ധജനമാണ് "മനുഷ്യപുത്രൻ" എന്ന പ്രതീകത്തിലൂടെ അവതരിപ്പി ക്കപ്പെടുന്നതെന്നു ദാനിയേൽ തന്നെ വിശദീകരിക്കുന്നുണ്ട് (ദാനി 7,27). പക്ഷേ, ഇവിടെയും പ്രവചനത്തിന്റെ അർത്ഥം പൂർണ്ണമായി വെളിവാക്ക പ്പെടുന്നില്ല.

മേഘം ബൈബിളിൽ ദൈവസാന്നിധ്യത്തിന്റെ സൂചനയാണ്. മേഘ ങ്ങളിൽ വരുന്നവൻ ദൈവമാണ്. "അങ്ങ് വാനമേഘങ്ങളെ രഥമാക്കി കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നു (സങ്കീ 104,3). "മേഘങ്ങളും കൂരി രുട്ടും അവനു ചുറ്റും ഉണ്ട്" (സങ്കീ 97,2); "മേഘങ്ങളിൽ സഞ്ചരിക്കുന്ന വന് സ്തോത്രഗീതം ആലപിക്കുവിൻ" (സങ്കീ 68,4). ദുഷ്ടരെ നിഗ്രഹിച്ച് നീതി നടപ്പാക്കാൻ വരുന്ന ദൈവം വാനമേഘങ്ങളിലാണു വരുക. (സങ്കീ 18,9-12). അപ്പോൾ വാനമേഘങ്ങളിൽ വരുന്നവൻ വെറും മനുഷ്യൻ മാത്രമോ? അതേസമയം "പുരാതനനായവൻ" (ദൈവം) ഉപവിഷ്ടനായിരി

ക്കുന്നിടത്തേക്കാണ് "മനുഷ്യപുത്രൻ" ആനയിക്കപ്പെടുന്നത്. മനുഷ്യപുത്രനും ദൈവമോ? ഉത്തരം വ്യക്തമല്ല. യേശു തന്നെക്കുറിച്ച് ഈ പ്രവചനം ഉപയോഗിച്ചപ്പോൾ പ്രധാന പുരോഹിതൻ വസ്ത്രം കീറി (മത്താ 26,64–65) എന്നതു ശ്രദ്ധേയമത്രേ. ഇതൊരു ദൈവദൂഷണമായി അയാൾ കരുതി. കാരണം ഈ പ്രവചനം വെറും ഒരു മനുഷ്യനേക്കാൾ ഉപരി മറ്റെന്തിനെയോ സൂചിപ്പിക്കുന്നതായി അയാളും സാൻഹദ്രൻ സംഘാംഗങ്ങളും വിശ്വസിച്ചിരുന്നിരിക്കണം. എന്താണത്?

**7. ദൈവവചനം:** "കർത്താവ് അരുളിച്ചെയ്തു" എന്ന് മലയാളത്തിൽ വിവർത്തനം ചെയ്യുന്ന പലതും "കർത്താവിന്റെ വചനംവന്നു" (The word of the Lord came to........) എന്നാണ് അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യേണ്ടത് (ജറെ 1,4). പ്രവാചകഗ്രന്ഥങ്ങളിൽ അനേകം തവണ ഈ പ്രയോഗം കാണാം. ദൈവനാമത്തിൽ സംസാരിക്കാനായി പ്രചോദനം ലഭിച്ചു എന്നാണ് പ്രത്യക്ഷത്തിൽ ഈ പ്രയോഗത്തിന്റെ അർത്ഥം. എന്നാൽ ഇതു മാത്രമാണോ ഈ പ്രയോഗം സൂചിപ്പിക്കുക? ദൈവത്തിൽ നിന്നും വ്യതിരിക്തമായ ഒരു വചനത്തെക്കുറിച്ച് സംശയാതീതമായ പരാമർശങ്ങളൊന്നും പഴയനിയമത്തിലില്ല. എന്നാലും, "മഴയും മഞ്ഞും ആകാശത്തുനിന്നുവരുന്നു. അങ്ങോട്ടു മടങ്ങാതെ അതു ഭൂമിയെ നനയ്ക്കുന്നു...... എന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വചനവും അങ്ങനെ തന്നെ. ഫലരഹിതമായി അതുതിരിച്ചുവരുന്നില്ല. എന്റെ ഉദ്ദേശ്യം അതു നിറവേറ്റും. ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും" (ഏശ 55,10–11) ഈ പ്രവചനത്തിൽ ഏതെങ്കിലും ഒരു പ്രവാചകനു ദൈവം നല്കുന്ന ആന്തരികപ്രചോദനം മാത്രമാണ് "വചനം" എന്ന വിശദീകരണം പര്യാപ്തമല്ല. ഭാഷയുടെ ആലങ്കാരികത അംഗീകരിച്ചുകൊണ്ടുതന്നെ, വചനത്തിനു ദൈവം നല്കുന്ന പ്രചോദനം എന്നതിലുപരി അർത്ഥം കല്പിച്ചേ മതിയാവൂ. "ഒരുവ്യക്തി" എന്ന അർത്ഥം സ്പഷ്ടമല്ലെങ്കിലും സൂചന ആ ദിശയിലേക്കാണെന്നു കാണാം.

**8. ജ്ഞാനം:** പ്രവാചകന്മാർ വചനത്തിനു നല്കിയ സ്ഥാനമാണ് പ്രവാചകന്മാരുടെ കാലത്തിനുശേഷം ഇസ്രായേലിൽ "ജ്ഞാന"ത്തിനു നല്കപ്പെട്ടത്. മനുഷ്യബുദ്ധിക്കു ദൈവം നല്കുന്ന പ്രകാശനവും നന്മയിൽ വളരാനുള്ള പ്രചോദനവുമായിട്ടാണു സാധാരണ "ജ്ഞാനം" വിശദീകരിക്കപ്പെടുക. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ് ജ്ഞാനം എന്നു ബൈബിൾ വ്യക്തമായി പറയുന്നുമുണ്ട് (സുഭാ 8,22). എന്നാലും ജ്ഞാനത്തിന്റെ ഉത്ഭവത്തെയും പ്രവർത്തനങ്ങളെയും ദൈവവുമായുള്ള ബന്ധത്തെയും കുറിച്ചുള്ള പല പരാമർശങ്ങളും ഒരു സൃഷ്ടിയെ മാത്രമല്ല സൂചിപ്പിക്കുന്നത്.

ദൈവത്തിൽനിന്നു പുറപ്പെട്ടതും ദൈവത്തിൽനിന്നു വ്യതിരിക്തവും, എന്നാൽ ദൈവത്തോടൊന്നിച്ചു വസിക്കുന്നതുമാണ് ജ്ഞാനം. എല്ലാ സൃഷ്ടികൾക്കുംമുമ്പ് ജന്മം നല്കപ്പെട്ട ജ്ഞാനം (സുഭ 8,26) അത്യുന്നതന്റെ നാവിൽനിന്നു പുറപ്പെട്ട (പ്രഭ 24,3) ദൈശക്തിയുടെ ശ്വാസവും സർവ്വശക്തന്റെ മഹത്വത്തിന്റെ ശുദ്ധമായ പ്രസരണവുമാണ്...... നിത്യതേജസ്സിന്റെ പ്രതിഫലനമാണവൾ; ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ നിർമ്മലദർപ്പണം, അവിടുത്തെ നന്മയുടെ പ്രതിരൂപം (ജ്ഞാനം 7,25-26). ഉന്നതങ്ങളിൽ നില്ക്കുന്ന അവൾ (പ്രഭ 24,4) ദൈവത്തോടൊത്ത് (ജ്ഞാനം 8,3) അവന്റെ സിംഹാസനത്തിൽ (ജ്ഞാനം 9,4) ഉപവിഷ്ടയായിരിക്കുന്നു. ജ്ഞാനം സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയും (സുഭ 8,27-31) പ്രപഞ്ചത്തെ മുഴുവൻ ഭരിക്കുകയും (ജ്ഞാനം 8,1) ചെയ്തു. ഭൂമിയിലേക്ക് അയയ്ക്കപ്പെട്ട ജ്ഞാനം പ്രമാണത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു (പ്രഭ 24,23-34). മനുഷ്യരോടൊത്തുവസിച്ച് (സുഭ. 8,31) അവർക്കു രക്ഷ പ്രദാനം ചെയ്യുന്നു (ജ്ഞാനം 9,18). ഇപ്രകാരമുള്ള പരാമർശങ്ങൾ ജ്ഞാനത്തിന്റെ ദൈവിക സ്വഭാവം വെളിപ്പെടുത്തുന്നവയാണ്. പലപ്പോഴും ഒരു 'സ്ത്രീ' ആയിട്ടാണ് ജ്ഞാനം പ്രത്യക്ഷപ്പെടുന്നത്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പുരുഷനും സ്ത്രീയും ആയിരുന്നു (ഉൽപ. 1,27) എന്ന കാര്യം ഇവിടെ ശ്രദ്ധേയമത്രേ. പൂർണ്ണതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. തെറ്റായ വിശദീകരണങ്ങൾക്കു സാധ്യതയുണ്ടെങ്കിൽത്തന്നെ, ദൈവത്തിന്റെ ഉള്ളിൽ ഒരു ബഹുത്വം ഉണ്ട് എന്ന സൂചന ജ്ഞാനത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ കാണാം.

**9. ആത്മാവ്:** "കാറ്റ്" എന്നർത്ഥമുള്ള "*റൂവാഹ്*" എന്ന ഹെബ്രായ പദം (സുറിയാനിയിൽ ''*റൂഹാ*") പ്രത്യേകം ശ്രദ്ധേയമാണ്. ദൈവത്തിന്റെ ശക്തി ആയിട്ടാണ് ആത്മാവ് പഴയനിയമത്തിൽ അധികപങ്കും പ്രത്യക്ഷപ്പെടുക. "ശക്തി", "ചൈതന്യം" എന്നൊക്കെയാണ് പലപ്പോഴും "റൂവാഹ്" വിവർത്തനം ചെയ്യപ്പെടുന്നത് (ഉൽപ 1,2). "ആത്മാവ്" എന്ന പദത്തിന് പുതിയനിയമത്തിൽ ഉള്ള അർത്ഥത്തെ (പ. ത്രിത്വത്തിലെ ഒരു വ്യക്തി) പരിഗണിച്ചായിരിക്കും ആത്മാവ് എന്ന വിവർത്തനം ഒഴിവാക്കുന്നത്. ആത്മാവിനെ ഒരു "വ്യക്തി" എന്ന നിലയിൽ സംശയാതീതമായി പഴയനിയമം ഒരിക്കൽപോലും അതരിപ്പിക്കുന്നില്ല. പക്ഷേ, ആത്മാവിന്റെ പ്രവർത്തനങ്ങൾ പലതും ഒരു ശക്തി എന്നതിനപ്പുറത്തേക്കു വിരൽ ചൂണ്ടുന്നതായി തോന്നും. ന്യായാധിപന്മാരുടെയും പ്രവാചകന്മാരുടെയുംമേൽ വരുകയും (ന്യായാ 3,10; ഏശ 61,1) അവരിൽ നിറഞ്ഞ് (മിക്കാ. 3,8) അവരെ പ്രവർത്തനനിരതരാക്കുകയും ചെയ്യുന്ന ആത്മാവ് ദൈവത്തിന്റെ ദാനമാണ് (ഏശ 42,1).

യുഗാന്തത്തിൽ ആത്മാവ് എല്ലാവർക്കും നല്കപ്പെടും (ജോയേൽ 2,28). ന്യായാധിപന്മാർക്കു ധൈര്യവും രാജാക്കന്മാർക്കു ഭരണപാടവവും നല്കുന്നത് ദൈവത്തിന്റെ ആത്മാവാണ്.

ദൈവത്തിൽനിന്നു വ്യത്യസ്തമായൊരു ശക്തിയല്ല, ദൈവം തന്നെയാണ് ആത്മാവ് എന്നും, എന്നാൽ അതേസമയം ദൈവത്തിൽനിന്നു വ്യതിരിക്തമാണ് അതെന്നും സൂചിപ്പിക്കുന്ന ചില ബൈബിൾ ഭാഗങ്ങളുണ്ട്. "അവരുടെ കഷ്ടതകളിൽ ദൂതനെ അയച്ചല്ല, അവിടുന്നു തന്നെയാണ് അവരെ രക്ഷിച്ചത്. ......എന്നിട്ടും അവർ എതിർത്തു; അവിടുത്തെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു...... അവരുടെ മധ്യത്തിലേക്കു തന്റെ പരിശുദ്ധാത്മാവിനെ അയച്ചവൻ എവിടെ? കർത്താവിന്റെ ആത്മാവ് അവർക്കു വിശ്രമം നല്കി.....' (ഏശ 63,9-14) ഈ പരാമർശങ്ങൾപോലും പരിശുദ്ധാത്മാവിനെ പൂർണ്ണമായ അർത്ഥത്തിൽ ഒരു വ്യക്തിയായി ചിത്രീകരിക്കുന്നില്ല. എന്നാൽ, പൂർണ്ണമായ വെളിപ്പെടുത്തലിനുള്ള കളമൊരുക്കൽ ഇവിടെയും കാണാം.

**10. കർത്താവിന്റെ ദാസൻ:** ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ "ദാസഗീതികൾ" എന്നറിയപ്പെടുന്ന കീർത്തനങ്ങളിൽ (ഏശ 42,1-9; 49,1-6; 50,4-11; 52,13-53,12) പ്രത്യക്ഷപ്പെടുന്ന ദാസന്റെ ചിത്രം ശ്രദ്ധേയമാണ്. ഇസ്രായേൽ ജനത്തിന്റെ സംഘാതവ്യക്തിത്വത്തെ സൂചിപ്പിക്കാനാണ് പ്രവാചകൻ ഈ ചിത്രം വരയ്ക്കുന്നതെന്നു കരുതുന്നവരുണ്ട്. പ്രത്യക്ഷത്തിൽ അതു ശരിയാണുതാനും. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രവചനമായിട്ടാണ് പുതിയനിയമം ഈ ഭാഗങ്ങളെ കാണുന്നത് (മത്താ 12,18-21; അപ്പ 8,32-34). വെറും ഒരു മനുഷ്യനെക്കുറിച്ചു പറയാവുന്നതിനുപരിയായ പലതും ഈ ഗീതങ്ങളിൽ, പ്രത്യേകിച്ചും നാലാമത്തെ ഗീതത്തിൽ, ദാസനെക്കുറിച്ചു പറയുന്നുണ്ട്. "നമ്മുടെ വേദനകളാണ് അവൻ സഹിച്ചത്....നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു .... അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.... നീതിമാനായ ദാസൻ തന്റെ ജ്ഞാനത്താൽ അനേകരെ നീതിമാന്മാരാക്കും....അനേകരുടെ പാപം അവൻ പേറി; അതിക്രമങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു" (ഏശ 53,4-12).

"അനേകർ" എന്ന ഹെബ്രായ പദം "എല്ലാവരും" എന്ന അർത്ഥത്തിലാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. കർത്താവിനു പൂർണ്ണമായി ഇഷ്ടപ്പെട്ടവനും ലോകത്തിന്റെ മുഴുവൻ പാപത്തിനു പരിഹാരമായി മരണത്തിനു സ്വയം ഏല്പിച്ചുകൊടുക്കുന്നവനുമായ ഈ ദാസൻ ആരാണ്? മനുഷ്യരെല്ലാം പാപികളായിരിക്കെ, പാപിയായ ഒരു മനുഷ്യന്റെ മരണം എങ്ങനെ

ലോകത്തിനു മുഴുവൻ പാപത്തിൽനിന്നു രക്ഷ നല്കും? ഒരു മനുഷ്യന് എങ്ങനെ മനുഷ്യവർഗത്തെ മുഴുവൻ ദൈവതിരുമുമ്പിൽ നീതികരിക്കാൻ കഴിയും? പാപമില്ലാത്ത ഒരാളായിരിക്കണം ഇത്.

"ദാസൻ" എന്നു വിവർത്തനം ചെയ്യുന്ന *"എബെദ്"* എന്ന ഹീബ്രു പദം (ഗ്രീക്കിൽ *"പയിസ്"*) പുത്രൻ എന്നും വിവർത്തനം ചെയ്യാം; മലയാളത്തിലെ "പയ്യൻ" എന്ന പദംപോലെ. ഈ അർത്ഥം ഏശയ്യായുടെ കീർത്തനങ്ങളിൽ സ്പഷ്ടമല്ല. എന്നാൽ അങ്ങനെ ഒരു വ്യാഖ്യാനത്തിന് ഈ കീർത്തനങ്ങൾ വാതിൽ തുറന്നിട്ടിരിക്കുന്നു. പ്രത്യക്ഷത്തിൽ കാണുന്ന അർത്ഥത്തിനു പിന്നിൽ നിഗൂഢമായ ഏതോ ഒരു രഹസ്യം സ്ഥിതി ചെയ്യുന്നു എന്ന് ഇവിടെയും അംഗീകരിക്കേണ്ടിവരുന്നു.

പഴയനിയമത്തിൽനിന്നു നമുക്കു കിട്ടുന്ന ചിത്രം ഇതാണ്: ദൈവം ഏകനാണ് എന്നു ഏറ്റു പറയുന്നതോടൊപ്പം ആ ഏകത്വത്തിന് എന്തോ ഒരു പ്രത്യേകതയുണ്ട്. ബഹുത്വം വ്യക്തമല്ലെങ്കിലും ഒരു ദൈവത്തിൽ ഒന്നിലേറെ ആളുകൾ ഉണ്ട് എന്ന സൂചന പലേടത്തും നല്കപ്പെട്ടിരിക്കുന്നു. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ മാത്രമേ പഴയനിയമത്തിൽ ഒളിഞ്ഞു കിടക്കുന്ന സത്യം പ്രകാശിതമാവുകയുള്ളു. ദൈവം സാവധാനമാണ് സ്വയം വെളിപ്പെടുത്തിയത്. യേശുക്രിസ്തുവിലൂടെയുള്ള അന്തിമമായ ആവിഷ്ക്കരണത്തിന്റെ കളം ഒരുക്കലാണ് പഴയനിയമത്തിൽ നാം കാണുന്നത്.

# 3. പുതിയ അനുഭവം

പുതിയനിയമത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ ചിത്രം അപ്പസ്തോല സമൂഹത്തിന്റെ ഭാവനയിൽ രൂപം കൊണ്ടതല്ല; പഴയനിയമ പാരായണത്തിൽ നിന്നു ലഭിച്ച യുക്തിപൂർവ്വകമായ ഒരു നിഗമനവുമല്ല. പുതിയ നിയമ ഗ്രന്ഥകർത്താക്കൾ എല്ലാവരുംതന്നെ യഹൂദരായിരുന്നു. വിട്ടുവീഴ്ചയില്ലാത്ത ഏകദൈവവിശ്വാസികൾ. 'ഒരേ ദൈവത്തിൽ തുല്യരായ മൂന്നാളുകൾ' എന്ന ചിന്ത പഴയനിയമത്തിൽനിന്നു മാത്രം ലഭിക്കുകയില്ല. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമാണിത്. പിന്നെ എങ്ങിനെയാണ് ഈ വിശ്വാസം ക്രൈസ്തവ സമൂഹത്തിലേക്കു കടന്നുവന്നത്?

യേശുവുമായുള്ള കണ്ടുമുട്ടലിലൂടെ ശിഷ്യസമൂഹം തങ്ങളുടെ പരമ്പരാഗതമായ വിശ്വാസത്തെ പുതുതായി വിലയിരുത്തേണ്ടിവന്നു. ഏകദേശം മുപ്പതു വയസ്സുവരെ ആശാരിപ്പണി ചെയ്ത് ഉപജീവനം കഴിച്ചിരുന്ന ആ നസ്രത്തുകാരൻ അവരുടെ മുമ്പിൽ ഉത്തരം കിട്ടാത്ത ഒരു ചോദ്യചിഹ്നമായി. മനുഷ്യത്വം ഇത്രമാത്രം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ട മറ്റൊരു മനുഷ്യനില്ല. മനുഷ്യരെയും പ്രകൃതിയെയും ആഴമായി സ്നേഹിച്ച ഒരു മനുഷ്യൻ. ശിശുക്കളെ വാത്സല്യത്തോടെ ലാളിച്ചു. മുതിർന്നവരുമായി ഗാഢമായ സ്നേഹബന്ധത്തിൽ ഏർപ്പെട്ടു. തന്റെ സഹജീവികളുടെ സന്തോഷത്തിൽ അവൻ സന്തോഷിച്ചു; ദുഃഖത്തിൽ അവൻ ദുഃഖിച്ചു. വിരുന്നുകളിൽ പങ്കെടുത്തു. വിലാപങ്ങളിൽ കണ്ണീർ പൊഴിച്ചു. സ്നേഹവും സന്തോഷവും, കോപവും ദുഃഖവും, ഭയവും ധൈര്യവും തീവ്രമായി അവനിൽ പ്രത്യക്ഷപ്പെട്ടിരുന്നു. "കുഞ്ഞുമക്കളേ" എന്നു വിളിച്ചുകൊണ്ട് തങ്ങളോട് അന്ത്യയാത്ര പറഞ്ഞ ഗുരുവിന്റെ സ്നേഹവായ്പ് അമ്മയ്ക്കു തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തെ മറികടക്കുന്നതായിരുന്നു. മനുഷ്യന്റേതായ വേദനകൾ അതിന്റെ തീവ്രതയിൽ അവൻ അനുഭവിച്ചു. തലചായ്ക്കാനിടമില്ലാതെ, വിശപ്പും ദാഹവും സഹിച്ച്, ദരിദ്രരിൽ ദരിദ്രനായി ജീവിച്ചു. ക്രൂരമായ മരണത്തിനു മുമ്പിൽ ഭയന്നു. കുരിശിൽ കഠിനമായ വേദനയുടെ മധ്യേ ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു. സംശയമില്ല, നസ്രത്തിലെ യേശു ഒരു മനുഷ്യനായിരുന്നു. താൻ പൂർണ്ണമായും മനുഷ്യനാണെന്ന് തറപ്പിച്ചു പറയാൻ എന്നു തോന്നത്തക്കവണ്ണം "മനുഷ്യപുത്രൻ" എന്നാണ് അവൻ സ്വയം വിശേഷിപ്പിച്ചത്. ആരെയും വശീകരിക്കുന്ന അഗാധമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു യേശു എന്ന മനുഷ്യൻ.

എന്നാൽ അതേസമയം ആ മനുഷ്യന്റെ വാക്കുകളും പ്രവൃത്തികളും ശിഷ്യന്മാരെ അമ്പരിപ്പിക്കുന്നതായിരുന്നു. അവന്റെ ഒറ്റവാക്കാൽ തളർവാതരോഗികൾ എണീറ്റുനടന്നു. കുരുടന്മാരുടെ കണ്ണുതെളിഞ്ഞു. മൂകരുടെ നാവിന്റെ കെട്ടഴിഞ്ഞു. കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെട്ടു. പ്രകൃതി മുഴുവൻ അവന്റെ ചൊല്പടിക്കുനിന്നു. വെള്ളം വീഞ്ഞായി മാറി; അപ്പം അത്ഭുതകരമായി വർദ്ധിച്ച് അനേകായിരങ്ങളുടെ വിശപ്പടക്കി; കൊടുങ്കാറ്റും അലയാഴിയും അവന്റെ ആജ്ഞയനുസരിച്ച് അടങ്ങിനിന്നു. സംഹാരരുദ്രമായി അലറിയടുക്കുന്ന പൈശാചികശക്തികൾ അവന്റെ മുമ്പിൽ മുട്ടുകുത്തി പ്രണമിച്ചു. മരിച്ച മനുഷ്യൻ അവന്റെ കല്പനകേട്ട് ശവക്കല്ലറയിൽനിന്നുപോലും പുറത്തുവന്നു. പാപഭാരംപേറി തകർന്ന മനുഷ്യർ അവന്റെ സന്നിധിയിൽ പൂർണ്ണമോചനം നേടി. “നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു” എന്ന വാക്ക് അവരിൽ ശാന്തിയും സമാധാനവും നിറച്ചു. അവർ പുതിയ മനുഷ്യരായിമാറി.

ആരാണിവൻ? വെറും ഒരു മനുഷ്യനോ? അല്ല എന്ന് ശിഷ്യന്മാർക്കു പൂർണ്ണബോധ്യമായിരുന്നു. യേശു മനുഷ്യനാണെന്ന് അടുത്തറിഞ്ഞ് അംഗീകരിച്ചപ്പോൾ തന്നെയും അവൻ വെറും ഒരു മനുഷ്യൻ മാത്രമല്ല എന്ന് അവർ സമ്മതിക്കേണ്ടിവന്നു. “ഇവൻ ആര് ?” എന്ന ചോദ്യം എല്ലായിടത്തുനിന്നും ഉയർന്നു. നാട്ടുകാരും അധികാരികളും ഈ ചോദ്യം ഉന്നയിച്ചു. ഫരിസേയരും ഹേറോദോസ് രാജാവും ചോദിച്ചു: ഇവൻ ആര്? ശിഷ്യന്മാരും ഈ ചോദ്യം ആവർത്തിച്ചു.

യേശുവിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച നിഗൂഢത അവന്റെ അന്ത്യത്തോടെ വർദ്ധിച്ചതേയുള്ളു. അന്ത്യത്താഴവേളയിൽ ‘ഇത് നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു; ഇതു നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു’ എന്നു പറഞ്ഞ് അപ്പവും വീഞ്ഞും അവർക്കു നല്കിയപ്പോൾ അതിന്റെ അർത്ഥം ശിഷ്യർക്കു പൂർണ്ണമായി ഗ്രഹിക്കാനായില്ല. പിറ്റേദിവസം “എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു?” എന്നു നിലവിളിച്ചുകൊണ്ട് തങ്ങളുടെ ഗുരുവും നാഥനുമായ യേശു ജീവൻ വെടിഞ്ഞപ്പോൾ ലോകം അവർക്കു മുന്നിൽ അന്ധകാരത്തിലമർന്നു; തങ്ങൾ ചവുട്ടിനില്ക്കുന്ന ഭൂമി കാല്ക്കീഴിൽ പിളർന്നുപോകുന്നതായി അവർക്ക് അനുഭവപ്പെട്ടു.

എല്ലാം അവസാനിച്ചു എന്നു വിചാരിച്ച് ദുഃഖാർത്തരായ അവർ, അവന്റെ ശരീരം തിടുക്കത്തിൽ സംസ്കരിച്ചശേഷം തങ്ങളുടെ ഒളിസ്ഥലത്തേക്കു മടങ്ങി. ഗുരുവിനെ വധിച്ചവർ തങ്ങളെയും അന്വേഷിക്കും എന്ന് അവർ ഭയന്നു. ഈ മരണം അവസാനമല്ല ഒരു തുടക്കം മാത്രമായിരുന്നു

എന്ന് അപ്പോൾ അവർ മനസ്സിലാക്കിയില്ല. യഹൂദരെ ഭയന്ന് ഒളിച്ചിരുന്ന തങ്ങളുടെ മധ്യത്തിൽ പൊടുന്നനേ പ്രത്യക്ഷപ്പെട്ടത് ഒരു യാഥാർത്ഥ്യമോ മിഥ്യയോ എന്നു തിരിച്ചറിയാൻ അവർക്കു സമയം വേണ്ടിവന്നു. ഉണങ്ങാത്ത മുറിപ്പാടുകൾ തങ്ങളുടെ ഗുരുവിന്റേതുതന്നെ എന്ന് അവർ ഗ്രഹിച്ചു. പഴയനിയമത്തിൽ ഒതുങ്ങിനിന്ന ആ സാധു ഗ്രാമീണരുടെ അറിവിന്റെയും വിശ്വാസത്തിന്റെ ചക്രവാളങ്ങൾ അതോടെ വലിച്ചു കീറപ്പെട്ടു. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നുപറഞ്ഞ് അവന്റെ മുമ്പിൽ കമിഴ്ന്നു വീണ് അവനെ ആരാധിക്കുന്ന തോമസ് ബുദ്ധിക്ക് അഗ്രാഹ്യമായ ഒരു സത്യം ഏറ്റുപറഞ്ഞു: യേശുക്രിസ്തു ദൈവമാണ്; അവൻ മരണത്തെ ജയിച്ചിരിക്കുന്നു. ഇതിന്റെ ആഴവും അർത്ഥവും ധ്വനികളും അവർ ഇനിയും മനസ്സിലാക്കാനിരിക്കുന്നതേയുള്ളു. യേശുവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ ആശ്ചര്യങ്ങൾക്കും ആകസ്മിതകൾക്കും അറുതിയില്ല എന്നു തോന്നത്തക്കതായിരുന്നു അടുത്ത സംഭവം.

പന്തക്കുസ്താ ദിവസമാണതുണ്ടായത്. യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിച്ചെങ്കിലും യഹൂദരോടുള്ള ഭയം വിട്ടുമാറിയിരുന്നില്ല; ഇതുവരെ സംഭവിച്ചതിന്റെയൊക്കെ അർത്ഥം എന്താണെന്ന് ഇനിയും അവർക്കു പൂർണ്ണമായി മനസ്സിലായിട്ടുമില്ല. തങ്ങളുടെ ജീവിതത്തെ തകിടം മറിക്കുന്ന എന്തോ ഒന്ന് ഇനിയും സംഭവിക്കാൻ പോകുന്നു എന്ന ചിന്ത അവരിലെല്ലാമുണ്ട്. ഏകാഗ്രചിത്തരായി, പ്രാർത്ഥനാനിരതരായി, ശിഷ്യസമൂഹം ദിവസങ്ങൾ ചിലവഴിച്ചു. കൊടുങ്കാറ്റടിക്കുന്നതു പോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നുനില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു (അപ്പ 2,2-3). ഭയത്താൽ അടച്ചിട്ടിരുന്ന വാതായനങ്ങളും ജാലകങ്ങളും മലർക്കെ തുറക്കപ്പെട്ടു.

സകലപ്രതിബന്ധങ്ങളെയും തകർത്തു മുന്നേറുന്ന അജയ്യമായ ഒരു അജ്ഞാതശക്തി ആ സാധു മനുഷ്യരിൽ നിറഞ്ഞു. തങ്ങൾക്ക് എന്താണു സംഭവിക്കുന്നത് എന്നറിയുന്നതിനുമുമ്പേ അവർ പുതിയ മനുഷ്യരായി മാറിക്കഴിഞ്ഞു. സൂര്യപ്രകാശത്തിൽ മൂടൽമഞ്ഞുപോലെ അവരെ ഗ്രസിച്ചിരുന്ന ഭയത്തിന്റെ വലയം ഉരുകി അപ്രത്യക്ഷമായി. തങ്ങൾ കണ്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ പുരമുകളിൽ കയറിനിന്നു വിളിച്ചുപറയാൻ അപ്രതിഹതമായ ഒരു ശക്തി അവരെ ഉള്ളിൽ നിന്നു തള്ളിവിട്ടു. "നിങ്ങൾ കുരിശിൽ തറച്ചുകൊന്ന യേശുവിനെ ദൈവം ഉയിർപ്പിച്ചു. അവനാണ് സകലത്തിന്റെയും നാഥൻ. അവനിലൂടെയല്ലാതെ രക്ഷയില്ല''. താഴെ കൂടിനിന്ന

യഹൂദജനതയോട് പത്രോസ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഒരു വേലക്കാരിയുടെ ചോദ്യത്തിനുമുമ്പിൽ ചൂളിപ്പോയ പത്രോസ്, ഞാൻ അവനെ അറിയില്ല എന്നു മൂന്നു തവണ ആണയിട്ടു പറഞ്ഞ ഗലീലിയിൽനിന്നുള്ള ആ സാധുമുക്കുവൻ, എങ്ങനെ ഇത്ര വാചാലനായി? എവിടെനിന്നു കിട്ടി അയാൾക്ക് ഈ ധൈര്യം?

അവരുടെ ചുറ്റുപാടുകളിൽ യാതൊരു മാറ്റവുമുണ്ടായില്ല. അവരെ ശത്രുക്കളായി കരുതിയിരുന്നവർ കൂടുതൽ ശക്തിയോടെ ജറുസലെമിൽത്തന്നെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവർക്ക് അതൊരു പ്രശ്നമല്ല. സ്വന്തം ജീവന് എന്തു സംഭവിക്കും എന്ന് അവർ ചിന്തിച്ചില്ല. തങ്ങൾ പറയുന്ന കാര്യങ്ങൾ യഹൂദരുടെ വിശ്വാസത്തിനും ആധികാരികമായ പഠനത്തിനും അനുയോജ്യമാണോ എന്ന് അവർ പരിശോധിച്ചില്ല. ഉള്ളിൽ തുളുമ്പിനിന്ന സന്തോഷം, സ്തുതിപ്പുകളും ആർപ്പുവിളികളുമായി നിർഗ്ഗളിച്ചു. ഹൃദയത്തിൽ നിറഞ്ഞുതിങ്ങിയ വിശ്വാസം വാക്കുകളായി പ്രവഹിച്ചു.

പഠിച്ചൊരുങ്ങിയ പ്രസംഗമായിരുന്നില്ല അത്. തങ്ങളിലൂടെ സംസാരിക്കുന്നത് ദൈവമാണ് എന്നവർക്കു ബോധ്യമായി. തങ്ങൾക്കു മുകളിൽ നാവുകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധാത്മാവ് തങ്ങളുടെ നാവിന്റെ കെട്ടുകൾ അഴിച്ചതായി അവർക്ക് അനുഭവപ്പെട്ടു. ഇതു വെറും ഒരു ആന്തരികപ്രചോദനമോ ശക്തിയോ മാത്രമായി അവർ കരുതിയില്ല. തങ്ങളുടെ ഉൾക്കണ്ണുകൾ തുറക്കുകയും ദൈവത്തിന്റെ അനന്തമായ മേഖലകളിലേക്കു തങ്ങളെ ഉയർത്തുകയും ചെയ്യുന്നത്, തങ്ങൾക്ക് ഇതുവരെ അജ്ഞാതമായിരുന്ന കാര്യങ്ങൾ വ്യക്തവും ലളിതവുമായി വിളിച്ചുപറയാൻ വാക്കുകളും ഏറ്റുപറയാൻ ധൈര്യവും നല്കുന്നത് തങ്ങളോടൊത്തു വസിക്കുന്ന ദൈവത്തിന്റെ ആത്മാവാണ് എന്നവർ മനസ്സിലാക്കി.

നാളുകൾ കഴിയുന്തോറും ഈ ആന്തരികാനുഭവത്തിന്റെ ശക്തി ക്ഷയിക്കുകയല്ല, വർദ്ധിക്കുകയാണു ചെയ്തത്. ആത്മാവിന്റെ പ്രവർത്തനം അപ്പസ്തോലന്മാർക്കു ധൈര്യവും പ്രചോദനവും നല്കുക മാത്രമല്ല ചെയ്തത്. അത്ഭുതങ്ങളിലൂടെ അത് എല്ലാവർക്കും പ്രകടമായി. ഭാഷാവരവും പ്രവചനവും അത്ഭുതകരമായ രോഗശാന്തികളും, സർവ്വോപരി സ്നേഹത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും ഒന്നുചേർന്ന ഒരു സമൂഹത്തിന്റെ ജീവിതവും ആത്മാവിന്റെ പ്രവർത്തനങ്ങൾക്കു സാക്ഷ്യം വഹിച്ചു. ലോകദൃഷ്ട്യാ ഭോഷന്മാരായിരുന്നവരിലൂടെ പ്രവഹിച്ച ജ്ഞാനത്തിന്റെ വചസ്സുകളെ എതിർത്തുനില്ക്കാൻ ജ്ഞാനികൾക്കു കഴിഞ്ഞില്ല; അവരുടെ സാക്ഷ്യത്തിനു വിലങ്ങുവയ്ക്കാൻ തടവറകൾക്കും പീഡനങ്ങൾക്കും സാധിച്ചില്ല.

പഴയനിയമത്തിൽ അഗാധപാണ്ഡിത്യം നേടിയ തീക്ഷ്ണമതിയും

തീവ്രവാദിയുമായ ഒരു ഫരിസേയ യുവാവായിരുന്നു സാവൂൾ. ക്രിസ്ത്യാനികളെ തടവറയിലടച്ച് ക്രിസ്തുവിശ്വാസം ഉന്മൂലനം ചെയ്യാൻ ശപഥംചെയ്ത് ഇറങ്ങിത്തിരിച്ച ആ നിയമജ്ഞൻ ഡമാസ്കസിലേക്കുള്ള വഴിയിൽ ക്രിസ്തുവുമായി കണ്ടുമുട്ടി. അതോടെ അയാളുടെ ജീവിതം ആകെ തകിടം മറിഞ്ഞു. വലിയ ജ്ഞാനിയാണ് താൻ എന്നു കരുതിയിരുന്ന അയാൾക്ക് ഇന്നുവരെ താൻ നേടിയ ജ്ഞാനമെല്ലാം വെറും മിഥ്യയായി അനുഭവപ്പെട്ടു. പൂർണ്ണമായ അന്ധകാരത്തിൽ മൂന്നുദിവസം കഴിഞ്ഞ സാവൂളിന്റെ കണ്ണു തുറന്നത് പരിശുദ്ധാത്മാവണ് (അപ്പ 9,17). അതോടെ അയാളൊരു പുതിയ മനുഷ്യനായി മാറി. പുതുതായി ലഭിച്ച പ്രകാശത്തിൽ ലോകത്തെയും ദൈവത്തെയും അയാൾ കണ്ടു. യേശുക്രിസ്തു മരിച്ചുമണ്ണടിഞ്ഞ ഒരു മനുഷ്യനല്ല, ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണെന്ന് അയാൾക്കു ബോധ്യമായി. യേശുക്രിസ്തുവിന്റെ മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ, മാത്രമല്ല ഈ പ്രപഞ്ചത്തിനു മുഴുവൻ, രക്ഷ കൈവരിക്കുന്നെന്നും ആ രക്ഷ ഇന്ന് ഒരു യാഥാർത്ഥ്യമാക്കി മാറ്റുന്നത് ദൈവത്തിന്റെ ആത്മാവാണെന്നും സാവൂൾ ഗ്രഹിച്ചു. അന്ധകാരത്തിൽ അമർന്നിരുന്ന തന്റെ അന്തരാത്മാവിലേക്ക് ഇടിമിന്നൽപോലെ കടന്നുവന്ന ഈ പുതിയ അറിവാണ് ആ ഫരിസേയപണ്ഡിതനെ ക്രിസ്തുവിന്റെ അപ്പസ്തോലനാക്കി മാറ്റിയത്.

ഉത്ഥിനായ യേശുവുമായി കണ്ടുമുട്ടിയ വ്യക്തികളുടെ എല്ലാം അനുഭവം ഇതായിരുന്നു. അവർ ആത്മാവിനാൽ പൂരിതരായി. സന്തോഷവും സമാധാനവും അവരുടെ ഉള്ളിൽ നിറഞ്ഞു. തങ്ങൾ ദൈവത്തിന്റെ സ്നേഹവലയത്തിലേക്കു സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന സന്തോഷവാർത്ത അവർ ഉച്ചത്തിൽ പ്രഘോഷിച്ചു. ആന്തരിക പരിവർത്തനവും അതിൽനിന്നുള്ളവായ ജീവിതസാക്ഷ്യവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി വിശ്വാസികൾ കണ്ടു. ഈ പുതിയ അനുഭവത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ വിശ്വാസത്തെ മനസ്സിലാക്കാൻ അവർ ശ്രമിച്ചു. പഴയനിയമത്തിൽ തഴങ്ങിയവർ എങ്ങനെ ഈ പുതിയ അനുഭവത്തെ തങ്ങളുടെ പരമ്പരാഗത വിശ്വാസവുമായി പൊരുത്തപ്പെടുത്തും? യേശുവിനെയും പരിശുദ്ധാത്മാവിനെയുംകുറിച്ചുള്ള വിശ്വാസം തങ്ങളുടെ പൈതൃകമായ ഏകദൈവവിശ്വാസവുമായി എങ്ങനെ രമ്യതപ്പെടുത്താൻ ആവും? ഉത്തരംതേടി അവർ പഴയനിയമത്തിലേക്കു തിരിഞ്ഞു.

## പഴയനിയമം പുതിയ വെളിച്ചത്തിൽ

പെസഹാ – പന്തക്കുസ്താ സംഭവങ്ങളിലൂടെ ലഭിച്ച പുതിയ വെളിച്ചത്തിൽ യേശുവിന്റെ ശിഷ്യസമൂഹം പഴയനിയമത്തെ നോക്കിക്കണ്ടു.

തങ്ങൾ വായിച്ചു പഠിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന പല പ്രവചനങ്ങളും സങ്കീർത്തനങ്ങളും അതുവരെ അജ്ഞാതമായിരുന്ന അർത്ഥം ഉൾക്കൊള്ളുന്നതായി അവർ ഗ്രഹിച്ചു. ഒറ്റപ്പെട്ട വാക്യങ്ങൾ മാത്രമല്ല, പഴയനിയമം മുഴുവൻ തങ്ങൾ സാക്ഷികളായിരിക്കുന്ന സംഭവങ്ങളിലേക്കു നയിക്കുന്നതായി അവർ മനസ്സിലാക്കി. പറുദീസായിൽനിന്നു പുറത്താക്കപ്പെടുന്നതിനുമുമ്പ് ആദ്യ മനുഷ്യനു ദൈവം നല്കിയ വാഗ്ദാനം മുതൽ പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും നല്കപ്പെട്ട വാഗ്ദാനങ്ങൾ മുഴുവൻ ഈ സംഭവങ്ങളിൽ പൂർത്തിയായിരിക്കുന്നു എന്ന് അവർക്കു ബോധ്യമായി.

സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതി (ഉൽപ 3,15) യഥാർത്ഥത്തിൽ യേശുക്രിസ്തുവാണ്. ഭൂമിയിലെ സകല ജനതകൾക്കും രക്ഷ പ്രദാനം ചെയ്യുന്ന അബ്രാഹത്തിന്റെ സന്തതിയും (ഉൽപ 12,3; അപ്പ 3,25; ഗലാ 3,8) അവൻതന്നെ. കന്യകയിൽ നിന്നു ജനിച്ചവനും ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിച്ച് നിത്യമായി ഭരണം നടത്തുന്നവനും യേശുവല്ലാതെ മറ്റാരുമല്ല. മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെടുകയും (സങ്കീ 16,8–11; അപ്പ 2,24–32) ദൈവത്തിന്റെ വലതുഭാഗത്ത് കർത്താവായി ഉപവിഷ്ഠനാവുകയും (സങ്കീ 110,1; അപ്പ 2, 34–36) ചെയ്തത് തങ്ങളുടെ ഗുരുവും നാഥനുമായ യേശു തന്നെ എന്നു ശിഷ്യന്മാർ ഗ്രഹിച്ചു.

ഈ പ്രവചനങ്ങൾ ഉപയോഗിച്ച് യേശുവിന്റെ പഠനവും വ്യക്തിത്വവും, സർവ്വോപരി യേശുവിലൂടെ ലോകത്തിനു ലഭിച്ച രക്ഷയും അവർ വിശദീകരിക്കാൻ ശ്രമിച്ചു. വചനം, ജ്ഞാനം, ദാസൻ, മോശയെപ്പോലൊരു പ്രവാചകൻ, മനുഷ്യപുത്രൻ, ഇടയൻ, ദാവീദിന്റെ പുത്രൻ, മുതലായ നാമങ്ങൾ യേശുവിനായി ഉപയോഗിച്ചുകൊണ്ട് പഴയനിയമം മുഴുവൻ യേശുവിലേക്കു നയിക്കുന്നു എന്നും അതിനാൽ പഴയനിയമത്തെ ദൈവവചനമായി സ്വീകരിക്കുന്നവർ യേശുവിനെ സ്വീകരിച്ചേ മതിയാവൂ എന്നും അവർ വാദിച്ചു. ശിഷ്യന്മാർക്കും അവരെ ശ്രവിച്ച യഹൂദർക്കും ഒരേ ഒരു ബൈബിളായിരുന്നു ഉണ്ടായിരുന്നത്. അതിനെയാണ് നാം പഴയനിയമം എന്നു വിളിക്കുന്നത്.

പഴയനിയമത്തെ മനസ്സിലാക്കാൻ പരിശുദ്ധാത്മാവിന്റെ ആഗമനവും പ്രകാശവും ശിഷ്യസമൂഹത്തെ സഹായിച്ചു. ദൈവം വാഗ്ദാനം ചെയ്ത പുതിയ ഉടമ്പടി പൂർത്തിയായിരിക്കുന്നു എന്നതിനു തെളിവാണ് പന്തക്കുസ്താസംഭവം. ദൈവം തന്റെ ആത്മാവിനെ തങ്ങളിൽ നിവേശിപ്പിച്ചിരിക്കുന്നു എന്നും (എസെ 36,27) രക്ഷയുടെ പുതുയുഗം പിറന്നിരിക്കുന്നു എന്നും (ജോയേൽ 2,28–32) പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം

വെളിപ്പെടുത്തി. സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ, രൂപരഹിതവും അന്ധകാരാവൃതവുമായ ആഴങ്ങൾക്കു മുകളിൽ ചലിച്ച ദൈവത്തിന്റെ ചൈതന്യം പരിശുദ്ധാത്മാവുതന്നെ. ന്യായാധിപന്മാരിലും രാജക്കന്മാരിലും പ്രവാചകന്മാരിലും ആവസിച്ചതും ഈ ആത്മാവു തന്നെ ആയിരുന്നു. അന്ന് വ്യംഗ്യമായും അവ്യക്തമായും വെളിപ്പെടുത്തപ്പെട്ടവ ഇന്ന് പുതിയ അനുഭവത്തിന്റെ പ്രകാശധോരണിയിൽ പ്രസ്പഷ്ടമായി.

ദൈവത്തിനു മാറ്റം വരുകയല്ല, ദൈവം തന്നെത്തന്നെ കൂടുതൽ വ്യക്തമായി വെളിപ്പെടുത്തുകയും ആ വെളിപ്പെടുത്തൽ ഗ്രഹിക്കാൻ മനുഷ്യരെ ശക്തിപ്പെടുത്തുകയും ആണ് ചെയ്തത്. പഴയനിയമത്തിൽ സൂചിപ്പിക്കുകമാത്രം ചെയ്തിരുന്ന ദൈവത്തിന്റെ ബഹുത്വം ഇവിടെ കൂടുതൽ വ്യക്തമാകുന്നു. ഇതിലൂടെ ഏകദൈവവിശ്വാസത്തോടു വിടപറയുകയല്ല, ഏകദൈവത്തെ കൂടുതലായി അടുത്തറിയുകയാണ് യേശുവിന്റെ ശിഷ്യസമൂഹം ചെയ്തത്.

പഴയനിയമത്തിലേക്ക് ആഴമായ ഉൾക്കാഴ്ചകൾ ലഭിച്ചതോടൊപ്പം യേശുവിന്റെ ജീവിതവും പഠനങ്ങളും അവർക്കു പുതിയ വെളിച്ചത്തിൽ കാണാൻ കഴിഞ്ഞു. നാഥന്റെ വാക്കുകളും പ്രവൃത്തികളും ഒന്നൊന്നായി അവരുടെ മനസ്സിൽ തെളിഞ്ഞുവന്നു. അവയുടെ അന്തരാർത്ഥത്തിലേക്കു പരിശുദ്ധാത്മാവ് അവരെ നയിച്ചു. സത്യത്തിന്റെ ആത്മാവ് സത്യത്തിന്റെ പൂർണ്ണതയിലേക്ക് അവരെ കൈപിടിച്ചു നടത്തിയപ്പോൾ ശിഷ്യസമൂഹത്തിൽ നിന്ന് ആദ്യ വിശ്വാസപ്രഖ്യാപനം ഉയർന്നുവന്നു: "ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആണ്". ജീവിതവുമായി ബന്ധമില്ലാത്ത, ബൗദ്ധികമാത്രമായ ഒരു പ്രസ്താവനയല്ല, അനുഭവത്തിന്റെ ആഴങ്ങളിൽ നിന്നുരുത്തിരിഞ്ഞ സത്യത്തിന്റെ പ്രകാശനമാണിത്. ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ഏറ്റുപറഞ്ഞ ശിഷ്യന്മാർക്ക് ഈ വിശ്വാസം ജീവശ്വാസമായിരുന്നു. തങ്ങളുടെ നിത്യജീവൻ ഇതിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന ഉത്തമബോധ്യത്തിൽ നിന്നുവാർന്നുവീണ പ്രഖ്യാപനമാണിത്. ഈ പ്രഖ്യാപനത്തിൽ പഴയനിയമവും പുതിയനിയമവും അവതരിപ്പിക്കുന്ന രക്ഷാചരിത്രം, അഥവാ ദൈവാവിഷ്ക്കരണചരിത്രം മുഴുവൻ ഉൾക്കൊണ്ടിരിക്കുന്നു.

# 4 ആഴങ്ങളിലേക്ക്

പെസഹാ - പന്തക്കുസ്താ അനുഭവങ്ങളിലൂടെ ത്രിയേക ദൈവത്തെ ക്കുറിച്ചു ലഭിച്ച പുതിയ വെളിപാടിന്റെ വെളിച്ചം ലോകത്തെല്ലായിടത്തും എത്തിക്കുക തങ്ങളുടെ ദൗത്യമായി അപ്പസ്തോല സമൂഹം ഗ്രഹിച്ചു. ഉത്ഥി തനായ നാഥൻ തങ്ങളോടോപ്പമുണ്ടെന്നുള്ള ബോധ്യം അവർക്കു ശക്തി നല്കി. പന്തക്കുസ്താദിനത്തിൽ തങ്ങളുടെമേൽ വന്ന പരിശുദ്ധാത്മാവ് അവരെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. തങ്ങളുടെ അനുഭവങ്ങളും ബോധ്യങ്ങളും മറ്റുള്ളവരെ അറിയിക്കാൻ ശ്രമിക്കുമ്പോൾ അവ അപഗ്രഥി ക്കുകയും വിശദീകരിക്കുകയും ആവശ്യമായി വന്നു. യേശുവിന്റെ അനു യായി ആകാൻ എന്താണ് വിശ്വസിക്കേണ്ടതെന്ന് നിർവ്വചിക്കുകയും ഒരു ആവശ്യമായി. സുവിശേഷ പ്രഘോഷണവും (Kerygma) വിശ്വാസപ്രഖ്യാ പനവും (Confession of faith) അനുഭവങ്ങളുടെ ആഴങ്ങളിലേക്കും വെളിപാ ടിന്റെ ഉള്ളറകളിലേക്കും അവരെ നയിച്ചു. പരിശുദ്ധാത്മാവിന്റെ സഹായ ത്താൽ ദൈവികജീവന്റെ ആന്തരീകതയിലേക്കു നയിക്കപ്പെട്ട അപ്പസ്തോല സമൂഹമാണ് സഭയുടെ വിശ്വാസ പ്രമാണത്തിന് അടിത്തറയിട്ടത്.

**1. ആദിമ പ്രഘോഷണം:** ഔപചാരികമായ വിചാരണകൾക്കു ശേഷം യഹൂദർ ദൈവദ്രോഹിയെന്നും റോമാക്കാർ കലാപകാരിയെന്നും വിധിച്ച് കുരിശിൽ തറച്ചുകൊന്ന യേശുവിനെക്കുറിച്ചു പ്രസംഗിക്കുക എളു പ്പമായിരുന്നില്ല. യഹൂദനിയമപ്രകാരം ശാപമേറ്റവനാണ് ക്രൂശിതൻ. യേശു വിനെ രക്ഷകനായി പ്രഘോഷിക്കാൻ ആദ്യത്തെ പ്രതിബന്ധം കുരിശുമ രണം തന്നെ ആയിരുന്നു. യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷ ത്തവുമായ കുരിശിനെത്തന്നെ അപ്പസ്തോലന്മാർ തങ്ങളുടെ ആദിമ പ്രഘോ ഷണത്തിന്റെ കേന്ദ്രബിന്ദുവാക്കി. യേശുവിന്റെ കുരിശുമരണം ഒരു ആക സ്മിക സംഭവമല്ല, ദൈവം മുൻകൂട്ടി തയ്യാറാക്കുകയും പ്രവാചകന്മാരിലൂടെ അറിയിക്കുകയും ചെയ്ത രക്ഷാകരപദ്ധതിയുടെ പൂർത്തീകരണമായിരുന്നു എന്ന് അവർ ഉറക്കെ പ്രഘോഷിച്ചു. കുരിശുമരണം പരാജയമല്ല, മരണ ത്തിന്മേലുള്ള വിജയമാണ് എന്ന് യേശുവിന്റെ ഉത്ഥാനം തെളിയിച്ചു. അങ്ങനെ യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും രക്ഷയുടെ ഉറവിടവും വിശ്വാസത്തിന്റെ കേന്ദ്രവുമായി.

ഈ കേന്ദ്രബിന്ദുവിൽ നിന്നുകൊണ്ടാണ് അപ്പസ്തോലന്മാർ യേശു വിലൂടെ കൈവന്ന പുതിയ വെളിപാടിനെക്കുറിച്ചു പ്രഘോഷിക്കുന്നത്.

ആദിമ സുവിശേഷ പ്രഘോഷണത്തിന്റെ ചില മാതൃകകൾ അപ്പസ്തോല പ്രവർത്തനങ്ങളിൽ കാണാം: (അപ്പ 2,14-36; 3,11-26; 4,8-22; 5,29-32; 7,1 -53;10,34-43;13,17-41;17,22-31). പന്തക്കുസ്താദിവസം ജറുസലെമിൽവച്ചു പത്രോസ് നടത്തിയ പ്രസംഗത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ സംക്ഷിപ്തമായ ഒരു രൂപം നമുക്കു ലഭിക്കുന്നുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ഗാഢമായ ബന്ധവും അവരിൽ ഓരോ വ്യക്തികളുടെയും പ്രത്യേകതകളും ഈ പ്രസംഗത്തിൽ എടുത്തുകാട്ടുന്നു. യേശുവിലൂടെ പ്രവർത്തിച്ചതു ദൈവമാണ്. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ ദൈവത്തിന്റെ പ്രവർത്തനങ്ങളായിരുന്നു. യേശുവിന്റെ മരണത്തിന് യഹൂദനേതാക്കൾ ഉത്തരവാദികളാണെങ്കിലും അതു ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണമായിരുന്നു. യേശുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചതും കർത്താവായി മഹത്വപ്പെടുത്തിയതും ദൈവംതന്നെ. പരിശുദ്ധാത്മാവ് പിതാവിന്റെ വാഗ്ദാനമാണ്. ഈ വാഗ്ദാനം സ്വീകരിച്ച് ആത്മാവിനെ വർഷിച്ചത് യേശുവാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിക്കുന്നവർക്കു പാപമോചനം ലഭിക്കുന്നു.

പരിശുദ്ധ ത്രിത്വം എന്ന ദൈവിക രഹസ്യത്തിലേക്കുള്ള ആദ്യത്തെ ഉൾക്കാഴ്ചയാണിത്. ഇവിടെ പിതാവിനെ മാത്രമേ ദൈവം ***(ഹോ തെയോസ്)*** എന്നു വിളിക്കുന്നുള്ളു. യഹൂദർ "യാഹ്‌വേ" എന്നു വിളിച്ചിരുന്ന ദൈവം തന്നെയാണിത്. പിതാവായ ദൈവമാണ് എല്ലാ പ്രവൃത്തികളുടെയും മൂലകാരണം. പിതാവിൽ കേന്ദ്രീകൃതമായൊരു വിശ്വാസപ്രഖ്യാപനമാണ് പത്രോസ് നടത്തുന്നത്. അതേസമയം "യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി" (അപ്പ 3,26) എന്ന പ്രഖ്യാപനം യേശുവിന്റെ ദൈവത്വത്തിലേക്കു വിരൽ ചൂണ്ടുന്നതാണ്. യഹൂദർ ദൈവത്തെ മാത്രമേ "കർത്താവ്" എന്നു വിളിച്ചിരുന്നുള്ളു. യാഹ്‌വേ എന്ന പേരിന്റെ വിവർത്തനമാണിത്. യേശുവിനെ 'കർത്താവ്' എന്നു വിളിക്കുകവഴി അവിടുത്തെ ദൈവത്വത്തെ പരോക്ഷമായി ഏറ്റുപറയുകയാണിവിടെ. പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത് യേശുവാണ്. യേശുവിന്റെ നാമത്തിൽ മാത്രമേ പാപമോചനം ലഭിക്കൂ. ഈ പ്രഖ്യാപനങ്ങളും യേശു ദൈവമാണ് എന്ന അപ്പസ്തോലിക വിശ്വാസത്തിന്റെ സൂചനകൾ ഉൾക്കൊള്ളുന്നു.

യഹൂദനേതാക്കൾ തള്ളിപ്പറയുകയും മരണത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്ത യേശുവിനെ ദൈവം തന്റെ മകനായി ഏറ്റുപറയുകയും മഹത്വപ്പെടുത്തുകയും ചെയ്തു എന്നു പ്രഘോഷിച്ചുകൊണ്ടാണ് പത്രോസ് തന്റെ രണ്ടാമത്തെ പ്രസംഗം ആരംഭിക്കുന്നത്. 'ദാസൻ' എന്നു വിവർത്തനം ചെയ്യുന്ന ***'പയിസ്'*** എന്ന ഗ്രീക്കുപദത്തിന് 'മകൻ' എന്നും അർത്ഥമുണ്ട്. പരിപൂർണ്ണമായ അനുസരണവും വിധേയത്വവും സൂചിപ്പിക്കുന്നതാണ് ഈ

പദം. യേശുവിനെ ഇവിടെ "ജീവന്റെ നാഥൻ" എന്നാണ് പത്രോസ് വിശേഷിപ്പിക്കുന്നത്. യഹൂദരെ സംബന്ധിച്ചിടത്തോളം ജീവന്റെ നാഥൻ ദൈവം മാത്രമാണ്. തങ്ങളുടെ അനുഭവത്തിന്റെ ആഴങ്ങൾ തുറന്നുകാണിക്കാൻ ശ്രമിക്കുന്ന അപ്പസ്തോലന്മാർ യേശു ദൈവമാണ് എന്നു വ്യക്തമായി ഇനിയും പറയുന്നില്ല. അതിലേക്കു സൂചനകൾ നല്കുക മാത്രമേ ചെയ്യുന്നുള്ളു.

യേശുക്രിസ്തുവിന്റെ നാമത്തിൽ സംഭവിക്കുന്ന അത്ഭുതങ്ങൾ അവന്റെ ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കുന്നു. "മറ്റാരിലും രക്ഷയില്ല. ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കായി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (അപ്പ 4,12). മൂന്നാം പ്രസംഗത്തിലെ ഈ പ്രഖ്യാപനം യേശുവിനെ ഏകരക്ഷകനായി ഏറ്റുപറയുമ്പോൾ അവിടുത്തെ ദൈവിക സ്വഭാവത്തിലേക്കു വിരൽചൂണ്ടുന്നു. യഹൂദരുടെ വിശ്വാസത്തിൽ ദൈവം മാത്രമാണ് രക്ഷകൻ.

കർത്താവ്, രക്ഷകൻ, ജീവന്റെ നാഥൻ, പാപമോചനം നല്കുന്നവൻ എന്നിങ്ങനെയുള്ള നാമങ്ങളിലൂടെ യേശുവിന്റെ ദൈവിക വ്യക്തിത്വത്തെ അപ്പസ്തോലന്മാർ പ്രഘോഷിച്ചു. യേശുവിനെ ദൈവം ഉയിർപ്പിച്ചു, മഹത്വീകരിച്ചു, സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്ത് ഇരുത്തി തുടങ്ങിയ പ്രസ്താവനകളിലൂടെ എല്ലാറ്റിന്റെയും ഉറവിടവും ആദികാരണവും പിതാവായ ദൈവമാണെന്നും അവർ ഏറ്റുപറഞ്ഞു. തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ സാധ്യമല്ലാത്തവിധം തങ്ങളെ ഉള്ളിൽനിന്നു തള്ളിവിടുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് എന്നും അവർ വ്യക്തമാക്കി. ഭീഷണികളുടെയും പീഡനങ്ങളുടെയും മധ്യത്തിൽ നിർഭയരായി യേശുവിനു സാക്ഷ്യം നല്കാൻ ശക്തിപ്പെടുത്തുന്ന ആത്മാവ് ദൈവംതന്നെയാണ്. കാരണം ഈ ആത്മാവിന്റെ പ്രചോദനത്തിനു വഴങ്ങുന്നത് ദൈവത്തെ അനുസരിക്കലാണ് (അപ്പ 4,19).

വിജാതീയനായ കൊർണേലിയൂസിന്റെ വീട്ടിൽവച്ചു പത്രോസ് നടത്തിയ പ്രസംഗത്തിൽ സുവിശേഷ പ്രഘോഷണത്തിന്റെ മറ്റൊരു സംക്ഷിപ്തരൂപം കാണാം. ജോർദ്ദാനിൽ വച്ചുള്ള സ്നാനം പരസ്യജീവിതത്തിനൊരുക്കമായുള്ള യേശുവിന്റെ അഭിഷേകമായിരുന്നു. പിതാവായ ദൈവം പരിശുദ്ധാത്മാവിനെ നല്കിയാണ് യേശുവിനെ അഭിഷേചിച്ചത്. നന്മ പ്രവർത്തിച്ചു ചുറ്റിനടന്ന യേശുവിനെ യഹൂദർ കുരുശിൽ തറച്ചുകൊന്നു. ദൈവം അവനെ മൂന്നാംദിവസം ഉയിർപ്പിച്ചു; എല്ലാവരുടെയും വിധികർത്താവായി നിയോഗിച്ചു. അവനിൽ വിശ്വസിക്കുന്നവർ അവന്റെ നാമംവഴി പാപമോചനം പ്രാപിക്കും.

ഈ പ്രസംഗങ്ങളിലെല്ലാം കേന്ദ്രബിന്ദുവായി നില്ക്കുന്നത് യേശു

വിന്റെ ഉത്ഥാനമാണ്. അതുവഴിയാണ് മനുഷ്യചരിത്രത്തിൽ ദൈവം നിർണ്ണായകമായി ഇടപെട്ടതും ആ ചരിത്രത്തിനു പുതിയ മാനവും ലക്ഷ്യവും നല്കിയതും. യേശുക്രിസ്തു യഥാർത്ഥത്തിൽ ദൈവപുത്രനാണെന്ന് ഉത്ഥാനത്തിലൂടെ ദൈവംതന്നെ പ്രഖ്യാപിക്കുന്നു. ദൈവത്തിന്റേതായ നാമങ്ങൾ യേശുവിനു നല്കുന്നതിലൂടെ യേശുവിനെ ദൈവമായി ശിഷ്യസമൂഹം ഏറ്റുപറയുന്നു. പിതാവായ ദൈവം ആത്മാവിനെ അയച്ച് യേശുവിനെ അഭിഷേകം ചെയ്തു; ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞ യേശു നന്മ പ്രവർത്തിച്ചു കടന്നുപോയി; പിതാവ് യേശുവിനെ മരണത്തിൽനിന്നുയർപ്പിച്ച് രക്ഷകനും വിധികർത്താവുമാക്കി മഹത്വീകരിച്ചു. മഹത്വീകൃതനായ യേശു പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിൽ വസിച്ച് യേശുവിനു സാക്ഷ്യം നല്കാൻ അവർക്കു പ്രചോദനവും ശക്തിയും ധൈര്യവും നല്കുന്നു. യേശുവിന്റെ മരണവും ഉത്ഥാനവുംവഴി മനുഷ്യ വർഗ്ഗത്തിനു മുഴുവൻ പാപമോചനം സാധ്യമായി. യേശുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ ലഭിക്കുകയും അവർ പാപങ്ങൾ മോചിക്കപ്പെട്ട് ദൈവവുമായി ഐക്യപ്പെടുകയും ചെയ്യുന്നു. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളെയും അവരുടെ പ്രവൃത്തികളെയും കുറിച്ചുള്ള ആദിമ സുവിശേഷ പ്രഘോഷണത്തിന്റെ രത്നച്ചുരുക്കമാണിത്. ക്രിസ്തീയ വിശ്വാസത്തിന്റെ കാതൽ ഇവിടെ കാണാം. ഈ വിശ്വാസം കാലക്രമത്തിൽ കൂടുതലായി വിശദീകരിക്കപ്പെട്ടു; കൂടുതൽ വ്യക്തമായി നിർവചിക്കപ്പെട്ടു. വിശ്വാസത്തിന്റെ ഈ വളർച്ചയ്ക്ക് വി. പൗലോസിന്റെ ലേഖനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

**2.വി.പൗലോസിന്റെ ലേഖനങ്ങളിൽ:** പരിശുദ്ധത്രിത്വം എന്ന ദൈവിക രഹസ്യത്തിലേക്ക് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലൂടെ നമുക്ക് കൂടുതൽ ഉൾക്കാഴ്ച ലഭിക്കുന്നു. താൻ സ്ഥാപിച്ച സഭകൾക്ക് വിവിധ സാഹചര്യങ്ങളിൽ പൗലോസ് എഴുതിയതാണ്, റോമാക്കാർക്കുള്ളതൊഴികെ, മറ്റെല്ലാ ലേഖനങ്ങളും. ഇവയൊന്നും പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള സുചിന്തിതവും ക്രമീകൃതവുമായ പഠനങ്ങളല്ല. താൻ പ്രസംഗിച്ച സുവിശേഷം സഭകളെ ഓർമ്മിപ്പിക്കുകയും അതിന്റെ വെളിച്ചത്തിൽ സഭാജീവിതത്തെ ക്രമീകരിക്കാൻ ഉപദേശിക്കുകയുമാണ് പൗലോസ് തന്റെ ലേഖനങ്ങളിലൂടെ ചെയ്യുന്നത്. ഏ.ഡി. 50–64 വർഷങ്ങൾക്കിടയിൽ എഴുതപ്പെട്ട ഈ ലേഖനങ്ങൾ സശ്രദ്ധം വായിച്ചാൽ പ. ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ വളർച്ചയും ഈ രഹസ്യത്തെക്കുറിച്ചു സാവധാനം ലഭിക്കുന്ന വ്യക്തതയും കാണാനാവും.

പിതാവായ ദൈവം, കർത്താവായ യേശുക്രിസ്തു, പരിശുദ്ധാത്മാവ് എന്നിങ്ങനെയാണ് ത്രിയേകദൈവത്തെക്കുറിച്ച് ലേഖനങ്ങളിൽ കാണുക.

ഡമാസ്കസിലേക്കുള്ള വഴിയിൽ വച്ച് ഉത്ഥിതനായ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയതിലൂടെ ആരംഭിച്ച പൗലോസിന്റെ വിശ്വാസജീവിതത്തിൽ നിറഞ്ഞു നിന്നത് യേശുവിന്റെ മരണവും ഉത്ഥാനവുമായിരുന്നു. ഇതിന്റെ വെളിച്ചത്തിലാണ് പൗലോസ് തന്റെ വിശ്വാസത്തെ വിശദീകരിച്ചതും സുവിശേഷം പ്രസംഗിച്ചതും. "നിങ്ങളുടെ ഇടയിലായിരുന്നപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു" (1 കോറി 2,2). പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് ലേഖനങ്ങളിൽ കാണുന്ന കാര്യങ്ങൾ, ലേഖനങ്ങളുടെ കാലപരിഗണനകൂടാതെ വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

'നമ്മുടെ പിതാവായ ദൈവത്തിൽനിന്നു കൃപയും സമാധാനവും' ആശംസിച്ചുകൊണ്ടാണ് ലേഖനങ്ങൾ എല്ലാംതന്നെ ആരംഭിക്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തനങ്ങൾ ലേഖനങ്ങളിൽ പലേടത്തായി വിശദീകരിച്ചിട്ടുണ്ട്. "കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ" എന്ന സമാപനാശീർവ്വാദത്തോടെ മിക്ക ലേഖനങ്ങളും അവസാനിക്കു. "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്ന ആശീർവ്വാദം ഒരിക്കൽ മാത്രമേ (2 കോറി 13,14) കാണുന്നുള്ളു. എന്നാലും പരിശുദ്ധത്രിത്വത്തെയും, ത്രിത്വത്തിലെ ഓരോ വ്യക്തിയുടെയും പ്രവൃത്തികളെയും സംബന്ധിച്ച് ഏറ്റം സംക്ഷിപ്തമായൊരു വിശ്വാസ പ്രഖ്യാപനമാണിത്.

**i പിതാവായ ദൈവം:** ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും" (റോമ 15,6; 2 കോറി 1,3; എഫേ 1,3) എന്നാണ് ലേഖനങ്ങൾ ദൈവത്തെ വിശേഷിപ്പിക്കുന്നത്. ഈ വിശേഷണമില്ലാതെ "പിതാവായ ദൈവം" എന്നോ "ദൈവം" (*ഹൊതെയോസ്*) എന്നോ വിളിക്കുന്നതും യേശുക്രിസ്തു "പിതാവേ" എന്നു വിളിച്ച ദൈവത്തെത്തന്നെയാണ്. അവിടുന്ന് യുഗങ്ങളുടെ രാജാവും അനശ്വരനും, അദൃശ്യനും, ഏകനുമാണ് (1 തിമോ 1,17). പിതാവായ ദൈവം യേശുക്രിസ്തുവിലൂടെ എല്ലാം സൃഷ്ടിച്ചു (എഫേ 2,10). എല്ലാ പിതൃത്വങ്ങൾക്കും ആദികാരണവും അടിസ്ഥാനവുമായ പിതാവ് (എഫേ 3,15) ലോകസ്ഥാപനത്തിനു മുമ്പുതന്നെ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു (എഫേ 1,4). പാപികളായ നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വപുത്രനെ ഏല്പിച്ചുതന്ന ദൈവം (റോമാ 8,32) ആ പുത്രന്റെ മരണത്തിലൂടെ നമ്മോടുള്ള തന്റെ അനന്തമായ സ്നേഹം വെളിപ്പെടുത്തി (റോമ 5,8).

നമ്മുടെ നീതികരണത്തിനുവേണ്ടി "പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി" (2 കോറി 5,21).

പാപത്തിന്റെ അടിമത്തത്തിൽനിന്ന് യേശുക്രിസ്തുവഴി പിതാവായ ദൈവമാണു നമ്മെ സ്വതന്ത്രരാക്കുന്നത് (റോമാ 7,25). നമുക്ക് യഥാർത്ഥമായ മോചനം നല്കാൻവേണ്ടി യേശുക്രിസ്തു തന്നെത്തന്നെ ബലിയർപ്പിക്കണം എന്നത് പിതാവിന്റെ അഭീഷ്ടമായിരുന്നു (ഗലാ 1,4). ഇതു ക്രൂരതയോ സ്വാർത്ഥതയോ അല്ല, നമ്മോടുള്ള പിതാവിന്റെ അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. തന്റെ അഭീഷ്ടത്തിനു പൂർണ്ണമായി കീഴ്വഴങ്ങിയ യേശുവിനെ പിതാവായ ദൈവം മരണത്തിൽനിന്നുയിർപ്പിച്ച് (റോമാ 10,9) എല്ലാ സൃഷ്ടികൾക്കുംമേൽ കർത്താവും നാഥനുമായി ഉയർത്തി (ഫിലി 2,9-10). യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുംവഴി ദൈവം നമ്മുടെ പാപം ക്ഷമിച്ച് (എഫേ 4,32) നമ്മെ തന്നോടു രമ്യപ്പെടുത്തി (2 കോറി 5,18).

രക്ഷകനായ യേശുക്രിസ്തുവിലൂടെ ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ച് (തീത്തോ 3,6) തന്നെ "അബ്ബാ", പിതാവേ എന്നു വിളിക്കാൻ (റോമാ 8,15) നമ്മെ ശക്തിപ്പെടുത്തി. ദൈവം തന്റെ പുത്രനിലൂടെ നമ്മെ സ്വന്തം മക്കളും അവകാശികളുമായി സ്വീകരിച്ചു. നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മിൽ വസിച്ചുകൊണ്ട് (1 കോറി 3,16) എല്ലാ ക്ലേശങ്ങളിലും നമ്മെ ആശ്വസിപ്പിക്കുകയും എല്ലാ സൽപ്രവൃത്തികളും ചെയ്യാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്നു. (2 തെസ 2,16-17). അവിടുന്നു നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന നിത്യഭാഗ്യം മനുഷ്യഭാവനയുടെ സകല അതിരുകളെയും അതിശയിക്കുന്നതാണ് (1 കോറി 2,9).

പിതാവായ ദൈവം നമ്മെ, പാപങ്ങൾ ക്ഷമിച്ച്, മക്കളായി സ്വീകരിച്ചിരിക്കുന്നതിനാൽ മക്കൾക്കു യോജിച്ചവിധം നാം വ്യാപരിക്കണം. നമ്മൾ ദൈവത്തെ അനുകരിക്കുന്നവരാകണം (എഫേ 5,1). ക്രിസ്തീയ ധാർമ്മികതയുടെ അടിസ്ഥാനമായി വി.പൗലോസ് എടുത്തുകാട്ടുന്നത് നമ്മുടെ ദൈവപുത്രസ്ഥാനമാണ്. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാനുള്ള (എഫേ 4,24) ശ്രമമാണ് നമ്മെ വിശുദ്ധജീവിതത്തിനു പ്രേരിപ്പിക്കേണ്ടത്.

എല്ലാ പ്രാർത്ഥനകളും യാചനകളും കൃതജ്ഞതാസ്തോത്രങ്ങളും യേശുക്രിസ്തുവഴി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കണം (ഫിലി 4,6; കൊളോ 3,17). നമ്മുടെ എല്ലാ പ്രവൃത്തികളും പിതാവായ ദൈവത്തിന്റെ മഹത്വത്തിനായിട്ടാണ് നാം ചെയ്യേണ്ടത്. യേശുക്രിസ്തുവിനെ കർത്താവായി ഏറ്റുപറയുന്നതുപോലും അതിനുവേണ്ടിയാണ് (ഫിലി 2,11).

**ii ദൈവപുത്രൻ:** യേശുക്രിസ്തു എന്ന പേര് മനുഷ്യനായി അവ

തരിച്ച ദൈവപുത്രൻ സ്വീകരിച്ചതാണ്. എന്നാൽ മനുഷ്യനായി അവതരിക്കുന്നതിനുമുമ്പ് ദൈവപുത്രൻ പിതാവായ ദൈവത്തോടു സമനായിരുന്നു. അവൻ "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും" ആണ് (കൊളോ 1,15; 2 കോറി 4,4). ദൈവത്തിൽനിന്നു ജനിച്ചവനാകയാൽ അവനെ പുത്രൻ എന്നു വിളിക്കുന്നു. എന്നാൽ മാനുഷികമോ ശാരീരികമോ ആയ ഒരു പ്രത്യുൽപാദനമല്ല അത്. അനാദിമുതലേ ദൈവം പിതാവും പുത്രനുമായിരുന്നു എന്ന സൂചനയാണ് "എല്ലാ സൃഷ്ടികൾക്കും മുമ്പ്" എന്ന പ്രയോഗത്തിൽ നിന്നു ലഭിക്കുക. സമയം ഉണ്ടാകുന്നതിനുമുമ്പ് പുത്രൻ പിതാവിൽനിന്നു ജനിച്ചു. പുത്രൻ സൃഷ്ടികളിൽനിന്നു തികച്ചും വ്യത്യസ്തനാണ്. കാരണം മറ്റെല്ലാം സൃഷ്ടിക്കപ്പെട്ടു എന്നു പറയുമ്പോൾ പുത്രനെക്കുറിച്ച് "ആദ്യജാതൻ" എന്നാണു പറയുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രനിലൂടെ നമുക്കും പുത്രസ്ഥാനം ലഭിക്കുകയും അങ്ങനെ മനുഷ്യരെല്ലാം ദൈവമക്കളായിത്തീരുകയും ചെയ്യുന്നതിനാലാണ് 'ആദ്യജാതൻ' എന്നു വിളിക്കുന്നത്. 'ആദ്യജാതൻ' എന്നതിന് ഏകജാതൻ എന്നും അർത്ഥമുണ്ട്. നമ്മുടെ ദൈവപുത്രസ്ഥാനം സ്വഭാവികമല്ല, ദാനമായി ലഭിച്ച ദത്തുപുത്രസ്ഥാനമാണ്; ദൈവപുത്രന്റേതോ സ്വഭാവികവും.

പുത്രൻ പിതാവിനോടു സമനായിരുന്നു എന്നു വ്യക്തമാക്കുന്നതാണ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിലെ ക്രിസ്തു കീർത്തനം (ഫിലി 2,6–11). "ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ – അതെ കുരിശുമരണംവരെ – അനുസരണമുള്ളവനായി അവൻ തന്നെത്തന്നെ താഴ്ത്തി". ദൈവത്തിന്റെ സ്വയം ശൂന്യവത്ക്കരണമാണ് മനുഷ്യാവതാരത്തിൽ സംഭവിക്കുന്നത്; ഈ ശൂന്യവല്ക്കരണത്തിനുള്ള പ്രേരകശക്തിയാകട്ടെ മനുഷ്യരോടുള്ള സ്നേഹവും. മനുഷ്യാവതാരത്തിലെ ശൂന്യവത്ക്കരണത്തിലൂടെയാണ് ദൈവം നമുക്ക് സ്വയം വെളിപ്പെടുത്തിയത്. ഈ വെളിപ്പെടുത്തലിൽ ദൈവം പിതാവും പുത്രനുമായി തന്റെ ആന്തരീക ജീവൻ തുറന്നുകാട്ടുന്നു. ദൈവത്തിന്റെ പുത്രൻ "ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനാണ്" (റോമാ 1,3) എന്നു പറയുമ്പോൾ മനുഷ്യാവതാരത്തിനു മുമ്പുള്ള അവസ്ഥയിലേക്ക് പൗലോസ് വിരൽചൂണ്ടുന്നു.

തനിക്കു വെളിപ്പെടുത്തപ്പെട്ട "ദൈവത്തിന്റെ രഹസ്യമായ ക്രിസ്തുവിനെ" (കൊളോ 2,2) ആണ് പൗലോസ് പ്രസംഗിക്കുന്നത്. നിത്യതയിൽ തന്നോടൊത്തായിരുന്ന തന്റെ പുത്രനെ കാലത്തിന്റെ സമ്പൂർണ്ണതയിൽ

ദൈവം ഭൂമിയിലേക്കയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി നിയമത്തി നധീനനായി ജീവിച്ചു (ഗലാ 4,4). ദൈവത്വത്തിന്റെ പൂർണ്ണത മുഴുവൻ ആരിൽ കുടികൊണ്ടിരിക്കുന്നുവോ (കൊളോ 2,9) ആ പുത്രൻ ഇസ്രായേ ലിന്റെ നിയമപ്രകാരം ശപിക്കപ്പെട്ടവനായി കുരിശുമരണത്തിന് സ്വയം ഏല്പി ച്ചുകൊടുത്തു (ഗലാ 3.13).

മനുഷ്യവർഗ്ഗത്തെ മുഴുവനായും, ഓരോ മനുഷ്യനെയും വ്യക്തിപ രമായും താൻ എത്രമാത്രം സ്നേഹിക്കുന്നു എന്ന് കുരിശുമരണത്തിലൂടെ ദൈവപുത്രൻ വ്യക്തമാക്കി (ഗലാ 2,20). പാപികളായ നമ്മെ പാപത്തിന്റെ ദാസ്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും മരണത്തിന്റെ അടി മത്തത്തിൽ നിന്ന് നിത്യജീവനിലേക്കും മോചിപ്പിക്കാൻവേണ്ടിയാണ് ദൈവ ത്തോടു സമനായ ദൈവപുത്രൻ അടിമയുടെ ശിക്ഷയായ കുരിശുമരണം ഏറ്റെടുത്തത്. ഇത് ഒരു ആത്മബലിയായിരുന്നു, പിതാവിനു സ്വീകാര്യമായ സമ്പൂർണ്ണ സമർപ്പണം.

ദൈവഹിതം നിരസിച്ച് സ്വയം ദൈവമാകാൻ ശ്രമിച്ച ആദ്യമനുഷ്യ നിൽ തുടങ്ങി മനുഷ്യവർഗ്ഗത്തെ മുഴുവൻ അടിമയാക്കിയ പാപത്തിന്റെ മേൽ ദൈവഹിതത്തിനു സ്വയം പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് യേശു ക്രിസ്തു വിജയം വരിച്ചു. അങ്ങനെ ആദം എന്ന ഒരു മനുഷ്യനിലൂടെ കട ന്നുവന്ന പാപത്തിൽനിന്ന് മനുഷ്യനായ ദൈവപുത്രൻ മനുഷ്യനെ മോചി പ്പിച്ചു (റോമാ 5,12-21).

അനുസരണത്തിന്റെയും ഒപ്പം അനന്തമായ സ്നേഹത്തിന്റെയും പര മമായ പ്രകടനമാണ് കുരിശുമരണം. പിതാവായ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ആഴം തന്റെ ഏകജാതനെ നമുക്കുവേണ്ടി മരണത്തിന് ഏല്പിച്ചു കൊടുത്തതിൽ പ്രകടമായതുപോലെ (റോമാ 8,32) പുത്രനായ ദൈവത്തിന് നമ്മോടുള്ള സ്നേഹം മനുഷ്യാവതാരവും കുരിശുമര ണവുംവഴി വെളിവാക്കപ്പെട്ടു.

പ്രവാചകന്മാർവഴി മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്ന രക്ഷാകരപദ്ധതി യുടെ പൂർത്തീകരണമായിരുന്നു യേശുവിന്റെ മരണം. നമ്മുടെ പാപത്തിനു പരിഹാരമായി സ്വയം സമർപ്പിച്ച യേശു നമ്മുടെ നീതികരണത്തിനായി മര ണത്തിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു (റോമാ 4,24-25). അവനിലൂടെയാണ് നമുക്കു പിതാവുമായി രമ്യതയിലെത്താൻ കഴിഞ്ഞത്; അവനിലൂടെയാണ് നമുക്ക് ദൈവമക്കളുടെ സ്ഥാനം ലഭിച്ചത്; അവനിലൂടെയാണ് നാം ദൈവിക ജീവനിൽ പങ്കുകാരാകുന്നത്. ഉത്ഥിതനായ യേശുക്രിസ്തു തന്റെ മഹത്വ ത്തിലേക്കു പ്രവേശിച്ച് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യ വർഗ്ഗം മുഴുവനും വേണ്ടി നിരന്തരം മാധ്യസ്ഥ്യം വഹിക്കുന്നു (1 തിമോ

2,5). അങ്ങനെ കുരിശുമരണവും ഉത്ഥാനവുംവഴി യേശു നിത്യപുരോഹിതനായി (ഹെബ്രാ 8.1-6) എന്ന ഹെബ്രായർക്കുള്ള ലേഖനത്തിലെ പ്രഖ്യാപനം വി.പൗലോസിന്റെ പഠനത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്. സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പം ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തുവിലാണ് നമ്മുടെ ജീവൻ (കൊളോ 3,4).

മഹത്വീകൃതനായ ദൈവപുത്രൻ നമ്മിൽ നിന്നകലെയല്ല. "യേശുക്രിസ്തു നിങ്ങളിലുണ്ട് എന്ന് നിങ്ങൾക്കു ബോധ്യമായിട്ടില്ലേ?" (2 കോറി 13,5). "വിശ്വാസംവഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു" (എഫേ 3,17). വിശ്വാസവും ജ്ഞാനസ്നാനവും വഴിയാണ് നാം ക്രിസ്തുവിനോട് ഐക്യപ്പെടുന്നത്. അതുവഴി അവന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുകാരാകുന്നവർ (റോമാ 6,3-5) കഴുകി ശുദ്ധീകരിക്കപ്പെട്ടവരാണ് (എഫേ 5,26). ഇപ്രകാരം ക്രിസ്തുവിനോട് ഐക്യപ്പെട്ടവർ സഭയാകുന്ന ശരീരത്തിലെ അംഗങ്ങളാകുന്നു. ആ ശരീരത്തിന്റെ ശിരസ്സ് ക്രിസ്തു തന്നെയാണ് (കൊളോ 1,18). മനുഷ്യനും ദൈവവും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലും പരിപൂർണ്ണ ഐക്യം പുനഃസ്ഥാപിതമാകുന്നതും ഈ ഐക്യം നിരന്തരം വളരുന്നതും യേശുക്രിസ്തു വഴിയാണ് (എഫേ 2,14-16).

മനുഷ്യവർഗ്ഗത്തിന്റെ വിമോചകനും അനുരഞ്ജകനുമായ ക്രിസ് തു യുഗാന്ത്യത്തിൽ വീണ്ടും വരും. അന്ന് വിധി കർത്താവായിട്ടായിരിക്കും അവൻ വരുക (1 തെസ 2,19; 3,13; 4,15-17). സ്വർഗ്ഗത്തിൽ നിന്ന് കർത്താവായ യേശു വീണ്ടും വരുമ്പോൾ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേല്ക്കും. അത് ഒരു പുതിയ സൃഷ്ടിക്കു തുല്യമായിരിക്കും (1കോറി 15,52). അതോടെ മനുഷ്യവർഗ്ഗത്തിന്റെ അവസാന ശത്രുവായ മരണവും പൂർണ്ണമായി നശിപ്പിക്കപ്പെടും (1കോറി 15,54). അങ്ങനെ മനുഷ്യന്റെ വിമോചനം പൂർണ്ണമാക്കുന്നതും ക്രിസ്തുവാണ്.

യേശുക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധമാണ് വിശ്വാസികളുടെ ശക്തികേന്ദ്രം. "എനിക്കു ജീവിതം ക്രിസ്തുവാണ്; മരണം നേട്ടവും" (ഫിലി 1,21). ക്രിസ്തുവിനുവേണ്ടി സർവ്വതും നഷ്ടമാക്കുകയും അവന്റെ സഹനത്തിൽ പങ്കുചേരുകയും (ഫിലി 3,8-10) അവനോടുകൂടെ ക്രൂശിതനാവുകയും (ഗലാ 2,20) ചെയ്യുന്നത് ഈ സ്നേഹത്തിന്റെ അനുഭവത്തിൽ നിന്നു ലഭിക്കുന്ന ശക്തിയാലത്രെ. ക്രിസ്തീയ ജീവിതത്തിന്റെ ശക്തികേന്ദ്രം ക്രിസ്തുവിന്റെ സ്നേ ഹമാണ്; ക്രിസ്തീയ ധാർമ്മികതയുടെ മാനദണ്ഡവും ഈ സ്നേഹംതന്നെ.

**iii പരിശുദ്ധാത്മാവ്:** ദൈവപുത്രന്റെ മരണവും ഉത്ഥാനവുംവഴി ലഭ്യമായ മോചനത്തിലും ദൈവിക ജീവനിലും നമ്മെ പങ്കുകാരാക്കുന്നത് ദൈവത്തിന്റെ ആത്മാവാണ്. യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിനെ ദൈവം നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചു (തീത്തോ 3,6). ദൈവത്തിന്റെ ആത്മാവ് വിശ്വാസവും ജ്ഞാനസ്നാനവും വഴി നമ്മെ കഴുകി ശുദ്ധീകരിച്ച് (തീത്തോ 3,5) നമ്മെ ദൈവത്തിന്റെ മക്കളായി മുദ്ര കുത്തുന്നു (എഫേ 1,13; 4,30). ആത്മാവ് നമ്മിൽ നിരന്തരം വസിക്കുന്നതിനാൽ നമ്മൾ ദൈവത്തിന്റെ ആലയങ്ങളാണ് (1 കോറി 6,19). ഈ ആത്മാവാണ് ദൈവത്തെ "അബ്ബാ" എന്നു വിളിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്നു സാക്ഷ്യം നല്കുന്ന ആത്മാവ് (റോമാ 8,16) ദൈവമക്കളുടേതായ സ്വാതന്ത്ര്യം നമുക്കു പ്രദാനം ചെയ്യുന്നു.

ദൈവത്തിന്റെ നിഗൂഢ രഹസ്യങ്ങൾ ദൈവാത്മാവ് നമുക്ക് വെളിപ്പെടുത്തിത്തരുന്നു (1 കോറി 2,10). യേശുവിനെ കർത്താവായി ഏറ്റുപറയാൻ പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ നമുക്കു സാധിക്കുകയുള്ളു (1 കോറി 12,3). വിവിധങ്ങളായ വരങ്ങളും ദാനങ്ങളും നല്കി യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും (1 കോറി 12,4-11; ഗലാ 5,22-23) അങ്ങനെ ദൈവത്തിന്റെ ആലയമാകുന്ന സഭയെ പണിതുയർത്തുന്നതും (എഫേ 2,22) ദൈവത്തിന്റെ ആത്മാവാണ്. വ്യക്തികളുടെയും സഭാസമൂഹം മുഴുവന്റെയും വിശുദ്ധീകരണം (റോമാ 15,16) ദൈവാത്മാവിന്റെ പ്രവർത്തനമാണ്. യേശുവിനു സാക്ഷ്യം വഹിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്ത ശിഷ്യന്മാരിലൂടെ പ്രകടമായത് ആത്മാവിന്റെ ശക്തിയാണ് (1 കോറി 2,4; 1തെസ. 1,5 -6). ക്രിസ്തുവഴി നമ്മിലേക്ക് ദൈവം സമൃദ്ധമായി ചൊരിഞ്ഞ ആത്മാവാണ് ദൈവത്തിനു പ്രീതികരമായവിധം ജീവിക്കാനും പ്രാർത്ഥിക്കാനും നമ്മെ ശക്തരാക്കുന്നത് (റോമാ 8,26).

ഇപ്രകാരമുള്ള പ്രവൃത്തികളിൽനിന്ന് ദൈവാത്മാവിനെ ഒരു ശക്തി മാത്രമായിട്ടല്ല വി.പൗലോസ് മനസ്സിലാക്കിയതെന്ന് വ്യക്തമാകുന്നു. നമ്മിൽ വസിച്ചുകൊണ്ട് സത്യത്തിന്റെ പൂർണ്ണതയിലേക്കു നമ്മെ നയിക്കുകയും, യേശുവിനു സാക്ഷ്യം വഹിക്കാൻ ശക്തിയും ധൈര്യവും നമുക്കു പ്രദാനം ചെയ്യുകയും, നന്മയിൽ വളരാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും, പുനരുത്ഥാനത്തിന്റെ പ്രതീക്ഷ നമ്മിൽ വളർത്തുകയും (റോമാ 8,11) ചെയ്യുന്ന ദൈവത്തിന്റെ ആത്മാവ് ഒരു വ്യക്തിയാണെന്ന നിഗമനത്തിലേക്ക് പൗലോസിന്റെ ലേഖനങ്ങൾ നമ്മെ നയിക്കുന്നു.

**3. സുവിശേഷങ്ങളിൽ:** എ.ഡി. 65-നും -100-നും മധ്യേ ആണ്

സുവിശേഷങ്ങൾ നാലും എഴുതപ്പെട്ടത്. അപ്പോഴേക്കും അന്നറിയപ്പെട്ടിരുന്ന ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷം പ്രഘോഷിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അനേകായിരങ്ങൾ യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏറ്റു പറഞ്ഞു. അതേസമയം യഹൂദരുടെയും വിജാതീയരുടെയും ഭാഗത്തുനിന്ന് ശക്തമായ എതിർപ്പും കഠിനമായ പീഡനങ്ങളും ശിഷ്യസമൂഹം നേരിടേണ്ടിവന്നു. സഭയുടെ നടുത്തൂണുകളായിരുന്ന പത്രോസും പൗലോസും റോമൻ ചക്രവർത്തിയുടെ ക്രൂരമായ പ്രഹരമേറ്റു നിലംപതിച്ചു. യേശുവിന്റെ പീഡാസഹനത്തിൽ പങ്കുചേരുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവന്നു. അവരെല്ലാം ഉത്ഥിതനായ നാഥന്റെ മഹത്വത്തിൽ പങ്കുചേരാമെന്ന പ്രതീക്ഷയോടെയാണ് ജീവൻ വെടിഞ്ഞത്.

യേശുവിനെ നേരിട്ടു കണ്ടറിഞ്ഞവർ നല്കിയ സാക്ഷ്യം വിശ്വസ്തതയോടെ പിൻതലമുറകൾക്കു കൈമാറുക ആവശ്യമായിരുന്നു. ആരിലാണ് തങ്ങൾ വിശ്വാസമർപ്പിക്കുന്നത്, ആരുടെ നാമമാണു തങ്ങൾ ധരിക്കുന്നത് എന്ന് ക്രിസ്ത്യാനികൾ എല്ലാക്കാലത്തും അറിയണം. പീഡനങ്ങൾക്കുമധ്യേ പതറാതെ, പ്രത്യാശയിൽനിന്നുളവാകുന്ന ധൈര്യത്തോടെ, ശിഷ്യന്മാർ തങ്ങളുടെ നാഥനുവേണ്ടി ജീവൻ അർപ്പിക്കാൻ തയ്യാറാകണം. ഉറവിടങ്ങളിൽനിന്ന് സ്ഥലകാലസാഹചര്യങ്ങളാൽ അകന്നകന്നു പോകുമ്പോൾ കടന്നുകൂടുന്ന തെറ്റായ പഠനങ്ങളിൽ നിന്ന് വിശ്വാസത്തെ കാത്തുസൂക്ഷിക്കണം. ഏതാദൃശമായ ആവശ്യങ്ങളെ മുൻനിർത്തിയാണ് സുവിശേഷങ്ങൾ രചിക്കപ്പെട്ടത്.

**i പിതാവും പുത്രനും:** സുവിശേഷകർത്താക്കളെല്ലാം ക്രിസ്ത്യാനികളായിരുന്നു - യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നവർ, സഭയിൽ നിരന്തരം പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി അനുഭവിച്ചറിഞ്ഞവർ, ദൈവത്തെ "അബ്ബാ"എന്നു വിളിച്ചപേക്ഷിക്കുന്നവർ. വ്യക്തിപരമായ വിശ്വാസാനുഭവവും ക്രിസ്തീയ സമൂഹത്തിന്റെ അരനൂറ്റാണ്ടുകാലത്തെ വിശ്വാസ പാരമ്പര്യവും സുവിശേഷ പ്രഘോഷണ മാതൃകകളും, ആരാധനാസമൂഹങ്ങളിൽ ആവർത്തിച്ചുരുവിട്ട വാചിക പാരമ്പര്യങ്ങളായും ലിഖിതങ്ങളായും രൂപംകൊണ്ടു കഴിഞ്ഞിരുന്നു. ഉത്ഥിതനായ നാഥനെ വർഷങ്ങളായി അനുഭവിച്ചറിഞ്ഞവരാണ് സുവിശേഷങ്ങൾ എഴുതിയത്. ആത്മാവിന്റെ പ്രവർത്തനത്തിനു നിരന്തരം വഴിപ്പെട്ടവരായിരുന്നു അവർ. അതിനാൽ സുവിശേഷങ്ങൾ വെറും ചരിത്ര സംഭവങ്ങളുടെ വിവരണങ്ങളല്ല, യേശുവിലുള്ള വിശ്വാസത്തിന്റെ സമഗ്രമായ പ്രഘോഷണങ്ങളാണ്; യേശുക്രിസ്തുവിലൂടെ ദൈവം എപ്രകാരമാണു സ്വയം വെളിപ്പെടുത്തിയത് എന്നതിന്റെ അവതരണമാണ്.

നസ്രത്തിലെ യേശു എന്ന മനുഷ്യൻ ഒരു യഹൂദനായിരുന്നു. യഹൂദനായി യഹൂദരുടെ മധ്യേ അവൻ ജീവിച്ചു. പാലസ്തീനായിലെ യഹൂദരോട് അവൻ സുവിശേഷം പ്രസംഗിച്ചു. എന്നാൽ യഹൂദരുടെ വിശ്വാസങ്ങളെയും പ്രതീക്ഷകളെയും മറികടക്കുന്നതായിരുന്നു അവന്റെ വാക്കും പ്രവൃത്തിയും. സമകാലികർക്ക് അവൻ ഒരു ചോദ്യചിഹ്നമായി; യഹൂദനേതാക്കൾക്ക് അവൻ അപകടകാരിയായ ദൈവദൂഷകനായി. ദൈവത്തെക്കുറിച്ച് അവൻ പറഞ്ഞ കാര്യങ്ങൾ, ദൈവത്തിന്റെ നാമത്തിൽ അവൻ ചെയ്ത പ്രവൃത്തികൾ, ദൈവവുമായി തനിക്കുണ്ടെന്ന് അവൻ അവകാശപ്പെട്ട പ്രത്യേകബന്ധം - ഇതെല്ലാം അദൃശ്യനും അഗ്രാഹ്യനും പരമപരിശുദ്ധനും ഏകദൈവവുമായ യാഹ്വേയിൽ വിശ്വസിക്കുകയും ആ വിശ്വാസം ജനങ്ങളെ പഠിപ്പിക്കുകയും ചെയ്ത യഹൂദനേതാക്കന്മാർക്ക് കഠിനമായ ദൈവദൂഷണങ്ങളായിട്ടാണ് അനുഭവപ്പെട്ടത്. പരമ്പരാഗതമായി തങ്ങൾ കാത്തുസൂക്ഷിച്ചുപോന്ന ദൈവചിത്രത്തെ നസ്രത്തിൽ നിന്നുള്ള ആ തച്ചന്റെ മകൻ വലിച്ചുകീറുന്നതായി അവർ കരുതി. തങ്ങളുടെ പാരമ്പര്യങ്ങളിൽ മുറുകെപ്പിടിച്ച അവർക്ക് ദൈവം നല്കുന്ന പുതിയ വെളിപാടു ഗ്രഹിക്കാനോ സ്വീകരിക്കാനോ കഴിയാതെ പോയി. യേശുവിലൂടെയുള്ള ദൈവാവിഷ്ക്കരണത്തിന്റെയും പുതിയ വെളിപാടിനുമുമ്പിൽ പ്രകടമാകുന്ന യഹൂദനേതൃത്വത്തിന്റെ ഹൃദയ കാഠിന്യത്തിന്റെയും ഉദ്വേഗജനകമായ ചരിത്രമാണ് സുവിശേഷങ്ങൾ അനാവരണം ചെയ്യുന്നത്.

“അപ്പോൾ പ്രധാന പുരോഹിതൻ വസ്ത്രം വലിച്ചു കീറിക്കൊണ്ടു പറഞ്ഞു: ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം? ദൈവദൂഷ ണം നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ മരണത്തിന് അർഹനാണെന്ന് അവരെല്ലാവരും വിധിച്ചു” (മർക്കോ 14,63–64). സ്വജീവിതത്തിന്റെ അവസാനം, യഹൂദമതത്തിന്റെ പരമാധികാരം കയ്യാളുന്ന സാൻഹെദ്രിൻ സംഘത്തിനുമുമ്പിൽ, സംശയത്തിനു പഴുതടച്ചുകൊണ്ട് യേശു ചെയ്ത ഒരു പ്രഖ്യാപനത്തിന്റെ പ്രതികരണമായിരുന്നു ഇത്. ഏകദേശം മൂന്നുവർഷക്കാലത്തെ പഠനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഒളിഞ്ഞും തെളിഞ്ഞും പ്രകടമായ ഒരു സത്യത്തിന്റെ ഔദ്യോഗികവും പരസ്യവുമായ പ്രഖ്യാപനമാണ് യേശു നടത്തിയത്. അതു തന്റെ വ്യക്തിത്വത്തെയും പിതാവുമായുള്ള ബന്ധത്തെയും സംബന്ധിക്കുന്നതായിരുന്നു. എന്താണ് ഈ ബന്ധം? എന്താണീ വ്യക്തിത്വം? എങ്ങിനെയാണ് യേശു ഇതു പ്രകടമാക്കിയത്? പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച സത്യം യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും സാവധാനം വെളിപ്പെടുന്നത് സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

യഹൂദരെല്ലാം "കർത്താവ്" "സ്വർഗ്ഗസ്ഥൻ" എന്നൊക്കെ വിളിച്ച ദൈവത്തെ "അബ്ബാ" എന്നാണ് യേശു വിളിച്ചിരുന്നത്. കൊച്ചുകുഞ്ഞ് സ്വന്തം പിതാവിനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന ഒരു പദമാണിത്. അപ്പാ, അപ്പച്ചാ, ചാച്ചാ, ഇച്ചാച്ചാ എന്നൊക്കെ കുഞ്ഞുങ്ങൾ വിളിക്കുന്നതുപോലുള്ള ഒരു പദം. ദൈവത്തോടുള്ള യേശുവിന്റെ അനന്യമായ അടുപ്പം വ്യക്തമാക്കുന്നതാണ് ഈ അഭിസംബോധനാരൂപം. പ്രാർത്ഥനകളിലാണ് യേശു ദൈവത്തെ ഇങ്ങനെ വിളിച്ചിരുന്നത്. ഗ്രീക്കുഭാഷയിൽ സുവിശേഷം എഴുതിയവർ ഈ പദം "പിതാവേ" *(ഹോ പത്തേർ)* എന്നു വിവർത്തനം ചെയ്തു. എന്നാൽ ഒരു തവണ വിവർത്തനത്തോടൊപ്പം അരമായ മൂലവും രേഖപ്പെടുത്തിയിരിക്കുന്നു (മർക്കോ. 14,36). ദൈവത്തെ "അബ്ബാ"എന്നു വിളിക്കുന്നത് യഹൂദർക്കു ചിന്തിക്കാൻ പോലും കഴിയുന്നതായിരുന്നില്ല. എന്നാൽ യേശു ദൈവത്തെ 'അബ്ബാ' എന്നു വിളിക്കു ക മാത്രമല്ല അങ്ങനെ വിളിച്ചു പ്രാർത്ഥിക്കാൻ ശിഷ്യന്മാരെ പരിശീലിപ്പിക്കുകയും ചെയ്തു. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയുടെ രണ്ടു രൂപ ങ്ങൾ സുവിശേഷങ്ങളിൽ കാണാം. മത്തായി (6,9-15) "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു വിളിച്ചു തുടങ്ങുമ്പോൾ ലൂക്കാ (11,2-4) "പിതാവേ" എന്നു വിളിച്ചാണ് പ്രാർത്ഥന ആരംഭിക്കുന്നത്. ഇതിൽ രണ്ടാമത്തേത് "അബ്ബാ" എന്നതിന്റെ വിവർത്തനമാണെന്നും യേശു പഠിപ്പിച്ച പ്രാർത്ഥന അതിന്റെ ആദിമ രൂപത്തിൽ ലൂക്കാ സുവിശേഷകനാണു രേഖപ്പെടുത്തിയിരിക്കുന്നതെന്നും കരുതുന്ന ബൈബിൾ പണ്ഡിതന്മാർ ഏറെയുണ്ട്.

ദൈവത്തെ "പിതാവേ" എന്നു വിളിക്കാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചെങ്കിലും അവർക്കു ദൈവത്തോടുള്ള ബന്ധത്തിൽനിന്നു തികച്ചും വിത്യസ്തമാണ് തനിക്കുള്ളത് എന്ന് യേശു വ്യക്തമാക്കി. "എന്റെ പിതാവും നിങ്ങളുടെ പിതാവും" (യോഹ 20,17) എന്നു വ്യവച്ഛേദിച്ചു പറയുന്നത് ഇതിനുദാഹരണമാണ്. "നമ്മുടെ പിതാവ്" എന്ന് യേശു ഒരിക്കലും പറഞ്ഞിട്ടില്ല. "എന്റെ പിതാവ്", "നിങ്ങളുടെ പിതാവ്" എന്നു വേർതിരിച്ച് അനേകം തവണ പറയുകയും ചെയ്തു. ഈ വ്യത്യാസം ദൈവത്തോടുള്ള തന്റെ പ്രത്യേക ബന്ധത്തെ എടുത്തു കാട്ടുന്നതാണ്.

യേശു ആരെന്ന് പിതാവിനും പിതാവ് ആരെന്നു പുത്രനും മാത്രമേ അറിയൂ. പ്രത്യേകമായൊരു വെളിപാടിലൂടെയല്ലാതെ പിതാവിനെയോ പുത്രനെയോ ആർക്കും അറിയാൻ സാധിക്കുകയില്ല (ലൂക്കാ 10,22). ജോർദ്ദാനിലും രൂപാന്തരീകരണത്തിന്റെ മലയിലുംവച്ച് ഈ വെളിപ്പെടുത്തൽ നടന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" (മത്താ 3,17;17,5). യേശുവിന്റെ പ്രവൃത്തികൾ ഈ സത്യം വെളിപ്പെടുത്തുന്നതായിരുന്നു. എന്നാൽ സത്യത്തിനു ഹൃദയം തുറക്കാൻ വിസമ്മതിച്ച യഹൂദനേതാക്കൾക്ക് ഇതു ദൈവദൂഷണ

മായേ കാണാൻ കഴിഞ്ഞുള്ളു.

സാൻഹെദ്രിന്റെ മുമ്പിലെ പരസ്യപ്രഖ്യാപനവും ഇതേ ഫലമാണുള വാക്കിയത്. “നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണോ” എന്ന ചോദ്യത്തിന് യേശു വ്യക്തമായി ഉത്തരം നല്കി: “അതെ. മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും” (മത്താ 26,64; മർക്കോ 14,62). ‘ദൈവത്തിന്റെ പുത്രനായ ക്രിസ്തു’ എന്ന പദപ്രയോഗം ഇസ്രായേലിലെ രാജാക്കന്മാരെക്കുറിച്ചും ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന രക്ഷകനെക്കുറിച്ചും ഉപയോഗിച്ചിരുന്നു. അതിനാൽ താൻ ദൈവത്തിന്റെ പുത്രനാണ് എന്ന് ഏറ്റുപറയുന്നത് മരണാർഹമായ കുറ്റമായി കരുതപ്പെടാവുന്നതായിരുന്നില്ല. എന്നാൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയും വിധിയാളനായി വരുകയും ചെയ്യും എന്നു കൂട്ടിച്ചേർക്കുന്നതിലൂടെ ദൈവപുത്രൻ ദൈവതുല്യനാണെന്ന് യേശു വ്യക്തമാക്കുകയായിരുന്നു. അതുതന്നെയാണ് സാൻഹെദ്രിൻ സംഘം ഒന്നടങ്കം യേശുവിന് മരണശിക്ഷ വിധിക്കാൻ കാരണം. ഉത്ഥിതനായ യേശു ശിഷ്യന്മാർക്കു നല്കുന്ന കല്പന പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് ഏറ്റം വ്യക്തമായ പ്രസ്താവനയാണ്: “പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ” (മത്താ 28,19).

ദൈവത്തിന്റെ പിതൃത്വവും യേശുവിന്റെ ദൈവപുത്രസ്ഥാനവും ഏറ്റം വ്യക്തമായി വെളിപ്പെടുന്നത് യോഹന്നാൻ എഴുതിയ സുവിശേഷത്തിലാണ്. പിതാവും പുത്രനും തമ്മിൽ പരിപൂർണ്ണമായ ഐക്യം നിലനില്ക്കുന്നു. പിതാവ് ഏല്പിച്ച ജോലികൾ മാത്രമാണ് പുത്രൻ ചെയ്യുന്നത് (യോഹ 5,19–21.36). പിതാവു പുത്രനിലും പുത്രൻ പിതാവിലും വസിക്കുന്നു (10,38;14,10–11). പിതാവു പുത്രനെയും പുത്രൻ പിതാവിനെയും പൂർണ്ണമായി അറിയുന്നു (യോഹ 10,15). പുത്രൻ പിതാവിനെയും പിതാവു പുത്രനെയും മഹത്വപ്പെടുത്തുന്നു (യോഹ 12,28; 13,31; 17,1). പിതാവും പുത്രനും തമ്മിലുള്ള ഗാഢമായ ഈ ബന്ധം യേശുവിന്റെ ദൈവത്വത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഇതിനുംപുറമെ, യേശുവിന്റെ പല പ്രഖ്യാപനങ്ങളും ദൈവവുമായുള്ള തുല്യത അവകാശപ്പെടുന്നതാണ്. “അബ്രാഹം ഉണ്ടാകുന്നതിനു മുമ്പ് ഞാനുണ്ട്” (യോഹ 8,58); “ഞാനും പിതാവും ഒന്നാകുന്നു” (യോഹ 10,30); പഴയനിയമത്തിൽ യാഹ്വേയെക്കുറിച്ചു മാത്രം ഉപയോഗിച്ചിരുന്ന “ഞാൻ ആകുന്നു” എന്ന പ്രയോഗങ്ങൾ (I AM SAYINGS: യോഹ 4,26;8,24;9,9); “ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു” (യോഹ. 9,5) “വഴിയും സത്യവും ജീവനും ഞാനാകുന്നു” (യോഹ 14.6) മുതലായ വെളിപ്പെടുത്തലുകൾ; “സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു” എന്നു തുടങ്ങുന്ന ആധികാരിക പ്രഖ്യാപനങ്ങൾ ഇവയെല്ലാം ഉദാഹരണങ്ങളാണ്.

ഈ പ്രഖ്യാപനങ്ങൾ കേട്ടപ്പോൾ യഹൂദർ യേശുവിനെ കല്ലെറിഞ്ഞു കൊല്ലാൻ ശ്രമിച്ചത് അവർക്ക് ഈ അവകാശവാദം ശരിക്കും മനസ്സിലായി എന്നതിനു തെളിവാണ്. "ദൈവദൂഷണം മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. കാരണം മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു" (യോഹ 10,33). യോഹന്നാൻ സുവിശേഷം എഴുതിയതുതന്നെ "യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിപ്പിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20,31).

സുവിശേഷത്തിന്റെ ആമുഖത്തിൽത്തന്നെ യേശുവിന്റെ ദൈവപുത്രസ്ഥാനവും ദൈവത്വവും യോഹന്നാൻ വ്യക്തമായി ഏറ്റുപറയുന്നുണ്ട്. ആദിയിൽ ദൈവത്തോടൊന്നിച്ചുണ്ടായിരുന്ന, ദൈവമായ, വചനമാണ് മാംസമായി നമ്മുടെ ഇടയിൽ വസിച്ചത് (യോഹ 1,1-14). "പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ്" (യോഹ 1,18) അദൃശ്യനും അജ്ഞാതനുമായ ദൈവത്തെ വെളിപ്പെടുത്തിയത്.

**ii പരിശുദ്ധാത്മാവ്:** "പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ നിന്നിൽനിന്നു ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,35). ദൈവപുത്രന്റെ മനുഷ്യാവതാരം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. പഴയനിയമത്തിൽ പരോക്ഷമായിമാത്രം പരാമർശിക്കപ്പെടുന്ന പരിശുദ്ധാത്മാവ് പുതിയ നിയമത്തിന്റെ ആരംഭം മുതൽ പ്രത്യക്ഷമായി കർമ്മനിരതനാവുന്നു. യേശുവിന്റെ ജനനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്ന് മത്തായി സുവിശേഷകനും (മത്താ 1,20) എടുത്തുകാട്ടുന്നുണ്ട്. ജോർദ്ദാനിൽവച്ച് യേശുവിനെ അഭിഷേകം ചെയ്ത ദൈവത്തിന്റെ ആത്മാവ് പരസ്യജീവിതകാലം മുഴുവൻ അവന്റെകൂടെ ഉണ്ടായിരുന്നു. യേശു പ്രലോഭകന്റെമേൽ വിജയം വരിച്ചതും (ലൂക്കാ 4,1-14) ദരിദ്രരെ സദ്വാർത്ത അറിയിച്ചതും (ലൂക്കാ 4,18-19) ആത്മാവിന്റെ ശക്തിയാലാണ്. പരിശുദ്ധാത്മാവിനാൽ പൂരിതനായാണ് അവൻ ദൈവത്തെ "അബ്ബാ" എന്നു വിളിച്ചപേക്ഷിച്ചത് (ലൂക്കാ 10,21). യേശുവിൽ വസിക്കുകയും യേശുവിനെ നിരന്തരം നയിക്കുകയും ചെയ്ത ആത്മാവ് പിതാവിന്റെ വാഗ്ദാനവും ഉന്നതത്തിൽനിന്നുള്ള ശക്തിയുമാണ് (ലൂക്കാ 24,49).

പിതാവിനോടു നിരന്തരം പ്രാർത്ഥിക്കുന്നവർക്ക് യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു (ലൂക്കാ 11,13). ദേശാധിപതികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ, പീഡനങ്ങൾക്കുമധ്യേ, യേശുവിനു സാക്ഷ്യം വഹിക്കാൻ പരിശുദ്ധാത്മാവ് ശിഷ്യന്മാരെ ശക്തിപ്പെടുത്തും എന്ന് യേശു

അവർക്ക് ഉറപ്പു നല്കി (മത്താ 10,20). എന്നും ശിഷ്യരോടൊത്തു വസിച്ച് (യോഹ 14,16) അവരെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുകയും (യോഹ 16,13) അവർക്ക് സഹായകനായിരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് യേശുവിന്റെ മഹത്വീകരണത്തിനുശേഷം മാത്രമേ നല്കപ്പെടുകയുള്ളു (യോഹ 7,39). യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴിയാണ് പരിശുദ്ധാത്മാവ് നല്കപ്പെട്ടത് എന്നതിനാൽ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത് യേശുവാണ് (യോഹ 16,7) എന്നു പറയുന്നു.

പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളും ശിഷ്യരിൽ വസിക്കും എന്ന് യേശു വ്യക്തമായി ഉറപ്പു നല്കിയിട്ടുണ്ട്. “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും” (യോഹ 14,23). “എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരും” (യോഹ 14,16). ഒറ്റപ്പെട്ട വ്യക്തികളിൽ മാത്രമല്ല ശിഷ്യസമൂഹത്തിൽ മുഴുവനായും ദൈവം വസിക്കുകയും അവരെ പൂർണ്ണമായ ഐക്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു. യേശുവിന്റെ അന്ത്യപ്രാർത്ഥനയിൽ ഇതിനെക്കുറിച്ചു വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. “പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുന്നതിന്... നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന്... അവർ പൂർണ്ണമായി ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു” (യോഹ 17,21-23).

പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആയിരിക്കുന്നു. അതുപോലെ പരിശുദ്ധാത്മാവ് പുത്രനാലും പിതാവിനാലും അയയ്ക്കപ്പെടുന്നു. എന്നിങ്ങനെയുള്ള പരാമർശങ്ങൾ ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള വ്യതിരിക്തതയും അതേസമയം പൂർണ്ണമായ ഐക്യവും വെളിപ്പെടുത്തുന്നു. ഈ ഐക്യമാണ് മനുഷ്യസമൂഹത്തിനു ദൈവത്തോടും സമൂഹത്തിലെ അംഗങ്ങൾക്കു തമ്മിൽതമ്മിലും ഉണ്ടാകേണ്ട ഐക്യത്തിന്റെ നിദാനം.

**4. കാതോലിക ലേഖനങ്ങൾ - വെളിപാട്:** യേശുക്രിസ്തുവിനെക്കുറിച്ച് തങ്ങൾ പ്രസംഗിച്ചത് കെട്ടുകഥകളെ ആസ്പദമാക്കിയല്ല, സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലാണ് എന്ന് വി.പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ വ്യക്തമായി പ്രഖ്യാപിക്കുന്നു. പിതാവിൽനിന്നു ബഹുമാനവും മഹത്വവും സ്വീകരിച്ച യേശുക്രിസ്തുവിന്റെ ശക്തിപ്രഭാവത്തിനു ദൃക്സാക്ഷികളാണ് അപ്പസ്തോലന്മാർ. “ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ

പ്രസാദിച്ചിരിക്കുന്നു എന്ന്...സ്വർഗ്ഗത്തിൽ നിന്നുണ്ടായ ആ സ്വരം ഞങ്ങൾ കേട്ടു" (2 പത്രോ 1,16-18).

"ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെ" (യോഹ 1,1) യാണ് അപ്പസ്തോലന്മാർ പ്രഘോഷിച്ചത്. "നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയച്ചതിലൂടെ ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തി" (1 യോഹ 4,10). ഈ പുത്രനാണ് ശരീരം ധരിച്ചുവന്ന യേശുക്രിസ്തു എന്ന് ഏറ്റുപറയാൻ ദൈവത്തിന്റെ ആത്മാവാണ് നമ്മെ ശക്തിപ്പെടുത്തുന്നത് (1 യോഹ 4,2). യേശുക്രിസ്തു ദൈവപുത്രനാണെന്ന് പിതാവായ ദൈവവും അവിടുത്തെ ആത്മാവും സാക്ഷ്യപ്പെടുത്തുന്നു (1 യോഹ 4,6-12). യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കു മാത്രമേ നിത്യജീവൻ ലഭിക്കുകയുള്ളൂ. കാരണം ദൈവപുത്രനായ യേശുക്രിസ്തുവാണ് "സത്യദൈവവും നിത്യജീവനും" (1 യോഹ 5,20). യേശുക്രിസ്തുവിനെ ദൈവമായി ഏറ്റുപറയുന്ന ഏറ്റം വ്യക്തമായൊരു പ്രസ്താവനയാണിത്.

വെളിപാടിന്റെ പുസ്തകത്തിൽ യേശുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള പല സൂചനകൾ കാണാം. മനുഷ്യപുത്രന്റെ ദർശനം വർണ്ണിക്കുമ്പോൾ വിവരിക്കുന്ന വെൺമഞ്ഞുപോലെ ധവളമായ ശിരസ്സും മുടിയും പെരുവെള്ളത്തിന്റേതുപോലുള്ള ശബ്ദവും (വെളി 1,14-15) ദൈവത്തിന്റെ വിശേഷണങ്ങളാണ് (ദാനി 7,9; എസെ. 43,2; സങ്കീ 29). യേശുവിന്റെ പ്രതീകമായ കുഞ്ഞാടിനുമുമ്പിൽ ശ്രേഷ്ഠന്മാർ സാഷ്ഠാംഗം പ്രണമിച്ച് ആരാധിക്കുന്നു (വെളി 5,8). ദൈവത്തിന്റേതായ ശക്തിയും ബഹുമാനവും മഹത്വവും സ്തുതിയും കുഞ്ഞാടിനു നല്കുന്നു (വെളി 5,12). ദൈവത്തിനും കുഞ്ഞാടിനും ഒരേ സ്തുതിയും ബഹുമാനവും നല്കുന്നു (വെളി 5,13). കുഞ്ഞാട് ദൈവത്തിന്റെ സിംഹാസനത്തിൽ ഇരുന്ന് (വെളി 7,17; 22,1) ദൈവത്തോടൊപ്പം ഭരണം നടത്തുന്നു (വെളി 11,15). കുഞ്ഞാട് ദൈവത്തെപ്പോലെ ആൽഫയും ഒമേഗയുമാണ്, ആദിയും അന്ത്യവും (വെളി 1,8;22,13).

**5. ചുരുക്കത്തിൽ:** പരിശുദ്ധത്രിത്വത്തെ സംബന്ധിച്ച് ബൈബിളിന്റെ വെളിച്ചത്തിൽ നാം ഇതുവരെ നടത്തിയ വിശകലനങ്ങളെ ഇങ്ങനെ സമാഹരിക്കാം. ദൈവം അദൃശ്യനും അഗ്രാഹ്യനും അപരിമേയനും പരമപരിശുദ്ധനുമാണ്. ആരംഭവും അവസാനവുമില്ലാത്തവനായ ദൈവം അനാദിയിൽ തനിക്കു തുല്യനായ ഒരു പുത്രനു ജന്മം നല്കി. ദൈവത്തിന്റെ സത്തയുടെ പൂർണ്ണമായ ആവിഷ്ക്കാരവും പ്രതിരൂപവുമായ ആ പുത്രൻ ദൈവത്തിന്റെ വചനമാണ്. പുത്രൻ പിതാവിനെയും പിതാവു പുത്രനെയും

പൂർണ്ണമായി അറിയുന്നു, അംഗീകരിക്കുന്നു, സ്നേഹിക്കുന്നു, മഹത്വപ്പെടുത്തുന്നു. പിതാവു തന്നെത്തന്നെ പുത്രനു പൂർണ്ണമായി നല്കുന്നു. പിതാവിൽ നിന്നു പുത്രനിലേക്കും പുത്രനിൽനിന്നു പിതാവിലേക്കും അനുസ്യൂതം നിർഗ്ഗളിക്കുന്ന സ്നേഹമാണ് പരിശുദ്ധാത്മാവ്. പിതാവിന്റെയും പുത്രന്റെയും സമ്പൂർണ്ണവും പരസ്പരവുമായ ആത്മദാനമാണ് അവൻ. ദൈവം ഏകനാണ്. എന്നാൽ ഈ ഏകത്വം ഏകാകിത്വമല്ല, മൂന്നു ദൈവിക ആളുകളുടെ സമ്പൂർണ്ണമായ ഐക്യത്തിന്റെ, പരസ്പര ദാനത്തിൽ പ്രകടമാകുന്ന സ്നേഹബന്ധത്തിന്റെ ദിവ്യമായ സമൂഹമാണത്. ഇവിടെ സ്വാർത്ഥതയില്ല. പരസ്പരം പൂർണ്ണമായി അറിയുന്നു, അംഗീകരിക്കുന്നു, ദാനം ചെയ്യുന്നു. നിരന്തരവും അനന്തവുമായ ദാനവും സ്വീകരണവുമാണിത്. ഈ ദാനത്തിലും സ്വീകരണത്തിലും ഐക്യമുണ്ട്, സമത്വമുണ്ട്, ശാന്തിയും സമാധാനവും സന്തോഷവുമുണ്ട്.

ദൈവം തന്റെ സന്തോഷത്തിൽ പങ്കുചേരാനായി തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനും തമ്മിലുള്ള നിസ്വാർത്ഥ സ്നേഹവും സമ്പൂർണ്ണ സമർപ്പണവും ദൈവത്തിന്റെ ആന്തരികജീവന്റെ പ്രതിഫലനമാകണമായിരുന്നു. ഈ സ്നേഹം വന്ധ്യമാകാതെ സന്താനങ്ങളിലൂടെ ഫലവത്താകണം. അങ്ങ നെ ഭൂമി മുഴുവൻ ദൈവസ്നേഹത്താൽ, അവിടുത്തെ പ്രതിഛായയാൽ, നിറയണം. എന്നാൽ ഈ പദ്ധതിയിൽ മനുഷ്യൻ പരാജയപ്പെട്ടു. ദൈവം പതിച്ച പ്രതിഛായ അവനിൽ വികൃതമായി. ദൈവത്തെ അവൻ ധിക്കരിച്ചു. സ്നേഹത്തിനുപകരം സ്വാർത്ഥം തേടി; ഐക്യത്തിനുപകരം അസൂയയും വിദ്വേഷവും പകയും വളർന്നു. ജീവൻ നല്കി വളർത്തുന്നതിനുപകരം സഹോദരന്റെ ജീവൻ ഒടുക്കി. അവൻ ഭൂമിയിൽ മരണം വിതച്ചു. സ്രഷ്ടാവിനെ ഉപേക്ഷിച്ച അവൻ സൃഷ്ടികളെ ദൈവമായി ആരാധിച്ചു.

മനുഷ്യൻ പരാജയപ്പെട്ടിടത്ത് ദൈവം പരാജയപ്പെട്ടില്ല. മനുഷ്യൻ വികലമാക്കിയ ദൈവികപ്രതിഛായ പുന:സ്ഥാപിക്കാൻ ദൈവത്തിന്റെ പുത്രൻ കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ചു. പാപം മൂലം ബലഹീനമാക്കപ്പെട്ട മനുഷ്യപ്രകൃതി അവൻ സ്വന്തമായി സ്വീകരിച്ചു; മനുഷ്യന്റേതായ സകലവേദനകളും ദുഃഖങ്ങളും അവൻ ഏറ്റെടുത്തു. തന്റെ വാക്കും പ്രവൃത്തിയും, സർവ്വോപരി മനുഷ്യരോടൊത്തുള്ള ജീവിതവും വഴി ദൈവത്തിന്റെ ആന്തരികജീവൻ അവൻ തുറന്നുകാട്ടി. ശിശുസഹജമായ ലാളിത്യത്തോടെ, വിശ്വാസത്തോടെ, സ്നേഹത്തോടെ ദൈവത്തെ 'അബ്ബാ' എന്നു വിളിക്കാൻ പഠിപ്പിച്ചു. ഓരോ മനുഷ്യവ്യക്തിയും ദൈവത്തിനു വിലപ്പെട്ടതാണെന്ന് അവൻ വ്യക്തമാക്കി. ദൈവത്തിന്റെ മുമ്പിൽ

വിലകെട്ടവനായി ഒരു മനുഷ്യനുമില്ല; എല്ലാവരിലും മുദ്രിതമായിരിക്കുന്നത് ദൈവത്തിന്റെ പ്രതിഛായ തന്നെയാണ്.

ദൈവത്തിന്റെ ആന്തരികജീവനായ സ്നേഹത്തിൽ പങ്കുചേരാൻ ദൈവപുത്രൻ മനുഷ്യരെ അഹ്വാനം ചെയ്തു; അതിനുവേണ്ട ശക്തി അവർക്കു പ്രദാനം ചെയ്തു. പരസ്പരം സ്നേഹിക്കുകയും ദാനം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രതിഛായ മനുഷ്യസമൂഹത്തിൽ വീണ്ടും അവൻ മുദ്രിതമാക്കി. തന്റെ വാക്കുകൾ സത്യമാണെന്ന് അവൻ പ്രവൃത്തിയിലൂടെ പ്രകടമാക്കി. കുരിശിൽ സ്വന്തം രക്തം ചിന്തിയും ജീവൻ സമർപ്പിച്ചും ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കി. കുരിശ് ത്രിയേകദൈവത്തിനു മനുഷ്യനോടുള്ള അനന്തമായ സ്നേഹത്തിന്റെ അവാച്യമായ പ്രകടനമാണ്. മനുഷ്യപുത്രനായവതരിച്ച ദൈവപുത്രന്റെ കുരിശുമരണം പാപത്തിന്റെയും അതിൽനിന്നുളവായ മരണത്തിന്റെയുംമേൽ ദൈവം നേടിയ വിജയമായിരുന്നു. മരണത്തിലൂടെ മരണത്തെ ജയിച്ചവൻ മരണമില്ലാത്തവനായി ഉയിർത്തെഴുന്നേറ്റു. അതോടെ മനുഷ്യസമൂഹം പുനരുദ്ധരിക്കപ്പെട്ടു. പാപപങ്കിലമായ മനുഷ്യചരിത്രം തിരുത്തിക്കുറിക്കപ്പെട്ടു.

ഉത്ഥിതനായവൻ പിതാവിന്റെ മഹത്വത്തിൽ വീണ്ടും പ്രവേശിച്ചു; അഥവാ ദൈവം തന്റെ പുത്രനെ മരണത്തിൽ നിന്നുയിർപ്പിച്ച് മഹത്വീകരിച്ചു. അതോടെ പരിശുദ്ധാത്മാവിന്റെ യുഗം ആരംഭിക്കുകയായി. മഹത്വീകൃതനായ ദൈവപുത്രൻ പിതാവിൽനിന്നു തങ്ങളുടെ സ്നേഹത്തിന്റെ ബന്ധമായ പരിശുദ്ധാത്മാവിനെ മനുഷ്യരിലേക്കയച്ചു. ആത്മാവുവഴി ത്രിയേക ദൈവം മനുഷ്യഹൃദയങ്ങളിലും മനുഷ്യസമൂഹത്തിലും കൂടാരമടിച്ച് വാസമുറപ്പിച്ചു. ഹൃദയങ്ങളുടെ അഗാധതയിൽനിന്ന് ദൈ വത്തെ ‘അബ്ബാ’ എന്നു വിളിച്ചു പ്രാർത്ഥിക്കാൻ, തങ്ങളെത്തന്നെ ദൈ വത്തിനു പൂർണ്ണമായി സമർപ്പിക്കാൻ, ദൈവാത്മാവ് മനുഷ്യരെ ശക്തിപ്പെടുത്തി.

മനുഷ്യജീവിതം സ്വാർത്ഥം തേടി, അസൂയയിലും വിദ്വേഷത്തിലും കലഹത്തിലും ശത്രുതയിലും തളർന്ന്, ആറടിമണ്ണിൽ അവസാനിക്കാനുള്ളതല്ല എന്ന് ആത്മാവ് മനുഷ്യരുടെ ഹൃദയാന്തരങ്ങളിൽനിന്ന് നിരന്തരം നിമന്ത്രിക്കുന്നു. സ്നേഹത്തിലും സേവനത്തിലും പരസ്പരദാനത്തിലും ബഹുമാനത്തിലും വളർന്ന്, മരണത്തിനപ്പുറം നിത്യമായി ജീവിക്കാനുള്ളവനാണ് മനുഷ്യൻ. പൂഴിയിൽ അഴിഞ്ഞുതീരുന്ന മർത്യശരീരം അമർ ത്യത ധരിച്ച് വീണ്ടും ഉയിർത്തെഴുന്നേല്ക്കും. മനുഷ്യമുഖത്തുനിന്നു മങ്ങിമറഞ്ഞ ദൈവത്തിന്റെ പ്രതിഛായ വീണ്ടും പൂർവ്വോപരി പ്രശോഭിതമാകും.

പാപവും മരണവും എന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെട്ടു കഴിയുമ്പോൾ, മരിച്ചവർ അമർത്യരായി ഉയിർത്തെഴുന്നേല്ക്കുമ്പോൾ, ദൈവം മനു

ഷ്യരുടെ ഇടയിൽ എന്നേക്കുമായി കൂടാരമടിക്കും. അപ്പോൾ ദൈവികജീവനിൽ മനുഷ്യരെല്ലാം പൂർണ്ണമായി പങ്കുചേരും. മനുഷ്യനായി അവതരിക്കുകയും മരണത്തിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവപുത്രൻ അപ്പോൾ കോടാനുകോടി ദൈവമക്കളുടെ ജ്യേഷ്ഠസഹോദരനും ദൈവത്തിന്റെ ആദ്യജാതനുമായിരിക്കും. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ജീവനായിരിക്കും എല്ലാ മനുഷ്യരിലും അന്നു സ്പന്ദിക്കുന്നത്.

ത്രിയേകദൈവത്തിന്റെ ആന്തരികജീവനിൽ പൂർണ്ണമായുള്ള പങ്കുചേരൽ യുഗാന്തത്തിലേ സംഭവിക്കൂ എങ്കിലും അതിന്റെ തുടക്കം ഈ ഭൂമിയിൽത്തന്നെയാണ്. വിശ്വാസവും മാമ്മോദീസായും വഴി യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും നമ്മൾ പങ്കുചേരുന്നു. സ്നേഹത്തിന്റെ ഏകകല്പന അനുസരിച്ചു ജീവിക്കുമ്പോൾ ത്രിയേകദൈവം നമ്മിൽ വാസമുറപ്പിക്കുന്നു. ഇപ്രകാരം ദൈവികജീവനാൽ നയിക്കപ്പെടുന്ന സമൂഹം ദൈവത്തിന്റെ സ്നേഹത്തിനു സാക്ഷികളാകുന്നു. ഈ സമൂഹം വളരുന്നത് ആത്മാവിന്റെ ശക്തിയാലാണ്; ജീവിക്കുന്നത് വിശ്വാസത്തിലാണ്; നയിക്കപ്പെടുന്നത് പ്രതീക്ഷയിലാണ്.

**6. വിശ്വാസസത്യങ്ങളുടെ അടിസ്ഥാനം:** പരിശുദ്ധ ത്രിത്വം എന്ന വിശ്വാസസത്യത്തിലാണ് കത്തോലിക്കാസഭയുടെ മറ്റെല്ലാ വിശ്വാസസത്യങ്ങളും ഉറപ്പിച്ചിരിക്കുന്നത്. ത്രിയേകദൈവം എന്ന സത്യം നിഷേധിച്ചാൽ മറ്റെല്ലാ വിശ്വാസസത്യങ്ങളും നിഷേധിക്കപ്പെടും. യേശുക്രിസ്തു ദൈവമല്ലെങ്കിൽ മനുഷ്യരക്ഷ സാധിച്ചിട്ടില്ല. പാപിയായ ഒരു മനുഷ്യന് തന്നെപ്പോലെതന്നെ പാപികളായ മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കാനാവില്ല. യേശു ദൈവപുത്രനല്ലെങ്കിൽ മനുഷ്യർക്ക് ദൈവപുത്രസ്ഥാനം ലഭ്യമല്ല. യേശു ഒരു മനുഷ്യൻ മാത്രമാണെങ്കിൽ സഭ മറ്റേതു സമൂഹത്തേയുംപോലെ മനുഷ്യനിർമ്മിതമായ ഒരു സംഘടന മാത്രമായിത്തീരുന്നു. കൂദാശകൾ വെറും ആചാരങ്ങൾ മാത്രമായി അധഃപതിക്കുന്നു. കാരണം നമ്മെ ദൈവികജീവനിൽ പങ്കുകാരാകാൻ അവയ്ക്കൊന്നും കഴിയുകയില്ല. പരിശുദ്ധാത്മാവ് ദൈവമല്ലെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നില്ല. പഴയനിയമകാലഘട്ടത്തിന്റേതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല നമ്മുടെ അവസ്ഥ. പാപമോചനവും നിത്യരക്ഷയും പുനരുത്ഥാനവും പുതിയ സൃഷ്ടിയും എല്ലാം അർത്ഥശൂന്യമായ വാക്കുകൾ മാത്രമായി പരിണമിക്കും. പുതിയനിയമത്തെ മുഴുവനായി തള്ളിപ്പറഞ്ഞുകൊണ്ടേ പരിശുദ്ധത്രിത്വം എന്ന വിശ്വാസസത്യത്തെ തള്ളിപ്പറയാനാവൂ.

ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ഏറ്റുപറയു

ന്നത് ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമാണ്. ദൈവപുത്രന്റെ മനുഷ്യാവതാരവും മനുഷ്യവർഗ്ഗത്തിന്റെ എന്നല്ല ഈ പ്രപഞ്ചം മുഴുവന്റെയും രക്ഷയും ഈ സത്യത്തിലാണ് അടിയുറച്ചിരിക്കുന്നത്. ആദ്യത്തെ നാലുനൂറ്റാണ്ടുകളിൽ ക്രൈസ്തവർ തങ്ങളുടെ രക്തം ചിന്തിക്കൊണ്ടുപോലും കാത്തുസൂക്ഷിച്ച വിശ്വാസസത്യമാണ് പരിശുദ്ധത്രിത്വം എന്ന ദൈവരഹസ്യം.

ഒരു ദൈവം എങ്ങനെ മൂന്നാളുകളായിരിക്കുന്നു എന്ന ചോദ്യത്തിന് ബൗദ്ധികവും യുക്തിപരവുമായ ഉത്തരം നല്കുകയല്ല, യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ഈ സത്യം, വിശ്വാസത്തിൽനിന്നു ലഭിക്കുന്ന വിധേയത്വത്തോടെ, സ്വീകരിച്ച് ഏറ്റുപറയുകയാണ് ക്രൈസ്തവർ ചെയ്യുക. ആവിഷ്കൃതസത്യത്തിനുമുമ്പിൽ ഹൃദയം തുറക്കുകയും ശിരസ്സു നമിക്കുകയും ചെയ്യുന്നത് ബുദ്ധിയെയും യുക്തിയെയും അടിയറവെയ്ക്കലല്ല, ദൈവികപ്രകാശത്താൽ പ്രശോഭിതമാകാൻ അനുവദിക്കലാണ്. ജ്ഞാനികളിലും വിവേകമതികളിലുംനിന്നു മറച്ചുവെയ്ക്കപ്പെട്ട ഈ രഹസ്യം ശിശുക്കൾക്കു വെളിപ്പെടുത്തപ്പെടുന്നു (ലൂക്കാ 10,20).

# 5 വഴി തെറ്റിയ വ്യാഖ്യാനങ്ങൾ

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങളാണ് ദൈവത്തിന്റെ ഏകത്വവും ത്രിത്വവും, ദൈവപുത്രന്റെ മനുഷ്യാവതാരവും. യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെടുകയും അപ്പസ്തോലന്മാർ പ്രഘോഷിക്കുകയും ചെയ്ത ഈ സത്യം ബുദ്ധികൊണ്ട് അപഗ്രഥിക്കാൻ ശ്രമിച്ചപ്പോൾ ഒട്ടേറെ പ്രശ്നങ്ങൾ ഉളവായി. ദൈവം ഒരുവനെങ്കിൽ പിന്നെ എങ്ങനെയാണ് മൂന്നാളുകളാവുക? ക്രിസ്തു മനുഷ്യനെങ്കിൽ എങ്ങനെ ദൈവമാകും? ദൈവമെങ്കിൽ എങ്ങനെ മനുഷ്യനാകും?

ഈ ചോദ്യങ്ങൾക്ക് ആദിമനൂറ്റാണ്ടിൽ നിലവിലിരുന്ന പ്രപഞ്ചവീക്ഷണങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും വെളിച്ചത്തിൽ വിവിധങ്ങളായ ഉത്തരങ്ങൾ നല്കപ്പെട്ടു. അപരിമേയനായ ദൈവത്തിന്റെ ആന്തരി കരഹസ്യം പരിമിതമായ മനുഷ്യബുദ്ധിയുടെ മൂശയിൽ വിശകലനം ചെ യ്തപ്പോൾ സനാതന സത്യത്തിന്റെ പല വശങ്ങളും നഷ്ടപ്പെട്ടു. യുക്തിവിചാരത്തിന്റെ സഹായത്തോടെ വ്യക്തത തേടിയ വിശ്വാസത്തിന് കോട്ടങ്ങൾ സംഭവിച്ചു. സത്യത്തിന്റെ പൂർണ്ണത ഗ്രഹിക്കാനുള്ള മനുഷ്യബുദ്ധിയുടെ പരിമിതികളും ഗ്രഹിച്ച സത്യം അവതരിപ്പിക്കാൻ നിലവിലിരുന്ന പദങ്ങളുടെ അപര്യാപ്തതയും ഒരേ പദത്തിനുതന്നെ നല്കപ്പെട്ട വിവിധ അർത്ഥവ്യാഖ്യാനങ്ങളും തെറ്റുകൾക്കും തെറ്റിദ്ധാരണങ്ങൾക്കും വഴി തെളിച്ചു.

അപ്പസ്തോലിക വിശ്വാസത്തിൽനിന്നു വ്യതിചലിച്ച പഠനങ്ങളെ പാഷണ്ഡത (heresy) എന്നാണ് വിളിക്കുക. ആദിമ നൂറ്റാണ്ടുകളിലെ പാഷണ്ഡതകൾ പലതും പുതിയ പേരുകളിലും വേഷങ്ങളിലും ഇന്നും പ്രത്യക്ഷപ്പെടുന്നതിനാൽ അവയെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും ഉണ്ടായിരിക്കുന്നത് കത്തോലിക്കാവിശ്വാസം ഏറ്റുപറയുന്നതിന് സഹായകമായിരിക്കും. നാം ഏറ്റു പറയുന്ന വിശ്വാസം ഏതേതു വഴികളിലൂടെയാണ് കടന്നുവന്നതെന്നും എന്തു വിലകൊടുത്താണ് സഭ തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചതെന്നും അറിഞ്ഞിരിക്കുക ആവശ്യമാണ്.

## 1. ജ്ഞാനവാദം (Gnosticism)

ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മധ്യധരണ്യാഴിക്കു ചുറ്റുമുള്ള പ്രദേശങ്ങളിൽ പ്രചാരത്തിൽവന്ന ഒരു ചിന്താധാരയും പ്രപഞ്ചവീക്ഷണവുമാണ് ജ്ഞാനവാദം *(gnosticism)* എന്ന പേരിൽ ഇന്ന് അറിയ

പ്പെടുന്നത്. പരിശുദ്ധ ത്രിത്വത്തെയും മനുഷ്യാവതാരത്തെയും സംബന്ധിച്ച് തെറ്റായ പല വ്യാഖ്യാനങ്ങൾക്കും വഴിതെളിച്ച ഒരു തത്വസംഹിത എന്ന നിലയിൽ ജ്ഞാനവാദം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. പേർഷ്യൻ മതങ്ങ ളുടെയും യവന തത്വചിന്തയുടെയും, പ്രത്യേകിച്ച് പ്ലേറ്റോയുടെയും സ്വാധീനം ഇതിൽ കാണാം. സിറിയായിലും ഈജിപ്തിലും ഗ്രീസിലും ഇറ്റ ലിയിലും ഈ തത്വസംഹിത പലവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടാ യി. മന്ത്രവാദിയായ ശിമയോൻ, മെനാൻഡർ, വലെൻറൈൻ, മാർസിയോൺ, ബസിലിദസ് എന്നിവർ ഇതിന്റെ മുഖ്യപ്രണേതാക്കളായി കരുതപ്പെടുന്നു. ഇവർ ഓരോരുത്തരുടെയും ചിന്താഗതികളിൽ ഏറെ വ്യത്യാസമുണ്ടെങ്കിലും പൊതുവായ ചില കാര്യങ്ങൾ ശ്രദ്ധേയമാണ്.

പ്രകാശത്തിന്റെയും അന്ധകാരത്തിന്റെയും രണ്ടു മേഖലകൾ ഉണ്ട്. അജ്ഞാതനും അഗ്രാഹ്യനുമായ ദൈവം പ്രകാശത്തിൽ വസിക്കുന്നു. അവ നുചുറ്റും പ്രകാശജീവികൾ അകമ്പടി സേവിക്കുന്നു. ഈ ദൈവിക മേഖല യിൽനിന്ന് അധഃപതിച്ച ഒരു ജീവി അന്ധകാരശക്തിയായി മാറി. ഡെമിയൂർഗ് എന്ന പേരിൽ അറിയപ്പെടുന്ന ഈ ജീവി അന്ധകാരത്തിന്റെ ദൈവമാണ്. ഇയാളാണ് പ്രപഞ്ചം മുഴുവന്റെയും സ്രഷ്ടാവ്. ദൈവികമേഖലയിലെ പ്രകാ ശകിരണങ്ങളെ മനുഷ്യശരീരങ്ങളിൽ അടച്ചിട്ട് അടിമകളാക്കി സൂക്ഷിക്കു കയാണ് ഇയാൾ. തന്റെ ഉറവിടത്തെയും യഥാർത്ഥ സ്വഭാവത്തെയും കുറിച്ച് അജ്ഞതയിലാണ് മനുഷ്യൻ കഴിയുന്നത്. അജ്ഞതതന്നെ അടിമത്തത്തിനു കാരണം. സൃഷ്ടപ്രപഞ്ചത്തിന്റെ മായാവലയങ്ങളിൽ കഴിയുന്ന മനുഷ്യന് മോചനം ലഭിക്കണമെങ്കിൽ തന്റെ ദൈവികമായ ഉറവിടത്തെക്കുറിച്ചും അവി ടേയ്ക്കു തിരിച്ചുപോകാനുള്ള മാർഗ്ഗത്തെക്കുറിച്ചും അറിവു ലഭിക്കണം. ഈ അറിവിനെയാണ് *ഗ്നോസിസ്* (ജ്ഞാനം) എന്ന് വിളിക്കുക. മനുഷ്യന് സ്വന്തം ശക്തിയാൽ ഈ ജ്ഞാനം ലഭ്യമല്ല. അതിനാൽ ദൈവികമേഖലയിൽനിന്ന് ഒരു രക്ഷകൻ അന്ധകാരത്തിന്റെ മേഖലയിലേക്കു കടന്നുവന്ന് മനുഷ്യനു മോചനത്തിന്റെ മാർഗ്ഗമായ ജ്ഞാനം, അതായത് മനുഷ്യൻ യഥാർത്ഥത്തിൽ ദൈവികപ്രകാശത്തിന്റെ ഒരു കിരണമാണ് എന്ന അറിവ് നല്കുന്നു. അതോ ടൊപ്പം ഡെമിയൂർഗ് നിർമ്മിച്ച അനേകം മായാവലയങ്ങൾക്കു കാവൽ നില്ക്കുന്ന അന്ധകാരദൂതന്മാരായ ആധിപത്യങ്ങളെ (*ആർക്കോൺ*) കടന്ന് പ്രകാശ മേഖലയിൽ തിരിച്ചെത്താനുള്ള മാർഗ്ഗവും ഈ ദൈവികരക്ഷകൻ വെളിപ്പെടുത്തുന്നു. ഇപ്രകാരം രക്ഷയുടെ മാർഗ്ഗം വെളിപ്പെടുത്തിയതിനു ശേഷം രക്ഷകൻ ദൈവത്തിലേക്കു മടങ്ങുന്നു.

മാന്ത്രികവിദ്യകളും ആരാധനാവിധികളും ഈ നിഗൂഢജ്ഞാനം പ്രദാനം ചെയ്യുന്നതിന് സഹായിക്കും. താൻ ദൈവത്തിന്റെ പ്രകാശകിരണ

മാണെന്ന അവബോധം സിദ്ധിച്ച മനുഷ്യൻ മരണത്തോടെ ശരീരമാകുന്ന തടവറയിൽനിന്നു മോചിതനായി മായാവലയങ്ങളെയും അവയ്ക്കു കാവൽ നില്ക്കുന്ന അന്ധകാരദൂതന്മാരെയും മറികടന്ന് തന്റെ ഉറവിടത്തിൽ തിരിച്ചെത്തുന്നു. ഇതാണ് മുക്തി.

ജ്ഞാനവാദത്തിന്റെ വിവിധ രൂപങ്ങളിൽ പൊതുവായി കാണുന്ന ഈ വിശ്വാസങ്ങൾ ബൈബിളുമായി ബന്ധപ്പെട്ടപ്പോൾ പല വിശ്വാസവൈപരീത്യങ്ങൾക്കും കാരണമായി. യേശുക്രിസ്തു “പിതാവേ” എന്ന് വിളിച്ച ദൈവത്തെ ജ്ഞാനവാദികൾ ദൈവമായി കരുതുന്നു. അവൻ നന്മയും സ്നേഹവുമാണ്. പഴയ നിയമത്തിലെ ദൈവമായ യാഹ്‌വേയാകട്ടെ സ്രഷ്ടാവാണ്; അവൻ കോപിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ ജ്ഞാനവാദികൾ യാഹ്‌വേയെ തിന്മയുടെ ദൈവമായ ഡെമിയൂർഗ് ആയി ചിത്രീകരിച്ചു. യേശുക്രിസ്തുവിനെ ദൈവത്തിൽനിന്ന് വരുകയും രക്ഷയുടെ മാർഗ്ഗമായ നിഗൂഢജ്ഞാനം മനുഷ്യർക്കു പ്രദാനം ചെയ്തശേഷം ദൈവത്തിലേക്കു മടങ്ങുകയും ചെയ്ത രക്ഷകനായിട്ടാണ് ജ്ഞാനവാദികൾ കാണുന്നത്.

യാഹ്‌വേയെക്കുറിച്ചുള്ള ജ്ഞാനവാദികളുടെ ചിത്രീകരണം ഇന്നും അനേകംപേരെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഇതു വികലമാക്കപ്പെട്ട ഒരു ചിത്രമാണെന്നുള്ളതിൽ സംശയമില്ല. യേശുക്രിസ്തു ലോകത്തിലേക്കുവന്ന പ്രകാശമാണെന്നു വിശ്വസിക്കുന്നുണ്ടെങ്കിലും യേശുവിന്റെ ദൈവത്വമോ ദൈവപുത്രന്റെ മനുഷ്യാവതാരമോ അവർ അംഗീകരിക്കുന്നില്ല. ജ്ഞാനവാദത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ട പലരും പലവിധത്തിലാണ് യേശുക്രിസ്തുവിനെ മനസ്സിലാക്കിയത്. പദാർത്ഥം തിന്മയാണെന്ന പഠനം ശരീരത്തെയും ഭൗതികവസ്തുക്കൾ മുഴുവനെയും പിശാചിന്റെ ഉപകരണങ്ങളായിക്കണ്ട് പൂർണ്ണമായി തിരസ്കരിക്കുന്ന മനിക്കേയിസത്തിനു വഴിതെളിച്ചു. ശരീരം അലിഞ്ഞുതീർന്ന് ഇല്ലാതാവുകയും ആത്മാവുമാത്രം രക്ഷപ്പെടുകയും ചെയ്യും എന്ന ജ്ഞാനവാദികളുടെ സിദ്ധാന്തം ശരീരങ്ങളുടെ പുനരുത്ഥാനത്തെയും സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ രൂപാന്തരീകരണത്തെയും നിഷേധിക്കുന്നു. ഇതിൽനിന്ന് പരസ്പരവിരുദ്ധങ്ങളായ രണ്ടു പ്രവണതകൾ രൂപംകൊണ്ടു.

ആത്മാവിന്റെ തടവറയായ ശരീരത്തെ മർദ്ദിച്ചു കീഴടക്കണം എന്നു കരുതിയവർ കഠിനമായ തപസ്സിനും ശരീരപീഡനങ്ങൾക്കും പ്രാധാന്യം നല്കി. ശാരീരിക സന്തോഷങ്ങളെല്ലാം നിഷിദ്ധമായി കരുതി. വിവാഹം നിരോധിച്ചു. എന്നാൽ ശരീരം അഴിഞ്ഞില്ലാതായിത്തീരുന്നതാകയാൽ അതിനു യാതൊരു പ്രാധാന്യവുമില്ല; ശരീരത്തിലായിരിക്കുന്നിടത്തോളം കാലം സുഖ

ഭോഗങ്ങൾ കഴിയുന്നത്ര ആസ്വദിക്കാൻ ശരീരത്തെ ഉപയോഗിക്കുകയാണു വേണ്ടതെന്നു മറ്റൊരു കൂട്ടർ വാദിച്ചു. യഥാർത്ഥമായ ജ്ഞാനം ലഭിച്ചവർ ആത്മീയമനുഷ്യരാണ്. അവർക്ക് ഒരു നിയമവും ബാധകമല്ല. മരണത്തോടെ മായാലോകത്തിൽനിന്നു മുക്തിനേടാനുള്ള നിഗൂഢരഹസ്യം അറിയാവുന്ന വർക്ക് ഇവിടെ എങ്ങിനെയും ജീവിക്കാം എന്ന ധാരണയുണ്ടായി. അങ്ങനെ ഒരുഭാഗത്തുനിന്ന് അതികഠിനമായ തപശ്ചര്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ട പ്പോൾ മറുഭാഗത്തുനിന്ന് ജഡികവികാരങ്ങളെ കയറൂരിവിട്ടു. ഈ രണ്ടു സമീപനങ്ങളും പുതിയനിയമം ഉപദേശിക്കുന്ന ധാർമ്മികതയ്ക്കു വിരുദ്ധ ങ്ങളാണ്.

## 2. സെറിന്തുസ് (Cerinthus)

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ഇയാൾ ജ്ഞാനവാ ദത്തിന്റെ വെളിച്ചത്തിൽ യേശുക്രിസ്തുവിനെ മനസ്സിലാക്കാൻ ശ്രമിച്ചു. നസ്രത്തിലെ യേശു ജോസഫിന്റെയും മേരിയുടെയും മകനായ ഒരു നല്ല മനുഷ്യനായിരുന്നു. അസാധാരണമായ ജ്ഞാനവും വിശുദ്ധിയും അവനു ണ്ടായിരുന്നു. രക്ഷയുടെ മാർഗ്ഗമായ നിഗൂഢജ്ഞാനം മനുഷ്യർക്കു പ്രദാനം ചെയ്യാനായി ദൈവം യേശുവിനെ തെരഞ്ഞെടുത്തു. ഇതിനുവേണ്ടി സ്വർഗ്ഗ സ്ഥനായ ക്രിസ്തു പ്രാവിന്റെ രൂപത്തിൽ ജോർദ്ദാനിൽവച്ച് അവന്റെമേൽ വന്നു. എന്നാൽ ഗദ്സെമിനിയിൽവച്ച് ക്രിസ്തു സ്വർഗ്ഗത്തിലേക്കു മടങ്ങി. ക്രൂശിക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതും യേശു മാത്രമാണ്. ലോകാവസാ നത്തിൽ യേശു വീണ്ടും വന്ന് ഈ ഭൂമിയിൽ ആയിരം വർഷത്തെ ഭരണം സ്ഥാപിക്കും. മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും; ജീവിച്ചിരിക്കുന്നവർ രൂപാ ന്തരപ്പെടും, ലോകം നവീകരിക്കപ്പെടും. സർവ്വവിധ ലൗകിക സന്തോഷങ്ങ ളും നിറഞ്ഞതായിരിക്കും ക്രിസ്തുവിന്റെ ആ ഭരണം. വെളിപാടിന്റെ പുസ്ത കത്തിൽ പറയുന്ന ആയിരം വർഷത്തെ ഭരണത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാവണം സെറിന്തുസ് ഈ ആശയം അവതരിപ്പിച്ചത്. മില്ലെനാരി യനിസം എന്ന പേരിൽ അറിയപ്പെടുന്ന ഈ പാഷണ്ഡത ഇന്ന് യഹോവാ സാക്ഷികൾ തങ്ങളുടെ വിശ്വാസപ്രമാണത്തിന്റെ ഭാഗമായി സ്വീകരിച്ചിരി ക്കുന്നു എന്നതു ശ്രദ്ധേയമാണ്.

## 3. മാർസിയോൺ (Marcion)

രണ്ടാം നൂറ്റാണ്ടിൽ ഏഷ്യാമൈനറിൽ ജീവിച്ചിരുന്ന ഒരു ധനികനാ യിരുന്നു മാർസിയോൺ. ക്രിസ്തുമതം സ്വീകരിച്ച ഇയാൾ ഏ.ഡി. 140–ൽ റോമിൽ എത്തി തന്റേതായ വിധത്തിൽ ക്രിസ്തുമതത്തെ വ്യാഖ്യാനിച്ചു. പഴയനിയമത്തിലെ ദൈവം സ്രഷ്ടാവും നിയമദാതാവും ക്രൂരനുമായ ഡെമി

യൂർഗ് ആണ്. പുതിയനിയമത്തിലാണ് യഥാർത്ഥ ദൈവം സ്വയം വെളിപ്പെടുത്തിയത്. യേശുക്രിസ്തു പൂർണ്ണവളർച്ചയെത്തിയ മനുഷ്യനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് ദൈവസ്നേഹത്തെക്കുറിച്ചു പ്രസംഗിച്ചു; പഴയനിയമത്തിലെ ദൈവം അടിമകളായി വച്ചുകൊണ്ടിരുന്ന മനുഷ്യരെ സ്വന്തം രക്തം വിലയായി നല്കി മോചിപ്പിച്ചു. തന്റെ തത്വസംഹിതകൾ സ്ഥാപിക്കാനായി മാർസിയോൺ ബൈബിളിന്റെ ഒരു കാനോൻ പ്രസിദ്ധീകരിച്ചു. ഇന്ന് അറിയപ്പെടുന്നതിൽ ഏറ്റം പുരാതനമായ ബൈബിൾ ഗ്രന്ഥങ്ങളുടെ പട്ടികയാണിത്. ഇതിൽ ലൂക്കാ എഴുതിയ സുവിശേഷവും വി. പൗലോസിന്റെ പത്തു ലേഖനങ്ങളും മാത്രമേ ഉള്ളു. സാത്താന്റെ ആദ്യജാതൻ എന്നാണ് വി. പോളിക്കാർപ്പ് മാർസിയോനെ വിശേഷിപ്പിച്ചത്. ഏ.ഡി. 144–ൽ അയാൾ സഭയിൽനിന്നു പുറത്താക്കപ്പെട്ടു.

## 4. ഡൊസെറ്റിസം (Docetism)

യേശുക്രിസ്തു യഥാർത്ഥത്തിൽ മനുഷ്യനല്ല, മനുഷ്യനായി കാണപ്പെട്ടതേയുള്ളു എന്നു പഠിപ്പിക്കുന്ന ഒരു പാഷണ്ഡതയാണിത്. ദൈവത്തിന്റെ ത്രിത്വത്തെയും ദൈവപുത്രന്റെ മനുഷ്യാവതാരത്തെയും ഇതു നിഷേധിക്കുന്നു. ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തോടെ ഇതു പ്രചാരത്തിൽ വന്നു. മിഥ്യ അഥവാ തോന്നൽ എന്നർത്ഥമുള്ള *ഡോക്കേ* (doke) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് *ഡൊസെറ്റിസം* എന്ന പേരുണ്ടായത്. പദാർത്ഥം അതിൽത്തന്നെ തിന്മയാണെന്ന ജ്ഞാനവാദത്തിന്റെ സ്വാധീനം ഇതിൽ കാണാം. യേശുവിന്റെ മാനുഷിക ബലഹീനതകളും സർവ്വോപരി ലജ്ജാകരമായ കുരിശുമരണവും ഈ പാഷണ്ഡതക്കു വഴിതെളിച്ചു.

തിന്മയുടെ ആധിപത്യത്തിൽനിന്നു മനുഷ്യനെ രക്ഷിക്കാനായി സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നവനാണ് യേശുക്രിസ്തു. സ്വർഗ്ഗസ്ഥനായ ക്രിസ്തുവിനെ ദൈവത്തിന്റെ വചനമായും ജ്ഞാനമായും ആദ്യസൃഷ്ടിയായും ചിത്രീകരിക്കുന്നവരുണ്ട്. കാഴ്ചക്കാർക്ക് യേശു മനുഷ്യനായി പ്രത്യക്ഷപ്പെട്ടെങ്കിലും അവന്റെ മനുഷ്യത്വം വെറും ഒരു തോന്നൽ മാത്രമായിരുന്നു. രക്ഷയുടെ മാർഗ്ഗമായ നിഗൂഢജ്ഞാനം മനുഷ്യർക്കു നല്കിയതിനുശേഷം യേശുക്രിസ്തു പീഡാനുഭവത്തിനുമുമ്പ് സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി.

ഡൊസേറ്റിസത്തിന്റെ പ്രണേതാക്കളിൽ ഒരാളായ ബസിലിദസിന്റെ അഭിപ്രായത്തിൽ കുരിശു ചുമന്നുകൊണ്ടുപോയ യേശു പെട്ടെന്ന് അപ്രത്യക്ഷനാവുകയും തൽസ്ഥാനത്ത് സൈറീൻകാനായ ശിമയോൻ ക്രൂശിക്കപ്പെടുകയും ചെയ്തു. മറ്റൊരു വക്താവായ വലെൻറൻ (Valentine) യേശുവിന്റെ പീഡാസഹനവും മരണവും എല്ലാം വെറും ഒരു തോന്നൽ

മാത്രമായിരുന്നു എന്നു വാദിച്ചു. ഗദ്സെമെനിൽ വച്ച് പിടിക്കപ്പെട്ടത് വാസ്തവത്തിൽ യൂദാസ് സ്ക്കറിയോത്താ ആയിരുന്നു എന്നും യേശു അത്ഭുതകരമായി സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയി എന്നും വാദിക്കുന്നവരുമുണ്ട്.

യേശുവിന്റെ മനുഷ്യത്വത്തെ നിഷേധിക്കാനുള്ള ഈ പ്രവണതയ്ക്കെതിരേ പുതിയനിയമത്തിൽ തന്നെ താക്കീതുകൾ കാണാം. "വചനം മാംസമായി" (യോഹ 1,14) എന്നത് ഏറ്റം വ്യക്തമായ പ്രസ്താവനയാണ്. "വളരെയധികം വഞ്ചകർ ലോകത്തിലേക്ക് ഇറങ്ങിയിട്ടുണ്ട്. യേശുക്രിസ്തു മനുഷ്യശരീരം ധരിച്ചുവന്നു എന്ന് സമ്മതിക്കാത്തവരാണ് അവർ. ഇങ്ങനെയുള്ളവനാണ് വഞ്ചകനും അന്തിക്രിസ്തുവും" (2 യോഹ 7,1; 1യോഹ 4,2 –3). യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തെ നിഷേധിക്കുന്നവർ മനുഷ്യവർഗ്ഗത്തിന്റെ പുനരുദ്ധാരണവും ശരീരങ്ങളുടെ പുനരുത്ഥാനവും നിഷേധിക്കേണ്ടിവരുന്നു.

## 5. മൊണാർക്കിയനിസം (Monarchianism)

ദൈവത്തിന്റെ ഏകത്വവും അതേസമയം ക്രിസ്തുവിന്റെ ദൈവത്വവും വിശദീകരിക്കാൻ ശ്രമിക്കുന്ന ഒരു സിദ്ധാന്തമാണിത്. ഏ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏഷ്യാമൈനറിൽ ജീവിച്ചിരുന്ന സബേല്ലിയൂസ് *(Sabellius)* ഈ സിദ്ധാന്തത്തിന്റെ മുഖ്യ പ്രണേതാവായി കരുതപ്പെടുന്നു. ദൈവം ഒരുവനേ ഉള്ളൂ. പിതാവായ ദൈവംതന്നെ പുത്രനായി അവതരിച്ചതാണ് യേശുക്രിസ്തു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ദൈവം പരിശുദ്ധാത്മാവായി പ്രത്യക്ഷപ്പെട്ടു. ദൈവം ഒരാൾ മാത്രമാണെന്നു വാദിച്ചതിനാൽ ഏക വ്യക്തിയുടെ ഭരണം എന്നർത്ഥമുള്ള *മൊണാർക്കിയനിസം* എന്ന പേരിൽ ഈ സിദ്ധാന്തം അറിയപ്പെടുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ ദൈവത്തിന്റെ മൂന്നു ഭാവങ്ങൾ (Modes of Existence) ആണെന്നു വാദിച്ചതിനാൽ ഈ സിദ്ധാത്തെ ഭാവവാദം *(Modalism)* എന്നും ഇതിന്റെ പ്രണേതാവിന്റെ പേരിൽ സബെല്ലിയനിസം *(Sabellianism)* എന്നും പിതാവുതന്നെ പീഡസഹിച്ചു മരിച്ചു എന്നു വാദിക്കുന്നതിനാൽ പിതൃസഹനവാദം *(Patripatienism)* എന്നും വിളിക്കാറുണ്ട്. "സബെല്ലിയൂസ് പിതാവിനെ കുരിശിലേറ്റി; പരിശുദ്ധാത്മാവിനെ പറപ്പിച്ചുവിട്ടു' എന്ന തെർത്തുല്ല്യന്റെ പരിഹാസം ഈ സിദ്ധാന്തത്തിന്റെ അർത്ഥശൂന്യത വ്യക്തമാക്കുന്നതാണ്.

## 6. ആരിയനിസം (Arianism)

പരിശുദ്ധത്രിത്വത്തെ സംബന്ധിച്ചുണ്ടായ ഏറ്റംവലിയ പാഷണ്ഡത

യാണ് ആരിയനിസം. ദൈവത്തിന്റെ ഏകത്വത്തെ സ്ഥാപിക്കാനായി പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെ നിഷേധിച്ച ഈ പാഷണ്ഡത ആദിമസഭയെ ഉള്ളിൽനിന്നു പിടിച്ചുകുലുക്കി; വലിയൊരു പിളർപ്പിന്റെ വക്കുവരെ എത്തിക്കുകയും ചെയ്തു. അലക്സാൺഡ്രിയായിൽ ജീവിച്ചിരുന്ന ഒരു പുരോഹിതനായ ആരിയൂസ് (Arius - മരണം 336) പ്രചരിപ്പിച്ചതാണ് അയാളുടെ പേരിൽ അറിയപ്പെടുന്ന ഈ പാഷണ്ഡത.

മനുഷ്യനായി അവതരിച്ച ദൈവവചനത്തെക്കുറിച്ച് ബൈബിളിൽ അധിഷ്ഠിതമായ വിചിന്തനങ്ങളിലൂടെയാണ് ആരിയൂസ് തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്. "കർത്താവ് തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു" (സുഭാ 8,22); "പിതാവ് എന്നെക്കാൾ വലിയവനാണ്" (യോഹ 14,28); "എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതൻ" (കൊളോ 1,5) എന്നിങ്ങനെയുള്ള ബൈബിൾ വാക്യങ്ങളാണ് തന്റെ സിദ്ധാന്തത്തിന്റെ അടിസ്ഥാനമായി അയാൾ സ്വീകരിച്ചത്. ബൈബിളിൽ ഇല്ലാത്തതൊന്നും വിശ്വാസസത്യമായി അംഗീകരിക്കാൻ പാടില്ല എന്നും അയാൾ വാദിച്ചു.

ദൈവത്തിന്റെ ആദ്യജാതനാണ് പുത്രനെങ്കിൽ പുത്രന് ആരംഭമുണ്ട്. പുത്രൻ ജനിക്കുന്നതിനുമുൻപ് പുത്രൻ ഇല്ലാത്തതായ സമയം ഉണ്ടായിരുന്നു. ആരംഭമുള്ളതെല്ലാം സൃഷ്ടിക്കപ്പെട്ടതാണ്. മറ്റെല്ലാ സൃഷ്ടികളെയും പോലെ ദൈവം പുത്രനെയും ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചു. ഏറ്റവും ആദ്യം സൃഷ്ടിക്കപ്പെട്ടവനും സൃഷ്ടികളിൽ ഏറ്റം മഹോന്നതനും ആണെങ്കിലും പുത്രൻ സൃഷ്ടിതന്നെ. പുത്രനാണ് പരിശുദ്ധാത്മാവിനെ സൃഷ്ടിച്ചത്. അതിനാൽ പിതാവു മാത്രം ദൈവം. അവന് ആരംഭമില്ല; അവൻ ജനിക്കുകയോ ജനിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല. ദൈവത്തിൽനിന്ന് അല്പം താഴെ ആദ്യസൃഷ്ടിയായ പുത്രൻ; അതിനുതാഴെ പുത്രന്റെ സൃഷ്ടിയായ പരിശുദ്ധാത്മാവ്. ഇങ്ങനെയാണ് ദൈവത്തെ ആരിയൂസ് ചിത്രീകരിച്ചത്.

അലക്സാൺഡ്രിയായിലെ മെത്രാനും ആരിയൂസിന്റെ മേലധികാരിയുമായ അലക്സാണ്ടർ ഏ.ഡി. 320-ൽ ഒരു പ്രാദേശിക സൂനഹദോസ് വിളിച്ചുകൂട്ടി ഈ സിദ്ധാന്തങ്ങളെ ശപിച്ചുതള്ളി. എന്നാൽ ഈജിപ്ത്, സിറിയാ, ഏഷ്യാമൈനർ എന്നീ പ്രദേശങ്ങളിലേക്ക് ഈ സിദ്ധാന്തം അതിവേഗം പ്രചരിച്ചു. ആരിയൂസിന് അനേകം അനുയായികളും എതിരാളികളുമുണ്ടായി. പ്രഗത്ഭരായ മെത്രാന്മാർ ഇരുചേരിയിലുമുണ്ടായിരുന്നു. സഭ വലിയൊരു പിളർപ്പിന്റെ വക്കിലെത്തി. സഭയിലെ പിളർപ്പ് തന്റെ സാമ്രാജ്യത്തെ ദോഷകരമായി ബാധിക്കും എന്നും മനസ്സിലാക്കിയ കോൺസ്റ്റന്റൈൻ ചക്രവർത്തി ഇരുചേരികളെയും തമ്മിൽ രഞ്ജിപ്പിക്കുവാൻ ശ്രമിച്ചു. അനു

രഞ്ജനശ്രമങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ സാ മ്രാജ്യത്തിലെ എല്ലാ മെത്രന്മാരെയും വിളിച്ചുകൂട്ടാൻ ചക്രവർത്തി തീരുമാനിച്ചു. അങ്ങനെ ആദ്യത്തെ സാർവ്വത്രികസൂനഹദോസ്, ഏ.ഡി.325-ൽ നിക്യാ പട്ടണത്തിൽ സമ്മേളിച്ചു.

സാമ്രാജ്യത്തിന്റെ ഐക്യമായിരുന്നു ചക്രവർത്തിയുടെ പ്രധാന ലക്ഷ്യമെങ്കിലും സഭയെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമായിരുന്നു നിക്യാ സൂനഹദോസ്. മെത്രാന്മാരുടെ ഈ സമ്മേളനത്തിൽവച്ച് ആരിയൂസിന്റെ സിദ്ധാന്തം പാഷണ്ഡതയായി പ്രഖ്യാപിക്കപ്പെട്ടു. അതിൽനിന്ന് പിന്തിരിയാൻ വിസമ്മതിച്ച ആരിയൂസും കൂട്ടരും നാടുകടത്തപ്പെട്ടു. നിക്യാ സൂനഹദോസാണ് സഭയുടെ ആദ്യത്തെ വിശ്വാസപ്രമാണം പ്രഖ്യാപനം ചെയ്തത്.

പുത്രൻ സൃഷ്ടിക്കപ്പെടാത്തവനും പിതാവിനോടുകൂടെ ഏകസത്തയായിരിക്കുന്നവനും ആണ് എന്ന് സൂനഹദോസ് പ്രഖ്യാപിച്ചു. ഏകസത്ത എന്ന പ്രയോഗത്തിന്റെ വ്യാഖ്യാനത്തിലൂടെ ആരിയനിസം വീണ്ടും തല പൊക്കി. 381-ലെ ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് നിക്യാ വിശ്വാസപ്രമാണത്തെ സ്ഥിരീകരിക്കുകയും സംശയത്തിന് ഇടയി ല്ലാത്ത വിധം പദങ്ങൾ നിർവചിക്കുകയും ചെയ്തതോടെ ആരിയനിസത്തി ന്റെ ശക്തി ക്ഷയിച്ചു. എന്നാൽ പില്ക്കാലത്ത് ആരിയനിസം വീണ്ടും പല നാമങ്ങളിൽ ഉയർന്നുവന്നുകൊണ്ടിരുന്നു. ഇപ്രകാരം ഒരു തിരിച്ചുവരവാണ് ഇന്നു യഹോവാസാക്ഷികളിൽ നാം കാണുന്നത്.

## 7. അപ്പോള്ളിനാരിയനിസം (Apollinarianism)

നിക്യാ സൂനഹദോസിനുശേഷം രംഗപ്രവേശനം ചെയ്ത ഒരു പാഷണ്ഡതയാണിത്. ലാവോദിക്യായിലെ മെത്രാനായ അപ്പോളിനാരിയൂസ് യേശുവിന്റെ ദൈവത്വം തറപ്പിച്ചു പറയുന്നതിനായി മനുഷ്യത്വത്തെ വെട്ടിച്ചുരുക്കി.

രണ്ടു സ്വഭാവങ്ങൾ പൂർണ്ണതയിൽ ഒരു വ്യക്തിയിൽ സമ്മേളിക്കുക അസാധ്യമാണ്. ആത്മാവും ശരീരവുമുള്ള പൂർണ്ണ മനുഷ്യനിൽ പാപമുണ്ടായിരിക്കും. എന്നാൽ ദൈവപുത്രനിൽ പാപമില്ല. അതിനാൽ ദൈവപുത്രൻ സ്വീകരിച്ചത് പൂർണ്ണമായ മനുഷ്യസ്വഭാവമായിരുന്നില്ല. ആത്മാവില്ലാത്ത മനുഷ്യശരീരം മാത്രമായിരുന്നു. ദൈവവചനം ഈ ശരീരത്തിന്റെ ആത്മാവായി വർത്തിച്ചു. "വചനം മാംസമായി" (യോഹ 1,14) എന്ന പ്രഖ്യാപനം ഈ സിദ്ധാന്തത്തിന് താങ്ങായി അപ്പോള്ളിനാരിയൂസ് എടുത്തുകാട്ടി.

ഏ.ഡി. 362-ൽ അലക്സാൺഡ്രിയായിൽ സമ്മേളിച്ച മെത്രാന്മാരുടെ പ്രാദേശിക സൂനഹദോസ് ഈ സിദ്ധാന്തത്തെ പാഷണ്ഡതയായി പ്രഖ്യാപിച്ചു. ദൈവപുത്രൻ തന്റേതായി സ്വീകരിക്കാത്തതൊന്നും രക്ഷിക്കപ്പെട്ടിട്ടില്ല. രക്ഷ ശരീരത്തിന് മാത്രമല്ല ആത്മാവിനും ആവശ്യമാണ്, അഥവാ പൂർണ്ണനായ മനുഷ്യനാണ് രക്ഷിക്കപ്പെട്ടത്. അതിനാൽ യേശുക്രിസ്തു പൂർണ്ണമനുഷ്യനായിരുന്നു എന്ന് സിനഡ് പ്രഖ്യാപിച്ചു. തുടർന്ന് പല സിനഡുകളിലും ചർച്ച ചെയ്യപ്പെട്ട ഈ പാഷ്ണ്ഡതയെക്കുറിച്ച് അന്തിമ തീരുമാനം നല്കിയത് ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസാണ്.

## 8. നെസ്തോറിയനിസം (Nestorianism)

യേശുക്രിസ്തുവിൽ രണ്ടു വ്യക്തിത്വങ്ങൾ ആരോപിക്കുന്ന ഒരുപാഷണ്ഡതയാണ് നെസ്തോറിയനിസം. ഇതിന്റെ പ്രണേതാവായ നെസ്തോറിയൂസ് അന്തിയോക്കിയായിലെ ഒരു സന്യാസി ആയിരുന്നു. അസാധാരണ പാണ്ഡിത്യവും വാക്ചാതുരിയുംവഴി പ്രസിദ്ധനായിത്തീർന്ന അദ്ദേഹത്തെ തെയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി 428-ൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ആയി നിയമിച്ചു.

പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃത്വത്തെ സംബന്ധിച്ച് തീവ്രമായ വാദപ്രതിവാദങ്ങൾ നടക്കുന്ന അവസരമായിരുന്നു അത്. യേശുക്രിസ്തു ദൈവമായതിനാൽ അമ്മയായ മറിയത്തെ ദൈവമാതാവ് *(Theothokos)* എന്നു വിളിക്കണം എന്ന് ഒരു കൂട്ടർ വാദിച്ചു. ഏകദേശം രണ്ടു നൂറ്റാണ്ടുകളായി സഭയുടെ പ്രാർത്ഥനകളിൽ പ്രകടമായിരുന്ന ഒരു അഭിസംബോധനാരൂപമായിരുന്നു അത്. എന്നാൽ മറിയത്തിൽ നിന്നു ജനിച്ചത് മനുഷ്യനാകയാൽ മറിയത്തെ മനുഷ്യമാതാവ് *(Anthropothokos)* എന്നേ വിളിക്കാവൂ എന്ന് മറ്റൊരു കൂട്ടർ വാദിച്ചു. ഇതു രണ്ടും ശരിയല്ലെന്നും ക്രിസ്തുവിന്റെ മാതാവ് (Christothokos) എന്നാണ് വിളിക്കേണ്ടതെന്നും നെസ്തോറിയൂസ് പഠിപ്പിച്ചു.

യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും എപ്രകാരമാണു സമ്മേളിച്ചിരിക്കുന്നത് എന്നതായിരുന്നു ഈ വിവാദത്തിന്റെ പ്രധാന വിഷയം. ആത്മാവില്ലാത്ത ശരീരം മാത്രമാണ് ദൈവപുത്രൻ സ്വീകരിച്ചത് എന്ന് അംഗീകരിക്കാനാവില്ല. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അതിന്റെ പൂർണ്ണതയിൽ യേശുവിൽ സമ്മേളിച്ചിരുന്നു. പൂർണ്ണമനുഷ്യനാണെങ്കിൽ യേശുക്രിസ്തു ഒരു മനുഷ്യവ്യക്തിയാണ്; അതേസമയം പൂർണ്ണമായും ദൈവമായതിനാൽ ദൈവവ്യക്തിയും. എന്നാൽ എപ്രകാരമാണ് ഈ രണ്ടു വ്യക്തിത്വങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത്?

'ദൈവവചനം മനുഷ്യനിൽ വസിച്ചു' എന്ന് നെസ്തോറിയൂസ് പഠിപ്പിച്ചു. വ്യക്തിത്വവും സ്വഭാവവും തമ്മിൽ വ്യവച്ഛേദിച്ചല്ല അദ്ദേഹം കണ്ടത്. ദേവാലയത്തിൽ ദൈവം വസിക്കുന്നതുപോലെ ദൈവം മനുഷ്യനിൽ വസിച്ചു; മനുഷ്യൻ വസ്ത്രം ധരിക്കുന്നതുപോലെ വചനം മാംസം ധരിച്ചു. ദൈവം മനുഷ്യനിൽ വസിച്ചു എന്നല്ലാതെ ദൈവം മനുഷ്യനായി അവതരിച്ചു എന്നു പറയുന്നത് തെറ്റായി നെസ്തോറിയൂസ് കരുതി.

ഏറെ വിവാദങ്ങൾ ഉയർത്തിയ ഈ പഠനങ്ങളെ വിലയിരുത്താൻ തെയഡോഷ്യസ് II ചക്രവർത്തി 431-ൽ എഫേസോസിൽ ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടി. നെസ്തോറിയൂസിന്റെ പഠനങ്ങളെ അലക്സാൺഡ്രിയായിലെ മെത്രാനായ സിറിൽ ശക്തമായി എതിർത്തു. യേശുക്രിസ്തു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണെന്നും ദൈവപുത്രന്റെ ഏകവ്യക്തിത്വത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പൂർണ്ണമായി നിലനില്ക്കുന്നു എന്നും സിറിൽ വാദിച്ചു.

മനുഷ്യത്വവും ദൈവത്വവും തമ്മിൽ സത്താപരമായ ഐക്യം (hypostatic union) ആണുള്ളത്. തീക്കട്ടയിൽ തീയും വിറകും ഒന്നാകുന്നതുപോലെ യേശുക്രിസ്തുവിൽ ദൈവവും മനുഷ്യനും ഒന്നായിത്തീർന്നു. ദൈവിക യാഥാർത്ഥ്യങ്ങളെ വിശദീകരിക്കാൻ ഭൗതിക സാദൃശ്യങ്ങളുടെ അപര്യാപ്തത ഈ ഉദാഹരണത്തിലും പ്രകടമാകുന്നുണ്ട്. എന്നാലും സത്താപരമായ ഐക്യത്തെ സൂചിപ്പിക്കാൻ ഇതു സഹായകമാകും. വ്യക്തിയാണ് പ്രവർത്തനങ്ങളുടെ ഉടമ. അതിനാൽ മറിയത്തിൽ നിന്നു ജനിക്കുകയും കുരിശിൽ മരിക്കുകയും ചെയ്തതു ദൈവമാണ്. ഈ വിശ്വാസത്തിന്റെ പരസ്യ പ്രഖ്യാപനമായി മറിയത്തെ ദൈവമാതാവ് എന്ന് ഏറ്റുപറയണം എന്നു സൂനഹദോസിലെ പിതാക്കന്മാർ തീരുമാനിച്ചു. നെസ്തോറിയൂസ് ഈ തീരുമാനത്തെ എതിർത്തു.

നെസ്തോറിയൂസിന്റെ അനുഭാവികളായ സിറിയൻ പിതാക്കന്മാർ എത്തിച്ചേരുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ പഠനങ്ങളെ പാഷണ്ഡതയായി സൂനഹദോസ് പ്രഖ്യാപിച്ചു. ചക്രവർത്തി അദ്ദേഹത്തെ ഈജിപ് തിലെ മരുഭൂമിയിലേക്കു നാടുകടത്തി. സിറിയൻ മെത്രാന്മാർ തനതായൊരു സമ്മേളനത്തിൽവച്ച് നെസ്തോറിയൂസിന്റെ പഠനങ്ങളെ അംഗീക രിക്കുകയും എഫേസോസ് സൂനഹദോസിന്റെ തീരുമാനങ്ങളെ ശപിച്ചു തള്ളുകയും ചെയ്തു. വിവാദങ്ങളും ചർച്ചകളും വീണ്ടും തുടർന്നു. 451-ൽ കൽക്കെദോനിയായിൽ സമ്മേളിച്ച സാർവ്വത്രിക സൂനഹദോസാണ് ഈ വിവാദങ്ങൾക്കു പൂർണ്ണവിരാമമിട്ടത്. അതേവർഷം നെസ്തോറിയൂസ് പ്രവാസി

യായി മരിച്ചു. എന്നാൽ സിറിയൻ സഭ നെസ്തോറിയനിസത്തിൽ ഉറച്ചുനിന്നു. 481–ൽ ടൈഗ്രിസ് നദീതീരത്തുള്ള സെലുഷ്യാക്റ്റെസിഫോൺ പട്ടണത്തിൽ സമ്മേളിച്ച മെത്രാന്മാർ നെസ്തോറിയനി സത്തെ സിറിയൻ സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി അംഗീകരിച്ചു. അതോടെ ആ സഭ കത്തോലിക്കാസഭയിൽനിന്നു വിട്ടുമാറി ഒരു ശീശ്മ (Schism) ആയിത്തീർന്നു.

## 9. ദത്തുപുത്രവാദം (Adoptionism)

നെസ്തോറിയനിസത്തിൽ നിന്നുരുത്തിരിഞ്ഞുവന്ന ഒരു പാഷണ്ഡതയാണിത്. സ്പെയിനിലെ ഒരു പട്ടണമായ ടൊളേദോയിലെ മെത്രാൻ എലിപ്പാന്തസ് (*Elipandus* 718-802) ഈ സിദ്ധാന്തത്തിന്റെ പ്രണേതാവായി കരുതപ്പെടുന്നു.

യേശുക്രിസ്തുവിന്റെ ദൈവസ്വഭാവത്തെയും മനുഷ്യസ്വഭാവത്തെയും വേർതിരിച്ചുകാണുകയും രണ്ടിനെയും യാതൊരു കുറവും കൂടാ തെ ഏറ്റുപറയുകയും ചെയ്യാൻ ഏറ്റം ഉചിതമായ മാർഗ്ഗമായിട്ടാണ് എലിപ്പാന്തസ് തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്. പിതാവിൽനിന്നു ജനിച്ച ദൈവവചനം ദൈവത്തിന്റെ സ്വാഭാവികപുത്രനാണ്. മറിയത്തിൽനിന്നു ജനിച്ച പുത്രനെ ദൈവവചനം സ്വന്തമായി സ്വീകരിച്ചു. അങ്ങനെ മറിയത്തിന്റെ പുത്രൻ ദൈവത്തിന്റെ ദത്തുപുത്രനായി. ഈ സിദ്ധാന്തത്തിന്റെ വേരുകൾ നെസ്തോറിയൂസിലൂടെ കടന്ന് സെറിന്തുസ്വരെ എത്തിനില്ക്കുന്നതായി കാണാം.

അഡ്രിയാൻ ഒന്നാമൻ മാർപ്പാപ്പായുടെ അംഗീകാരത്തോടെ കാറൽമാൻ ചക്രവർത്തി 794–ൽ ഫ്രാങ്ക്ഫർട്ടിൽ വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ പ്രാദേശിക സൂനഹദോസ് ഈ സിദ്ധാന്തത്തെ തള്ളിപ്പറഞ്ഞു. അവൻ യഥാർത്ഥപുത്രൻ തന്നെ ആയിരുന്നു. ഒരു പുത്രനേ ഉള്ളൂ. അത് സ്വാഭാവിക പുത്രനാണ്; ദത്തുപുത്രനല്ല എന്ന് സിനഡ് വ്യക്തമായി പ്രഖ്യാപിച്ചു.

## 10. ഏകസ്വഭാവവാദം (Monophysitism)

*മോണോസ്* (ഏകം), *ഫീസിസ്* (സ്വഭാവം) എന്ന രണ്ടു ഗ്രീക്കു വാക്കുകളിൽ നിന്നാണ് *മോണോഫിസിറ്റിസം* എന്ന പദമുണ്ടായത്. ക്രിസ്തുവിൽ ഒരു വ്യക്തിതത്വവും ഒരു സ്വഭാവവും മാത്രമേയുള്ളു എന്നു വാദിക്കുന്ന ഈ സിദ്ധാന്തം നെസ്തോറിയൂസിനേതിരേ ക്രിസ്തുവിന്റെ ഏകവ്യക്തിത്വം ഊന്നിപ്പറയാനുള്ള ശ്രമം വഴിതെറ്റിയതിന്റെ ഫലമാണ്. എഫേസോസ് സൂനഹദോസിലെ മുഖ്യനായകനായ സിറിൽ 'മാംസമായ ദൈവവചനത്തിന്റെ ഏകസ്വഭാവം' ഏറ്റുപറയാൻ പ്രേരിപ്പിച്ചു. *ഫീസിസ്* എന്ന

പദത്തിന് "വ്യക്തി" എന്ന അർത്ഥമായിരുന്നു സിറിൽ കല്പിച്ചത്. എന്നാൽ "സ്വഭാവം" എന്ന അർത്ഥത്തിലാണ് കോൺസ്റ്റാന്റിനോപ്പിളിലെ ഒരു സന്യാസശ്രേഷ്ഠനായ യൂത്തിക്കസ് (Euthychus) വ്യാഖ്യാനിച്ചത്.

യേശുവിൽ ഒരു വ്യക്തിത്വം മാത്രമേ ഉള്ളൂ എന്നു സ്ഥാപിക്കണമെങ്കിൽ ഏകസ്വഭാവം അംഗീകരിക്കണം എന്ന് അദ്ദേഹം വാദിച്ചു. യേശുക്രിസ്തുവിൽ ദൈവം മനുഷ്യസ്വഭാവത്തെ പൂർണ്ണമായി തന്നിലേക്ക് ആവാഹിച്ച് ദൈവസ്വഭാവമാക്കി മാററുകയാണു ചെയ്തത്. ഇതുവഴി എല്ലാ മനുഷ്യർക്കും ദൈവസ്വഭാവത്തിൽ പങ്കുചേരാനും അങ്ങനെ രക്ഷപ്രാപിക്കാനും സാധിക്കുന്നു. യേശുവിൽ മനുഷ്യസ്വഭാവം കലർപ്പില്ലാതെ നിലനിന്നാൽ മനുഷ്യരക്ഷ സാധ്യമല്ല എന്ന് അദ്ദേഹം പഠിപ്പിച്ചു. കൽക്കെദോനിയാ സൂനഹദോസിന്റെ വിശ്വാസപ്രഖ്യാപനം ഈ സിദ്ധാന്തത്തെ പൂർണ്ണമായി പുറന്തള്ളുന്നതാണ്. പക്ഷേ സൂനഹദോസിനുശേഷം ഏകസ്വഭാവവാദികൾ കൂടുതൽ ശക്തിപ്പെടുകയാണുണ്ടായത്. ഈ വിശ്വാസ വൈപരീത്യം ഇന്നും പൗരസ്ത്യസഭകളിൽ പലേടത്തും നിലനില്ക്കുന്നുണ്ട്.

## 11. ഏകച്ഛാവാദം (Monothelitism)

ഇച്ഛിക്കുക,തീരുമാനിക്കുക എന്നർത്ഥമുള്ള *ഥേലോ* (*thelo*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ഈ പേരുണ്ടായത്. ഏകസ്വഭാവത്തിൽനിന്നു രൂപംകൊണ്ട ഒരു നിഗമനമാണിത്. യേശുക്രിസ്തുവിൽ ഒരു വ്യക്തിത്വവും ഒരു സ്വഭാവവും മാത്രമേ ഉള്ളു. അതിനാൽ അവന് ഒരു ഇച്ഛാശക്തി (*will*) മാത്രമേ ഉള്ളു എന്നതാണ് ഈ സിദ്ധാന്തത്തിന്റെ ചുരുക്കം. ഏഴാം നൂറ്റാണ്ടിലാണിതു രംഗപ്രവേശം ചെയ്തത്. യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന് സ്വന്തമായൊരു ഇച്ഛാശക്തിയുണ്ടോ ഇല്ലയോ എന്നതായിരുന്നു പ്രശ്നം. ഉണ്ടെങ്കിൽ രണ്ട് ഇച്ഛാശക്തികൾ എങ്ങനെ ഒരു വ്യക്തിയിൽ പ്രവർത്തിക്കും? ഇല്ലെങ്കിൽ ആത്മാവും ശരീരവും ഉള്ള മനുഷ്യസ്വഭാവം എങ്ങനെ പൂർണ്ണമാകും? ഈ പ്രശ്നത്തിന് മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ അലിഞ്ഞുചേർന്നു എന്ന് ഏകച്ഛാവാദികൾ ഉത്തരം നല്കി. യേശുക്രിസ്തുവിന് ഒരു ഇച്ഛാശക്തിയേ ഉള്ളു – ദൈവികമായ ഇച്ഛാശക്തി. പക്ഷേ ഇത് സുവിശേഷങ്ങളുടെ പഠനങ്ങൾക്കു വിരുദ്ധമായി നില്ക്കുന്നു. "എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ" (ലൂക്കാ 22,42) എന്നു പ്രാർത്ഥിച്ച യേശുവിൽ പ്രകടമാകുന്നത് മാനുഷികമായ ഇച്ഛാശക്തി ദൈവികമായതിനു കീഴ്പ്പെടുന്നതാണ്.

## 12. മാസിഡോണിയനിസം (Macedonianism)

നാലാംനൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പ്രത്യക്ഷപ്പെട്ട ഈ പാഷ

ണ്ഡത പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്നു. “ആത്മാവിനെ എതിർക്കുന്നവർ” എന്ന അർത്ഥത്തിൽ *പ്നെവുമാത്തോമാക്കി* (*pneumatomachi*) എന്നാണ് ഈ സിദ്ധാന്തത്തിന്റെ അനുകൂലികൾ പൊതുവെ അറിയപ്പെട്ടത്. അർമീനിയായിലെ സെബാസ്തെയുടെ മെത്രാനായ യൂസ്താത്തിയൂസ് 373–ൽ ഇവരുടെ നേതൃത്വം ഏറ്റെടുത്തതോടെ ഈ പാഷണ്ഡതയ്ക്കു കൂടുതൽ പ്രചാരം സിദ്ധിച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായ മാസിഡോണിയസ് (346–360) ആണ് ഇതിന്റെ സ്ഥാപകൻ എന്ന ധാരണയാൽ ഇതിനെ മാസിഡോണിയനിസം എന്നും വിളിക്കാറുണ്ട്.

സൃഷ്ടികർമ്മത്തിൽ പരിശുദ്ധാത്മാവിനു പങ്കുള്ളതായി പുതിയനിയമം പറയാത്തതിനാൽ പരിശുദ്ധാത്മാവ് ദൈവമല്ല എന്ന് ഈ സിദ്ധാന്തത്തിന്റെ പ്രണേതാക്കൾ വാദിച്ചു. 379–ൽ ഡമാസസ് I പാപ്പായും 381–ൽ ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസും ഈ സിദ്ധാന്തത്തെ പാഷണ്ഡതയായി ശപിച്ചു. തെയഡോഷ്യസ് I ചക്രവർത്തി ഇവർക്കെതിരേ രാഷ്ട്രീയ നടപടികൾ സ്വീകരിച്ചു. ഏറെ താമസിയാതെ ഈ പാഷണ്ഡത അവസാനിച്ചു.

## 13. മൊന്താനിസം (Montanism)

പരിശുദ്ധ ത്രിത്വത്തെയും ദൈവപുത്രന്റെ മനുഷ്യാവതാരത്തെയും സംബന്ധിച്ചു വഴിതെറ്റിയ വ്യാഖ്യാനങ്ങളാണ് ഇതുവരെ കണ്ടത്. ഈ അധ്യായം അവസാനിപ്പിക്കുന്നതിനുമുമ്പ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സംബന്ധിച്ചുണ്ടായ ഒരു അപഭ്രംശംകൂടി പരിഗണിക്കേണ്ടതുണ്ട്. ഒരു പാഷണ്ഡത എന്നതിനേക്കാൾ തെറ്റായ ഒരു വീക്ഷണം എന്ന നിലയിലാണ് *മൊന്താനിസം* പ്രസക്തമാകുന്നത്. ഇന്നും ഏറെ പ്രാധാന്യമുള്ള ഒരു വിഷയമാണിത്.

പുതുതായി ക്രിസ്തുമതം സ്വീകരിച്ച ഒരു ഫ്രീജിയാക്കാരനായിരുന്നു മൊന്താനൂസ്. ഏ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് അയാൾ ജീവിച്ചിരുന്നത്. പുതിയ ജറുസലെം ഉടനെ വരും എന്നും പന്തക്കുസ്താദിവസം അപ്പസ്തോലന്മാരുടെമേൽ വന്നതുപോലെ പരിശുദ്ധാത്മാവു വീണ്ടും ശക്തമായി പ്രത്യക്ഷപ്പെടുമെന്നും അയാൾ പഠിപ്പിച്ചു. ആസന്നമായിരിക്കുന്ന ആത്മാവിന്റെ ആഗമനത്തെ വിളംബരം ചെയ്യാൻ അയയ്ക്കപ്പെട്ടിരിക്കുന്ന പ്രവാചകനാണ് താൻ എന്ന് മൊന്താനൂസ് അവകാശപ്പെട്ടു. താനും തന്റെ അനുയായികളും മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരായ ക്രിസ്ത്യാനികളാണെന്ന് അയാൾ കരുതി. ആത്മാവിന്റെ ആഗമനത്തിനൊരുക്കമായി ലൗകികകാര്യ

ങ്ങളിൽനിന്നു പൂർണ്ണമായി പിന്തിരിയണം. നിരന്തരമായ ഉപവാസവും പ്രായ ശ്ചിത്ത പ്രവൃത്തികളുംവഴി പുതിയ ജറുസലെമിന്റെ വരവിന് ഒരുങ്ങണം. വിവാഹം നിഷിദ്ധമാണ്. ശരീരത്തെ നശിപ്പിക്കുകയാണ് രക്ഷയുടെ മാർഗ്ഗം. ക്രിസ്തുവിന്റെ സഭ ആദ്യത്തെ ചൈതന്യം നഷ്ടപ്പെട്ട് പാപത്തിൽ മുഴുകി യിരിക്കുന്നു. അതിനാൽ സഭയെ കഴുകി ശുദ്ധീകരിക്കാൻ തങ്ങൾ രക്തം ചിന്താൻ തയ്യാറാവണം. രക്തസാക്ഷിത്വത്തിന് ഒരുങ്ങുക മാത്രമല്ല, അന്വേ ഷിച്ചു കണ്ടെത്തുകതന്നെവേണം എന്ന് മൊന്താനൂസ് പഠിപ്പിച്ചു.

പ്രിസ്കാ, മക്സിമില്ലാ എന്ന രണ്ടു സ്ത്രീകൾ മൊന്താനൂസിന്റെ മുഖ്യ ശിഷ്യകളായിരുന്നു. ഉന്മാദാവസ്ഥയിൽ എത്താനും അവ്യക്തമായ സ്വരങ്ങൾ പുറപ്പെടുവിക്കാനും അവർക്കു വലിയ പാടവമുണ്ടായിരുന്നു. ഈ ശബ്ദ ങ്ങളെ പരിശുദ്ധാത്മാവിന്റെ പ്രവചനങ്ങളായി മൊന്താനൂസ് വ്യാഖ്യാനിച്ചു. മൊന്താനൂസിന്റെ ശിഷ്യഗണത്തിൽ അനേകം പേർക്ക് ഇപ്രകാരമുള്ള അനു ഭവങ്ങളും സിദ്ധികളും ഉണ്ടായിരുന്നു.

മറ്റു ക്രൈസ്തവരോടും സഭാധികാരികളോടും ഉള്ള അവജ്ഞ, തങ്ങൾ ഉയർന്നതരം ക്രിസ്ത്യാനികളാണ് എന്ന അഹങ്കാരം, ലോകാവസാനം ഉടനെ ഉണ്ടാകും എന്ന വിശ്വാസം ഇതെല്ലാം മൊന്താനിസത്തിന്റെ പ്രത്യേ കതകളായിരുന്നു. പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ തെർത്തുല്ല്യൻ ഈ പ്രസ്ഥാനത്തിന്റെ ഒരു പ്രമുഖ വക്താവായിരുന്നു. ക്രൈസ്തവവിശ്വാസ ത്തിനും ജീവിതശൈലിക്കും നിരക്കാത്തതാണ് ഇതെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇന്നസന്റ് ഒന്നാമൻ മാർപാപ്പാ മൊന്താനിസത്തെ ശപിച്ചുതള്ളി.

വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യത്തെ വിശകലനം ചെയ്യാൻ ശ്രമിച്ച മനുഷ്യബുദ്ധിക്ക് ഏറെ പാളിച്ചകൾ സംഭവിച്ചു. എന്നാൽ ചിന്ത കളും ചർച്ചകളും വിവാദങ്ങളും ആ രഹസ്യത്തിലേക്ക് കൂടുതൽ ഉൾക്കാ ഴ്ചകൾ നല്കി. ആവിഷ്കൃതസത്യത്തിന്റെ ആഴവും അർത്ഥവും ഗ്രഹി ക്കാനും അതിനനുസൃതമായി ജീവിതത്തെ കരുപ്പിടിപ്പിക്കാനും ഈ ചർച്ച കൾ സഭയെ സഹായിച്ചു. തെറ്റായ പഠനങ്ങളെ തിരുത്താനും സത്യവി ശ്വാസം കാത്തുസൂക്ഷിക്കാനും ഉള്ള ശ്രമത്തിലൂടെയാണ് സഭയുടെ വിശ്വാ സത്തിനുതന്നെ വ്യക്തത കൈവന്നത്. താൻ ഏറ്റുപറയുന്ന വിശ്വാസത്തെ മനസ്സിലാക്കാനും വിശദീകരിക്കാനും നിർവ്വചിക്കാനും ഈ പാഷണ്ഡത കൾ സഭയെ സഹായിച്ചു. വിശ്വാസം ചോദ്യംചെയ്യപ്പെടുമ്പോഴാണ് വിശ്വാസി കൾ തങ്ങളുടെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്കിറങ്ങാൻ നിർബന്ധിത രാവുക.

# 6. വിശ്വാസപ്രമാണം

കുടുംബപ്രാർത്ഥനയുടെ ഭാഗമായി വീടുകളിലും കുർബ്ബാനയുടെ മധ്യേ ദേവാലയത്തിലും നാം വിശ്വാസപ്രമാണം ചൊല്ലാറുണ്ട്. രണ്ടു വിശ്വാസപ്രമാണങ്ങളും തമ്മിൽ കുറെയൊക്കെ വ്യത്യാസവുമുണ്ട്. വീട്ടിലും പള്ളിയിലും ഒരേ വിശ്വാസപ്രമാണംതന്നെ ചൊല്ലിയാൽ പോരേ? എന്തിന് പള്ളിയിൽ ഇത്രവലിയ വിശ്വാസപ്രമാണം ചൊല്ലുന്നു? എന്നൊക്കെ പലരും ചോദിക്കുന്നതു കേൾക്കാം. എന്താണ് വിശ്വാസപ്രമാണം, എങ്ങനെയാണിതു രൂപം കൊണ്ടത് എന്നു മനസ്സിലാക്കിയാലേ ഈ ചോദ്യത്തിനുത്തരം നല്കാൻ കഴിയൂ.

സഭ ആരംഭകാലം മുതല്ക്കേ തന്റെ വിശ്വാസം ഏറ്റം ഹ്രസ്വവും ലളിതവുമായ രൂപത്തിൽ നിർവ്വചിക്കാൻ ശ്രമിച്ചിട്ടുണ്ട്. ക്രിസ്ത്യാനിയാകാൻ ആഗ്രഹിക്കുന്നയാൾ അവശ്യം വിശ്വസിക്കേണ്ടത് എന്തെന്നു പഠിപ്പിക്കുകയായിരുന്നു ഈ നിർവ്വചനങ്ങളുടെ ഉദ്ദേശ്യം. ഇപ്രകാരമുള്ള ചില നിർവ്വചനങ്ങൾ പുതിയനിയമത്തിൽത്തന്നെ കാണാം.

അനേകായിരങ്ങൾ ക്രിസ്തുമതം സ്വീകരിക്കാൻ തയ്യാറായപ്പോൾ അവർക്കു ജ്ഞാനസ്നാനം നല്കുന്നതിനുമുമ്പേ വിശ്വാസസത്യങ്ങൾ ചുരുക്കമായി അവരെ പഠിപ്പിക്കേണ്ടതുണ്ടായിരുന്നു. ഇങ്ങനെ പഠിച്ച സത്യങ്ങൾ ജ്ഞാനസ്നാനാർത്ഥികൾ ഏറ്റുപറയണം. ഇത് ചോദ്യൾക്കുത്തരമായോ ഒരു നിർവ്വചനം ചൊല്ലികേൾപ്പിക്കുന്ന വിധത്തിലോ ആകാം. രണ്ടായാലും ജ്ഞാനസ്നാനവുമായി ബന്ധപ്പെടുത്തിയാണ് സഭയുടെ വിശ്വാസപ്രമാണം രൂപം കൊണ്ടത്. ദൈവികരഹസ്യങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ അന്യമതസ്തരുടെ അവഹേളനത്തിനു പാത്രമാകാതിരിക്കാൻവേണ്ടി ഈ വിശ്വാസസത്യങ്ങൾ ജ്ഞാനസ്നാനാർത്ഥികളെ നേരിട്ടു പഠിപ്പിച്ച് മനഃപാഠമാക്കാൻ പ്രേരിപ്പിക്കുകയാണ് ആദിമസഭ ചെയ്തിരുന്നത്. വിശ്വാസപ്രമാണം പ്രസിദ്ധം ചെയ്തിരുന്നില്ല. ജ്ഞാനസ്നാനാർത്ഥികൾ പഠിക്കുന്നതിനുവേണ്ടി വിശ്വാസപ്രമാണം എഴുതിയെടുത്തിരുന്നെങ്കിൽ പഠിച്ചുകഴിയുമ്പോൾ എഴുതിയവ തിരിച്ചേല്പിക്കുകയോ നശിപ്പിച്ചുകളയുകയോ ചെയ്തിരുന്നു. ആഗോളസഭയിൽ ഇപ്രകാരമുള്ള പല വിശ്വാസപ്രമാണങ്ങൾ ആദ്യനൂറ്റാണ്ടുകളിൽ ഉപയോഗത്തിലിരുന്നു ഇവയെല്ലാം വളരെ ലളിതമായ നിർവ്വചനങ്ങളായിരുന്നു.

അപ്പസ്തോലന്മാരിൽനിന്നു സ്വീകരിച്ച വിശ്വാസം കാലക്രമത്തിൽ

ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും അനേകം പാഷണ്ഡതകൾ ഉയർന്നുവരുകയും ചെയ്തപ്പോൾ സഭയ്ക്ക് തന്റെ വിശ്വാസം കൂടുതൽ കണിശമായും വ്യക്തമായും നിർവ്വചിക്കേണ്ടിവന്നു. അങ്ങനെയാണ് നിക്യാ, കോൺസ്റ്റാന്റിനോപ്പിൾ, കൽക്കദോനിയാ മുതലായ സൂനഹദോസുകളിൽ ദീർഘവും ക്ലിഷ്ടവും, ഇന്ന് ഒരുപക്ഷേ അപ്രസക്തമെന്നു തോന്നിയേക്കാവുന്നതുമായ വിശ്വാസപ്രമാണങ്ങൾ രൂപംകൊണ്ടത്. സുദീർഘവും സങ്കീർണ്ണവുമായ വഴികളിലൂടെ കടന്നാണ് ഇന്നു നാം ചൊല്ലുന്ന വിശ്വാസപ്രമാണങ്ങൾ സഭയിൽ രൂപംകൊണ്ടത്. ഈ ചരിത്രം കഴിയുന്നത്ര ലളിതവും ഹ്രസ്വവുമായി വിശദീകരിക്കാൻ ഈ അധ്യായത്തിൽ ശ്രമിക്കുന്നു.

## 1. വിശ്വാസപ്രമാണം പുതിയനിയമത്തിൽ

ക്രൈസ്തവരുടെ ഏറ്റം പുരാതനമായ വിശ്വാസപ്രഖ്യാപനങ്ങൾ യേശുക്രിസ്തുവിനെ കേന്ദ്രമാക്കിയുള്ളതായിരുന്നു. (1) "എന്റെ കർത്താവേ, എന്റെ ദൈവമേ" (യോഹ 20,28) എന്ന തോമാശ്ലീഹായുടെ ഉദ്ഘോഷണത്തിൽ ഏറ്റവും ഹ്രസ്വവും ഏറ്റം പുരാതനവുമായ വിശ്വാസപ്രഖ്യാപനം കാണാം. "യേശുക്രിസ്തു കർത്താവാണ് എന്നുപറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല"(1 കോറി 12.3). വിശ്വാസം ദൈവത്തിന്റെ ദാനമാണെന്നും പരിശുദ്ധാത്മാവുവഴിയാണ് ഈ ദാനം ലഭിക്കുന്നതെന്നും സൂചിപ്പിക്കുന്നതോടൊപ്പം ആദ്യത്തെ വിശ്വാസപ്രഖ്യാപനത്തിന്റെ മാതൃകയും "യേശുക്രിസ്തു കർത്താവാണ്" എന്ന ഈ വാക്യത്തിൽ കാണാം. യേശുവിനെ ദൈവപുത്രനായി ഏറ്റുപറയുന്നതാണ് മറ്റൊരു പ്രഖ്യാപനം. മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്ന പത്രോസിന്റെ വിശ്വാസപ്രഖ്യാപനം "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മത്താ 16,16) യേശുവിന്റെ വ്യക്തിത്വത്തെ അല്പം കൂടി വിശദമാക്കുന്നു. ഇതേ വിശ്വാസപ്രഖ്യാപനം യോഹന്നാൻ മറ്റൊരു വിധത്തിൽ അവതരിപ്പിക്കുന്നുണ്ട്: "യേശു ദൈവപുത്രനാണ് എന്ന് ഏറ്റു പറയുന്നവനിൽ ദൈവം വസിക്കുന്നു" (1 യോഹ 4,15) ഈ പ്രഖ്യാപനത്തോടൊപ്പം യേശുവിന്റെ പുനരുത്ഥാനവും വിശ്വാസത്തിന്റെ ഭാഗമായി കൂട്ടിച്ചേർക്കപ്പെട്ടു. "യേശു കർത്താവാണ് എന്ന് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമാ 10,9).

കാലക്രമത്തിൽ പുനരുത്ഥാനത്തോടൊപ്പം യേശുവിന്റെ പരസ്യജീവിതത്തിലെ ചില സംഭവങ്ങളും വിശ്വാസപ്രമാണത്തിന്റെ ഭാഗമായി കൂട്ടിച്ചേർക്കപ്പെട്ടു (1 കോറി. 15,3-5). പിതാവിനെയും പുത്രനെയും ഏറ്റുപറയുന്നവയും (1 കോറി 8,6; 2തിമോ 4,1) പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളെയും

ഏറ്റുപറയുന്നവയും (2 കോറി 13,14; മത്താ 28,19) ആയ വിശ്വാസപ്രഖ്യാപനങ്ങളുടെ ലളിത രൂപങ്ങളും പുതിയനിയമത്തിൽ കാണാം. ഇവയിൽനിന്ന് അല്പം വ്യത്യസ്തവും എന്നാൽ ഏറ്റം അടിസ്ഥാനപരവുമായ ഒരു വിശ്വാസപ്രഖ്യാപനം ഹെബ്രായർക്കെഴുതിയ ലേഖനത്തിലുണ്ട്. "ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്നു പ്രതിഫലം നല്കുമെന്നും വിശ്വസിക്കണം" (ഹെബ്രാ 11,6). വിശ്വാസത്തെക്കുറിച്ച് പൊതുവായ ഒരു നിർവ്വചനവും ഈ ലേഖനത്തിൽ നല്കിയിട്ടുണ്ട്. "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്രാ 11,1). പൊതുവായ ഈ വിശ്വാസം പെസഹാ-പന്തക്കുസ്താ അനുഭവത്തിന്റെ വെളിച്ചത്തിൽ നിർവ്വചിക്കപ്പെട്ടതാണ് ക്രിസ്ത്യാനികളുടെ വിശ്വാസപ്രമാണം.

## 2. ജ്ഞാനസ്നാനബന്ധിയായ വിശ്വാസപ്രമാണം (Baptismal creed)

ജ്ഞാനസ്നാനം സ്വീകരിക്കുന്നതിന് ചില അടിസ്ഥാനസത്യങ്ങൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുക ആവശ്യമായിരുന്നു എന്നതിന് പുതിയ നിയമത്തിൽത്തന്നെ തെളിവുകൾ ഉണ്ട്. പീലിപ്പോസിൽനിന്ന് ക്രിസ്തുവിനെക്കുറിച്ചുകേട്ട എത്യോപ്യാക്കാരൻ ചോദിച്ചു: "എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?" (അപ്പ 8,36). വിശ്വാസം ഏറ്റുപറഞ്ഞാണ് മാമ്മോദീസാ സ്വീകരിച്ചിരുന്നത് എന്നതിന് വേറെയും സൂചനകൾ പുതിയ നിയമത്തിൽകാണാം (അപ്പ 16,14-15; മർക്കോ 16,16).

ജ്ഞാനസ്നാനവുമായി ബന്ധപ്പെട്ട വിശ്വാസപ്രഖ്യാപനത്തിന്റെ നമുക്ക് ലഭിച്ചിരിക്കുന്ന ഏറ്റം പുരാതനമായ രേഖ എ.ഡി. 160-170 ഏഷ്യാമൈനറിൽ രചിക്കപ്പെട്ട അപ്പസ്തോലന്മാരുടെ ലേഖനം എന്ന ഗ്രന്ഥത്തിലേതാണ്. ഈ വിശ്വാസപ്രമാണത്തിന് അഞ്ചു ഘടകങ്ങളുണ്ട്.

*"പ്രപഞ്ചത്തിന്റെ നാഥനായ പിതാവിലും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലും സഹായകനായ പരിശുദ്ധാത്മാവിലും പരിശുദ്ധ സഭയിലും പാപങ്ങളുടെ മോചനത്തിലും ഞാൻ വിശ്വസിക്കുന്നു".*

ഏതാണ്ട് ഇതേ കാലത്ത് ഈജിപ്തിൽ പ്രചാരത്തിലിരുന്ന ഒരു വിശ്വാസപ്രമാണം ഇതിനോടു സാമ്യമുള്ളതാണ്.

*"സർവ്വശക്തനും പിതാവുമായ ദൈവത്തിലും അവന്റെ ഏകപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലും പരിശുദ്ധാത്മാ*

*വിലും ശരീരങ്ങളുടെ ഉത്ഥാനത്തിലും പരിശുദ്ധ കത്തോലിക്കാസഭയിലും ഞാൻ വിശ്വസിക്കുന്നു".*

മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റോമാസഭയിൽ ജ്ഞാനസ്നാനവുമായി ബന്ധപ്പെട്ടു നിലവിലിരുന്ന വിശ്വാസപ്രഖ്യാപനത്തെക്കുറിച്ച് അപ്പസ്തോലികപാരമ്പര്യം എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. റോമിലെ ഒരു പുരോഹിതനായിരുന്ന ഹിപ്പോളിറ്റസ് 217-ൽ രചിച്ചതാണ് ഈ ഗ്രന്ഥം. ജ്ഞാനസ്നാനം സ്വീകരിക്കുന്നയാൾ വെള്ളത്തിൽ ഇറങ്ങുമ്പോൾ ജ്ഞാനസ്നാനം നല്കുന്നയാൾ ഈ ചോദ്യങ്ങൾ ചോദിക്കുന്നു.

*"സർവ്വശക്തനും പിതാവുമായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ? പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു പിറക്കുകയും പോന്തിയോസ് പീലാത്തോസിന്റെ കാലത്ത് ക്രൂശിതനായി മരിച്ച് അടക്കപ്പെടുകയും മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാം ദിവസം ജീവനുള്ളവനായി ഉയിർത്തെഴുന്നേല്ക്കുകയും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാവുകയും ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാനായി വരാനിരിക്കുകയും ചെയ്യുന്ന ദൈവപുത്രനായ യേശുക്രിസ്തുവിൽ നീ വിശ്വസിക്കുന്നുവോ?"*

ജ്ഞാനസ്നാനം സ്വീകരിക്കുന്നയാൾ *"ഞാൻ വിശ്വസിക്കുന്നു"* എന്ന് മറുപടി പറയുന്നു.

ചോദ്യോത്തര രൂപത്തിൽ അവതരിപ്പിക്കുന്ന ഈ വിശ്വാസപ്രമാ ണം കത്തോലിക്കാസഭയുടെ കാതലായ വിശ്വാസസത്യങ്ങളെ എല്ലാംതന്നെ ഏറ്റുപറയുന്നുണ്ട്. യേശുക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങളാണ് ഇതുവരെ കണ്ട വിശ്വാസപ്രമാണങ്ങളിൽനിന്നും വ്യത്യാസമായിട്ടുള്ളത്. അവ തന്നെ ദൈവപുത്രനായ യേശുക്രിസ്തു കർത്താവാകുന്നു എന്ന പ്രഖ്യാപനത്തിന്റെ വിശദീകരണമാണ്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ പരിശുദ്ധാത്മാവിന്റെ പങ്ക്, കന്യാജനനം, കുരിശുമരണം, സംസ്കാരം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, മഹത്വീകരണം, രണ്ടാം വരവ് ഇത്രയും കാര്യങ്ങളാണ് യേശുക്രിസ്തുവിനെ സംബന്ധിച്ച് പുതുതായി ചേർത്തിട്ടുള്ളത്. ഇവയെല്ലാം പുതിയ നിയമത്തിൽ നിന്ന് എടുത്തിട്ടുള്ളവയാണ്. പിന്നീടു രൂപംകൊണ്ട എല്ലാ വിശ്വാസപ്രമാണങ്ങളുടെയും ആദിരൂപമായി ഇതിനെ പരിഗണിക്കാം.

## 3. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം

ഇന്ന് കുടുംബപ്രാർത്ഥനയിൽ നാം ചൊല്ലുന്ന വിശ്വാസപ്രമാണം *അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം* എന്ന പേരിലാണ് അറിയപ്പെടുന്നത്. മൂന്നാം നൂറ്റാണ്ടിൽ സിറിയായിൽ പ്രചാരത്തിലിരുന്ന ഒരു ഐതിഹ്യത്തിൽ

നിന്നാണ് ഈ പേരുണ്ടായത്. മിലാനിലെ മെത്രാനായിരുന്ന അംബ്രോസ് 390-ൽ മാർപാപ്പയ്ക്കയച്ച ഒരു കത്തിൽ ഈ പേര് പ്രത്യക്ഷപ്പെടുന്നുണ്ട്. വടക്കെ ഇറ്റലിയിലെ ഒരു പട്ടണമായ അക്വിലേയായിൽ ജനിച്ചുവളർന്ന റുഫീനസ് (345-410) എഴുതിയ *"അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തെക്കുറിച്ചുള്ള വ്യാഖ്യാനം"* എന്ന ഗ്രന്ഥത്തിൽ മേല്പറഞ്ഞ ഐതിഹ്യം വിശദീകരിക്കുന്നുണ്ട്. പന്തക്കുസ്താദിവസം പരിശുദ്ധാത്മാവ് തങ്ങളുടെമേൽ വന്നപ്പോൾ ആത്മാവിനാൽ പ്രേരിതരായി അപ്പസ്തോലന്മാർ പന്ത്രണ്ടുപേരും കൂടി രചിച്ചതാണ് ഈ വിശ്വാസപ്രമാണം എന്ന ഈ ഐതിഹ്യം പില്ക്കാലത്ത് കൂടുതൽ വിശദീകരിക്കപ്പെടുകയും ഓരോ അപ്പസ്തോലനും വിശ്വാസപ്രമാണത്തിന്റെ ഏതു ഭാഗമാണ് പറഞ്ഞത് എന്ന് കൃത്യമായി തിട്ടപ്പെടുത്തുകയും ചെയ്തു.

ഈ ഐതിഹ്യം ഒരു ചരിത്രവസ്തുതയായി ഇന്ന് ആരും അംഗീകരിക്കുന്നില്ല. വിക്ടർ മാർപാപ്പയുടെ കാലത്ത് (189-199) റോമിൽ രൂപംകൊണ്ടതാണ് ഈ വിശ്വാസപ്രമാണം എന്ന് പൊതുവേ കരുതപ്പെടുന്നു. ഡൊസെറ്റിസം, മൊണാർക്കിയനിസം തുടങ്ങിയ പാഷണ്ഡതകൾക്കെതിരേ സഭ സ്വീകരിച്ച നിലപാട് ഈ വിശ്വാസപ്രമാണത്തിൽ പ്രതിഫലിക്കുന്നുണ്ട്. അപ്പസ്തോലന്മാരുടെ പ്രബോധനത്തിൽ അടിയുറച്ചതാണ് ഈ വിശ്വാസം എന്ന് ഊന്നിപ്പറയുന്നതിന് മേലുദ്ധരിച്ച ഐതിഹ്യം സഹായിക്കുന്നു. പന്ത്രണ്ടു ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഈ വിശ്വാസപ്രമാണം താഴെ ചേർക്കുന്നു.

*1. സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും ആയ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. 2. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവും ആയ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. 3. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകാമറിയത്തിൽനിന്നു പിറന്നു. 4. പോന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട്, പാതാളങ്ങളിൽ ഇറങ്ങി. 5. മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാം ദിവസം ഉത്ഥാനം ചെയ്തു. 6. സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത് സർവ്വശക്തനായ പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. 7. ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടെനിന്നു വരും. 8. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. 9. പരിശുദ്ധ കത്തോലിക്കാ സഭയിലും വിശുദ്ധരുടെ ഐക്യത്തിലും 10. പാപങ്ങളുടെ മോചനത്തിലും 11. ശരീരത്തിന്റെ പുനരുത്ഥാനത്തിലും 12. നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു.*

ഹിപ്പോളിറ്റസ് രേഖപ്പെടുത്തിയിരിക്കുന്ന ചോദ്യോത്തര രൂപത്തിലുള്ള വിശ്വാസപ്രഖ്യാപനത്തിൽ ഉള്ളതിനേക്കാൾ കൂടുതലായി ഏഴു ഘടകങ്ങൾ ഈ വിശ്വാസപ്രമാണത്തിൽ കാണാം. 1. *യേശുക്രിസ്തുവിനെ കർത്താവായി*

*ഏറ്റുപറയുന്നു.* വിശ്വാസപ്രഖ്യാപനത്തിന്റെ ഏറ്റം പുരാതനമായ രൂപത്തിൽ കാണുന്നതാണിത്. 2. *ഗർഭസ്ഥനായി.* സുവിശേഷങ്ങളിൽ നിന്നെടുത്ത ഒരു പ്രസ്താവനയാണിത് (മത്താ 1,20; ലൂക്കാ 1,31). ദൈവപുത്രന്റെ മനുഷ്യാവതാരത്തെ ഊന്നിപ്പറയാൻ ഇതു സഹായിക്കുന്നു. 3. *പീഡകൾ സഹിച്ചു.* യേശുവിന്റെ സഹനം ഒരു തോന്നലല്ല, യാഥാർത്ഥ്യമായിരുന്നു എന്ന് തറപ്പിച്ചു പറയുന്നു. 4. *പാതാളങ്ങളിൽ ഇറങ്ങി.* മരിച്ചവർ പാതാളത്തിൽ എന്നേക്കുമായി ഉറങ്ങുന്നു എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. പഴയനിയമത്തിൽ അധിഷ്ഠിതമായ ഒരു വിശ്വാസമാണിത്. യേശു യഥാർത്ഥത്തിൽ മരിച്ചു എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു. അതോടൊപ്പം യേശുവിനുമുമ്പ് മരിച്ചവർക്കും അവന്റെ മരണംവഴി രക്ഷ ലഭ്യമായി എന്നും ഈ പ്രസ്താവന സൂചിപ്പിക്കുന്നു. "ആത്മാവോടുകൂടെച്ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാക്കളോടു സുവിശേഷം പ്രസംഗിച്ചു" (1 പത്രോ 3,19) എന്ന തിരുവചനത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടതാവണം ഈ പ്രസ്താവന. 5. *കത്തോലിക്കാസഭ.* "സാർവ്വത്രികം" എന്നാണ് കത്തോലിക്കാ അഥവാ 'കാതോലികം' എന്ന പദത്തിന്റെ അർത്ഥം. ക്രിസ്തുവിന്റെ സഭ ലോകത്തെല്ലായിടത്തും പ്രചരിക്കണം. സകല ജനതകൾക്കും രക്ഷയുടെ മാർഗ്ഗമാണ് സഭ എന്ന ആശയം ഈ വിശേഷണത്തിലൂടെ നല്കപ്പെടുന്നു. അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനത്തിന്റെയും (ഉൽപ 12,3) യേശു നല്കിയ കല്പനയുടെയും (മത്താ 28,19-20) പൂർത്തീകരണമാണിത്. 6. *വിശുദ്ധരുടെ ഐക്യം.* സഭയുടെ അംഗങ്ങൾ എല്ലാവരും തമ്മിൽ, അവർ ഏതു ജാതിയിലും വർഗ്ഗത്തിലും പെട്ടവരാകട്ടെ, മരിച്ചവരോ ജീവിക്കുന്നവരോ ആകട്ടെ, പൂർണ്ണമായ ഐക്യം നിലനില്ക്കുന്നു. ഒരേ ശരീരത്തിലെ അവയവങ്ങൾ പോലെയാണ് സഭയിലെ അംഗങ്ങൾ. ഈ ഐക്യത്തിലാണ് മധ്യസ്ഥ പ്രാർത്ഥനയുടെ അടിസ്ഥാനം. സഭാശരീരത്തിലെ അംഗങ്ങൾ പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നു; ചെയ്യണം. 7. *നിത്യജീവൻ.* നമ്മുടെ ജീവിതം മരണംകൊണ്ട് അവസാനിക്കുന്നില്ല. നിത്യം ജീവിക്കുന്നവനായ ദൈവത്തിന്റെ ജീവനിൽ പങ്കുചേർന്നുകൊണ്ട് പുനരുത്ഥാനത്തിനുശേഷം നാം എന്നേക്കും ജീവിക്കും – ഇതാണ് ക്രൈസ്തവന്റെ പ്രതീക്ഷ.

## 4. സൂനഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾ (Conciliar Creeds)

ഇതുവരെകണ്ട വിശ്വാസപ്രമാണങ്ങൾ പാശ്ചാത്യസഭയിൽ ജ്ഞാനസ്നാനവുമായി ബന്ധപ്പെട്ടു രൂപം പ്രാപിച്ചവയാണ്. പൗരസ്ത്യ സഭകളിലും ഇപ്രകാരമുള്ള പല വിശ്വാസപ്രമാണങ്ങൾ പ്രചാരത്തിലിരുന്നു. ഇവയെല്ലാം സാധാരണ ജനങ്ങൾക്കു തങ്ങളുടെ ക്രിസ്തീയ വിശ്വാസം സംക്ഷിപ്തമായി

ഏറ്റു പറയുന്നതിനുള്ള നിർദ്ദിഷ്ട രൂപങ്ങളായിരുന്നു. എന്നാൽ പാഷണ്ഡതകളാൽ നിഷേധിക്കപ്പെടുകയോ വികലമാക്കപ്പെടുകയോ ചെയ്ത സത്യവിശ്വാസത്തെ സംശയാതീതമാംവിധം നിർവ്വചിക്കുന്നവയാണ് സൂനഹദോസുകളിൽ രൂപംകൊണ്ട വിശ്വാസപ്രമാണങ്ങൾ. കത്തോലിക്കാവിശ്വാസത്തിന്റെ മാനദണ്ഡമായി സഭ ഈ വിശ്വാസപ്രമാണങ്ങളെ കരുതുന്നു. മൂന്നു സൂനഹദോസുകൾ പ്രഖ്യാപിച്ച വിശ്വാസപ്രമാണങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

**a.നിക്യാ (325)** യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കപ്പെടുകയും അതുവഴി "ത്രിയേക ദൈവം" എന്ന സത്യം തള്ളിപ്പറയുകയും ചെയ്ത ആര്യൻ പാഷണ്ഡതയെ നേരിടാൻ വേണ്ടിയാണ് നിക്യാ സൂനഹദോസ് സമ്മേളിച്ചത്. 325 ആരംഭത്തിൽ അന്തിയോക്കിയായിലെ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കാനായി ആ പട്ടണത്തിൽ സമ്മേളിച്ച പലസ്തീന, അറേബിയാ, ഫെനീഷ്യാ, സിറിയാ, കപ്പെദോക്കിയാ എന്നീ പ്രദേശങ്ങളിലെ മെത്രാന്മാർ ആരിയൂസിന്റെ പഠനങ്ങളെ എതിർത്തുകൊണ്ട്, പൗരസ്ത്യ സഭകളിൽ പ്രചാരത്തിലിരുന്ന വിശ്വാസപ്രമാണങ്ങളുടെ വെളിച്ചത്തിൽ, ഒരു പുതിയ വിശ്വാസപ്രമാണത്തിനു രൂപം നല്കി. ഏതാനും മാസങ്ങൾക്കു ശേഷം കോൺസ്റ്റന്റൈൻ ചക്രവർത്തി നിക്യാ പട്ടണത്തിൽ വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ സാർവ്വത്രിക സൂനഹദോസ് ഇതിന് ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഒരു വിശ്വാസപ്രമാണം പ്രഖ്യാപിച്ചു. അതാണ് നിക്യാ വിശ്വാസപ്രമാണം എന്ന പേരിൽ അറിയപ്പെടുന്നത്.

*"സർവ്വശക്തനായ പിതാവും, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും ആയ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഏക കർത്താവും ദൈവപുത്രനും പിതാവിൽനിന്ന്, അതായത് പിതാവിന്റെ സത്തയിൽനിന്ന്, ജനിച്ച ഏകജാതനും ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും, പിതാവിനോടുകൂടെ ഏകസത്ത ആയിരിക്കുന്നവനും ആയ യേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻവഴി ആകാശത്തിലും ഭൂമിയിലും ഉള്ള സകലതും സൃഷ്ടിക്കപ്പെട്ടു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി ഇറങ്ങിവന്ന്, മാംസമായി, മനുഷ്യനായി; പീഡകൾ സഹിച്ച്, മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു; ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു".*

*"അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു എന്നോ, ഇല്ലായ്മ*

*യിൽനിന്ന് അവൻ ഉണ്ടായി എന്നോ, ദൈവപുത്രന് (പിതാവിന്റേതിൽ നിന്ന്) വ്യത്യസ്തമായ ഒരു സത്തയുണ്ടെന്നോ, അവൻ സൃഷ്ടിക്കപ്പെട്ടവനാണെന്നോ, മാറ്റത്തിനോ പരിവർത്തനത്തിനോ വിധേയനാണെന്നോ പറയുന്നവരെ കത്തോലിക്കാസഭ ശപിക്കുന്നു."*

ആരിയൂസും കൂട്ടരും നിഷേധിച്ച വിശ്വാസസത്യങ്ങളെ സംശയാതീതമാംവിധം തറപ്പിച്ചു പറയുകയായിരുന്നു. ഈ വിശ്വാസപ്രഖ്യാപനത്തിന്റെ ലക്ഷ്യം. ആര്യൻ പാഷണ്ഡതയ്ക്കെതിരേ ആവർത്തിച്ചുറപ്പിക്കുന്ന സത്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിക്കുന്നവയാണിവയെല്ലാം.

**1. പിതാവിൽനിന്നു ജനിച്ച ഏകജാതൻ:** ഏകദൈവം ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യുന്നില്ല; സൃഷ്ടിക്കുക മാത്രമേ ചെയ്യുന്നുള്ളു. അതിനാൽ യേശുക്രിസ്തു ദൈവത്തിൽനിന്നു ജനിച്ചവനല്ല, സൃഷ്ടിക്കപ്പെട്ടവനാണ് എന്നും ബൈബിൾ യേശുവിനെ *പ്രിയപുത്രൻ, ഏകജാതൻ* എന്നൊക്കെ വിളിക്കുന്നത് ആദ്യത്തെ സൃഷ്ടി എന്ന അർത്ഥത്തിലാണെന്നും ആരിയൂസ് വാദിച്ചു. ഈ വാദത്തിനെതിരേയാണ് "ജനിച്ച ഏകജാതൻ" എന്ന നിർവ്വചനം. ഏകജാതൻ എന്ന പദം പുത്രന്റെ അതുല്യതയെ ഏറ്റുപറയുന്നു. പുത്രനെപ്പോലെ മറ്റാരുമില്ല. അവൻ പിതാവിൽനിന്നു ജനിച്ചവനാണ്; പിതാവിനാൽ സൃഷ്ടിക്കപ്പെട്ടവനല്ല.

**2. പിതാവിന്റെ സത്തയിൽനിന്ന്:** ജനിച്ചവൻ എന്ന പദത്തിന്റെ അർത്ഥം കൃത്യമായി നിർവ്വചിക്കുന്നതാണ് ഈ പ്രയോഗം. 'പുത്രൻ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടവനാണ്' എന്ന വാദത്തിനുള്ള മറുപടിയാണിത്. പിതാവിന്റെ സത്തയിൽ പുത്രൻ പൂർണ്ണമായി പങ്കുചേരുന്നു. അതിനാൽ പുത്രൻ പൂർണ്ണമായ അർത്ഥത്തിൽ ദൈവമാണ്. സത്തയിൽ നിന്നു ജനിച്ചവനായതിനാൽ പിതാവിന്റെ ആഗ്രഹപ്രകാരം ജനിച്ചവൻ എന്ന് പുത്രനെക്കുറിച്ചു പറയാനാവില്ല. പുത്രൻ ഇല്ലെങ്കിൽ പിതാവുമില്ല. പുത്രനില്ലാത്ത ഒരവസ്ഥ പിതാവിന് ഉണ്ടായിരുന്നില്ല. നിത്യതയിലേ, അനാദിയിലേ ദൈവം പിതാവും പുത്രനുമായിരുന്നു. ബൈബിളിൽ ഇല്ലാത്ത ഒരു പദപ്രയോഗമാണിത്. പുത്രന്റെ ദൈവത്വം ഏറ്റുപറയുന്ന ബൈബിൾ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന അർത്ഥം സംശയാതീതവും അനിഷേധ്യവുമായ വിധത്തിൽ ഏറ്റുപറയുന്നതിനു വേണ്ടിയാണ് ഈ പദം ഉപയോഗിക്കപ്പെട്ടത്.

**3. സത്യദൈവത്തിൽനിന്നുള്ള സത്യദൈവം:** വചനം ദൈവമാണ് എന്ന് ആരിയൂസും കൂട്ടരും സമ്മതിച്ചു. കാരണം ദൈവം യഥാർത്ഥത്തിൽ ഒരുവൻ മാത്രമേയുള്ളു. ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമായ വചനത്തെ ദൈവം എന്നു വിളിക്കുന്നത് സത്യദൈവത്തിന്റെ സൗജന്യമായ

ദാനവും പരിഗണനയും മൂലം മാത്രമാണെന്നും "നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞു" (സങ്കീ82,6; യോഹ10,34) എന്നു ബൈബിൾ പറയുന്ന അർത്ഥത്തിൽ മാത്രമാണെന്നും ആയിരുന്നു അവരുടെ വാദം. ഇതിനെതിരേയാണ് "പുത്രൻ സത്യദൈവമാണ്" എന്ന് സൂനഹദോസ് ഏറ്റുപറയുന്നത്.

**4. ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും:** വചനം സൃഷ്ടിയാണ് എന്ന ആരിയൂസിന്റെ വാദത്തെ ഈ വാക്കുകൾ വീണ്ടും വ്യക്തമായി തള്ളിപ്പറയുന്നു. വചനം പിതാവിൽനിന്നു ജനിച്ചു എന്ന് അംഗീകരിക്കുമ്പോൾ സൃഷ്ടിക്കപ്പെട്ടവൻ എന്ന അർത്ഥമാണ് ആരിയൂസും കൂട്ടരും അതിനു കല്പിച്ചിരുന്നത്. എന്നാൽ സൃഷ്ടിക്കപ്പെടാത്തവൻ എന്ന പ്രയോഗം ഈ വിശദീകരണത്തെ അസാധ്യമാക്കുന്നു. പിതാവിൽനിന്നു ജനിച്ചവനാണ് പുത്രനെങ്കിൽ പിതാവ് പുത്രനെക്കാൾ മുമ്പ് ഉണ്ടായിരിക്കണം എന്നു വാദിച്ച ആരിയൂസിന് സൂനഹദോസ് നല്കുന്ന മറുപടി ഇതാണ്: ജനിച്ചവൻ എന്ന പദം ശാരീരികമായ ഒരു ജനനത്തെയോ ഇച്ഛാശക്തിയുടെ പ്രവർത്തനത്തെയോ അല്ല സൂചിപ്പിക്കുന്നത്. നിത്യമായും ദൈവം പിതാവും പുത്രനുമാണ്. ഈ സത്യം വീണ്ടും ഉറപ്പിക്കുന്നതാണ് അടുത്ത പദങ്ങൾ.

**5. പിതാവിനോടുകൂടെ ഏകസത്തയാകുന്നു:** ആരിയനിസത്തിനെതിരേ നിക്യാ സൂനഹദോസ് ഉപയോഗിച്ച ഏറ്റം നിർണ്ണായകമായ പ്രഖ്യാപനമാണിത്. നിക്യാ വിശ്വാസപ്രമാണത്തിന്റെ കാതലായി പരിഗണിക്കപ്പെടുന്ന പുത്രന്റെ ദൈവത്വം പൂർണ്ണമായ അർത്ഥത്തിൽ ഏറ്റുപറയുന്നതാണ് ഈ പദപ്രയോഗം. ഒരേ സത്ത എന്നർത്ഥമുള്ള *ഹോമോ ഊസിയോൺ (homoousion)* എന്ന പദമാണ് സൂനഹദോസ് ഉപയോഗിച്ചത്. പിതാവിനെ ദൈവമാക്കുന്നതെന്തോ അതിൽ പുത്രനും പൂർണ്ണമായി പങ്കുചേരുന്നു. പിതാവു ദൈവമായിരിക്കുന്നതുപോലെ, അതേ അർത്ഥത്തിൽത്തന്നെ പുത്രനും ദൈവമായിരിക്കുന്നു. 'പിതാവിന്റെ സത്തയിൽനിന്നു ജനിച്ചവൻ' എന്ന പ്രഖ്യാപനത്തെ കൂടുതൽ വിശദവും കൃത്യവുമായി നിർവ്വചിക്കുന്നതാണിത്. ദൈവത്വത്തിന്റെ ഒരംശം മാത്രമല്ല ദൈവത്വം മുഴുവനായും പിതാവിലെന്നതുപോലെ പുത്രനിലും സ്ഥിതിചെയ്യുന്നു. വിഭജിക്കാനോ പങ്കുവയ്ക്കാനോ സാധ്യമല്ലാത്ത ദൈവികസത്ത പൂർണ്ണമായി പിതാവിലും പുത്രനിലും ഉണ്ട്.

**6. മാംസമായി, മനുഷ്യനായി:** ദൈവപുത്രന്റെ മനുഷ്യാവതാരത്തെ നിഷേധിക്കുന്ന ഡൊസെറ്റിസം മുതലായ പാഷണ്ഡതകൾക്കെതിരേയുള്ള പ്രഖ്യാപനമാണിത്. മനുഷ്യൻ വസ്ത്രം ധരിക്കുന്നതുപോലെ വചനം മാംസം ധരിക്കുകയല്ല, മാംസമാവുകയാണു ചെയ്തത്. പുത്രന്റെ

മനുഷ്യത്വം വെറും ഒരു തോന്നലല്ല. ദൈവവചനം യഥാർത്ഥത്തിൽ, പൂർണ്ണമായ അർത്ഥത്തിൽ, മനുഷ്യനായി എന്ന് ഈ വാക്യഭാഗം ഏറ്റുപറയുന്നു.

വീണ്ടും വീണ്ടും ആവർത്തിച്ച് ആരിയൻ പാഷണ്ഡതയെ തള്ളിപ്പറഞ്ഞതു മതിയാകാഞ്ഞിട്ടെന്നവണ്ണം വിശ്വാസപ്രമാണത്തിന്റെ അനുബന്ധമായി കുറെ ശാപവചനങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ആരിയൂസും കൂട്ടരും പഠിപ്പിച്ചിരുന്ന കാര്യങ്ങളാണ് ഇവിടെ എടുത്തുപറഞ്ഞ് ശപിച്ചുതള്ളുന്നത്. വിശ്വാസപ്രമാണത്തിൽ അവതരിപ്പിച്ച സത്യങ്ങളെ നിഷേധാത്മകമായവിധത്തിൽ ഉറപ്പിക്കുന്നതാണ് ഈ ശാപങ്ങൾ. പുത്രൻ പിതാവിനോടൊപ്പം നിത്യനാണ്. അവൻ എന്നും ഉണ്ടായിരുന്നു. അവൻ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടതല്ല, പിതാവിന്റെ സത്തയിൽനിന്നു ജനിച്ചതാണ്. പിതാവിനും പുത്രനും ഒരേ സത്ത തന്നെയാണുള്ളത്. അവൻ മാറ്റത്തിനോ പരിവർത്തനത്തിനോ വിധേയനല്ല. മനുഷ്യനായി അവതരിച്ച പുത്രന് മറ്റേതു മനുഷ്യനെയുംപോലെ പാപം ചെയ്യാൻ സാധിക്കുമായിരുന്നു എന്നും അങ്ങനെ മാറ്റത്തിനു വിധേയനാണെന്നും ആരിയൂസ് വാദിച്ചു. അവൻ പാപംചെയ്തില്ലെങ്കിൽ അതു ഇച്ഛാശക്തിയുടെ കർശനമായ നിയന്ത്രണംകൊണ്ടുമാത്രമാണ്. എന്നാൽ അവൻ തീരുമാനിച്ചാൽ അവനു സ്വയം പാപിയായി മാറാൻ കഴിയും. ഈ വാദമാണ് അവസാനമായി ശപിക്കപ്പെടുന്നത്.

സംശയാതീതമായ വിധത്തിൽ പുത്രന്റെ ദൈവത്വം നിക്യാവിശ്വാസപ്രമാണം ഏറ്റുപറഞ്ഞുവെങ്കിലും ആരിയൻ പാഷണ്ഡത അവിടെ അവസാനിച്ചില്ല. സൂനഹദോസിന്റെ തീരുമാനങ്ങളെ എതിർത്ത ആരിയൂസും അനുയായികളും മാത്രമല്ല, അവയെ അംഗീകരിച്ച ചില മെത്രാന്മാർപോലും വിശ്വാസപ്രമാണത്തിനു തങ്ങളുടേതായ വ്യാഖ്യാനങ്ങൾ നല്കിക്കൊണ്ട് ആരിയനിസത്തെ പരോക്ഷമായി അംഗീകരിക്കുയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ചക്രവർത്തിമാരും അവർക്കു പിന്തുണ നല്കി.

"പിതാവിനോട് ഏകസത്ത ആയിരിക്കുന്നവൻ" എന്ന അർത്ഥത്തിൽ ഉപയോഗിച്ച *ഹോമോയ് ഊസിയോൺ (homoousion)* എന്ന പദമാണ് ദുർവ്യാഖ്യാനത്തിനു വഴിതെളിച്ചത്. ഈ പദത്തിൽ ഒരു യോത്താ (i) കൂട്ടിച്ചേർത്ത് *ഹോമോയ് ഊസിയോൺ (homoiousion)* എന്നാണ് ചില പിതാക്കന്മാർ വായിച്ചത്. അക്ഷരമാലയിലെ ഏറ്റം ചെറിയ അക്ഷരമാണിതെങ്കിലും ഇതു വരുത്തിയ അർത്ഥവ്യത്യാസം ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസത്തിനു തുല്യമാണ്. ഏകസത്ത എന്നതിനു പകരം സമാനസത്ത, അഥവാ സത്തയിൽ സാദൃശ്യം എന്ന അർത്ഥമാണ് "ഹോമോയ് ഊസിയോൺ" എന്ന പദത്തിനുള്ളത്. ഫലത്തിൽ പുത്രന്റെ ദൈവത്വം നിഷേധിക്കുന്നതായിരുന്നു ഈ വ്യാഖ്യാനം. ഇത് ആഗോള സഭയിൽ പുതിയ പ്രതിസന്ധി

സൃഷ്ടിച്ചു. ആരിയൂസിന്റെ അനുയായികൾ കൂടുതൽ ശക്തിപ്പെടുകയും ചെയ്തു. ഈ പ്രതിസന്ധിയെ നേരിടാനായിട്ടാണ് ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് സമ്മേളിച്ചത്.

**b. കോൺസ്റ്റാൻറിനോപ്പിൾ (381)** നിക്യാ വിശ്വാസ പ്രമാണത്തിന്റെ വിപുലീകരിച്ച പുതിയ പതിപ്പാണ് കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണം എന്ന ധാരണ പൊതുവേ നിലവിലുണ്ടെങ്കിലും രണ്ടും തമ്മിലുള്ള വ്യത്യാസങ്ങൾ ഇപ്രകാരമൊരു നിഗമനത്തിന് വിരുദ്ധമായി നില്ക്കുന്നു. കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണത്തിലെ 178 വാക്കുകളിൽ 33 മാത്രമാണ് നിക്യാ വിശ്വാസപ്രമാണത്തിലേത്. അതിനാൽ കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണം അന്നു നിലവിലിരുന്ന മറ്റു പല വിശ്വാസപ്രമാണങ്ങളുടെയും വെളിച്ചത്തിൽ പുതുതായി രൂപംകൊണ്ടതാണെന്ന് കരുതപ്പെടുന്നു.

*"സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും ആയ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനും, എല്ലാ യുഗങ്ങൾക്കുംമുമ്പ് പിതാവിൽനിന്നും ജനിച്ചവനും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും, പിതാവിനോട് ഏകസത്ത ആയിരിക്കുന്നവനും, ഏക കർത്താവുമായ യേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻവഴി എല്ലാറ്റിനും അസ്തിത്വമുണ്ടായി. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി. പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് മാംസമായി, മനുഷ്യനായി. നമുക്കുവേണ്ടി പോന്തിയോസ് പീലാത്തോസിന്റെ ഭരണത്തിൻകീഴിൽ കുരിശിൽ തറയ്ക്കപ്പെടുകയും പീഡകൾ സഹിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. എഴുതപ്പെട്ടിരിക്കുന്നതുപോലെ അവൻ മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റു; സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനായി അവൻ മഹത്വത്തോടെ വീണ്ടുംവരും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല. കർത്താവും ജീവദാതാവും, പിതാവിൽനിന്നു പുറപ്പെടുന്നവനും, പിതാവിനോടും പുത്രനോടും ഒപ്പം ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും, പ്രവാചകന്മാർവഴി സംസാരിച്ചവനും ആയ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധനും കാതോലികവും അപ്പസ്തോലികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനായുള്ള ഏക മാമ്മോദീസാ ഞങ്ങൾ ഏറ്റുപറയുന്നു. മരിച്ചവരുടെ പുനരുത്ഥാനവും വരാനിരിക്കുന്ന യുഗത്തിലെ ജീവിതവും*

*ഞങ്ങൾ കാത്തിരിക്കുന്നു. ആമ്മേൻ*

നിക്യാ സൂനഹദോസിന്റെ പ്രഖ്യാപനങ്ങളെ അംഗീകരിക്കുന്നതോടൊപ്പം ശ്രദ്ധേയമായ ചില കാര്യങ്ങൾ ഈ വിശ്വാസപ്രമാണത്തിൽ പുതുതായി അവതരിപ്പിച്ചിട്ടുണ്ട്.

1. പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് മാംസമായി, മനുഷ്യനായി: ദൈവപുത്രൻ സ്വീകരിച്ചത് ആത്മാവില്ലാത്ത ശരീരം മാത്രമായിരുന്നെന്നും അതിനാൽ ആ മനുഷ്യത്വം പൂർണ്ണമല്ലായിരുന്നു എന്നും വാദിച്ച അപ്പോളിനാരിയൂസിന്റെ പഠനങ്ങളെ നിഷേധിക്കുന്ന ഒരു വാക്യമാണിത്. അതോടൊപ്പം യേശുവിന്റെ ജനനം മറ്റു മനുഷ്യരുടേതുപോലെ മാനുഷിക മാതാപിതാക്കന്മാരിൽ നിന്നായിരുന്നില്ല എന്നും സൂനഹദോസ് പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ദൈവവചനം മനുഷ്യനായത്. കന്യാജനനവും യേശുവിന്റെ ദൈവപുത്രസ്ഥാനവും ഏറ്റുപറയുന്നതാണ് ഈ പദപ്രയോഗം.

2. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശദമായ പഠനങ്ങളാണ് ഈ വിശ്വാസപ്രമാണത്തിന്റെ മറ്റൊരു പ്രത്യേകത. നിക്യാ വിശ്വാസപ്രമാണത്തിൽ "പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു" എന്നു പൊതുവായി പറഞ്ഞുവച്ചതേയുള്ളു. ഇവിടെ പരിശുദ്ധാത്മാവിന്റെ ദൈവത്വവും പ്രവർത്തനവും വ്യക്തമായി ഏറ്റുപറയുന്നു. നിക്യാ സൂനഹദോസിനു ശേഷം രംഗപ്രവേശം ചെയ്തതും പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്നതും ആയ മാസിഡോണിയനിസം ആണ് ഇപ്രകാരം ഒരു നിർവ്വചനത്തിനു പ്രേരകമായി നിന്നത്. പ. ആത്മാവിനെക്കുറിച്ച് ബൈബിളിൽ കാണുന്ന കാര്യങ്ങൾ സംഗ്രഹിച്ചതാണ് ഈ നിർവ്വചനം. പിതാവിനെയും പുത്രനെയുംപോലെ പ. ആത്മാവും കർത്താവാണ്. പിതാവിനും പുത്രനും നല്കുന്ന അതേ ആരാധനയും മഹത്വവും പ. ആത്മാവിനും നല്കപ്പെടുന്നു. അതായത്, പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളും തുല്യമായ അർത്ഥത്തിൽ ദൈവമാണ്. ഒരേ ആരാധനയാണ് മൂവർക്കും നല്കപ്പെടുന്നത്. ഒരേ മഹത്വമാണ് മൂവർക്കും ഉള്ളത്. പ്രവാചകന്മാരിലൂടെ സംസാരിച്ചത് പരിശുദ്ധാത്മാവാണ് എന്നു പറയുന്നതിലൂടെ പഴയനിയമകാലത്തെ പ. ആത്മാവിന്റെ പ്രവർത്തനത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ദൈവത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതും ദൈവപുത്രന്റെ മനുഷ്യാവതാരത്തിനു വഴിയൊരുക്കിയതും പരിശുദ്ധാത്മാവാണ് എന്ന സത്യവും ഇവിടെ ഏറ്റുപറയുന്നു.

പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു എന്ന പ്രസ്താവന പില്ക്കാലത്ത് ഏറെ വിവാദങ്ങൾക്കു വഴി തെളിച്ചു. സഭാപിതാക്കന്മാരായ അംബ്രോസ്, ആഗസ്തീനോസ്, അലക്സാണ്ഡ്രിയായിലെ സിറിൽ മുത

ലായവർ നാലാം നൂറ്റാണ്ടിൽത്തന്നെ "പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന" പരിശുദ്ധാത്മാവിനെക്കുറിച്ചു പഠിപ്പിച്ചിരുന്നു. *പുത്ര നിൽനിന്നും* എന്ന വാക്യശകലമാണ് വിവാദവിഷയമായത്. കോൺസ്റ്റാന്റി നോപ്പിൾ വിശ്വാസപ്രമാണത്തിൽ ഈ വാക്യശകലം ചേർത്തിട്ടില്ല. സ്പെയി നിലെ ഒരു പട്ടണമായ തൊളേദോയിൽ 589–ൽ നടന്ന മെത്രാന്മാരുടെ ഒരു പ്രാദേശിക സമ്മേളനമാണ് ഈ വാക്കുകൾ വിശ്വാസപ്രമാണത്തിൽ ആദ്യ മായി കൂട്ടിച്ചേർത്തത്. "പുത്രനിൽനിന്നും" എന്നർത്ഥമുള്ള *ഫിലിയോക്വെ (filioque)* എന്ന ലത്തീൻ പദം വിശ്വാസ പ്രമാണത്തിൽ ഉൾക്കൊള്ളിക്കാൻ ലെയോ മൂന്നാമൻ മാർപാപ്പാ (795–816) വിസമ്മതിച്ചുവെങ്കിലും ക്രമേണ റോമൻ സഭയിൽ ഇതു സ്വീകരിക്കപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിൾ പാത്രി യർക്കീസായ ഫോസിയൂസ് (Photius 820-895) ഈ വാക്യശകലത്തെ ശക്ത മായി എതിർത്തു.1017–ൽ ബെനഡിക്റ്റ് എട്ടാമൻ മാർപാപ്പാ ഇത് വിശ്വാസ പ്രമാണത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചതോടെ പൗരസ്ത്യ – പാശ്ചാത്യ സഭ കൾ തമ്മിലുള്ള വിടവു വർദ്ധിച്ചു. 1054–ൽ ഇരുസഭകളും തമ്മിൽ പിളരാൻ ഇതു മുഖ്യ കാരണമായിരുന്നു. ഈ വിവാദത്തിന്റെ വെളിച്ചത്തിലാണ് "പുത്ര നിൽനിന്നും" എന്ന പദം സീറോ മലബാർ കുർബ്ബാനയുടെ വിശ്വാസപ്രമാ ണത്തിൽ ഇടയ്ക്കുചേർത്ത വിധത്തിൽ അച്ചടിച്ചിരിക്കുന്നത്. ബൈബിളും സഭാപിതാക്കന്മാരും അംഗീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ഈ വിശ്വാസസത്യത്തെ ഐച്ഛികമായി പരിഗണിക്കാവുന്നതല്ല.

3. സഭയെക്കുറിച്ചുള്ള പരാമർശമാണ് മറ്റൊരു പ്രത്യേകത. ക്രിസ്തു സ്ഥാപിച്ച സഭയുടെ ലക്ഷണങ്ങളായി നാലു കാര്യങ്ങൾ ഈ വിശ്വാസപ്ര മാണം എടുത്തുകാട്ടുന്നു. ക്രിസ്തുവിന്റെ സഭ ഒന്നുമാത്രമേയുള്ളു. ക്രിസ്തു വിനാൽ വിശുദ്ധീകരിക്കപ്പെടുകയും വിശുദ്ധിയുടെ മാർഗ്ഗമായി നിലകൊ ള്ളുകയും ചെയ്യുന്ന സഭ പരിശുദ്ധമാണ്. ക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗ ത്തിനു മുഴുവൻ ലഭ്യമായ ദൈവിക ജീവനിൽ എല്ലാ ജനതകളെയും പങ്കു കാരാക്കാനുള്ള മാർഗ്ഗമായ സഭ കാതോലികമാണ്, അഥവാ സാർവ്വത്രിക മാണ്. അത് ഏതെങ്കിലും ഒരു ജനതയുടെയോ വർഗ്ഗത്തിന്റെയോ പ്രത്യേ കാവകാശമല്ല; എല്ലാ ജനതകൾക്കുംവേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. ലോക മെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്ത അപ്പസ്തോല്നമാരുടെ സാക്ഷ്യത്തിന്മേലാണ് സഭയുടെ വിശ്വാസം അടിയുറച്ചിരിക്കുന്നത്. യേശുവിൽനിന്ന് അപ്പസ്തോലന്മാരിലൂടെ ഇടമുറി യാതെ ലഭിച്ച പരമ്പരാഗതമായ വിശ്വാസത്തെ കാത്തുസൂക്ഷിക്കുന്ന സഭ അപ്പസ്തോലികമാണ്. ഈ പിന്തുടർച്ച അവകാശപ്പെടാൻ കഴിയുന്ന സഭ മാത്രമേ യേശുക്രിസ്തുവിന്റെ സഭയും രക്ഷാമാർഗ്ഗവും ആവുകയുള്ളു.

4. മാമ്മോദീസായുടെ ആവശ്യകതയും അതുവഴി ലഭിക്കുന്ന പാപ

മോചനവും സഭ ഏറ്റുപറയുന്നു.

5. മരിച്ചവരുടെ ഉയിർപ്പിലും അവസാനിക്കാത്ത ജീവനിലും ഉള്ള പ്രതീക്ഷ ഏറ്റുപറഞ്ഞുകൊണ്ടാണ് വിശ്വാസപ്രമാണം അവസാനിക്കുന്നത്.

ക്രിസ്തീയ വിശ്വാസത്തിന്റെ സമഗ്രവും സംക്ഷിപ്തവുമായ ഒരു പ്രഖ്യാപനമാണിത്. കൽക്കെദോനിയാ സൂനഹദോസിൽവച്ചു പരസ്യമായി പ്രഖ്യാപിക്കപ്പെട്ട ഈ വിശ്വാസപ്രമാണം അഞ്ചാം നൂറ്റാണ്ടിൽത്തന്നെ പൗരസ്ത്യസഭകളിൽ ജ്ഞാനസ്നാനവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കാൻ തുടങ്ങി. സിറിയൻ സഭയാണ് അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ വിശ്വാസപ്രമാണം വി. കുർബ്ബാനയുടെ മധ്യേ ചൊല്ലാൻ തുടങ്ങിയത്. ഏറെ താമസിയാതെ ഇതര പൗരസ്ത്യസഭകളും ഈ പതിവു സ്വീകരിച്ചു. എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് റോമൻ സഭ ഈ വിശ്വാസ പ്രമാണം കുർബ്ബാനയിൽ ചേർത്തത്.

**C. കൽക്കെദോനിയാ (451)** യേശുക്രിസ്തുവിനെ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായി ഏറ്റുപറയാനുള്ള ശ്രമത്തിൽ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിയൂസ് യേശുവിൽ രണ്ടു വ്യക്തിത്വങ്ങൾ ആരോപിച്ചു. യേശുവിൽ ദൈവത്തെയും മനുഷ്യനെയും വേർതിരിച്ചു രണ്ടു വ്യക്തികളായിക്കണ്ട ഈ പാഷണ്ഡതയെ 431-ൽ എഫോസോസ് സൂനഹദോസ് ശപിച്ചുതള്ളി. കന്യകാമറിയത്തെ ദൈവമാതാവായി പ്രഖ്യാപിച്ച ആ സൂനഹദോസ് പ്രത്യേകം ഒരു വിശ്വാസപ്രമാണം പുറപ്പെടുവിച്ചില്ല. എന്നാൽ അലക്സാൺഡ്രിയായുടെ മെത്രാനും എഫേസോസ് സൂനനഹദോസിന്റെ മുഖ്യനായകനുമായ സിറിൽ അവതരിപ്പിക്കുകയും സൂനഹദോസ് അംഗീകരിക്കുകയും ചെയ്ത "മാംസമായ വചനത്തിന്റെ ഏക സ്വഭാവം" എന്ന പ്രയോഗം മോണോഫിസിറ്റിസം" എന്ന പാഷണ്ഡതയ്ക്കു വഴിതെളിച്ചു.

444-ൽ അലക്സാൺഡ്രിയായിലെ സിറിൽ മരിച്ചു. കോൺസ്റ്റാൻറിനോപ്പിളിലെ സന്യാസ ശ്രേഷ്ഠനായ യൂത്തിക്കസ് അവതരിപ്പിച്ച ഏകസ്വഭാവവാദത്തെ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന ഫ്ളാവിയൻ 448-ൽ പാഷണ്ഡതയായി പ്രഖ്യാപിച്ചു. യൂത്തിക്കസിന്റെ പഠനത്തെ അനുകൂലിക്കുന്ന മെത്രാന്മാർ ഏറെയുണ്ടായിരുന്നു; എതിർക്കുന്നവരും കുറവായിരുന്നില്ല. വിശ്വാസസംബന്ധമായ ഈ പിളർപ്പ് സാമ്രാജ്യത്തിന്റെ ഐക്യത്തെ ദോഷകരമായി ബാധിക്കും എന്നും മനസ്സിലാക്കിയ തെയോഡോഷ്യസ് രണ്ടാമൻ ചക്രവർത്തി 449-ൽ എഫേസോസിൽ മെത്രാന്മാരുടെ ഒരു പ്രാദേശിക സൂനഹദോസ് വിളിച്ചുകൂട്ടി. ഇരുവിഭാഗങ്ങളെയും തമ്മിൽ രമ്യപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ അലക്സാൺഡ്രിയായിലെ പാത്രി

യർക്കീസായ ഡിയോസ്കോറസ് (*Dioscorus*) യൂത്തിക്കസിനെ അനുകൂലിച്ചു. ഏകസ്വഭാവവാദികളായ മെത്രാന്മാർക്കു ഭൂരിപക്ഷമുണ്ടായിരുന്ന ഈ സമ്മേളനം യൂത്തിക്കസിനെ പുനഃപ്രതിഷ്ഠിച്ചു. കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായ ഫ്‌ളാവിയനെ പാഷണ്ഡിയായി മുദ്രകുത്തി. ഈ നീക്കത്തെ എതിർത്ത മാർപാപ്പായുടെ പ്രതിനിധികളെ അവർ അവഹേളിച്ചു. ഈ സമ്മേളനത്തെ *എഫേസോസിലെ തസ്കരസമ്മേളനം* എന്നാണ് വിവരം അറിഞ്ഞ ലെയോ ഒന്നാമൻ മാർപാപ്പാ വിശേഷിപ്പിച്ചത്. പാശ്ചാത്യ പൗരസ്ത്യ സഭകളിൽ ഈ പാഷണ്ഡത വലിയ കോളിളക്കം സൃഷ്ടിച്ചു. സഭാനൗക പാഷണ്ഡതയുടെ നീർച്ചുഴിയിൽ തകർന്നടിയും എന്ന മട്ടായി.

450-ൽ തെയോഡോഷ്യസ് ചക്രവർത്തി മരിച്ചു. മാർസിയൻ ചക്രവർത്തി ഭരണമേറ്റു. സഭയെയും സാമ്രാജ്യത്തെയും തകർച്ചയിൽനിന്നു രക്ഷിക്കാനായി അദ്ദേഹവും റോമിലെ ചക്രവർത്തിയായ വലെൻറീനിയനും കൂടി 451-ൽ ഒരു സാർവ്വത്രിക സൂനഹദോസ് കൽക്കെദോനിയായിൽ വിളിച്ചുകൂട്ടി. സാമ്രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി 450 പിതാക്കന്മാർ സൂനഹദോസിൽ പങ്കെടുത്തു. ലെയോ ഒന്നാമൻ മാർപാപ്പാ തന്റെ പ്രതിനിധികളെ ഒരു ലേഖനവുമായി അയച്ചു. കത്തോലിക്കാ സഭ പരമ്പരാഗതമായി വിശ്വസിക്കുന്ന സത്യങ്ങളുടെ രത്നച്ചുരുക്കമായിരുന്നു ലേഖനത്തിന്റെ ഉള്ളടക്കം.

നിക്യാ - കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾ ഈ സൂനഹദോസിൽ വായിച്ച് പിതാക്കന്മാർ തങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞു. ഏകസ്വഭാവവാദം പാഷണ്ഡതയായി പ്രഖ്യാപിച്ചു. യൂത്തിക്കസിനെ സ്ഥാനഭ്രഷ്ടനാക്കി. മാർപാപ്പായുടെ കത്തിൽനിന്ന് ക്രിസ്തുവിന്റെ ഏകവ്യക്തിത്വത്തെയും ഇരുസ്വഭാവങ്ങളെയും സംബന്ധിക്കുന്ന പ്രസ്താവനയുടെ വെളിച്ചത്തിൽ പിതാക്കന്മാർഒരു നിർവ്വചനം പുറപ്പെടുവിച്ചു. ഈ നിർവ്വചനമാണ് കൽക്കെദോനിയാ വിശ്വാസപ്രമാണമായി അറിയപ്പെടുന്നത്.

*യേശുക്രിസ്തുവിനെ ഏകപുത്രനും കർത്താവുമായി ഞങ്ങൾ ഏറ്റുപറയുന്നു. അവൻ ദൈവത്വത്തിൽ പൂർണ്ണനാണ്; മനുഷ്യത്വത്തിലും പൂർണ്ണനാണ്; അവൻ സത്യദൈവവും സത്യമനുഷ്യനുമാണ്. വിഷേശബുദ്ധിയുള്ള ആത്മാവും ശരീരവുമുള്ള അവൻ ദൈവത്വത്തിൽ പിതാവിനോട് ഏകസത്തയായിരിക്കുന്നു; മനുഷ്യത്വത്തിൽ നമ്മോടും ഏകസത്തയായിരിക്കുന്നു. പാപമൊഴികെ എല്ലാറ്റിലും അവൻ നമ്മോടു സദൃശനാണ്. യുഗങ്ങൾക്കുമുമ്പ് ദൈവത്വത്തിൽ പിതാവിൽനിന്നു ജനിച്ച അവൻ അവസാന നാളുകളിൽ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി ദൈവമാതാവായ കന്യകാമറിയത്തിൽനിന്നു മനുഷ്യനായി പിറന്നു.*

*പുത്രനും കർത്താവും ഏകജാതനുമായ യേശുക്രിസ്തുവിനെ രണ്ടു സ്വഭാവങ്ങളിൽ ഞങ്ങൾ ഏറ്റുപറയുന്നു. ഇരുസ്വഭാവങ്ങളും കൂടിക്കുഴയാതെ, മാറ്റാൻ കഴിയാത്തവിധത്തിൽ, വിഭജിക്കപ്പെടാതെ, വേർതിരിക്കാനാവാത്തവണ്ണം, പരസ്പരം യോജിച്ചിരിക്കുന്നു. ഇങ്ങനെ യോജിക്കുകവഴി ഇരുസ്വഭാവങ്ങളുടെയും വ്യത്യാസം ഇല്ലാതായിട്ടില്ല. ഓരോ സ്വഭാവവും അതതിന്റെ പ്രത്യേകതകൾ കാത്തുസൂക്ഷിച്ചുകൊണ്ട് ഏക വ്യക്തിത്വത്തിലും അസ്തിത്വത്തിലും ഒരുമിച്ചുചേർന്നു. അവ രണ്ടു വ്യക്തിത്വങ്ങളായി വിഭജിക്കപ്പെടുകയോ പങ്കുവയ്ക്കപ്പെടുകയോ ചെയ്യാതെ ഒരേ ഒരു പുത്രനും ഏകജാതനും ദൈവവും വചനവും കർത്താവുമായ യേശുക്രിസ്തുവായിരിക്കുന്നു. ഇപ്രകാരം പ്രവാചകന്മാർ അവനെക്കുറിച്ചു പ്രവചിച്ചു; യേശുക്രിസ്തു തന്നെ നമ്മെ പഠിപ്പിച്ചു; പിതാക്കന്മാർ ഈ വിശ്വാസപ്രമാണം നമുക്ക് ഏല്പിച്ചുതന്നു.*

യേശുക്രിസ്തുവിനെ സംബന്ധിച്ച സഭയുടെ പരമ്പരാഗതമായ വിശ്വാസത്തിന്റെ സമഗ്രമായ ഒരു നിർവ്വചനമാണിത്. ഇതുവരെ പ്രത്യക്ഷപ്പെട്ട സകല പാഷണ്ഡതകൾക്കും എതിരേ യേശുവിനെ പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായി ഈ നിർവ്വചനം ഏറ്റുപറയുന്നു. യേശുവിന്റെ മനുഷ്യത്വം ഒരു തോന്നലല്ല, യാഥാർത്ഥ്യമാണ്. യേശുക്രിസ്തു ദത്തുപുത്രനല്ല, ദൈവത്തിന്റെ സ്വാഭാവിക പുത്രനാണ്. ദൈവപുത്രന്റെ ഒരേ ഒരു വ്യക്തിത്വത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സംയോജിച്ചു. ഈ സംയോജനത്തിലൂടെ ദൈവത്വത്തിനോ മനുഷ്യത്വത്തിനോ കുറവു സംഭവിച്ചില്ല. ആത്മാവില്ലാത്ത ശരീരമല്ല, ആത്മാവും ശരീരവുമുള്ള പൂർണ്ണമായ മനുഷ്യസ്വഭാവമാണ് ദൈവപുത്രൻ സ്വീകരിച്ചത്. എന്നാൽ പൂർണ്ണമായ രണ്ടു സ്വഭാവങ്ങൾ രണ്ടു വ്യക്തികളായിത്തീർന്നില്ല; ഒരേ ഒരു വ്യക്തിത്വത്തിൽ ഇരുസ്വഭാവങ്ങളും നിലനില്ക്കുന്നു. ആ വ്യക്തിത്വം ദൈവപുത്രന്റേതായ വ്യക്തിത്വമാണ്. ദൈവപുത്രന്റെ മനുഷ്യാവതാരമാണ് മനുഷ്യരക്ഷയുടെ അടിസ്ഥാനം. പാപംമൂലം വികലമാക്കപ്പെട്ട മനുഷ്യസ്വഭാവത്തെ ദൈവപുത്രൻ സ്വന്തമായി സ്വീകരിച്ച് തന്റെ ദൈവസ്വഭാവത്തോടു സംയോജിപ്പിക്കുകവഴി ദൈവവും മനുഷ്യനും തമ്മിൽ പൂർണ്ണമായ അനുരഞ്ജനമുണ്ടായി; ദൈവികജീവൻ മനുഷ്യനു ലഭ്യമായി.

## 5. പ്രസക്തിയും പ്രാധാന്യവും

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങളായ ദൈവത്തിന്റെ ഏകത്വവും ത്രിത്വവും ദൈവപുത്രന്റെ മനുഷ്യാവതാരവും മേൽവിവരിച്ച വിശ്വാസപ്രമാണങ്ങളിലൂടെ അനിഷേധ്യവും സംശയാതീതവുമായ വിധത്തിൽ നിർവ്വചിക്കപ്പെട്ടു. "യേശുക്രിസ്തു കർത്താവാണ്" എന്ന ഏറ്റം

ലളിതമായ വിശ്വാസപ്രഖ്യാപനംമുതൽ ഏറ്റം സങ്കീർണ്ണമായ കൽക്കെദോനിയാ നിർവ്വചനംവരെ സഭ ഏറ്റുപറയുന്നത് ഒരേ ഒരു വിശ്വാസമാണ്. ജ്ഞാനസ്നാനബന്ധിയായ വിശ്വാസപ്രമാണങ്ങൾ പ്രായേണ ലളിതവും സുഗ്രാഹ്യവുമാണ്. എന്നാൽ സുനഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾ ഒന്നിനൊന്ന് സങ്കീർണ്ണവും ക്ലിഷ്ടവും ദുർഗ്രഹവുമായിത്തീർന്നു. 'ആദ്യത്തെ വിശ്വാസപ്രമാണങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടിയും രണ്ടാമത്തവ മെത്രാന്മാർക്കും മറ്റ് വേദശാസ്ത്ര പണ്ഡിതന്മാർക്കും വേണ്ടിയും നിർമ്മിക്കപ്പെട്ടതാണ്' എന്നൊരു ചൊല്ലുണ്ട്. നിഷേധിക്കപ്പെട്ട സത്യങ്ങളെ ശക്തവും വ്യക്തവുമായി ഏറ്റുപറയാനുള്ള ശ്രമങ്ങളാണ് സൂനഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾക്കു രൂപംനൽകിയത് എന്നു നാം കണ്ടു. ഈ സാഹചര്യംതന്നെയാണ് അവയുടെ പ്രത്യേകശൈലിക്കു കാരണം.

ഈ നിർവ്വചനങ്ങൾ ഒരുപക്ഷേ ഇന്ന് ആവർത്തനവിരസവും വൃഥാസ്ഥൂലവും അപ്രസക്തവുമായി തോന്നിയേക്കാം. എന്നാൽ, ക്രിസ്തുവിന്റെ സഭ എന്താണു വിശ്വസിക്കുന്നത് എന്നു വ്യക്തമാക്കാൻ ഇവ ഇന്നും ആവശ്യമാണ്. യേശുവിന്റെ ദൈവത്വം നിഷേധിക്കുന്നവർ ഇന്നും ഏറെയുണ്ട്. യഹോവാസാക്ഷികളാണ് അതിൽ പ്രമുഖർ. എന്നാൽ യേശുവിനെ നേതാവും വഴികാട്ടിയും മാത്രമായി കാണാനുള്ള പ്രവണത കത്തോലിക്കരുടെ ഇടയിലും കുറെയെല്ലാം പ്രകടമാകുന്നുണ്ട്. മതസൗഹാർദ്ദത്തിന്റെയും എക്യുമേനിസത്തിന്റെയും ഒക്കെ പേരിൽ യേശുവിനെ ഏറ്റം നല്ല മനുഷ്യനായി, എന്നാൽ മനുഷ്യൻ മാത്രമായി, കൂടിയാൽ ഒരു ദേവനായി, ചിത്രീകരിക്കുക ഇന്ന് അത്ര അസാധാരണമല്ല.

യേശുവിന്റെ വ്യക്തിത്വമല്ല, അവൻ കാണിച്ച വിപ്ലവവീര്യവും കുരിശിന്റെ മാർഗ്ഗവുമാണ് പ്രസക്തം എന്ന് വാദിക്കുന്ന ചുരുക്കം ചില കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരും ഇന്നുണ്ട്. യേശുവിനെ ദൈവപുത്രനായി ആരാധിക്കുകയല്ല, അവൻ നടന്ന സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രതിഷേധത്തിന്റെയും മാർഗ്ഗത്തിൽ ചരിക്കുകയാണു വേണ്ടത് എന്നു വാദിക്കുന്നവരെയും ഈ കൂട്ടത്തിൽ കാണാം. യേശുവിന്റെ ദൈവത്വത്തിന് ഊന്നൽ നല്കാനുള്ള ശ്രമത്തിൽ മനുഷ്യത്വം മറക്കുകയും, ആരാധനയുടെ ലഹരിയിൽ കുരിശിന്റെവഴി അവഗണിക്കുകയും ചെയ്ത ഒരു ദൈവശാസ്ത്രവീക്ഷണത്തോടുള്ള പ്രതികരണമാവാം ഇത്. എന്നാൽ ഈ രണ്ടു പ്രവണതകളും ഒരുപോലെ അപകടകാരികളാണ്. ദൈവമനുഷ്യന്റെ വ്യക്തിത്വത്തെ വെട്ടിച്ചുരുക്കുന്നതിനാൽ ഇവ രണ്ടും യഥാർത്ഥ ക്രിസ്തീയവിശ്വാസത്തിനു വിരുദ്ധവുമാണ്.

വഴികാട്ടിയവൻ തന്നെയാണ് വഴി; സത്യം വെളിപ്പെടുത്തിയവൻ തന്നെയാണ് സത്യം; ജീവൻ നല്കിയവൻ തന്നെയാണ് ജീവൻ. ആരാധിക്കുന്നവൻ അനുഗമിക്കണം; അനുഗമിക്കുന്നവൻ ആരാധിക്കുകയും വേണം. ക്രിസ്തീയവിശ്വാസത്തെ നിഷേധിക്കാതെ ഒന്നു മറ്റൊന്നിൽനിന്നു വേർപെടുത്താനാവില്ല. മനുഷ്യനെ ദൈവസ്വഭാവത്തിൽ പങ്കുചേർക്കാനായി ദൈവം മനുഷ്യസ്വഭാവത്തിൽ പങ്കുചേർന്നു. ഈ സത്യമാണ് കത്തോലിക്കാസഭ ഏറ്റുപറയുന്നത്; ഈ വിശ്വാസമാണ് ക്രിസ്ത്യാനികൾക്കു പ്രത്യാശ നല്കുന്നത്. കുരിശുമരണവും പുനരുത്ഥാനവുംവഴി മഹത്വീകരിക്കപ്പെട്ടത് മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ്. അവനിൽ മഹത്വീകരിക്കപ്പെട്ട മനുഷ്യ സ്വഭാവമാണ് നമുക്ക് അവനിലൂടെ ദാനമായി ലഭിക്കുന്നത്.

ദൈവപുത്രനിലുള്ള വിശ്വാസവും അവനു നല്കുന്ന ആരാധനയും അവന്റെ മഹത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയും ഈ ലോകയാഥാർത്ഥ്യങ്ങളിൽനിന്ന് ഒളിച്ചോടാനല്ല, ഈ ലോകത്തെ മുഴുവൻ നവീകരിക്കാനും വിശുദ്ധീകരിക്കാനും ആണ് നമ്മെ പ്രേരിപ്പിക്കുക. സത്യത്തിനും നീതിക്കും സാഹോദര്യത്തിനും, സർവ്വോപരി മനുഷ്യമഹത്വത്തിന്റെ പുനഃസ്ഥാപനത്തിനും വേണ്ടിയുള്ള യത്നം ഈ വിശ്വാസപ്രഖ്യാപനത്തിന്റെ അവശ്യഘടകമായിത്തീരുന്നു. വിശ്വാസം പ്രവൃത്തിയിലേക്കു നയിക്കുന്നു; പ്രവൃത്തിയിലൂടെ പ്രകടമാകുന്നു. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്; വിശ്വാസമില്ലാത്ത പ്രവൃത്തി ഫലദായകമല്ല. വിശ്വാസവും പ്രവൃത്തിയും ഒന്നുചേരുന്നത് കുരിശിന്റെ പാതയിലാണ്. മനുഷ്യരക്ഷയ്ക്കായി ദൈവം തിരഞ്ഞെടുത്തതാണ് കുരിശിന്റെ വഴി.

വിശ്വാസപ്രമാണങ്ങൾ കാലഹരണപ്പെട്ടിട്ടില്ല. താൻ ആരിലാണ് വിശ്വാസം അർപ്പിച്ചിരിക്കുന്നത് എന്ന് ഓരോ ക്രൈസ്തവനും വ്യക്തമായി ഗ്രഹിക്കാനുള്ള ഏറ്റം സംക്ഷിപ്തമായ പ്രഖ്യാപനമാണ് വിശ്വാസപ്രമാണം. തങ്ങളുടെ വിശ്വാസത്തയും പ്രതീക്ഷകളെയും ജീവിതശൈലിയെയും അളക്കാനും രൂപപ്പെടുത്താനുമുള്ള മാനദണ്ഡവും സഭയുടെ വിശ്വാസപ്രമാണം തന്നെ.

# ഭാഗം III

# തിരുസ്സഭ

"ഏകവും വിശുദ്ധവും കത്തോലികവും അപ്പസ്തോലികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിലെ പിതാക്കന്മാർ പ്രഖ്യാപിച്ച വിശ്വാസപ്രമാണത്തിന്റെ ഭാഗമാണിത്. വിശ്വാസപ്രമാണത്തിൽ ഈ വാക്യം ചേർക്കുകവഴി സഭയും വിശ്വാസവിഷയമാണെന്നു പിതാക്കന്മാർ പ്രഖ്യാപിക്കുകയായിരുന്നു. ഈ വിശ്വാസം കുർബ്ബാനയുടെ മധ്യേ കത്തോലിക്കർ ഏറ്റുപറയുകയും ചെയ്യുന്നു. എന്നാൽ ഏറ്റുപറയുന്ന വിശാസത്തിന്റെ അർത്ഥവും വ്യാപ്തിയും പ്രസക്തിയും എല്ലാവർക്കും ഒരുപോലെ വ്യക്തമല്ല. തന്നെയുമല്ല, ഈ വിശ്വാസസത്യം ഇന്നു വലിയ പ്രതിസന്ധിയെ നേരിടുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ സഭ ഏകമാണ് എന്ന് ഏറ്റുപറയുമ്പോൾത്തന്നെ, ആയിരത്തിലേറെ ക്രിസ്തീയ സമൂഹങ്ങൾ ഇന്നു ക്രിസ്തുവിന്റെ സഭ തങ്ങളാണ് എന്ന് അവകാശപ്പെടുന്നുണ്ട്. ഈ സഭാസമൂഹങ്ങൾ തമ്മിൽ ഐക്യത്തിനുവേണ്ടിയുള്ള തീവ്രശ്രമങ്ങൾ നടക്കുമ്പോഴും ദിനംപ്രതിയെന്നോണം പുതിയപുതിയ സഭകൾ രൂപംകൊള്ളുന്നു. ഇതിൽ ഏതാണ് ക്രിസ്തുവിന്റെ സഭ? സഭ വിശുദ്ധമാണ് എന്ന വിശ്വാസപ്രഖ്യാപനത്തിനു വിരുദ്ധമായി നിലകൊള്ളുന്ന അവിശുദ്ധിയുടെ ചരിത്രവും സഭയ്ക്കുണ്ട്. സഭാംഗങ്ങളുടെ, പ്രത്യേകിച്ചും നേതൃത്വവും വഹിക്കുന്ന ചിലരുടെ വിശുദ്ധമല്ലാത്ത ജീവിതശൈലികളും പ്രവർത്തനങ്ങളും തീരുമാനങ്ങളും വലിയൊരു ചോദ്യചിഹ്നമായി ഉയർന്നു നില്ക്കുന്നു.

ഇന്ന്, പ്രത്യേകിച്ചും കത്തോലിക്കാസഭയിൽ, നിലവിലിരിക്കുന്ന ഘടനാസംവിധാനവും ഭരണക്രമവും കൂദാശകളും ഉള്ള ഒരു സ്ഥാപനം ക്രിസ്തു വിഭാവനം ചെയ്തതാണോ എന്ന കാര്യത്തിൽ പലർക്കും സംശയമുണ്ട്. ക്രിസ്തു സഭ സ്ഥാപിച്ചില്ല, ദൈവരാജ്യം പ്രസംഗിക്കുക മാത്രമാണു ചെയ്തത് എന്നും സഭ പില്ക്കാലത്ത് രൂപംകൊണ്ടതാണെന്നും വാദിക്കുന്നവർ ചുരുക്കമല്ല. ക്രിസ്തുവിന്റെ ആദർശങ്ങളെ സ്വീകരിക്കുന്നവരിൽത്തന്നെ നല്ലൊരുപങ്ക് സഭയെ തള്ളിപ്പറയുന്നു.

സഭയ്ക്കു പുറമെ രക്ഷയില്ല എന്ന പഠനം ഇന്ന് ഏറെ വിവാദവിഷയമായിരിക്കുന്നു. ലോകജനസംഖ്യയുടെ മുന്നിൽ രണ്ടു ഭാഗത്തോളം ഇന്നും സഭയ്ക്കു പുറത്താണ്. സഭയെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്തവരാണ് അതിൽ അധികപങ്കും. തങ്ങളുടേതായ മതവിശ്വാസം അനുസരിച്ചു ജീവിക്കുന്നവർ രക്ഷ പ്രാപിക്കുകയില്ല എന്നു പറയാനാവുമോ? ഓരോരുത്തരും താന്താങ്ങളുടെ വിശ്വാസം അനുസരിച്ചു രക്ഷിക്കപ്പെടുമെങ്കിൽ പിന്നെ മിഷൻ പ്രവർത്തനത്തിന് എന്തു പ്രസക്തിയാണുള്ളത്?

സഭയുടെ ഉത്ഭവം, സ്വഭാവം, ലക്ഷ്യം എന്നിവയെക്കുറിച്ചുള്ള വികലമായ ധാരണകളാണ് ഇപ്രകാരമുള്ള ചോദ്യങ്ങൾക്കും നിലപാടുകൾക്കും മുഖ്യകാരണം. രണ്ടാം വത്തിക്കാൻ സൂനഹദോസ് പതിനാറു പ്രമാണരേഖകളിലൂടെ ഇവയ്ക്കെല്ലാം വ്യക്തമായ ഉത്തരം നല്കുന്നുണ്ട്. ഇന്നു ചോദ്യം ചെയ്യപ്പെടുന്ന മേഖലകളെ മുന്നിൽ കണ്ടുകൊണ്ട് സഭയെക്കുറിച്ച് ബൈബിളിന്റെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ കത്തോലിക്കാസഭ പഠിപ്പിക്കുന്ന അടിസ്ഥാന സത്യങ്ങൾ വിശദീകരിക്കാനാണ് ഈ ഭാഗത്തു ശ്രമിക്കുന്നത്.

“പരിശുദ്ധ കത്തോലിക്കാസഭയിലും ഞാൻ വിശ്വസിക്കുന്നു”എന്ന ശീർഷകത്തിൽ കീഴിൽ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഈ വിഷയത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട് (748–870).

# 1. സഭയുടെ ഉത്ഭവം

*''തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു......ക്രിസ്തുവിൽ വ്യക്തമാക്കിയ തന്റെ അഭിഷ്ടമനുസരിച്ച് അവിടുന്ന് തന്റെ പദ്ധതിയുടെ രഹസ്യം നമുക്കു മനസ്സിലാക്കിത്തന്നു. ഇത് കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ" (എഫേ 14-10).*

പ്രപഞ്ചസൃഷ്ടിക്കു മുമ്പുതന്നെ ദൈവത്തിന്റെ പദ്ധതിയിൽ നിഗൂഢമായി സ്ഥിതി ചെയ്തിരുന്ന രഹസ്യമാണ് സഭ. മനുഷ്യസൃഷ്ടിമുതൽ പഴയനിയമത്തിലുടനീളം ഈ പദ്ധതിയുടെ സാക്ഷാൽക്കാരത്തിനുള്ള ഒരുക്കങ്ങൾ കാണാം. യേശുക്രിസ്തുവിലാണ് സഭ ഒരു യാഥാർത്ഥ്യമായത്. പന്തക്കുസ്താദിനം പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിന്റെമേൽ ആവസിച്ചതോടെ ഉദ്ഘാടനം ചെയ്യപ്പെട്ട സഭ ചരിത്രത്തിലൂടെ വളർന്നുകൊണ്ടിരിക്കുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്ന യുഗാന്തംവരെ ആ വളർച്ച തുടർന്നുകൊണ്ടിരിക്കും. സൃഷ്ടിമുതൽ പുനരുത്ഥാനം വരെ നീണ്ടുകിടക്കുന്നതാണ് സഭയുടെ ചരിത്രം. മനുഷ്യനു ദൈവം നല്കുന്ന രക്ഷയുടെ ചരിത്രമാണത്. ആ ചരിത്രത്തിന്റെ പ്രധാനഘട്ടങ്ങൾ ബൈബിളിൽനിന്ന് എടുത്തുകാട്ടാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

## A. പഴയനിയമത്തിൽ

### 1. വിളിയും വീഴ്ചയും

ഏകാകിയായി ജീവിച്ച് ഒറ്റയ്ക്കു രക്ഷപ്രാപിക്കാൻ വേണ്ടിയല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ത്രിയേകദൈവത്തിന്റെ ആന്തരികജീവൻ അവനിൽ പ്രതിഫലിപ്പിക്കാൻ ദൈവം തിരുമനസ്സായി. ദൈവത്തി ന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് (ഉൽപ 1,26-28). സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പരസ്പരം സ്നേഹിച്ചും പങ്കുവച്ചും സന്താനങ്ങൾക്കു ജന്മം നല്കിയും ഒരു സമൂഹമായി വളരണം. അങ്ങനെ മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിച്ഛായയും പ്രതിനിധിയുമായിരിക്കണം. ദൈവത്തിന്റെ പ്രതിച്ഛായ അതിന്റെ പൂർണ്ണത

യിൽ പ്രകടമാക്കുന്ന ദൈവമനുഷ്യനായ യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ് ആദം. "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനുചേർന്ന ഇണയെ ഞാൻ നല്കും" (ഉൽപ 2,18). ദൈവത്തിന്റെ ഈ ചിന്ത മനുഷ്യസമൂഹത്തെക്കുറിച്ചുള്ള പദ്ധതി വെളിപ്പെടുത്തുന്നതാണ്.

പരസ്പരം പൂർണ്ണമായ ഐക്യത്തിൽ (ഉൽപ 2,23-24) ദൈവത്തിന്റെ സാന്നിധ്യത്തിൽ (ഉൽപ 3,8) വസിച്ച ആദ്യമനുഷ്യൻ ദൈവത്തോടുള്ള സ്നേഹവും വിധേയത്വവും വഴി സ്നേഹത്തിൽ ഐക്യപ്പെട്ട ഒരു മനുഷ്യസമൂഹത്തിനു ജന്മം നല്കാൻ വിളിക്കപ്പെട്ടവനായിരുന്നു. എന്നാൽ അതിനുപകരം ദൈവത്തെ ധിക്കരിച്ച് സ്വയം ദൈവമാകാൻ ശ്രമിച്ചു (ഉൽപ 3,5 -7); അവൻ ദൈവത്തോടും സഹോദരങ്ങളോടുമുള്ള ഐക്യം വിച്ഛേദിച്ചു. പരസ്പരം വെറുക്കുകയും വധിക്കുകയും ചെയ്യുന്ന (ഉൽപ 4,8-24), പാപത്തിനധീനമായ ഒരു മനുഷ്യ സമൂഹത്തിന്റെ പിതാവായിത്തീർന്നു ആദം. "ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രം" (ഉൽപ 6,5) ആയിത്തീർന്ന മനുഷ്യരെ നശിപ്പിച്ചപ്പോൾ പുതിയൊരു സമൂഹത്തിനു തുടക്കം കുറിക്കാനായി ദൈവം ഒരു കുടുംബത്തെ കാത്തുസൂക്ഷിച്ചു. പ്രളയജലത്തിൽനിന്ന് നോഹയ്ക്കും കുടുംബത്തിനും രക്ഷ നല്കിയ പേടകം സഭയുടെയും സഭയിലേക്കു പ്രവേശനം നല്കുന്ന മാമ്മോദീസായുടെയും പ്രതീകമായിട്ടാണ് പുതിയനിയമം (1 പത്രോ 3,20-21) കാണുന്നത്. ദൈവമാകാൻ ശ്രമിച്ചവന്റെ മക്കൾ ആകാശം മുട്ടുന്ന ഗോപുരം പണിത് ദൈവതുല്യരാകാൻ തുനിഞ്ഞു. അഹങ്കാരം അകൽച്ചയ്ക്കു കാരണമായി. ദൈവത്തെ അംഗീകരിക്കാത്തവർക്കു പരസ്പരം അംഗീകരിക്കാൻ കഴിഞ്ഞില്ല. സ്വന്തം കീർത്തി ശാശ്വതമാക്കാൻ ശ്രമിച്ചവർ ചിതറിത്തകർന്നു.

## 2. പുതിയ തുടക്കം

ചിതറിപ്പോയ മനുഷ്യരെ വീണ്ടും ഒരു സമൂഹമായി ഒന്നിപ്പിക്കുന്നതിനുവേണ്ടി ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്ത് അയാളുമായി ഉടമ്പടി ചെയ്തു (ഉൽപ 15,7-21). ഉടമ്പടിയുടെ അടയാളമായി അബ്രാഹം ഛേദനാചാരം സ്വീകരിച്ചു. ജനനേന്ദ്രിയത്തിൽ സ്വീകരിച്ച ഈ അടയാളം അബ്രാഹത്തിന്റെ സന്തതിപരമ്പര ഉടമ്പടിയുടെ അവകാശികളായിരിക്കും എന്നു പ്രഖ്യാപിക്കുന്നു. ഭൂമുഖത്തുള്ള സകല ജനപദങ്ങളെയും ഒരു കുടുംബമായി ഒന്നിപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നിർണ്ണായകമായ തുടക്കമായിരുന്നു (ഉൽപ 12,1-3) ഈ തിരഞ്ഞെടുപ്പും ഉടമ്പടിയും. വിശ്വാസവും അനുസരണവുംവഴി അബ്രാഹം ദൈവത്തിന് ഉത്തരം നല്കി. അങ്ങനെ അയാൾ സകല വിശ്വാസികളുടെയും പിതാവായി, സകല ജനതകൾക്കും അനുഗ്രഹത്തിനു കാരണവുമായി (ഉൽപ 22,18). അബ്രാഹം

തന്റെ സന്തതിപരമ്പരയെ നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് ദൈവത്തിന്റെ വഴിയിലൂടെ നടക്കാൻ പഠിപ്പിക്കുകയും അവർ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ ആയി രിക്കും ഈ അനുഗ്രഹം സകല ജനതകൾക്കും ലഭിക്കുക (ഉൽപ 18,19).

## 3. ദൈവത്തിന്റെ സഭ

സഭാസ്ഥാപനത്തിനുള്ള ഒരുക്കത്തിന്റെ അടുത്തഘട്ടമാണ് പുറപ്പാടു സംഭവം. ഈജിപ്തിൽ അടിമകളായിക്കഴിഞ്ഞ അബ്രാഹത്തിന്റെ മക്കളെ ദൈവം മോചിപ്പിച്ച് മരുഭൂമിയിലൂടെ നയിച്ചു. തന്നെ ആരാധിക്കാനായി (പുറ 4,23) ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽ ജനത്തിന്റെ പിറവിയാണ് പുറപ്പാടു സംഭവം. സീനായ് മലയിലെ ഉടമ്പടിയിൽ പങ്കുകാരായ ജനം ഒരു സഭയായിത്തീർന്നു. സഭ എന്നു നാം വിവർത്തനം ചെയ്യുന്നത് *എക്ലേസിയാ (Ekklesia)* എന്ന ഗ്രീക്കു പദമാണ്. *ഖഹാൽ* എന്ന ഹെബ്രായ പദം വിവർത്തനം ചെയ്യാനാണ് സപ്തതി ഈ പദം ഉപയോഗിച്ചത്. ഈ പദം തന്നെ പുതിയനിയമവും ഉപയോഗിച്ചു. വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നാണ് ഇതിന്റെ അർത്ഥം. പൊതുകാര്യങ്ങൾ ചർച്ചചെയ്യാൻ വേണ്ടി ദൂതന്മാർ വഴി വിളിച്ചുകൂട്ടപ്പെടുന്ന സമൂഹത്തെ സൂചിപ്പിക്കുവാൻ വേണ്ടിയാണ് ഗ്രീക്കുകാർ എക്ലേസിയ എന്ന പദം ഉപയോഗിച്ചിരുന്നത്. ഈ പദമാണ് സീനായ് മലയുടെ അടിവാരത്തിൽ സമ്മേളിച്ച ഇസ്രായേൽ ജനത്തെ സൂചിപ്പിക്കാൻ ബൈബിൾ ഉപയോഗിക്കുന്നത്. (നിയ 4,10; 9,10;18,10). ഈ സാഹചര്യത്തിൽ നിന്ന് പദത്തിന്റെ അർത്ഥത്തെ സംബന്ധിച്ച മൂന്നു കാര്യങ്ങൾ വ്യക്തമാകുന്നു.

a. ഇസ്രായേൽ ജനം താനേ രൂപംകൊണ്ടതോ സ്വയം പ്രേരിതമായി ഒരുമിച്ചുകൂടിയതോ ആയ സമൂഹമല്ല., അവരെ ദൈവം വിളിച്ചു കൂട്ടിയതാണ്. അതിനാൽ അവരെ ദൈവത്തിന്റെ സഭ (നിയ.23) എന്നു വിളിക്കുന്നു. ഒരു ജനം എന്ന നിലയിലുള്ള തങ്ങളുടെ അസ്തിത്വവും നിലനില്പും ദൈവത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് ഇസ്രായേലിനെ ഓർമ്മിപ്പിക്കുന്നതാണ് എക്ലേസിയ എന്ന പദം. ദൈവമാണ് മുൻകൈ എടുക്കുന്നത്. വിളിക്കുത്തരം നല്കുക മാത്രമേ ജനം ചെയ്യുന്നുള്ളൂ. ഇസ്രായേൽ വെറും ഒരു മാനുഷിക സംഘടനയല്ല; ദൈവത്താൽ പ്രത്യകം തിരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ്.

b. ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടി വിളിച്ചുകൂട്ടപ്പെട്ട ജനമാണ് ഇസ്രായേൽ. ലക്ഷ്യം നിർണ്ണയിക്കുന്നതു ജനമല്ല, വിളിച്ചുകൂട്ടിയ ദൈവമാണ്. ദൈവത്തെ ആരാധിക്കുകയും അവിടുത്തെ ഉടമ്പടി പാലിക്കുകയും

ചെയ്യുന്ന, ദൈവത്തിന്റെ സ്വന്തം ജനമായിരിക്കുക എന്നതാണ് ആ ലക്ഷ്യം. അവർ ലോകത്തിനു വേണ്ടി ദൈവതിരുമുമ്പിൽ പുരോഹിതശുശ്രൂഷ നടത്തുന്ന രാജ്യവും ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ട വിശുദ്ധജനവുമായിരിക്കും (പുറ 19,5).

c. *എക്ലേസിയാ* എന്ന ഗ്രീക്കു പദത്തിന്റെ ഉൽപ്പത്തിയിലേക്കു കടന്നാൽ മറ്റൊരു കാര്യം കൂടി വ്യക്തമാകും. "വിളിക്കുക" എന്നർത്ഥമുള്ള ***കാലെയോ*** എന്ന ക്രിയയോട് "-ൽ നിന്ന്" എന്നർത്ഥമുള്ള *എക്* എന്ന വിഭക്തി പ്രത്യയം ചേർത്തുണ്ടായ *എക്കാലെയോ* എന്ന ക്രിയയിൽ നിന്നുണ്ടായ നാമമാണ് *എക്ലേസിയ* "-ൽ നിന്നു വിളിച്ചുകൂട്ടപ്പെട്ടവർ" എന്നതാണ് പദത്തിന്റെ മൂലാർത്ഥം. ഒരു തിരഞ്ഞെടുപ്പിന്റെ സൂചനയാണ് ഈ പദം നല്കുന്നത്. എല്ലാവരെയും വിളിച്ചുകൂട്ടിയ ഒരു സമൂഹമല്ല, ലോകജനതകളിൽ നിന്ന് പ്രത്യകമായി ദൈവം തിരഞ്ഞെടുത്തു വിളിച്ചുകൂട്ടിയതാണ് ഇസ്രായേൽ ജനം. ഇസ്രായേലിന്റെ എന്തെങ്കിലും പ്രത്യേക ഗുണവിശേഷത്തെ പരിഗണിച്ചല്ല, സൗജന്യദാനമായിട്ടാണ് ദൈവം അവരെ തിരഞ്ഞെടുത്തത് (നിയ 7,7-8). മർദ്ദിതരോടും അടിമകളോടുമുള്ള ദൈവത്തിന്റെ പ്രത്യക സ്നേഹം പ്രകടമാക്കുന്നതാണ് ഈ തിരഞ്ഞെടുപ്പ്. ഈ സ്നേഹത്തിനു സാക്ഷികളായിരിക്കണം തങ്ങൾ എന്ന് *എക്ലേസിയ* എന്ന പദം ജനത്തെ ഓർമ്മിപ്പിക്കുന്നു.

## 4. ദൈവജനം

*ലാവോസ് (Laos)* എന്ന പേരിലാണ് ഇസ്രായേൽക്കാർ തങ്ങളെതന്നെ വിശേഷിപ്പിച്ചിരുന്നത്. രണ്ടായിരത്തിൽ പരം തവണ ഈ നാമം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ***അം*** എന്ന ഹെബ്രായ നാമത്തിന്റെ ഗ്രീക്കു വിവർത്തനമാണിത്. ജനം എന്നാണ് ഇതിന്റെ അർത്ഥം. ദൈവം തനിക്കായി തിരഞ്ഞെടുത്ത ജനം എന്ന നിലയിൽ *"ദൈവജനം" (ലാവോസ് തൂ ഥെവൂ Laos tou Theou)* എന്ന് ഇസ്രായേൽ വിശേഷിക്കപ്പെട്ടു. ശാരീരികമായി അബ്രാഹത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ടവരെ മാത്രമേ ജനത്തിന്റെ ഭാഗമായി ഇസ്രായേൽ പരിഗണിച്ചുള്ളൂ. മറ്റുള്ളവരെല്ലാം "*വിജാതീയർ*" (ethnos) ആയിരുന്നു. പുതിയനിയമത്തിലും ദൈവജനത്തെ സൂചിപ്പിക്കാൻ *ലാവോസ്* എന്ന പദം ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ ജനം യഹൂദരിലും വിജാതീയരിലും നിന്നു ദൈവം വിളിച്ചുകൂട്ടിയവരാണ്. ശാരീരികമായ ജനനമല്ല, വിശ്വാസവും മാമ്മോദീസായുമാണ് ഈ ജനത്തിൽ അംഗത്വം നല്കുന്നത്. ലാവോസ് എന്ന പദത്തിൽ നിന്നാണ് അത്മായൻ എന്നു വിവർത്തനം ചെയ്യുന്ന *ലെയ്റ്റി* (Laity) എന്ന പദത്തിന്റെ ഉത്ഭവം. ഉടമ്പടിയുടെ പ്രമാണമനുസരിച്ചുള്ള ജീവിതമാണ് ഈ ജനത്തെ മറ്റു ജന

തകളിൽ നിന്നു വ്യത്യസ്ഥമാക്കിയത്. ജനത്തെ സംബന്ധിച്ചു വെളിപ്പെടുത്തപ്പെട്ട ദൈവഹിതമാണ് ഈ പ്രമാണങ്ങൾ. ദൈവജനത്തിന്റെ രൂപീകരണത്തിൽ ഉടമ്പടിയുടെ പ്രമാണങ്ങൾ നിർണ്ണായകമായ പങ്കു വഹിക്കുന്നു. പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുന്നിടത്തോളം കാലം മാത്രമേ അവർ ദൈവജനമെന്ന സ്ഥാനത്തിന് അർഹരായിരിക്കുകയുള്ളൂ.

പ്രമാണങ്ങൾ വഴിയാണ് ദൈവം തങ്ങളുടെ മധ്യത്തിൽ സന്നിഹിതനാകുന്നത് എന്ന് ജനത്തെ ഓർമ്മിപ്പിക്കാൻ വേണ്ടി പ്രമാണങ്ങൾ എഴുതിയ കല്പലകകൾ പേടകത്തിൽ സൂക്ഷിക്കാൻ ദൈവം ആജ്ഞാപിച്ചു (പുറ 25,16). ഇനി അങ്ങോട്ടുള്ള പ്രയാണത്തിൽ ഈ പേടകമായിരിക്കും ജനത്തിന്റെ കേന്ദ്രം. യാത്രചെയ്യുമ്പോൾ പേടകം അവർക്കു മുമ്പേ പോകും. പാളയമടിക്കുമ്പോൾ അവർക്കു മധ്യേ ഉണ്ടായിരിക്കും. പേടകത്തിനു മുകളിലെ കൃപാസനത്തിൽ നിന്നു ദൈവം ജനങ്ങളുടെ പ്രാർത്ഥന സ്വീകരിക്കും. അവർക്കു വേണ്ട നിർദ്ദേശങ്ങൾ നല്കും. ദൈവസാന്നിധ്യത്തിന്റെ അടയാളമായ പേടകം സഭയുടെ പ്രതീകമാണന്നു പറയാം.

സീനായ് മലയിൽ വെച്ച് ദൈവത്തിന്റെ സഭയായിത്തീർന്ന ഇസ്രായേൽ ജനം നാല്പതുവർഷം മരുഭൂമിയിലൂടെ യാത്ര ചെയ്താണ് വാഗ്ദത്ത ഭൂമിയായ കാനാൻദേശത്ത് എത്തിച്ചേർന്നത്. അനേകം പ്രതിസന്ധികൾക്കിടയിലൂടെ വ്യക്തമായ ഒരു ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് യാത്രചെയ്യുന്ന ഒരു തീർത്ഥാടക സമൂഹമായിരുന്നു മരുഭൂമിയിലെ ഇസ്രായേൽ. പ്രലോഭനങ്ങളുടെ സ്ഥലമാണ് മരുഭൂമി. അതേസമയം ദൈവത്തിന്റെ സംരക്ഷണം ഏറ്റം കൂടുതൽ അനുഭവിച്ചറിഞ്ഞതും മരുഭൂമിയിലൂടെയുള്ള പ്രയാണത്തിലാണ്. സ്വർഗ്ഗത്തെ ലക്ഷ്യംവെച്ചു യാത്രചെയ്യുന്ന തീർത്ഥാടകസഭയുടെ പ്രതീകമാണ് മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന ഇസ്രായേൽ (വെളി 12,6-14).

## 5. രാജഭരണം - ദൈവഭരണം

രാജഭരണത്തിന്റെ ആവിർഭാവത്തോടെ ചരിത്രത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് നാം കടക്കുകയായി. ശത്രുക്കളിൽനിന്നു സംരക്ഷണം നല്കുകയും ജനത്തെ നീതിപൂർവ്വം ഭരിക്കുകയും ചെയ്യാനായി തിരഞ്ഞെടുക്കപ്പെട്ട രാജാവ് ദൈവത്തിന്റെ പ്രതിനിധിയായി പരിഗണിക്കപ്പെട്ടു. രാജാവിലൂടെ ദൈവമാണു ഭരിക്കുന്നത്. ദൈവത്തിന്റെ ഭരണം ഭൂമിയിൽ നടപ്പിലാക്കുകയാണ് രാജാവിന്റെ കർത്തവ്യം (സങ്കീ 72). ഇതിൽനിന്നാണ് "ദൈവരാജ്യം" എന്ന ആശയം രൂപംകൊണ്ടത്. ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിച്ച് നീതിയോടെ ഭരണം നടത്തിയ ദാവീദ് ഏറ്റം മഹാനായ രാജാവായി പരിഗണിക്കപ്പെട്ടു. വീഴ്ചകൾ ഉണ്ടായെങ്കിലും കുറ്റം ഏറ്റുപറഞ്ഞ് മാപ്പിര

ക്കാനും പരിഹാരം അനുഷ്ഠിക്കാനും തയ്യാറായ ദാവീദ് ഇസ്രായേൽ രാജവംശത്തിന്റെ സ്ഥാപകനായി. ദാവീദിന്റെ മകനായി ഒരു രാജാവു വന്ന് ഈ ഭൂമിയിൽ ദൈവത്തിന്റെ ഭരണം എന്നേക്കും നടപ്പിലാക്കും എന്ന പ്രതീക്ഷ പ്രവചനങ്ങളിലൂടെ വളർന്നു. ദൈവമായിരിക്കും ഈ ഭാവി രാജാവിനെ അയയ്ക്കുക. അവൻ ദരിദ്രരെ ധർമ്മനിഷ്ഠയോടെ ഭരിക്കും. ദുഷ്ടരെ നിഗ്രഹിച്ച് ഭൂമിയിൽ നീതി സ്ഥാപിക്കും (ഏശ 11,1-9). ദൈവരാജ്യം ഉദ്ഘാടനംചെയ്ത യേശുവിലാണ് ഈ പ്രതീക്ഷകൾ പൂർത്തിയായത്. എന്നാൽ പൂർത്തീകരണം പ്രതീക്ഷകളെ മറികടക്കുന്നതായിരുന്നു. ഇസ്രായേലിലൂടെ ലോകത്തിൽ ദൈവരാജ്യം സംസ്ഥാപിതമാകും എന്ന പ്രതീക്ഷ സഭയിലൂടെ പൂർത്തിയാകുന്നു.

## 6. ജറുസലെം - സീയോൻ കന്യക

ജബൂസ്യരിൽനിന്നു ദാവീദ് പിടിച്ചെടുത്ത് ഇസ്രായേലിന്റെ തലസ്ഥാനമാക്കി മാറ്റിയ ജറുസലെം പട്ടണവും നഗരം സ്ഥിതിചെയ്തിരുന്ന സീയോൻമലയും നിർണ്ണായകപ്രാധാന്യമർഹിക്കുന്നു. ഉടമ്പടിയുടെ പേടകം സീയോൻ മലയിൽ പ്രതിഷ്ഠിക്കപ്പെട്ടതോടെ സീയോൻ ദൈവത്തിന്റെ മലയായി. അവിടെ സോളമൻ നിർമ്മിച്ച ദേവാലയം ദൈവത്തിന്റെ വാസസ്ഥലമായി. ഭാവിപ്രതീക്ഷകളെല്ലാം ജറുസലെം നഗരത്തെയും സീയോൻ മലയെയും കേന്ദ്രമാക്കിയാണു വളർന്നത്. ജനതകളെല്ലാം കർത്താവിന്റെ നിയമംതേടി സീയോനിലേക്ക് പ്രവഹിക്കും (ഏശ 2,2-3; മിക്കാ 4,1 -2). സീയോനെ ലോകത്തിന്റെ കേന്ദ്രവും ഐക്യത്തിന്റെ അടയാളവും സമാധാനത്തിന്റെ ഉറവിടവും ഭാവിമഹത്വത്തിന്റെ അച്ചാരവുമായി ഇസ്രായേൽ ജനം കണ്ടു. പ്രവാചകന്മാർ ഈ പ്രതീക്ഷകൾക്ക് നിറം പകർന്നു (ഏശ 25, 6-9; 1-14; 65, 17-25). ലോകജനതകളെ മുഴുവൻ തന്നിലേക്കാകർഷിക്കുന്ന സഭയുടെ പ്രതീകമാണ് ജറുസലെം. രക്ഷാകരപദ്ധതി പൂർത്തിയാവുന്നത് സ്വർഗ്ഗീയ ജറുസലെം ഭൂമിയിലേക്കിറങ്ങിവരുമ്പോഴാണ്, അഥവാ ദൈവം മനുഷ്യരുടെ മധ്യേ മഹത്വപൂർണ്ണനായി എന്നേക്കും വാസമുറപ്പിക്കുമ്പോഴാണ് (വെളി 21, 2).

ഇസ്രായേൽ ജനത്തിന്റെ മതപരവും രാഷ്ട്രീയവുമായ തലസ്ഥാനം മാത്രമായിരുന്നില്ല ജറുസലെം. അതു ജനത്തിന്റെ മുഴുവൻ പ്രതീകമായിരുന്നു. ജനത്തെ ഒന്നടങ്കം ഒറ്റ വ്യക്തിയായിക്കാണുന്ന ചിന്താഗതിയാണ് ഇസ്രായേല്യർക്കുണ്ടായിരുന്നത്. *സംഘാത വ്യക്തിത്വം (Corporate Personality)* എന്ന് ഈ ആശയം അറിയപ്പെടുന്നു. ഈ സംഘാത വ്യക്തിത്വത്തിന്റെ പ്രതീകമാണ് ജറുസലെംപട്ടണവും സീയോൻ മലയും. അതിനാൽ കാലക്രമത്തിൽ സിയോൻ ഒരു വ്യക്തിയായി പരിഗണിക്കപ്പെടാൻ തുടങ്ങി.

സങ്കീർത്തനങ്ങൾ സീയോനെ ഇസ്രായിന്റെയും സകല ജനതകളുടെയും മാതാവായി (സങ്കീ 87) പാടിപ്പുകഴ്ത്തി. പ്രവാചകന്മാർ സീയോനെ ദൈവം തനിക്കായി തിരഞ്ഞെടുത്ത കന്യകയായിക്കണ്ടു. "സീയോൻപുത്രി, കന്യകയായ സീയോൻ പുത്രി" (2 രാജാ 19,21) എന്ന് അവളെ വിളിച്ചു.

എന്നാൽ സീയോൻ തന്റെ ദൗത്യത്തിൽ പരാജയപ്പെട്ടു. ഇസ്രായേലിന്റെ സിംഹാസനത്തിൽ അധർമ്മികളായ രാജാക്കന്മാർ ഉപവിഷ്ടരായി. നാട്ടിൽ വിഗ്രഹാരാധനയും അക്രമവും അനീതിയും നടമാടി. ദൈവം തിരഞ്ഞെടുത്ത അവിശ്വസ്തയായ ഭാര്യയായി ഹോസിയാ പ്രവാചകൻ ഇസ്രായേൽ ജനത്തെ വിശേഷിപ്പിച്ചു. ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും പരിലാളനയ്ക്കും പാത്രിഭൂതയായ സീയോൻ അവിശ്വസ്തമായ ജനത്തിന്റെ പാപഭാരം പേറി. കർത്താവിനെ ഉപേക്ഷിച്ച് അന്യദേവന്മാരെ ആരാധിക്കുകയും ഉടമ്പടി ലംഘിച്ച് അതിക്രമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത ജനം സീയോൻ പുത്രിയെ വേശ്യയാക്കി (ഏശ 1,21). അവിശ്വസ്തത ശിക്ഷയെ വിളിച്ചു വരുത്തി. ജനത്തിന്റെ പാപം പേറിയവൾ ജനത്തിന്റെ ശിക്ഷയും ദുഃഖവും ഏറ്റുവാങ്ങി. ബാബിലോണിന്റെ ആക്രമണത്തിനിരയായി തകർന്ന ജറുസലെം ''പരിത്യക്തയായ സീയോൻപുത്രി''യാണ്. നഷ്ടപ്പെട്ട മക്കളെ ഓർത്തു ഹൃദയം തകർന്നു വിലപിക്കുന്ന സീയോന്റെ ചിത്രമാണ് വിലാപങ്ങൾ എന്ന പുസ്തകം വരച്ചുകാട്ടുന്നത്.

അവിശ്വസ്തതയ്ക്കു ശിക്ഷ നല്കുന്ന ദൈവം സീയോനെ നിത്യമായി പരിത്യജിക്കുകയില്ല. ദൈവം തന്നെ അവളെ ആശ്വസിപ്പിക്കും (ഏശ 51,3). അവളുടെ മുറിവുകൾ ഉണക്കും. അവളെ വിശുദ്ധീകരിച്ച് വീണ്ടും സൗന്ദര്യമണിയിക്കും; തന്റെ വധുവായി വീണ്ടും സ്വീകരിക്കും (ഏശ 62,1–5). അവൾ വീണ്ടും ധാരാളം മക്കളുടെ അമ്മയാകും (ഏശ 66,8). ദൈവത്തോടു വിശ്വസ്തത പുലർത്തുന്നവരുടെ ഒരു ചെറിയ ഗണം *അവശിഷ്ടവിഭാഗം – (The remmant)* ആയിരിക്കും അത് (മിക്കാ 4,6–7; ഏശ 37,32); ദൈവത്തിന്റെ വധുവും ജനതകളുടെ മാതാവുമായ സിയോൻ ക്രിസ്തുവിന്റെ വധുവായ സഭയുടെ പ്രതീകമാണ് (എഫേ 5,25–27). സീയോനെപ്പോലെ സഭ ഒരിക്കലും അവിശ്വസ്തയായിത്തീരില്ല. കാരണം അലംഘനീയവും ഹൃദയത്തിൽ എഴുതിയതുമായ ഉടമ്പടിയാലാണ് അവൾ പരിഗ്രഹിക്കപ്പെട്ടത്. സീയോന്റെ ഭാവിമഹത്വത്തെക്കുറിച്ച് പ്രവാചകന്മാർവഴി ദൈവം അരുളിച്ചെയ്ത കാര്യങ്ങൾ സഭയിലാണു പൂർത്തിയാകുന്നത്.

## 7. സാർവ്വത്രികദൗത്യം

സഭയുടെ സ്ഥാപനത്തിനായി പഴയനിയമത്തിലൂടെയുള്ള ഒരുക്ക

ത്തിന്റെ അവസാനഘട്ടമായി ബാബിലോൺ പ്രവാസത്തെ കണക്കാക്കാം. മനുഷ്യനിർമ്മിതമായ സകല സ്ഥാപനസംവിധാനങ്ങളും നഷ്ടപ്പെട്ട്, വിജാതീയരുടെ നടുവിലേക്കു വലിച്ചെറിയപ്പെട്ട ഇസ്രായേൽ ജനം തങ്ങളുടെ ദൗത്യത്തെക്കുറിച്ചു കൂടുതൽ ബോധവാന്മാരായി. ദൈവജനമെന്ന സ്ഥാനത്തിൽ ഊറ്റംകൊള്ളുകയും തങ്ങളിൽത്തന്നെ ഒതുങ്ങിക്കൂടുകയും ചെയ്യുന്ന അന്തർമുഖമായ ഒരു സമൂഹമായി തുടരാൻ വേണ്ടിയല്ല, ലോകജനതകൾക്കു മധ്യേ സത്യദൈവത്തിനു സാക്ഷികളാകാൻ വേണ്ടിയാണ് തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടത് എന്ന് അവർ ഗ്രഹിച്ചു. "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും" (ഏശ 49,6). ".....ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ജനതകൾക്കു പ്രകാശവുമായി നല്കിയിരിക്കുന്നു" (ഏശ 42,7). ഈ ദൗത്യം സഭയിലാണു പൂർത്തിയാവുന്നത്. സഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖ "ജനതകൾക്കു പ്രകാശം" എന്ന പേരിൽ അറിയപ്പെടുന്നു എന്നത് ശ്രദ്ധേയമത്രേ.

## 8. വിശ്വസ്തരുടെ ഗണം

പ്രവാസത്തിൽനിന്നു മടങ്ങിവന്ന ഇസ്രായേൽജനം വീണ്ടും തങ്ങളുടെ ദൗത്യത്തിൽ പരാജയപ്പെട്ടു. ജനതകൾക്കു പ്രകാശമാകാൻ വിളിക്കപ്പെട്ടവർ സങ്കുചിതമായ സാമുദായിക ചിന്തയിലും "ഞങ്ങൾ മാത്രം വിശുദ്ധർ" എന്ന നിലപാടിലും ഒതുങ്ങിക്കൂടി. വിജാതീയരെ രക്ഷയുടെ സദ്വാർത്ത അറിയിക്കുന്നതിനുപകരം അവരിൽനിന്ന് അവജ്ഞയോടെ അകന്നു നിന്നു. ഉടമ്പടിയോടു വിശ്വസ്തത പുലർത്താനുള്ള വ്യഗ്രതയിൽ നിയമത്തിന്റെ അക്ഷരാർത്ഥത്തിനു പ്രാധാന്യം നല്കിയപ്പോൾ നീതി, സ്നേഹം, കാരുണ്യം എന്നീ സുപ്രധാന കാര്യങ്ങൾ അവർ വിസ്മരിച്ചു. സാർവ്വത്രിക രക്ഷ ഒരു യാഥാർത്ഥ്യമാക്കാൻ ഇസ്രായേൽ ജനത്തിനു കഴിഞ്ഞില്ല. ഉടമ്പടിയുടെ ചൈതന്യത്തോടു വിശ്വസ്തത പുലർത്തിയവരുടെ സംഖ്യ ചുരുങ്ങിവന്നു.

ഉടമ്പടിയുടെ നിയമങ്ങൾ കർശനമായി അനുസരിച്ചുകൊണ്ട് രക്ഷകനായ മിശിഹായ്ക്കു വഴിയൊരുക്കാൻ ദൃഢനിശ്ചയം ചെയ്ത ഒരു ചെറിയ സമൂഹം ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ മരുഭൂമിയിലേക്കു പിൻവാങ്ങി. ചാവുകടലിന്റെ തീരത്തുള്ള ഖുമ്റാൻ എന്ന സ്ഥലത്ത് ഒരു സന്യാസ സമൂഹമായി അവർ ജീവിച്ചു. *എസ്സേൻ സന്യാസികൾ* എന്നറിയപ്പെടുന്ന ഇവർ "ദൈവത്തിന്റെ സഭയും" ഇസ്രായേലിൽനിന്നു "തിരഞ്ഞെടുക്കപ്പെട്ടവരുടെ ചെറിയ ഗണവും" ആയി തങ്ങളെത്തന്നെ വിശേഷിപ്പിച്ചു.

പാലസ്തീനായുടെ പലഭാഗങ്ങളിലും രക്ഷകനുവേണ്ടി കാത്തിരിക്കുന്ന പാവപ്പെട്ടവരുടെ കൊച്ചു കൊച്ചു സമൂഹങ്ങളുണ്ടായിരുന്നു. ഇസ്രായേലിന്റെ അധികാരതലത്തിലല്ല, സാധാരണക്കാരായ ജനങ്ങളുടെ മധ്യത്തിലാണ് ഈ ചെറു സമൂഹങ്ങൾ രൂപംകൊണ്ടത്. സീനായ് ഉടമ്പടിയുടെ നിയമങ്ങൾ പാലിച്ചുകൊണ്ട് അബ്രാഹത്തിനു നല്കപ്പെട്ട വാഗ്ദാനത്തെ ഒരു ഭദ്രദീപംപോലെ കാത്തുസൂക്ഷിച്ചത് ഈ സാധാരണക്കാരായിരുന്നു. അവരുടെ പ്രതിനിധികളാണ് പുതിയനിയമത്തിന്റെ തുടക്കത്തിൽ നാം കാണുന്ന സഖറിയായും എലിസബത്തും, ജോസഫും മറിയവും, ശിമയോനും അന്നായും, ആട്ടിടയന്മാരും മറ്റും. യേശുവിന്റെ അമ്മയായ മറിയമാണ് ഇവരിൽ ഏറ്റം കൂടുതൽ ശ്രദ്ധയർഹിക്കുന്നത്.

സീയോനിൽ അവശേഷിച്ച വിശ്വസ്തരുടെ പ്രതിനിധിയും പ്രതീകവുമാണ് മറിയം. അവിശ്വസ്തതയാൽ പങ്കിലമായ ഇസ്രായേൽ ജനത്തിൽനിന്ന് ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ അവൾ അപങ്കിലയായി കാത്തുസൂക്ഷിക്കപ്പെട്ടു. ഇസ്രായേലിന്റെ മാത്രമല്ല, രക്ഷകനെ കാത്തിരുന്ന ലോകം മുഴുവന്റെയും പ്രതിനിധിയാണ് മറിയം. "ദൈവകൃപ നിറഞ്ഞവളേ" (ലൂക്കാ 1,28) എന്നു ദൈവദൂതനാൽ അഭിസംബോധന ചെയ്യപ്പെടുന്ന മറിയം ദൈവവചനം ഹൃദയത്തിൽ സ്വീകരിക്കുകയും ദൈവഹിതത്തിനു പൂർണ്ണമായി സ്വയം സമർപ്പിക്കുകയും ചെയ്തു (ലൂക്കാ 1,38; 2,51). ദൈവം തിരഞ്ഞെടുത്തൊരുക്കിയ ജനത്തിന്റെ മകുടമായ അവളിൽ നിന്നാണ് സർപ്പത്തിന്റെ തല തകർക്കുന്നവൻ (ഉൽപ 3,15) ജനിച്ചത്. പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണു മറിയം.

## B. പുതിയനിയമത്തിൽ

സഭയുടെ ഉത്ഭവത്തെ സംബന്ധിച്ച് പുതിയനിയമത്തിൽ മൂന്നു ഘട്ടങ്ങൾ കാണാം. 1. ഒരുക്കം 2. സ്ഥാപനം 3. ഉദ്ഘാടനം

### 1. ഒരുക്കം

യേശുവിന്റെ പരസ്യജീവിതം മുഴുവൻ സഭാസ്ഥാപനത്തിനുള്ള ഒരുക്കമായിരുന്നു എന്നു പറയാം.

**a. വിളിയും ദൗത്യവും:** ജോർദ്ദാനിൽവച്ച് യോഹന്നാനിൽനിന്നു സ്നാനമേറ്റുകൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിച്ചത്. അനുതാപത്തിന് ആഹ്വാനം ചെയ്തും പാപമോചനത്തിനൊരുക്കമായുള്ള മാമ്മോദീസാ

നല്കിയും ദൈവത്തിനു സ്വീകാര്യമായ ഒരു ജനത്തെ ഒരുക്കുകയായിരുന്നു സ്നാപകന്റെ ദൗത്യം (ലൂക്കാ 1,17). സ്നാപകനിൽനിന്നു സ്നാനം സ്വീകരിച്ച ജനത്തെ *ലാവോസ്* എന്നാണ് ലൂക്കാ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് (ലൂക്കാ 3,21). പാപികളും ചുങ്കക്കാരും പട്ടാളക്കാരും അടങ്ങുന്ന ഈ ജനം വിശുദ്ധരെന്നു സ്വയം അഭിമാനിച്ചിരുന്ന യഹൂദ നേതാക്കന്മാരാൽ പുറന്തള്ളപ്പെട്ടവരായിരുന്നു. മനുഷ്യദൃഷ്ടിയിൽ വിലകെട്ടവരായ ഇവരാണ് അനുതപിച്ച് സ്നാനം സ്വീകരിച്ചത്. നേതാക്കന്മാരാകട്ടെ അവജ്ഞയോടെ മാറിനിന്നു (ലൂക്കാ 7,29-30). സ്നാപകന്റെ പ്രഘോഷണത്തിലൂടെ തനിക്കുവേണ്ടി സജ്ജീകൃതമായ ജനത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ടു സ്നാനം സ്വീകരിക്കുന്ന യേശു ആ ജനത്തോടുള്ള തന്റെ കൂട്ടായ്മ പ്രകടമാക്കുന്നു. യേശു രൂപംകൊടുക്കാൻ പോകുന്ന പുതിയ ജനത്തിന്റെ പ്രതീകമാണ് അവർ.

ജ്ഞാനസ്നാനവേളയിൽ യേശുവിന്റെമേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളിവന്നു. എന്തുകൊണ്ട് പ്രാവിന്റെ രൂപത്തിൽ എന്ന ചോദ്യത്തിന് ഇന്നും തികച്ചും തൃപ്തികരമായ ഉത്തരം ആരും തരുന്നില്ല. പ്രാവിന്റെ പടം കണ്ടു പരിചയിച്ചവർ പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിലാണെന്നു കരുതിപ്പോയേക്കാം. എന്നാൽ ആത്മാവിനു രൂപമില്ലല്ലോ. പന്തക്കുസ്താദിനത്തിൽ തീനാവുകളുടെ രൂപത്തിലാണ് പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടത്. തീനാവുകൾ സംസാരിക്കാനുള്ള ദൗത്യത്തിന്റെ പ്രതീകമായിരുന്നു. അതുപോലെ ജ്ഞാനസ്നാനവേളയിൽ ഒരു പ്രത്യേക ദൗത്യത്തിനായി ആത്മാവ് യേശുവിനെ അഭിഷേകം ചെയ്യുകയായിരുന്നു (അപ്പ 10,38). ഈ ദൗത്യത്തിന്റെ സൂചനയാണ് പ്രാവിന്റെ രൂപം. പ്രാവ് പഴയനിയമത്തിൽ പലപ്പോഴും ദൈവജനമായ ഇസ്രായേലിന്റെ പ്രതീകമാണ് (ഹോസി 7,11; 11,11). അവിശ്വസ്തമായ ഇസ്രായേലിന്റെ സ്ഥാനത്ത് ദൈവത്തോടു വിശ്വസ്തത പുലർത്തുന്ന പുതിയ ജനത്തിനു രൂപം നല്കാൻവേണ്ടി യേശു അഭിഷിക്തനാകുന്നു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നത് എന്നു ന്യായമായും അനുമാനിക്കാം. ജോർദ്ദാനിൽവച്ച് യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായതോടെ സഭാസ്ഥാപനത്തിനുള്ള ഒരുക്കം പൂർത്തിയായി.

**b. സുവിശേഷപ്രഘോഷണം:** നസ്രത്തിലെ സിനഗോഗിൽവച്ചു നടത്തിയ പ്രഘോഷണത്തിലൂടെ യേശു തന്റെ ദൗത്യം വ്യക്തമാക്കി. “കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോച

നവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19). ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നതാണ് ഈ പ്രഖ്യാപനം. ഇതുവരെ വാഗ്ദാനമായി കഴിഞ്ഞിരുന്ന ദൈവരാജ്യം വന്നുകഴിഞ്ഞു എന്ന് യേശു പ്രഖ്യാപിച്ചു: "നിങ്ങൾ കേട്ടിരിക്കെ ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു" (ലൂക്കാ 4,21). ദൈവരാജ്യത്തിന്റെ സുവിശേഷം പാലസ്തീനായിൽ എല്ലായിടത്തും പ്രഘോഷിക്കുന്നതിനുവേണ്ടിയാണ് താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് എന്ന് യേശു ആവർത്തിച്ചു പറഞ്ഞു (ലൂക്കാ 4,43).

സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായിരുന്നു അത്ഭുതപ്രവർത്തനങ്ങൾ. പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തുകൊണ്ട് ദൈവരാജ്യം വന്നുകഴിഞ്ഞു എന്ന് യേശു വ്യക്തമാക്കി. "ദൈവകരം കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ വന്നുകഴിഞ്ഞിരിക്കുന്നു" (ലൂക്കാ 11,20). പാപംവഴി മനുഷ്യവർഗ്ഗത്തിന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന തിന്മയുടെ ശക്തിയായ സാത്താൻ തന്നെക്കാൾ ശക്തനായവന്റെ മുമ്പിൽ പരാജയപ്പെട്ടു. അടിമത്തത്തിന്റെ അടയാളങ്ങളായ ദാരിദ്ര്യം, അംഗവൈകല്യം, രോഗം, മരണം ഇവയിൽ നിന്നു മോചനം നല്കിക്കൊണ്ട് ദൈവത്തിന്റെ ഭരണം ഭൂമിയിൽ ആരംഭിച്ചുകഴിഞ്ഞു എന്ന് യേശു പ്രഘോഷിച്ചു (ലൂക്കാ 7,18-23). വാസ്തവത്തിൽ യേശു തന്നെയാണ് സുവിശേഷം. അത്ഭുതപ്രവർത്തനങ്ങൾ യേശുവിന്റെ വാക്കുകൾക്കു സാക്ഷ്യം വഹിച്ചു; വാക്കുകൾ അത്ഭുതങ്ങളുടെ അർത്ഥം വിശദമാക്കി. കുരിശുമരണവും ഉത്ഥാനവും ഈ സത്യത്തെ മുദ്രവച്ചുറപ്പിച്ചു.

തന്നെ അനുഗമിച്ചവരോട് യേശു ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചു. എല്ലാവരെയും സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പിതാവാണ് ദൈവം, ദൈവത്തിന്റെ മക്കൾക്ക് അനുയോജ്യമാംവിധം ജീവിക്കണം എന്ന് യേശു അവരെ ഉദ്ബോധിപ്പിച്ചു (മത്താ 5,7). അതുവരെ അജ്ഞാതമായിരുന്ന ഒരു ജീവിതശൈലിയാണ് യേശു തന്റെ അനുയായികളിൽ നിന്ന് ആവശ്യപ്പെട്ടത്. വിശ്വാസത്തിൽ നിന്നുളവാകുന്ന ഹൃദയ പരിവർത്തനത്തിലൂടെ മാത്രമേ ഇപ്രകാരം ഒരു ജീവിതം സാധ്യമാവുകയുള്ളു. അടിയന്തിരമായ ഒരു തീരുമാനമെടുക്കാൻ ജനക്കൂട്ടം നിർബന്ധിതമായി.

യേശു ആഹ്വാനംചെയ്ത ജീവിതശൈലി സ്വീകരിക്കാൻ തയ്യാറാകാത്തവർ  സാവധാനം അവനെ വിട്ടകന്നു. എന്നാൽ ആഴമേറിയ വിശ്വാസത്തോടെ, സർവ്വതും ത്യജിച്ച് യേശുവിനെ അനുഗമിക്കാൻ തയ്യാറായ ഒരു

ചെറിയഗണം ഈ ജനമധ്യത്തിലുണ്ടായിരുന്നു. സ്ത്രീകളും (ലൂക്കാ 8,1-3) പുരുഷന്മാരും അടങ്ങുന്ന ഈ ചെറിയ സമൂഹം "ശിഷ്യന്മാർ" *(മത്തെത്താ യി)* എന്നറിയപ്പെടുന്നു.

യഹൂദ നേതാക്കന്മാരിൽ അധികപങ്കും ആരംഭംമുതലേ യേശുവിനെ സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത്. സംശയം സാവധാനം എതിർപ്പും ശത്രുതയുമായി മാറി. യേശുവിന്റെ പ്രവർത്തനങ്ങളെ നിയമലംഘനങ്ങളായി അവർ കരുതി; അവന്റെ വാക്കുകളെ ദൈവദൂഷണങ്ങളായി വ്യാഖ്യാനിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഏതുവിധേനയും കഴിവതുംവേഗം ഉന്മൂലനംചെയ്യേണ്ട അപകടകാരിയായിത്തീർന്നു യേശു.

**C. അപ്പസ്തോലസമൂഹം:** യഹൂദ നേതാക്കൾ തന്നെ തള്ളിപ്പറയുകയും വധിക്കാൻ ആലോചിക്കുകയും ചെയ്തപ്പോൾ (മർക്കോ 3,6) യേശു തന്റെ അനുയായികളോടൊപ്പം മലമുകളിലേക്കു പോയി. രാത്രിമുഴുവൻ പ്രാർത്ഥനയിൽ ചിലവഴിച്ചു (ലൂക്കാ 6,12). അതിനുശേഷം "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോ 3,14-15). അവിശ്വസ്തയായിത്തീർന്ന ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത് പുതിയ ഇസ്രായേലായ സഭയുടെ അടിത്തറ ഉറപ്പിക്കുന്ന പ്രവൃത്തി ആയിരുന്നു അത്. പരസ്യജീവിതകാലം മുഴുവൻ ഈ പന്ത്രണ്ടുപേരും യേശുവിനോടൊത്തുണ്ടായിരുന്നു. അവന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും, സർവ്വോപരി അവന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷികളായിരിക്കേണ്ടവരാണ് അപ്പസ്തോലന്മാർ (അപ്പ 1,21-22). അവരാണ് യേശുവിന്റെ ദൗത്യം ചരിത്രത്തിൽ തുടരേണ്ടവർ; ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം എത്തിക്കേണ്ടവർ. അവരെ പരിശീലിപ്പിക്കുന്നതിലാണ് പരസ്യജീവിതത്തിന്റെ രണ്ടാം പകുതിയിൽ യേശു ശ്രദ്ധ കേന്ദ്രീകരിച്ചത്.

അവർക്കുവേണ്ടി ഉപമകളുടെ അർത്ഥം യേശു വിശദീകരിച്ചു. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അവർക്കു വെളിപ്പെടുത്തിക്കൊടുത്തു (മർക്കോ 4,11; ലൂക്കാ 10,21). അവർക്കുണ്ടായിരിക്കേണ്ട വിശ്വാസത്തെയും ജീവിതശൈലിയെയുംകുറിച്ച് ഉപദേശങ്ങളിലൂടെയും മാതൃകയിലൂടെയും അവരെ പഠിപ്പിച്ചു. ദൈവരാജ്യത്തിന്റെ ഈ ഭൂമിയിലെ സാക്ഷാൽക്കാരമായിരിക്കണം അവരും അവരുടെമേൽ പണിയപ്പെടുന്ന തന്റെ സഭയും എന്നു യേശു അവരെ ബോധ്യപ്പെടുത്തി. തന്റെ സഭ ഒരു കുടുംബമായിരിക്കണം - ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ഒരു കുടുംബം (ലൂക്കാ 8,21). സഭാംഗങ്ങൾ യേശുവിന്റെ കുടുംബാം

ഗങ്ങളാണ്. അവർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കണം (മത്താ 5,13–16). ഉപ്പ് അലിഞ്ഞുചേർന്ന് ഭക്ഷണത്തെ രുചിയുള്ളതാക്കുന്നതുപോലെ ലോകജനതകളെ മുഴുവൻ ദൈവത്തിനു സ്വീകാര്യരാക്കുന്നവരാകണം സഭാംഗങ്ങൾ. യേശുവിൽ നിന്നു സ്വീകരിച്ച ചൈതന്യം ലോകത്തിനു മുഴുവൻ പ്രദാനം ചെയ്തുകൊണ്ടാണ് അവർ ഇതു സാധിക്കേണ്ടത്.

അവർ സമ്പത്തിൽ ആശ്രയിക്കരുത് (മത്താ 10,9–10;) സ്ഥാനമാനങ്ങൾ അന്വേഷിക്കരുത് (മത്താ 23,8–9); ലോകത്തിന്റെ പ്രശംസയും അംഗീകാരവും ആഗ്രഹിക്കരുത് (മത്താ 6,1–8). തെറ്റുകൾ ക്ഷമിച്ചും പരസ്പരം തിരുത്തിയും, ശത്രുക്കളെ സ്നേഹിച്ചും തിന്മയ്ക്കുപകരം നന്മ ചെയ്തും സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോല അവർ കരുണയുള്ളവരായിരിക്കണം, പരിപൂർണ്ണരായിരിക്കണം (ലൂക്കാ 6,36; മത്താ 5,48). നിസ്വാർത്ഥമായ സ്നേഹവും പ്രതിഫലം ഇച്ഛിക്കാത്ത സേവനവും നിരന്തരമായ പ്രാർത്ഥനയും അവരുടെ മുഖമുദ്രയായിരിക്കണം. പീഡനങ്ങളെ അവർ നേരിടേണ്ടിവരും. ലോകം അവരെ പുറന്തള്ളും; നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ അവർ ഭയപ്പെടേണ്ടതില്ല. സ്വർഗ്ഗത്തിൽ അവർക്കായി വലിയ പ്രതിഫലം സൂക്ഷിച്ചിരിക്കുന്നു (മത്താ 5,12).

തന്റെ പരസ്യജീവിതകാലത്തുതന്നെ യേശു അപ്പസ്തോലന്മാരെ സുവിശേഷം പ്രസംഗിക്കാൻ അയച്ചു. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും ചെയ്യുവിൻ" (മത്താ 10,7–8). യേശു ചെയ്ത അതേ പ്രവൃത്തികൾ തന്നെയാണ് അപ്പസ്തോലന്മാരും ചെയ്യേണ്ടത്. യേശുവിന്റെ നാമത്തിൽ, യേശു നല്കുന്ന അധികാരം ഉപയോഗിച്ചാണ് അപ്പസ്തോലന്മാർ പ്രവർത്തിക്കുന്നത്. അവരുടെ പ്രസംഗവും പ്രവൃത്തിയും സമാഗതമാകുന്ന ദൈവരാജ്യത്തിനു സാക്ഷ്യം വഹിക്കുന്നു. സുവിശേഷവേലയിൽ പങ്കുചേർന്ന അപ്പസ്തോലന്മാർക്ക് ദൈവരാജ്യത്തിന്റെ രഹസ്യം വെളിപ്പെടുത്തപ്പെട്ടു (ലൂക്കാ 10,17–20). അവരുടെ ശ്രോതാക്കൾ ദൈവരാജ്യത്തിന്റെ അടയാളങ്ങൾ കണ്ടു. മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിക്കാനും ദൈവത്തിന്റെ ഭരണത്തിനു സ്വയം വിധേയരാകാനുമുള്ള ആഹ്വാനമാണ് സുവിശേഷപ്രഘോഷണത്തിലൂടെ അപ്പസ്തോലന്മാർ ജനസമൂഹത്തിനു നല്കുന്നത്.

പാലസ്തീനായിലെ യഹൂദരുടെ അടുത്തേക്കു മാത്രമായിരുന്നു ഈ ആദ്യദൗത്യം (മത്താ 10,5–6). ലോകത്തിന്റെ അതിർത്തികൾവരെ എത്തുന്ന

സാർവ്വത്രിക ദൗത്യം യേശുവിന്റെ ഉത്ഥാനത്തിനു ശേഷമാണ് അവർക്കു നല്കപ്പെടുക. ആദ്യത്തെ ദൗത്യം രണ്ടാമത്തേതിനുള്ള ഒരുക്കവും പരിശീലനവുംകൂടി ആയിരുന്നു. ദൈവരാജ്യമാകുന്ന വിരുന്നിന് പണ്ടേ ക്ഷണിക്കപ്പെട്ടിരുന്നവരായ ഇസ്രായേൽക്കാരെ “വിരുന്നു സജ്ജമായിരിക്കുന്നു.... വരുക” (മത്താ 22,4) എന്ന് അറിയിക്കാനായി അയയ്ക്കപ്പെട്ടവനാണ് യേശു. ആ ദൗത്യത്തിലാണ് അപ്പസ്തോലന്മാർ ആദ്യമേ പങ്കുചേരുക. ക്ഷണിക്കപ്പെട്ടവർ നിരസിച്ചുകഴിഞ്ഞപ്പോഴാണ് രണ്ടാമത്തെ ദൗത്യം നല്കപ്പെട്ടത്. സകല ജനതകളെയും ദൈവരാജ്യത്തിലേക്കു ക്ഷണിക്കുക എന്നതാണ് രണ്ടാമത്തെ ദൗത്യം.

സമാഗതമായിരിക്കുന്ന ദൈവരാജ്യത്തിന്റെ സദ്വാർത്ത പലസ്തീനായിൽ എല്ലായിടത്തും അറിയിക്കുന്നതിനുവേണ്ടി പന്ത്രണ്ട് അപ്പസ്തോലന്മാർക്കു പുറമേ 72 പേരെക്കൂടി യേശു തിരഞ്ഞെടുത്തയച്ചു (ലൂക്കാ 10,1). മരുഭൂമിയിൽവച്ച് ഭരണകാര്യങ്ങളിൽതന്നെ സഹായിക്കാനായി മോശ 72 പേരെ തിരഞ്ഞെടുത്തു (സംഖ്യ 11,6, 70 എന്നും 72 എന്നും പാഠഭേദമുണ്ട്). ഇവരുടെ പിന്തുടർച്ചക്കാരായിരുന്നു യേശുവിന്റെ കാലത്തെ ഇസ്രായേലിന്റെ പരമാധികാര സ്ഥാപനമായ സാൻഹദ്രിൻ. ഈ 72 പേരുടെ സ്ഥാനത്താണ് യേശു 72 ശിഷ്യന്മാരെ തിരഞ്ഞെടുത്തയച്ചത്.

**d. നേതൃത്വം പത്രോസിന്:** അപ്പസ്തോലമാരെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കുകയും അവരെ സുവിശേഷ പ്രഘോഷണത്തിനു തയ്യാറാക്കുകയും ചെയ്തതിലൂടെ സഭാസ്ഥാപനത്തിന്റെ ആദ്യപടി പൂർത്തിയായി. ഈ പന്ത്രണ്ടു പേരിൽ പത്രോസിനു പ്രാധാന്യം നല്കുന്നതായി കാണാം. അപ്പസ്തോലന്മാരുടെ പട്ടികയിൽ പത്രോസിന്റെ പേരാണ് ആദ്യം വരുന്നത്. പത്രോസിനുവേണ്ടി കർത്താവു നികുതികൊടുത്തു (മത്താ 17,27), കടലിനുമീതെ നടന്ന് തന്റെയടുക്കലേക്കുവരാൻ അയാളെ അനുവദിച്ചു (മത്താ 14,28–31); പത്രോസിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു (ലൂക്കാ 22,31–32). യേശുവിന്റെ ദൈവപുത്രസ്ഥാനം പത്രോസിനു പ്രത്യേകം വെളിപ്പെടുത്തപ്പെട്ടു (മത്താ 16,17). സർവ്വോപരി പത്രോസാകുന്ന പാറമേലാണ് യേശു തന്റെ സഭ സ്ഥാപിക്കുന്നത് (മത്താ 16,18).

അതുവരെ ശിമയോൻ എന്നറിയപ്പെട്ടിരുന്നയാൾക്ക് യേശു നല് കിയ പുതിയ പേരാണ് പത്രോസ്. “പാറ” എന്നർത്ഥമുള്ള *കേപ്പാ* എന്ന അരമായ നാമത്തിന്റെ ഗ്രീക്കു വിവർത്തനമാണ് പത്രോസ്. ഉത്ഥിതനായ നാഥൻ തന്റെ സഭയെ നയിക്കാനുള്ള പ്രത്യേക ദൗത്യം പത്രോസിനെയാണ് ഏല്പിച്ചത് (യോഹ 21,15–17). ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് യേശു സ്ഥാപിച്ച സഭയിൽ എല്ലാ അംഗങ്ങളും സഹോദരങ്ങളാണെങ്കിലും അവരിൽ ചിലർക്ക്

നേതൃത്വത്തിന്റേതായ പ്രത്യേക ഉത്തരവാദിത്വം യേശുതന്നെ ഏല്പിച്ചുകൊടുത്തു എന്നതാണ്. തിന്മയുടെ ശക്തിക്ക് ഒരിക്കലും കീഴടക്കാൻ കഴിയാത്ത ശക്തിദുർഗ്ഗമായിരിക്കും യേശുവിന്റെ സഭ. സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് ലോകാവസാനംവരെ അത് ഭൂമിയിൽ നിലനില്ക്കും. ദൈവരാജ്യത്തിന്റെ ദൃശ്യമായ സാക്ഷാൽക്കാരവും ദൈവരാജ്യത്തിലേക്കുള്ള മാർഗ്ഗവും ആയിരിക്കും അത്.

## 2. സഭാസ്ഥാപനം

സഭാസ്ഥാപനത്തിന്റെ നിർണ്ണായകമായ നിമിഷമാണ് ശിഷ്യന്മാരോടൊത്ത് യേശു അവസാനമായി ആഘോഷിച്ച പെസഹാ. ഇസ്രായേൽ ഒരു ജനമായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ ഓർമ്മ തലമുറകളിലൂടെ ആഘോഷിക്കുന്ന തിരുനാളായിരുന്നു പെസഹാ. അതിന് യേശു പുതിയ അർത്ഥവും മാനങ്ങളും നല്കി. യേശുവിന്റെ അന്ത്യത്താഴം, കുരിശുമരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ അടങ്ങുന്നതാണ് പുതിയ പെസഹാ. "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു" (യോഹ 13,1) എന്ന മുഖവുരയോടെയാണ് നാലാം സുവിശേഷകൻ ഈ സംഭവങ്ങളുടെ വിവരണം ആരംഭിക്കുന്നത്. ഈജിപ്തിലെ അടിമത്തത്തിൽനിന്നു വാഗ്ദത്തഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്കു കടന്നുപോന്നതിന്റെ ഓർമ്മയാണ് ഇസ്രായേൽക്കാർ പെസഹാത്തിരുനാളിൽ ആഘോഷിച്ചിരുന്നത്. യേശുവാകട്ടെ, ഈ ലോകത്തിൽനിന്ന് പിതാവിന്റെ സന്നിധിയിലേക്കുള്ള കടന്നുപോകലിന്റെ ആഘോഷമായി പുതിയ പെസഹാ സ്ഥാപിച്ചു.

**a. പുതിയ ഉടമ്പടി:** പെസഹായുമായി ബന്ധപ്പെട്ടതാണ് സീനായ് ഉടമ്പടിയും ഉടമ്പടിയുടെ നിബന്ധനകളായ പ്രമാണങ്ങളും. യേശു പുതിയ ഉടമ്പടിയും പുതിയ പ്രമാണവും നല്കിയത് പെസഹാആഘോഷത്തിന്റെ സാഹചര്യത്തിലായിരുന്നു. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി അവർക്കു വിനീതമായ സേവനത്തിന്റെ മാതൃക നല്കിയതിനു ശേഷമാണ് (യോഹ 13,14-15) യേശു പുതിയ ഉടമ്പടി സ്ഥാപിക്കുന്നത്. പിതാക്കന്മാർ ഈജിപ്തിൽനിന്നു തിടുക്കത്തിൽ ഓടിപ്പോരേണ്ടിവന്നതിനാൽ മാവു പുളിക്കാൻ സമയം കിട്ടിയില്ല. അതിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് അവർ പെസഹാത്തിരുനാളിൽ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചു (പുറ 12,39). അതിന്റെ സ്ഥാനത്ത് യേശു തന്റെ സ്വന്തശരീരം ശിഷ്യസമൂഹത്തിനു ഭക്ഷണമായി നല്കി. "ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാകുന്നു" (ലൂക്കാ 22,19).

ബലിയർപ്പിച്ച കാളകളുടെ രക്തം ബലിപീഠത്തിന്മേലും ജനത്തിന്മേലും തളിച്ചുകൊണ്ടാണ് സീനായ് ഉടമ്പടി സ്ഥാപിച്ചത്. ഉടമ്പടിയുടെ നിബന്ധനകൾ വായിച്ചുകേട്ട ജനം തങ്ങളുടെ വിധേയത്വം ഏറ്റുപറഞ്ഞു. "അപ്പോൾ മോശ രക്തമെടുത്ത് ജനങ്ങളുടെമേൽ തളിച്ചുകൊണ്ടു പറഞ്ഞു: ഈ വചനങ്ങളെല്ലാം ആധാരമാക്കി കർത്താവു നിങ്ങളോടുചെയ്ത ഉടമ്പടിയുടെ രക്തമാണിത്" (പുറ 24,8). ഈ ഉടമ്പടിയിലൂടെ ഇസ്രായേൽ ദൈവത്തിന്റെ "സഭ"യായിത്തീർന്നു. സീനായ് ഉടമ്പടിയുടെ സ്ഥാനത്ത് യേശു പുതിയ ഉടമ്പടി സ്ഥാപിച്ചു. "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്കാ 22,20). പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയിച്ചിരുന്ന ഈ പുതിയ ഉടമ്പടിയിലൂടെ (ജറെ 31,31-37; എസെ 36,25-28) പുതിയ സഭ സ്ഥാപിക്കപ്പെടുകയായിരുന്നു. അന്ത്യത്താഴത്തിൽ പങ്കുചേർന്ന അപ്പസ്തോലന്മാരാണ് ഈ സഭയുടെ പ്രതിനിധികൾ. സഭയുടെ ജീവൻ നിലനിർത്തുന്നതിന് ആഹാരമായി യേശു തന്റെ ശരീരരക്തങ്ങൾ നല്കി. യേശുവും സഭയും തമ്മിൽ നിലനില്ക്കുന്ന ഗാഢമായ ബന്ധം ഇതു വ്യക്തമാക്കുന്നു.

പെസഹാ ആഘോഷത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു പെസഹാക്കുഞ്ഞാടിന്റെ ബലിയർപ്പണവും ബലിമാംസം ഭക്ഷിക്കലും. കുഞ്ഞാടിന്റെ രക്തം വാതില്പടിയിൽ കണ്ടതിനാൽ സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ഭവനങ്ങളെ കടന്നുപോയി. ബലിയർപ്പിച്ച കുഞ്ഞാടിനെ, മുഴുവനായി അവർ തീയിൽ ചുട്ടുതിന്നു (പുറ 12,6-14). അടിമത്തത്തിൽനിന്നും സംഹാരദൂതന്റെ കയ്യാലുള്ള മരണത്തിൽ നിന്നും ദൈവം തങ്ങളെ രക്ഷിച്ചതിന്റെ ഓർമ്മയാചരിക്കാൻവേണ്ടി ആണ്ടുതോറും ഇസ്രായേല്ക്കാർ പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്തു. പ്രതീകാത്മകമായി അവർ ആഘോഷിച്ചിരുന്നത് യേശുവിൽ പൂർത്തിയായി. അന്ത്യത്താഴവേളയിൽ തന്റെ ശരീരവും രക്തവും വേറിട്ടു നല്കിക്കൊണ്ട് യേശു സ്വയം ബലിയർപ്പിക്കുകയായിരുന്നു. പ്രതീകങ്ങളിലൂടെ നടന്ന ഈ ബലിയർപ്പണം പിറ്റേദിവസം കാൽവരിയിൽ ഒരു യാഥാർത്ഥ്യമായി. ദേവാലയത്തിൽ പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കുന്ന അതേസമയത്താണ് യേശു കുരിശിൽ മരിച്ചത്. "അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതു സംഭവിച്ചത്" (യോഹ 19,30) എന്ന വിശദീകരണം യേശുവിനെ പെസഹാക്കുഞ്ഞാടായി (പുറ 12,46) അവതരിപ്പിക്കുന്നു.

**b. പുതിയ കല്പന:** പുതിയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ ശിഷ്യ

ന്മാർക്ക് യേശു നല്കുന്ന അന്തിമോപദേശം സഭയുടെ സ്വഭാവത്തെയും ജീവിതശൈലിയേയും നിർവ്വചിക്കുന്നു. മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധമാണ് യേശുവും തന്റെ സഭയും തമ്മിലുള്ളത്. തായ്ത്തണ്ടിൽനിന്നു പോഷകം സ്വീകരിച്ചു ശാഖ വളരുന്നതുപോലെ സഭ യേശുവിൽനിന്നു ജീവൻ പ്രാപിക്കുന്നു. യേശുവിൽ നിലനില്ക്കാത്തവർക്കു ജീവനുണ്ടാവുകയില്ല. യേശു നല്കിയ സ്നേഹത്തിന്റെ പുതിയ പ്രമാണം (യോഹ 13,34) അനുസരിച്ചു ജീവിക്കുമ്പോൾ മാത്രമാണ് ശിഷ്യന്മാർ യേശുവിൽ നിലനില്ക്കുന്നത്. ഗുരുനാഥൻ സ്നേഹിച്ചതുപോലെ, മരണംവരെ, പരസ്പരം സ്നേഹിച്ചു ജീവിക്കുന്നവരിൽ പരിശുദ്ധ ത്രിത്വം വാസമുറപ്പിക്കും. അങ്ങനെ സഭ മൊത്തമായും സഭയിലെ ഓരോ അംഗവും പ്രത്യേകമായും ത്രിയേക ദൈവത്തിന്റെ ആലയമായി മാറും (യോഹ 14,23). യേശുവാണ് സഭയുടെ ആഹാരം; പരിശുദ്ധാത്മാവാണ് സഭയെ നയിക്കുന്ന ചൈതന്യം. വിളിച്ചുകൂട്ടപ്പെട്ട ഒരു മനുഷ്യസമൂഹം മാത്രമല്ല, മാനുഷികവും അതേസമയം ദൈവികവുമായ ഒരു യാഥാർത്ഥ്യമാണ് സഭ. ദൈവത്തിന്റെ രഹസ്യാത്മകതയിൽ പങ്കുചേരുന്ന സഭയുടെ രഹസ്യത്തിലേക്കുള്ള സൂചനകളാണ് നാം ഇവിടെ കാണുക.

ശിഷ്യസമൂഹം നേരിടേണ്ടിവരുന്ന രണ്ട് അപകടങ്ങളെക്കുറിച്ച് യേശു നിരന്തരം താക്കീതു നല്കിയിട്ടുണ്ട്. ദ്രവ്യാഗ്രഹവും (മത്താ 6,24; 10,9; ലൂക്കാ 10,4; 12,15. 32–33; മർക്കോ 10,25) അധികാരമോഹവും (മർക്കോ 10,15–16. 35 –45; മത്താ 23,5–12; ലൂക്കാ 22,24–27) ആണ് ഈ അപകടങ്ങൾ. എത്ര ആവർത്തിച്ചാലും മതിയാവില്ല എന്നു തോന്നത്തക്കവണ്ണമാണ് യേശു തന്റെ അപ്പസ്തോലന്മാരെ ഈ രണ്ടു കാര്യങ്ങളെക്കുറിച്ച് അനുസ്മരിപ്പിക്കുന്നത്. മറ്റെന്തെല്ലാം മറന്നാലും ഇതു മറക്കരുത് എന്നു കരുതിയിട്ടെന്നു തോന്നുമാറ് അവരുടെ കാൽക്കൽ മുട്ടുകുത്തി പാദങ്ങൾ കഴുകിക്കൊണ്ട് സഭയിലുണ്ടായിരിക്കേണ്ട അധികാരത്തിന്റെ സ്വഭാവം അവൻ വ്യക്തമാക്കി.

**C. ഉയർത്തപ്പെടൽ**: പുതിയ പെസഹായുടെ ആദ്യഘട്ടമായിരുന്നു അന്ത്യത്താഴം. കുരിശിലാണ് അടുത്ത ഘട്ടം. കുരിശിലെ രക്തത്തിലാണ് പുതിയ ഉടമ്പടി മുദ്രവയ്ക്കപ്പെട്ടത്. യേശുവിന്റെ കുരിശിൽനിന്നാണ് സഭ ജന്മംകൊണ്ടത്. യേശു ഇതിനെക്കുറിച്ചു മുൻകൂട്ടി അറിയിച്ചിരുന്നു. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3,15). യേശുവിന്റെ കുരിശുമരണത്തിൽനിന്നു സഭയ്ക്കു ജീവൻ ലഭിക്കുന്നു എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു. ദൈവജനത്തെ

ഒരുമിച്ചുകൂട്ടാൻ വേണ്ടിയാണ് യേശു അയയ്ക്കപ്പെട്ടത്. ഇപ്രകാരം ഒരുമിച്ചു കൂട്ടപ്പെടുന്നവരുടെ സമൂഹമാണ് സഭ. എന്നാൽ യേശുവിന്റെ കുരിശിലൂടെ മത്രമേ ഈ ഒരുമിച്ചുകൂട്ടൽ നടക്കുകയുള്ളു. "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12,32). "ചിതറിക്കിടക്കുന്ന ദൈവജനത്തെ ഒരുമിച്ചുകൂട്ടുന്ന തിനുവേണ്ടി" (യോഹ 11,52) യേശു മരിക്കേണ്ടിയിരുന്നു.

**d. പുതിയ കുടുംബം:** കുരിശിൽ ഉയർത്തപ്പെട്ട യേശു വിളിച്ചു കൂട്ടപ്പെട്ടവരുടെ കുടുംബം സ്ഥാപിക്കുന്നതായി വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. "യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19,26-27). ഒരുമിച്ചുകൂട്ടലിന്റെ തുടക്കമാണിത്. സ്വന്തം അമ്മയെ ശിഷ്യസമൂഹത്തിനു മുഴുവൻ അമ്മയായി നല്കുന്നതിലൂടെ സഭയാകുന്ന കുടുംബം സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. മറിയം സഭയുടെ ആ ദ്യത്തെ അംഗവും അതേസമയം സഭയുടെ മാതാവുമായി പ്രഖ്യാപിക്കപ്പെടുകയാണിവിടെ.

ഇതിന്റെ വെളിച്ചത്തിലാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സമാപന സമ്മേളനത്തിൽ വച്ച് പോൾ ആറാമൻ മാർപാപ്പാ പരിശുദ്ധ കന്യകാമറിയത്തെ സഭയുടെ മാതാവായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. മറിയത്തെ തന്റെ ഭവനത്തിൽ സ്വീകരിച്ച ശിഷ്യൻ ശിഷ്യസമൂഹത്തിന്റെ പ്രതിനിധിയാണ്. കാനായിലെ കല്ല്യാണവേളയിൽ ആതിഥേയർക്കുവേണ്ടി യേശുവിന്റെ മുമ്പിൽ മാധ്യസ്ഥ്യം വഹിക്കുകയും യേശു പറയുന്നതനുസരിച്ചു പ്രവർത്തിക്കാൻ സേവകരോട് ആവശ്യപ്പെടുകയും ചെയ്ത മറിയം യേശുവിന്റെ മഹത്വീകരണത്തിനു വഴിയൊരുക്കുകയായിരുന്നു (യോഹ 2,1-11). അന്ന് "ഇനിയും ആയിട്ടില്ല" എന്നു പറഞ്ഞ യേശുവിന്റെ സമയം ഇപ്പോൾ വന്നു കഴിഞ്ഞു. കാനായിലെ അത്ഭുതം കുരിശിൽ പൂർത്തിയാകാനിരുന്ന യേശുവിന്റെ മഹത്വീകരണ ത്തിന്റെ സൂചനയായിരുന്നു. കാനായിലും കാൽവരിയിലും മറിയമുണ്ട് - യേശുവിലേക്കു നയിക്കുന്ന വഴികാട്ടിയും ശിഷ്യസമൂഹത്തിന്റെ മധ്യസ്ഥയും മാതാവും പ്രതിനിധിയുമായി.

**e. രക്തവും വെള്ളവും:** യേശു മരിച്ചുവെന്ന് ഉറപ്പുവരുത്താനായി "പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി.

ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു" (യോഹ 19,34). സഭയുടെ ജനനത്തിൽ ഏറ്റം പ്രധാനപ്പെട്ട സംഭവമായി വി. യോഹന്നാൻ ഇതിനെ ചിത്രീകരിക്കുന്നു. യേശുവിന്റെ പിളർക്കപ്പെട്ട പാർശ്വത്തിൽനിന്നു പുറപ്പെട്ട രക്തവും വെള്ളവും സഭയുടെ പ്രതീകമായിട്ടാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചത്. 'പറുദീസായിൽ ഉറങ്ങിക്കിടന്ന ആദാമിന്റെ പാർശ്വത്തിൽനിന്ന് മനുഷ്യവർഗ്ഗത്തിന്റെ മാതാവായ ഹവ്വാ സൃഷ്ടിക്കപ്പെട്ടതു പോലെ കുരിശിൽ ഉറങ്ങിയ യേശുവിന്റെ പാർശ്വത്തിൽനിന്ന് സഭ ജന്മമെടുത്തു' എന്ന് അവർ പഠിപ്പിച്ചു. സഭയിലേക്കു പ്രവേശനം നല്കുന്ന മാമ്മോദീസായുടെയും നിത്യജീവന്റെ ആഹാരമായ വിശുദ്ധ കുർബ്ബാനയുടെയും പ്രതീകങ്ങളായി യേശുവിന്റെ പാർശ്വത്തിൽനിന്നു പുറപ്പെട്ട ജലത്തെയും രക്തത്തെയും പിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. രണ്ടു പ്രതീകങ്ങളും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരം പൂരകങ്ങളാണ്. കുരിശുമരണത്തെ യേശുവിന്റെ മഹത്വീകരണമായി അവതരിപ്പിക്കുന്ന നാലാം സുവിശേഷകൻ തന്നെയാണ് സഭയുടെ ജന്മം യേശുവിന്റെ കുരിശിൽനിന്നാണ് എന്നു പഠിപ്പിക്കുന്നത്.

**f. സാക്ഷികൾ**: യേശുവിന്റെ കുരിശുമരണം ശിഷ്യസമൂഹത്തെ സംബന്ധിച്ചിടത്തോളം വലിയൊരാഘാതമായിരുന്നു. സാത്താൻ അവരെ പാറ്റിക്കൊഴിച്ച അവസരമായിരുന്നു അത് (ലൂക്കാ 22,31). ഗെദ്സെമനിയിൽവച്ചുതന്നെ ശിഷ്യന്മാരെല്ലാം അവനെവിട്ട് ഓടിപ്പോയി. ശിഷ്യപ്രധാനനായ പത്രോസ് ഗുരുവിനെ അറിയില്ല എന്നു മൂന്നുതവണ ആണയിട്ടു പറഞ്ഞു. ചുരുക്കം ചില സ്ത്രീകളും യോഹന്നാനും മാത്രമാണ് കുരിശിൻചുവട്ടിൽ നിന്നത്. അവർക്കും ഈ സംഭവങ്ങളുടെ അർത്ഥം മുഴുവൻ ഉടനെ ഗ്രഹിക്കാൻ കഴിഞ്ഞില്ല. മൃതശരീരം തിടുക്കത്തിൽ സംസ്കരിച്ചശേഷം അവരും തിരിച്ചുപോയി. യഹൂദരെ ഭയന്ന് മുറിയടച്ചിരുന്ന ശിഷ്യന്മാരുടെ ചിത്രമാണ് കുരിശുമരണത്തിന്റെ മൂന്നാം ദിവസം സുവിശേഷകന്മാർ വരച്ചുകാട്ടുന്നത്. ശിഷ്യസമൂഹത്തിൽ ചിലർ നിരാശരായി ജറുസലെം വിട്ടുപോകാൻ ശ്രമിക്കുകയും ചെയ്തു.

ചിതറിപ്പോകുന്ന ഈ ശിഷ്യസമൂഹത്തെ വീണ്ടും ഒരുമിച്ചുകൂട്ടിയത് ഉത്ഥിതനായ യേശുവാണ്. അവർക്കു വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ട് നാഥൻ അവരെ ധൈര്യപ്പെടുത്തി. സംഭവിച്ചതെല്ലാം ദൈവികപദ്ധതിയുടെ സാക്ഷാൽക്കാരമായിരുന്നു എന്ന് അവരെ പഠിപ്പിച്ചു (ലൂക്കാ 24,26). മരണത്തിനുമുമ്പു താൻ പറഞ്ഞിരുന്ന കാര്യങ്ങൾ അവരെ ഓർമ്മിപ്പിച്ചു. ഉത്ഥിതനായ നഥന്റെ ചുറ്റും വീണ്ടും അവർ ഒരുമിച്ചുകൂടി.

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതുപറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളി ച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). ഉത്ഥിതനായ നാഥന്റെ ദാനമാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ മാത്രമേ യേശുവിനു സാക്ഷ്യംവഹിക്കാൻ ശിഷ്യന്മാർ രക്തരാവുകയുള്ളു. തന്റെ പരസ്യജീവിതകാലത്ത് പലതവണ യേശു പരി ശുദ്ധാത്മാവിനെ ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്തിരുന്നെങ്കിലും ആത്മാവു നല്കപ്പെടുന്നത് യേശുവിന്റെ മഹത്വീകരണത്തിലൂടെയാണ്. "അതുവരെയും ആത്മാവു നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7,39).

കുരിശുമരണവും ഉത്ഥാനവുംവഴി യേശു പിതാവിനാൽ മഹത്വീക രിക്കപ്പെട്ടു; സകലത്തിന്റെയും അധിപനായി ഉയർത്തപ്പെട്ടു (അപ്പ 2,36). സകല അധികാരവും സ്വീകരിച്ച നാഥൻ അപ്പസ്തോലന്മാരെ ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം അറിയിക്കാനായി അയയ്ക്കുമ്പോൾ ഏല്പിക്കുന്ന ദൗത്യം സഭയുടെ ദൗത്യമാണ്. സകല ജനതകളെയും യേശു വിന്റെ ശിഷ്യരാക്കുക; അവർക്കു ജ്ഞാനസ്നാനം നല്കുക; താൻ കല്പി ച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുക (മത്താ 28,19-20) സുവി ശേഷപ്രഘോഷണവും ജ്ഞാനസ്നാനവും പാപമോചനവും (യോഹ 20,23) വിശുദ്ധ കുർബ്ബാനയും (എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ - ലൂക്കാ 22,19) വഴി ലോകജനതകളെ മുഴുവൻ വിശുദ്ധീകരിച്ച് ഒരജഗണമായി ന യിച്ച് (യോഹ 21,15-17) ദൈവരാജ്യത്തിൽ അംഗങ്ങളാക്കുക എന്നതാണ് സഭയുടെ ദൗത്യം. ലോകാവസാനംവരെ സഭ ഇതു തുടർന്നുകൊണ്ടേയിരി ക്കണം. "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20) എന്ന വാഗ്ദാനം ഈ ദൗത്യത്തെ സ്ഥിരീകരിക്കുന്നു. സ്വർഗ്ഗാ രോഹണംവഴി യേശു ശിഷ്യന്മാരിൽനിന്നകന്നുപോകുകയല്ല, അദൃശ്യമാ യവിധത്തിൽ സർവ്വശക്തനായി അവരോടൊത്തു വസിക്കുകയാണു ചെയ്യു ന്നത്. അതിനാലാണ് ഒന്നും നാലും സുവിശേഷങ്ങൾ സ്വർഗ്ഗാരോഹണത്തെ ക്കുറിച്ചു പറയാത്തത്.

## 3. സഭയുടെ ഉദ്ഘാടനം

ഒലിവുമലയിൽനിന്ന് മാളികമുറിയിലേക്കു മടങ്ങിയ ശിഷ്യഗണം പരി ശുദ്ധാത്മാവിന്റെ ആഗമനത്തെ പ്രതീക്ഷിച്ച് ഏകാഗ്രമായ പ്രാർത്ഥനയിൽ ദിവസങ്ങൾ ചിലവഴിച്ചു. തങ്ങൾക്ക് അമ്മയായി നല്കപ്പെട്ട കന്യകാമറിയ ത്തോടൊന്നിച്ചാണ് അവർ കാത്തിരുന്നത് (അപ്പ 1,14). സഭയിൽ മറിയത്തി

നുള്ള പ്രത്യേക സ്ഥാനം എടുത്തുകാട്ടുന്നതാണ് ഈ പ്രസ്താവന. ഒറ്റു കാരനായി അപ്പസ്തോല സമൂഹത്തിൽനിന്നു വിട്ടുപോയ യൂദാസിനു പകരം ഒരാളെ തിരഞ്ഞെടുക്കുന്നതു ശ്രദ്ധേയമാണ്. അപ്പസ്തോലന്മാർ പന്ത്രണ്ടു പേരായിരിക്കണം എന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു. പുതിയ ഇസ്രായേലാണ് സഭ എന്ന് ഇതു വീണ്ടും വ്യക്തമാക്കുന്നു. പുതിയ അപ്പസ്തോലന്റെ തിരഞ്ഞെടുപ്പിൽ മുൻകൈ എടുത്ത പത്രോസ് തനിക്കു ലഭിച്ച നേതൃത്വസ്ഥാനം പ്രാവർത്തികമാക്കി (അപ്പ 1,15-26).

പ്രാർത്ഥനാനിരതരായിക്കഴിഞ്ഞ ശിഷ്യസമൂഹത്തിന്റെമേൽ പരിശുദ്ധാത്മാവ് എഴുന്നുള്ളിവന്നു. ജോർദ്ദാനിലെ മാമ്മോദീസായുടെ അവസരത്തിൽ യേശുവിന്റെമേൽ വന്നതുപോലെയാണ് ഇപ്പോൾ ശിഷ്യസമൂഹത്തിന്റെമേൽ ആത്മാവു വന്നത്. ഇതു സഭയുടെ മാമ്മോദീസായാണ്. തീനാവുകളുടെ പ്രതീകം സഭയ്ക്ക് ഏല്പിക്കപ്പെടുന്ന ദൗത്യത്തെ സൂചിപ്പിക്കുന്നു. സുവിശേഷപ്രഘോഷണത്തിലൂടെ യേശുവിനു സാക്ഷ്യം വഹിക്കുകയും യേശുവിന്റെ പ്രവർത്തനം ചരിത്രത്തിലൂടെ തുടരുകയുമാണ് ഈ ദൗത്യം. കൊടുങ്കാറ്റിന്റെ ആരവം ശക്തിയെ സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെ "ഉന്നതത്തിൽനിന്നുള്ള ശക്തി" (ലൂക്കാ 24,47) ആയി യേശു വിശേഷിപ്പിച്ചിരുന്നു.

അതുവരെ ഭീരുക്കളായിരുന്നവർ ആത്മാവിന്റെ ആഗമനത്തോടെ ധൈര്യശാലികളായി. അക്ഷരാഭ്യാസമില്ലാത്ത ഗലീലിയാക്കാരായ ആ സാധാരണ മനുഷ്യർ വാചാലരായി. അവരുടെ അധരങ്ങൾ ആത്മാവിന്റെ ഉപകരണങ്ങളായി. ആത്മാവു കൊടുത്ത ഭാഷണമനുസരിച്ച് അവർ സംസാരിച്ചപ്പോൾ ലോകത്തിലെ സകല ജനതകൾക്കും അവരെ മനസ്സിലാക്കാൻ കഴിഞ്ഞു. ബാബേൽഗോപുരത്തിൽവച്ച് ഭാഷ ഭിന്നിച്ചു ചിതറിപ്പോയ മനുഷ്യസമൂഹം ആത്മാവിന്റെ പ്രവൃത്തിയാൽ ഒരുമിച്ചുകൂട്ടപ്പെടുകയായി. അപ്പസ്തോലന്മാരുടെ സാക്ഷ്യം സ്വീകരിച്ച് മാനസാന്തരപ്പെട്ട മൂവായിരത്തോളംപേർ മാമ്മോദീസാ സ്വീകരിച്ചു (അപ്പ 2,41). വിവിധ ജനതകളിൽപ്പെട്ട അവർ ഒറ്റ സമൂഹമായി മാറി. അങ്ങനെ അതുവരെ ദൈവത്തിന്റെ പദ്ധതിയിൽ നിഗൂഢമായി സ്ഥിതിചെയ്തിരുന്ന സഭ പന്തക്കുസ്താ ദിവസം പരസ്യമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. സഭ സകല ജനതകൾക്കും മുമ്പിൽ പ്രത്യക്ഷീകരിക്കപ്പെട്ടു.

## രത്നച്ചുരുക്കം

സഭാസ്ഥാപനത്തിന്റെ വിവിധ ഘട്ടങ്ങളാണ് ഈ അധ്യായത്തിൽ

അവതരിപ്പിച്ചത്. ആദിമനുഷ്യന്റെ സൃഷ്ടിയിൽത്തന്നെ ദൈവം ലക്ഷ്യം വച്ചതായിരുന്നു സഭയുടെ സ്ഥാപനം. പഴയനിയമത്തിലുടനീളം അതിനുള്ള ഒരുക്കങ്ങൾ നാം കണ്ടു. ലോകത്തിലെ സകല ജനതകൾക്കും രക്ഷ നല്കാനായി ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്തു. സീനായ് ഉടമ്പടിയിലൂടെ ഇസ്രായേൽ ജനത്തെ തന്റെ സ്വന്ത ജനമായി സ്വീകരിച്ചു. ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചു ജീവിച്ചുകൊണ്ട് ലോകജനതകൾക്കു മധ്യേ അവർ ദൈവത്തിനു സാക്ഷികളായി വർത്തിക്കണമായിരുന്നു. ജനതകൾക്കു പ്രകാശമാകാൻ വിളിക്കപ്പെട്ടവർ അവിശ്വസ്തരായിത്തീർന്നെങ്കിലും ദൈവത്തിന്റെ പദ്ധതി പരാജയപ്പെട്ടില്ല. പ്രവാചകന്മാർവഴി മുൻകൂട്ടി അറിയിച്ചതിൻപ്രകാരം കാലത്തിന്റെ പൂർണ്ണതയിൽ ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്ക് അയച്ചു. എല്ലാ ജനതകളെയും ഒരു കുടുംബമായി ഒന്നിപ്പിച്ച് അവരെ ദൈവരാജ്യത്തിന് അവകാശികളും ദൈവികജീവനിൽ പങ്കുകാരും ആക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. യേശു പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുത്ത് അവർക്കു ദൈവത്തിന്റെ രക്ഷാകര പദ്ധതി വെളിപ്പെടുത്തി; തന്റെ ദൗത്യം ചരിത്രത്തിലൂടെ തുടരാൻ അവരെ സജ്ജീകരിച്ചു. തന്റെ പെസഹായിലൂടെയാണ് യേശു അവരെ സഭയായി സ്ഥാപിച്ചത്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ രൂപംകൊണ്ട സഭ കുരിശിൽ മരിച്ച യേശുവിൽനിന്നു ജനിക്കുകയും പരിശുദ്ധാത്മാവിനാൽ പരസ്യമായി ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.

# 2. സഭയുടെ സ്വഭാവം

പന്തക്കുസ്താ ദിവസം പരസ്യമായി ഉദ്ഘാടനം ചെയ്യപ്പെട്ട സഭയുടെ സ്വഭാവം അപ്പസ്തോലപ്രവർത്തനങ്ങളുടെ ആദ്യ അധ്യായങ്ങളിൽ വി. ലൂക്കാ വിവരിക്കുന്നുണ്ട്. ഈ വിവരണങ്ങളിൽ ഏവർക്കും ദൃശ്യമായ ബാഹ്യസ്വഭാവത്തിനാണ് മുൻതൂക്കം നല്കപ്പെടുന്നത്. വി. പൗലോസിന്റെ ലേഖനങ്ങളിൽ സഭയുടെ ആന്തരിക സ്വഭാവത്തെക്കുറിച്ചുള്ള പഠനങ്ങൾ കാണാം. സഭയുടെ യുഗാന്തോന്മുഖ സ്വഭാവം ഏറ്റം വ്യക്തമാകുന്നത് വെളിപാടിന്റെ പുസ്തകത്തിലാണ്. അപ്പസ്തോലപ്രവർത്തനങ്ങൾ സഭയെ രക്ഷയുടെ മാർഗ്ഗവും വിശ്വാസികളുടെ കൂട്ടായ്മയുമായി ചിത്രീകരിക്കുമ്പോൾ വി. പൗലോസ് സഭയെ ക്രിസ്തുവിന്റെ ശരീരവും വധുവും ആയും, വെളിപാടിന്റെ പുസ്തകം രക്ഷിക്കപ്പെട്ടവരുടെ ഗണവും മഹത്വീകൃതയായ സ്ത്രീയും ആയും അവതരിപ്പിക്കുന്നു.

## 1. മാർഗ്ഗം

സഭയുടെ സ്വഭാവത്തെ വ്യക്തമാക്കാനായി അപ്പസ്തോലപ്രവർത്തനങ്ങളിൽ അനേകം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ഒരു പദമാണ് മാർഗ്ഗം. “ജീവന്റെ വഴികൾ അവിടുന്ന് എനിക്കു കാണിച്ചുതന്നു” (സങ്കീ 16,11; അപ്പ 2,28) എന്ന സങ്കീർത്തനഭാഗത്തിൽനിന്ന് എടുത്തതാണ് ഈ പദം. നിയമത്തെ സൂചിപ്പിക്കാനായി സങ്കീർത്തകൻ ഉപയോഗിച്ച “മാർഗ്ഗം” എന്ന പദം സഭയെ സൂചിപ്പിക്കാനായി ലൂക്കാ ഉപയോഗിച്ചു. “രക്ഷയുടെ മാർഗ്ഗം” (അപ്പ 16,17); “കർത്താവിന്റെ മാർഗ്ഗം” (അപ്പ 18,25); “ദൈവത്തിന്റെ മാർഗ്ഗം” (അപ്പ 18,26) എന്നിങ്ങനെ മാർഗ്ഗ ത്തെ വിശേഷിപ്പിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. “മാർഗ്ഗം” എന്ന പദം വിശേഷണങ്ങളൊന്നുമില്ലാതെ ആറു തവണ ഉപയോഗിച്ചിട്ടുണ്ട് (അപ്പ 9,2; 19,9.23; 22,24; 24,14.22). മലയാള വിവർത്തനങ്ങൾ ഇതിൽ പലതും ‘ക്രിസ്തുവിന്റെ മാർഗ്ഗം’ എന്ന വിശേഷണം ചേർത്താണ് പരിഭാഷപ്പെടുത്തുന്നത്. മാർഗ്ഗം എന്ന പദത്തിന് വി. ലൂക്കാ സുവിശേഷത്തിലും അപ്പസ്തോലപ്രവർത്തനങ്ങളിലും നല്കുന്ന പ്രത്യേക അർത്ഥം കണക്കിലെടുത്താലേ സഭയ്ക്ക് ഈ പേരു നല്കുന്നതിന്റെ ഉദ്ദേശ്യം ഗ്രഹിക്കാൻ കഴിയൂ.

യേശുവിന്റെ പരസ്യജീവിതത്തെ മുഴുവൻ ഒരു യാത്രയായി അപ്പസ്തോലപ്രവർത്തനങ്ങളിൽ വിവരിച്ചിരിക്കുന്നു (അപ്പ 1,21;10,38). ഇരുപത്തി

നാല് അധ്യായങ്ങളുള്ള സുവിശേഷത്തിന്റെ പത്ത് അധ്യായങ്ങൾ (ലൂക്കാ 9,51–19,46) യേശുവിന്റെ യാത്രയെ വിവരിക്കുന്ന വിധത്തിലാണ് ലൂക്കാ ക്രമീകരിച്ചിരിക്കുന്നത്. മഹത്വത്തിലേക്കുള്ള യാത്രയാണിത്. "തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കേ" (ലൂക്കാ 9,51) എന്ന ആമുഖത്തോടെയാണ് ഈ യാത്രാ വിവരണം ആരംഭിക്കുന്നത്. ശിഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനും ശിഷ്യത്വത്തെ സംബന്ധിച്ച പഠനങ്ങൾ നല്കുന്നതിനും ഈ യാത്രയിൽ പ്രത്യേക പ്രാധാന്യം നല്കിയിരിക്കുന്നു. പിതാവിന്റെ അടുക്കൽനിന്നു പുറപ്പെട്ട് ഭൂമിയിലേക്കു വരുകയും ഇവിടെനിന്നു പുറപ്പെട്ട് പിതാവിന്റെ അടുക്കലേക്കു മടങ്ങുകയും ചെയ്ത ഒരു യാത്രയാണ് യേശുവിന്റെ ജീവിതം. ഈ യാത്രയിലൂടെ യേശു എല്ലാ മനുഷ്യർക്കും പിതാവിന്റെ അടുക്കലേക്കുള്ള വഴി തുറക്കുകയായിരുന്നു. ശിഷ്യസമൂഹത്തിനു മുമ്പേ ജറുസലെമിലേക്കു നടക്കുന്ന യേശു (ലൂക്കാ 19,28) ജീവനിലേക്കും (അപ്പ 3,15) രക്ഷയിലേക്കും (അപ്പ 5,31) നയിക്കുന്ന നാഥനാണ്. ശിഷ്യസമൂഹം ഈ നായകനെ അനുഗമിക്കണം.

യേശു വഴികാണിക്കുകയും മുമ്പേ നടക്കുകയും മാത്രമല്ല ചെയ്യുന്നത്. യഥാർത്ഥത്തിൽ യേശുതന്നെയാണ് വഴി. പിതാവിന്റെ സന്നിധിയിൽ മനുഷ്യർക്കു പ്രവേശനം ലഭിക്കുന്നത് യേശുവിലൂടെയാണ്. യേശുവിനെ വഴി (യോഹ 14,6) ആയി ചിത്രീകരിക്കുമ്പോൾ നാലാം സുവിശേഷകൻ ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നു. യേശുവിന്റെ ചരിത്രത്തിലുള്ള തുടർച്ചയാണ് സഭ എന്ന് "മാർഗ്ഗം" എന്ന പേരുകൊണ്ട് ലൂക്കാ സൂചിപ്പിക്കുന്നു. സഭയിൽ അംഗങ്ങളാകുന്നവർ മാർഗ്ഗം സ്വീകരിച്ചവരാണ്.

"മാർഗ്ഗം കൂടിയവർ", "മാർഗ്ഗത്തിൽ ചേർന്നവർ" എന്നൊക്കെ ഇന്നും നാം ചിലരെ വിളിക്കാറുണ്ടല്ലോ. അടുത്തകാലത്ത് ക്രിസ്ത്യാനികളായവരെ വിശേഷിപ്പിക്കാൻ പുരാതനകാലം മുതല്ക്കേ ക്രിസ്ത്യാനികളായിരുന്നവർ അല്പം അവജ്ഞയോടെ ഉപയോഗിക്കുന്ന ഒരു പദമാണിത്. "മാർഗ്ഗവാസി" എന്ന പേരും ഈ പുച്ഛരസം കലർന്നതായിട്ടാണ് ഇന്നു പരിഗണിക്കപ്പെടുക. എന്നാൽ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളെ വിശേഷിപ്പിക്കാൻ ഏറ്റം പര്യാപ്തമായ പദമാണിതെന്നു നാം പലപ്പോഴും മറക്കുന്നു. സഭ ഒരു തീർത്ഥാടക സമൂഹമാണെന്നും പിതാവിന്റെ ഭവനത്തിൽ ചെന്നെത്തുന്നതുവരെ യാത്ര ചെയ്യാൻ വിളിക്കപ്പെട്ട നമുക്ക് ഈ ഭൂമിയിൽ സ്ഥിരമായൊരു വാസസ്ഥലമില്ല എന്നും നമ്മെ ഓർമ്മിപ്പിക്കുന്നതാണ് "മാർഗ്ഗവാസി" എന്ന പേര്. സ്വർഗ്ഗത്തിലേക്കു നയിക്കുന്ന വഴിയിലൂടെ യാത്ര ചെയ്യുന്നവരാണ് നാം എന്ന് "മാർഗ്ഗം" നിരന്തരം നമ്മെ അനുസ്മരിപ്പിക്കുന്നു.

## 2. വിശ്വാസികളുടെ കൂട്ടായ്മ

പരസ്പരം ഗാഢമായ ഐക്യത്തിൽ കഴിയുന്ന ക്രിസ്തുവിശ്വാസികളുടെ സമൂഹമാണ് സഭ. ദൈവത്തിലെ മൂന്നാളുകൾ തമ്മിലുള്ള ഐക്യമാണ് ഈ ഐക്യത്തിന്റെ അടിസ്ഥാനവും മാതൃകയും (യോഹ17, 11.22). ഈ സമൂഹത്തെ ഒരു കൂട്ടായ്മയായിട്ടാണ് അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നത്. ഇതര സമൂഹങ്ങളിൽ നിന്നു സഭയെ വേർ തിരിച്ചു കാണിക്കുന്ന നാലു സവിശേഷതകൾ പ്രത്യേകം ശ്രദ്ധേയമാണ്. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു (അപ്പ 2,42).

**a. അപ്പസ്തോല പ്രബോധനം:** യേശുക്രിസ്തുവിലൂടെ ദൈവം നല്കുന്ന നിത്യരക്ഷയാണ് അപ്പസ്തോലപ്രബോധനത്തിന്റെ ഉള്ളടക്കം. അപ്പസ്തോലപ്രവർത്തനങ്ങളിൽ വി. ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്ന പ്രസംഗങ്ങളിൽ ഈ പ്രബോധനത്തിന്റെ മാതൃകകൾ കാണാം. പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ ക്രിസ്തുരഹസ്യത്തിന്റെ ആഴങ്ങളിലേക്കിറങ്ങിയ അപ്പസ്തോലന്മാർ തങ്ങളുടെ അനുഭവവും വിശ്വാസവും ഉറക്കെ പ്രഘോഷിച്ചു. നാഥൻ നല്കിയ ദൗത്യം (മത്താ 28,19-20) നിറവേറ്റുകയായിരുന്നു അപ്പസ്തോലന്മാർ ഇതുവഴി ചെയ്തത്. അപ്പസ്തോലന്മാരുടെ പ്രബോധനത്തിൽ നിന്നാണ് സഭയുടെ വിശ്വാസപ്രമാണം രൂപംകൊണ്ടത്. ഇതിനെക്കുറിച്ച് രണ്ടാം ഭാഗത്തു വിശദമായി നാം കണ്ടുകഴിഞ്ഞു.

**b. കൂട്ടായ്മ:** സുവിശേഷപ്രഘോഷണത്തിലൂടെ വിളിച്ചുകൂട്ടപ്പെട്ട ജനം ഒരു കൂട്ടായ്മയാണ്. ത്രിയേകദൈവത്തിൽ നിലനില്ക്കുന്ന കൂട്ടായ്മയാണ് ഇതിന്റെ അടിസ്ഥാനവും മാതൃകയും. സഭാംഗങ്ങൾ തങ്ങളെയും തങ്ങൾക്കുള്ളതും പൂർണ്ണമായി സമൂഹത്തിനും സമൂഹത്തിന്റെ ഓരോ അംഗത്തിനുംവേണ്ടി സമർപ്പിക്കുമ്പോഴാണ് ഈ കൂട്ടായ്മ പ്രകടമാകുന്നത്.

സഭയുടെ ജീവിതശൈലിയിൽ ഏററം പ്രധാനമായൊരു ഘടകമാണ് ഈ കൂട്ടായ്മ. "വിശ്വസിച്ചവർ എല്ലാം ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (അപ്പ 2,44-45). ബാഹ്യമായ നിർബന്ധമല്ല, വിശ്വാസത്തിൽ നിന്നു ലഭിച്ച ആത്മാവിന്റെ പ്രചോദനമാണ് ഇപ്രകാരം ഒരു കൂട്ടായ്മയ്ക്ക് അവരെ പ്രേരിപ്പിച്ചത്. ഭാവിയെക്കുറിച്ചുള്ള ആശങ്ക സഭാംഗങ്ങൾക്കുണ്ടായിരുന്നില്ല. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലുള്ള വിശ്വാസം ഭൗതികസമ്പത്തു സ്വരുക്കൂട്ടാനും സമ്പത്തി ൽ ആശ്രയിച്ചു ജീവിക്കാനും ഉള്ള

പ്രവണതയിൽ നിന്ന് അവരെ മോചിപ്പിച്ചു. അതേ സമയം ഈ കൂട്ടായ്മ ദൈവപരിപാലനയിലും പുനരുത്ഥാനത്തിലുമുള്ള വിശ്വാസത്തിന്റെ പ്രത്യക്ഷമായ സാക്ഷ്യമായിരുന്നു.

വിശ്വാസികൾക്ക് ഈ പങ്കുവയ്ക്കൽ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും അനുഭവങ്ങളായിരുന്നു. എങ്കിലും ഈ കൂട്ടായ്മയിൽ ആരംഭം മുതലേ വീഴ്ചകൾ വരുന്നതായും അപ്പസ്തോലപ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പങ്കുവയ്ക്കലിലെ പാളിച്ചകളെ വലിയ അപരാധമായിട്ടാണ് അപ്പസ്തോലന്മാർ പരിഗണിച്ചത്. അനനിയാസിന്റെയും സഫീറായുടെയും മരണം (അപ്പ 5,1-11) ഈ പാപത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. ഗ്രീക്കുകാരായ ക്രൈസ്തവവിധവകൾ അവഗണിക്കപ്പെടുന്നു എന്ന പരാതിയുണ്ടായപ്പോൾ അപ്പസ്തോലന്മാർ വളരെ ഗൗരവമായൊരു തീരുമാനമെടുത്തു. സഭാ സമൂഹത്തിലെ കൂട്ടായ്മ നിലനിർത്താനായി ഡീക്കന്മാരെ നിയമിച്ചത് ഈ സാഹചര്യത്തിലാണ് (അപ്പ 6,1-7). ദരിദ്രർ അവഗണിക്കപ്പെടുകയും ധനികർ തങ്ങളുടെ പ്രൗഢി പ്രകടിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ കോറിന്തോസിലെ സഭയിലുണ്ടായപ്പോൾ അതിനെതിരേ കർക്കശമായ നിലപാടു സ്വീകരിച്ചുകൊണ്ട് വി. പൗലോസ് കൂട്ടായ്മയുടെ പ്രാധാന്യം എടുത്തുകാട്ടി (1 കോറി 11,17-34).

സഭ വളർന്നു വികസിക്കുകയും ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിക്കുകയും ചെയ്തപ്പോൾ പ്രാദേശിക സഭകൾ തമ്മിലും ഈ കൂട്ടായ്മ നിലനിന്നു. ജറുസലെമിൽ ദാരിദ്ര്യമനുഭവിച്ച സഹോദരങ്ങൾക്കുവേണ്ടി പിരിവു നടത്തി സഹായം എത്തിച്ചുകൊടുക്കുന്നത് സാമ്പത്തിക ഭദ്രതയുള്ള മറ്റു സമൂഹങ്ങളുടെ കർത്തവ്യമായി പൗലോസ് കണ്ടു (2 കോറി 8-9). "ഇപ്പോഴുള്ള നിങ്ങളുടെ സമൃദ്ധി അവരുടെ കുറവു നികത്തണം. അവരുടെ സമൃദ്ധി നിങ്ങളുടെ കുറവിനെ പരിഹരിക്കണം. അങ്ങനെ സമത്വം കൈവരട്ടെ" (2 കോറി 8,14) എന്നാണ് പൗലോസ് കോറിന്തോസിലെ സഭയോട് ആവശ്യപ്പെടുന്നത്. ഇപ്രകാരം പങ്കുവയ്ക്കുന്ന ഒരു കൂട്ടായ്മ നിലനിർത്താൻ സഭ എക്കാലവും പരിശ്രമിച്ചുപോന്നു. പ്രാദേശിക സഭകൾ തമ്മിലുള്ള കൂട്ടായ്മയുടെ ഏറ്റം വ്യക്തമായ ഉദാഹരണമാണ് കത്തോലിക്കാ സഭയുടെ ഇന്നത്തെ സാമൂഹ്യപ്രവർത്തനങ്ങളും സാമൂഹ്യനീതിയെ സംബന്ധിച്ച പ്രബോധനങ്ങളും. സമ്പത്തിനെ സംബന്ധിച്ച കാഴ്ചപ്പാടിൽ കാലക്രമത്തിൽ മാറ്റമുണ്ടായെങ്കിലും പരസ്പരം പങ്കുവയ്ക്കുന്ന ഒരു കുടുംബമാണ് സഭ എന്ന വീക്ഷണത്തിന് ഒരിക്കലും മാറ്റമുണ്ടായിട്ടില്ല.

വിശ്വാസത്തിന്റെ പ്രകടനമാണ് ഈ കൂട്ടായ്മ. ഇതില്ലാത്ത വിശ്വാസം നിർജ്ജീവമാണ് (യാക്കോ 2,14-17). അവശതയനുഭവിക്കുന്ന സഹോദ

രനെ കഴിവനുസരിച്ചു സഹായിക്കാതെ ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല ( 1 യോഹ 3,17–18), ദരിദ്രരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യാൻ പ്രേരിപ്പിക്കാത്ത ഭക്തി യഥാർത്ഥ ദൈവഭക്തിയല്ല (യാക്കോ 1,27). അന്തിമ വിധിയുടെ മാനദണ്ഡമായി കർത്താവുതന്നെ എടുത്തുകാട്ടിയത് ഈ കൂട്ടായ്മയാണ് (മത്താ 25,31–46). ധനികൻ ദരിദ്രനു ദാനം ചെയ്യുന്ന ഔദാര്യമല്ലിത്. ധനികനും ദരിദ്രരുമില്ലാത്ത, എല്ലാവരിലും സമത്വം നിലനിർത്തുന്ന, സ്വമനസ്സാ എല്ലാവരും തങ്ങൾക്കുള്ളതു സ്വന്തമെന്നവകാശപ്പെടാതെ പങ്കുവയ്ക്കുന്ന ഒരു സംവിധാനമാണ് സഭയുടെ കൂട്ടായ്മ.

**c. അപ്പം മുറിക്കൽ:** സമ്പത്തെല്ലാം പൊതുവാക്കിയവർ ആഹാരത്തിലും ഒരുമിച്ചു പങ്കുചേർന്നു (അപ്പ 2,46). വിശ്വാസത്തിൽ ഐക്യപ്പെട്ട് ഒരു കുടുംബമായിത്തീർന്നവർക്ക് ഊട്ടുമേശ തങ്ങളുടെ കൂട്ടായ്മ പ്രകടമാക്കാനും ഊട്ടിയുറപ്പിക്കാനുമുള്ള വേദിയായിരുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ചു ഭക്ഷണത്തിനിരിക്കുമ്പോൾ കുടുംബത്തലവൻ അപ്പമെടുത്ത് ദൈവത്തിനു സ്തോത്രം ചെയ്തതിനുശേഷം മുറിച്ചു പങ്കുവയ്ക്കും. അതിനുശേഷമാണ് മറ്റു വിഭവങ്ങൾ വിളമ്പുന്നത്. പാലസ്തീനായിൽ നിലവിലിരുന്ന ഈ ആചാരത്തിൽനിന്ന് ഭക്ഷണത്തിലെ കൂട്ടായ്മയക്ക് "അപ്പം മുറിക്കൽ" എന്ന പേരുണ്ടായി. പിന്നീട് സ്നേഹവിരുന്ന് (*അഗാപ്പേ*) എന്ന് ഇതറിയപ്പെട്ടു.

അനേകം പ്രാവശ്യം തങ്ങൾക്ക് അപ്പം മുറിച്ചു പങ്കുവച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ മുന്നാസ്വാദനം നല്കിയ നാഥന്റെ ഓർമ്മ (മർക്കോ 6,41; 8,6; ലൂക്കാ 24,30) ഈ ഭക്ഷണവേളയിൽ സജീവമായിരുന്നു. കഴിഞ്ഞകാലത്തിന്റെ ഓർമ്മ മാത്രമല്ല, ഉത്ഥിതനായ നാഥന്റെ സജീവ സാന്നിദ്ധ്യവും അവർക്ക് അനുഭവവേദ്യമായിരുന്നു. ഈ അനുഭവം അവർക്കു വലിയ സന്തോഷം പ്രദാനം ചെയ്തു. "അപ്പം മുറിയ്ക്കൽ" രണ്ട് അർത്ഥത്തിലാണ് ആദിമ ക്രൈസ്തവസമൂഹം കണ്ടത്. ദിവസേന വീടുകളിൽ നടത്തിയ അപ്പം മുറിക്കൽ കൂട്ടായ ഭക്ഷണത്തെ സൂചിപ്പിക്കുന്നു.

ഇതിനുപുറമേ, നാഥന്റെ കല്പനയനുസരിച്ച്, അന്ത്യത്താഴത്തിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് നടത്തിയ അപ്പം മുറിക്കൽ യേശുവിന്റെ ശരീരരക്തങ്ങളിലുള്ള പങ്കുചേരലായി അവർ ആഘോഷിച്ചു. സ്നേഹവിരുന്നിന്റെ പശ്ചാത്തലത്തിലാണ് ഈ "അപ്പം മുറിക്കൽ" നടന്നത്. *"യൂക്കരിസ്തിയാ"* എന്നാണ് ഈ കർമ്മം പിന്നീട് അറിയപ്പെട്ടത്. സുറിയാനിയിൽ *"കുർബാന"* എന്നു വിളിക്കുന്നത് ഈ ശുശ്രൂഷയെയാണ്. നാഥന്റെ ഉത്ഥാനത്തിന്റെ ഓർമ്മയാചരിക്കുന്ന ആഴ്ചയുടെ ഒന്നാം ദിവസമാണ് ഈ ശുശ്രൂഷയ്ക്കായി ക്രൈസ്തവർ ഒരുമിച്ചു കൂടിയിരുന്നത്. "ആഴ്ചയുടെ ആദ്യദിവസം അപ്പം

മുറിക്കാൻ ഞങ്ങൾ ഒരുമിച്ചുകൂടി....ഞങ്ങൾ സമ്മേളിച്ചിരുന്ന മുകളിലത്തെ നിലയിൽ അനേകം വിളക്കുകൾ കത്തിക്കൊണ്ടിരുന്നു......അപ്പം മുറിച്ചു ഭക്ഷിച്ചതിനുശേഷം പ്രഭാതംവരെ അവരുമായി ദീർഘനേരം സംഭാഷണത്തിൽ ഏർപ്പെട്ടു" (അപ്പ 20,7-11). ക്രമേണ ദിനംപ്രതിയുള്ള അപ്പം മുറിക്കലിനും സ്നേഹവിരുന്നിനും പ്രാധാന്യം കുറയുകയും അന്ത്യത്താഴത്തിന്റെ ഓർമ്മയാചരണത്തിനു പ്രാധാന്യം വർദ്ധിക്കുകയും ചെയ്തു.

ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വിരചിതമായ "പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം" *(ഡിഡാക്കേ)* എന്ന കൃതിയിൽ ഇതിനെക്കുറിച്ചു വ്യക്തമായ സൂചനയുണ്ട്. "കർത്താവിന്റെ ദിവസം നിങ്ങൾ ഒരുമിച്ചുകൂടി പാപങ്ങൾ ഏറ്റുപറഞ്ഞതിനുശേഷം അപ്പം മുറിക്കുകയും കൃതജ്ഞതയർപ്പിക്കുകയും ചെയ്യുവിൻ" (14,1). ഏ.ഡി. 107-ൽ റോമിൽവച്ച് രക്തസാക്ഷിത്വം വരിച്ച അന്തിയോക്കിയായിലെ വി. ഇഗ്നേഷ്യസ് എഫേസോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ അപ്പം മുറിക്കലിനെ ഐക്യത്തിന്റെ അടയാളവും ഉപകരണവുമായി ചിത്രീകരിച്ചിരിക്കുന്നു. "നിങ്ങൾ ഒരേ വിശ്വാസത്തിലും ഒരേ യേശുക്രിസ്തുവിലും ദൈവകൃപയാൽ ഒരുമിച്ചുകൂടി......അപ്പം മുറിക്കുന്നു. ഈ അപ്പം അമർത്യതയുടെ ഔഷധവും മരണത്തിനെതിരേയുള്ള പ്രതിവിധിയും ആണ്. ഇതുവഴി നാം യേശുക്രിസ്തുവിൽ നിത്യം ജീവിക്കുന്നു" (20,21).

ഈ അപ്പം മുറിക്കലും സ്നേഹവിരുന്നിന്റെ പശ്ചാത്തലത്തിൽ തന്നെയാണു നടത്തിയിരുന്നത്. എങ്കിലും പങ്കുവയ്ക്കലിൽ പാളിച്ചകളുണ്ടാകുന്നതായി നാം കണ്ടുകഴിഞ്ഞു. കാലാകാലങ്ങളിൽ വേണ്ട തിരുത്തലുകളോടെ അപ്പം മുറിക്കൽ കൂടുതൽ കൂടുതൽ ക്രമീകൃതമായി. സ്ഥലകാല സാഹചര്യങ്ങൾക്കനുസൃതം വ്യത്യസ്തമായ ക്രമീകരണങ്ങൾ നടന്നു. അങ്ങനെ വിവിധങ്ങളായ 'കുർബാനക്രമങ്ങൾ' രൂപംകൊണ്ടു. എന്നാലും അവയ്ക്കെല്ലാം പൊതുവായ ഒന്നുണ്ടായിരുന്നു - യേശുവിന്റെ അന്ത്യത്താഴവിരുന്നിൽ പങ്കുചേരുകയാണെന്നുള്ള ബോധ്യം.

**d. പ്രാർത്ഥന:** നിരന്തരം പ്രാർത്ഥിക്കുന്ന ഒരു സമൂഹമായിട്ടാണ് ആദിമ സഭ പ്രത്യക്ഷപ്പെടുന്നത്. സഭാസമൂഹം ഒന്നടങ്കവും വ്യക്തികൾ ഒറ്റയ്ക്കും പ്രാർത്ഥിക്കുന്നതിന്റെ അനേകം ഉദാഹരണങ്ങൾ അപ്പസ്തോ ല പ്രവർത്തനങ്ങളിൽ കാണാം. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനായി അവർ ഏക മനസ്സോടെ പ്രാർത്ഥിച്ചുകൊണ്ടു കാത്തിരുന്നു (അപ്പ 1,14;2,1). ഏകാഗ്രവും തീക്ഷ്ണവുമായ പ്രാർത്ഥനയ്ക്കുശേഷമാണ് അവർ തീരുമാനങ്ങൾ എടുത്തിരുന്നത് (അപ്പ 1,24-25; 13,3). പീഡനങ്ങളിലും പ്രതിസന്ധികളിലും അവർ ഒത്തൊരുമിച്ച് ദൈവത്തെ വിളിച്ചപേക്ഷിച്ചു (അപ്പ 4,23-31; 12,12); കാരാഗൃഹത്തിൽപോലും അവർ ദൈവത്തെ പാടിപ്പുകഴ്ത്തി (അപ്പ 16,25).

യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും (ലൂക്കാ 11,1-4), നിരന്തരം പ്രാർത്ഥിക്കാൻ അവരോടു കല്പിക്കുകയും ചെയ്തിരുന്നു (ലൂക്കാ 18,1-8; 22,40). വേണ്ടവിധത്തിൽ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്നറിയാത്ത ശിഷ്യസമൂഹത്തെ പരിശുദ്ധാത്മാവ് പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു (റോമ. 8,26). സ്തുതിപ്പുകളും നന്ദിപ്രകടനങ്ങളും യാചനകളും മധ്യസ്ഥപ്രാർത്ഥനകളും അവാച്യമായ നെടുവീർപ്പുകളുമായി അവരുടെ പ്രാർത്ഥന നിരന്തരം ദൈവസന്നിധിയിലേക്ക് ഉയർന്നുകൊണ്ടിരുന്നു. ശിശുസഹജമായ ലാളിത്യത്തോടെ ദൈവത്തെ 'അബ്ബാ' എന്നു വിളിച്ചാണ് അവർ പ്രാർത്ഥിച്ചിരുന്നത്. തങ്ങൾ ചോദിക്കുന്നതെന്തും ലഭിക്കും എന്ന് അവർക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. പ്രാർത്ഥനകൾ ശ്രവിക്കപ്പെടുന്ന അനേകം അനുഭവങ്ങളിലൂടെ ഈ ബോധ്യം ശക്തിപ്പെടുകയും ചെയ്തു.

യഹൂദരുടെ പ്രാർത്ഥനാമാതൃകകൾ ആദിമ ക്രൈസ്തവരും സ്വീകരിച്ചിരുന്നതായിക്കാണാം. സങ്കീർത്തനങ്ങൾ തന്റെ ഔദ്യോഗിക പ്രാർത്ഥനയായി സഭ സ്വീകരിച്ചു. ആറാം മണിക്കൂറിലും (അപ്പ 10,9) ഒമ്പതാം മണിക്കൂറിലും (അപ്പ 10, 30) ശിഷ്യന്മാർ പ്രാർത്ഥിക്കുന്നത് യഹൂദപാരമ്പര്യം അനുരിച്ചാണ്. ഉണരുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും അവർ ദൈവത്തിന്റെ പ്രമാണങ്ങൾ അനുസ്മരിച്ചുകൊണ്ടു പ്രാർത്ഥിക്കും. ഇതിന്റെ തുടർച്ചയാണ് ഇന്നും സഭയിൽ നിലവിലിരിക്കുന്ന ത്രികാലജപവും യാമപ്രാർത്ഥനകളും. ജറുസലെം നശിപ്പിക്കപ്പെടുകയും (ഏ.ഡി.70) സിനഗോഗിലെ പ്രാർത്ഥനയിൽ നസ്രായനെതിരേ ശാപവചനങ്ങൾ ചേർക്കപ്പെടുകയും (ഏ.ഡി. 90-100) ചെയ്യുന്നതുവരെ ക്രിസ്ത്യാനികൾ യഹൂദരോടൊന്നിച്ച് ദേവാലയത്തിലും സിനഗോഗുകളിലും പ്രാർത്ഥനയിൽ പങ്കുചേർന്നിരുന്നു.

ത്രിയേക ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുന്നതാണ് സഭയുടെ പ്രാർത്ഥന. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി യേശുക്രിസ്തുവഴി പിതാവായ ദൈവത്തിന് സഭ തന്റെ പ്രാർത്ഥന സമർപ്പിക്കുന്നു. ഉത്ഥിതനായ നാഥൻ തങ്ങളുടെ മധ്യേ സന്നിഹിതനാണെന്നും (മത്താ 18,20) തങ്ങൾക്കുവേണ്ടി പിതാവിന്റെ മുമ്പിൽ മാധ്യസ്ഥം വഹിക്കുന്നു എന്നും (ഹെബ്രാ 7,25) ഉള്ള ബോധ്യം സഭയുടെ പ്രാർത്ഥനയുടെ പ്രത്യേകതയാണ്. ഈ പ്രാർത്ഥനകളിലെല്ലാം ഉൽകൃഷ്ടമായ പ്രാർത്ഥനയാണ് അപ്പം മുറിക്കൽ. ദൈവത്തിന്റെ സ്നേഹം ഏറ്റം കൂടുതലായി അടുത്തറിയുകയും ദൈവം ഒരുക്കിയ വിരുന്നിൽ പങ്കുചേരുകയും ചെയ്യുന്ന അനർഘനിമിഷമാണിത്. ഏറ്റം പൂർണ്ണമായ ആത്മസമർപ്പണവും (ബലിയും) ഏറ്റം ഉൽകൃഷ്ടമായ സ്തുതിയും സ്വർഗ്ഗരാജ്യത്തിന്റെ മുന്നാസ്വാദനവുമാണ് അപ്പം മുറിക്കൽ, അഥവാ വി. കുർബാന. വെള്ളയങ്കിയണിഞ്ഞ്, ദൈവത്തിന്റെ

സിംഹാസനത്തിനു മുമ്പിൽനിന്നു സ്തുതിപാടുന്ന എണ്ണിത്തിട്ടപ്പെടുത്താനാവാത്ത ജനക്കൂട്ടം (വെളി 7,9-12) ലക്ഷ്യം പ്രാപിച്ച സഭയുടെ പ്രതീകമാണ്. ഈ ലക്ഷ്യത്തിൽ എത്തുന്നതുവരെ സഭ ഈ ഭൂമിയിൽ പ്രാർത്ഥനാനിരതയായി തുടരും.

## 3. ക്രിസ്തുവിന്റെ ശരീരം

സഭ ക്രിസ്തുവിശ്വാസികളുടെ ഒരു കൂട്ടായ്മ മാത്രമല്ല, ക്രിസ്തുവിന്റെ *ശരീരമാണ്.* യേശുക്രിസ്തുവിന്റെ മനുഷ്യശരീരത്തിൽനിന്നും അപ്പത്തിന്റെ സാദൃശ്യത്തിൽ നല്കപ്പെടുന്ന മഹത്വീകൃത ശരീരത്തിൽ നിന്നും വേർതിരിച്ചു കാണിക്കാനായി "*മൗതികശരീരം*" എന്ന പദമാണ് ഇതിന് ഉപയോഗിക്കുന്നത്. സഭയ്ക്ക് യേശുക്രിസ്തുവിനോടും സഭാംഗങ്ങൾക്കു പരസ്പരവും ഉള്ള ഗാഢമായ ബന്ധത്തെ മൗതികശരീരം എന്ന ആശയം വ്യക്തമാക്കുന്നു. ക്രിസ്തു "തന്റെ അരൂപിയെ അവർക്കു നല്കിക്കൊണ്ട് എല്ലാ ജനപദങ്ങളിൽ നിന്നും വിളിച്ചുകൂട്ടപ്പെട്ട അവരെ തന്റെ മൗതികശരീരമാക്കിത്തീർത്തു" (വത്തിക്കാൻ II , തിരുസ്സഭ 7). യേശുവിന്റെ തന്നെ വാക്കുകളിൽ നിന്നാണ് ഈ സത്യം വെളിവാക്കപ്പെ ട്ടത്. വി. പൗലോസ് തന്റെ ലേഖനങ്ങളിലൂടെ ഇതിന്റെ അർത്ഥവും പ്രസക്തിയും വിശദീകരിച്ചു.

"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു" (മത്താ 10,40). സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കപ്പെടുന്ന ശിഷ്യന്മാരിലും സഭാസമൂഹത്തിലും ക്രിസ്തു സന്നിഹിതനാണ്. അവരിലൂടെ ക്രിസ്തുതന്നെയാണ് സദ്വാർത്ത അറിയിക്കുന്നത്. അങ്ങനെ സഭ എല്ലാ മനഷ്യർക്കും ക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള വേദിയായിത്തീരുന്നു. ദരിദ്രരും രോഗികളും അവഗണിക്കപ്പെട്ടവരുമായവരിൽ യേശു തന്നെയാണ് സഹിക്കുന്നത്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ 25,40). ക്രിസ്ത്യാനികളെ ബന്ധിച്ചു കാരാഗൃഹത്തിലടയ്ക്കാൻ സാൻഹദ്രിൻ സംഘത്തിന്റെ അധികാരപത്രവുമായി ഡമാസ്കസിലേക്കുപോയ സാവൂളിനോടുള്ള കർത്താവിന്റെ വചനം: "നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു....നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ" (അപ്പ 9,4-5) ഈ താദാത്മീകരണത്തിന്റെ തെളിവാണ്. യേശുവും തന്നെ സ്നേഹിക്കുന്ന ശിഷ്യന്മാരും തമ്മിലുള്ള ഗാഢമായ ബന്ധം വ്യക്തമാക്കുന്നതാണ് മുന്തിരിച്ചെടിയുടെ ഉപമ. "ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും ആകുന്നു" (യോഹ 15,1). ശാഖകൾ തായ്ത്തടിയിൽനിന്നു പോഷകം സ്വീകരിച്ച് വളരുന്നതുപോലെ യേശുവിൽനിന്നു ശരീരം ജീവൻപ്രാപിക്കുന്നു. യേശുവും സഭയും തമ്മിൽ സജീവവും ഗാഢവുമായ ബന്ധം നിലനില്ക്കുന്നു.

യേശുവിന്റെ ഈ പഠനം വി. പൗലോസ് തന്റെ ലേഖനങ്ങളിലൂടെ കൂടുതൽ വിശദമാക്കി. കോറിന്തോസിലെ സഭയിലുണ്ടായ അനൈക്യത്തിന്റെ സാഹചര്യത്തിലാണ് പൗലോസ് ഈ ആശയം ആദ്യമായി അവതരിപ്പിച്ചത്. ക്രിസ്ത്യാനികൾ തമ്മിലുണ്ടാവുന്ന ഭിന്നത ക്രിസ്തുവിനെ വിഭജിക്കുന്നതുപോലെയാണ് (1 കോറി 1,13). കാരണം "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവുമാണ്" (1 കോറി 12,27). മാമ്മോദീസാവഴി ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമായിത്തീരുന്നു (1 കോറി 12,13). മാമ്മോദീസായിലൂടെ ക്രിസ്തു തന്റെ ആത്മാവിനെ ഓരോ വ്യക്തിക്കും നല്കുന്നു. ഈ ആത്മാവാണ് സഭാസമൂഹത്തെ ഒറ്റ ശരീരമായി യോജിപ്പിച്ചു നയിക്കുന്നത്. സഭാപിതാക്കന്മാർ സഭയാകുന്ന ശരീരത്തെ സജീവമാക്കുന്ന ആത്മാവായി പരിശുദ്ധാത്മാവിനെ വ്യാഖ്യാനിച്ചിരുന്നു. ഇപ്രകാരം ക്രിസ്തുവിനോടു ഗാഢമായി ഐക്യപ്പെട്ടവർ ക്രിസ്തുവിന്റെതന്നെ അവയവങ്ങളാണ് (1 കോറി 6,15). ആകയാൽ തങ്ങളുടെ ശരീരങ്ങളെ എല്ലാ പാപമാലിന്യങ്ങളിൽനിന്നും കാത്തുസൂക്ഷിക്കാൻ ക്രൈസ്തവർ കടപ്പെട്ടിരിക്കുന്നു.

വി. കുർബ്ബാന ക്രിസ്തുവിന്റെ മൗതിക ശരീരത്തെ യോജിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. "നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളു. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കോറി 10,16-17). യേശുവുമായുള്ള ബന്ധത്തിലൂടെയാണ് സഭാംഗങ്ങൾ ശരീരവും പരസ്പരം അവയവങ്ങളുമാകുന്നത് (റോമാ 12,5).

ശരീരത്തിലെ ഓരോ അവയവത്തിനും അതതിന്റേതായ ധർമ്മമുണ്ട്. അതുപോലെ സഭാശരീരത്തിലെ അംഗങ്ങൾക്കും വ്യത്യസ്തമായ ധർമ്മങ്ങളാണുള്ളത്. ക്രിസ്തുതന്നെയാണ് ഓരോ അവയവത്തിനും അതതിന്റെ സ്ഥാനവും ദൗത്യവും നിർണ്ണയിച്ചു നല്കിയിരിക്കുന്നത്. സഭാംഗങ്ങൾ പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഭാശരീരത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കും ഉപകരിക്കുന്ന വിധത്തിൽ പ്രവർത്തിക്കണം. ഈ ശരീരത്തിൽ മാനുഷികമായ സകല ഉച്ചനീചത്വങ്ങളും വർണ്ണവ്യത്യാസങ്ങളും ഉന്മൂലനം ചെയ്യപ്പെടുന്നു. "ഒരവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു". (1 കോറി 12,26).

ക്രിസ്തുവാണ് ഈ ശരീരത്തിന്റെ ശിരസ്സ് (കൊളോ 1,18). ശരീരത്തെ മുഴുവൻ സജീവമാക്കുന്ന ശക്തി ശിരസ്സിൽനിന്ന് അവയവങ്ങളിലേക്കു പ്രവ

ഹിക്കുന്നു. അവയവങ്ങൾ ശിരസ്സിനെയെന്നപോലെ സഭാംഗങ്ങൾ ക്രിസ്തുവിനെ അനുസരിക്കണം. സഭാംഗമായി ജീവിക്കുന്നതിന് ഓരോ ക്രൈസ്തവനും ക്രിസ്തുവിനോട് അനുരൂപനാകാൻ ശ്രമിക്കണം. "സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട് ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു. അവൻ വഴി ശരീരം മുഴുവൻ, ഓരോ സന്ധിബന്ധവും അതതിന്റെ ജോലി നിർവ്വഹിക്കത്തക്കവിധം സമന്വയിക്കപ്പെട്ട്, വളരുകയും സ്നേഹത്തിൽ രൂപപ്പെടുകയും ചെയ്യുന്നു" (എഫേ 4,15-16). ക്രിസ്തുവിന്റെ ശരീരമാണ് സഭയെന്നു മനസ്സിലാക്കുമ്പോൾ ക്രിസ്തുവിനെ എന്നപോലെ സഭയെയും സ്നേഹിക്കാൻ നാം പഠിക്കും. സഭയിൽനിന്നു വേർപെടുത്തി ക്രിസ്തുവിനെയോ ക്രിസ്തുവിൽനിന്നു വേർപെടുത്തി സഭയെയോ മനസ്സിലാക്കാനോ സ്നേഹിക്കാനോ കഴിയുകയില്ല.

"*സഭയെ യഥാർത്ഥത്തിൽ സ്നേഹിക്കണമെങ്കിൽ ക്രിസ്തുവിനെ സഭയിൽ കാണാൻ നാം ശീലിക്കണം. ക്രിസ്തുവാണ് സഭയിൽ ജീവിക്കുന്നത്. സഭയിലൂടെയാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നത്. തന്റെ ശരീരത്തിന്റെ വിവിധ അവയവങ്ങളിൽ ക്രിസ്തുതന്നെയാണ് വ്യത്യസ്തമായ രീതികളിൽ പ്രത്യക്ഷപ്പെടുന്നത്. സഭയെ ഇപ്രകാരം കാണാൻ പരിശീലിക്കുമ്പോൾ വിശ്വാസികൾ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ കൂടുതൽ ബഹുമാന്യരായ അംഗങ്ങളെ, പ്രത്യേകിച്ചും ക്രിസ്തുവിൽനിന്നു ലഭിച്ചിരിക്കുന്ന ദൗത്യമനുസരിച്ച് നമ്മുടെ ആത്മാക്കളുടെ കണക്കു ബോധിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നവരെ, തീർച്ചയായും ആദരിക്കും. മാത്രമല്ല, ക്രിസ്തുനാഥന്റെ പ്രത്യേക സ്നേഹത്തിനുപാത്രമായ അംഗങ്ങളെ, ബലഹീനരും ഹൃദയം തകർന്നവരും രോഗികളും ശാരീരികവും ആത്മീയവുമായ സ ഹായം അർഹിക്കുന്നവരും.....ശിശുക്കളും ആയവരെ, നാം പ്രത്യേകം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. ദരിദ്രരെ സഹായിക്കുമ്പോൾ, നാഥന്റെ അനന്തമായ കാരുണ്യംവഴി, നാം ക്രിസ്തുവിനെത്തന്നെയാണ് സഹായിക്കുന്നത്*" (പീയൂസ് **XII** മൗതികശരീരം 92).

## 4. ക്രിസ്തുവിന്റെ മണവാട്ടി

സഭയുടെ സ്വഭാവത്തെ വിശദമാക്കാൻ ബൈബിൾ ഉപയോഗിക്കുന്ന ഒരു പ്രതീകമാണിത്. ദൈവം തിരഞ്ഞെടുത്ത്, ഉടമ്പടിയിലൂടെ സ്വന്തം വധുവായി സ്വീകരിച്ച സീയോൻ കന്യകയായി ഇസ്രായേലിനെ ചിത്രീകരിക്കുന്ന പഴയനിയമത്തിന്റെ പശ്ചാത്തലത്തിലാണ് പുതിയനിയമം സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി അവതരിപ്പിക്കുന്നത്. "ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കു

കയും ചെയ്തു" (എഫേ 5,26). കുരിശിൽ മരിച്ച യേശുവിന്റെ കുത്തിത്തുറക്കപ്പെട്ട പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകി (യോഹ 19,34). സഭയുടെ ജനനത്തെയാണ് ഇതു സൂചിപ്പിക്കുന്നത് എന്നു നാം കണ്ടു കഴിഞ്ഞു. കുരിശിലെ മരണനിദ്രയിലാണ്ട പുതിയ ആദാമിന്റെ പാർശ്വത്തിൽ നിന്നുപുറപ്പെട്ട പുതിയ ഹവ്വായാണ് സഭ. സഭയിൽ പുതിയ അംഗങ്ങൾ ജനിക്കുന്നതു മാമ്മോദീസാ വഴിയാണ്, സഭാംഗങ്ങൾ പരിപോഷിപ്പിക്കപ്പെടുന്നത് വി. കുർബ്ബാനയിലൂടെയും. സഭയാകുന്ന തന്റെ വധുവിനുവേണ്ടി മരണം വരിച്ച വരനാണ് യേശു. വിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും ഇന്നും കുദാശകളിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു. ആ അരുവിയിൽ സ്നാനം ചെയ്തും അതിൽനിന്നു പാനം ചെയ്തുമാണ് സഭ വളരുന്നത്.

ക്രിസ്തുവിന്റെ സ്നേഹം മണവാട്ടിയായ സഭയെ വിശുദ്ധീകരിച്ച് അഴകുറ്റവളാക്കുന്നു. തന്റെ വധുവായി എന്നേക്കും സ്വീകരിക്കുന്നതിനുവേണ്ടി ക്രിസ്തു സഭയെ ദൈവവചനവും പ്രസാദവരവും നല്കി, സകല വരദാനങ്ങളാലും സൽപ്രവൃത്തികളാലും നിരന്തരം അലങ്കരിച്ച് ഒരുക്കുന്നു. "അവൻ സഭയെ ജലംകൊണ്ടു കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാതെ മഹത്വപൂർണ്ണയായി തനിക്കുതന്നെ പ്രതിഷഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയും ആയിരിക്കുന്നതിനും വേണ്ടിയാണ്" (എഫേ 5,27). ഈ ഒരുക്കം ചരിത്രത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നു. "നിർമ്മലയായ വധുവിനെ അവളുടെ ഭർത്താവിനെന്നപോലെ നിങ്ങളെ ക്രിസ്തുവിനു സമർപ്പിക്കേണ്ടതിന് ക്രിസ്തുവുമായി നിങ്ങളുടെ വിവാഹനിശ്ചയം ഞാൻ നടത്തി" (2 കോറി 11,2). യുഗാന്ത്യത്തിലാണ് ഈ ഒരുക്കം പൂർത്തിയാവുക.

ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹത്തിന്റെ ആഘോഷമായിട്ടാണ് വെളിപാടിന്റെ പുസ്തകം സ്വർഗ്ഗഭാഗ്യത്തെ ചിത്രീകരിക്കുന്നത്. ഇവിടെ സഭ തന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെടുന്നു. രക്ഷിക്കപ്പെട്ട ദൈവജനം മുഴുവൻ ഒരുമിച്ചു കൂടുന്നതാണ് സ്വർഗ്ഗീയസഭ. സൂര്യനെ ഉടയാടയാക്കിയ അവൾ ക്രിസ്തുവാകുന്ന സൂര്യന്റെ മഹിമാപ്രാഭവത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. അപ്പസ്തോലന്മാരാണ് അവളുടെ കിരീടം (വെളി 12,1). വിശുദ്ധരുടെ സൽപ്രവൃത്തികളാകുന്ന ശോഭയേറിയ വസ്ത്രം ധരിച്ച് (വെളി 19,7-8) ഭർത്താവിനായി അണിഞ്ഞൊരുങ്ങി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്ന സീയോൻ കന്യകയാണു സഭ (വെളി 21,2). കുഞ്ഞാട് അവളെ തന്റെ വധുവായി സ്വീകരിക്കുന്നതോടെ രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുന്നു. ഈ മഹത്വീകരണംവരെ സഭ ഈ ഭൂമിയിൽ തന്റെ മണവാളനോടു

വിശ്വസ്തത പുലർത്തിക്കൊണ്ട് തീർത്ഥാടനം തുടരുകയും അവനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു. "ആത്മാവും മണവാട്ടിയും പറയുന്നു: വരുക" (വെളി 22,17).

## 5. സഭ നമ്മുടെ മാതാവ്

"തിരുസ്സഭാമാതാവ്" എന്ന പേര് നമുക്ക് സുപരിചിതമാണ്. സഭയ്ക്കു തന്റെ അംഗങ്ങളോടുള്ള ബന്ധം വ്യക്തമാക്കുന്ന ഈ നാമം ബൈബിളിൽ നിന്നുതന്നെ രൂപം കൊണ്ടതാണ്. ഇസ്രായേൽ ജനത്തിന്റെ മാതാവാണ് സീയോൻ പുത്രി. ദൈവം അവൾക്കു നല്കിയ സന്താനങ്ങളാണ് ഇസ്രാ യേൽ ജനം. ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിലാണ് പുതിയ നിയമം സഭയെ മാതാവായി ചിത്രീകരിക്കുന്നത്. ദൈവമക്കളുടെ മാതാവായ പുതിയ ഹവ്വായും ദൈവജനത്തിന്റെ അമ്മയായ സ്വർഗ്ഗീയ ജറുസലെമും ആണ് അവൾ. "പ്രസവവേദനയാൽ നിലവിളിക്കുന്ന സ്ത്രീ" (വെളി 12,2) സഭയെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹം സഭയെ സന്താനപുഷ്ടിയുള്ളവളാക്കുന്നു. ക്രിസ്ത്യാനികളെല്ലാം അവളിലാണു ജനിക്കുന്നത്. കന്യകാമറിയത്തിന്റെ മേൽ ആവസിച്ച് ദൈവപുത്രന്റെ മനുഷ്യാവതാരം സാധിച്ച പരിശുദ്ധാത്മാവ് സഭയിൽ ആവസിച്ച് ദൈവമക്കൾക്കു ജന്മം നല്കുന്നു. "പരിശുദ്ധാത്മാ വാൽ ഗർഭവതിയായി ദൈവത്തിൽനിന്നു ജനിക്കുന്ന സന്താനങ്ങൾക്ക് സുവി ശേഷ പ്രസംഗവും ജ്ഞാനസ്നാനവും വഴി സഭ നവീനവും അമർത്യവു മായ ജീവൻ നല്കുന്നു" (തിരുസ്സഭ 64).

തന്നെയുമല്ല, വിശ്വാസികളുടെ ഹൃദയത്തിൽ ക്രിസ്തു ജനിക്കുന്നതും വളരുന്നതും സഭ വഴിയാണ്. ഇതിനുവേണ്ടി ക്രിസ്തുതന്നെ മാതൃസഹജ മായ സ്നേഹവും വാത്സല്യവും സുവിശേഷ പ്രസംഗകരിലും ഇടയന്മാ രിലും ഉദ്ദീപിപ്പിക്കുന്നു. ഈ സത്യമാണ് വി. പൗലോസ് ഗലാത്തിയായിലെ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നത്: "എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി പ്രസ വവേദന അനുഭവിക്കുന്നു" (ഗലാ 4,19).

സഭയിലൂടെ ക്രിസ്തു നമ്മെ പഠിപ്പിക്കുകയും ദൈവവചനവും കൂദാ ശകളും വഴി പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനാൽ സഭയെ നാം അമ്മ യെപ്പോലെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യണം. അമ്മയ്ക്കു പ്രായം കൂടുതലായെന്നും സൗന്ദര്യം പോരെന്നും പലർക്കും തോന്നിയേ ക്കാം. അവളുടെ മുഖം ചുളിഞ്ഞതായും വേഷം മുഷിഞ്ഞതായും അനുഭ വപ്പെട്ടേക്കാം. മോടിയായി വേഷം ധരിച്ച പല യുവസുന്ദരികളും അമ്മചമ

യാൻ വന്നെന്നും വരാം. എന്നാൽ സഭാമാതാവിന്റെ ആകാരത്തെ വിരൂപ മാക്കുന്നത് സഭാതനയർ തന്നെയാണെന്ന കാര്യം വിശ്വാസികൾ ഓർമ്മി ക്കണം. നൂറ്റാണ്ടുകളിലൂടെ തന്റെ മക്കൾക്കുവേണ്ടി സഹിച്ച ത്യാഗങ്ങളു ടെയും മക്കൾ തന്നെ ഏല്പിച്ച് മുറിവുകളുടെയും ഉണങ്ങാത്ത പാടുകൾ അവളുടെ മുഖത്തുണ്ട്. അമ്മയുടെ സ്നേഹവും ആന്തരിക സൗന്ദര്യവും ഈ മുറിപ്പാടുകളിലൂടെ തിളങ്ങുന്നതായി കാണാൻ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സമീപനം ആവശ്യമാണ്.

തന്റെ മണവാളനായ ക്രിസ്തുവിന്റെ മനോഭാവവും ഹിതവും സഭ യ്ക്കാണ് ഏറ്റം നന്നായി അറിയാവുന്നത്. അവളിലൂടെയാണ് ക്രിസ്തുവിനെ നാം അറിയുക. അവളിൽ നിന്നാണ് ജീവന്റെ വഴികൾ നാം പഠിക്കുക. പരി ശുദ്ധാത്മാവിന്റെ സഹായത്തോടെ നൂറ്റാണ്ടുകളായി ക്രിസ്തുരഹസ്യത്തെ ക്കുറിച്ച് നിരന്തരം ധ്യാനിക്കുയും ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറി യുകയും ചെയ്യുന്ന സഭാമാതാവാണ് നമ്മെ ക്രിസ്തുവിനോട് അനുരൂപരാ ക്കുന്നത്. ദൈവത്തിന്റെ മാതൃസഹജമായ സ്നേഹം സഭാമാതാവിലൂടെ നമുക്ക് അനുഭവവേദ്യമാകുന്നു. അതിനു നല്കേണ്ട മറുപടി ശിശുസഹജ മായ സ്നേഹവും അനുസരണവുമാണ്. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കാർത്തേജിലെ മെത്രാനായ വി. സിപ്രിയാന്റെ വാക്കുകൾ –"സഭയെ മാതാ വായി സ്വീകരിക്കാതെ ദൈവത്തെ പിതാവായി കണാൻ കഴിയുകയില്ല"– പ്രത്യേകം സ്മരണാർഹമാണ്.

# 3. സഭയുടെ അടയാളങ്ങൾ

ക്രിസ്തുവിന്റെ നാമത്തിൽ അറിയപ്പെടുകയും തങ്ങളാണ് സത്യസഭയെന്ന് അവകാശപ്പെടുകയും ചെയ്യുന്ന അനേകായിരം സഭാസമൂഹങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഇവയിൽ ഏതാണ് ക്രിസ്തു സ്ഥാപിച്ച സഭയെന്ന് എങ്ങനെ അറിയും? സഭയുടെ സ്വഭാവത്തെപ്പറ്റി കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച കാര്യങ്ങൾ ക്രിസ്തുവിന്റെ സഭയെ തിരിച്ചറിയാൻ സഹായിക്കുന്നവയാണ്. അവയെ അല്പംകൂടി കൃത്യമായി നിർവ്വചിക്കുന്ന നാല് അടയാളങ്ങൾ വിശ്വാസപ്രമാണത്തിൽ നാം ഏറ്റു പറയുന്നുണ്ട്: സഭ ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമാണ്.

പരസ്പരം വേർപെടുത്താനാവാത്തവിധം ബന്ധപ്പെട്ടതാണ് ഈ നാല് അടയാളങ്ങളും. അതിനാൽ ഇതിൽ ഏതെങ്കിലും ഒന്നുമാത്രം ഒരു സഭാസമൂഹത്തിൽ പ്രത്യക്ഷമായതുകൊണ്ട് അത് യഥാർത്ഥത്തിൽ ക്രിസ്തു സ്ഥാപിച്ച സഭയാകണമെന്നില്ല. സഭ ഒരേസമയം ദൈവികവും മാനുഷികവും ആണെന്ന സത്യം മുന്നിൽ കണ്ടുകൊണ്ടായിരിക്കണം നാം ഈ അടയാളങ്ങളെ അപഗ്രഥിക്കുന്നതും അവയെ സഭയിൽ അന്വേഷിക്കുന്നതും. ദൈവികമായതിനാൽ സഭ പൂർണ്ണയും വിശുദ്ധയുമാണ്. എന്നാൽ അതേസമയം പാപികളായ മനുഷ്യരുടെ സമൂഹമായതിനാൽ അവൾ അപൂർണ്ണയും വിശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്.

സഭയുടെ അടയാളങ്ങളെക്കുറിച്ചു പറയുമ്പോൾ സഭ തന്നെ ഒരടയാളമാണെന്ന കാര്യം ഓർമ്മിക്കണം. ദൈവം മനുഷ്യനെ സ്നേഹിക്കുന്നെന്നും തന്റെ ജീവനിൽ പങ്കുകാരാകാൻ മനുഷ്യസമൂഹത്തെ മുഴുവൻ ആഹ്വാനം ചെയ്യുന്നു എന്നും നിരന്തരം ഓർമ്മിപ്പിക്കുന്ന അടയാളമാണ് സഭ. ദൈവികവിരുന്നിനു മനുഷ്യവർഗ്ഗത്തെ മുഴുവൻ വിളിച്ചുകൂട്ടാനായി ക്രിസ്തു ഈ ലോകത്തിൽ സന്നിഹിതനായിരിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളമാണവൾ. "കൂദാശ" എന്ന പദമാണ് ഈ യാഥാർത്ഥ്യം വിശദമാക്കാനായി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉപയോഗിക്കുന്നത്. "ക്രിസ്തുവുമായി സഗാഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും കൂദാശയാണെന്നു പറയാം." (തിരുസഭ 1)

തന്റെ ശരീരവും മണവാട്ടിയുമായ സഭയിൽ ക്രിസ്തു തന്നെ പതിച്ചതാണ് ഈ അടയാളങ്ങൾ. അവ ക്രിസ്തുവിന്റെ ദാനമാണ്. തന്റെ സഭ എന്നും

ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആയിരിക്കണം എന്നു നിശ്ചയിച്ചതു ക്രിസ്തുവാണ്. ഈ അടയാളങ്ങളുടെ അർത്ഥം ബൈബിളിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാനാണ് നാം ഇവിടെ ശ്രമിക്കുന്നത്.

## 1. ഏകസഭ

ക്രിസ്തു ഒരു സഭയേ സ്ഥാപിച്ചുള്ളു. അജഗണത്തിന്റെയും (യോഹ. 10,1-6) മുന്തിരിച്ചെടിയുടെയും (യോഹ 15,1) ഉപമകളിലൂടെ സഭയുടെ ഐക്യത്തെക്കുറിച്ച് അവിടുന്ന് പഠിപ്പിച്ചു. ഇടയനും തായ്ത്തടിയും ആയ യേശു തന്നെയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം. തന്റെ അന്തിമാഭിലാഷമെന്നവണ്ണം പിതാവിനോട് യേശു മുട്ടിപ്പായി പ്രാർത്ഥിച്ചതും ഈ ഐക്യത്തിനുവേണ്ടിയാണ്. പരിശുദ്ധ ത്രിത്വത്തിലുള്ള അതേ ഐക്യമാണ് തന്റെ സഭയിലും ഉണ്ടാകണമെന്ന് യേശു ആഗ്രഹിച്ചത്. പരിപൂർണ്ണമായ ഐക്യത്തിലൂടെ മാത്രമേ യേശുവിനു സാക്ഷ്യം വഹിക്കാൻ സഭയ്ക്ക് സാധിക്കുകയുള്ളു. “അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു” (യോഹ 17,21). തുന്നലില്ലാതെ നെയ്തുണ്ടാക്കിയതും പടയാളികൾ കീറാതെ കുറിയിട്ടെടുത്തതുമായ യേശുവിന്റെ കുപ്പായം (യോഹ 19,23-24) ഏകസഭയുടെ പ്രതീകമാണ്.

പത്രോസാകുന്ന പാറയിൽ (മത്താ 16,18) അപ്പസ്തോലന്മാരാകുന്ന അടിത്തറയിന്മേൽ (എഫേ 2,20) യേശു പണിതുയർത്തിയ ഭവനമാണ് സഭ. തന്റെ അജഗണത്തെ മേയ്ക്കാൻ പത്രോസിനെയാണ് നാഥൻ ചുമതലപ്പെടുത്തിയത് (യോഹ 21,15-17). അപ്പസ്തോലന്മാരുടെ പിൻഗാമികൾ പത്രോസിന്റെ നേതൃത്വത്തിൻ കീഴിൽ ക്രിസ്തുവിന്റെ സഭയെ നയിക്കുന്നു. അങ്ങനെ ഒരേ ഒരു നേതൃത്വം ഉള്ളതിനാലും സഭ ഏകമാണ്. ഈ ഐക്യം അപ്പസ്തോലികമാണ്.

ഒരേ മാമ്മോദീസായാണ് എല്ലാവരെയും സഭയിൽ അംഗങ്ങളാക്കുന്നത്. ഒരേ അപ്പത്തിൽനിന്ന് എല്ലാവരും ഭക്ഷിച്ചു വളരുന്നു. ഒരേ വിശ്വാസം ഏറ്റുപറയുന്നു. ഒരേ പ്രതീക്ഷ എല്ലാവരെയും ഒരേ ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നു. ക്രിസ്തുനാഥന്റെ സ്നേഹം സഭയെ ഒന്നിപ്പിക്കുന്നു. ഒരേ ഒരു നാഥനാണ് സഭയ്ക്കുള്ളത്. വിശ്വാസത്തിലും സ്നേഹത്തിലും പ്രതീക്ഷയിലും സഭ ഒന്നാണ്. “ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരാത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. സകലതിനുമുപരിയും സകലതിലൂടെയും

സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം" (എഫേ 4,4-6).

ക്രിസ്തുവിന്റെ സഭ അനേകം പ്രാദേശികസഭകളുടെ കൂട്ടായ്മയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഒരു വീട്ടിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ചും (ഫിലെ 2) ഒരു പട്ടണത്തിലെ സഭയെക്കുറിച്ചും ഒരു പ്രദേശത്തെ സഭയെക്കുറിച്ചും ഒക്കെ പുതിയ നിയമത്തിൽ പരാമർശങ്ങൾ ഉണ്ട്. ജറുസലെമിലും മക്കെദോനിയായിലും റോമിലും ഏഷ്യായിലും ഉള്ളത് ക്രിസ്തുവിന്റെ ഏക സഭയാണ്. വിവിധഭാഷകൾ സംസാരിക്കുന്നവരും വിവിധ സംസ്കാരങ്ങൾ ഉള്ളവരും ഈ ഏകസഭയുടെ അംഗങ്ങളാണ്. പ്രാദേശികസഭകളുടെ വ്യത്യസ്തങ്ങളായ സാംസ്കാരിക പൈതൃകങ്ങൾ സഭയുടെ ഐക്യത്തിനു കോട്ടം വരുത്തുന്നില്ല. ആരാധനക്രമത്തിലും ഭരണരീതിയിലും ആചാരാനുഷ്ഠാനങ്ങളിലും ആധ്യാത്മികതയിലുമുള്ള വൈവിധ്യവും സഭയുടെ ഐക്യത്തിനു ഹാനികരമല്ല. "ക്രിസ്തുവിനോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്" (ഗലാ 3,27-28).

ആദിമസഭ ഈ ഐക്യം വളരെ ശ്രദ്ധയോടെ കാത്തുസൂക്ഷിച്ചുപോന്നു. പങ്കുവയ്ക്കുന്ന കൂട്ടായ്മയിലൂടെ അവർ തങ്ങളുടെ ഐക്യം പ്രകടമാക്കി. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു" (അപ്പ 2,44). "വിശ്വാസികളുടെ സമൂഹത്തിന് ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു" (അപ്പ 4,32). വൈവിധ്യം നിലനിർത്തിക്കൊണ്ടുതന്നെ ഏകത്വം കാത്തുസൂക്ഷിച്ചുപോന്ന സഭയിൽ കാലക്രമത്തിൽ പിളർപ്പുകളുണ്ടായി. യഹൂദ ക്രൈസ്തവരും വിജാതീയ ക്രൈസ്തവരും തമ്മിലുണ്ടായ ഭിന്നത അപ്പസ്തോലസമൂഹം ഒത്തൊരുമിച്ചു പരിഹരിക്കുകയും അതിലൂടെ സഭ വളരുകയും ചെയ്യുന്നത് 'അപ്പസ്തോലപ്രവർത്തനങ്ങളിൽ' രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 15) കോറിന്തോസിലെ അനൈക്യത്തിനെതിരേ പൗലോസ് സ്വീകരിച്ച കർശനമായ നിലപാടും (1 കോറി 1,10-17;11,17-33) ശ്രദ്ധേയമാണ്.

വിശ്വാസത്തിലുള്ള ഐക്യം പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ പ്രകടമാകണം. അന്താരാഷ്ട്രബന്ധങ്ങളിൽ മാത്രമല്ല, പ്രാദേശികസഭയിലും പങ്കുവയ്ക്കൽ ആവശ്യമാണ്. രൂപതകൾ തമ്മിലും ഇടവകകൾ തമ്മിലും കുടുംബങ്ങൾ തമ്മിലും ഈ പങ്കുവയ്ക്കൽ ഒരു യാഥാർത്ഥ്യമായിത്തീരണം. സഭയുടെ ഐക്യം വന്ധ്യമായൊരു ആശയമല്ല, സേവനത്തിലൂടെ ഫലമണി

യുന്ന സ്നേഹത്തിലുള്ള ഐക്യമാണ്; ഇത് അനുദിനം പടുത്തുയർത്തേണ്ട ഐക്യമാണ്. സഹോദരന്റെ ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരുകയും അവശതയനുഭവിക്കുന്നവർക്കു മുൻഗണന നല്കുകയും ചെയ്യുമ്പോഴാണ് ഈ ഐക്യം ഏറ്റവും അധികം പ്രകടമാകുന്നത്. ഭാരതത്തിന്റെ പശ്ചാത്തലത്തിൽ "അവശ ക്രൈസ്തവർ", "ഹരിജൻ ക്രൈസ്തവർ" എന്ന പേരുകളിൽ അറിയപ്പെടുന്നവർക്കു ഭാരത സഭ എന്തു പരിഗണനയും സ്ഥാനവും നൽകുന്നു എന്നത് സഭയുടെ ഐക്യത്തെ സാരമായി ബാധിക്കും എന്നതിൽ സംശയമില്ല. നാം ഒന്നാണെന്നും ഒരേ സഭയുടെ അംഗങ്ങളും ഒരേ ശരീരത്തിന്റെ അവയവങ്ങളും ആണെന്നും എല്ലാ സഭാംഗങ്ങൾക്കും അനുഭവപ്പെടണം.

അപ്പസ്തോല പ്രബോധനത്തിനു വിരുദ്ധമായ പാഷണ്ഡതകൾ സഭയുടെ ഐക്യത്തിനു ഭീഷണിയായപ്പോൾ അപ്പസ്തോലന്മാരുടെ പിൻഗാമികൾ ഒരുമിച്ചുചേർന്നു സഭയുടെ വിശ്വാസവും ഐക്യവും കാത്തുസൂക്ഷിച്ചതു നാം കണ്ടുകഴിഞ്ഞു. എന്നാൽ ആറാം നൂറ്റാണ്ടോടു കൂടി സഭയിൽ പിളർപ്പുകൾ ശക്തമായി. ഭാഷാപരവും ദൈവശാസ്ത്രപരവും രാഷ്ട്രീയവുമായ കാരണങ്ങൾ ഈ പിളർപ്പുകൾക്കു പിന്നിലുണ്ട്. 1054-ൽ പൗരസ്ത്യസഭകളും പാശ്ചാത്യസഭയും തമ്മിൽ പിളർന്നു. 16-ാം നൂറ്റാണ്ടിൽ പ്രോട്ടസ്റ്റന്റു നവീകരണത്തോടെ പാശ്ചാത്യസഭയിൽ വീണ്ടും പിളർപ്പുണ്ടായി. ഇന്ന് ക്രിസ്തുവിന്റെ സഭ വിഭിന്നങ്ങളായ അനേകം സമൂഹങ്ങളായിട്ടാണ് ലോകത്തിനുമുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. പല സമൂഹങ്ങളും തമ്മിൽ കടുത്ത വിരോധവും മത്സരവും അടുത്ത കാലംവരെ നിലനിന്നു.

ക്രിസ്തുവിന്റെ സഭയിലെ ഈ അനൈക്യം തികച്ചും നിഷേധാത്മകമായ സാക്ഷ്യമാണു നല്കുക. നാഥന്റെ ആഗ്രഹത്തിനും കല്പനയ്ക്കും വിരുദ്ധമാണ് ഈ ഭിന്നതകൾ. ഭിന്നിച്ചുപോയവർ വീണ്ടും ഒരുമിക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും നടന്നിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ ഐക്യത്തിനുവേണ്ടിയുള്ള ശ്രമം കൂടുതൽ ശക്തിപ്പെട്ടു. സഭൈക്യത്തെ സംബന്ധിച്ച ഡിക്രി ഈ ശ്രമത്തിന്റെ വ്യക്തമായ ഉദാഹരണമാണ്. ക്രിസ്തുവിന്റെ ആത്മാവുതന്നെയാണ് ചിതറിപ്പോയവരെ വീണ്ടും ഒരുമിച്ചു കൂട്ടുന്നതും അതിനായുള്ള തീവ്രമായ ആഗ്രഹം സഭകളിൽ ഉളവാക്കുന്നതും.

നൂറ്റാണ്ടുകളായി വ്യത്യസ്ത വഴികളിലൂടെ സഞ്ചരിച്ച സഭകൾ തങ്ങളുടേതായ പാരമ്പര്യങ്ങൾ വളർത്തിയെടുത്തിട്ടുണ്ട്. അവയിൽ അപ്പസ്തോലികസഭയോടു വിശ്വസ്തത പുലർത്തുന്നവയും അല്ലാത്തവയും ഏവയെന്നു പഠിക്കാൻ എല്ലാ സഭകൾക്കും ഉത്തരാവാദിത്വമുണ്ട്. ശത്രുതയുടെയും മാത്സര്യത്തിന്റെയും പാത കൈവെടിഞ്ഞ് സൗഹൃദത്തിന്റെയും പരസ്പര ബഹു

മാനത്തിന്റെയും പ്രാർത്ഥനയുടെയും തുറന്ന അന്തരീക്ഷത്തിൽ സഭകൾ തമ്മിൽ സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് ഐക്യം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഏറെ ശക്തിപ്പെട്ടിട്ടുണ്ട്.

### 2. പരിശുദ്ധ സഭ

ദൈവം ഒരുവൻ മാത്രമാണ് പരിശുദ്ധൻ. ദൈവത്തിന്റെ സത്തയിലും സ്വഭാവത്തിലും പങ്കുചേരുന്ന ദൈവപുത്രൻ എന്ന അർത്ഥത്തിൽ യേശുക്രിസ്തുവിനെ പരിശുദ്ധൻ എന്നു വിളിക്കുന്നു (ലൂക്കാ 1,35; മർക്കോ. 1,24;3,11; മത്താ 16,16; യോഹ. 6,69). സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നതിനുവേണ്ടി ബൈബിൾ ഉപയോഗിക്കുന്ന ഒരു വിശേഷമാണ് *പരിശുദ്ധം.* വേർതിരിക്കപ്പെട്ടത്, മാറ്റിവയ്ക്കപ്പെട്ടത് എന്നാണ് പരിശുദ്ധം എന്നു നാം വിവർത്തനം ചെയ്യുന്ന *ഖോദെശ്* എന്ന ഹെബ്രായ പദത്തിന്റെ അർത്ഥം. ഇതിൽനിന്നാണ് *കന്തീശാ* എന്ന സുറിയാനിപദം ഉത്ഭവിച്ചത്. ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടത് എന്ന അർത്ഥത്തിൽ വസ്തുക്കളെയും സ്ഥലങ്ങളെയും വ്യക്തികളെയും ബൈബിൾ പരിശുദ്ധം എന്നു വിളിക്കുന്നു.

യേശുക്രിസ്തുവിലൂടെ ദൈവം തനിക്കായി വിളിച്ചു കൂട്ടിയവരുടെ സമൂഹമാണ് സഭ. അങ്ങനെ ദൈവത്തിനുവേണ്ടി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടവരുടെ ഗണം എന്ന നിലയിൽ സഭ വിശുദ്ധമാണ്. തന്റെ ശരീരവും മണവാട്ടിയുമായി സ്വീകരിച്ച സഭയെ ക്രിസ്തു സ്വന്തം രക്തത്താൽ കഴുകി വിശുദ്ധയാക്കി (എഫേ 5,26). ദൈവത്തിന്റെ ആത്മാവ് സഭയിൽ നിരന്തരം വസിച്ചുകൊണ്ട് സഭയെ ദൈവത്തിന്റെ ആലയമാക്കുന്നു. ദൈ വത്തിന്റെ പ്രവർത്തനത്താലാണ് സഭ വിശുദ്ധയാകുന്നത്.

സഭയിലൂടെ ദൈവം എല്ലാ മനുഷ്യരെയും വിശുദ്ധിയിലേക്കു ക്ഷണിക്കുന്നു. ദൈവികജീവനിൽ പങ്കുകാരാക്കിക്കൊണ്ടാണ് ദൈവം മനുഷ്യരെ വിശുദ്ധീകരിക്കുന്നത്. അതിനുവേണ്ട എല്ലാ അധികാരവും ഉപാധികളും സഭയ്ക്കു നല്കപ്പെട്ടിട്ടുണ്ട്. സുവിശേഷപ്രഘോഷണം വഴി അവൾ ദൈവജനത്തെ ഒരുമിച്ചു കൂട്ടുന്നു. മാമ്മോദീസായിലൂടെ മനുഷ്യമക്കളെ ദൈവമക്കളാക്കുന്നു. മറ്റു കൂദാശകളിലൂടെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ വളരാൻ അവരെ സഹായിക്കുന്നു. അങ്ങനെ ലോകജനതകളെ മുഴുവനും ദൈവത്തിനും പ്രതിഷ്ഠിക്കുകയും ദൈവത്തിന്റേതാക്കി മാറ്റുകയും ചെയ്യുന്ന സഭ വിശുദ്ധമാണ്. സഭ പ്രഘോഷിക്കുന്ന സുവിശേഷവും നല്കുന്ന പ്രബോധനവും ദൈവത്തിന് അർപ്പിക്കുന്ന ആരാധനയും മനുഷ്യർക്കു നല്കുന്ന വിശുദ്ധീകരണ മാർഗ്ഗങ്ങളും വിശുദ്ധമാണ്. ഇവയിലൂടെ സഭയുടെ വിശുദ്ധി പ്രകടമാവുകയും ചെയ്യുന്നു.

സഭ തന്റെ അംഗങ്ങളിലും വിശുദ്ധയാണ്. വിശ്വാസികളെ "വിശുദ്ധർ" എന്ന് പുതിയനിയമം വിശേഷിപ്പിക്കുന്നു (2 കോറി 1,1; എഫേ 1,1; കോളോ 1,2). അവർ യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകി വിശുദ്ധരാക്കപ്പെട്ടവരും വിലയ്ക്കുവാങ്ങപ്പെട്ടവരും ദൈവത്തിനു പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ടവരും ആണ്. തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവികദാനങ്ങളാൽ വിശ്വാസികൾ വിശുദ്ധരാണെങ്കിലും യേശുക്രിസ്തുവിനോട് ഉത്തരോത്തരം അനുരൂപപ്പെട്ടുകൊണ്ട് അവർ വിശുദ്ധിയിൽ വളരണം. "വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്" (1 കോറി 1,2) വിശ്വാസികൾ. അവരുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത് (1 തെസ 4,3). പുതിയ ഉടമ്പടിയിലൂടെ ദൈവത്തിന്റെ സ്വന്തം ജനമായിത്തീർന്ന സഭാംഗങ്ങൾ സ്നേഹത്തിന്റെ പ്രമാണമനുസരിച്ചുള്ള ജീവിതത്തിലൂടെയാണ് വിശുദ്ധിയിൽ വളരുന്നത്. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2,20) എന്നു പറഞ്ഞ പൗലോസ് അപ്പസ്തോലനെപ്പോലുള്ള സഭാംഗങ്ങളിലൂടെ സഭയുടെ വിശുദ്ധി പ്രത്യക്ഷമാകുന്നു. അവരിലൂടെ ദൈവത്തിന്റെ വിശുദ്ധിയും സ്നേഹവും മനുഷ്യസമൂഹത്തിനു മുഴുവൻ അനുഭവവേദ്യമാകുന്നു.

ദരിദ്രരും നിരാലംബരും രോഗികളുമായവരിലൂടെ ക്രിസ്തുവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവരുടെ നിര, ബഥാനിയായിലെ മാർത്ത മുതൽ കല്ക്കട്ടായിലെ മദർ തെരേസാ വരെ നീളുന്നു. സത്യത്തിനും നീതിക്കും സ്നേഹത്തിനും സാഹോദര്യത്തിനുംവേണ്ടി ജീവൻ അർപ്പിച്ച യേശുവിനെപ്പോലെ, കല്ലെറിയപ്പെട്ട സ്റ്റീഫൻ മുതൽ വെടിയേറ്റു മരിച്ച ഓസ്കാർ റൊമേരോ വരെയുള്ള രക്തസാക്ഷികളിലൂടെ പ്രശോഭിതമാകുന്നതും സഭയുടെ വിശുദ്ധി തന്നെയാണ്. വ്യത്യസ്തങ്ങളായ ജീവിതസാഹചര്യങ്ങളിൽ തങ്ങളുടേതായ വിളിയ്ക്കനുസരിച്ചു വിശുദ്ധജീവിതം നയിക്കുന്ന കോടിക്കണക്കിനു വിശ്വാസികൾ ഇന്നും സഭയിലുണ്ട്. പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ അലംകൃതവും സ്നേഹത്താൽ പൂരിതവുമായ അവരുടെ ജീവിതത്തിൽ സഭയുടെ വിശുദ്ധി വെളിപ്പെടുന്നു. ഇവരിൽ ചുരുക്കംപേർ മാത്രമേ വിശുദ്ധരെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളു; എന്നാൽ നാമകരണം ചെയ്യപ്പെടാത്ത വിശുദ്ധർ അസംഖ്യമാണ്.

വിശുദ്ധമല്ലാത്ത ജീവിതം നയിക്കുന്ന അംഗങ്ങളും സഭയിൽ ഏറെയുണ്ട് എന്ന വസ്തുത മറച്ചു വയ്ക്കാനാവില്ല. സഭയുടെ വിശുദ്ധിക്കു മങ്ങലേല്പിക്കുകയും സഭയുടെ സാക്ഷ്യത്തിന്റെ വിശ്വാസ്യതയ്ക്കു കോട്ടംവരുത്തുകയും ചെയ്യുന്ന വിധത്തിൽ അവിശുദ്ധ ജീവിതം നയിക്കുന്ന സഭാംഗങ്ങൾ സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടായിട്ടുണ്ട്. ആദ്യ നൂറ്റാണ്ടുമുതൽ ഇന്നുവരെ പാപികളെയും ഉൾക്കൊള്ളുന്ന ഒരു സമൂഹമാണ് സഭ.

എന്നാൽ അവൾ പുകയുന്ന കൊള്ളി കുത്തിക്കെടുത്തുന്നില്ല; ചതഞ്ഞ ഞാങ്ങണ മുറിക്കുന്നില്ല; മുറിവേറ്റതും രോഗബാധിതവുമായ അവയവങ്ങളെ വെട്ടി മാറ്റുന്നില്ല. മന്ദീഭവിച്ച വിശ്വാസത്തെ ഉജ്ജ്വലിപ്പിക്കാനും മുറിവേറ്റ ഹൃദയങ്ങളെ സുഖപ്പെടുത്താനുമാണ് അവൾ ശ്രമിക്കുന്നത്. സഭ തന്റെ തനയരെ മാനസാന്തരത്തിനായി നിരന്തരം ആഹ്വാനം ചെയ്യുന്നു. പാപമോചനം നല്കി പാപികളെ ശുദ്ധീകരിക്കുന്നു. തന്റെ നാഥനിൽനിന്നു പഠിച്ച അനന്തമായ കരുണയും നിസ്സീമമായ സ്നേഹവും നിരന്തരമായ പ്രാർത്ഥനയും വഴി സഭ തന്റെ അംഗങ്ങളെ വിശുദ്ധീകരിക്കുകയും ആത്മവിശുദ്ധീകരണത്തിനു ക്ഷണിക്കുകയും ചെയ്യുന്നു.

സഭ വിശുദ്ധരുടെമാത്രം സമൂഹമല്ല. ഗോതമ്പും കളയും ഒരുമിച്ചു വളരുന്ന വയലാണത് (മത്താ 13,24-30). രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യമുള്ളതെന്നും (മത്താ 9,12) തന്റെ നാഥൻ വന്നത് വിശുദ്ധരെ ഒരുമിച്ചുകൂട്ടാനല്ല. പാപികളെ വിശുദ്ധീകരിക്കാനാണെന്നും (ലൂക്കാ 5,32) അറിയാവുന്ന സഭാമാതാവ് പാപികളോടു പ്രത്യേക സ്നേഹവും സഹിഷ്ണുതയും പുലർത്തുന്നു (യാക്കോ 5,15-16; 1 യോഹ 1,9). നമുക്കുവേണ്ടി പാപമായിത്തീരാൻ (2 കോറി 5,21) മടിക്കാത്ത നാഥനെപ്പോലെ സഭയും പാപികളെ സ്വന്തമായി സ്വീകരിക്കുന്നു. വിളയും കളയും വേർതിരിക്കപ്പെടുന്ന അന്തിമനാൾവരെ (മത്താ 13,30) ഇതു തുടരുകയും ചെയ്യും. അതിനാൽ സഭാംഗങ്ങളിൽ ചിലർ പാപികളായിരിക്കുന്നു എന്നത് സഭ പരിശുദ്ധയാണ് എന്ന സത്യം നിഷേധിക്കുകയല്ല, അവൾ വിശുദ്ധീകരണത്തിന്റെ മാർഗ്ഗമാണ് എന്നു തെളിയിക്കുകയാണു ചെയ്യുന്നത്. "പാപികളെ തന്റെ മാറോടണയ്ക്കുന്ന സഭ ഒരേ സമയം പരിശുദ്ധയും സദാ ശുദ്ധീകരിക്കപ്പെടുന്നവളുമാണ്. അതിനാൽ പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും മാർഗ്ഗം അവൾ തുടരുന്നു" (തിരുസ്സഭ 8;39-42).

## 3. കാതോലിക സഭ

സാർവ്വത്രികം, പൊതുവായത്, എന്നാണ് '*'കാതോലിക"* എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം. ഇതിൽനിന്നാണ് കത്തോലിക്കാസഭ എന്ന പേരുണ്ടായത്. സഭ കാതോലികമാണ് എന്ന് ഏറ്റുപറയുമ്പോൾ നാലു കാര്യങ്ങളാണ് അർത്ഥമാക്കുന്നത്. a. എല്ലാ ജനതകൾക്കും എല്ലാ കാലത്തും രക്ഷയുടെ മാർഗ്ഗമായിട്ടാണ് സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. b. ദൈവം വെളിപ്പെടുത്തിയ സത്യം പൂർണ്ണമായി സഭ പഠിപ്പിക്കുന്നു. c ലോകമെങ്ങുമുള്ള എല്ലാ പ്രാദേശിക സഭകളെയും ഉൾക്കൊള്ളുന്നതാണ് സഭ. d. സഭ എന്നും പ്രേഷിതയായിരിക്കും.

***a. സാർവ്വത്രികദൗത്യം:*** "നിന്നിലൂടെ ഭൂമുഖത്തെ എല്ലാ വംശങ്ങളും അനുഗൃഹീതമാകും" (ഉൽപ 12,3) എന്ന് അബ്രാഹത്തിന് ദൈവം നല്കിയ വാഗ്ദാനം പൂർത്തിയാക്കുന്നതിനുവേണ്ടിയാണ് സഭ സ്ഥാപിതമായത്. "ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടി" (യോഹ 11,52) അയയ്ക്കപ്പെട്ട യേശുവിന്റെ തുടർച്ചയാണ് സഭ. യേശുവിന്റെ ദൗത്യം സാർവ്വത്രികമാണെന്നതുപോലെ സഭയുടെ ദൗത്യവും സാർവ്വത്രികമാണ്. ഉത്ഥിതനായ നാഥൻതന്നെ സഭയെ ഈ സാർവ്വത്രിക ദൗത്യം ഏല്പിച്ചു. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28,19). ഭൂമിയിലെ എല്ലാ നാല്ക്കാലികളും ഇഴജന്തുക്കളും പറവകളും ഉൾക്കൊള്ളുന്നതും സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നതുമായ പാത്രം (അപ്പ 10,12) സഭയുടെ സാർവ്വത്രിക ദൗത്യത്തെ സൂചിപ്പിക്കുന്നു. മലമുകളിൽ പണിയപ്പെട്ട നഗരംപോലെ സഭ എല്ലാവർക്കും ദൃശ്യയാവണം. പീഠത്തിൽ കൊളുത്തിവച്ച ദീപംപോലെ അവൾ സകല ജനതകൾക്കും പ്രകാശമായി പ്രശോഭിക്കണം.

ഭൂമിയുടെ അതിർത്തികൾവരെ രക്ഷയുടെ സന്ദേശം എത്തിക്കുക മാത്രമല്ല, എല്ലാ ജനപദങ്ങളുടെയും സംസ്കാരത്തെ വിശുദ്ധീകരിക്കുകയും സുവിശേഷവത്ക്കരിക്കുകയും സഭയുടെ സാർവ്വത്രിക ദൗത്യത്തിൽപ്പെടുന്നു. ക്രിസ്തുവിന്റെ സഭയ്ക്കു സ്വന്തമായൊരു സംസ്കാരമില്ല. എല്ലാ സംസ്കാരങ്ങളെയും അവൾ സ്വന്തമാക്കുന്നു. യഥാർത്ഥത്തിൽ മാനുഷികമായ ഒന്നും സഭയ്ക്ക് അന്യമല്ല. യഹൂദരുടെയും ഗ്രീക്കുകാരുടെയും സംസ്കാരത്തെ സ്വന്തമാക്കുകയും അവയെ ക്രിസ്തുവത്ക്കരിക്കുകയും ചെയ്ത ആദിമസഭ ഈ സാർവ്വത്രിക ദൗത്യത്തിന്റെ ഉത്തമോദാഹരണമാണ്. ആദ്യത്തെ സാർവ്വത്രിക സൂനഹദോസ് എന്നറിയപ്പെടുന്ന ജറുസലെം സമ്മേളനം (അപ്പ 15) ഈ ദൗത്യനിർവ്വഹണത്തിലെ നിർണ്ണായകമായൊരു സംഭവമായിരുന്നു. ക്രിസ്ത്യാനിയാകുന്നവർ യഹൂദനിയമങ്ങൾ മുഴുവനായി സ്വീകരിക്കണം എന്നു ശഠിച്ച പരിച്ഛേദനവാദികൾക്കെതിരേ പരിശുദ്ധാത്മാവുതന്നെ ആ സമ്മേളനത്തിലൂടെ തീരുമാനമെടുത്തു. യേശുക്രിസ്തുവിനെ നാഥനും രക്ഷകനും ആയി ഏറ്റു പറയുന്നതിന് ആരും തങ്ങളുടെ സാംസ്കാരിക പൈതൃകം ഉപേക്ഷിക്കേണ്ടതില്ല – അവ സുവിശേഷത്തിനു വിരുദ്ധമല്ലെങ്കിൽ; ആരും അന്യജനതകളുടെ സംസ്കാരം സ്വീകരിക്കേണ്ടതുമില്ല.

എല്ലാ മതങ്ങളിലും എല്ലാ സംസ്കാരങ്ങളിലും ചില ക്രൈസ്തവ മൂല്യങ്ങളുണ്ട്. (വത്തിക്കാൻ II, അക്രൈസ്തവമതങ്ങൾ 2 കാണുക). പലപ്പോഴും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായി കൂടിക്കുഴഞ്ഞാണ് ഈ മൂല്യങ്ങൾ കാണപ്പെടുന്നത്. അവയെ കണ്ടെത്തുകയും ശുദ്ധീകരിക്കുകയും സഭ

യുടെ ദൗത്യമാണ്. ഓരോ സംസ്കാരത്തിലും ക്രിസ്തു വീണ്ടും അവതരിക്കുന്നതിന് സഭ കളമൊരുക്കണം. "ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി പ്രസവവേദനയനുഭവിക്കുന്നു" (ഗലാ 4,19) എന്നു പറഞ്ഞ വി. പൗലോസ് അപ്പസ്തോലൻ സഭയുടെ ഈ ദൗത്യത്തെ വ്യക്തമാക്കുന്നു. യേശുക്രിസ്തുവിൽനിന്നു ലഭിച്ച സുവിശേഷവും ഓരോ സംസ്കാരത്തിൽനിന്നും സഭ സ്വന്തമാക്കിയ സാംസ്കാരിക പൈതൃകങ്ങളും തമ്മിൽ വേർതിരിച്ചു കാണേണ്ടതുണ്ട്. ഒരു ജനതയുടേതായ സാംസ്കാരിക സവിശേഷതകൾ മറ്റു ജനതകളുടെമേൽ അടിച്ചേല്പിക്കുകയല്ല, ക്രിസ്തുവിന്റെ സുവിശേഷം ഓരോ ജനതയിലും മാംസം ധരിക്കാൻ സഹകരിക്കുകയാണ് സഭയുടെ സാർവ്വത്രിക ദൗത്യം. സാംസ്കാരിക സാത്മീകരണം (Inculturation) എന്ന് അറിയപ്പെടുന്ന ഈ പ്രക്രിയ സഭ എക്കാലത്തും നിർവ്വഹിച്ചിരുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് ഏക സഭയിൽ നിലനില്ക്കുന്ന വ്യത്യസ്ത റീത്തുകൾ. ഈ ദൗത്യം സഭ ഇന്നും തുടരുന്നു; തുടർന്നുകൊണ്ടിരിക്കുകയും വേണം.

ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലാത്ത പുതിയ ജനപദങ്ങളിലേക്കു സുവിശേഷവുമായി കടന്നുചെല്ലുന്ന സഭ ആ ജനങ്ങളുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും മനോഭാവങ്ങളെയും അവയുടെ ആഴത്തിൽ അറിയുകയും അവയുമായി സംവാദത്തിൽ ഏർപ്പെടുകയും വേണം. ഇപ്രകാരമുള്ള മിഷൻ പ്രവർത്തനം സഭയുടെതന്നെ വളർച്ചയ്ക്കു സഹായിക്കും, അവളുടെ മനോഹാരിത വർദ്ധിപ്പിക്കും. ലോകത്തെ മുഴുവൻ ദൈവത്തിനായി വിശുദ്ധീകരിച്ചു പ്രതിഷ്ഠിക്കുന്നത് ഈ പ്രക്രിയയിലൂടെയാണ്. ഈ തുറന്ന മനോഭാവം കാത്തുസൂക്ഷിക്കാത്ത സഭ മുരടിച്ചുപോകും; ഉറകെട്ട ഉപ്പിനും പുളിപ്പില്ലാത്ത പുളിമാവിനും തുല്യമാകും. ചിലപ്പോഴെല്ലാം മിഷനറിമാർ സുവിശേഷം പ്രസംഗിക്കാനുള്ള തീക്ഷ്ണതയിൽ ഈ സത്യം വിസ്മരിക്കുകയും തങ്ങളുടെ സംസ്കാരത്തെ ക്രിസ്തുവിന്റെ സുവിശേഷമായി തെറ്റിദ്ധരിച്ച് അവ അന്യജനതകളുടെമേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയും ചെയ്തതിന്റെ ദുഃഖസ്മരണകൾ സഭയ്ക്കുണ്ട്. അതിനാൽ പല രാജ്യങ്ങളിലും സഭ വൈദേശികമായി തെറ്റിദ്ധരിക്കപ്പെടുന്നു. ഭാരതത്തിലും ഒരു പരിധിവരെ ഇതു സംഭവിച്ചിട്ടുണ്ട്. ഭാരതീയ സംസ്കാരവുമായുള്ള സംഭാഷണത്തിലും സ്വാംശീകരണത്തിലും സഭ ഇനിയും ബഹുദൂരം യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

***b. കാതോലിക പ്രബോധനം:*** മനുഷ്യരക്ഷയ്ക്കായി ദൈവം വെളിപ്പെടുത്തിയ സത്യം അതിന്റെ പൂർണ്ണതയിൽ സഭ കാത്തുസൂക്ഷിക്കുകയും വിശ്വസ്തതയോടെ പഠിപ്പിക്കുകയും ചെയ്യുന്നു എന്നതിനാൽ സഭ കാതോലികമാണ്. യേശുക്രിസ്തുവിലാണ് ദൈവിക വെളിപാട് അതിന്റെ പൂർണ്ണ

തയിൽ നമുക്കു ലഭിച്ചത്. അപ്പസ്തോലന്മാരുടെ പ്രബോധനത്തിലൂടെ പിൻതലമുറകൾക്കു കൈമാറി വരുന്ന ദൈവാവിഷ്കൃതസത്യം കലർപ്പില്ലാതെയും, വെട്ടിക്കുറയ്ക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാതെയും, അതിന്റെ തനിമയിലും പൂർണ്ണതയിലും കാത്തുസൂക്ഷിക്കുക സഭയുടെ കർത്തവ്യമാണ്. ഈ കാതോലികത്വം അപ്പസ്തോലികമാണ്. തനിക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസസത്യത്തിന്റെ ആഴങ്ങളിലേക്ക് പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ സഭ കടന്നുചെല്ലുന്നു. ഓരോ കാലഘട്ടത്തിനും സംസ്കാരത്തിനും ആവശ്യകമായ വിധത്തിൽ ഈ വിശ്വാസത്തെ വിശദീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുക സഭയുടെ ദൗത്യമാണ്. ക്രിസ്തുനാഥൻ വെളിപ്പെടുത്തിയതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുകയല്ല, വെളിപ്പെടുത്തപ്പെട്ട സത്യത്തെ കൂടുതൽ കൂടുതലായി ഗ്രഹിക്കുകയും പഠിപ്പിക്കുകയുമാണ് സഭ ചെയ്യുന്നത്. ഈ അർത്ഥത്തിലും കാതോലികത്വം നിശ്ചലമല്ല, വളർന്നുകൊണ്ടിരിക്കുന്നതാണ്.

***c. കാതോലികത്വം കൂട്ടായ്മയിൽ:*** എല്ലാ റീത്തുകളും പ്രാദേശിക സഭകളും രൂപതകളും അടങ്ങുന്ന ഒറ്റസഭ എന്ന നിലയിലും സഭ കാതോലികമാണ്. ഇതിന്റെ ഫലമായി സഭയിലെ എല്ലാ റീത്തുകൾക്കും തുല്യമായ മഹത്വവും ബഹുമതിയും അവകാശങ്ങളുമുണ്ട് (വത്തിക്കാൻ II, പൗരസ്ത്യസഭകൾ 3). അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ കീഴിലുള്ള ഓരോ രൂപതയ്ക്കും സഭയിൽ തുല്യസ്ഥാനമാണുള്ളത്. ഇതു പത്രോസിന്റെ പരമാധികാരത്തെയോ നേതൃത്വത്തെയോ നിഷേധിക്കുന്നില്ല. സഭകൾ തമ്മിൽ നിലനില്ക്കേണ്ടത് സഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും ചൈതന്യമാണ്, ആധിപത്യത്തിന്റേതല്ല.

ലോകം മുഴുവൻ വ്യാപിക്കുന്ന ക്രിസ്തുശരീരമാണ് സഭ. അതിലെ ഓരോ അവയവവും പരസ്പരം സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. അതിനാൽ ഭാരതത്തിലെ ക്രൈസ്തവന് ആഫ്രിക്കയിലും അമേരിക്കയിലും ഉള്ള ക്രൈസ്തവരെ സഹോദരങ്ങളായി കാണാൻ കഴിയും. സാർവ്വത്രിക സൂനഹദോസുകളിലും ആഗോള സഭയിലെ മെത്രാന്മാരുടെ സിനഡിലും ഈ കാതോലിക കൂട്ടായ്മ ഏറ്റം അധികം സ്പഷ്ടമാകുന്നു. ഈ സമ്മേളനങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ശ്രമിക്കുമ്പോൾ എല്ലാ പ്രതിനിധികൾക്കും തുല്യമായ വോട്ടവകാശമാണുള്ളത് എന്നും ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നത് എന്നും ഉള്ള കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഭൗതികസമ്പത്തുള്ള സഭകൾ അതില്ലാത്തവരുമായി പങ്കുവയ്ക്കുന്നതും ഒരു പ്രാദേശിക സഭയിൽനിന്ന് മറ്റൊന്നിലേക്കു പ്രേഷിതവേലയ്ക്കായി വിശ്വാസികൾ പോകുന്നതും ഈ കാതോലികത്വ

ത്തിന്റെ അടിസ്ഥാനത്തിലാണ്. സഭകൾ തമ്മിലുള്ള സമ്പർക്കവും കൂട്ടായ്മയും എല്ലാ സഭകൾക്കും ഉപകാരപ്രദമാവുന്നു; ഇതിലൂടെ എല്ലാ സഭകളും വളരുകയും അങ്ങനെ കാതോലിക സഭ കൂടുതൽ ധന്യയാവുകയും ചെയ്യുന്നു.

***d. പ്രേഷിതദൗത്യം:*** സഭയുടെ കാതോലിക സ്വഭാവത്തിന്റെ ഭാഗമാണ് പ്രേഷിതദൗത്യം. ലോകജനതകളെ മുഴുവൻ യേശുക്രിസ്തുവിന്റെ മൗതികശരീരത്തിൽ ഒന്നിപ്പിക്കാനുള്ള ദൗത്യം തന്നെയാണിത്. "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20,22) എന്ന യേശുവിന്റെ വാക്കുകൾ സഭയുടെ പ്രേഷിതദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാണെന്നു വ്യക്തമാക്കുന്നു. "തീർത്ഥാടകസഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണ്. കാരണം പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽനിന്നാണ് അവളുടെ ഉത്ഭവം" (വത്തിക്കാൻ II, പ്രേഷിതപ്രവർത്തനം 2). "എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുക" (എഫേ 1,10) എന്ന ദൈവിക പദ്ധതിയുടെ സാക്ഷാത്ക്കാരത്തിനുവേണ്ടിയാണ് സഭ സ്ഥാപിതമായിരിക്കുന്നത്.

## സഭയ്ക്കുപുറമേ രക്ഷ?

ദൈവത്തിന്റെ പദ്ധതിയിൽ എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷയുടെ മാർഗ്ഗമാണ് സഭ. ഈ സത്യം ഊന്നിപ്പറയുന്നതിനായി ഏ.ഡി. 249–ൽ തന്റെ ഒരു പ്രസംഗത്തിൽ ഒറിജെൻ ഇങ്ങനെ പ്രസ്താവിച്ചു: "ആരും സ്വയം വഞ്ചിക്കാതിരിക്കട്ടെ. ആ ഭവനത്തിനു പുറത്ത്, അതായത് സഭയ്ക്കുപുറത്ത്, ആരും രക്ഷിക്കപ്പെടുന്നില്ല, പുറത്തു പോകുന്നയാൾ സ്വന്തം മരണത്തിനു കുറ്റക്കാരനായിരിക്കും" (യേശുവിന്റെ കപ്പലിൽ 3,5). "സഭയ്ക്കു പുറമേ രക്ഷയില്ല" എന്നു നാം കേട്ടു പരിചയിച്ചിട്ടുള്ള ചൊല്ലിന്റെ ഉറവിടം ഇതാണ്. ഇതിന്റെ വെളിച്ചത്തിൽ, മാമ്മോദീസായിലൂടെ സഭയിൽ അംഗത്വം സ്വീകരിക്കുകയും സഭയിൽ നിലനില്ക്കുകയും ചെയ്യുന്നവർ മാത്രമേ രക്ഷ പ്രാപിക്കുകയുള്ളു എന്ന ഒരു ചിന്താഗതി ക്രൈസ്തവരുടെ ഇടയിൽ നിലനിന്നു. അതിന് ഉപോദ്ബലകമായി രണ്ട് ബൈബിൾ ഉദ്ധരണികളും അവതരിപ്പിക്കപ്പെട്ടു. "വിശ്വാസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,16). "പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർ മാത്രമേ രക്ഷ പ്രാപിച്ചുള്ളു" (1 പത്രോ 3,20). ഈ ചിന്താഗതിയും വ്യാഖ്യാനവും സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ ആവശ്യകതയെ എടുത്തുകാട്ടിയെങ്കിലും അതോടോപ്പം വളരെ പ്രധാനമായ ചില ചോദ്യങ്ങൾക്കു വഴിതെളിക്കുകയും ചെയ്തു. സഭയെക്കുറിച്ചു കേൾക്കുകയോ രക്ഷയുടെ ഏക മാർഗ്ഗമാണു സഭയെന്നു വിശ്വ

സിക്കാൻ കഴിയുകയോ ചെയ്യാത്തവരെ ദൈവം ശിക്ഷിക്കും എന്നു പറയാൻ സാധിക്കുമോ? ദൈവം നീതിമാനായ വിധിയാളനും എല്ലാവരുടെയും പിതാവുമാണെങ്കിൽ നിരപരാധികളെ ശിക്ഷിക്കുന്നതെങ്ങിനെ? ഇന്നും ലോക ജനസംഖ്യയിൽ ഭൂരിഭാഗവും സഭയ്ക്കു പുറത്താണ്. സഭയ്ക്കുതന്നെ രണ്ടായിരം വർഷത്തെ പഴക്കമേയുള്ളു. അപ്പോൾ ഒരു ചെറിയ ന്യൂനപക്ഷത്തെ മാത്രമാണോ ദൈവം രക്ഷിക്കാൻ ആഗ്രഹിക്കുന്നത്?

"സഭയ്ക്കുപുറമേ രക്ഷയില്ല" എന്ന വിശ്വാസത്തിനു താങ്ങായി അവതരിപ്പിക്കുന്ന ബൈബിൾ ഭാഗങ്ങൾ സസൂക്ഷ്മം അപഗ്രഥിച്ചാൽ ഈ പ്രസ്താവനയെ അവ താങ്ങിനിർത്തുകയില്ല എന്നു വ്യക്തമാകും. പ്രസക്തമായ ചില കാര്യങ്ങൾ മാത്രം എടുത്തുകാട്ടട്ടെ. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15) എന്ന കല്പന നല്കിയതിനുശേഷമാണ് "വിശ്വസിക്കാത്തവർ ശിക്ഷിക്കപ്പെടും" എന്ന മുന്നറിയിപ്പു നല്കുന്നത്. ആദ്യമേ സുവിശേഷ പ്രഘോഷണം നടക്കണം. അതു വിശ്വാസത്തിലേക്കു നയിക്കണം. വിശ്വാസമാകട്ടെ ദൈവത്തിന്റെ ദാനമാണ്. അപ്പോൾ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം ലഭിച്ചിട്ടും അതിനെ നിഷേധിക്കുകയോ വിശ്വാസിക്ക് അനുയോജ്യമാംവിധം ജീവിക്കാതിരിക്കുകയോ ചെയ്യുന്നവരാണ് ശിക്ഷിക്കപ്പെടുക. സുവിശേഷം പ്രഘോഷിക്കാനുള്ള ശിഷ്യസമൂഹത്തിന്റെ ഉത്തരവാദിത്വത്തെയാണ് ഈ വാക്യം എടുത്തുകാട്ടുന്നത്. സുവിശേഷം കേൾക്കാത്തവരെക്കുറിച്ച് ഇവിടെ ഒന്നും പറയുന്നില്ല.

പത്രോസിന്റെ ലേഖനത്തിൽ ജ്ഞാനസ്നാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ബോധ്യപ്പെടുത്താൻ വേണ്ടിയാണ് പ്രളയത്തിന്റെയും പെട്ടകത്തിന്റെയും ഉദാഹരണം ഉപയോഗിച്ചിരിക്കുന്നത്. "ആ പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർ മാത്രമേ ജലത്തിലൂടെ രക്ഷ പ്രാപിച്ചുള്ളു. അതിന്റെ സാദൃശ്യമുള്ള ജ്ഞാനസ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു" (1 പത്രോ 3,20 –21). ജലത്തിലൂടെയുള്ള രക്ഷയ്ക്കാണ്, പെട്ടകത്തിൽ കയറാത്തവർക്കു സംഭവിച്ച നാശത്തിനല്ല ഇവിടെ ഊന്നൽ നല്കപ്പെടുന്നത്. ജ്ഞാനസ്നാനത്തിലൂടെ സഭയിൽ പ്രവേശനവും രക്ഷയും ലഭിക്കുന്നു എന്നല്ലാതെ ജ്ഞാനസ്നാനം സ്വീകരിക്കാത്തവർ ശിക്ഷിക്കപ്പെടും എന്ന് ഈ വാക്യത്തിൽ നിന്നു തെളിയുന്നില്ല.

മധ്യധരണ്യാഴിക്കു ചുറ്റുമുള്ള രാജ്യങ്ങൾക്കപ്പുറത്തുള്ള ലോകത്തെക്കുറിച്ചോ പുരാതനങ്ങളായ മതങ്ങളെക്കുറിച്ചോ അറിവില്ലാത്തവർക്ക് "സഭയ്ക്കു പുറമേ രക്ഷയില്ല" എന്ന പ്രസ്താവന സ്വീകരിക്കാൻ ഏറെ പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ മറ്റു ജനതകളും ലോകമതങ്ങളുമായി

സംഭാഷണത്തിൽ ഏർപ്പെട്ടപ്പോൾ സഭയുടെ നിലപാടും വിശ്വാസവും കൂടുതൽ വ്യക്തമാക്കേണ്ടിവന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ വിഷയത്തെക്കുറിച്ച് സുപ്രധാനമായൊരു പഠനം നല്കുന്നുണ്ട്.

*"ക്രിസ്തുവിന്റെ സഭയെ ഒരവശ്യഘടകമായി ദൈവം സ്ഥാപിച്ചു എന്നറിഞ്ഞിട്ടും അതിൽ പ്രവേശിക്കാനും നിലനില്ക്കാനും വിസമ്മതിക്കുന്നവർ രക്ഷപ്പെടുക സാധ്യമല്ല. സ്വന്തം കുറ്റത്താലല്ലാതെ സുവിശേഷം അറിയാതിരിക്കുന്നവരെ ദൈവം തനിക്കുമാത്രം അറിയാവുന്ന മാർഗ്ഗങ്ങളിലൂടെ വിശ്വാസത്തിലേക്ക് – ദൈവത്തെ പ്രസാദിപ്പിക്കാൻ അത്യന്താപേക്ഷിതമായ വിശ്വാസത്തിലേക്ക് – (ഹെബ്രാ 11,6) നയിക്കുവാൻ പാടുണ്ടെങ്കിലും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ആവശ്യകതയും (1 കോറി 9,16) അതേസമയം അതിനുള്ള പരിശുദ്ധമായ അവകാശവും സഭയ്ക്കുണ്ട്. തന്മൂലം എക്കാലത്തും എന്നതുപോലെ ഇന്നും മിഷൻ പ്രവർത്തനത്തിന്റെ ശക്തിയും ആവശ്യകതയും അഭംഗുരമായി നിലകൊള്ളുന്നു".* (വത്തിക്കാൻ II, പ്രേഷിതപ്രവർത്തനം 7)

"സഭയ്ക്കു പുറമെ രക്ഷയില്ല" എന്ന ചൊല്ല് സഭയെ രക്ഷയുടെ മാർഗ്ഗമായി അറിഞ്ഞിട്ടും സഭയിൽ അംഗമാകാത്തവരെയും സഭയെ വിട്ടുപേക്ഷിച്ചു പോകുന്നവരെയും സംബന്ധിച്ചു മാത്രമേ അന്വർത്ഥമാകുന്നുള്ളു. മറ്റുള്ളവരെ ദൈവം തന്റേതായ മാർഗ്ഗത്തിലൂടെ രക്ഷിക്കും എന്ന് സൂനഹദോസ് പഠിപ്പിക്കുന്നു. ഇത് പ്രേഷിതപ്രവർത്തനത്തെ മന്ദീഭവിപ്പിക്കരുത് എന്ന് സൂനഹദോസ് പ്രത്യേകം ഓർമ്മിപ്പിക്കുന്നുമുണ്ട്. കാരണം എല്ലാ ജനതകളെയും യേശുവിൽ ഒന്നിപ്പിക്കുക എന്ന ദൈവത്തിന്റെ പദ്ധതിയുടെ സാക്ഷാത്ക്കാരമാണ് സഭയെ ഏല്പിച്ചിരിക്കുന്നത്.

"യേശുക്രിസ്തുവിലൂടെ മാത്രമേ രക്ഷയുള്ളു" എന്ന പ്രസ്താവന ഇതിൽനിന്നു വ്യത്യസ്തമാണ്. കാരണം ദൈവികജീവനിലുള്ള പങ്കുചേരലാണ് രക്ഷ. ദൈവികജീവൻ നമുക്കു ലഭിക്കുന്നത് യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവും വഴിയാണ്. യേശുവിനെ അറിഞ്ഞാലും ഇല്ലെങ്കിലും ത്രിയേക ദൈവത്തെ പ്രാപിക്കാൻ യേശുവിലൂടെ മാത്രമേ സാധിക്കൂ. തങ്ങൾ അറിയാതെ ആരാധിക്കുന്നത് ക്രിസ്തുവിനെ തന്നെയാണെന്ന് വി. പൗലോസ് ആഥൻസുകാരോടു പറഞ്ഞു (അപ്പ 17,22-31). തങ്ങൾ അറിയാതെ ആരാധിക്കുന്നവനെക്കുറിച്ച് ലോകജനതകളെ അറിയിക്കാൻ സഭയ്ക്കുള്ള കടമ വി. പൗലോസ് വ്യക്തമാക്കുന്നു. "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും. എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെട്ടു

ന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്" (റോമാ 10,13 –15). സകല ജനതകളോടും സന്തോഷത്തിന്റെ സദ്വാർത്ത അറിയിക്കാനായി സഭ അയയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവദത്തമായ ഈ ദൗത്യം നിർവ്വഹിക്കാൻ സഭ തന്റെ പ്രേഷിതവേല തുടരണം. പ്രേഷിതദൗത്യം നിർവ്വഹിക്കാത്ത സഭ കാതോലികമല്ല.

## 4. അപ്പസ്തോലിക സഭ

ക്രിസ്തുനാഥൻ അപ്പസ്തോലന്മാരെ ഏല്പിച്ച ദൗത്യം തുടർന്നു നിർവ്വഹിക്കുന്നതിനാൽ സഭ അപ്പസ്തോലികമാണ് എന്നു നാം ഏറ്റു പറയുന്നു. എന്നാൽ ആരാണ് അപ്പസ്തോലന്മാർ? യേശു പ്രത്യേകം തിരഞ്ഞെടുത്ത പന്ത്രണ്ടുപേരാണ് അപ്പസ്തോലന്മാർ എന്ന് എല്ലാവർ ക്കും അറിയാവുന്നതിനാൽ ഈ ചോദ്യം അപ്രസക്തമായി തോന്നിയേക്കാം. എന്നാൽ വി. പൗലോസ് താൻ ക്രിസ്തുവിന്റെ അപ്പസ്തോലനാണ് എന്ന് ആവർത്തിച്ച് അവകാശപ്പെടുന്നുണ്ട്. എല്ലാ ലേഖനങ്ങളും തന്നെ "ക്രിസ്തുവിന്റെ അപ്പസ്തോലനായ പൗലോസ്" എന്ന വിശേഷണത്തോടെയാണ് ആരംഭിക്കുന്നത്. മറ്റു പലരെയും അപ്പസ്തോലന്മാരായി വി. പൗലോസ് വിശേഷിപ്പിക്കുന്നുമുണ്ട്. അന്ത്രോണിക്കോസും യൂണിയസും അപ്പസ്തോലഗണത്തിലെ പ്രമുഖരാണ് (റോമാ 16,7). എപ്പാഫ്രോദിത്തോസ് ഫിലിപ്പിയിലെ സഭയ്ക്ക് അപ്പസ്തോലനാണ് (ഫിലി 2,25). വേറെയും അപ്പസ്തോലന്മാരെക്കുറിച്ചു വി, പൗലോസിന്റെ ലേഖനങ്ങളിൽ പരാമർശമുണ്ട് (1കോറി 4,9; 2 കോറി 8,23; 1തെസ 2,6). അപ്പോൾ പന്ത്രണ്ടുപേർ മാത്രമായിരുന്നില്ല അപ്പസ്തോലന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത് എന്നു പുതിയനിയമത്തിൽനിന്നു തന്നെ തെളിയുന്നു. അതിനാൽ ആരാണ് അപ്പസ്തോലൻ എന്ന ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്.

അയയ്ക്കപ്പെട്ടവൻ എന്നാണ് *അപ്പോസ്തൊലോസ്* എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം. ഇതിന്റെ സുറിയാനി രൂപമാണ് *ശ്ലീഹാ*. ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവൻ എന്നാണ് ഈ പദം നല്കുന്ന സൂചന. താൻ ക്രിസ്തുവിന്റെ അപ്പസ്തോലനാണ് എന്നു സ്ഥാപിക്കാനായി മൂന്നു കാര്യങ്ങളാണ് വി.പൗലോസ് എടുത്തു കാട്ടുന്നത്. 1. താൻ കർത്താവായ യേശുവിനെ കണ്ടിട്ടുണ്ട്. 2. സുവിശേഷം മനുഷ്യരിൽ നിന്നല്ല, യേശുവിൽനിന്നു നേരിട്ടാണ് സ്വീകരിച്ചത്. 3. കർത്താവിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും പ്രാദേശിക സഭകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് (1 കോറി 9,1–2; ഗലാ 1,12). അപ്പസ്തോലന്മാർ എന്നു പൗലോസ് വിളിക്കുന്ന മറ്റുള്ളവരുടെയും യോഗ്യതകൾ ഇതൊക്കെത്തന്നെ ആയിരിക്കണം. ഈ വിശാല

മായ അർത്ഥത്തിലാണ് അപ്പസ്തോലന്മാർ എന്ന പദത്തെ പുതിയനിയമം വിശദീകരിക്കുന്നതെങ്കിലും കൂടുതൽ നിഷ്കൃഷ്ടമായ അർത്ഥത്തിൽ പന്ത്രണ്ടുപേർ മാത്രമാണ് അപ്പസ്തോലന്മാർ. ഈ പന്ത്രണ്ടു പേരുടെ പ്രത്യേക യോഗ്യതയും കർത്തവ്യവും അപ്പ സ്തോല പ്രവർത്തനങ്ങളിൽ നിർവ്വചിച്ചിട്ടുണ്ട്. അവർ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷികളായിരിക്കണം. യേശുവിന്റെ പരസ്യജീവിതകാലം മുഴുവൻ യേശുവിനോടൊപ്പം സഞ്ചരിച്ചവരും ആയിരിക്കണം (അപ്പ 1,21–22).

യേശുവിനോടൊത്തു വസിക്കുകയും യേശുവിൽനിന്നു നേരിട്ടു പഠിക്കുകയും ഉത്ഥിതനായ നാഥനെ കാണുകയും അവനിൽനിന്നു നേരിട്ടു പ്രേഷിതദൗത്യം സ്വീകരിക്കുകയും ചെയ്ത പന്ത്രണ്ടുപേർ തന്നെയാണ് പൂർണ്ണമായ അർത്ഥത്തിൽ അപ്പസ്തോലന്മാർ. അവരുടെ സാക്ഷ്യത്തിന്മേൽ സഭയുടെ വിശ്വാസം അടിയുറച്ചിരിക്കുന്നു; അവരുടെ പ്രബോധനം സഭ തുടർന്നു പഠിപ്പിക്കുന്നു; അവരിൽനിന്നു ലഭിച്ച അധികാരമാണ് സഭയ്ക്കുള്ളത്. പന്ത്രണ്ടപ്പസ്തോലന്മാരുടെയും അവരുടെ തലവനായ പത്രോസിന്റെയും പിൻഗാമികളാൽ നയിക്കപ്പെടുന്നതിനാലും അവരുടെ ദൗത്യം തുടർന്നു നിർവ്വഹിക്കുന്നതിനാലും സഭ അപ്പസ്തോലികമാണ് എന്നു നാം ഏറ്റുപറയുന്നു.

താൻ നല്കുന്ന പഠനം അപ്പസ്തോലന്മാരുടേതു തന്നെയാണോ എന്ന് സഭ എന്നും പരിശോധിക്കേണ്ടതുണ്ട്. തന്റെ ജീവിതശൈലിയും ശുശ്രൂഷകളും പ്രേഷിതവൃത്തിയും അപ്പസ്തോലന്മാരിൽനിന്നു ലഭിച്ച മാതൃകയനുസരിച്ചാണോ എന്ന് സഭ എന്നും ആത്മശോധന ചെയ്യണം. ഈ കർത്തവ്യത്തിൽനിന്ന് ആരും, വ്യക്തികളും സഭാസമൂഹങ്ങളും, ഒഴിവാക്കപ്പെടുന്നില്ല. “അപ്പസ്തോലിക സഭയുടെ സാക്ഷ്യം ബൈബിളിൽനിന്നു നമുക്കു ലഭിക്കുന്നു. അതിനാൽ ബൈബിൾ സഭയുടെ അപ്പസ്തോലികത്വത്തിനു മാനദണ്ഡമാണ്” എന്നു പറയാറുണ്ട്. എന്നാൽ “ബൈബിൾ മാത്രം” എന്ന പ്രോട്ടസ്റ്റന്റു നവീകരണക്കാരുടെ ഈ നിലപാട് മുഴുവനും ശരിയല്ല. അപ്പസ്തോലികവിശ്വാസം ബൈബിളിലൂടെയും സഭയുടെ സജീവ പാരമ്പര്യത്തിലൂടെയുമാണ് നമുക്കു ലഭിക്കുന്നത് എന്നു നാം കണ്ടുകഴിഞ്ഞു. അതിനാൽ ബൈബിളിനെ മാനദണ്ഡമായി എടുത്തുകൊണ്ടുതന്നെ സജീവ പാരമ്പര്യത്തിലൂടെ കൈമാറി വന്നിട്ടുള്ള ആദിമസഭയുടെ സാക്ഷ്യവും പരിഗണിക്കേണ്ടതുണ്ട്.

ഏകത്വവും വിശുദ്ധിയും കാതോലികത്വവും പോലെതന്നെ അപ്പസ്തോലികത്വവും നിശ്ചലമായൊരു ലക്ഷണമല്ല. അപ്പസ്തോലന്മാരുടെ പ്രബോധനം സഭയിൽ നിരന്തരമായ ധ്യാനത്തിനും പഠനത്തിനും വിഷയ

മാകുന്നു. പ്രാർത്ഥനയിലൂടെയും ആരാധനയിലൂടെയും ഇതര സംസ് കാര ങ്ങളുമായുള്ള സംവാദത്തിലൂടെയും ഈ പ്രബോധനത്തിന്റെ ആഴങ്ങളി ലേക്കു പരിശുദ്ധാത്മാവ് സഭയെ നിരന്തരം നയിക്കുന്നു. നിരന്തരമായ ആത്മ ശോധനയ്ക്കും മാനസാന്തരത്തിനും വളർച്ചയ്ക്കും ക്ഷണിക്കുന്നതാണ് സഭ യുടെ അപ്പസ്തോലികത്വം.

ഇവയ്ക്കുപുറമെ വേറെയും അനേകം അടയാളങ്ങൾ ക്രിസ്തുവിന്റെ സഭയ്ക്കുണ്ട്. എന്നാൽ സഭയുടെ അന്തഃസത്തയും സ്വഭാവവും വെളിപ്പെ ടുത്താൻ ഏറ്റം പ്രധാനപ്പെട്ടവയാണ് ഈ നാല് അടയാളങ്ങൾ. “ഇഹത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമെന്ന നിലയിൽ കത്തോലിക്കാ സഭയിലാണ് ക്രിസ്തുവിന്റെ മേല്പറഞ്ഞ സഭ ദൃശ്യമാവുക” (വത്തിക്കാൻ II, തിരുസ്സഭ 8). മറ്റു സഭകളെല്ലാം വിവിധങ്ങളായ കാരണങ്ങളാൽ ഭിന്നിച്ചു പിരിഞ്ഞുപോയവയാണ്. എന്നാലും പല സഭകളിലും മേല്പറഞ്ഞ അടയാ ളങ്ങളിൽ പലതും സജീവമായി നിലകൊള്ളുന്നുണ്ട്. ഈ സഭകളിലെല്ലാം പരിശുദ്ധാത്മാവുതന്നെ പ്രവർത്തിക്കുന്നു എന്നതിന്റെ അടയാളങ്ങളാണവ. വേർപിരിഞ്ഞുപോയ സഹോദരങ്ങൾ (Separated brethren) എന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇതര സഭകളെ വിളിക്കുന്നത്. തന്റെ സഭയുടെ ഐക്യത്തിനുവേണ്ടിയുള്ള ക്രിസ്തുനാഥന്റെ പ്രാർത്ഥന ഇന്നും തുടരുന്നു. എല്ലാവരും ഒരുമിച്ച് ഒറ്റ അജഗണമായിത്തീരുമ്പോൾ മാത്രമേ സഭ പൂർണ്ണ മാവുകയുള്ളു.

# 4. ശുശ്രൂഷകൾ

ഇന്നു കത്തോലിക്കാസഭയിൽ നിലവിലിരിക്കുന്ന അത്മായ – പുരോഹിത വ്യത്യാസവും മാർപ്പാപ്പാ, മെത്രാൻ, പുരോഹിതൻ എന്ന ഭരണസംവിധാനവും യേശുക്രിസ്തു വിഭാവനം ചെയ്തതാണോ? "ഭൂമിയിൽ ആരെയും നിങ്ങൾ പിതാവേ എന്നു വിളിക്കരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു പിതാവേയുള്ളു. നിങ്ങളെല്ലാം സഹോദരന്മാരാണ്" (മത്താ 23,9) എന്ന യേശുവിന്റെ വ്യക്തമായ പഠനത്തിനു വിരുദ്ധമല്ലേ ഈ തരം തിരിവും ഘടനാസംവിധാനവും? ആദിമസഭയിൽ എല്ലാവരും തുല്യരായിട്ടല്ലേ പരിഗണിക്കപ്പെട്ടിരുന്നത്? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾക്ക് ഇന്നു കത്തോലിക്കർ ഉത്തരം പറയാൻ നിർബ്ബന്ധിതരാകുന്നുണ്ട്. സഭയുടെ ഘടനയെയും വിവിധ അധികാരതലങ്ങളെയുംകുറിച്ച് ബൈബിളിന്റെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ ചുരുക്കമായി പ്രതിപാദിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

## 1. സഭ ഒരു കരിസ്മാറ്റിക് സമൂഹം

അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെ വിവിധ സ്ഥലങ്ങളിൽ രൂപംകൊണ്ട സമൂഹങ്ങൾ വിശ്വാസികളുടെ ഒരു കൂട്ടായ് മയായിരുന്നു. ഒരേ വിശ്വാസത്തിൽ പങ്കുചേരുകയും ക്രിസ്തുവാകുന്ന ഒരേ കേന്ദ്രത്തിൽനിന്നു ശക്തിയാർജ്ജിക്കുകയും ചെയ്തിരുന്നെങ്കിലും എല്ലാവർക്കും ഒരേ ധർമ്മവും ഒരേ കഴിവുകളും അല്ല ഉണ്ടായിരുന്നത്. ദൈവം തന്റെ അഭീഷ്ടമനുസരിച്ച് സഭയിൽ ഓരോരുത്തർക്കും അവരവരുടേതായ കടമകളും കഴിവുകളും നല്കുന്നു. സഭാ ശരീരത്തിന്റെ പൊതുവായ നന്മയ്ക്കും വളർച്ചയ്ക്കും ഉതകുന്ന വിധത്തിലാണ് അവയവങ്ങളുടെ ധർമ്മങ്ങളും അവ നിർവ്വഹിക്കാൻ ആവശ്യമായ ദാനങ്ങളും നല്കപ്പെടുന്നത്.

സഭയിലെ വിവിധ കടമകളെ "ശുശ്രൂഷകൾ" എന്നാണ് പുതിയനിയമം വിശേഷിപ്പിച്ചിരിക്കുന്നത്. വി. പൗലോസ് കോറിന്തോസിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇതിനെക്കുറിച്ച് ഏറ്റം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. "ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവൃത്തികളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോ

ദനം നല്കുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവു വെളിപ്പെടുന്നതു പൊതുനന്മയ്ക്കു വേണ്ടിയാണ്" (1കോറി 12,4-7) ആത്മാവു നല്കുന്ന വിവിധങ്ങളായ ദാനങ്ങളുടെ ഒരു പട്ടിക വി. പൗലോസ് തുടർന്ന് അവതരിപ്പിച്ചിട്ടുണ്ട് (1കോറി 12,8-11) ജ്ഞാനം, വിശ്വാസം, രോഗശാന്തി, അത്ഭുതപ്രവർത്തനം, പ്രവചനം, ആത്മാക്കളുടെ വിവേചനം, ഭാഷാവരം, വ്യാഖ്യാനവരം, എന്നിങ്ങനെ വൈവിധ്യമാർന്ന വരങ്ങൾ നല്കി പരിശുദ്ധാത്മാവു സഭയെ വളർത്തുകയും ലോകജനതകൾക്കു മുമ്പിൽ ക്രിസ്തുവിനു സാക്ഷിയായി പ്രകാശിക്കാൻ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ ദാനങ്ങൾ ഗ്രീക്കുഭാഷയിൽ *കരിസ്മ* എന്ന് അറിയപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ സമ്പുഷ്ടമായ സമൂഹം എന്ന അർത്ഥത്തിൽ സഭയെ കരിസ്മാറ്റിക് സമൂഹം എന്നു വിളിക്കുന്നു,

ആത്മാവിന്റെ ദാനങ്ങൾ വ്യക്തികൾക്കാണ് നല്കപ്പെട്ടിരിക്കുന്നത്. അവയ്ക്കുവേണ്ടി ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതും അഭിലഷണീയം തന്നെ. പരിശുദ്ധാത്മാവ് സഭയിൽ പ്രവർത്തിക്കുന്നു എന്നതിന്റെ അടയാളങ്ങളാണ് ഈ ദാനങ്ങൾ. എന്നാൽ, ദാനങ്ങൾ അവയിൽത്തന്നെ വ്യക്തിയുടെ വിശ്വാസത്തിന്റെയോ വിശുദ്ധിയുടെയോ അടയാളങ്ങളാ യിരിക്കണം എന്നില്ല. പലരും തങ്ങൾക്കു ലഭിച്ച ദാനങ്ങൾ ദുരുപയോഗിക്കുകയും സമൂഹത്തിന്റെ വളർച്ചയ്ക്കെന്നതിനേക്കാൾ പിളർപ്പിനും തകർച്ചയ്ക്കും കാരണമാക്കുകയും ചെയ്ത സംഭവങ്ങൾ പുതിയനിയമത്തിൽത്തന്നെ കാണാം.

ദാനങ്ങൾ എല്ലാം നല്ലതും ഉപകാരപ്രദവുമാണ്. എന്നാൽ അവ ഫലമുളവാക്കണം. ഫലത്തിൽനിന്നാണ് വൃക്ഷം അറിയപ്പെടുന്നത് (മത്താ 7,16). കർത്താവിന്റെ നാമത്തിൽ പ്രവചിക്കുകയും പിശാചുക്കളെ പുറത്താക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർപോലും സ്നേഹത്തിന്റെയും നീതിയുടെയും ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ തിരസ്കരിക്കപ്പെടും എന്നു കർത്താവു പഠിപ്പിക്കുന്നു. "നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (മത്താ. 7,23). മേല്പറഞ്ഞ ദാനങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ 5,22-23) എന്നിങ്ങനെയുള്ള ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുവേണ്ടിയാണ് നല്കപ്പെടുന്നത്. പരസ്പരം സ്നേ ഹിക്കുകയും ക്ഷമിക്കുകയും, ദയയോടും കരുണയോടുംകൂടി പെരുമാറുകയും ചെയ്യുന്ന വ്യക്തികളുടെ സമൂഹമായിരിക്കണം സഭ. ഫലങ്ങളാണ്. ക്രിസ്തീയവിശ്വാസത്തിന്റെ മാറ്റു തെളിയിക്കുന്നത്.

## 2. പുരോഹിതസമൂഹം

ദാനങ്ങളാലും ഫലങ്ങളാലും സമലംകൃതയായ സഭ "തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോ 2,29). സമൂഹത്തെ മുഴുവനുംകൂടിയാണ് വി.പത്രോസ് "പുരോഹിതഗണം" എന്നു വിളിക്കുന്നത്. ഇസ്രായേൽ ജനത്തിനു നല്കപ്പെട്ട ദൗത്യത്തിന്റെ (പുറ 19,5-6) പൂർത്തീകരണം നാം സഭയിൽ കാണുന്നു. ലോകജനതകളെ മുഴുവൻ ക്രിസ്തുവിലൂടെ ദൈവത്തിനു പ്രതിഷ്ഠിക്കുകയും അങ്ങനെ ദൈവത്തി ന്റെ രാജഭരണം ഭൂമിയിൽ ഒരു യഥാർത്ഥ്യമാക്കുകയും ആണ് സഭയുടെ പുരോഹിതധർമ്മം. സുവിശേഷ പ്രഘോഷണവും കർത്താവു നല്കിയ സ്നേഹത്തിന്റെ നിയമം അനുസരിച്ചുള്ള ജീവിതവുംവഴി ഈ ധർമ്മം പൂർത്തീകരിക്കപ്പെടുന്നു. ഇതിൽ സഭയിലെ എല്ലാ അംഗങ്ങളും ഒരുപോലെ പങ്കുചേരുന്നു.

പുരോഹിതന്റെ പ്രധാനധർമ്മം ബലിയർപ്പണമത്രേ. ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനമാണ് ബലിയർപ്പണത്തിന്റെ പ്രധാന ലക്ഷ്യം. പഴയനിയമ ബലികൾക്ക് അസാധ്യമായിരുന്ന ഈ അനുരഞ്ജനം ക്രിസ്തു തന്റെ ബലിയിലൂടെ നിർവ്വഹിച്ചു. അവൻ തന്റെതന്നെ രക്തം ബലിയർപ്പിച്ചുകൊണ്ട് ദൈവസന്നിധിയിൽ പ്രവേശിക്കുകയും നമുക്കായി നിരന്തരം മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു (ഹെബ്രാ 9,24-28). യേശുവിന്റെ ബലി ആവർത്തിക്കപ്പെടാനാവില്ല. യേശുവല്ലാതെ മറ്റൊരു പുരോഹിതൻ ഉണ്ടാവുകയും സാധ്യമല്ല. എന്നാൽ തന്റെ ബലിയർപ്പണത്തിലൂടെ നേടിയെടുത്ത പാപമോചനവും രക്ഷയും എല്ലാ മനുഷ്യർക്കും ലഭ്യമാകുന്നതിനുവേണ്ടി യേശു തന്റെ പൗരോഹിത്യത്തിലും ബലിയർപ്പണത്തിലും സഭയെ മുഴുവൻ പങ്കാളിയാക്കുന്നു. അതിനാലാണ് സഭയെ "പുരോഹിതഗണം" എന്ന് വി. പത്രോസ് വിശേഷിപ്പിക്കുന്നത്.

യേശുവിന്റെ ബലിയിൽ പങ്കുചേരുന്ന സഭാംഗങ്ങൾ തങ്ങളെത്തന്നെ ദൈവത്തിനു സ്വീകാര്യമായ ബലിയായി സമർപ്പിക്കണം (1 പത്രോ 2,5). "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി അർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന" (റോമാ 12,1). ലോകത്തിന് അനുരൂപരാകാതെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുന്നതിലൂടെ ഈ ബലിയർപ്പണം സാധ്യമാകുന്നു. സഭയിലെ ഓരോ അംഗവും തനിക്കു ലഭിച്ചിരിക്കുന്ന ദാനവും ദൗത്യവുമനുസരിച്ച് തന്നെത്തന്നെയും ലോകത്തെയും വിശുദ്ധീകരിക്കുകയും അങ്ങനെ ദൈവത്തിനു പുരോഹിത ശുശ്രൂഷയർപ്പിക്കുകയും ചെയ്യാൻ കട

പ്പെട്ടിരിക്കുന്നു. കുടുംബത്തെ പുലർത്താനും മക്കളെ യഥാർത്ഥ ദൈവമക്കളായി വളർത്താനുംവേണ്ടി സ്വയം വ്യയം ചെയ്യുന്ന മാതാപിതാക്കൾ, നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ നിർമ്മിതിക്കുവേണ്ടി നിസ്വാർത്ഥരായി അഹോരാത്രം അധ്വാനിക്കുകയും പീഡനമേല്ക്കുകയും ചെയ്യുന്ന സാമൂഹിക – രാഷ്ട്രീയ പ്ര വർത്തകർ, യഥാർത്ഥ ജ്ഞാനമായ ദൈവജ്ഞാനം കുഞ്ഞുങ്ങൾക്കു പകർന്നുകൊടുക്കുന്ന അധ്യാപകർ, പ്രപഞ്ചത്തിന്റെ രഹസ്യങ്ങൾ ക ണ്ടെത്തി അവയെ സ്രഷ്ടാവിന്റെ പദ്ധതിയ്ക്കനുസരിച്ച് മനുഷ്യന് ഉപകാരപ്രദമാക്കാൻ അധ്വാനിക്കുന്ന ശാസ്ത്രജ്ഞന്മാർ, തങ്ങളുടെ വേദനകളും, ക്ലേശങ്ങളും ക്ഷമയോടെ സ്വീകരിച്ച് ക്രൂശിതനായ ക്രിസ്തുവിനോടനുരൂപരാകുന്ന രോഗികൾ, അനാഥരും രോഗികളുമായവരിൽ യേശുവിനെ പരിചരിക്കുന്നവർ ഇങ്ങനെ വൈവിധ്യമാർന്ന വിധത്തിൽ സഭാംഗങ്ങൾ ക്രിസ്തുവിനോടുചേർന്ന് തങ്ങളുടെ പുരോഹിതധർമ്മം നിർവ്വഹിക്കുന്നു (വത്തിക്കാൻ II , തിരുസ്സഭ 34).

ദൈവവചനം ഹൃദയത്തിൽ സ്വീകരിക്കുകയും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അതു പ്രഘോഷിക്കുകയും ചെയ്യുന്നതിനു വിളിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ ഒന്നടങ്കം ക്രിസ്തുവിന്റെ പ്രവാചകദൗത്യത്തിൽ പങ്കുചേരുന്നു. തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നവരെ രക്ഷയുടെ മാർഗ്ഗത്തിലൂടെ നയിക്കുമ്പോൾ ക്രിസ്തുവിന്റെ അജപാലന ദൗത്യത്തിലും സഭയിലെ ഓരോ അംഗവും തന്റേതായ രീതിയിൽ പങ്കുചേരുന്നു. ഇതിനെല്ലാം ആവശ്യമായ വരങ്ങൾ പരിശുദ്ധാത്മാവുതന്നെയാണ് ഓരോരുത്തർക്കും നല്കുന്നത്.

## 3. ശുശ്രൂഷയുടെ തലങ്ങൾ

സഭയുടെ ശുശ്രൂഷകളിൽ വൈവിധ്യം മാത്രമല്ല ഒരു പ്രത്യേക ക്രമവും നിലനില്ക്കുന്നുണ്ട്. "ദൈവം സഭയിൽ ഒന്നാമത് അപ്പസ്തോലന്മാരെയും രണ്ടാമത് പ്രവാചകന്മാരെയും മൂന്നാമത് പ്രബോധകന്മാരെയും തുടർന്ന് അത്ഭുതപ്രവർത്തകർ, രോഗശാന്തി നല്കുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധ ഭാഷകൾ സംസാരിക്കുന്നവർ എന്നിവരെയും നിയമിച്ചിരിക്കുന്നു" (1 കോറി 12,28). ഈ ശുശ്രൂഷകളെല്ലാം സഭാസമൂഹത്തിന്റെ പൊതു നന്മയെയും വളർച്ചയെയും സഹായിക്കുന്ന വിധത്തിലാണ് നിർവ്വഹിക്കപ്പെടേണ്ടത്. അതിനു വിരുദ്ധമായി ഓരോരുത്തർ താന്താങ്ങളുടെ ഇഷ്ടാനുസരണം ശുശ്രൂഷകൾ നടത്തി സഭയിൽ അനൈക്യമുണ്ടാക്കിയപ്പോൾ വി. പൗലോസ് വളരെ കർശനമായ നിലാപാടു സ്വീകരിക്കുന്നതായി കാണാം. "പ്രവാചകനെന്നോ ആത്മീയ മനുഷ്യനെന്നോ ആരെങ്കിലും തന്നെ

ത്തന്നെ കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്കു ഞാൻ എഴുതുന്ന ഈ സംഗതികൾ കർത്താവിന്റെ കല്പനയായി അവൻ അംഗീകരിക്കണം. ആരെങ്കിലും ഇത് അംഗീകരിക്കുന്നില്ലെങ്കിൽ അവനും അംഗീകരിക്കപ്പെടുകയില്ല" (1 കോറി 14,37-38).

ക്രിസ്തുനാഥൻ തന്റെ സഭയ്ക്കു വ്യക്തമായ ഒരു നേതൃത്വം സ്ഥാപിച്ചു നല്കിയിട്ടുണ്ട്. തന്നെ അനുഗമിച്ച ജനത്തിൽനിന്ന് (laos) ശിഷ്യന്മാരെയും (mathethai) അവരിൽനിന്ന് പന്ത്രണ്ട് അപ്പസ്തോലന്മാരെയും അവർക്കു തലവനായി പത്രോസിനെയും തിരഞ്ഞെടുക്കുന്നതും അവർക്ക് ആവശ്യമായ അധികാരങ്ങൾ നല്കുന്നതും നാം കണ്ടുകഴിഞ്ഞു. പിൻതലമുറയ്ക്കു കൈമാറാൻ പറ്റാത്തവിധം അപ്പസ്തോലന്മാർക്കു സ്വകീയമായ ചിലതുണ്ടായിരുന്നു. യേശുവിനെ നേരിൽ കണ്ടറിഞ്ഞ വ്യക്തിപരമായ അനുഭവമായിരുന്നു അത്. ആ അനുഭവമാണ് അവരെ സഭയുടെ അടിത്തറയാക്കുന്നത് (എഫേ 2,20). ഈ അടിത്തറയിൽ പണിതുയർത്തുകയാണ് ആവശ്യം. അതിനായി അപ്പസ്തോലന്മാർ തങ്ങളെ സഹായിക്കാനും തങ്ങൾക്കുശേഷം ദൗത്യം തുടരാനുമായി സഹായികളെയും പിന്തുടർച്ചക്കാരെയും സഭയിൽ നിയമിച്ചതായി പുതിയനിയമം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നേതൃത്വനിരയിൽ ഡീക്കന്മാർ, ശ്രേഷ്ഠന്മാർ, മെത്രാന്മാർ എന്നിങ്ങനെ മൂന്നു തലങ്ങൾ കാണാം.

**a. ഡീക്കന്മാർ**: ശുശ്രൂഷചെയ്യുന്നവൻ, ഭക്ഷണമേശയിൽ പരിചരിക്കുന്നവൻ, എന്നൊക്കെയാണ് *ഡിയാക്കൊണോസ്* എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം. സഭയുടെ കൂട്ടായ്മയ്ക്കു കോട്ടം തട്ടത്തക്ക വിധത്തിൽ ചിലർ അവഗണിക്കപ്പെടുന്നു എന്ന പരാതിയുണ്ടായപ്പോഴാണ് അപ്പസ്തോലന്മാർ ചിലരെ ഡീക്കന്മാരായി നിയമിച്ചത്. "ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ടു നിറഞ്ഞവരുമായ ഏഴു പേരെ നിങ്ങളിൽ നിന്നു കണ്ടുപിടിക്കുവിൻ, ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം" (അപ്പ 6,2-3). സഭാസമൂഹം ചിലരെ തിരഞ്ഞെടുത്തു; അപ്പസ്തോലന്മാർ അവരുടെമേൽ കൈവച്ചു പ്രാർത്ഥിച്ചുകൊണ്ട് അവരെ ഡീക്കന്മാരായി നിയോഗിച്ചു. സഭാസമൂഹം മുഴുവനും അവരവരുടേതായ വിധത്തിൽ ഈ നിയമനത്തിൽ പങ്കുചേർന്നു. സഭയുടെ ഭൗതിക കാര്യങ്ങളിൽ നേതൃത്വം നല്കുന്നതിനുവേണ്ടിയാണ് ഡീക്കന്മാരെ തിരഞ്ഞെടുത്തത്. അപ്പസ്തോലന്മാർ തങ്ങളുടെ ദൗത്യത്തിന്റെ ഒരുഭാഗം അവരെ ഏല്പിക്കുകയായിരുന്നു.

അപ്പസ്തോലന്മാർ തുടങ്ങിവച്ച ഈ പാരമ്പര്യം സഭയിൽ തുടർ ന്നു. ഡീക്കന്മാർക്കുണ്ടായിരിക്കേണ്ട ഗുണഗണങ്ങളെക്കുറിച്ച് വി.പൗലോസ് വ്യക്തമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട് (1 തിമോ 3,8-13). സഭയിലെ ഭൗതിക കാര്യങ്ങളുടെ ചുമതലയാണ് ഡീക്കന്മാർക്കു മുഖ്യമായും ഉണ്ടായിരുന്നതെങ്കിലും സുവിശേഷ പ്രഘോഷണത്തിലും മറ്റ് അജപാലന ധർമ്മങ്ങളിലും അവർ പങ്കുചേർന്നിരുന്നതായിക്കാണാം. "കൗദാശികകൃപാവരത്താൽ ശക്തരായി മെത്രാനോടും ദൈവികവൃന്ദത്തോടുമുള്ള ഐക്യത്തിൽ ദൈവാരാധനാകർമ്മം, വചനശുശ്രൂഷ, പരസേവനം, എന്നിവയിലൂടെ അവർ ദൈവത്തെ സേവിക്കുന്നു" (വത്തിക്കാൻ II, തിരുസ്സഭ 29). സ്ഥൈര്യലേപനം, പാപമോചനം, ദിവ്യബലിയർപ്പണം എന്നിവയൊഴികെ പുരോഹിതന്മാർ ചെയ്യുന്ന എല്ലാ കർമ്മങ്ങളും അനുഷ്ഠിക്കാൻ ഡീക്കന്മാർക്ക് അധികാരമുണ്ട്. പല സഭകളിലും ഇടക്കാലത്തു നിന്നുപോവുകയോ നാമമാത്രമായി അവശേഷിക്കുകയോ ചെയ്ത ഡീക്കൻ പദവി ആഗോളസഭയിൽ പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉദ്ബോധിപ്പിക്കുകയുണ്ടായി.

**b. ശ്രേഷ്ഠന്മാർ**: ക്രിസ്തുനാഥൻ തങ്ങളെ ഏല്പിച്ച ദൗത്യം നിർവ്വഹിക്കുന്നതിനായി അപ്പസ്തോലന്മാർ സഭകളിൽ ശ്രേഷ്ഠന്മാരെ നിയമിച്ചു. *പ്രെസ്ബിത്തെരോസ്* (presbyteros) എന്നാണ് ഇവർ വിളിക്കപ്പെട്ടിരുന്നത്. പൗലോസും ബാർണബാസും തങ്ങളുടെ പ്രേഷിതയാത്രയ്ക്കുമധ്യേ സ്ഥാപിച്ച "സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ച്, പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ, അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു" (അപ്പ 14,23). സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിക്കാനായി പൗലോസ് തീത്തോസിനെ ഉദ്ബോധിപ്പിച്ചു (തീത്തോ 1,5). ജറുസലെമിലേക്കുള്ള അന്ത്യയാത്രാ മധ്യേ പൗലോസ് മിലേത്തോസിൽ വച്ച് "എഫേസോസിലേക്ക് ആളയച്ച് സഭയിലെ ശ്രേഷ്ഠന്മാരെ വരുത്തി" (അപ്പ 20,17). "നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവു സ്വന്തം രക്തത്താൽ നേടിയെടുത്ത സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവു നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ" (അപ്പ 20,28) എന്ന് അവരെ ഉദ്ബോധിപ്പിച്ചു. അപ്പസ്തോലന്മാർ തന്നെയാണ് ശ്രേഷ്ഠന്മാരെ നിയമിക്കുകയും അവർക്ക് അധികാരം ഏല്പിച്ചു കൊടുക്കുകയും ചെയ്തതെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. ഒരേ പ്രാദേശിക സഭയിൽത്തന്നെ ഒന്നിലധികം ശ്രേഷ്ഠന്മാരുണ്ടായിരുന്നു. അപ്പസ്തോലന്മാർ കൈവയ്പും പ്രാർത്ഥനയും വഴിയാണ് അവർക്ക് അജപാലനദൗത്യം ഏല്പിച്ചു കൊടുത്തത്. അവർ സഭയിൽ കൂടുതൽ ബഹുമാനം അർഹി

ക്കുന്നു(1തിമോ 5,17). അവർക്കു സഭയിൽ പ്രത്യേക അധികാരം ഉണ്ടായിരുന്നു (യാക്കോ 5,14). സഭാംഗങ്ങൾ അവർക്കു വിധേയരായിരിക്കണം (1 പത്രോ. 5,5).

പുരോഹിതനെ സൂചിപ്പിക്കാൻ *ഹീയെരൂസ്* (hiereus) എന്ന ഗ്രീക്കു പദമാണ് ബൈബിൾ ഉപയോഗിക്കുന്നത്. ഈ പദം "ശ്രേഷ്ഠന്മാരെ" വിശേഷിപ്പിക്കാനായി പുതിയനിയമത്തിൽ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. എന്നാൽ ദൈവജനത്തെ മുഴുവൻ സൂചിപ്പിക്കാനായി ഈ പദം ഉപയോഗിച്ചിട്ടുള്ളതായി കാണുന്നുമുണ്ട് (1പത്രോ 2,29). അതിനാൽ ഇന്നു നിലവിലുള്ള പുരോഹിതശുശ്രൂഷ ബൈബിളിൽ അടിസ്ഥാനമില്ലാത്തതാണ് എന്ന് പ്രോട്ടസ്റ്റന്റു നവീകരണക്കാർ വാദിച്ചു. പ്രോട്ടസ്റ്റന്റു സഭകൾ വൈദികൻ (priest) എന്ന പദത്തിനു പകരം ശുശ്രൂഷി (minister), അജപാലകൻ (pastor) എന്നീ പേരുകളാണ് ഉപയോഗിക്കുക. പൗരോഹിത്യത്തെ ഒരു കൂദാശയായി അംഗീകരിക്കാത്ത അനേകം പ്രോട്ടസ്റ്റന്റ് സഭാവിഭാഗങ്ങളുണ്ട്.

കുമ്പസാരം എന്ന കൂദാശയെ നിഷേധിക്കുകയും വിശുദ്ധ കുർബ്ബാനയെ അന്ത്യത്താഴത്തിന്റെ ഓർമ്മ മാത്രമായി കരുതുകയും ചെയ്യുന്നവർക്ക് ന്യായമായും കത്തോലിക്കാ സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിധത്തിലുള്ള പൗരോഹിത്യത്തെ നിഷേധിക്കേണ്ടി വരുന്നു. ക്രിസ്തുനാഥൻ അപ്പസ്തോലന്മാർക്കു പാപമോചനാധികാരം നല്കി എന്ന് സുവിശേഷങ്ങൾ അനിഷേധ്യമായി സാക്ഷിക്കുന്നുണ്ട് (മത്താ 18,18; യോഹ 20,23). യേശുവിന്റെ അന്ത്യത്താഴം സാധാരണ ഒരു വിരുന്നു മാത്രമായിരുന്നില്ല. അതൊരു ബലിവിരുന്നായിരുന്നു. വിഭജിക്കപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവും രക്തത്തിലുള്ള പുതിയ ഉടമ്പടിയും എല്ലാം ബലിയർപ്പണത്തെയാണു സൂചിപ്പിക്കുക. തന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യാൻ ആവശ്യപ്പെട്ട യേശുനാഥൻ അപ്പസ്തോലന്മാർക്കു പുരോഹിതാധികാരം നല്കുകയായിരുന്നു എന്നതിൽ സംശയത്തിനവകാശമില്ല. ഈ അധികാരമാണ് അവർ ശ്രേഷ്ഠന്മാർക്കു കൈമാറിയത്. അതിനാൽ ശ്രേഷ്ഠന്മാർ യഥാർത്ഥത്തിൽ പുരോഹിതരായിരുന്നു.

പുരോഹിതൻ (hiereus) എന്ന പദം ഉപയോഗിക്കാത്തത് പഴയനിയമ പൗരോഹിത്യത്തിൽ നിന്ന് ഇതു തികച്ചും വ്യത്യസ്തമായതിനാലാണ്. അതേസമയം ദൈവജനത്തിന്റെ മുഴുവൻ പൗരോഹിത്യത്തിൽനിന്നും വ്യത്യസ്തമാണ് ശ്രേഷ്ഠന്മാരുടെ പൗരോഹിത്യം. രണ്ടും യേശുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കുചേരൽ തന്നെ. എന്നാൽ യേശു കാൽവരിയിൽ അർപ്പിച്ച അതേ ബലി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിലൂടെ ഇന്ന്

ഒരു യാഥാർത്ഥ്യമാക്കി പുനരാവിഷ്കരിക്കാൻ ഉള്ള അധികാരമാണ് ശുശ്രൂഷാപൗരോഹിത്യം വഴി നല്കപ്പെടുന്നത്. ബലിയുടെ ആവർത്തനമല്ല, യേശുവിന്റെ അതേ ബലി ഇന്ന് ഇവിടെ ഒരു യാഥാർത്ഥ്യമാക്കി മാറ്റുകയും അതിൽ സജീവമായി പങ്കുചേരാൻ ദൈവജനത്തിന് അവസരം നല്കുകയുമാണ് പുരോഹിതൻ ചെയ്യുക. ഇത് വിശുദ്ധീകരണദൗത്യത്തിന്റെ ഭാഗമാണ്. പാപമോചനം നല്കുന്നതും ഈ ദൗത്യത്തിന്റെ ഭാഗം തന്നെ.

പുതിയ നിയമത്തിൽ ശ്രേഷ്ഠൻ (presbyteros) മെത്രാൻ (episcopos) എന്നീ പദങ്ങൾ അർത്ഥവ്യത്യാസമില്ലാതെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ തുല്യ അധികാരമുള്ള ശ്രേഷ്ഠന്മാർ മാത്രമല്ല, ഓരോ പ്രാദേശിക സഭയിലും ശ്രേഷ്ഠന്മാരുടെ സമൂഹത്തിന് ഒരു നേതാവും മേലധികാരിയും ഉണ്ടായിരുന്നു എന്ന് ന്യായമായും ഊഹിക്കാൻ കഴിയും. വി. പൗലോസ് തീത്തോസിനു നല്കുന്ന നിർദ്ദേശം ഇതു വ്യക്തമാക്കുന്നു. "ഞാൻ നിന്നെ ക്രേത്തെയിൽ വിട്ടിട്ടുപോന്നത് നീ അവിടത്തെ കുറവുകളെല്ലാം പരിഹരിക്കുന്നതിനും ഞാൻ നിർദ്ദേശിച്ചവിധം എല്ലാ പട്ടണങ്ങളിലും ശ്രേഷ്ഠന്മാരെ നിയമിക്കുന്നതിനും വേണ്ടിയാണ്" (തീത്തോ 1,5). ശ്രേഷ്ഠന്മാരുടെയും (1 തിമോ 4,14) പൗലോസിന്റെയും (2 തിമോ 1,6) കൈവയ്പുവഴി തിമോത്തേയോസിനു ലഭിച്ച പ്രത്യേക വരവും ദൗത്യവും ഈ വ്യത്യാസത്തിലേക്കു വിരൽ ചൂണ്ടുന്നു. തിമോത്തിയോസും തീത്തോസും ശ്രേഷ്ഠന്മാരാണ്; എന്നാൽ അവർ തങ്ങളുടെ സഭയിലെ ശ്രേഷ്ഠന്മാരുടെ മേലാധികാരികളുമാണ്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മെത്രാൻ, ശ്രേഷ്ഠൻ, ഡീക്കൻ എന്നീ മൂന്നു ശുശ്രൂഷകൾ തികച്ചും വ്യതിരിക്തമായി നിലനിന്നു എന്നു സഭാപിതാക്കന്മാരുടെ സാക്ഷ്യം തെളിയിക്കുന്നു.

അന്തിയോക്യായിലെ വി. ഇഗ്നേഷ്യസ് ഏ.ഡി. 106-ൽ ഫിലാഡെൽഫിയായിലെ സഭയ്ക്കുള്ള കത്തിന്റെ ആമുഖത്തിൽ ആ സഭയെ പ്രശംസിച്ചുകൊണ്ട് ഇപ്രകാരം എഴുതി: "സഭാംഗങ്ങളെല്ലാവരോടും മെത്രാനോടും യേശുക്രിസ്തുവിന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തിന്റെ സഹായികളായി നിയോഗിക്കപ്പെട്ട ശ്രേഷ്ഠന്മാരോടും ഡീക്കന്മാരോടും ഒന്നിച്ച് ഐക്യത്തിൽ കഴിയുന്ന സഭ......അനന്തമായ സന്തോഷത്തിന്റെ ഉറവിടമാണ്".

**C. മെത്രാൻമാർ:** മേൽനോട്ടക്കാരൻ എന്നർത്ഥമുള്ള *എപ്പിസ്കോപ്പോസ്* എന്ന ഗ്രീക്കുപദമാണ് മെത്രാൻ എന്നു നാം വിവർത്തനം ചെയ്യുന്നത്. ഇതിന്റെ ഇംഗ്ലീഷുരൂപമാണ് *ബിഷപ്പ്.* പ്രാദേശികസഭയിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളായി നിയമിക്കപ്പെട്ടവരാണ് അവർ. അപ്പസ്തോലന്മാരെ ക്രിസ്തുനാഥൻ ഏല്പിച്ച ദൗത്യം മെത്രാന്മാരിലൂടെ സഭയിൽ നില

നിന്നുപോരുന്നു. പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കാനുമുള്ള അധികാരം അവരിൽ നിക്ഷിപ്തമായിരിക്കുന്നു. തിമോത്തേയോസിനും തീത്തോസിനും വി. പൗലോസ് നല്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും ഇതു വ്യക്തമാക്കുന്നു. സഭയുടെ അപ്പസ്തോലികത്വവും ഐക്യവും മെത്രാന്മാരിലൂടെയാണ് പ്രകടമാകുന്നതും നിലനില്ക്കുന്നതും. പ്രാദേശികസഭയിൽ, അഥവാ രൂപതയിൽ, മെത്രാൻ ക്രിസ്തുവിന്റെ പ്രതിനിധിയാണ്. സുവിശേഷം പ്രഘോഷിക്കാനും വിശ്വാസസത്യങ്ങൾ ഔദ്യോഗികമായി പഠിപ്പിക്കാനും കൂദാശകൾവഴി ദൈവജനത്തെ വിശുദ്ധീകരിക്കാനും ഉള്ള അധികാരവും കടമയും മെത്രാന്റേതാണ്. ദൈവജനമായ അജഗണത്തിന്റെ ഇടയനാണ് മെത്രാൻ (1 പത്രോ 5,1–3). രൂപതയിലെ വൈദികരും മറ്റ് അജപാലക പ്രവർത്തകരും മെത്രാന്റെ സഹായികളത്രേ. അതിനാൽ ഇടവകകളുടെ ഉത്തരവാദിത്വം വഹിക്കുന്ന വൈദികർ മെത്രാന്റെ സ്ഥാനപതികൾ അഥവാ വികാരിമാരാണ്.

മെത്രാന്മാരുടെ അധികാരത്തെയും കടമകളെയും കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് സുദീർഘമായി പ്രതിപാദിച്ചിട്ടുണ്ട് (വത്തിക്കാൻ II, തിരുസ്സഭ 18–28, മെത്രാന്മാർ). രൂപതയിൽ ക്രിസ്തുവിന്റെ പ്രതിനിധിയായി വർത്തിക്കുന്ന മെത്രാൻ ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല, ആഗോളസഭയിലെ മെത്രാൻ സംഘത്തിന്റെ അംഗമെന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. സഭയെ പൊതുവായി സംബന്ധിക്കുന്ന കാര്യങ്ങളിൽ കൂട്ടായ വിചിന്തനങ്ങളിലൂടെയും ചർച്ചകളിലൂടെയും അവർ തീരുമാനങ്ങളെടുക്കുന്നു. ഈ കൂട്ടായ്മയുടെ ഉത്തമോദാഹരണമാണ്, സാർവ്വത്രിക സൂനഹദോസുകളും മെത്രാന്മാരുടെ സിനഡും. മെത്രാൻ സംഘത്തോടും സംഘത്തിന്റെ തലവനായ മാർപ്പാപ്പായോടുമുള്ള ഐക്യത്തിൽ മാത്രമേ ഒരു മെത്രാന് തന്റെ ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിക്കാൻ കഴിയൂ.

മെത്രാന്മാർ തങ്ങൾക്കു ലഭിച്ചിരിക്കുന്ന "പരിശുദ്ധാധികാരം ഉപയോഗിക്കുന്നത് ഞങ്ങളുടെ അജഗണത്തെ സത്യത്തിലും വിശുദ്ധിയിലും ഉത്തേജിപ്പിക്കാൻ മാത്രമായിരിക്കണം" (വത്തിക്കാൻ II, തിരുസ്സഭ 27). വലിയ ഇടയനായ ക്രിസ്തുവിനു മുമ്പിൽ, തന്നെ ഏല്പിച്ചിരിക്കുന്ന രൂപതയാകുന്ന അജഗണത്തിന്റെ കണക്കു കൊടുക്കാൻ ബാധ്യസ്ഥനാണ് മെത്രാൻ. ഹിപ്പോയിലെ മെത്രാനായിരുന്ന വി. അഗസ്തീനോസിന്റെ വാക്കുകൾ സ്മരണീയമത്രേ: "ഞാൻ നിങ്ങൾക്കുവേണ്ടി എന്തായിരിക്കുന്നുവോ അത് എന്നെ ഭയപ്പെടുത്തുന്നു; ഞാൻ നിങ്ങളോടുകൂടി എന്തായിരിക്കുന്നുവോ അത് എന്നെ ആശ്വസിപ്പിക്കുന്നു. നിങ്ങൾക്കുവേണ്ടി ഞാൻ ഒരു മെത്രാനാണ്. നിങ്ങളോ

ടുകൂടി ഞാനൊരു ക്രിസ്ത്യാനിയാണ്. ആദ്യത്തേത് ഒരു കടമയെ സൂചിപ്പിക്കുന്നു; രണ്ടാമത്തേത് അനുഗ്രഹത്തേയും. ആദ്യത്തേത് അപകടകരമാണ്. രണ്ടാമത്തേത് രക്ഷാകരവും" (വത്തിക്കാൻ II , തിരുസ്സഭ 32).

**d. പത്രോസിന്റെ പിൻഗാമി:** അപ്പസ്തോലസമൂഹത്തിന്റെ തലവനും സഭയുടെ അടിസ്ഥാനവുമായി ക്രിസ്തു പത്രോസിനെ നിയമിച്ചു. തന്റെ സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാനും അജഗണത്തെ നയിക്കാനും ഉള്ള ചുമതലയും അദ്ദേഹത്തെ ഏല്പിച്ചു. റോമാ മെത്രാനാണ് റോമിൽവച്ച് രക്തസാക്ഷിത്വം വരിച്ച പത്രോസിന്റെ പിൻഗാമി. മാർപാപ്പാ, പരിശുദ്ധപിതാവ്, ക്രിസ്തുവിന്റെ പ്രതിനിധി, സഭയുടെ ദൃശ്യതലവൻ, എന്നിങ്ങനെ വിവിധ പേരുകളിൽ അദ്ദേഹം അറിയപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ ശുശ്രൂഷകരുടെ ശുശ്രൂഷകൻ (Servant of the servants of God) എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിക്കുക. പത്രോസിന്റെ പിൻഗാമിയെന്ന നിലയിൽ സഭ മുഴുവന്റെയുംമേൽ പരമാധികാരം റോമാ മെത്രാനാണുള്ളത്. സഭയുടെ ഐക്യത്തിന്റെയും കാതോലികത്വത്തിന്റെയും ദൃശ്യമായ അടയാളവും ഫലപ്രദമായ ഉപകരണവുമാണ് റോമാ മെത്രാൻ.

മാർപാപ്പായുടെ അധികാരത്തെയും കടമകളെയും ഒന്നാം വത്തിക്കാൻ സൂനഹദോസ് വിശദമായി നിർവ്വചിച്ചു. അദ്ദേഹം സഭ മുഴുവന്റെയും മേലധികാരിയും മെത്രാനുമാണ്. ദൈവജനം മുഴുവന്റെയുംമേൽ അദ്ദേഹത്തിന് നേരിട്ട് അധികാരമുണ്ട്. വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിക്കുന്ന കാര്യങ്ങൾ സഭയുടെ പരമ്പരാഗത വിശ്വാസസത്യമായി പ്രഖ്യാപിക്കുമ്പോൾ അദ്ദേഹത്തിനു തെറ്റുപറ്റുകയില്ല. ഇതാണ് അപ്രമാദിത്വം എന്നതുകൊണ്ട് അർത്ഥമാക്കുക. "നരകവാതിലുകൾ അതിനെതിരേ പ്രബലപ്പെടുകയില്ല" (മത്താ 16,18) എന്ന് യേശു പത്രോസിനു നല്കിയ വാഗ്ദാനമാണ് അപ്രമാദിത്വത്തിന്റെ അടിസ്ഥാനം. അപ്പസ്തോലന്മാരിൽനിന്നു ലഭിച്ച വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുകയും ആധികാരികമായി പഠിപ്പിക്കുകയും ചെയ്യുന്നതിന്റെ അന്തിമവും പരമവുമായ അധികാരം റോമാ മെത്രാനാണുള്ളത്. പത്രോസു മുതൽ ഇന്നുവരെ ഇടമുറിയാതെ റോമിൽ മെത്രാന്മാരുണ്ട്.

## 4. ഹയരാർക്കി

സഭയുടെ അധികാരങ്ങളെല്ലാം ശുശ്രൂഷകളാണ്. ശിഷ്യന്മാരുടെ മുമ്പിൽ മുട്ടുകുത്തി കാലുകഴുകിക്കൊണ്ട് നാഥൻ നല്കിയ വിനീതമായ ശുശ്രൂഷയാണ് ഈ അധികാരത്തിന്റെയെല്ലാം മാതൃക. സഭാസമൂഹത്തെ

വിശുദ്ധിയിലും ഐക്യത്തിലും പടുത്തുയർത്തുകയും അപ്പസ്തോല പ്രബോധനങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ലോകാവസാനംവരെ ഭൂമിയിലെങ്ങും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയുമാണ് സഭയിലെ അധികാരത്തിന്റെ ലക്ഷ്യം. ഉത്ഥിതനായ ക്രിസ്തുതന്നെ സഭയെ നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. സഭാധികാരികൾ ക്രിസ്തുവിന്റെ പ്രതിനിധികൾ മാത്രം. “നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു” (മത്താ 10,40). സഭയിൽ നിലനില്ക്കുന്ന അധികാരത്തിന്റെ തലങ്ങളെ ഹയരാർക്കി എന്നു വിളിക്കുന്നു. *ഹിയരാ – ആർക്കേ* എന്ന ഗ്രീക്കു പദത്തിൽ നിന്നുത്ഭവിച്ച ഈ വാക്കിന്റെ അർത്ഥം വിശുദ്ധ അധികാരം എന്നാണ്. ക്രിസ്തുവിൽനിന്നു ലഭിച്ചതും ജനത്തെ വിശുദ്ധീകരിക്കാനുള്ളതും എന്ന അർത്ഥത്തിൽ ഇതു മനസ്സിലാക്കണം. ഡീക്കൻ, വൈദികൻ, മെത്രാൻ എന്ന മൂന്നുതലങ്ങളാണ് ഈ അധികാരശ്രേണിക്കുള്ളത്. മെത്രാപ്പോലീത്താ, പാത്രിയർക്കീസ്, കർദ്ദിനാൾ, മാർപാപ്പാ ഈ തലങ്ങളെല്ലാം മെത്രാൻ പദവിയുടെ വിവിധ രൂപങ്ങളാണ്. പ്രാദേശിക സഭയുടെയും റീത്തിന്റെയും ആഗോള സഭയുടെയും മേലുള്ള വ്യത്യസ്ഥങ്ങളായ അധികാരങ്ങളെ ഇവ സൂചിപ്പിക്കുന്നു.

## 5. പിതാക്കന്മാർ

വൈദികനെ “അച്ചൻ” എന്നും മെത്രാനെ “പിതാവ്” എന്നും റോമാ മെത്രാനെ “പരിശുദ്ധപിതാവ്” എന്നും നാം വിളിക്കുന്നു. ഈ അഭിസംബോധനാരൂപം പ്രത്യക്ഷത്തിൽ യേശുവിന്റെ പഠനത്തിനു വിരുദ്ധമായി തോന്നിയേക്കാം (മത്താ 23,9). യഹൂദരുടെ ഇടയിൽ നിലനിന്ന അധികാര പ്രയോഗത്തിൽനിന്നു വ്യത്യസ്തമായിരിക്കണം തന്റെ സഭയി ലെ അധികാരികളുടെ ജീവിതശൈലിയും സമീപനവും എന്ന് പഠിപ്പിക്കാൻ വേണ്ടിയാണ് യേശു ഈ കല്പന നല്കിയത്. ക്രിസ്തുവിന്റെ സഭയിൽ എല്ലാവരും സഹോദരന്മാരാണ്; ക്രിസ്ത്യാനികൾ എന്ന നിലയിൽ എല്ലാവരും തുല്യരാണ്. മറ്റുള്ളവരുടെമേൽ ഉത്തരവാദിത്വമുള്ളവർ കൂടുതൽ വിനീതരും ശുശ്രൂഷാ മനോഭാവമുള്ളവരും ആയിരിക്കണം എന്ന് ഈ കല്പന ഓർമ്മിപ്പിക്കുന്നു.

എന്നാൽ വി. പൗലോസ് കോറിന്തോസിലെ സഭയ്ക്കെഴുതുമ്പോൾ ആ സഭയുടെമേൽ പിതൃത്വം അവകാശപ്പെടുന്നുണ്ട്. “നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കളുണ്ടായിരിക്കാം. എന്നാൽ പിതാക്കന്മാർ അധികമില്ല. സുവിശേഷപ്രസംഗംവഴി യേശുക്രിസ്തുവിൽ നിങ്ങൾക്കു ജന്മം നല്കിയതു ഞാനാണ്” (1 കോറി 4,15). ദൈവം തന്നെയാണ് മനുഷ്യർക്കു

ദൈവികജീവൻ പ്രദാനംചെയ്യുന്നത്. എന്നാൽ സുവിശേഷപ്രഘോഷണം വഴി മനുഷ്യഹൃദയങ്ങളിൽ വിശ്വാസത്തിനു കളമൊരുക്കുകയും മാമ്മോദീസായിലൂടെ അവരെ ദൈവമക്കളാക്കുകയും വി. കുർബ്ബാനയും മറ്റു കൂദാശകളും വഴി ദൈവിക ജീവനിൽ വളർത്തുകയും ചെയ്യുന്നതിനാലാണ് നാം സഭയിലെ വൈദികരെയും മെത്രാന്മാരെയും അച്ചാ, പിതാവേ എന്നൊക്കെ വിളിക്കുന്നത്. ആ വ്യക്തികളോടുള്ള ആദരവു മാത്രമല്ല, നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവനിലുള്ള വിശ്വാസവും പ്രകടമാക്കുന്നതാണ് ഈ അഭിസംബോധനാരൂപം. ജ്ഞാനസ് നാനാർത്ഥിയുടെ വിശ്വാസ രൂപീകരണത്തിൽ മാതാപിതാക്കന്മാരെ സഹായിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരെ തലതൊട്ടപ്പൻ എന്നാണല്ലോ നാം വിളിക്കുക.

വിശ്വാസികളുടെ ആദരവും വിശ്വാസവും പ്രകടമാക്കുന്നതോടൊപ്പം അധികാരികളുടെ ഉത്തരവാദിത്വത്തെയും ഇതു സൂചിപ്പിക്കുന്നു. രാഷ്ട്രീയവും സാമൂഹികവുമായ തലങ്ങളിൽ നിലനില്ക്കുന്ന അധികാരി- അധീനബന്ധമല്ല സഭയിലുള്ളത്. “എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി പ്രസവവേദനയനുഭവിക്കുന്നു” (ഗലാ 4,19) എന്നു പറഞ്ഞ പൗലോസിന് തന്റെ സഭാസമൂഹത്തോടുണ്ടായിരുന്ന ബന്ധമാണ് ഈ അഭിസംബോധനയിലൂടെ പ്രകടമാകുന്നത്. ദൈവത്തിന്റെ പിതൃസഹജമായ സ്നേഹത്തിന്റെ ദൃശ്യമായ സാക്ഷ്യങ്ങളായിരിക്കണം വൈദികരും മെത്രാന്മാരും എന്ന് അവരെ “പിതാവേ” എന്നു വിളിക്കുന്നവർ പ്രതീക്ഷിക്കുന്നു. ഈ അർത്ഥത്തിൽ “പിതാവേ” എന്ന അഭിസംബോധന യേശുവിന്റെ കല്പനയ്ക്കോ പുതിയ നിയമത്തിന്റെ പൊതുവായ പഠനത്തിനോ വിരുദ്ധമല്ല എന്നു കാണാം.

## 6. അത്മായരും വൈദികരും

മേൽ വിവരിച്ച അധികാരശ്രേണിയിൽനിന്ന് സഭാംഗങ്ങളെ വേർതിരിച്ചു കാണിക്കാൻവേണ്ടി അത്മായർ എന്ന പദം നാം ഉപയോഗിക്കുന്നു. “ലോകം” എന്നർത്ഥമുള്ള *അല്മാ* എന്ന സുറിയാനി പദത്തിൽ നിന്നാണ് ഈ പേരുണ്ടായത്. ലൗകിക കാര്യങ്ങളിൽ ഇടപെട്ട് ഈ ലോകത്തെ മുഴുവൻ വിശുദ്ധീകരിച്ച് ദൈവത്തിനു സ്വീകാര്യമായ കാഴ്ചയായി സമർപ്പിക്കാൻ വിളിക്കപ്പെട്ടവർ എന്നാണ് ‘അത്മായർ’ എന്ന പദം സൂചിപ്പിക്കുന്നത്. ലത്തീനിൽ *ലായിക്കൂസ്* (laicus) എന്നും ഇംഗ്ലീഷിൽ *ലെയിറ്റി* (laity) എന്നും ഇതേ അർത്ഥത്തിൽ ഉപയോഗിക്കുന്ന പദത്തിന്റെ ഉത്ഭവം, ദൈവജനം എന്ന് അർത്ഥമുള്ള *ലാവോസ്* എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. രണ്ടു പദങ്ങളും രണ്ടു വ്യത്യസ്തമായ കാഴ്ചപ്പാടികളിൽ നിന്നാണ് രൂപംകൊണ്ടത്. അത്മാ

യർ എന്നത് ലോകത്തോടുള്ള ബന്ധത്തെയും വിളിയെയും സൂചിപ്പിക്കുമ്പോൾ ലെയ്റ്റി എന്നത് ദൈവജനത്തോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. രണ്ടും പരസ്പരം പൂരകങ്ങളാണ്.

സഭയിലെ അധികാരങ്ങളെ മൊത്തത്തിൽ സൂചിപ്പിക്കാൻ വൈദികൻ എന്ന പദമാണ് നാം ഉപയോഗിക്കുക. ഇതു തികച്ചും ഭാരതീയമായ ഒരു പദമാണ്. വേദം അറിയാവുന്നവൻ, വേദം പഠിപ്പിക്കുന്നവൻ എന്നൊക്കെയാണ് പദത്തിന്റെ അർത്ഥം. പ്രബോധനാധികാരത്തെ സൂചിപ്പിക്കുന്നുണ്ടെങ്കിലും സഭയിലെ അധികാരത്തിന്റെ സ്വഭാവത്തെയോ ലക്ഷ്യത്തെയോ സൂചിപ്പിക്കാൻ ഈ പദം അപര്യാപ്തമത്രേ. ലത്തീനിൽ *ക്ലേരിക്കൂസ്* (clericus) എന്നും ഇംഗ്ലീഷിൽ *ക്ലേർജി* (clergy) എന്നുമാണ് സഭാധികാരികളെ പൊതുവേ വിളിക്കുക. "തിരഞ്ഞെടുക്കപ്പെട്ട2വൻ" എന്നാണ് ഇതിന്റെ അർത്ഥം. ബൈബിളിന്റെ കാഴ്ചപ്പാടിൽ കൂടുതൽ അർത്ഥവത്തായൊരു പദമാണിത്. ജനത്തിനുവേണ്ടി ജനത്തിൽനിന്നു ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് സഭയിലെ അധികാരികൾ.

## 7. സന്യാസികൾ

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്നു വ്രതങ്ങളിലൂടെ വിശുദ്ധിയിലേക്കുള്ള യേശുവിന്റെ വിളിക്ക് ഉത്തരം നല്കാനായി തങ്ങളത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നവരാണ് സന്യാസികൾ. തങ്ങൾക്കുള്ളതെല്ലാം ദരിദ്രർക്കു ദാനംചെയ്ത് (മർക്കോ 10,21). ദൈവരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുന്നവരാണ് (മത്താ 19,12) അവർ. "എന്റെ ഹിതമല്ല നിന്റെ ഹിതം നിറവേറട്ടെ" (ലൂക്കാ 22,42) എന്നു പ്രാർത്ഥിച്ച യേശുവിനെ അനുഗമിക്കാനും അനുകരിക്കാനുമായി സ്വന്തം ഇഷ്ടങ്ങളും താല്പര്യങ്ങളും അവർ പൂർണ്ണമായും ദൈവഹിതത്തിനു കീഴ്പ്പെടുത്തുന്നു. സമ്പൂർണ്ണമായ സമർപ്പണത്തിന്റെയും ദൈവത്തിലുള്ള പരിധിയില്ലാത്ത ആശ്രയത്തിന്റെയും പ്രത്യക്ഷമായ മാതൃകയാണ് സന്യാസജീവിതം. 'എനിക്കു ദൈവംമാത്രം മതി' എന്ന് തങ്ങളുടെ ജീവിതത്തിലൂടെ ഏറ്റുപറയുന്ന സന്യാസികൾ സ്വർഗ്ഗരാജ്യത്തിന്റെ സാക്ഷ്യമാണ്. അതോടൊപ്പം സ്വർഗ്ഗരാജ്യത്തിന്റെ സംസ്ഥാപനത്തിനുവേണ്ടി തങ്ങളെത്തന്നെ പൂർണ്ണമായി ഉഴിഞ്ഞുവച്ചവരുമാണവർ.

ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ സംജാതമാകുന്ന പ്രത്യേക സാഹചര്യങ്ങൾക്കു മറുപടിയായിട്ടാണ് ഓരോ സന്യാസ സമൂഹങ്ങൾ രൂപംകൊണ്ടത്. അതിനാൽ ഓരോ സമൂഹത്തിനും പ്രത്യേകമായ ലക്ഷ്യവും ജീവിതശൈലിയും പ്രവർത്തന മണ്ഡലവും ഉണ്ടായിരിക്കണം. ആദ്യാനുഭവ

ത്തിൽനിന്നകന്നു പോകുമ്പോൾ തങ്ങളുടെ സ്ഥാപകന്റെ അരൂപിയിലേക്കും ചൈതന്യത്തിലേക്കും തിരിച്ചുചെന്ന്, അവയെ ആനുകാലികമായി ആവി ഷ്ക്കരിക്കാൻ എല്ലാ സന്യാസമൂഹങ്ങൾക്കും കടമയുണ്ട്. സന്യാസ സമൂ ഹങ്ങൾ സഭയുടെ അനുബന്ധമല്ല; സഭയുടെ അവശ്യഘടകവും പ്രത്യേക ശുശ്രൂഷയുമാണ്. അതിനാൽ ആഗോളസഭയോടും പ്രാദേശിക സഭയോടും യോജിച്ച്, സഭയുടെ പൊതുവായ ദൗത്യത്തെ മുന്നിൽ കണ്ടുകൊണ്ടായിരി ക്കണം സഭാസമൂഹങ്ങൾ തങ്ങളുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ക്രമീകരിക്കുന്നത്.

# 5. കൂദാശകൾ

"നമ്മുടെ ആത്മാക്കളെ പുണ്യപൂർണ്ണമാക്കുവാൻ അദൃശ്യമായ പ്രസാദവരം നല്കുന്നതിന് ഈശോമിശിഹാ സ്ഥാപിച്ച ദൃശ്യമായ അടയാളങ്ങളാകുന്നു കൂദാശകൾ". ബാല്യകാലം മുതലേ കത്തോലിക്കർ മനഃപാഠമാക്കുന്നതാണ് കൂദാശകളെക്കുറിച്ചുള്ള ഈ നിർവ്വചനം. കൂദാശകൾ ഏഴാണ് എന്നു നാം വിശ്വസിക്കുന്നു. എന്നാൽ ഈ നിർവ്വചനവും വിശ്വാസവും ഇന്നു ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഒരു കൂദാശയും അംഗീകരിക്കാത്തവരും മാമ്മോദീസാ, തിരുവത്താഴം എന്നീ രണ്ടു കൂദാശകൾമാത്രം അംഗീകരിക്കുന്നവരുമായ പല ക്രിസ്തീയ വിഭാഗങ്ങളും ഇന്നു നിലവിലുണ്ട്. കൂദാശകളുടെ എണ്ണം നിശ്ചയിച്ചത് ആരാണ്? യേശുക്രിസ്തു സ്ഥാപിച്ചതാണ് ഈ കൂദാശകൾ എന്നതിന് എന്തു തെളിവുണ്ട്? മതബോധന ക്ലാസുകളിൽ കൂദാശകളെക്കുറിച്ച് സംക്ഷിപ്തമായി പഠിച്ച കാര്യങ്ങളുടെ അർത്ഥവും പ്രസക്തിയും ബൈബിളിന്റെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ വിശദമാക്കാൻ ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, രണ്ടാം ഭാഗം "ക്രിസ്തീയരഹസ്യത്തിന്റെ ആഘോഷം" കൂദാശകളെക്കുറിച്ച് സുദീർഘവും സമഗ്രവുമായ പഠനം നൽകുന്നുണ്ട് (1066–1690).

## 1. കൂദാശകൾ ഏഴ്

1547 മാർച്ച് 3–ാം തിയ്യതി തെന്ത്രോസ് സൂനഹദോസ്, ഏഴാം സമ്മേളനത്തിൽ പുറപ്പെടുവിച്ച കൂദാശകളെക്കുറിച്ചുള്ള ഡിക്രിയിൽ, ഇപ്രകാരം പ്രഖ്യാപിച്ചു: "പുതിയ നിയമത്തിന്റെ എല്ലാ കൂദാശകളും നമ്മുടെ കർത്താവായ യേശുക്രിസ്തു സ്ഥാപിച്ചതല്ലെന്നോ, അവ മാമ്മോദീസാ, സ്ഥൈര്യലേപനം, കുർബ്ബാന, പാപമോചനം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നീ ഏഴിൽ കൂടുതലോ കുറവോ ആണെന്നോ ഇവയിൽ ഏതെങ്കിലും യഥാർത്ഥത്തിൽ കൂദാശയല്ലെന്നോ പറയുന്നവനു ശാപം". കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സൂനഹദോസിന്റെ ഈ പഠനം അന്തിമമാണ്. കൂദാശകളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാനാവില്ല. പ്രോട്ടസ്റ്റന്റു നവീകരണക്കാർ പല കൂദാശകളെയും നിഷേധിക്കുകയും കൂദാശകളെക്കുറിച്ചു സഭയുടേതിനു വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിർവ്വചനം ആവശ്യമായി വന്നത്. എന്നാൽ സഭ ആരംഭം മുതലേ ഈ കൂദാശകൾ പരികർമ്മം ചെയ്തിരുന്നു.

## 2. യേശു കുദാശകൾ സ്ഥാപിച്ചു

*കുദാശ* എന്ന പദം പുതിയനിയമത്തിൽ ഒരിടത്തും പ്രത്യക്ഷപ്പെടുന്നില്ല. എന്നാൽ ഏഴു കൂദാശകളും യേശുക്രിസ്തു സ്ഥാപിച്ചതാണെന്ന് സഭ വിശ്വാസസത്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. സഭയുടെ പഠനം പുതിയനിയമത്തിനു വിരുദ്ധമാണോ? ഒരു യാഥാർത്ഥ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദത്തെക്കാൾ പ്രാധാന്യം പദം സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിനാണുള്ളത്. കൂദാശ എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിൽത്തന്നെ ഏഴു കൂദാശകളിലൂടെയും സഭ അനുഷ്ഠിക്കുന്ന ശുശ്രൂഷകൾ യേശുവിന്റെ കല്പനയ്ക്കും മനോഭാവത്തിനും അനുസൃതമാണെന്നു പുതിയനിയമത്തിൽ നിന്നുതന്നെ കാണാൻ കഴിയും.

**മാമ്മോദീസാ –** "നിങ്ങൾ പോയി... ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28,20). "ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ. 3,5).

**സ്ഥൈര്യലേപനം –** യേശു അപ്പസ്തോലന്മാർക്കു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു (ലൂക്കാ 24,49; യോഹ 14,16; അപ്പ. 1,8); പരിശുദ്ധാത്മാവിനെ അവർക്കു നല്കി (യോഹ 20,22); അപ്പസ്തോലന്മാർ കൈവയ്പു പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവിനെ നല്കി (അപ്പ 8,15–17).

**കുർബാന** – അന്ത്യത്താഴവേളയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്റെ ശരീരവും രക്തവും യേശു അപ്പസ്തോലന്മാർക്കു നല്കി. തന്റെ ഓർമ്മയ്ക്കായി അതു തുടർന്നു ചെയ്യാൻ ആജ്ഞാപിച്ചു (ലൂക്കാ 22,19–20). സഭാസമൂഹം ഈ കല്പന അനുസരിച്ചു (1 കോറി 11,23–26).

**പാപമോചനം –** "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും" (യോഹ 20,23; മത്താ 18,18).

**രോഗീലേപനം –** രോഗികളെ സുഖപ്പെടുത്താൻ യേശു ശിഷ്യന്മാർക്ക് അധികാരം നല്കി (മത്താ 10,8). അവർ "അനേകം രോഗികളെ തൈലം പൂശി സുഖപ്പെടുത്തി" (മർക്കോ 6,13). രോഗീലേപനം ആദിമസഭയിൽ നിലവിലിരുന്നു (യാക്കോ 5,14).

**തിരുപ്പട്ടം** അഥവാ **പൗരോഹിത്യം –** വിശുദ്ധ കുർബ്ബാന അർപ്പിക്കാനും പാപമോചനം നല്കാനും യേശു അപ്പസ്തോലന്മാർക്ക് അധികാരം നല്കി (ലൂക്കാ 22,19; മത്താ 18,18). അപ്പസ്തോലന്മാർ കൈവയ്പുവഴി അധികാരം പിൻഗാമികൾക്കു കൈമാറി (1 തിമോ. 4,14).

**വിവാഹം –** വിവാഹബന്ധത്തിന്റെ അവിഭാജ്യതയെക്കുറിച്ച് യേശു പഠിപ്പിച്ചു (മത്താ 19,4–6); വിവാഹവിരുന്നിൽ പങ്കെടുത്തു (യോഹ 2,1–11). വിവാഹം കൂദാശയാണെന്ന് വി. പൗലോസ് പഠിപ്പിച്ചു (എഫേ 5,32).

കൂദാശകളെ സംബന്ധിച്ച് ഏറ്റം പ്രസക്തമായ ചില ബൈബിൾ ഭാഗങ്ങളാണ് മേലുദ്ധരിച്ചത്. എന്നാൽ ഇതുകൊണ്ടുമാത്രം കൂദാശകളുടെ സ്വഭാവവും ലക്ഷ്യവും തികച്ചും വ്യക്തമാകുന്നില്ല; കൂദാശ എന്ന പദം ഇവയിലൊന്നും ഉപയോഗിച്ചിട്ടില്ല എന്ന വാദം നിലനില്ക്കുകയും ചെയ്യുന്നു. അതിനാൽ എന്താണ് കൂദാശയെന്നും ക്രിസ്തീയജീവിതത്തെ സംബന്ധിച്ച് കൂദാശകളുടെ പ്രസക്തി എന്തെന്നും വിശദമായി കാണേണ്ടതുണ്ട്.

## 3. കൂദാശ – രഹസ്യം

***"വിശുദ്ധീകരിക്കുന്ന കർമ്മം"*** എന്നാണ് കൂദാശ എന്ന സുറിയാനി വാക്കിന്റെ അർത്ഥം. ***സാക്രമെന്തും*** (Sacramentum) എന്ന ലത്തീൻ വാക്കിന്റെ പരിഭാഷയാണിത്. പട്ടാളത്തിൽ ചേരുന്നയാൾ ചെയ്യുന്ന സത്യപ്രതിജ്ഞയെയും കോടതിയിൽ കെട്ടിവയ്ക്കുന്ന ജാമ്യത്തുകയെയും സൂചിപ്പിക്കാനാണ് സാക്രമെന്തും എന്ന ലത്തീൻ പദം ഉപയോഗിച്ചിരുന്നത്. ഗ്രീക്കിൽനിന്നു ലത്തീനിലേക്കു ബൈബിൾ വിവർത്തനം ചെയ്തവർ മിസ്തേരിയോൺ (Mysterion) എന്ന പദം വിവർത്തനം ചെയ്യാൻ ഇതുപയോഗിച്ചു (എഫേ 5,32). രഹസ്യം എന്നാണ് *മിസ്തേരിയോൺ* എന്ന പദത്തിന്റെ അർത്ഥം. ഇതിൽനിന്നാണ് *മിസ്റ്ററി* (Mystery) എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്.

ഈ ഉപയോഗത്തിലൂടെ 'സാക്രമെന്തും' എന്ന പദത്തിന് ബൈബിൾ പുതിയൊരു അർത്ഥം നല്കുകയായിരുന്നു. തെർത്തുല്ല്യൻ മാമ്മോദീസായെ സൂചിപ്പിക്കാൻ ഈ പദം ആദ്യമായി ഉപയോഗിച്ചതായി കരുതപ്പെടുന്നു. പട്ടാളക്കാരൻ രാജാവിന്റെ സേവനത്തിനായി തന്നെത്തന്നെ സമർപ്പിക്കുന്നതുപോലെ ജ്ഞാനസ്നാനാർത്ഥി ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുന്നു എന്ന് മാമ്മോദീസായെ അദ്ദേഹം വ്യാഖ്യാനിച്ചു. സാവധാനം സഭയുടെ മറ്റു ശുശ്രൂഷകളെയും വിശ്വാസസത്യങ്ങളെയും സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കപ്പെട്ടു. ഇന്നത്തെ അർത്ഥത്തിൽ, ഏഴു കൂദാശകളെ മാത്രം സൂചിപ്പിക്കാനായി ഈ പദത്തിന്റെ ഉപയോഗം നിർവ്വചിക്കപ്പെട്ടത് പന്ത്രണ്ടാം നൂറ്റാണ്ടിലാണ്. "സത്യപ്രതിജ്ഞ", "പണയം" എന്നീ രണ്ട് അർത്ഥങ്ങൾ കൂദാശയുടെ രണ്ടു മാനങ്ങളെ സൂചിപ്പിക്കുന്നു; ആദ്യത്തേത് കൂദാശ സ്വീകരിക്കുന്നയാളിന്റെ ഭാഗത്തുനിന്നുള്ള ഉത്തരവാദിത്വത്തെയും രണ്ടാമത്തേത് കൂദാശവഴി ക്രിസ്തു പ്രസാദവരം നല്കും എന്ന വാഗ്ദാന

ത്തെയും. എന്നാൽ ഇതുകൊണ്ടുമാത്രം കൂദാശയുടെ അർത്ഥം മുഴുവനായി ഗ്രഹിക്കാനാവില്ല. "രഹസ്യം" എന്ന പദവുമായി ഇതിനുള്ള ബന്ധം കൂടുതൽ ശ്രദ്ധയർഹിക്കുന്നു. *റാസ* എന്നാണ് ഈ പദത്തിന്റെ സുറിയാനി വിവർത്തനം.

രക്ഷാചരിത്രവുമായി ബന്ധപ്പെട്ടതാണ് രഹസ്യം. യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ രക്ഷ നല്കാനുള്ള ദൈവത്തിന്റെ പദ്ധതിയെ ആണ് ഇത് സൂചിപ്പിക്കുന്നത്. ദൈവരാജ്യത്തിന്റെ രഹസ്യം (മത്താ 13,11) എന്ന് യേശു ഇതിനെ വിളിച്ചു. ദൈവത്തിന്റെ രാജഭരണം ഈ ഭൂമിയിൽ ഒരു യാഥാർത്ഥ്യമാകുന്നു എന്ന സൂചനയാണ് ഇതുവഴി യേശു നല്കിയത്. ഈ രഹസ്യം ലോകസൃഷ്ടിക്കു മുമ്പു തന്നെ ദൈവത്തിൽ നിഗൂഢമായി സ്ഥിതിചെയ്തിരുന്നു. പരിശുദ്ധാത്മാവുവഴി പ്രവാചകന്മാർക്ക് ഇതു വെളിവാക്കപ്പെട്ടു (റോമാ 16,25-26). യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും മഹത്വീകരണവും വഴി ലോകജനതകളെ മുഴുവൻ അവനിൽ ഒന്നിപ്പിക്കാനുള്ള ദൈവിക പദ്ധതിയാണ് ഈ രഹസ്യം (എഫേ 1,9-10). ദൈവത്തിന്റെ അനന്തവും നിസ്സീമവുമായ സ്നേഹത്തിന്റെ ഈ രഹസ്യം യേശുവിനു സഭയോടുള്ള സ്നേഹത്തിന്റെ പ്രകടനമാകുന്നു. ഭാര്യാഭർത്താക്കന്മാരുടെ ഹൃദയത്തിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന പരസ്പര സ്നേഹം ഈ രഹസ്യത്തിന്റെ അടയാളമാണ് (എഫേ 5,32). "ഈ രഹസ്യമാകട്ടെ മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട് എന്നതത്രെ" (കൊളോ 1,27). ഈ രഹസ്യമാണ് സുവിശേഷപ്രഘോഷണത്തിലൂടെ അപ്പസ്തോലന്മാർ വെളിപ്പെടുത്തുന്നത് (എഫേ 6,19; കൊളോ 4,3). രക്ഷാരഹസ്യത്തിൽ നമ്മെ പങ്കുകാരാക്കുന്ന അടയാളങ്ങളാണ് കൂദാശകൾ.

### 4. കൂദാശ - അടയാളം

ശരീരത്തിലായിരിക്കുന്നിടത്തോളം കാലം നമുക്ക് അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും മാത്രമേ ദൈവത്തെ അറിയാൻ കഴിയൂ. മനുഷ്യനു ഗ്രഹിക്കാനാവുന്ന വിധത്തിൽ ദൈവം അടയാളങ്ങളിലൂടെ സ്വയം വെളിപ്പെടുത്തുന്നു. ഏറ്റം വിശാലമായ അർത്ഥത്തിൽ ഈ സൃഷ്ടപ്രപഞ്ചം മുഴുവൻ ദൈവത്തിന്റെ ശക്തിയും മഹത്വവും സ്നേഹവും വെളിപ്പെടുത്തുന്ന അടയാളങ്ങളാണ് (സങ്കീ 19,14). ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിച്ചതും അവരുമായി സീനായ് മലയിൽ വച്ച് ഉടമ്പടി ചെയ്തതും അവിടുത്തെ രക്ഷാകരസ്നേഹത്തിന്റെ അടയാളങ്ങളായിരുന്നു. ദൈവപുത്രൻ പാപത്തിനധീനമായ മനുഷ്യസ്വഭാവം സ്വീകരിച്ചപ്പോൾ ദൈവത്തിന്റെ സ്നേഹം കൂടുതൽ വ്യക്തമായി വെളിപ്പെടുത്തപ്പെട്ടു. മനുഷ്യനായി അവതരിച്ച ദൈവവചനം ദൈവസ്നേഹത്തിന്റെ ദൃശ്യമായ

അടയാളമാണ്. ദൈവം പാപത്തിൻമേൽ വിജയംവരിച്ച് തന്റെ രാജഭരണം ഈ ഭൂമിയിൽ സ്ഥാപിക്കുന്നു എന്നതിന്റെ അടയാളങ്ങളായിരുന്നു യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾ. ഈ രക്ഷാകരസ്നേഹം അതിന്റെ ഉച്ചകോടിയിൽ പ്രകടമായത് യേശുവിന്റെ പെസഹായിലാണ്. പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും ദൈവസ്നേഹം വെളിപ്പെടുത്തുകയും ആ സ്നേഹവലയത്തിലേക്ക് മനുഷ്യവർഗ്ഗത്തെ മുഴുവൻ ആകർഷിക്കുകയും ചെയ്തു. അങ്ങനെ യേശുക്രിസ്തു ദൈവത്തിന്റെ ദൃശ്യമായ അടയാളമായി – അഥവാ കൂദാശയായി.

എന്തിനെയെങ്കിലും സൂചിപ്പിക്കാനാണ് നാം, സാധാരണ, അടയാളം ഉപയോഗിക്കുന്നത്. അടയാളവും അതു സൂചിപ്പിക്കുന്ന വസ്തുവും വ്യത്യസ്തങ്ങളായിരിക്കും. തീയുടെ അടയാളമാണ് പുക. പുക കണ്ടാൽ അവിടെ തീയുണ്ട് എന്ന് നമുക്കറിയാം. പക്ഷേ പുക തീയല്ല. എന്നാൽ യേശുവിൽ അടയാളവും അതു സൂചിപ്പിക്കുന്ന യാഥാർത്ഥ്യവും ഒന്നുതന്നെയാണ്. മനുഷ്യനായി അവതരിക്കുകയും കുരിശിൽ മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശു ദൈവസ്നേഹത്തിന്റെ അടയാളമാണ്, അതേസമയം സ്നേഹിക്കുന്ന ദൈവം തന്നെയാണ്. അവന്റെ മരണം ദൈവം നമുക്കു നല്കുന്ന പാപമോചനത്തെ സൂചിപ്പിക്കുന്നു; മോചനം നല്കുകയും ചെയ്യുന്നു. അവന്റെ ഉത്ഥാനം നമുക്കു ലഭ്യമാകുന്ന ദൈവികജീവനെ സൂചിപ്പിക്കുകയും നല്കുകയും ചെയ്യുന്നു. അങ്ങനെ യേശുവിന്റെ മാനുഷികത ഒരേ സമയം അടയാളവും യാഥാർത്ഥ്യവുമാണ്. കൂദാശ എന്ന പദത്തിന്റെ ഏറ്റം നിഷ്കൃഷ്ടമായ അർത്ഥവും ഇതുതന്നെ. അദൃശ്യമായ പ്രസാദവരത്തെ സൂചിപ്പിക്കുകയും നല്കുകയും ചെയ്യുന്ന അടയാളമാണ് കൂദാശ.

മഹത്വീകൃതനായ യേശു ഇന്നു ദൃശ്യനല്ല. എല്ലാ മനുഷ്യർക്കും എല്ലാക്കാലത്തും രക്ഷ ലഭ്യമാക്കുന്നതിനുവേണ്ടി യേശു സ്ഥാപിച്ച ദൃശ്യമായ അടയാളമാണ് സഭ. സഭയിലൂടെ യേശു തന്നെയാണ് പ്രവർത്തിക്കുന്നത്. അദൃശ്യനായ യേശുവിന്റെ ദൃശ്യമായ അടയാളമാണ് സഭ. എല്ലാ മനുഷ്യരെയും ക്രിസ്തുവിന്റെ ഏകശരീരമായി ഒന്നിപ്പിക്കുന്ന സഭ, സകല ജനപദങ്ങളെയും ദൈവത്തിന്റെ മക്കളും യേശുവിന്റെ സഹോദരങ്ങളുമായി യോജിപ്പിക്കുന്ന സഭ, രക്ഷയുടെ അടയാളവും ഉപകരണവുമാണ് – സഭ കൂദാശയാണ്.

സഭയിലൂടെ തന്റെ രക്ഷാകരസ്നേഹം എല്ലാവരിലേക്കും ചൊരിയുന്നതിനുവേണ്ടി യേശു തന്നെ ചില അടയാളങ്ങൾ തിരഞ്ഞെടുത്തതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അടയാളങ്ങളെയാണ് "കൂദാശകൾ" എന്നു വിളിക്കുന്നത്. ഇവയിലൂടെ പ്രവർത്തിക്കുന്നത് യേശു തന്നെ

യാണ്. അതിനാൽ കൂദാശകൾ യേശുവുമായി കണ്ടുമുട്ടുന്ന വേദിയായിത്തീരുന്നു. ശിരസ്സായ ക്രിസ്തുവിൽനിന്ന് നമ്മിലേക്കു ദൈവികജീവൻ പ്രവഹിക്കുന്ന നീർച്ചാലുകളാണ് കൂദാശകൾ.

## 5. കൂദാശ – ആരാധന

യേശുവിന്റെ ഐഹികജീവിതം നിരന്തരമായ ആരാധനയായിരുന്നു. എല്ലാറ്റിലും ദൈവഹിതം തേടുക, അവിടുന്നു ചെയ്ത വലിയ കാര്യങ്ങളെ സ്മരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുക, ദൈവതിരുമുമ്പാകെ ആവശ്യങ്ങളും അപേക്ഷകളും സമർപ്പിക്കുക, അവിടുത്തെ മഹത്വത്തിൽ സന്തോഷിക്കുക, സർവ്വോപരി അവിടുത്തെ തിരുച്ചിത്തത്തിന് പൂർണ്ണമായി സ്വയം സമർപ്പിക്കുക – ഇതാണ് ആരാധന. യേശു തന്റെ ജീവിതത്തിലുടനീളം പിതാവിന്റെ ഹിതമാണ് അനുവർത്തിച്ചത്. തന്റെ ജീവിതം മുഴുവൻ പിതാവിനെ മഹത്വപ്പെടുത്തുന്നതായിരുന്നു. ഈ ആരാധനയുടെ ഉച്ചകോടിയാണ് കുരിശിലെ ബലി. "അവിടുന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അങ്ങയെ ഞാൻ മഹത്വപ്പെടുത്തി" (യോഹ 17,4). അങ്ങനെ യേശുവിന്റെ ജീവിതം ഇടമുറിയാത്ത ഒരൊറ്റ ആരാധനയായിരുന്നു – ആത്മബലിയിൽ പൂർത്തിയായ ആരാധന.

ഈ ആരാധന തന്റെ സഭ തുടരണം എന്ന് യേശു ആഗ്രഹിച്ചു. അതിനായിട്ടാണ് സഭയെ പുരോഹിത സമൂഹമായി സ്ഥാപിക്കുകയും അതിൽ ചില വ്യക്തികളെ പ്രത്യേകം തിരഞ്ഞെടുത്ത് തന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുകാരാക്കുകയും ചെയ്തത് കൂദാശകളിലൂടെ സഭ ഈ ആരാധന തുടരുന്നു. യേശുവിന്റെ പെസഹാരഹസ്യം ആഘോഷിക്കുകയും ആചരിക്കുകയും ചെയ്യുന്ന വി. കുർബ്ബാനയാണ് ഈ ആരാധനയുടെ കേന്ദ്രം. മനുഷ്യനായ ദൈവപുത്രനിലൂടെ ദൈവം തന്റെ രക്ഷാകരസ്നേഹം മനുഷ്യരിലേക്കു ചൊരിയുകയും മനുഷ്യർ ദൈവത്തിനു തങ്ങളെത്തന്നെ നിത്യപുരോഹിതനായ യേശുവിലൂടെ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്ന വേദിയാണ് കൂദാശകൾ.

വ്യക്തികളാണ് കൂദാശകൾ സ്വീകരിക്കുന്നതെങ്കിലും അവയെല്ലാം സഭയുടെ പൊതുവായ ആരാധനയും ശുശ്രൂഷയുമാണ്. എല്ലാ കൂദാശകൾക്കും വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുണ്ട്. സഭാസമൂഹം ഒന്നുചേർന്ന് ആഘോഷിക്കുന്നതിലൂടെ ഈ സാമൂഹിക മാനം പ്രകടമാകുന്നു. സഭയിൽ ആരും തനിച്ചല്ല; വ്യക്തികളിലൂടെ സമൂഹം ഒന്നടങ്കമാണ് വളരുകയോ തളരുകയോ ചെയ്യുന്നത്.

മനുഷ്യനു രക്ഷ ലഭിക്കുകയും ദൈവം മഹത്വീകരിക്കപ്പെടുകയും

ചെയ്യുന്നത് അടയാളങ്ങളിലൂടെയാണ്. ഇത് ഏവർക്കും സുഗ്രാഹ്യമായിരിക്കണം. ദൈവംതന്നെ അടയാളങ്ങളിലൂടെ സ്വയം ദാനം ചെയ്യുന്നത് ആ ദാനം ഏവർക്കും സുപ്രാപ്യമാക്കാൻ വേണ്ടിയാണ്. അതിനാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരാധന ക്രമത്തെക്കുറിച്ചുള്ള ഡിക്രിയിൽ ഇപ്രകാരം നിർദ്ദേശിക്കുന്നു: "തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യം തെളിഞ്ഞുനില്ക്കണം. അവ ഹ്രസ്വവും വ്യക്തവുമായിരിക്കണം. അനാവശ്യമായ ആവർത്തനങ്ങൾ ഉണ്ടാവുകയുമരുത്. വിശ്വാസികളുടെ ഗ്രഹണശക്തിയിൽ അവ ഒതുങ്ങി നില്ക്കണം. അതുപോലെതന്നെ സാധാരണഗതിയിൽ അധികം വിശദീകരണം ആവശ്യപ്പെടാത്തവയുമാകേണ്ടകാണ്" (വത്തിക്കാൻ II, ആരാധനക്രമം 34). സൂനഹദോസിന്റെ കല്പന കത്തോലിക്കാ സഭയ്ക്കു മുഴുവൻ ബാധകമാണ്. അടയാളങ്ങൾ മനസ്സിലാകാതെ പോകുമ്പോൾ അവ അർത്ഥശൂന്യമായ ആചാരങ്ങളായി അനുഭവപ്പെടും. യേശു നല്കിയതും ആദിമസഭ അനുഷ്ഠിച്ചുപോന്നതുമായ അടയാളങ്ങൾ ഏറ്റം ലളിതവും ഏവർക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായിരുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സുവിശേഷം പ്രചരിക്കുകയും വ്യത്യസ്തങ്ങളായ സംസ്കാരങ്ങളിൽ സഭ വേരുറപ്പിക്കുകയും ചെയ്തപ്പോൾ ഒരേ വിശ്വാസത്തിനും ആരാധനയ്ക്കും വ്യത്യസ്തങ്ങളായ രൂപഭാവങ്ങൾ കൈവന്നു. അങ്ങനെ വിവിധ റീത്തുകളുണ്ടായി. റീത്തുകളുടെ വൈവിധ്യം രക്ഷാകരരഹസ്യത്തിന്റെ വിവിധ മാനങ്ങൾ വെളിപ്പെടുത്തുന്നതിനാൽ അവ സഭയുടെ ഐക്യത്തിനു ഹാനികരമല്ല. എന്നുമാത്രമല്ല, സഭയുടെ കാതോലികത്വത്തെ ഏറ്റം സ്പഷ്ടമായി വിളിച്ചറിയിക്കുകയും ചെയ്യുന്നു. അതിനാൽ "നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകൾക്കും തിരുസ്സഭാമാതാവ് തുല്യാവകാശവും ശ്രേഷ്ഠതയുമാണ് കല്പിക്കുന്നത്. ആകയാൽ ഭാവിയിലും അവയെ സംരക്ഷിച്ചു പരിപോഷിപ്പിച്ചു കൊണ്ടുവരാൻ അവൾ ആഗ്രഹിക്കുന്നു. മാത്രമല്ല, ആവശ്യമെന്നു തോന്നുന്നിടത്ത് ശരിയായ പാരമ്പര്യത്തിന്റെ മനോഗതിക്കനുസരണം, റീത്തുകളെ സസൂക്ഷ്മം പുന:പരിശോധന ചെയ്യാനും ആധുനിക കാലത്തിന്റെ ആവശ്യങ്ങളെയും സാഹചര്യങ്ങളെയും നേരിടാൻ പോരുന്ന പുത്തൻ ചൈതന്യം അവയിലേക്കു പകരാനും കൗൺസിലിനാഗ്രഹമുണ്ട്" (വത്തിക്കാൻ II, ആരാധനക്രമം 4).

## 6. കൂദാശകളിൽ വൈവിധ്യം

ഒരേ ദൈവികജീവനിൽ നമുക്കു പങ്കു നല്കുന്ന ഏഴു ശുശ്രൂഷകളാണ് കൂദാശകൾ. വിശുദ്ധീകരണത്തിന്റെ മാർഗ്ഗങ്ങളാണവ. ഇവയിലൂടെ ക്രിസ്തുനാഥൻ തന്റെ മൗതികശരീരത്തിലെ എല്ലാ അവയവങ്ങളിലേക്കും

ജീവദായകമായ തന്റെ ശക്തി പ്രവഹിപ്പിക്കുന്നു. ഓരോ കൂദാശയും വ്യത്യസ്തമായ വിധത്തിലാണ് നമ്മെ ദൈവിക ജീവനിൽ പങ്കുകാരാക്കുന്നത്. മാമ്മോദീസാ, സ്ഥൈര്യലേപനം, വിശുദ്ധ കുർബ്ബാനഎ ന്നീ മൂന്നു കൂദാശകൾ ക്രിസ്തുവിന്റെ പൂർണ്ണതയിലേക്കു നമ്മെ നയിക്കുകയും ദൈവജനത്തിന്റെ ദൗത്യം ഈ ലോകത്തിൽ നിർവ്വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതിനാൽ ഇവയെ ക്രിസ്തീയ ജീവിതത്തിന്റെ *പ്രാഥമിക കൂദാശകൾ* (Sacraments of Christian initiation, എന്നു വിളിക്കുന്നു. പല റീത്തുകളിലും ഈ മൂന്നു കൂദാശകളും ഒരുമിച്ചു നല്കപ്പെടുന്നുണ്ട്. പാപമോചനവും രോഗീലേപനവും *സൗഖ്യദായകമായ കൂദാശകൾ* (Sacraments of healing**)** എന്നാണ് അറിയപ്പെടുന്നത്.

ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, പൗരോഹിത്യം എന്നീ കൂദാശകൾ ആത്മാവിൽ മായാത്ത മുദ്ര പതിക്കുന്നവയാണ്. ഉടമസ്ഥാവകാശം സ്ഥാപിക്കുന്ന അടയാളമാണ് മുദ്ര. ഒരിക്കലും നഷ്ടപ്പെടുത്താനോ ആർക്കും എടുത്തുമാറ്റാനോ കഴിയാത്ത വിധത്തിൽ ഈ കൂദാശകളിലൂടെ ഒരാൾ ക്രിസ്തുവിന്റേതായി മുദ്ര ചെയ്യപ്പെടുന്നു. സഭ ഒരാളെ പുറത്താക്കിയെന്നു വരാം. പക്ഷേ മാമ്മോദീസായിലൂടെ ലഭിച്ച ദൈവപുത്രസ്ഥാനം നീക്കം ചെയ്യാനാവില്ല. പാപകരമായ ജീവിതംവഴി ദൈവത്തിന്റെ ആത്മാവിനെ നാം വേദനിപ്പിച്ചു എന്നു വരാം (എഫേ 4,30). എന്നാലും ആത്മാവിന്റെ ദാനം പിൻവലിക്കപ്പെടുകയില്ല. പുരോഹിത ശുശ്രൂഷയിൽനിന്ന് ഒരാളെ സഭ മുടക്കിയെന്നുവരാം. എന്നാലും അയാൾ എന്നും പുരോഹിതനായിരിക്കും. ഈ കൂദാശകൾ ഒരിക്കൽ മാത്രമേ സ്വീകരിക്കാനാവൂ എന്നും സഭ പഠിപ്പിക്കുന്നു.

മാമ്മോദീസാ, കുമ്പസാരം, രോഗീലേപനം എന്നീ കൂദാശകൾ പാപമോചനം നല്കുന്നവയാകയാൽ പാപാവസ്ഥയിലും സ്വീകരിക്കാം. എന്നാൽ മറ്റു നാലു കൂദാശകളും പ്രസാദവരത്തിന്റെ വളർച്ചയ്ക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്നവയാകയാൽ പാപാവസ്ഥയിൽ സ്വീകരിക്കാൻ പാടുള്ളതല്ല.

ഓരോ കൂദാശയിലൂടെയും യേശു തന്നെ പ്രവർത്തിക്കുന്നതിനാൽ കൂദാശയുടെ ഫലദായകത്വം അതു പരികർമ്മം ചെയ്യുന്ന ആളിന്റെ വിശുദ്ധിയെ ആശ്രയിച്ചല്ല ഇരിക്കുന്നത്. കൂദാശ നല്കുന്നയാൾ വരപ്രസാദത്തിലായിരിക്കണം എന്ന് സഭ ഉദ്ബോധിപ്പിക്കുന്നുണ്ടെങ്കിലും കൂദാശയിലൂടെ ക്രിസ്തു നല്കുന്ന ദൈവികജീവൻ ലഭിക്കാൻ അതു പരികർമ്മം ചെയ്യുന്ന ആളിന്റെ ആത്മീയാവസ്ഥ ഒരിക്കലും വിഘാതമായിരിക്കുകയില്ല. അതിനാൽ പാപാവസ്ഥയിലായിരിക്കുന്ന ഒരു പുരോഹിതൻ പാപമോചനം നല്കിയാലും

പാപം മോചിക്കപ്പെടും; ബലിയർപ്പിച്ചാൽ ബലി സാധുവായിരിക്കും. ബല ഹീനരായ മനുഷ്യവ്യക്തികളിലൂടെ ദൈവജനത്തെ വിശുദ്ധീകരിക്കാൻ തിരു മനസ്സായ ദൈവം തന്റെ ശുശ്രൂഷികളുടെ വീഴ്ചകളും പാപങ്ങളും ജന ത്തിന്റെ വിശുദ്ധീകരണത്തിനു തടസ്സമാകരുത് എന്നു നിശ്ചയിച്ചു.

എന്നാൽ കൂദാശകൾ സാധുവാകുന്നതിന് ചില നിബന്ധനകളുണ്ട്. ക്രിസ്തുവിന്റെ കല്പനയനുസരിച്ച് വിശ്വാസത്തിന്റെ അടയാളമായി അനു ഷ്ഠിക്കപ്പെടേണ്ട പ്രവൃത്തികളാണ് കൂദാശകൾ. ക്രിസ്തു നിർദ്ദേശിക്കു കയും സഭ പഠിപ്പിക്കുകയും ചെയ്തതിനു വിരുദ്ധമായി അർക്കും ഇഷ്ടാ നുസാരം അടയാളങ്ങളെ മാറ്റാനാവില്ല. ഓരോ കൂദാശയ്ക്കും ഉപയോഗി ക്കേണ്ട വസ്തുക്കളും വാക്കുകളും ഏവയെന്ന് സഭ നിശ്ചയിച്ചിട്ടുണ്ട്. അതു പയോഗിച്ച് സഭയുടെ നിയോഗം അനുസരിച്ച് അനുഷ്ഠിക്കപ്പെടുമ്പോൾ മാത്രമേ കൂദാശകൾ സാധുവും ഫലദായകവും ആവുകയുള്ളു.

യേശുവിന്റെ പെസഹാരഹസ്യത്തിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭ്യ മായ രക്ഷയുടെ നീർച്ചാലുകളാണ് കൂദാശകൾ. അവ ഏഴുണ്ടെങ്കിലും അവ യുടെ കേന്ദ്രം വിശുദ്ധ കുർബ്ബാന എന്ന കൂദാശയാണ്. മാമ്മോദീസാവഴി പാപമോചനവും ദൈവപുത്രസ്ഥാനവും സഭയിൽ അംഗത്വവും ലഭിക്കുന്നു. ദൈവികജീവന്റെ വിത്ത് നമ്മിൽ നിക്ഷേപിക്കപ്പെടുന്നത് മാമ്മോദീസായി ലൂടെയാണ്. അതുവഴി യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കുചേരുന്നു. പാപത്തിനു മരിച്ച് ദൈവത്തിനായി ജീവിക്കാൻ നാം ശക്ത രാകുന്നു. യേശുവിന്റെ പെസഹാരഹസ്യത്തിലുള്ള പങ്കുചേരലാണിത്. പെസ ഹാരഹസ്യം ആഘോഷിക്കപ്പെടുന്നതു വിശുദ്ധ കുർബ്ബാനയിലാണ്. അങ്ങനെ മാമ്മോദീസാ വിശുദ്ധ കുർബ്ബാനയിലേക്കു നമ്മെ നയിക്കുന്നു.

മാമ്മോദീസായിൽ ആരംഭിച്ച ദൈവികജീവൻ നമ്മിൽ ശക്തിപ്പെടു ത്തുന്നതാണ് സ്ഥൈര്യലേപനം. പക്വതയാർന്ന ക്രൈസ്തവ വ്യക്തിത്വത്തി ലേക്കു നമ്മെ വളർത്തുന്നതാണ് ഈ കൂദാശ. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനും വിശ്വാസം സംരക്ഷിക്കുന്നതിനുംവേണ്ടി പീഡനങ്ങൾ ഏല്ക്കാനും ജീവൻതന്നെ നഷ്ടപ്പെടുത്താനും വേണ്ട ശക്തിയും ധൈര്യവും സ്ഥൈര്യലേപനത്തിലൂടെ നല്കപ്പെടുന്നു. ക്രൂശിതനായ ക്രിസ്തുവിനോടു താദാത്മ്യപ്പെടാനുള്ള ശക്തി പ്രദാനം ചെയ്യുന്ന ഈ കൂദാശ വി. കുർബ്ബാനയിലേക്കാണു നമ്മെ നയിക്കുന്നത്.

കുരിശിൽ ബലിയായി അർപ്പിക്കപ്പെട്ട യേശുവിന്റെ ശരീരരക്തങ്ങ ളാണ് വിശുദ്ധ കുർബ്ബാനയിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃ ശ്യങ്ങളിൽ നമുക്കു നല്കപ്പെടുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം ഈ കൂദാശയാണ്. ഇതുവഴി ക്രിസ്തുവുമായി നാം പൂർണ്ണമായ ഐക്യ

ത്തിലെത്തുന്നു. കാൽവരിയിൽ അർപ്പിക്കപ്പെട്ട ബലി ഇന്ന് അൾത്താരകളിൽ അർപ്പിക്കപ്പെടുന്നു. ബലിയുടെ ആവർത്തനമല്ല, അതേ ബലിയുടെ രക്തരഹിതമായ പുനരാവിഷ്കരണമാണ് വിശുദ്ധ കുർബ്ബാനയിൽ നടക്കുന്നത്. ബലിയർപ്പിക്കപ്പെട്ട ശരീരരക്തങ്ങൾ നമുക്കു ഭക്ഷണപാനീയമായി നല്കിക്കൊണ്ട് നമ്മെ പുതിയ ഉടമ്പടിയിൽ നാഥൻ പങ്കുകാരാക്കുന്നു. നിത്യജീവന്റെ അച്ചാരവും ഐക്യത്തിന്റെ ഉറവിടവും ആണ് വിശുദ്ധ കുർബ്ബാന. വിശുദ്ധ കുർബ്ബാനയില്ലാതെ സഭയില്ല, ക്രിസ്തീയ ജീവിതവുമില്ല.

പാപമോചനം നമ്മെ വിശുദ്ധ കുർബ്ബാന സ്വീകരിക്കാനും ദൈവവുമായി ഐക്യപ്പെടാനും ഒരുക്കുന്ന കൂദാശയാണ്. യേശുവിന്റെ കുരിശിൽ നിന്നാണ് നമുക്ക് പാപമോചനം ലഭിക്കുക. രോഗീലേപനം ശാരീരികവും ആത്മീയവുമായ സൗഖ്യം പ്രദാനം ചെയ്യുകയും അതേസമയം ക്രിസ്തുവുമായുള്ള അന്തിമസമാഗമത്തിന് ഒരുക്കുകയും ചെയ്യുന്നു. യേശുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും പങ്കുചേരാനും സഹിക്കുന്ന നാഥനോടു താദാത്മ്യപ്പെടാനും ശക്തി നല്കുന്നതാണ് രോഗീലേപനം. പൗരോഹിത്യം മുഖ്യമായും വിശുദ്ധ കുർബ്ബാനയ്ക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. ബലിയർപ്പിക്കാനും ബലിവിരുന്നിലൂടെ വിശ്വാസികളെ ക്രിസ്തുവുമായി ഐക്യപ്പെടുത്താനും വേണ്ടിയാണ് പ്രധാനമായും പൗരോഹിത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യം യേശുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ അടയാളമാണ്. തന്റെ വധുവായ സഭയ്ക്കുവേണ്ടി സ്വയം അർപ്പിച്ചുകൊണ്ടാണ് ക്രിസ്തുനാഥൻ ഐക്യം സ്ഥാപിച്ചതും വളർത്തുന്നതും. അങ്ങനെ വിവാഹവും വിശുദ്ധ കുർബ്ബാനയിലേക്കു വിരൽചൂണ്ടുന്നു.

കൂദാശകൾ വിശ്വാസത്തിന്റെ പഠനക്കളരിയാണ്. അടയാളങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും ആഘോഷങ്ങളിലൂടെയും സഭ തന്റെ മക്കളെ പഠിപ്പിക്കുന്ന വേദിയാണ് കൂദാശകൾ. മറ്റേതു പഠനവേദികളെയും പാഠപുസ്തകങ്ങളെയുംകാൾ ഉപരി സജീവവും ജീവദായകവുമായ അറിവു പ്രദാനം ചെയ്യുന്നത് കൂദാശകളിലൂടെയുള്ള സഭയുടെ ആരാധനയാണ്. ജനനം മുതൽ മരണംവരെ ഓരോ വ്യക്തിയെയും സഭാമാതാവ് കൂദാശകളിലൂടെ കൈപിടിച്ചു നടത്തുന്നു; ദൈവികജീവന്റെ പൂർണ്ണതയിലേക്കു വളർത്തുന്നു. യഥാർത്ഥ ജ്ഞാനമായ ദൈവജ്ഞാനം അവർക്കും പ്രദാനം ചെയ്യുന്നു.

## 7. ശിശുക്കളുടെ മാമ്മോദീസ

സഭ ആരംഭകാലം മുതല്ക്കേ ശിശുക്കൾക്കു മാമ്മോദീസാ നല്കിയിരുന്നു. ശിശുക്കൾ മാമ്മോദീസാ സ്വീകരിക്കുന്നതായി പുതിയനിയമത്തിൽ

ഒരിടത്തും സംശയരഹിതമായ വിധത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും കുടുംബം മുഴുവൻ മാമ്മോദീസാ സ്വീകരിച്ചു (അപ്പ 10,48; 16,33) എന്ന പ്രസ്താവനയിൽ ശിശുക്കൾ ഒഴിവാക്കപ്പെട്ടിട്ടില്ല. ശിശുക്കൾക്കു മാമ്മോദീസാ നല്കുന്നതിന് സഭ പ്രധാനമായും രണ്ടു കാരണങ്ങളാണു കണ്ടത്. 1. യേശുവിന്റെതന്നെ കല്പന. “ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല” (യോഹ 3,5). ഇവിടെ ആരും ഒഴിവാക്കപ്പെടുന്നില്ല. 2. എല്ലാ മനുഷ്യരിലും ഉള്ള ഉത്ഭവപാപം. “ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തു” (റോമാ 5,12). ഉത്ഭവ പാപത്തിൽനിന്നു മാമ്മോദീസാ വഴിയാണ് മോചനം ലഭിക്കുക. അതിനാൽ ശിശുക്കൾക്കും മാമ്മോദീസാ നല്കുന്നത് ആവശ്യമാണെന്നു സഭ പഠിപ്പിച്ചു. പഴയ ഉടമ്പടിയിൽ അംഗത്വം ലഭിക്കുന്നത് ഛേദനാചാരം വഴിയായിരുന്നു. ജനിച്ച് എട്ടാം ദിവസം ശിശുവിനു പരിച്ഛേദനം നല്കുക ഇസ്രായേലിൽ നിയമമായിരുന്നു (ലേവ്യ 12,3). പുതിയ ഉടമ്പടിയിൽ അംഗത്വത്തിനാവശ്യമായ മാമ്മോദീസാ ശിശുക്കൾക്കു നല്കുന്നതിന് ഈ നിയമവും സഹായകമായി. ദൈവികജീവനിലുള്ള പങ്കാളിത്തം ദൈവം നല്കുന്ന ദാനമാണ്. അതിനു പ്രായപൂർത്തിയാകുന്നതുവരെ കാത്തിരിക്കണം എന്ന് സഭ കരുതുന്നില്ല.

ഏ. ഡി. അഞ്ചാം നൂറ്റാണ്ടിലാണ് ശിശുമാമ്മോദീസായ്ക്കെതിരേ സഭയിൽ ആദ്യമായി എതിർപ്പുണ്ടായത്. ഉത്ഭവപാപത്തെ നിഷേധിച്ച പെലാജിയൂസും (Pelagius) കൂട്ടരുമായിരുന്നു ഇതിന്റെ പ്രണേതാക്കൾ. എന്നാൽ സഭ ഉടനെ പ്രതീകരിച്ചു. 418-ൽ കാർത്തേജിൽവച്ചു നടന്ന മെത്രാന്മാരുടെ സമ്മേളനം ശിശുക്കൾക്കു മാമ്മോദീസാ നല്കേണ്ടതിന്റെ ആവശ്യകത ആവർത്തിച്ചുറപ്പിച്ചു.

16-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റു നവീകരണത്തിന്റെ ചില നേതാക്കൾ ഈ പ്രശ്നം വീണ്ടും ഉന്നയിച്ചു. വിശ്വാസമാണ് രക്ഷയുടെ അടിസ്ഥാനം എന്നു പഠിപ്പിച്ചവർ വിശ്വസിക്കാൻ പ്രായമാകാത്ത ശിശുക്കൾക്കു മാമ്മോദീസാ നല്കുന്നത് അർത്ഥശൂന്യമാണെന്നു വാദിച്ചു. ലൂഥർ ഈ വാദത്തെ എതിർത്തെങ്കിലും അദ്ദേഹത്തിന്റെ അനുയായികളിൽ ചിലർ ശിശുസ്നാനത്തിന്റെ സാധുത നിഷേധിക്കുകയും ശിശുക്കളായിരുന്നപ്പോൾ മാമ്മോദീസാ സ്വീകരിച്ചവർക്ക് വീണ്ടും സ്നാനം നല്കുകയും ചെയ്തു. വീണ്ടും സ്നാനം നല്കുന്നവർ എന്ന അർത്ഥത്തിൽ *അനാബാപ്റ്റിസ്റ്റുകൾ* (anabaptists) എന്ന് ഇവർ അറിയപ്പെടുന്നു.

മാമ്മോദീസായെക്കുറിച്ചു മുകളിൽ പറഞ്ഞവയുടെ വെളിച്ചത്തിൽ

ഈ വാദത്തിനു നിലനില്ക്കാനാവില്ല എന്നു കാണാം. ഉത്ഭവപാപത്തിൽ നിന്നു മോചനം, ദൈവികജീവനിൽ പങ്കാളിത്തം, സഭയിൽ അംഗത്വം ഇതെല്ലാം ദൈവത്തിന്റെ ദാനമാണ്. രക്ഷാകർത്താക്കൾ ശിശുക്കൾക്കു വേണ്ടി വിശ്വാസം ഏറ്റുപറയുകയും അവരെ വിശ്വാസത്തിൽ വളർത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്താൽ മതി എന്നതാണ് സഭയുടെ നിലപാട്. മുതിർന്നവരാണ് മാമ്മോദീസാ സ്വീകരിക്കുന്നതെങ്കിൽ മാനസാന്തരവും വിശ്വാസവും ആവശ്യമാണെന്നു സഭ പഠിപ്പിക്കുന്നു. അതേസമയം ഇവപോലും ദൈവം നല്കുന്ന ദാനമാണെന്ന കാര്യവും സഭ ഓർമ്മിപ്പിക്കുന്നുണ്ട്.

## 8. ദാനവും ദൗത്യവും

ക്രിസ്തുനാഥൻ തന്റെ സഭയിലൂടെ സമൃദ്ധമായി നമുക്കു നല്കുന്ന ദൈവികജീവന്റെ ദാനമാണ് കൂദാശകൾ. എന്നാൽ അവ യാന്ത്രികമായി ഫലം പുറപ്പെടുവിക്കുന്ന മാന്ത്രിക വിദ്യകളല്ല. സ്വീകരിക്കുന്ന വ്യക്തികളുടെ സഹകരണം കൂദാശകളുടെ ഫലദായകത്വത്തിന് ആവശ്യമാണ്. സഭ നിർദ്ദേശിച്ചിരിക്കുന്ന കർമ്മവിധികൾ അനുസരിച്ചു പരികർമ്മം ചെയ്യുകയും സ്വീകരിക്കുന്നവർ തങ്ങളുടെ ഭാഗത്തുനിന്നു വിലങ്ങുതടികൾ വയ്ക്കാതിരിക്കുകയും ചെയ്താൽ കൂദാശകൾ ഫലം പുറപ്പെടുവിക്കും എന്ന ധാരണ അനേകരിൽ നിലനില്ക്കുന്നുണ്ട്. അതിനാൽ കൂദാശകളുടെ പരികർമ്മവും സ്വീകരണവും പലപ്പോഴും യാന്ത്രികമായിത്തീരുന്നു. ആത്മാവിനെ പ്രസാദവരത്താൽ അലങ്കരിക്കുന്ന അടയാളങ്ങളാണ് കൂദാശകൾ. ആത്മാവിനു ലഭിക്കുന്ന വരപ്രസാദത്തിന്റെ അടയാളങ്ങൾ നമ്മുടെ പ്രവൃത്തികളിലൂടെ പ്രകടമാകണം.

ശിശുമാമ്മോദീസായുടെ ആവശ്യകതയും സാധുതയും അംഗീകരിച്ചുകൊണ്ടുതന്നെ, മാമ്മോദീസായിൽ നമുക്ക് ഏല്പിക്കപ്പെടുന്ന ഉത്തരവാദിത്വത്തെപ്പറ്റി നാം ബോധ്യമുള്ളവരാകണം. മാമ്മോദീസായിൽ ലഭിക്കുന്ന ജീവൻ മണ്ണിൽ നട്ട വിത്തുപോലെയാണ്. വിത്തു മുളപൊട്ടി വളരണമെങ്കിൽ മണ്ണ് ഒരുക്കിയതാവണം; വെള്ളവും വളവും നല്കണം. ഇതുപോലെ മാമ്മോദീസാ സ്വീകരിച്ചയാളും തനിക്കു ലഭിച്ചിരിക്കുന്ന ദൈവികജീവനിൽ വളരാൻ ശ്രമിക്കണം. ശിശുവിനെ വിശ്വാസത്തിൽ വളർത്താൻ മുതിർന്നവർക്കു കടമയുണ്ട്. തനിക്കുവേണ്ടി മറ്റുള്ളവർ ഏറ്റുപറഞ്ഞ വിശ്വാസം പ്രായമാകുമ്പോൾ വ്യക്തി സ്വന്തമായി ഏറ്റുപറയണം. മാമ്മോദീസാ അടിസ്ഥാനപരമായ മനഃപരിവർത്തനത്തിന്റെ കൂദാശയാണ്. ലോകത്തിന്റേതായ വഴികളും മൂല്യങ്ങളും മാനദണ്ഡങ്ങളും ഉപേക്ഷിച്ച്, ക്രിസ്തുനാഥൻ കാണിച്ച പാതയിലൂടെ ചരിക്കാൻ മാമ്മോദീസാ സ്വീകരിച്ചയാൾക്കു കടമ

യുണ്ട്. ക്രിസ്തുവിനെ നാഥനും യജമാനനുമായി സ്വീകരിക്കുന്നവർക്ക് മാമ്മോന്റെ ദാസന്മാരായി തുടരാൻ കഴിയില്ല (മത്താ 6,24). ജീവിതത്തിലെടുക്കുന്ന ഓരോ തീരുമാനത്തിലും മാമ്മോദീസായിൽ ചെയ്ത വാഗ്ദാനത്തിന്റെ സ്വാധീനമുണ്ടാവണം. അപ്പസ്തോലന്മാരുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ട് മാമ്മോദീസാ സ്വീകരിച്ചവർ ഒറ്റ സമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പങ്കുവയ്ക്കാൻ തയ്യാറാവുകയും ചെയ്തു. ഇപ്രകാരമൊരു കൂട്ടായ്മയിലേക്കുള്ള വിളിയാണ് മാമ്മോദീസായിൽ നാം സ്വീകരിക്കുന്നത്. ലോകത്തെ മുഴുവൻ വിശുദ്ധീകരിക്കാനുള്ള പുരോഹിത ദൗത്യം മാമ്മോദീസായിലൂടെ എല്ലാ ക്രൈസ്തവർക്കും ലഭിക്കുന്നു. ലൗകിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും സത്യവും നീതിയും സ്നേഹവും സാഹോദര്യവും ഉറപ്പുവരുത്തുന്നതിനായി യത്നിക്കാൻ ക്രൈസ്തവനു കടമയുണ്ട്. “കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്വലിപ്പിക്കണമെന്ന്” (2 തിമോ 1,6) വി. പൗലോസ് നമ്മെയും അനുസ്മരിപ്പിക്കുന്നു. എല്ലാ കൂദാശകളെയും സംബന്ധിച്ച് ഇതു പ്രസക്തമാണ്.

യേശുവിനും അപ്പസ്തോലന്മാർക്കും ആത്മാവിന്റെ അഭിഷേകത്തിലൂടെ ലഭിച്ച പ്രവാചക ദൗത്യം ഇന്നു സ്ഥൈര്യലേപനത്തിലൂടെ നമുക്കു ലഭിക്കുന്നു. ദൗത്യം നിർവ്വഹിക്കാൻ ശ്രമിക്കുമ്പോഴേ ആത്മാവിന്റെ ശക്തി നമ്മിൽ പ്രകടമാകൂ. ആത്മവിശുദ്ധീകരണത്തോടൊപ്പം ലോകത്തിന്റെ നവീകരണവും പ്രവാചകദൗത്യത്തിന്റെ ഭാഗമത്രേ. ക്രൈസ്തവന്റെ ജീവിതം ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതാകണം. വ്യത്യസ്തങ്ങളായ ജീവിതമണ്ഡലങ്ങളിൽ നമ്മുടെ ക്രൈസ്തവത്വം തെളിയണം. നാം എടുക്കുന്ന തീരുമാനങ്ങൾ, നാം ചെയ്യുന്ന വ്യാപാരങ്ങൾ, ആഘോഷങ്ങൾ, നടത്തുന്ന സ്ഥാപനങ്ങൾ, ഇതിലൂടെയെല്ലാം പ്രകടമാകുന്ന ജീവിതശൈലി ക്രൈസ്തവമാണോ എന്ന് ആത്മശോധന ചെയ്യാൻ സഭാസമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവർ ബാധ്യസ്ഥരാണ്. തങ്ങൾ ക്രിസ്ത്യാനികളാണെന്ന് പേരിലൂടെപോലും വെളിപ്പെടുത്താൻ മടിക്കുന്നെങ്കിൽ, കത്തോലിക്കർ നടത്തുന്ന സ്ക്കൂളുകളിൽ ക്രിസ്തുവിന്റെ നാമം പറയാൻപോലും ഭയപ്പെടുന്നെങ്കിൽ, നമ്മുടേതായ സ്ഥാപനങ്ങളിൽ അനീതി നിലനില്ക്കുന്നെങ്കിൽ, സ്വാർത്ഥതാല്പര്യങ്ങൾക്കായി ക്രൈസ്തവമൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നെങ്കിൽ, സഹോദരന്റെ ദാരിദ്ര്യത്തിൽനിന്നു മുതലെടുത്തു സമ്പത്തു വർദ്ധിപ്പിക്കുന്നെങ്കിൽ അതു പ്രവാചകദൗത്യത്തെ ഉപേക്ഷിക്കലാണ്; പരിശുദ്ധാത്മാവിനെ വേദനിപ്പിക്കലാണ്. നാം സ്വീകരിച്ചിരിക്കുന്നത് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ധീരതയുടെ ആത്മാവിനെയാണ്. ഈ ധീരത ജീവൻ ത്യജിച്ചും ക്രിസ്തീയ വിശ്വാസത്തിനും ധാർമ്മിക മൂല്യങ്ങൾക്കും അനുസൃതം ജീവിക്കുന്നതിലും, സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹം

കെട്ടിപ്പടുക്കുന്നതിലും പ്രകടമാകണം. യേശുവിന്റെയും അപ്പസ്തോലന്മാരുടെയും മാതൃക ഇവിടെയും നമുക്കു പ്രചോദനം നല്കണം. എങ്കിൽമാത്രമേ സ്ഥൈര്യലേപനമെന്ന കൂദാശ നമ്മിൽ ഫലമണിയുകയുള്ളു.

ബലിജീവിതത്തിലുള്ള പങ്കുചേരലാണ് വിശുദ്ധ കുർബാന. കുരിശിൽ സ്വയം മുറിച്ചു പങ്കുവച്ചവന്റെ ഓർമ്മയാണു നാം ആചരിക്കുന്നത്. വിശുദ്ധ കുർബാനയിലുള്ള സജീവ പങ്കാളിത്തം പ്രാർത്ഥനകൾ ഉച്ചത്തിൽ ചൊല്ലുന്നതുകൊണ്ടോ പാട്ടുകൾ ഈണത്തിൽ പാടുന്നതുകൊണ്ടോ മാത്രം പൂർണ്ണമാകുന്നില്ല. സ്നേഹിതർക്കുവേണ്ടി ജീവനർപ്പിച്ച സ്നേഹമാണ് നാം ആഘോഷിക്കുക. നാഥൻ സ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കുമ്പോഴേ വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തം പൂർത്തിയാകൂ. ഓർമ്മയാചരണം പള്ളിയിൽ മാത്രം നടക്കാനുള്ളതല്ല. ക്രൈസ്തവന്റെ മുഖമുദ്ര ശത്രുക്കളെപ്പോലും സ്നേഹിക്കുന്ന, സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കാൻ തയ്യാറാകുന്ന സ്നേഹമാണ്. വിശുദ്ധ കുർബാനയുടെ സ്വീകരണം ഫലദായകമാകുന്നോ ഇല്ലയോ എന്നത് ജീവിതത്തിൽ നിന്നാണ് കാണേണ്ടത്. ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നവർ ഒറ്റ ശരീരമായിത്തീരുന്നു. എന്നാൽ ഒരേ കുർബാനയിൽ പങ്കെടുക്കുന്നവർക്ക് ഇന്ന് അതു പറയാൻ സാധിക്കുമോ? ഇല്ലെങ്കിൽ നാഥന്റെ ശരീരത്തിനും രക്തത്തിനും എതിരേ നാം തെറ്റു ചെയ്യുന്നു (1 കോറി 11,27).

മാനസാന്തരത്തിന്റെ കൂദാശയാണ് പാപമോചനം. പശ്ചാത്താപം, പാപം ഏറ്റുപറയൽ, പ്രായശ്ചിത്തം എന്നീ മൂന്നു ഘടകങ്ങൾ അതിനുണ്ട്. ചെയ്തുപോയ പാപത്തെക്കുറിച്ചുള്ള ബോധ്യം, ദൈവസ്നേഹത്തെ തിരസ്കരിച്ചതിലുള്ള ദുഃഖം, വഴിമാറാനുള്ള തീരുമാനം – ഇത്രയും കാര്യങ്ങളാണ് പശ്ചാത്താപം എന്നതുകൊണ്ട് അർത്ഥമാക്കുക. പ്രായശ്ചിത്തം എന്നത് മുഖ്യമായും ജീവിതനവീകരണത്തിനുള്ള ശ്രമമാണ്. ഇതൊന്നുമില്ലാതെ തിടുക്കത്തിൽ പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം സ്വീകരിച്ച് പഴയപടി ജീവിതം തുടരുമ്പോൾ പാപമോചനം എന്ന കൂദാശ എന്തുഫലം പുറപ്പെടുവിക്കുന്നു എന്ന ചോദ്യം ന്യായമായും നാം ചോദിക്കണം. കുമ്പസാരം ഒരു 'കടമ തീർക്കൽ' മാത്രമാകുമ്പോൾ അർത്ഥശൂന്യമായിത്തീരുന്നു. ആദിമസഭയിൽ വളരെ ചുരുക്കമായി മാത്രമേ പാപമോചനം നല്കിയിരുന്നുള്ളു എന്നും ദീർഘമായ ഒരുക്കവും പ്രായശ്ചിത്ത പ്രവൃത്തികളും സഭ ആവശ്യപ്പെട്ടിരുന്നു എന്നും നാം ഓർമ്മിക്കണം. അനുരഞ്ജനത്തിന്റെ കൂദാശയാണിത്. സഹോദരനുമായി രമ്യതയിലെത്താതെ ദൈവത്തോടു രമ്യതപ്പെടാൻ സാധിക്കുകയില്ല. ദൈവം സൗജന്യമായി നല്കുന്ന പാപമോചനം വലിയൊരുത്തരവാദിത്വം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. "മറ്റുള്ളവരോടു

നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്താ 6,15).

ക്രൂശിതനായ ക്രിസ്തുവിന്റെ പീഡാസഹനങ്ങളിൽ പങ്കുചേരാൻ ലഭിക്കുന്ന അവസരമാണ് രോഗങ്ങളും, മാനസികവും ശാരീരികവുമായ പീഡനങ്ങളും. രോഗീലേപനം നമ്മുടെ വേദനകളെയും സഹനങ്ങളെയും മരണത്തെയും രക്ഷണീയമാക്കി മാറ്റുന്നു. മാനുഷിക ബലഹീനതകളാൽ ചെയ്തുപോയ പാപങ്ങൾ ക്ഷമിച്ച് നമ്മെ നിത്യജീവന് അർഹരാക്കുകയും മണ്ണിൽ അഴിഞ്ഞുതീരുന്ന ശരീരത്തെ മഹത്വപൂർണ്ണമായ പുനരുത്ഥാനത്തിന് ഒരുക്കുകയും ചെയ്യുന്നതാണ് രോഗീലേപനം. അബോധാവസ്ഥയിൽ അന്ത്യശ്വാസം വലിക്കുമ്പോഴല്ല, ക്രിസ്തുവിന്റെ കുരിശിനോടു ചേർത്ത് നമ്മുടെ വേദനകളെ ബോധപൂർവ്വം പിതാവിനു സമർപ്പിക്കാൻ കഴിയുമ്പോഴാണ് ഈ കൂദാശ സ്വീകരിക്കേണ്ടത്.

പൗരോഹിത്യം സർവ്വോപരി ശുശ്രൂഷയാണ്. ശിഷ്യന്മാരുടെ കാലു കഴുകി മാതൃക നല്കിക്കൊണ്ട് നാഥൻ ഈ കൂദാശ സ്ഥാപിച്ചു. അധികാരമുള്ളവൻ സേവകനെപ്പോലെയാകണം. വിനയവും വിനീതമായ സേവനവും പുരോഹിതനിൽനിന്നു മാതൃകയായി ലഭിക്കണം. ക്രിസ്തുവിന്റെ പൗരോഹിത്യം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെട്ടത് കുരിശിലാണ്. കുരിശിൽ സ്വയം അർപ്പിച്ചവന്റെ സ്ഥാനപതികൾക്കു മറ്റൊരു ജീവിതശൈലിയോ അധികാരപ്രയോഗമോ അനുവദനീയമല്ല. വിശ്വാസികളുടെ വിശുദ്ധീകരണത്തിനു വേണ്ടിയാണ് നാഥൻ പൗരോഹിത്യം സ്ഥാപിച്ചത്. അജപാലനധർമ്മം ദൈവരാജ്യത്തിലേക്കു വിശ്വാസികളെ നയിക്കലാണ്. സഭയുടെ ഭൗതികകാര്യങ്ങൾ അപ്പസ്തോലന്മാർ ഡീക്കന്മാരെ ഏല്പിച്ചത് വചനശുശ്രൂഷയിൽ വിഘ്നം നേരിടാതിരിക്കാൻ വേണ്ടിയായിരുന്നു. അപ്പസ്തോലന്മാരുടെ ഈ തീരുമാനം സഭയിൽ കൂടുതൽ പ്രാവർത്തികമാകേണ്ടിയിരിക്കുന്നു. പുരോഹിതന്റെ നേതൃത്വം ആത്മീയ നേതൃത്വമാണ്. നീതിനിഷ്ഠമായ സമൂഹസൃഷ്ടിക്ക് വിശ്വാസികളെ ഒരുക്കുകയാണ് അവരുടെ കൗദാശിക ധർമ്മം.

സഭയാകുന്ന വധുവിനുവേണ്ടി ജീവൻ അർപ്പിച്ച വരനാണ് ക്രിസ്തു. ഈ ആത്മസമർപ്പണമാണ് വൈവാഹിക ജീവിതത്തിന്റെ മാതൃകയും വിവാഹമെന്ന കൂദാശയുടെ അടിത്തറയും. നാഥൻ സഭയെ ഒരിക്കലും ഉപേക്ഷിക്കില്ല; സഭ തന്റെ നാഥനോട് ഒരിക്കലും അവിശ്വസ്തയാവുകയുമില്ല. ഭാര്യാഭർതൃബന്ധം മരണംവരെയുള്ള, തിരിച്ചെടുക്കാനാവാത്ത പരസ്പരദാനമണ്. സന്തോഷത്തിലും ദുഃഖത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും അവർ ഒരുമിച്ചു നില്ക്കണം. അഭേദ്യമായ ബന്ധം, സമ്പൂർണ്ണമായ ദാനം, അനുദിനം വളരുന്ന സ്നേഹം – ഇത് സന്താ

നങ്ങളിൽ ഫലമണിയുന്നു, സന്താനങ്ങളിലൂടെ നിലനില്ക്കുന്നു. ത്രിയേക ദൈവത്തിന്റെ ആന്തരിക ജീവനായ സ്നേഹം ഈ ഭൂമിയിൽ ഏറ്റം സ്പഷ്ട മാകുന്ന വേദിയാണ് കുടുംബം. അവിടെയാണ് കുഞ്ഞുങ്ങൾ ദൈവസ്നേഹം അനുഭവിച്ചറിയുന്നത്. അവിടെയാണ് ദൈവമക്കൾ പക്വതയാർന്ന ക്രിസ്തീയ വ്യക്തിത്വത്തിലേക്കു വളരുന്നത്. സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാണ് ക്രൈസ്തവ കുടംബം. ഇതു താനേ ഉണ്ടാകുന്ന ഒന്നല്ല. വിവാഹമെന്ന കൂദാ ശയിലൂടെ ലഭിക്കുന്ന പ്രസാദവരത്തോടു സഹകരിച്ച്, പരസ്പരം സ്നേഹി ച്ചും ദാനം ചെയ്തും ക്ഷമിച്ചും സഹിച്ചും ഒരുമിച്ചു യത്നിച്ചും പ്രാർത്ഥി ച്ചും വളർത്തിയെടുക്കേണ്ട ഒന്നാണിത്. (കുടുംബജീവിതത്തെക്കുറിച്ച് വത്തി ക്കാൻ II, സഭ ആധുനിക ലോകത്തിൽ, 47-52 കാണുക).

ഏഴു കൂദാശകളും ദൈവത്തിന്റെ ദാനങ്ങളാണ്; അതേസമയം വിശ്വാ സികൾക്ക് ഏല്പിക്കപ്പെടുന്ന ദൗത്യവുമാണ്. കൂദാശകൾ സ്വീകരിക്കുന്ന കത്തോലിക്കരുടെ ജീവിതം എന്തുകൊണ്ട് മറ്റുള്ളവരുടേതിൽനിന്നു വ്യത്യ സ്തമായി കണപ്പെടുന്നില്ല എന്ന് ആരെങ്കിലും ചോദിക്കുന്നെങ്കിൽ കൂദാശ കളിലൂടെ ലഭിക്കുന്ന പ്രസാദവരത്തോട് കത്തോലിക്കർ എപ്രകാരം സഹ കരിക്കുന്നു എന്ന് അന്വേഷിക്കണം. ഈ അന്വേഷണത്തിൽ നിന്ന് കൂദാശ കൾ സ്വീകരിക്കുന്നവർക്കും പരികർമ്മം ചെയ്യുന്നവർക്കും ഒഴിഞ്ഞുനില്ക്കാ നാവില്ല.

# ഭാഗം IV

# ലക്ഷ്യത്തിലേക്ക്

“ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, നമുക്ക് ദൈവം അതെല്ലാം ആത്മാവു മുഖേന വെളിപ്പെടുത്തിത്തരുന്നു” (1 കോറി 2,9-10). മനുഷ്യവ്യക്തികളുടെയും സൃഷ്ടപ്രപഞ്ചം മുഴുവന്റെയും ആത്യന്തികമായ ലക്ഷ്യത്തെക്കുറിച്ച് പരിശുദ്ധാത്മാവ് ബൈബിളിലൂടെയും കത്തോലിക്കാ സഭയുടെ ഒദ്യോഗിക പ്രബോധനത്തിലൂടെയും വെളിപ്പെടുത്തിത്തന്നിട്ടുള്ള കാര്യങ്ങളാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്.

മരിച്ച മനുഷ്യന് എന്തു സംഭവിക്കുന്നു? ശുദ്ധീകരസ്ഥലം എന്നൊന്നുണ്ടൊ? മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് എന്തു പ്രസക്തിയാണുള്ളത്? വിശുദ്ധരോടു പ്രാർത്ഥിക്കുന്നത് ക്രിസ്തുവാകുന്ന ഏക മധ്യസ്ഥനെ തള്ളിപ്പറയലാണോ? വിശുദ്ധരുടെ പ്രതിമകൾ ഉണ്ടാക്കുകയും അവയെ വണങ്ങുകയും ചെയ്യുന്നത് ബൈബിളിന്റെ വ്യക്തമായ പഠനത്തിനു വിരുദ്ധമല്ലേ? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ ഇന്നു കത്തോലിക്കരെ അലട്ടുന്നുണ്ട്. ഇവയെല്ലാം വ്യക്തിയുടെ അന്ത്യവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ്. ഇവയ്ക്ക് ഉത്തരം നല്കാൻ ആദ്യത്തെ അധ്യായത്തിൽ ശ്രമിക്കുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 988-1037 ഈ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

വ്യക്തിയുടെ മരണത്തോടെ അയാളുടെ ലോകവും അവസാനിക്കുന്നു. എന്നാൽ വ്യക്തി ജനിക്കുന്നതിനു മുമ്പേ ലോകം ഉണ്ടായിരുന്നു; അയാളുടെ മരണത്തിനു ശേഷവും ലോകം ഉണ്ടായിരിക്കും. ഈ ലോക

ത്തിനുതന്നെ അവസാനമുണ്ടോ? കർത്താവിന്റെ മടങ്ങിവരവ്, മരിച്ചവരുടെ പുനരുത്ഥാനം, പൊതുവിധി, നിത്യജീവൻ, പ്രപഞ്ചത്തിന്റെ നവീകരണം, മുതലായ വിഷയങ്ങൾ രണ്ടാമത്തെ അധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1038--1060 വളരെ ചുരുക്കമായി ഇവയെക്കുറിച്ച് പ്രതിപാദിക്കുന്നു.

ദൈവത്തിനു മാത്രം നൽകേണ്ട ആരാധന കത്തോലിക്കർ മറിയത്തിനു നൽകുന്നു, അങ്ങനെ മറിയത്തെ ദൈവതുല്യയാക്കിക്കൊണ്ട് വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുന്നു എന്ന ആരോപണം ഉന്നയിപ്പിക്കപ്പെടാറുണ്ട്. തന്നെയുമല്ല, പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിൽ വച്ചും പരസ്യജീവിതത്തിന്റെ തുടക്കത്തിൽ കാനായിൽ വച്ചും (യോഹ 2,4) പിന്നീട് തന്നെ തേടി വന്നപ്പോഴും (മർക്കോ 3,31–35) യേശുതന്നെ അമ്മയെ തള്ളിപ്പറഞ്ഞതായും ആരോപണമുണ്ട്. മറിയത്തെക്കുറിച്ച് ബൈബിൾ എന്താണ് പറയുന്നത്? സഭയിലും സഭയുടെ വിശ്വാസത്തിലും യേശുവിന്റെ അമ്മയായ മറിയത്തിന്റെ സ്ഥാനമെന്ത്? മൂന്നാം അധ്യായം പരിശുദ്ധ കന്യാമറിയത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനം സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. മറിയം സഭയുടെ മാതാവും അംഗവുമാണ്. ഓരോ വിശ്വാസിക്കു ലഭിക്കുന്നതും ലഭിക്കാനിരിക്കുന്നതുമായ കൃപാവരം മറിയത്തിൽ മുൻകൂറായി സാക്ഷാ ൽക്കരിക്കപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെട്ട മനുഷ്യസമൂഹത്തിന്റെ മാതാവും മാതൃകയുമാണവൾ.

എവിടെ നിന്നു വന്നെന്നോ എങ്ങോട്ടു പോകുന്നെന്നോ അറിയാതെ അന്ധകാരത്തിൽ തപ്പിത്തടയലല്ല മനുഷ്യജീവിതം. ദൈവത്തിന്റെ നിശ്ചിത പദ്ധതിയനുസരിച്ചാണ് പ്രപഞ്ചവും മനുഷ്യനും സൃഷ്ടിക്കപ്പെട്ടത്. രണ്ടിനും ദൈവനിശിച്തമായ ലക്ഷ്യവുമുണ്ട്. മനുഷ്യബുദ്ധിക്ക് ഇത് അഗ്രാഹ്യമെങ്കിലും ദൈവം നമുക്ക് ഇതു വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. ഈ വെളിപാട് പടിപടിയായിട്ടാണ് വ്യക്തത പ്രാപിച്ചത്. ഉത്ഥിതനായ ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട നമ്മുടെ ആത്യന്തികമായ ലക്ഷ്യം, ഈ ഭൂമിയിലെ നമ്മുടെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നു. ഈ ജീവിതം അതിന്റെ സകല ക്ലേശങ്ങളോടും വെല്ലുവിളികളോടും കൂടെ സ്വീകരിക്കാനും പ്രതീക്ഷയിൽനിന്നു ലഭിക്കുന്ന ധീരതയോടെ പൂർണ്ണമായി ജീവിക്കാനും നമുക്കു ശക്തി പകരുന്നു. മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം ഭൗതിക യഥാർത്ഥ്യങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമല്ല, ഈ ലോകത്തെ ക്രിസ്തുവത്കരിക്കാനുള്ള ദൗത്യമാണ്.

# 1 വ്യക്തിയുടെ അന്ത്യം

## 1. മരണം

മനുഷ്യന്റെ സ്വാഭാവികമായ അന്ത്യമാണു മരണം. അതു പാപത്തിന്റെ ഫലമാണ്. ക്രിസ്തുവിന്റെ മരണം നമുക്കു പാപത്തിൽനിന്നും മരണത്തിൽനിന്നും മോചനം നല്കുന്നു. മരണത്തിലൂടെ നാം ക്രിസ്തുവിനോടു താദാത്മ്യപ്പെടുകയും പിതൃഭവനത്തിലേക്കു യാത്രയാവുകയും ചെയ്യുന്നു.

**a. മനുഷ്യന്റെ സ്വാഭാവികമായ അന്ത്യം:** "മനുഷ്യരെല്ലാം ഒരിക്കൽ മരിക്കണം; അതിനുശേഷം വിധി എന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ 9,27). മാറ്റമില്ലാത്ത ഈ വിധിയിൽനിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ല. "മരണമേ, തന്റെ സമ്പത്തിന്റെ മധ്യേ സമാധാനപൂർവ്വം ജീവിക്കുന്നവന്....നിന്നെപ്പറ്റി ഓർക്കുന്നത് എത്ര അരോചകമാണ്!" (പ്രഭാ 41,1). സമൃദ്ധിയിൽ കഴിയുന്നവർ മരണത്തെ ഭയപ്പെടുമ്പോൾ മരണത്തിനുവേണ്ടി തീവ്രമായി ആഗ്രഹിക്കുന്നവരുമുണ്ട്. "മരണമേ, ദരിദ്രനും ശക്തി ക്ഷയിച്ചവനും.... നിന്റെ വിധി എത്രയോ സ്വാഗതാർഹമാണ്" (പ്രഭാ 41,2). എല്ലാ ക്ലേശങ്ങളിലും യാതനകളിലും നിന്നു മനുഷ്യനു ദൈവം നല്കുന്ന വിശ്രമമാണ് മരണം. മരണത്തെ ആഗ്രഹിക്കുന്നവർപോലും ജീവിതത്തിന്റെ അവസാനമല്ല, ദുഃഖങ്ങളുടെ അറുതിയാണ് ആഗ്രഹിക്കുന്നത്. ഈ ഭൂമിയിലെ ജീവിതം ഹ്രസ്വമാണെന്നും ഒരിക്കൽ അവസാനിച്ചാൽ പിന്നീടതു ലഭിക്കുകയില്ല എന്നുമുള്ള വിശ്വാസം തികഞ്ഞ ഉത്തരവാദിത്വബോധത്തോടെ ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കണം.

**b. മരണം പാപത്തിന്റെ ഫലം:** ഇന്നു മനുഷ്യപ്രകൃതിയുടെ ഭാഗമാണ് മരണം. എന്നാൽ മരണത്തിനുവേണ്ടിയല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. "ദൈവം മനുഷ്യനെ അനശ്വരതയ്ക്കുവേണ്ടി സൃഷ്ടിച്ചു; തന്റെ അനന്തതയുടെ സാദൃശ്യത്തിൽ നിർമ്മിച്ചു" (ജ്ഞാനം 2,23; 1,13). ആദ്യമനുഷ്യന്റെ പാപംമൂലാണ് മനുഷ്യപ്രകൃതി മരണത്തിനധീനമായത് (റോമാ 5,12; ജ്ഞാനം 2,24). ദൈവത്തിന്റെ സ്നേഹം തിരസ്കരിക്കലാണ്, ദൈവത്തെ ദൈവമായി അംഗീകരിക്കാതെ സ്വന്തം ഇഷ്ടത്തെ ദൈവഹിതത്തിനുപരി പ്രതിഷ്ഠിക്കലാണ് പാപം. ദൈവം നല്കിയ ഏറ്റം വിശിഷ്ട ദാനമായ സ്വാതന്ത്ര്യം ദുരുപയോഗിച്ചതാണ് മരണത്തിനു കാരണമായത്. എന്നാൽ മരണത്തിന് അടിമയായിത്തീർന്ന മനുഷ്യനെ ദൈവം കൈവിടുന്നില്ല. പാപത്തിൽനിന്നും മരണത്തിൽനിന്നും അവനെ രക്ഷിക്കാനുള്ള പദ്ധതിയും

മുന്നിൽ കണ്ടുകൊണ്ടാണ് ദൈവം മനുഷ്യനു സ്വാതന്ത്ര്യം നല്കിയത് (ഉൽപ 3,15).

**C. മരണത്തിന്മേൽ വിജയം:** സ്വന്തം ശക്തിയാൽ മോചനം നേടാൻ കഴിയാത്തവിധം പാപത്തിനും മരണത്തിനും അധീനനായ മനുഷ്യനെ യേശുക്രിസ്തുവിലൂടെ ദൈവം മോചിപ്പിച്ചു. മർത്യമായ മനുഷ്യപ്രകൃതി സ്വയം ഏറ്റെടുത്തുകൊണ്ടാണ് യേശു ഈ മോചനം നേടിയത്. സ്വയം ഏറ്റെടുത്തതാണു മരണമെങ്കിലും അതിനുമുമ്പിൽ യേശു പര്യാകുലനാവുകയും, കഠിനമായ വേദനയിൽ മുഴുകുകയും, കഴിയുമെങ്കിൽ, തന്നെ ഇതിൽനിന്നു രക്ഷിക്കണമെന്ന് പിതാവിനോട് അപേക്ഷിക്കുകയും ചെയ്തു (മർക്കോ 14,33; ലൂക്കാ 22,44; ഹെബ്രാ 5,7). മരണത്തിന്റെ ഭീകരത മുഴുവൻ വ്യക്തമാക്കുന്നതാണ് ഗദ്സേമെനിലെ യേ ശുവിന്റെ പ്രാർത്ഥന. മനുഷ്യപ്രകൃതി സർവ്വശക്തിയോടുംകൂടെ മരണത്തെ തിരസ്കരിക്കാൻ ശ്രമിക്കുന്നതിന്റെ ചിത്രമാണിത്.

പാപത്തിന്റെ കാഠിന്യം അറിയുന്നവനേ മരണത്തിന്റെ യഥാർത്ഥരൂപം ഗ്രഹിക്കാനാവൂ. "അവനിൽ നാം എല്ലാവരും സ്വീകാര്യരാകേണ്ടതിന് പാപം അറിയാത്തവനെ ദൈവം പാപമാക്കി" (2 കോറി 5,21). യഹൂദമതത്തിന്റെ പരമാധികാരികൾ ദൈവികനിയമം അനുസരിച്ച് അവനെ ദൈവദൂഷകനെന്നു സ്ഥാപിച്ചു. രാഷ്ട്രീയാധികാരികൾ അവനിൽ കുറ്റമൊന്നും കണ്ടില്ലെങ്കിലും കലാപകാരിയെന്നു വിധിച്ചു. മതവും രാഷ്ട്രവും മരണത്തിനു വിധിച്ചവൻ കുരിശിൽ കിടന്നു നിലവിളിച്ചു "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു?" (മർക്കോ 15,35). പാപിയായ മനുഷ്യന്റെ പരിത്യക്തതയും വേദനയും ദുഃഖവും അതിന്റെ പൂർണ്ണതയിൽ യേശു അനുഭവിച്ചു.

അതേസമയം ദൈവഹിതത്തിന് തന്റെ മാനുഷികമായ ഹിതത്തെ യേശു പൂർണ്ണമായി കീഴ്പ്പെടുത്തി (മത്താ 26,39). പറുദീസായിൽ വച്ച് ആദിമനുഷ്യൻ ദൈവഹിതത്തിനുപരി സ്വന്തഹിതം പ്രതിഷ്ഠിച്ചുകൊണ്ട് തുടങ്ങിയ പാപത്തിന്റെ ചരിത്രം ഇവിടെ തിരുത്തിക്കുറിക്കപ്പെടുകയായി.

'യേശു മരിച്ച് അടക്കപ്പെട്ടു, പാതാളങ്ങളിൽ ഇറങ്ങി' എന്നത് വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. പാതാളം മരണത്തിന്റെ താവളവും സാത്താന്റെ കോട്ടയുമായിട്ടാണ് പഴയനിയമത്തിൽ ചിത്രീകരിക്കപ്പെടുന്നത്. കുരിശുമരണത്തിലൂടെ മരണത്തിന്മേൽ വിജയം വരിച്ചവൻ സാത്താ ന്റെ സാമ്രാജ്യത്തെ ആക്രമിച്ചു കീഴടക്കുന്നതായി ഈ പാതാള സന്ദർശനം പ്രതീകാത്മകമായ അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. മരണത്തിന്റെയും നരക

ത്തിന്റെയും താക്കോലുകൾ അവന്റെ കൈയിലുണ്ട് (വെളി 1,18). മരണത്തിന്റെ തടവറയിൽ ബന്ധിതരായിരുന്നവരെ യേശു മോചിപ്പിച്ചു എന്ന് ഇതു സൂചിപ്പിക്കുന്നു (1 പത്രോ 3,19).

യേശുവിന്റെ മരണം പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള വിധിപ്രസ്താവനയായിരുന്നു. സാൻഹദ്രിൻ സംഘവും പീലാത്തോസും യേശുവിനെ മരണത്തിനു വിധിച്ചു. പാപവും മരണവും ജീവന്റെമേൽ വിജയക്കൊടി നാട്ടിയെന്നു കരുതിയ അതേ നിമിഷത്തിൽ മരണം പരാജയപ്പെടുകയായിരുന്നു, സാത്താൻ വിധിക്കപ്പെടുകയായിരുന്നു. ലോകത്തിന്റെ വിധിയാളനെ വിധിച്ചവൻ സ്വയം വിധിക്കപ്പെട്ടു. “ഇപ്പോഴാണ് ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും” (യോഹ 12,31). യേശുവിന്റെ കുരിശുമരണത്തോടനുബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾ (മത്താ 27,51-53) ഇതിനു സാക്ഷ്യം വഹിക്കുന്നു.

പാപത്തിനധീനമായ ലോകത്തിന്റെ ഭാഗത്തുനിന്നു നോക്കുമ്പോൾ യേശുവിനെ ക്രൂശിച്ചത് ഏറ്റം വലിയ പാപമായിരുന്നു. എന്നാൽ യേശുവിന്റെ ഭാഗത്തുനിന്ന് അത് ഏറ്റം സമ്പൂർണ്ണമായ ആത്മസമർപ്പണമായിരുന്നു, സ്നേഹത്താൽ പ്രചോദിതനായി പിതാവിനു സമർപ്പിച്ച ആത്മബലി. “ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ്” (യോഹ 10,18). യേശുവിനു നമ്മോടുള്ള നിസ്സീമമായ സ്നേഹമാണ് ഈ ആത്മബലിയിൽ പ്രകടമാകുന്നത് (ഗലാ 2,20). ആദ്യമനുഷ്യനിലൂടെ പ്രതിഷേധമുയർത്തിയ മനുഷ്യപ്രകൃതി കുരിശിൽ പൂർണ്ണമായും ദൈവത്തിനു വിധേയമായി. അങ്ങനെ മനുഷ്യവർഗ്ഗം ദൈവവുമായി രമ്യതയിലെത്തി (റോമാ 5,10).

യേശുവിന്റെ പുനരുത്ഥാനം മരണത്തിന്റെമേൽ ദൈവം വരിച്ച വിജയമാണ്. യേശുവിന്റെ മരണത്തിൽ മരണം പരാജയപ്പെട്ടു; ഉത്ഥാനത്തിൽ ജീവന്റെ വിജയം പ്രകടമായി. ഇനിമേൽ മരണം ഒരു ഭീകര ശത്രുവല്ല. വിഷപ്പല്ലുപോയ പാമ്പിനെപ്പോലെ മരണം നിർവ്വീര്യമാക്കപ്പെട്ടു. (1 കോറി 15,55).

**d. ക്രൈസ്തവന്റെ മരണം:** ക്രിസ്തുവിന്റെ കുരിശിൽനിന്നു പ്രസരിക്കുന്ന പ്രകാശത്തിൽ മരണത്തിനു പുതിയ അർത്ഥം കൈവരുന്നു. “ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചു; അതിനാൽ എല്ലാവരും മരിച്ചു” (2 കോറി 5,14). ഈ മരണത്തിൽ ഓരോരുത്തരും വ്യക്തിപരമായി പങ്കുചേരണം. മാമ്മോദീസായിലൂടെ ഈ പങ്കുചേരൽ ആരംഭിക്കുന്നു. ക്രിസ്തുവിന്റെ പ്രമാണമനുസരിച്ചുള്ള അനുദിനജീവിതത്തിലൂടെ നാം ക്രൂശിതനായ

ക്രിസ്തുവിനോടു കൂടുതൽ താദാത്മ്യപ്പെടുന്നു. ശാരീരികമായ മരണ ത്തോടെ ഈ പങ്കുചേരൽ പൂർത്തിയാകുന്നു.

മാമ്മോദീസായിൽ ആരംഭിച്ച പഴയ മനുഷ്യന്റെ മരണം അനുദിനജീ വിതത്തിൽ നാം തുടരണം. എന്നാൽ മാത്രമേ പുതിയ മനുഷ്യൻ പക്വതയി ലേക്കു വളരൂ. ലോകത്തെയോ മാനുഷിക ജീവനെയോ വിലമതിക്കാത്ത തുകൊണ്ടല്ല ക്രൈസ്തവർ അനുദിനം മരിക്കുന്നത്. അവയെ ക്രിസ്തുവിൽ നവീകരിക്കുന്നതിനു വേണ്ടിയാണ്. തന്റെ ജീവൻ നിലനിർത്താൻ പരിശ്ര മിക്കുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നാൽ ക്രിസ്തുവിനെപ്രതി സ്വജീ വൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും (ലൂക്കാ 17,33; മത്താ 10,39). ഇപ്രകാരം അനുദിനം മരിക്കുന്ന വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശാരീ രിക മരണം ജീവിതത്തിന്റെ അവസാനമല്ല, പൂർത്തികരണമാണ്.

യേശുവിന്റെ മരണം ബലിയായിരുന്നതുപോലെ ക്രൈസ്തവന്റെ മര ണവും ദൈവത്തിനു സ്വീകാര്യമായ ബലിയായി പരിണമിക്കുന്നു. രക്തസാ ക്ഷിത്വത്തിലാണ് ഈ ബലിയർപ്പണം ഏറ്റം പ്രകടമാകുന്നത്. "ഞാൻ ബലി യായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു" (2 തിമോ 4,6) എന്നു തന്റെ മരണത്തെക്കുറിച്ചുള്ള വി.പൗലോസിന്റെ വാക്കുകൾ ഏതു ക്രിസ്ത്യാനിക്കും സ്വന്തം മരണത്തെക്കുറിച്ചു പറയാൻ കഴിയണം. ക്രൈസ്ത വന്റെ മരണം നിത്യജീവനിലേക്കുള്ള ജനനമായി സഭ കരുതുന്നു. അതി നാൽ വിശുദ്ധരുടെ മരണദിനത്തെ അവരുടെ ജന്മദിനമായിട്ടാണ് ആഘോ ഷിക്കുന്നത്. മരണം എപ്പോഴാണ് സംഭവിക്കുക എന്നറിയാത്തതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കണം (മത്താ 24,45-50; 25,1-13). ക്രിസ്തുവിശ്വാ സിക്ക് ഐഹികജീവിതം ദീർഘിക്കുന്നതു പ്രത്യേക ദൈവാനുഗ്രഹമായോ അതു ചുരുങ്ങുന്നതു ശാപമായോ കരുതാനാവില്ല.

ഏകാകിയായി ശൂന്യതയിലേക്കുള്ള പ്രയാണമല്ല, പിതൃഭവനത്തിലേ ക്കുള്ള യാത്രയാണ് മരണം. വാസസ്ഥലമൊരുക്കാൻ പിതാവിന്റെ ഭവനത്തി ലേക്കുപോയ യേശു തന്റെ ശിഷ്യനെ കൂട്ടിക്കൊണ്ടുപോകാൻ വരുന്ന സമ യമാണത്. സഭയുടെ കൂദാശകൾ ക്രിസ്തുവിശ്വാസിയെ ഈ യാത്രയ്ക്ക് ഒരുക്കുന്നു. രോഗീലേപനം അയാളുടെ ശരീരത്തെ വിശുദ്ധീകരിച്ച് ദൈവ ത്തിനു സ്വീകാര്യമായ ബലിവസ്തുവായി സജ്ജമാക്കുന്നു. വിശുദ്ധ കുർബാ നയെ യാത്രയ്ക്കുള്ള ആഹാരം, *തിരുപ്പാഥേയം* (Viatecum) എന്നാണല്ലോ നാം വിളിക്കുന്നത്. "എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യു കയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ 6,54) എന്ന നാഥന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചു കൊണ്ടാണ് ക്രൈസ്തവൻ തന്റെ അന്ത്യയാത്ര ആരംഭിക്കുക.

## 2. തനതുവിധി

നിത്യതയിലേക്കുള്ള മനുഷ്യന്റെ തീർത്ഥാടനം മരണത്തോടെ അവസാനിക്കുന്നു. മരിക്കുന്ന നിമിഷത്തിൽത്തന്നെ നിത്യതയുടെ കവാടത്തിൽവച്ച് ഓരോ മനുഷ്യവ്യക്തിയുടെയും ഭാഗധേയം അന്തിമമായി നിർണ്ണയിക്കപ്പെടുന്നു. നീതിമാന്മാർ നിത്യഭാഗ്യത്തിലേക്കും ദുഷ്ടർ നിത്യശിക്ഷയിലേക്കും പ്രവേശിക്കുന്നു. കഠിനമായ പാപാവസ്ഥയിലല്ലാതെയും എന്നാൽ സ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താതെയും മരിക്കുന്നവരെ ശുദ്ധീകരിച്ചു പൂർണ്ണരാക്കാൻ ദൈവം അവസരം നല്കുന്നു. ശുദ്ധീകരണം പൂർത്തിയാകുമ്പോൾ അവരും നിത്യഭാഗ്യത്തിൽ പ്രവേശിക്കുന്നു. ഇതാണ് കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനം. വ്യക്തിയുടെ അന്ത്യത്തെക്കുറിച്ചുള്ള വിധിനിർണ്ണയം "തനതുവിധി" എന്ന് അറിയപ്പെടുന്നു. യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന പൊതുവിധിയിൽനിന്നും വ്യത്യസ്തമാണിത്.

എല്ലാം അറിയുന്നവനും നീതിമാനുമായ ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ നില്ക്കേണ്ടിവരും എന്നതു തികച്ചും ഭയാനകമാണ്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പൂർണ്ണമായ ഉത്തരവാദിത്വത്തോടെ ജീവിക്കാൻ വിധിയെക്കുറിച്ചുള്ള ചിന്ത ഉത്തേജനം നല്കുന്നു (ഫിലി 2,12-13). ദൈവസ്നേഹത്തിൽ ഉറച്ചു വിശ്വസിക്കുകയും ആ സ്നേഹത്തിൽ വളരുകയും ചെയ്യുന്നതനുസരിച്ച് ഭയം കുറയുകയും പ്രത്യാശ വർദ്ധിക്കുകയും ചെയ്യും. ശിക്ഷയെക്കുറിച്ചുള്ള ഭയമല്ല, ദൈവസ്നേഹത്തിലുള്ള വിശ്വാസമാണ് ക്രൈസ്തവനെ നയിക്കുകയും സൽപ്രവൃത്തികൾക്കു പ്രേരിപ്പിക്കുകയും ചെയ്യേണ്ടത്. "സ്നേഹത്തിൽ ഭയത്തിന് ഇടമില്ല. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു" (1 യോഹ 4,18).

## 3. സ്വർഗ്ഗം

"നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്, ഒരുപദ്രവവും അവരെ സ്പർശിക്കുകയില്ല....അവരാകട്ടെ ശാന്തി അനുഭവിക്കുന്നു" (ജ്ഞാനം 3,1-3). നീതിമാന്മാർ മരണാനന്തരം ദൈവസന്നിധിയിൽ നിത്യവിശ്രമം അനുഭവിക്കുന്നുവെന്ന വിശ്വാസം പഴയനിയമകാലത്തിന്റെ അവസാനത്തോടെ ശക്തിപ്പെട്ടു. ഈ വിശ്രമത്തെ സ്വർഗ്ഗഭാഗ്യമെന്നു നാം വിളിക്കുന്നു. സ്വർഗ്ഗം എന്ന പദം ദൈവിക സാന്നിധ്യത്തിന്റെയും ദൈവത്തിന്റെ തന്നെയും പര്യായമായിട്ടാണ് ബൈബിൾ ഉപയോഗിക്കുന്നത്. യേശു സ്വർഗ്ഗാരോഹണം ചെയ്തു എന്നു പറയുമ്പോൾ പിതാവിന്റെ മഹത്വത്തിൽ പ്രവേശിച്ചു എന്ന് അർത്ഥമാക്കുന്നു (അപ്പ 2,36; യോഹ 13,1). ദൈവം തന്നെയാണ് സ്വർഗ്ഗം. ദൈവത്തിന്റെ പൈതൃക വാത്സല്യം അനന്തമായി അനുഭ

വിക്കുകയും അവിടുത്തെ സാന്നിധ്യത്തിൽ ആനന്ദിക്കുകയും ചെയ്യുന്ന അവസ്ഥയെ 'സ്വർഗ്ഗത്തിലായിരിക്കുക' എന്നു വിളിക്കുന്നു.

സ്വർഗ്ഗീയാനുഭവം പൊതുവിധിക്കുശേഷമേ അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളു. പുനരുത്ഥാനം സംഭവിക്കുന്നതുവരെ മനുഷ്യൻ അപൂർണ്ണനായിരിക്കും. ദൈവമക്കൾ എല്ലാവരും പിതൃഭവനത്തിൽ ഒരുമിച്ചുകൂട്ടപ്പെടുന്നതുവരെ ദൈവരാജ്യം പൂർണ്ണമാവുകയില്ല. എന്നാലും നീതിമാന്മാർ മരണാനന്തരം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നുവെന്ന് യേശു പഠിപ്പിച്ചിട്ടുണ്ട്: "നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും" (ലൂക്കാ 23,43). ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെയും യേശു ഈ സത്യം വെളിപ്പെടുത്തി. ജീവിതകാലത്തു ക്ലേശങ്ങൾ മാത്രം അനുഭവിച്ച ലാസർ മരിച്ചപ്പോൾ അയാളെ ദൈവം അബ്രാഹത്തിന്റെ മടിയിലേക്കു സംവഹിച്ചു (ലൂക്കാ 16,22-25).

മരണാനന്തരം ലഭിക്കുന്ന ഒന്നുമാത്രമല്ല സ്വർഗ്ഗാനുഭവം. അത് ഈ ഭൂമിയിൽത്തന്നെ ആരംഭിക്കുന്നു. മനുഷ്യർ പരസ്പരം സ്നേഹിച്ചും പങ്കുവച്ചും ദൈവിക സാന്നിധ്യത്തിൽ ജീവിക്കുന്നിടത്ത് ഇതിന്റെ മുന്നാസ്വാദനം ലഭിക്കുന്നു. അതിനാലാണ് യഥാർത്ഥ ക്രിസ്തീയ കുടുംബത്തെ 'ഭൂമിയിലെ സ്വർഗ്ഗം' എന്നു വിളിക്കുന്നത്. കൂദാശകൾ സ്വീകരിക്കുകയും ആരാധനയിൽ പങ്കുചേരുകയും ചെയ്യുമ്പോഴും സ്വയം മറന്നു പ്രാർത്ഥനയിൽ ലയിക്കുമ്പോഴും സഹോദരങ്ങൾക്കുവേണ്ടി സ്വാർത്ഥം വെടിഞ്ഞ് സ്വയം ദാനംചെയ്യുമ്പോഴുമെല്ലാം ഉണ്ടാകുന്ന ആനന്ദനിർവൃതി ഈ സ്വർഗ്ഗഭാഗ്യത്തിന്റെ മുന്നാസ്വാദനമാണ്.

### 4. നരകം

മാനസാന്തരപ്പെടാതെ കഠിനമായ പാപാവസ്ഥയിൽ മരിക്കുന്നവർ നിത്യശിക്ഷയനുഭവിക്കേണ്ടിവരും എന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ബൈബിളിൽ, പ്രത്യേകിച്ചും യേശുവിന്റെ വാക്കുകളിൽ, അടിയുറച്ചതാണ് ഈ പഠനം. നിത്യശിക്ഷയെ സൂചിപ്പിക്കാൻ "നരകം" എന്ന പദമാണ് സാധാരണ ഉപയോഗിക്കുന്നത്.

നിത്യഭാഗ്യത്തെക്കുറിച്ചെന്നതുപോലെതന്നെ നിത്യശിക്ഷയെക്കുറിച്ചും പ്രതീകങ്ങളിലൂടെയാണ് ബൈബിൾ പ്രതിപാദിക്കുന്നത്. രക്ഷാകരചരിത്രത്തിന്റെ ആരംഭ ദശയിൽ മരണാനന്തരമുള്ള ശിക്ഷയെയോ സമ്മാനത്തെയോ കുറിച്ച് അറിവുണ്ടായിരുന്നില്ല. എന്നാൽ പിതാവിന്റെ അനന്തമായ സ്നേഹത്തേയും കാരുണ്യത്തേയുംകുറിച്ചു പഠിപ്പിച്ച യേശു നിത്യശിക്ഷയെക്കു

റിച്ചും വ്യക്തമായ മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്. മണവറയിൽ പ്രവേശം നിഷേധിക്കപ്പെടുക (മത്താ 25,11). വിരുന്നുശാലയിൽനിന്നും പുറന്തള്ളപ്പെടുക (മത്താ 25,30). പുറത്തുള്ള അന്ധകാരത്തിലേക്കു വലിച്ചെറിയപ്പെടുക (മത്താ 7,27) എന്നിങ്ങനെ വിവിധങ്ങളായ പ്രതീകങ്ങളിലൂടെ യേശു നിത്യ ശിക്ഷയെക്കുറിച്ചു പഠിപ്പിച്ചു. ഇവയ്ക്കെല്ലാം ഉപരി നരകത്തെ സൂചിപ്പിക്കാൻ *ഗേഹെന്നാ* എന്ന പദമാണ് യേശു ഏറ്റം കൂടുതൽ ഉപയോഗിച്ചത്.

ജറുസലെം പട്ടണത്തിനടുത്തുള്ള *ബെൻഹിന്നോം* താഴ്‌വരയുടെ ഒരു പര്യായമാണ് *ഗേഹെന്ന.*അത് *തോഫെത്* എന്നും അറിയപ്പെട്ടിരുന്നു. അവിടെ വിഗ്രഹാരാധനയും നരബലിയും നടന്നിരുന്നു (ജറെ 19,3-7). ബി.സി. 587 -ൽ ജറുസലെം നശിപ്പിക്കപ്പെട്ടപ്പോൾ ഈ താഴ്‌വരയിൽ ശവങ്ങൾ നിറഞ്ഞു. പിൽക്കാലത്ത് ചപ്പുചവറുകൾ കൂട്ടിയിട്ടു കത്തിക്കുന്ന ഒരു സ്ഥലമായി മാറി അത്. അവിടെ എപ്പോഴും നീറിപ്പുകയുന്ന തീയുണ്ടായിരുന്നു. ചീഞ്ഞളിഞ്ഞ വസ്തുക്കളിൽ പുഴുക്കൾ ഇഴഞ്ഞുനടന്നു. "അവിടെ അവരുടെ പുഴുക്കൾ ചാകുന്നില്ല. തീ കെടുന്നുമില്ല" (മർക്കോ 9,48) എന്നു നരകത്തെക്കുറിച്ചുള്ള ചിത്രീകരണം ഇതിൽനിന്നു രൂപംകൊണ്ടതാണ്.

യേശുവിന്റെ വാക്കനുസരിച്ചു ജീവിക്കാത്തവർക്ക് ഭയാനകമായ നാശം സംഭവിക്കും (മത്താ 7,27). സഹോദരസ്നേഹത്തിനു വിരുദ്ധമായ പാപങ്ങൾ നരകശിക്ഷയ്ക്കു കാരണമായിത്തീരും (മത്താ 5,22). ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ അനുഭവിക്കുന്നവരിൽ യേശുവിനെ ക്കണ്ട് സഹായത്തിനെത്താത്തവർക്കു ഭീകരമായ ശിക്ഷയുണ്ടാകും. "ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ"(മത്താ 25,41). നിത്യശിക്ഷ പൊതുവിധിയിലല്ല, തനതുവിധിയിൽ ത്തന്നെ ആരംഭിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ്, പടിവാതില്ക്കൽ പട്ടിണികിടന്നു മരിച്ച ലാസറിനെ ശ്രദ്ധിക്കാതെ വിരുന്നാഘോഷങ്ങളിൽ സമയം ചിലവഴിച്ച ധനികന്റെ അനുഭവം (ലൂക്കാ 16,19-31). നിത്യശിക്ഷയെ സൂചിപ്പിക്കാൻ 'അഗ്നിത്തടാകം' എന്ന ചിത്രമാണ് വെളിപാടിന്റെ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത് (വെളി 20,15).

നരകം ദൈവത്തിന്റെ കരുണയ്ക്കു നിരക്കാത്തതായി തോന്നിയേക്കാം. എന്നാൽ യേശു നല്കിയിരിക്കുന്ന മുന്നറിയിപ്പുകളും കത്തോലിക്കാ സഭയുടെ പരമ്പരാഗതമായ പഠനങ്ങളും യാതൊരു സംശയത്തിനും പഴുതിടുന്നില്ല. ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നുവെന്നും നിത്യരക്ഷയ്ക്കു മനുഷ്യന്റെ സഹകരണം ആവശ്യമാണെന്നും ഉള്ളതിന് തെളിവാണ് നരകം. ദൈവത്തിന്റെ കാരുണ്യവും നീതിയും ഒരേ നാണയത്തിന്റെ

ഇരുവശങ്ങളാണ്. "ജീവിക്കുന്ന ദൈവത്തിന്റെ കരങ്ങളിൽ ചെന്നുവീഴുക വളരെ ഭയാനകമാണ്" (ഹെബ്രാ 10,31).

## 5. ശുദ്ധീകരണസ്ഥലം – മരിച്ചവർക്കുവേണ്ടിയുളള പ്രാർത്ഥന

സ്നേഹത്തിന്റെ പൂർണ്ണതയിൽ എത്താതെ ലഘുവായ പാപങ്ങളോടും അപൂർണ്ണതകളോടുംകൂടി മരിക്കുന്നവർ നിത്യഭാഗ്യത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ശുദ്ധീകരിക്കപ്പെടുന്ന അവസ്ഥയെ ശുദ്ധീകരണസ്ഥലം എന്നു വിളിക്കുന്നു. ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കളെ പ്രാർത്ഥന, പ്രായശ്ചിത്ത പ്രവൃത്തികൾ, ധർമ്മദാനം, മറ്റു ഭക്തകൃത്യങ്ങൾ, സർവ്വോപരി വി.കുർബ്ബാന എന്നിവയാൽ സഹായിക്കാൻ ഭൂമിയിൽ ജീവിക്കുന്നവർക്കു സാധിക്കും എന്ന് സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നു.

പതിനാറാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റു നവീകരണം വരെ ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വമോ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയോ ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. ശുദ്ധീകരണത്തിന്റെ സ്വഭാവം മാത്രമായിരുന്നു ചർച്ചാവിഷയം. എന്നാൽ മാർട്ടിൻ ലൂഥർ ആദ്യം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ഫലദായകത്വവും പിന്നീട് 1530-ൽ ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വവും നിഷേധിച്ചു. ഇതിനെതിരേ ത്രെന്തോസ് സൂനഹദോസ് 1563 ഡിസംബർ 3-ാം തിയ്യതി ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് ഒരു ഡിക്രി പുറപ്പെടുവിച്ചു. സഭയുടെ പരമ്പരാഗതമായ വിശ്വാസം രണ്ടാം വത്തിക്കാൻ സൂനഹദോസ് ആവർത്തിച്ചുറപ്പിച്ചു (തിരുസ്സഭ 50-51).ശുദ്ധീകരണസ്ഥലം എന്നത് താൽക്കാലികമായൊരവസ്ഥയാണെന്നും ശുദ്ധീകരണം പൂർത്തിയാകുമ്പോൾ അവർ നിത്യഭാഗ്യത്തിൽ പ്രവേശിക്കുമെന്നും സഭ പഠിപ്പിക്കുന്നു.

ശുദ്ധീകരണസ്ഥലവുമായി ബന്ധപ്പെട്ടതാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന. രണ്ടിനും ബൈബിളിൽ യാതൊരടിസ്ഥാനവുമില്ലെന്നും അതിനാൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് അർത്ഥശൂന്യമാണെന്നും ഉള്ള വാദം ഇന്നു ശക്തിപ്പെട്ടിട്ടുണ്ട്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് മക്കബായരുടെ രണ്ടാം പുസ്തകത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. വിഗ്രഹങ്ങളുടെ ചിഹ്നം ധരിച്ച് യുദ്ധത്തിനുപോയ ചില യഹൂദർ മരിച്ചു. "അവരുടെ പാപങ്ങൾ തുടച്ചുമാറ്റണം എന്നു യാചിച്ച് (യൂദാസ് മക്കബേയൂസും കൂട്ടരും) പ്രാർത്ഥനയിൽ മുഴുകി......മരിച്ചവർക്കും പാപമോചനം ലഭിക്കുന്നതിന് അവർക്കുവേണ്ടി പാപപരിഹാര

കർമ്മം അനുഷ്ഠിച്ചു" (2 മക്ക 12,42–45). ബി.സി. 165 ലാണ് ഇതു സംഭവിച്ചത്. പുതിയനിയമത്തിലും മരണാന്തര ശുദ്ധീകരണത്തെക്കുറിച്ചു പരോക്ഷമായ ചില പരാമർശങ്ങൾ കാണാം.

വ്യക്തമായി അറിഞ്ഞ ദൈവഹിതത്തോടു മനഃപൂർവ്വം മറുതലിക്കുന്നവൻ "കഠിനമായി പ്രഹരിക്കപ്പെടും; എന്നാൽ അറിയാതെയാണ് ഒരുവൻ ശിക്ഷാർഹമായ തെറ്റു ചെയ്തതെങ്കിൽ അവൻ ലഘുവായേ പ്രഹരിക്കപ്പെടുകയുള്ളു" (ലൂക്കാ 12,47–48). വിധിയെക്കുറിച്ചാണ് യേശു ഇവിടെ പറയുന്നത്. "മനുഷ്യൻ പറയുന്ന ഓരോ വ്യർത്ഥ വാക്കിനും വിധി ദിവസത്തിൽ കണക്കു കൊടുക്കേണ്ടി വരും" (മത്താ 12,36). ശിക്ഷിക്കപ്പെടും എന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ ഒരു വ്യർത്ഥ വാക്കിന്റെ പേരിൽ ഒരാൾ നിത്യശിക്ഷയ്ക്കിരയാകും എന്നു കരുതുക സാധ്യമല്ല. അപ്പോൾ നിത്യമല്ലാത്തതും ലഘുവുമായ ഒരു ശിക്ഷ യേശു വിഭാവനം ചെയ്തു എന്നല്ലേ കരുതേണ്ടത്?

ന്യായാസനത്തിനു മുമ്പിൽ എത്തുന്നതിനു മുമ്പേ വഴിക്കുവച്ച് സഹോദരനുമായി രമ്യപ്പെട്ടില്ലെങ്കിൽ കാരാഗൃഹത്തിലടയ്ക്കപ്പെടും. "അവസാനത്തെ ചില്ലിക്കാശും കൊടുത്തുവീട്ടുന്നതുവരെ നീ അവിടെനിന്നു പുറത്തു വരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു" (മത്താ 5,26). സാധാരണ വ്യവഹാരത്തിന്റെ ഉപമയിലൂടെ നിത്യവിധിയെക്കുറിച്ചാണ് യേശു പഠിപ്പിക്കുന്നതെന്ന് ന്യായമായും അനുമാനിക്കാം. ദൈവപുത്രന്റേതായ അധികാരത്തെ സൂചിപ്പിക്കുന്ന "സത്യമായി ഞാൻ നിന്നോട് പറയുന്നു" എന്ന മുഖവുര ഇതിനു തെളിവാണ്.

ഓരോരുത്തരും താന്താങ്ങളുടെ പ്രവൃത്തിക്കൊത്തു വിധിക്കപ്പെടും എന്ന് കെട്ടിടനിർമ്മാണത്തിന്റെ ഉദാഹരണത്തിലൂടെ വി.പൗലോസ് പഠിപ്പിച്ചു. "ആരുടെ പണി നിലനില്ക്കുന്നുവോ അവൻ സമ്മാനിതനാകും. ആരുടെ പണി അഗ്നിക്കിരയാകുന്നുവോ അവൻ നഷ്ടം സഹിക്കേണ്ടിവരും. എങ്കിലും അഗ്നിയിലൂടെയെന്നവണ്ണം അവൻ രക്ഷ പ്രാപിക്കും" (1 കോറി 3,14–15). വിധിയിൽ നഷ്ടം സഹിക്കുകയും എന്നിട്ടും രക്ഷപ്രാപിക്കുകയും ചെയ്യുന്നത് നിത്യശിക്ഷയെ അല്ല, താൽക്കാലികമായ ശിക്ഷയെ ആണ് സൂചിപ്പിക്കുന്നതെന്ന് അനുമാനിക്കാം. ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള സഭയുടെ പഠനം പുതിയൊരു കണ്ടുപിടുത്തമല്ല. ബൈബിളിൽ വ്യംഗ്യമായി സ്ഥിതി ചെയ്തിരുന്ന സത്യത്തെ സ്പഷ്ടമാക്കിയതാണെന്ന് ഇതിൽനിന്നെല്ലാം കാണാൻ കഴിയും.

മേൽ വിവരിച്ച ബൈബിൾ ഭാഗങ്ങൾക്കു പുറമേ, മറ്റു ചില പരിചിന്തനങ്ങളും ശുദ്ധീകരണ സ്ഥലത്തെക്കുറിച്ചുള്ള പഠനത്തിന് ഉപോദ്ബല

കമായി നില്ക്കുന്നുണ്ട്. പരിശുദ്ധമായ സ്വർഗ്ഗത്തിൽ അശുദ്ധമോ അപൂർണ്ണമോ ആയ ഒന്നിനും പ്രവേശിക്കാനാവില്ല (വെളി 21,27). ലഘുവായ പാപങ്ങളും അപൂർണ്ണതകളും മാത്രമുള്ളവരെ നിത്യശിക്ഷയ്ക്കു വിധിക്കുകയെന്നത് നീതിയുക്തമല്ല. പാപമോചനത്തോടനുബന്ധിച്ച് പ്രായശ്ചിത്തം അനുഷ്ഠിക്കണമെന്ന് സഭ ആരംഭം മുതലേ ആവശ്യപ്പെട്ടിരുന്നു. ഇതിനു സാധിക്കാതെ മരിക്കുന്നവർക്കു ദൈവം ഒരവസരം നല്കുന്നു എന്ന് അനുമാനിക്കുക യുക്തിസഹമാണ്. ഈ ശുദ്ധീകരണത്തിന്റെ സ്വഭാവത്തെക്കുറിച്ചോ കാലദൈർഘ്യത്തെക്കുറിച്ചോ നമുക്ക് ഒന്നും അറിയില്ല. നമ്മുടെ സമയംകൊണ്ട് ദൈവത്തിന്റെ സമയത്തെ അളക്കാനാവില്ലല്ലോ. "കർത്താവിന്റെ മുമ്പിൽ ഒരുദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരുദിവസം പോലെയും ആണെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്" (2 പത്രോ 3,8).

## 6. വിശുദ്ധരുടെ കൂട്ടായ്മ - മാധ്യസ്ഥ്യം

"പുണ്യവാന്മാരുടെ ഐക്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു". അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിന്റെ ഭാഗമാണിത്. ഈ ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്നവരും മരണാനന്തരം ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരും ദൈവമഹത്വത്തിൽ പ്രവേശിച്ചവരും സഭയുടെ അംഗങ്ങൾതന്നെ. ഇവരെല്ലാം തമ്മിൽ നിലനില്ക്കുന്ന ഐക്യത്തെ വിശുദ്ധരുടെ കൂട്ടായ്മ എന്നു വിളിക്കുന്നു.

യേശുക്രിസ്തുവിന്റെ മൗതികശരീരമാണു സഭ. ശരീരത്തിന് ശിരസ്സായ ക്രിസ്തുവിനോടും അവയവങ്ങൾക്കു തമ്മിൽതമ്മിലും ഗാഢമായ ബന്ധവും ഐക്യവുമുണ്ട്. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു" (1 കോറി 12,26). നിത്യഭാഗ്യത്തിനർഹരായ വിശുദ്ധരുടെ മഹത്വത്തിൽ സഭ മുഴുവൻ സന്തോഷിക്കുന്നു (ഹെബ്രാ 12,22-24). ശുദ്ധീകരണ സ്ഥലത്തു വേദനയനുഭവിക്കുന്ന സഹോദരങ്ങളിൽ സഭ മുഴുവൻ വേദനിക്കുന്നു. തന്നെയുമല്ല, സഭാംഗങ്ങൾ പരസ്പരം പ്രാർത്ഥനയാൽ സഹായിക്കുകയും ചെയ്യുന്നു. "വിശുദ്ധരുടെ കൂട്ടായ്മ" എന്ന വിശ്വാസത്തിൽനിന്നു മാത്രമേ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വിശുദ്ധന്മാരുടെ മധ്യസ്ഥ പ്രാർത്ഥനയും മനസ്സിലാക്കാൻ കഴിയൂ.

"ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളു - മനുഷ്യനായ യേശുക്രിസ്തു" (1 തിമോ 2,5) എന്നു പഠിപ്പിച്ച വി. പൗലോസ്

താൻ സ്ഥാപിച്ച സഭാസമൂഹങ്ങളുടെ പ്രാർത്ഥന യാചിക്കുന്നതിൽ ഒരപാകതയും കണ്ടില്ല (എഫേ 6,19; കൊളോ 4,3; 2 തെസ 3,2). മരിച്ചുപോയ തബീത്തായ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ പത്രോസിന്റെ അടുക്കൽ ആളയച്ച യോപ്പായിലെ ക്രിസ്ത്യാനികളും (അപ്പ 9,38) ഈ പ്രവൃത്തിയിലൂടെ തങ്ങൾ ക്രിസ്തുവാകുന്ന ഏക മധ്യസ്ഥനെ തള്ളിപ്പറയുന്നതായി കരുതിയില്ല. ഇങ്ങനെ അനേകം ഉദാഹരണങ്ങൾ പുതിയനിയമത്തിൽത്തന്നെ കാണാം. സഭയിലെ ശ്രേഷ്ഠന്മാരോടു രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നതും (യാക്കോ 5,14) തികച്ചും ക്രിസ്തീയമായ പ്രവൃത്തിയാണല്ലോ. ഈ പ്രാർത്ഥനകളെല്ലാം ക്രിസ്തുവാകുന്ന ഏക മധ്യസ്ഥൻ വഴിയാണ് പിതാവിനു സമർപ്പിക്കപ്പെടുക. പരിശുദ്ധാത്മാവാണ് ഈ പ്രാർത്ഥനയ്ക്കു പ്രചോദനം നല്കുന്നതും വേണ്ടവിധം പ്രാർത്ഥിക്കാൻ ശക്തിപ്പെടുത്തുന്നതും. അതിനാൽ വിശുദ്ധരുടെ മാധ്യസ്ഥ്യം യാചിക്കുന്നത് ബൈബിളിന്റെ പഠനത്തിന് ഒരുവിധത്തിലും വിരുദ്ധമാകുന്നില്ല.

വിശുദ്ധർക്കു നല്കുന്ന ബഹുമാനത്തെയും വണക്കത്തെയും കുറിച്ചും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. വിശുദ്ധരെ അനുസ്മരിക്കുന്നത് അവരുടെ ജീവിതം അനുകരിക്കാൻ പ്രചോദനം നല്കുന്നു; അവരെ ബഹുമാനിക്കുമ്പോൾ അവരെ വിശുദ്ധിയിലേക്കും നിത്യമായി തന്റെ സന്നിധാനത്തിലേക്കും നയിച്ച ദൈവത്തെ നാം ബഹുമാനിക്കുന്നു. “എല്ലാ വിശുദ്ധന്മാരുടെയും ഓർമ്മ കൊണ്ടാടുകയും അവരോടു സമ്പർക്കം പുലർത്തുകയും ചെയ്യുമ്പോൾ നാം സ്വർഗ്ഗീയ സഭയുടെ ആരാധനയിൽ ഗാഢമായി ലയിക്കുകയാണ്”. (വത്തിക്കാൻ II, തിരുസ്സഭ 50)

## 7. വിഗ്രഹാരാധന – പ്രതിമാവണക്കം

വിശുദ്ധരോടുള്ള യഥാർത്ഥ ഭക്തി ദൈവഭക്തിയെ വർദ്ധിപ്പിക്കുന്നതാണ്. എന്നാൽ അവരുടെ ജീവിതമാതൃകയെ അവഗണിച്ച് ഭൗതികലാഭങ്ങൾക്കുള്ള ഉപാധിയായി മധ്യസ്ഥപ്രാർത്ഥനയും വിശുദ്ധരുടെ വണക്കവും തരംതാഴ്ത്തുന്നത് ക്രിസ്തീയമല്ല. മാനസാന്തരത്തിനും ജീവിതനവീകരണത്തിനും ശ്രമിക്കാതെ കാര്യസാധ്യം മാത്രം ലക്ഷ്യമാക്കി ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചാൽ അതു വിഗ്രഹാരാധനയായി അധഃപതിക്കും. വിഗ്രഹം എന്നത് ഒരു പ്രതിമയോ ഛായാചിത്രമോ അല്ല, ദൈവത്തിന്റെ സ്ഥാനത്ത് നാം പ്രതിഷ്ഠിക്കുന്ന എന്തുമാണ്. ഓർമ്മയാചരിക്കാൻവേണ്ടി പ്രതിമകൾ ഉണ്ടാക്കുന്നത് ബൈബിളിന്റെ പഠനത്തിനു വിരുദ്ധമല്ല; ആരാധിക്കാൻവേണ്ടി നിർമ്മിക്കുന്നവയാണ് വിഗ്രഹങ്ങളായിത്തീരുന്നത്. മരുഭൂമിയിലെ പിത്തളസർപ്പത്തിന്റെയും (സംഖ്യ 21,8) പേടകത്തിനു മുകളിലെ കെറൂബുകളു

ടെയും (പുറ 25,18–22) പ്രതിമകൾ ദൈവം തന്നെ ആവശ്യപ്പെട്ടവയാണ്; അവ വിഗ്രഹങ്ങളായിരുന്നില്ല. പിത്തളസർപ്പമല്ല, ദൈവമാണ് സർപ്പദംശന മേറ്റവർക്കു ജീവൻ നല്കിയത്; കെറൂബുകളല്ല, അവയ്ക്കു മധ്യേനിന്ന് ദൈവമാണ് പ്രാർത്ഥന സ്വീകരിച്ചത്. അതുപോലെ വിശുദ്ധന്മാരോ അവ രുടെ പ്രതിമകളോ അല്ല, ദൈവംതന്നെയാണ് പ്രാർത്ഥന കേൾക്കുന്നതും അനുഗ്രഹം പ്രദാനംചെയ്യുന്നതും. ശരിയായ കാഴ്ചപ്പാടു നിലനിർത്തിക്കൊ ണ്ടായിരിക്കണം, വിശുദ്ധന്മാരോടുള്ള ഭക്തിയും മധ്യസ്ഥപ്രാർത്ഥനയും തിരു നാളാഘോഷങ്ങളും ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമാക്കുന്നത്. “ബാഹ്യാ നുഷ്ഠാനങ്ങൾ വർദ്ധിപ്പിക്കുന്നതിലല്ല, പ്രവൃത്തിപരമായ സ്നേഹത്തിന്റെ തീവ്രതയിലാണ് വിശുദ്ധന്മാരോടുള്ള യഥാർത്ഥ ഭക്തി അടങ്ങിയിരിക്കുന്നത്”. (വത്തിക്കാൻ II, തിരുസ്സഭ 51)

# 2. കർത്താവിന്റെ ദിവസം

കർത്താവിന്റെ ദിവസം എന്നു കേൾക്കുമ്പോൾ ക്രിസ്ത്യാനികൾ ഞായറാഴ്ചയെക്കുറിച്ചാണ് ഓർമ്മിക്കുക. കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയാചരിക്കുന്ന ദിവസമാണല്ലോ അത്. ഞായറാഴ്ചതോറും ദേവാലയത്തിൽ സമ്മേളിച്ച് ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ നാം യേശുവിന്റെ ഉത്ഥാനത്തിന്റെ ഓർമ്മയാചരിക്കുക മാത്രമല്ല, പുതുയുഗത്തിന്റെ പൂർത്തീകരണത്തിലുള്ള പ്രത്യാശ ഏറ്റുപറയുകയും ചെയ്യുന്നു. ഈ പൂർത്തീകരണം അഞ്ചു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1. ലോകത്തിന്റെ രൂപാന്തരീകരണം 2. മരിച്ചവരുടെ പുനരുത്ഥാനം 3. കർത്താവിന്റെ ആഗമനം 4. പൊതുവിധി 5. നിത്യഭാഗ്യം.

## 1. ലോകത്തിന്റെ രൂപാന്തരീകരണം

സൃഷ്ടിക്കപ്പെട്ട ഭൗതിക യാഥാർത്ഥ്യത്തെ മുഴുവനായാണ് നാം ലോകം എന്ന പദംകൊണ്ടു വിവക്ഷിക്കുന്നത്. ഇതിനെ പ്രപഞ്ചം എന്നും വിളിക്കുന്നു. ശാസ്ത്രത്തിന്റെ പരീക്ഷണ നിരീക്ഷണ മണ്ഡലങ്ങൾക്കപ്പുറമാണ് പ്രപഞ്ചത്തിന്റെ ആത്യന്തികമായ ലക്ഷ്യം. എല്ലാം ശൂന്യതയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു എന്നു കരുതുന്നുണ്ട്. ചരിത്രം ലക്ഷ്യമില്ലാത്ത ആവർത്തനം മാത്രമാണെന്നു വിശ്വസിക്കുന്നവരുമുണ്ട്. കാലചക്രം എന്ന പദം തന്നെ ചരിത്രത്തിന്റെ അനന്തമായ ആവർത്തനത്തെയാണല്ലോ സൂചിപ്പിക്കുന്നത്. എന്നാൽ 'കാലം' ചക്രംപോലെ തിരിയുകയല്ല, തീർത്ഥാടകനെപ്പോലെ ലക്ഷ്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് ദൈവിക വെളിപാടിൽ അടിയുറച്ച് കത്തോലിക്കാ സഭ വിശ്വസിക്കുന്നു.

'ലക്ഷ്യപ്രാപ്തി' എന്ന അർത്ഥത്തിലാണ് ബൈബിൾ ലോകാവസാനത്തെക്കുറിച്ചു പഠിപ്പിക്കുന്നത്; ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തുമ്പോൾ യാത്ര അവസാനിച്ചു എന്നുപറയുന്നതുപോലെ. ലോകത്തിനു തുടക്കം കുറിച്ചവൻ തന്നെയാണ് അതിന്റെ ലക്ഷ്യവും നിശ്ചയിച്ചത്; ആ ലക്ഷ്യത്തിലെത്തിക്കുന്നത് സ്രഷ്ടാവായ ദൈവംതന്നെ ആയിരിക്കും. താൻ സൃഷ്ടിച്ച ലോകത്തെ ദൈവം മനുഷ്യന്റെ ആധിപത്യത്തിൻ കീഴിലാക്കി (ഉൽപ 1,26;2,19). എന്നാൽ സ്രഷ്ടാവിനോടു മറുതലിച്ച മനുഷ്യൻ ലോകത്തെ പാപത്തിലാഴ്ത്തി. ലോകം ഒരേസമയം ദൈവത്തിന്റെ സ്നേഹവും ശാപവും പേറുന്നു. പാപത്തിനധീനമായതു ശുദ്ധീകരിക്കപ്പെടണം. അപ്പോഴേ ലോകത്തിനു ശാപ

മോക്ഷം ലഭിക്കൂ.

പാപത്തിന്റെ അധീനതയിൽനിന്ന് ദൈവം മനുഷ്യനെയും ലോകത്തെയും യേശുവിന്റെ പെസഹാരഹസ്യത്തിലൂടെയാണ് രക്ഷിച്ചത്. മാമ്മോദീസാവഴി യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്ന മനുഷ്യന്റെ രക്ഷ അവൻ ശാരീരികമായി മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുമ്പോഴേ പൂർണ്ണമാകൂ. അതുപോലെ ലോകത്തിനു മുഴുവൻ ഒരു മരണവും പുനരുത്ഥാനവും ആവശ്യമാണെന്നു ബൈബിൾ പഠിപ്പിക്കുന്നു. ഇതാണ് ലോകാവസാനം; ഇതാണ് ലോകത്തിന്റെ മരണം.

പ്രപഞ്ചഘടനയെക്കുറിച്ചു പ്രാചീന മനുഷ്യരുടെ ഇടയിൽ നിലവിലിരുന്ന ചിന്താഗതിക്കനുസൃതമായാണ് ലോകാവസാനത്തെക്കുറിച്ചു ബൈബിൾ പ്രതിപാദിക്കുന്നത്. ബി.സി. രണ്ടാം നൂറ്റാണ്ടോടെ ഇസ്രായേലിൽ ശക്തിപ്പെട്ട അപ്പോകലിപ്റ്റിക് സാഹിത്യരൂപം ലോകാവസാനത്തെ അനേകം പ്രതീകങ്ങളിലൂടെ ചിത്രീകരിക്കുന്നുണ്ട്. ഇതിന്റെ സ്വാധീനം പുതിയ നിയമത്തിലും കാണാം. "സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം തരുകയില്ല. നക്ഷത്രങ്ങൾ ആകാശത്തുനിന്നു പതിക്കും. ആകാശ ശക്തികൾ ഇളകുകയും ചെയ്യും" (മർക്കോ 13,24-25). വെളിപാടിന്റെ പുസ്തകത്തിലാണ് ഈ പ്രതീകങ്ങൾ ഏറ്റം ശക്തമായി ഉപയോഗിച്ചിരിക്കുന്നത്. "കൊടുങ്കാറ്റിൽ ആടിയുലയുന്ന അത്തിവൃക്ഷത്തിൽനിന്നു പച്ചക്കായ്കൾ പൊഴിയുന്നതുപോലെ ആകാശനക്ഷത്രങ്ങൾ ഭൂമിയിൽ പതിച്ചു. ആകാശം തെറുത്തു മാറ്റിയ ചുരുൾപോലെ അപ്രത്യക്ഷമായി" (വെളി 6,13-14). ഇതു ലോകത്തിന്റെ മരണമാണ്. എന്നാൽ മരണം അവസാനമല്ല, പുതിയ ഒന്നിന്റെ തുടക്കംമാത്രം.

പാപപങ്കിലമായ ലോകത്തെ ദൈവം ശുദ്ധീകരിച്ച് പുതുതായി സൃഷ്ടിക്കും. ശരീരങ്ങളുടെ പുനരുത്ഥാനംപോലെ ആയിരിക്കും ലോകത്തിന്റെ പുനരുത്ഥാനവും. "ഇതാ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു" (ഏശ 65,17). "ഇതാ ഞാൻ എല്ലാം നവീകരിക്കുന്നു" (വെളി 21,5). "നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും" (2 പത്രോ 3,13) ദൈവത്തിന്റെ സൃഷ്ടിയാണ്. ഈ പുതിയ ലോകത്തിൽ ദൈവം മനുഷ്യരോടൊത്ത് എന്നേക്കും വസിക്കും. പാപത്തിനധീനമായ പഴയലോകത്തിലെ വേദനയോ മരണമോ ദുഃഖമോ മുറവിളിയോ അവിടെ ഉണ്ടായിരിക്കുകയില്ല (വെളി 21,4). ലോകാവസാനം സമ്പൂർണ്ണ നാശമല്ല, സമൂല നവീകരണമാണ്. ഈ പുതിയ ജനനത്തിനുവേണ്ടി സൃഷ്ടപ്രപഞ്ചം മുഴുവൻ ഈറ്റുനോവനുഭവിക്കയാണിപ്പോൾ (റോമാ 8,22). ഇത് എന്ന്, എപ്രകാ

രമാണ് സംഭവിക്കുകയെന്നോ പുതിയ ലോകത്തിന്റെ രൂപഭാവങ്ങൾ എന്താ യിരിക്കുമെന്നോ ദൈവത്തിനു മാത്രമേ അറിയൂ. എന്നാൽ ഈ ഭൂമിയിലെ നമ്മുടെ അധ്വാനം വ്യർത്ഥമല്ലെന്നും സ്നേഹത്താൽ പടുത്തുയർത്തിയ തൊന്നും നശിപ്പിക്കപ്പെടുകയില്ലെന്നും നാം വിശ്വസിക്കുന്നു. അതിനാൽ ലോകാവസാനത്തെക്കുറിച്ചുള്ള വിശ്വാസം ലോകത്തെ വെറുക്കാനോ ലോക ത്തിൽനിന്ന് ഓടിയൊളിക്കാനോ അല്ല, ലോകത്തിന്റെ തന്നെ നവീകരണ ത്തിനായി യത്നിക്കാനാണ് പ്രേരിപ്പിക്കേണ്ടത്.

## 2. മരിച്ചവരുടെ പുനരുത്ഥാനം

വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ് മരിച്ചവരുടെ പുനരുത്ഥാനം. പഴ യനിയമത്തിൽ ഇതിനെക്കുറിച്ച് സൂചനകളുണ്ട്. “അങ്ങയുടെ മരിച്ചവർ ജീവി ക്കും. അവരുടെ ശരീരം ഉയിർത്തെഴുന്നേല്ക്കും.പൂഴിയിൽ ശയിക്കുന്നുവ രേ, ഉണർന്നു സന്തോഷകീർത്തനമാലപിക്കുവിൻ” (ഏശ 26,19). മക്കബാ യരുടെ പുസ്തകം പുനരുത്ഥാനത്തിലുള്ള വിശ്വാസം വ്യക്തമായി ഏറ്റുപ റയുന്നു (2 മക്ക 7,12,44).

മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് യേശു വ്യക്തമായി പഠിപ്പി ച്ചിട്ടുണ്ട്. “കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്ത വർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും”(യോഹ 5,29). നിത്യ ജീവന്റെ ആഹാരമായി തന്റെ ശരീരം നല്കിയ യേശു തന്നെയാണ് മരിച്ച വരെ അവസാന ദിവസം ഉയിർപ്പിക്കുന്നത് (യോഹ 6,54). യേശുവിന്റെ പുന രുത്ഥാനമാണ് മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ അടി സ്ഥാനം (1 കോറി 15,12-19).

യേശുവിന്റെ ഉത്ഥാനം മരിച്ചവരുടെ ഉയിർപ്പിന്റെ അടിസ്ഥാനമായി രിക്കുന്നതുപോലെതന്നെ മാതൃകയുമാണ്. ഉത്ഥിതമാകുന്ന ശരീരത്തെക്കു റിച്ച് ഉത്ഥിതനായ ക്രിസ്തുവിൽനിന്നു മാത്രമേ നമുക്ക് എന്തെങ്കിലും ഗ്രഹി ക്കാനാകു. രണ്ടു കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. 1. മരിച്ചു സംസ്കരി ക്കപ്പെട്ട അതേ ശരീരമാണ് ഉയിർത്തെഴുന്നേറ്റത്. ആണിപ്പഴുതുകളും വിലാ വിലെ മുറിവും (യോഹ 20,27) അതിനു തെളിവാണ്. 2. ആ ശരീരത്തിന് രൂപാന്തരീകരണം സംഭവിച്ചിരുന്നു. സ്ഥലകാല പരിമിതികൾക്ക് അതീത മണ് ഉത്ഥിതനായ യേശുവിന്റെ ശരീരം (യോഹ 20,19; ലൂക്കാ 24.34). മരിച്ച വരുടെ പുനരുത്ഥാനവും ഇതുപോലെ ആയിരിക്കും. ഈ ഭൂമിയിൽ ജീവി ക്കുന്ന അതേ ശരീരമായിരിക്കും ഉയിർപ്പിക്കപ്പെടുക. എന്നാൽ അത് രൂപാ

ന്തരീകരിക്കപ്പെട്ടതായിരിക്കും. (1 കോറി 15,42-49).

ബൈബിളിന്റെ ഈ പഠനങ്ങളെ സമാഹരിച്ചുകൊണ്ടാണ് ഉത്ഥിതമായ ശരീരത്തിന് അക്ഷയം, ലഘുത്വം, ദീപ്തി എന്ന മൂന്നു ഗുണങ്ങളുണ്ടായിരിക്കും എന്നു പറയുന്നത്. ഉയിർത്തെഴുന്നേറ്റ ശരീരത്തിന് മരണമില്ല; യാതൊരു ബലഹീനതയുമില്ല; സ്ഥലകാല പരിമിതികളുമില്ല. അത് ദൈവത്തിന്റെ മഹത്വത്താൽ പ്രശോഭിതമായിരിക്കും. അമർത്യതയ്ക്കായി സൃഷ്ടിക്കപ്പെട്ടതാണ് മനുഷ്യശരീരം എന്ന വിശ്വാസം സ്വന്തം ശരീരത്തെ പരിശുദ്ധമായി സൂക്ഷിക്കാനും എല്ലാ മനുഷ്യശരീരങ്ങളെയും ബഹുമാനിക്കാനുമുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു.

### 3. കർത്താവിന്റെ പുനരാഗമനം

ദൈവം ലോകത്തെ വിധിക്കാൻ വരുന്ന ദിവസമായിട്ടാണ് പഴയനിയമത്തിൽ കർത്താവിന്റെ ദിവസം ചിത്രീകരിക്കപ്പെട്ടിരുന്നത്. പഴയനിയമത്തിൽ യാഹ്‌വേയുടെ വരവിനെക്കുറിച്ചു പറഞ്ഞിരുന്ന കാര്യങ്ങൾ കൂടുതൽ വ്യക്തതയോടെ യേശുക്രിസ്തുവിൽ സാക്ഷാത്കരിക്കപ്പെടും എന്ന പ്രതീക്ഷ പുതിയ നിയമം നല്കുന്നു സ്വർഗ്ഗാരോഹിതനായ ക്രിസ്തുനാഥൻ മടങ്ങിവരും എന്ന പ്രതീക്ഷ കത്തോലിക്കാവിശ്വാസത്തിന്റെ ഭാഗമാണ്. യേശുവിന്റെതന്നെ വാക്കുകളിൽ ഈ പ്രതീക്ഷ ഊന്നിനില്ക്കുന്നു. "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും" (യോഹ 14,3). സ്വർഗ്ഗാരോഹണത്തിനുശേഷം ദൈവദൂതന്മാർവഴി ഈ വാഗ്ദാനം ആവർത്തിക്കപ്പെട്ടു (അപ്പ 1,11).

കർത്താവിന്റെ രണ്ടാം വരവിനെ *പരൂസിയാ* (parousia) എന്നാണ് പുതിയ നിയമം വിശേഷിപ്പിക്കുന്നത്. രാജാവോ യുദ്ധത്തിൽ ജയിച്ച സേനാധിപനോ സാഘോഷം നഗരത്തിൽ പ്രവേശിക്കുന്നതിനെ സൂചിപ്പിക്കാൻവേണ്ടി ഗ്രീക്കുകാരും റോമാക്കാരും ഉപയോഗിച്ചിരുന്ന ഒരു ഗ്രീക്കുപദമാണിത്. ദൈവത്തിനു വിരുദ്ധമായി നില്ക്കുന്ന സകല ശത്രുക്കളുടെയുംമേൽ പരിപൂർണ്ണ വിജയം നേടിയ കർത്താവ് തന്റെ മഹത്വത്തിൽ എഴുന്നള്ളുന്നു എന്ന് ഈ പദം സൂചിപ്പിക്കുന്നു. മഹത്വപൂർണ്ണമായ ഈ രണ്ടാം വരവിനെക്കുറിച്ച് യേശുതന്നെ പറഞ്ഞിട്ടുണ്ട്. "മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" (മത്താ 26,64). പരിത്യക്തനും നിന്ദിതനുമായി കുരിശിൽ മരിച്ചവൻ ശക്തിപ്രാഭവങ്ങളോടെ മടങ്ങിവരും (1തെസ്സ 4,16). എല്ലാ മനു

ഷ്യരും അവനെ കാണും (വെളി 1,7). ലോകം മുഴുവൻ അവനെ കർത്താവായി അംഗീകരിക്കും. അവനിൽ വിശ്വാസമർപ്പിച്ചവർക്ക് നിത്യാനന്ദവും അവനെ തിരസ്കരിച്ചവർക്ക് നിത്യശിക്ഷയും നല്കുന്നതായിരിക്കും ഈ പ്രത്യാഗമനം.

എപ്പോഴാണിതു സംഭവിക്കുക എന്ന് നമുക്കറിയില്ല. യേശുവിന്റെ മരണം കഴിഞ്ഞ് ഏറെ താമസിയാതെ പ്രത്യാഗമനം ഉണ്ടാകും എന്ന ധാരണ നല്കുന്ന ബൈബിൾ വാക്യങ്ങളുണ്ട് (യോഹ 21,22; മത്താ 10,23; 1തെസ്സ 4.15). എന്നാൽ ഇതിനെതിരേ വ്യക്തമായ താക്കീതുകളും ബൈബിളിൽ തന്നെ കാണാം. "നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത്" (മത്താ 24,44). "പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമല്ല" (അപ്പ 1,7). "ആ ദിവസത്തെക്കുറിച്ചു പുത്രനുപോലും അറിയില്ല" (മർക്കോ 13,32) എന്നു പറയുമ്പോൾ അതു വെളിപ്പെടുത്തുക തന്റെ ദൗത്യത്തിന്റെ ഭാഗമല്ല എന്നാണ് യേശു അർത്ഥമാക്കുന്നത്. മടങ്ങിവരവിന്റെ ദിവസത്തെക്കുറിച്ച് അനുമാനങ്ങൾ നടത്തുകയല്ല, തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി പൂർണ്ണ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയും സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗ്രതയോടെ ഒരുങ്ങിയിരിക്കുകയുമാണ് നാം ചെയ്യേണ്ടത് (ലൂക്കാ 21,34-36).

മടങ്ങിവരുന്ന കർത്താവ് ഈ ഭൂമിയിൽ വിശുദ്ധരോടൊപ്പം ആയിരം വർഷം ഭരിക്കുമെന്നും അത് സർവ്വവിധ ഭൗതിക സുഖസന്തോഷങ്ങളുടെയും കാലമായിരിക്കും എന്നും അതിനുശേഷമാണ് പൊതുവായ പുനരുത്ഥാനവും പൊതുവിധിയും ഉണ്ടാകുന്നത് എന്നും കരുതുന്നവരുണ്ട്. ഇത് ബൈബിളിന്റെ (വെളി 20,1-6) തെറ്റായ വ്യാഖ്യാനത്തിൽനിന്നുദിച്ച വ്യർത്ഥമായ പ്രതീക്ഷയാണ്. പ്രത്യാഗമനം ഒരിക്കലേ ഉണ്ടാകൂ. അത് എല്ലാ മരിച്ചരുടെയും പുനരുത്ഥാനവും പൊതുവിധിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് കത്തോലിക്കാ സഭയുടെ വിശ്വാസം.

യുഗാന്ത്യത്തിൽ വരാനിരിക്കുന്നവൻ നമ്മുടെ മധ്യേ മനുഷ്യനായി അവതരിക്കുകയും ഉത്ഥിതനായി വസിക്കുകയും ചെയ്യുന്ന കർത്താവായ യേശുതന്നെയാണ്. നമ്മുടെ ജീവിതത്തിലേക്ക് അവൻ എന്നും വരുന്നുണ്ട് - വി. കുർബാനയിൽ, കൂദാശകളിൽ, ദൈവവചനത്തിൽ, അവശരും ആവശ്യം അനുഭവിക്കുന്നവരുമായ സഹോദരങ്ങളിൽ. ഇപ്പോൾ നമ്മുടെ അടുക്കലേക്കു വരുന്ന കർത്താവിനെ കണ്ടറിയുകയും സേവിക്കുകയും ചെയ്താലേ മഹത്വപൂർണ്ണമായ അവന്റെ രണ്ടാം വരവ് നമുക്കു സന്തോഷ

പ്രദമാകൂ. കാരണം അന്ന് വിധിയാളനായിട്ടാണ് അവൻ വരുക.

### 4. പൊതുവിധി

"മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നുള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും" (മത്താ 25,31-32).

ദൈവത്തിന്റെ മഹത്വം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെടുന്ന അവസരമാണ് പൊതുവിധി. വ്യക്തികളുടെ മരണത്തോടെ സംഭവിച്ച തനതുവിധികളുടെ ഒരു സമാഹാരമല്ല ഇത്. ദൈവം തന്റെ ഹിതം പൂർണ്ണമായി നടപ്പിലാക്കുന്ന, ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ സംസ്ഥാപിതമാകുന്ന മുഹൂർത്തമാണ് പൊതുവിധി. ലോകം മുഴുവന്റെമേലുമാണ് ദൈവം വിധി പ്രസ്താവിക്കുക.

ലോകത്തിന്റെമേൽ വിധി നടത്താൻ വരുന്ന ദൈവത്തെക്കുറിച്ച് പഴയനിയമത്തിൽ, പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ, ഏറെ പരാമർശങ്ങളുണ്ട്. വിധിക്കാൻ വരുന്ന ദൈവത്തിന്റെ മുമ്പിൽ പ്രപഞ്ചം മുഴുവൻ ആഹ്ലാദാരവം ഉയർത്തുന്നു. കാരണം ലോകത്തിൽനിന്നു തിന്മ തുടച്ചുമാറ്റി, ദുഷ്ടരെ ശിക്ഷിച്ച്, നീതി പുനഃസ്ഥാപിക്കുകയും തന്റെ ഭരണം ലോകത്തിൽ ഉറപ്പിക്കുകയും ചെയ്യാനാണ് അവൻ വരുന്നത് (സങ്കീ 98, 7-8). പൊതുവിധി നടത്തുന്ന കർത്താവിന്റെ ദിവസത്തെ ഭയാനകമായി ചിത്രീകരിക്കുന്ന ബൈബിൾ ഭാഗങ്ങളുണ്ട്. അനീതിയിൽ അടിയുറച്ച്, അക്രമത്തിൽ തഴങ്ങിയവർക്കു മാത്രമേ വിധി ഭയാനമായിരിക്കുകയുള്ളു.

പൊതുവിധി രക്ഷാകർമ്മത്തിന്റെ പൂർത്തീകരണമാണ്. "പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവൻ അവിടുന്ന് പുത്രനെ ഏല്പിച്ചിരിക്കുന്നു" (യോഹ 5,22). മനുഷ്യരക്ഷയ്ക്കുവേണ്ടി മനുഷ്യനായി അവതരിക്കുകയും കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തതിനാലാണ് പുത്രൻ വിധിയാളനായി വരുന്നത് (യോഹ 5,27). മനുഷ്യനെ വിധിക്കുന്നത് മനുഷ്യനായി അവതരിച്ച ദൈവമാണ് (അപ്പ 17,31). ദൈവം യേശുവിനെ വിധിയാളനായി നിശ്ചയിച്ചിരിക്കുന്നു എന്നത് സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാണ് (അപ്പ 10,42). എല്ലാം ആരിലൂടെ സൃഷ്ടിക്കപ്പെടുകയും (യോഹ 1,3), രക്ഷിക്കപ്പെടുകയും (അപ്പ 4,12) ചെയ്തുവോ ആ പുത്രനിലൂടെ വിധിദിവസത്തിൽ എല്ലാം പുനഃസ്ഥാപിക്കപ്പെടുകയും സമന്വയിക്കപ്പെടുകയും (എഫേ 1,10) ചെയ്യും; വിധിയോടെ രക്ഷാകർമ്മം പൂർത്തിയാകും.

“അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും....അനന്തരം രാജാവ് തന്റെ വലത്തുഭാഗത്തുള്ളവരോടു പറയും: എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു......”(മത്താ 25,32–40). ക്രിസ്തുവിനെ അറിഞ്ഞിട്ടുള്ളവരും അറിയാത്തവരും സ്നേഹത്തിന്റെ ഒരേ ഒരു പ്രമാണത്തിനനുസൃതമായിട്ടായിരിക്കും വിധിക്കപ്പെടുക. യേശു നല്കിയ സ്നേഹത്തിന്റെ പ്രമാണം എല്ലാവർക്കും ബാധകമാണ്; അത് എല്ലാവരുടെയും ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. സഹോദരസ്നേഹത്താൽ പ്രചോദിതരായി തങ്ങൾ സേവനം ചെയ്തത് ക്രിസ്തുവിനാണെന്ന് അറിയാത്തവരും വിധിദിവസത്തിൽ സമ്മാനിക്കപ്പെടും (മത്താ 25,40).

ജീവിതകാലത്ത് സ്വാർത്ഥം മാത്രം തേടിയവർക്ക് ഈ സ്നേഹരാജ്യത്തിൽ പങ്കുണ്ടാകുകയില്ല. “അനന്തരം അവൻ തന്റെ ഇടത്തുഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ നിങ്ങൾ എന്നിൽനിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു, നിങ്ങൾ എനിക്കാഹാരം തന്നില്ല...” (മത്താ 25,41–46).

സകലത്തിന്റെയും നാഥനായി ക്രിസ്തു പ്രത്യക്ഷപ്പെടുന്നതു പൊതുവിധിയിലാണ് (1 കോറി 15,28). എല്ലാറ്റിന്റെയും ആദിയും അന്ത്യവുമായി, ആൽഫയും ഒമേഗയുമായി ക്രിസ്തു പരസ്യമായി പ്രഖ്യാപിക്കപ്പെടുന്ന ഈ നിമിഷത്തിൽ രക്ഷാചരിത്രം അതിന്റെ പൂർണ്ണതയിൽ എത്തുന്നു. ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചവൻ തന്റെ പദ്ധതി പൂർത്തീകരിച്ചു കഴിയുമ്പോൾ അവസാനമില്ലാത്ത ആനന്ദത്തിന്റെ പുതിയ യുഗം ആരംഭിക്കുകയായി.

## ഹർമാഗെദ്ദോൻ

യുഗാന്ത്യവുമായി ബന്ധപ്പെടുത്തി വളരെയേറെ ദുർവ്യാഖ്യാനത്തിനു വിഷയമായിരിക്കുന്ന ഒരു പദമാണ് *ഹർമാഗെദ്ദോൻ*. ദുഷ്ടന്മാരെ നശിപ്പിക്കാൻ ദൈവം ഈ ഭൂമിയിൽ നടത്തുന്ന ഒരു മൂന്നാം ലോകമഹായുദ്ധമായി പലരും ഇതിനെ ചിത്രീകരിക്കുന്നുണ്ട്. അതിനുശേഷം ഈ ഭൂമിയിൽ ദൈവം ഒരു പറുദീസാ സൃഷ്ടിക്കുമെന്നും നീതിമാന്മാർ ആയിരം വർഷം

എല്ലാം ഭൗതികസുഖങ്ങളും അനുഭവിച്ചുകൊണ്ട് ഇവിടെ വസിക്കുമെന്നും, തിരഞ്ഞെടുക്കപ്പെട്ട 144,000 പേർ ആകാശത്തിൽനിന്നു ഭരണം നടത്തുമെന്നും യഹോവാസാക്ഷികൾ പഠിപ്പിക്കുന്നു. എന്നാൽ എന്താണ് ഹർമാഗെദ്ദോൻ?

മെഗിദോമല എന്നർത്ഥമുള്ള *ഹർ–മെഗിദോ* എന്ന പദത്തിൽനിന്നാണ് ഈ പേരുണ്ടായത്. ബി.സി. 609–ൽ ജോസിയാ രാജാവ് മെഗിദോ താഴ്വരയിൽവച്ചു യുദ്ധത്തിൽ കൊല്ലപ്പെട്ടു (2 രാജാ 23,29). പഴയ നിയമത്തിലെ നിർണ്ണായകമായ അനേകം യുദ്ധങ്ങൾ നടന്ന സ്ഥലമാണ് മെഗിദോ താഴ്വര. യുദ്ധത്തിനായി ഒരുമിച്ചുകൂടുന്നവരെ ദൈവം നശിപ്പിക്കും എന്നതിന്റെ പ്രതീകമായും പില്ക്കാലത്ത് 'ഹർമാഗെദ്ദോൻ' അറിയപ്പെട്ടു. പൊതുവിധിയെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ദൈവം തിന്മയെ പൂർണ്ണമായും ഉന്മൂലനം ചെയ്യുന്ന പൊതുവിധിയെ ഒരു മഹായുദ്ധത്തിന്റെ പ്രതീകത്തിലൂടെ വെളി 19,17–21 അവതരിപ്പിക്കുന്നു. അശ്വാരൂഢനായ ദൈവവചനം തന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ട് ദുഷ്ടരെ നശിപ്പിക്കും. പൊതുവിധിയുടെ ഒരു പ്രതീകമാണിത്. ഇതേ അർത്ഥം തന്നെയാണ് വെളി 16,16 –ലെ ഹർമാഗെദ്ദോനും ഉള്ളത്.

പഴയനിയമത്തിൽ യഹോഷാഫാത്തിന്റെ താഴ്വര എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു (ജോയേൽ 3,1–2). 'യാഹ്‌വേ വിധിക്കുന്നു' എന്നാണ് *യഹോഷാഫാത്ത്* എന്ന പേരിന്റെ അർത്ഥം. ദൈവം ഈ ലോകത്തിന്റെ മേൽ വിധി നടത്തി ദുഷ്ടരെ ശിക്ഷിക്കും എന്ന വിശ്വാസം ഏറ്റുപറയുന്നതാണ് ഈ ചിത്രീകരണം. യാഹ്‌വേയുടെ സ്ഥാനത്ത് ദൈവവചനമായ യേശുക്രിസ്തു ആയിരിക്കും വിധി നടത്തുക എന്ന് വെളിപാട് പുസ്തകം പഠിപ്പിക്കുന്നു.

## 5. ജീവിതത്തികവ്

തനതു വിധിയോടെ ആരംഭിച്ച സ്വർഗ്ഗഭാഗ്യം "കർത്താവിന്റെ ദിവസത്തിൽ" അതിന്റെ പൂർണ്ണതയിലെത്തുന്നു. ലോകത്തിന്റെ നവീകരണവും ശരീരങ്ങളുടെ പുനരുത്ഥാനവും വഴി മനുഷ്യനും സൃഷ്ടപ്രപഞ്ചം മുഴുവനും സ്രഷ്ടാവിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. ചിതറിക്കിടന്ന ദൈവജനം മുഴുവൻ പിതൃഭവനത്തിൽ ഒരുമിച്ചു കൂട്ടപ്പെടുന്നു. ദൈവരാജ്യത്തിന്റെ പൂർത്തീകരണമാണിത്. നിത്യാനന്ദം, സ്വർഗ്ഗഭാഗ്യം, നിത്യജീവൻ എന്നൊക്കെയാണ് നാം ഈ യാഥാർത്ഥ്യത്തെ വിളിക്കുക. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും പഞ്ചേന്ദ്രിയങ്ങൾക്ക് അപ്രാപ്യവുമായ ഇതിനെക്കുറിച്ച് പ്രതീകങ്ങ

ളിലൂടെ മാത്രമേ നമുക്ക് അറിയാനും പറയാനും കഴിയൂ.

മനുഷ്യഹൃദയത്തിന്റെ തീവ്രമായ ആഗ്രഹം ദൈവത്തിനു വേണ്ടിയാണ്. "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു; എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു" (സങ്കീ 42,1). തന്റെ എല്ലാ അന്വേഷണങ്ങളിലും മനുഷ്യൻ തേടുന്നത് ദൈവത്തെയാണ്. ദൈവസന്നിധിയിൽ എത്തുന്നതുവരെ അവന്റെ ഹൃദയം അസ്വസ്ഥമായിരിക്കും. "ഉണങ്ങിവരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണതെ തളരുന്നു" (സങ്കീ 62,1). ദൈവഭവനത്തിലാണ് മനുഷ്യൻ ആനന്ദം കണ്ടെത്തുക; അവിടെയാണ് അവന്റെ ഹൃദയം നിർവൃതിയനുഭവിക്കുക (സങ്കീ 84,1-2.10). അവിടെ അന്വേഷണം സഫലമാകുന്നു; ഹൃദയം ആനന്ദാനുഭൂതിയിൽ ലയിക്കുന്നു. പ്രവാസിയായ മനുഷ്യൻ സ്വന്തം ഭവനത്തിൽ തിരിച്ചെത്തുന്ന അനുഭവമാണത്.

"നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാം അറിയുന്നു. അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും; അവിടുന്ന് ആയിരിക്കുന്നതുപോല നാം അവിടുത്തെ കാണുകയും ചെയ്യും" (1 യോഹ 3,2). ഉത്ഥിതനായ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ നാം പൂർണ്ണമായി രൂപാന്തരീകരിക്കപ്പെടും. മനുഷ്യത്വത്തിന്റെ പൂർണ്ണത നമുക്ക് കൈവരും. ദൈവത്തെ കാണാനുള്ള മനുഷ്യഹൃദയത്തിന്റെ അഭിവാഞ്ഛ പൂർത്തിയാകും. മർത്യനേത്രങ്ങൾക്ക് അസാധ്യമായ ഈ ദൈവദർശനം രൂപാന്തരീകരണത്തിലൂടെ നമുക്കു സാദ്ധ്യമാകും. ആരാധനക്രമങ്ങളിൽ അടയാളങ്ങളിലൂടെ നല്കപ്പെടുന്ന ഈ ദർശനം അടയാളങ്ങളില്ലാതെ നമുക്കു നേരിൽ ലഭ്യമാകും. "ഇപ്പോൾ നമ്മൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു; അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും" (1 കോറി 13,12).

എന്നാൽ നമ്മുടെ മനുഷ്യവ്യക്തിത്വം ഇല്ലാതാകുന്നില്ല. സൃഷ്ടി സ്രഷ്ടാവിൽ ലയിച്ചില്ലാതാവുന്ന അഥവാ "ഞാൻ തന്നെയാണു ദൈവം" എന്ന അവബോധത്തിൽ സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള വ്യത്യാസം മായപോലെ മാഞ്ഞുപോകുന്ന ഒരവസ്ഥയല്ല ക്രിസ്തീയവീക്ഷണത്തിൽ സ്വർഗ്ഗഭാഗ്യം. ദൈവം എന്നും സ്രഷ്ടാവും രക്ഷകനുമായ ദൈവംതന്നെ ആയിരിക്കും; നാം രക്ഷിക്കപ്പെട്ട സൃഷ്ടികളും. ദൈവം എത്രമാത്രം നമ്മെ സ്നേഹിക്കുന്നുവെന്ന് നാം മനസ്സിലാക്കും; നമ്മുടെ നന്ദിഹീനതയും പാപങ്ങളും എത്രമാത്രം അവിടുത്തെ വേദനിപ്പിച്ചുവെന്നു നാം അറിയും. കഴിഞ്ഞകാലത്തെ ഓർമ്മകൾ ദുഃഖത്തിനോ പശ്ചാത്തപത്തിനോ അല്ല, അഗാ

ധമായ കൃതജ്ഞതയ്ക്കും അനന്തമായ സ്നേഹത്തിനും ആയിരിക്കും കാര ണമാവുക. ലഭിച്ചിരിക്കുന്ന നിത്യഭാഗ്യം സൗജന്യമായ ദാനമാണെന്ന ബോധ്യം (എഫേ 2,8) നിത്യജീവനെ ഒരു കൃതജ്ഞതാസ്തോത്രമാക്കി മാറ്റു ന്നു. തന്റെ ഏകജാതനിലൂടെ ദൈവം നമ്മിലേക്കു ചൊരിഞ്ഞ "സ്നേഹ ത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ" (എഫേ 3,18) ശക്തി ലഭിക്കുന്നതിനാൽ പ്രതിസ്നേഹത്താൽ പൂരിതമായ ആത്മദാനമാ യിരിക്കും നമ്മുടെ നിത്യജീവിതം.

അനന്തമായ ഈ ഭാഗ്യത്തിനുവേണ്ടിയാണു നാം സൃഷ്ടിക്കപ്പെട്ടിരി ക്കുന്നത്; അനശ്വരമായ ഈ ജീവിതത്തിനുവേണ്ടിയാണു നാം രക്ഷിക്കപ്പെ ട്ടിരിക്കുന്നത്. ഇതൊരു മിഥ്യയല്ല എന്ന് ക്രിസ്തുവിന്റെ ഉത്ഥാനം നമുക്ക് ഉറപ്പുതരുന്നു. ഇതൊരു യാഥാർത്ഥ്യമായിത്തീരുമെന്നതിന് അച്ചാരമായി പരി ശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു. ഭൗതികമായ യാതൊന്നുകൊണ്ടും തൃപ്ത മാവാത്ത ഹൃദയം ഈ ജീവിതത്തിനുവേണ്ടി ദാഹിക്കുന്നു. "നമുക്കു വെളി പ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടത കൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു" (റോമാ 8,18). വിശ്വാസത്തിൽ നിന്നു ലഭിക്കുന്ന ശക്തിയോടെ, പ്രത്യാശയിൽ നിന്നുയരുന്ന ധൈര്യത്തോ ടെ, ദൈവരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കുന്ന ക്രിസ്തുശിഷ്യന്റെ പ്രാർത്ഥനയാണിതാണ്: "മാറാനാ താ-കർത്താവായ യേശുവേ, വരണമേ!" (വെളി 22,20).

# 3. മറിയം ബൈബിളിലും സഭയിലും

കത്തോലിക്കാ വിശ്വാസത്തിന്റെ വേരുകൾ തേടിയുള്ള ഈ പ്രയാണം രക്ഷകന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ അവഗണിച്ചുകൊണ്ട് പൂർത്തിയാക്കാനാവില്ല. ദൈവം മറിയത്തിനുവേണ്ടി ചെയ്ത വലിയ കാര്യങ്ങളും മറിയം അവയ്ക്കു നല്കിയ മറുപടിയുമാണ് മരിയഭക്തിയുടെ അടിസ്ഥാനം. രക്ഷാകരപ്രവൃത്തിയുടെ ആദ്യഫലമാണ് മറിയം. മനുഷ്യവർഗ്ഗത്തിനു ദൈവം നല്കിയതും ഇനിയും നല്കാനിരിക്കുന്നതുമായ രക്ഷയും നിത്യഭാഗ്യത്തിന്റെ പൂർണ്ണതയും അവൾക്കു മുൻകൂറായി ലഭിച്ചിരിക്കുന്നു എന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. വത്തിക്കാൻ II, തിരുസ്സഭ, 52-69; പോൾ VI "ക്രിസ്തുവിന്റെ 'മാതാവ്"; ജോൺ പോൾ II "രക്ഷകന്റെ അമ്മ" കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 963-987 എന്നീ പ്രാമണിക രേഖകളിൽ നിന്ന് മാതാവിനെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പ്രബോധനം സംക്ഷിപ്തമായി ലഭിക്കുന്നു. മറിയത്തിന്റെ അമലോത്ഭവവും സ്വർഗ്ഗാരോപണവും വെളിപ്പെടുത്തപ്പെട്ട സത്യങ്ങളായി സഭ പ്രഖ്യാപിച്ചിട്ടുണ്ട്. അവളുടെ ദൈവമാതൃത്വവും നിത്യകന്യാത്വവും കത്തോലിക്കാ വിശ്വാസത്തിന്റെ ഭാഗമാണ്. വിശ്വാസത്തിന്റെ മാതൃകയും വിശ്വാസികളുടെ മാതാവും മധ്യസ്ഥയുമായി മറിയത്തെ സഭ വണങ്ങുന്നു.

## 1. ദൈവത്തിന്റെ ദാനം

രക്ഷാചരിത്രത്തിൽ നിർണ്ണായകമായൊരു പങ്കുവഹിക്കാനായി ദൈവം മറിയത്തെ പ്രത്യേകം തിരഞ്ഞെടുത്തു; അതിനുവേണ്ടി അവളെ ഒരുക്കി. ഈ തിരഞ്ഞെടുപ്പാണ് മറിയത്തിന്റെ മഹത്വത്തിന്റെ അടിസ്ഥാനം. മനുഷ്യദൃഷ്ടിയിൽ വിലകെട്ടവരും സമൂഹത്തിന്റെ ഏറ്റം താഴെക്കിടയിലുള്ളവരും ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും പരിഗണനയ്ക്കും അർഹരാകുന്നു; അവരിലൂടെ ദൈവം വലിയ കാര്യങ്ങൾ നിർവ്വഹിക്കുന്നു (1 കോറി 1,27-29) എന്നതിന്റെ ഉത്തമോദാഹരണമാണ് മറിയം.

**a. ദൈവകൃപ നിറഞ്ഞവൾ**: "നന്മ നിറഞ്ഞ മറിയമേ, സ്വസ്തി, കർത്താവ് നിന്നോടുകൂടെ!....". രക്ഷകന്റെ മനുഷ്യാവതാരത്തിനു മറിയത്തിന്റെ സമ്മതം ചോദിക്കാൻ അയയ്ക്കപ്പെട്ട ദൈവദൂതന്റെ ഈ അഭിസംബോധനയ്ക്ക് ആഴമേറിയ അർത്ഥമുണ്ട്. "സ്വസ്തി" എന്നു വിവർത്തനം ചെയ്യുന്ന *കയിരേ* (chaire) എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം 'ആഹ്ലാദി

ക്കുക' എന്നതാണ്. നൂറ്റാണ്ടുകളായി ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന മിശിഹായുടെ ആഗമനത്തിലുണ്ടാകുന്ന ആഹ്ലാദമാണ് ഇവിടെ വിവക്ഷിക്കപ്പെടുക. പഴയനിയമത്തിലെ അനേകം പ്രവചനങ്ങളുടെയും പ്രതീക്ഷകളുടെയും പ്രതിധ്വനി ഈ അഭിസംബോധനയിലുണ്ട്. "സീയോൻ പുത്രീ, ആനന്ദിക്കുക; ജറുസലെം പുത്രീ, ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു" (സഖ 9,9; ജോയേൽ 2,23). മംഗലവാർത്തയുടെ ആരംഭത്തിൽത്തന്നെ മറിയത്തെ സീയോൻ പുത്രിയും രക്ഷകനെ കാത്തിരിക്കുന്ന ദൈവജനത്തിന്റെ പ്രതീകവും പ്രതിനിധിയുമായി സുവിശേഷകൻ ചിത്രീകരിക്കുന്നു.

"നന്മനിറഞ്ഞവൾ" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം "ദൈവകൃപയ്ക്കു പാത്രമായവൾ" എന്നാണ്. ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പിലേക്കുള്ള സൂചനയാണ് ഈ പദം നല്കുന്നത്. "കർത്താവു നിന്നോടു കൂടെ" എന്നത് ഒരാശംസയല്ല പ്രസ്താവനയാണ്. താൻ ഏല്പിക്കാൻ പോകുന്ന ദൗത്യം നിർവ്വഹിക്കുന്നതിനുവേണ്ട ശക്തി പ്രദാനം ചെയ്യാനായി ദൈവം അവളോടുകൂടെയുണ്ടായിരിക്കും (ന്യായാ 6,12). അതോടൊപ്പം മറിയം ദൈവത്തിന്റെ വാസസ്ഥലമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന സൂചനയും ഇവിടെ കാണാം.

b. **അമലോത്ഭവം:** *"മനുഷ്യർഗ്ഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻനിർത്തി, സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക കൃപയാലും അനുഗ്രഹത്താലും, പരിശുദ്ധ കന്യകാമറിയം തന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ ജന്മപാപത്തിന്റെ യാതൊരു മാലിന്യവും ഏശാതെ കാത്തുസൂക്ഷിക്കപ്പെട്ടു എന്നത് വെളിപ്പെടുത്തപ്പെട്ട സത്യമാണെന്നും ആകയാൽ എല്ലാ വിശ്വാസികളും ഇത് എന്നും ഉറപ്പായി വിശ്വസിക്കണമെന്നും.... നാം പ്രഖ്യാപിക്കുന്നു"*. ഈ വാക്കുകളിൽ 1854 ഡിസംബർ 8-ാം തീയതി പീയൂസ് IX മാർപാപ്പാ *അവാച്യനായ ദൈവം (Ineffabilis Deus)* എന്ന ചാക്രികലേഖനത്തിലൂടെ മറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ആദ്യമനുഷ്യനായ ആദത്തിൽനിന്നു സകല മനുഷ്യരിലേക്കും പ്രവഹിക്കുന്ന ഉത്ഭവ പാപത്തിൽ ഉൾപ്പെടാതെ മറിയത്തെ ദൈവം പ്രത്യേകം കാത്തു സൂക്ഷിച്ചു എന്നതാണ് "അമലോത്ഭവം" എന്ന വിശ്വാസ സത്യത്തിന്റെ അർത്ഥം. യേശുക്രിസ്തുവിലൂടെ മാത്രമേ രക്ഷ ലഭിക്കുകയുള്ളു എന്ന സത്യത്തിനു വിരുദ്ധമല്ല ഈ പ്രഖ്യാപനം. കാരണം മറിയം പാപത്തിന്റെ മാലിന്യം ഏശാതെ കാത്തുസൂക്ഷിക്കപ്പെട്ടത് യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തിയുടെ ഫലമായിട്ടാണ്. പാപത്തിൽപ്പെട്ട

വരെ രക്ഷിക്കുന്നവന് പാപത്തിൽ പെടാതെ സൂക്ഷിക്കാനും കഴിയും. “ദൈവകൃപ നിറഞ്ഞവളേ” എന്ന അഭിസംബോധനയിൽ മറിയം പാപരഹിതയാണെന്ന സൂചന കാണാം. ബൈബിളിൽ ഒളിഞ്ഞുകിടക്കുന്ന സത്യം സഭാപാരമ്പര്യത്തിൽ ക്രമേണ പ്രകാശിതമാകുന്നതിന്റെ ഉദാഹരണമാണ് ഈ വിശ്വാസസത്യ പ്രഖ്യാപനം.

**c. ദൈവമാതാവ്:** യേശുവിൽ രണ്ടു വ്യക്തിത്വങ്ങൾ ആരോപിച്ച നെസ്തോറിയൻ പാഷണ്ഡതയ്ക്കെതിരേ 431-ൽ എഫേസോസിൽ സമ്മേളിച്ച സാർവ്വത്രിക സൂനഹദോസ് മറിയത്തെ ദൈവമാതാവായി പ്രഖ്യാപിച്ചു: “*എമ്മാനുവേൽ സത്യമായും ദൈവമാണെന്നും അതിനാൽ പരിശുദ്ധ കന്യക ദൈവമാതാവാണെന്നും ഏറ്റുപറയാത്തവനും ശാപം*”. ദൈവപുത്രന്റെ ഏകവ്യക്തിത്വത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അതിന്റെ പൂർണ്ണതയിൽ നിലനില്ക്കുന്നതിനാലും പ്രവൃത്തികൾ വ്യക്തിയുടേതായതിനാലും മറിയത്തിൽനിന്നു ജനിച്ചത് സത്യദൈവമാണ്. അതിനാൽ മറിയത്തെ ദൈവമാതാവ് എന്നു വിളിക്കുന്നു. യേശുവിന്റെ ഏകവ്യക്തിത്വമാണ് ഇവിടെ പ്രധാന വിശ്വാസവിഷയമായിരിക്കുന്നത്. അതിനോടു ബന്ധപ്പെടുത്തി മാത്രമേ ദൈവമാതാവ് എന്ന നിർവ്വചനം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഇളയമ്മയായ എലിസബത്ത് മറിയത്തെ ഭാഗ്യവതി എന്നു വിളിക്കാൻ പ്രധാനകാരണം അവൾ കർത്താവിന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നതാണ് (ലൂക്കാ 1,42-43; “രക്ഷകന്റെ അമ്മ” 9.36).

**d. കന്യകാമാതാവ്:** ദൈവപുത്രൻ കന്യകയിൽനിന്നു ജനിച്ചു എന്നത് വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. യേശുവിന്റെ ജനനത്തെക്കുറിച്ചു പരാമർശിക്കുന്ന രണ്ടു സുവിശേഷങ്ങളും (മത്താ 1,20-22; ലൂക്കാ 1,34-36) ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു. പുരുഷസംസർഗ്ഗം കൂടാതെ, പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താലാണ് ദൈവവചനം മറിയത്തിന്റെ ഉദരത്തിൽ അവതീർണ്ണനായത് എന്ന സത്യം സഭ എക്കാലവും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതിയുടെ നിയമങ്ങൾക്കും മാനുഷികബുദ്ധിക്കും അതീതമായൊരു രഹസ്യമാണിത്. “ഇതെങ്ങനെ സംഭവിക്കും?” എന്ന ചോദ്യത്തിന് “പരിശുദ്ധാത്മാവു നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. അതിനാൽ നിന്നിൽനിന്നു ജനിക്കുന്ന പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും” (ലൂക്കാ 1,35) എന്നു ദൂതൻ മറുപടി പറഞ്ഞു. ശാസ്ത്രീയമായ വിശകലനത്തിനു വിധേയമാക്കാവുന്ന ഒന്നല്ല ഈ വിശ്വാസസത്യം. ‘ദൈവം മനുഷ്യനായി’ എന്നതിനേക്കാൾ വലിയ രഹസ്യമല്ല കന്യാജനനം എന്നത്. ദൈവ

ത്തിന് അസാധ്യമായി ഒന്നുമില്ല എന്ന് ഏറ്റുപറയാനേ ഈ രഹസ്യത്തിനു മുമ്പിൽ മനുഷ്യനു കഴിയൂ.

**e. നിത്യകന്യക:** മറിയത്തിന് യേശുവല്ലാതെ മറ്റുമക്കൾ ഇല്ലായെന്നും അവൾ നിത്യകന്യകയായിരുന്നു എന്നും കത്തോലിക്കാ സഭ വിശ്വസിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമെന്നു തോന്നാവുന്ന, യേശുവിന്റെ സഹോദരീസഹോദരന്മാരെക്കുറിച്ചുള്ള, പ്രസ്താവനകൾ (മർക്കോ 6,3) ബൈബിളിലുണ്ട്. മറിയത്തിന്റെ ജീവചരിത്രം അവതരിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല ബൈബിൾ; യേശുക്രിസ്തുവും അവനിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭ്യമായ രക്ഷയുമാണ് ബൈബിളിന്റെ പ്രമേയം. മറിയത്തിന്റെ കന്യാത്വം തന്നെ യേശുവിന്റെ ദൈവപുത്രസ്ഥാനം വ്യക്തമാക്കാൻവേണ്ടിയാണ് പരാമർശിക്കപ്പെടുന്നത്. സഹോദരന്മാർ എന്ന പദത്തിന് ഒരേ മാതാവിൽ നിന്നു ജനിച്ചവർ എന്നു മാത്രമല്ല, ഉറ്റബന്ധുക്കൾ എന്നും അർത്ഥമുണ്ട്. ഈ അർത്ഥത്തിലാണ് മലയാളത്തിൽ ജ്യേഷ്ഠാനുജ്നമാരുടെ മക്കളെ സഹോദരന്മാർ എന്നും നാം വിളിക്കുക. അരമായ ഭാഷയിലും ഇതുതന്നെയാണ് അവസ്ഥ. കസിൻ (cousin) എന്ന ഇംഗ്ലീഷ് പദത്തിനു തുല്യമായൊരു പദം അരമായ ഭാഷയിലില്ല.

**f. സ്വർഗ്ഗാരോപിത:** 1950 നവംബർ 1-ാം തിയ്യതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ "*പരമകാരുണികനായ ദൈവം*" (Munificentissimus Deus) എന്ന ചാക്രിക ലേഖനത്തിലൂടെ മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. കത്തോലിക്കാസഭയിൽ ഏറ്റം അവസാനം നടന്ന വിശ്വാസസത്യ പ്രഖ്യാപനമാണിത്. "*അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം തന്റെ ഇഹലോക ജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്കു സംവഹിക്കപ്പെട്ടു എന്നത് ദൈവം വെളിപ്പെടുത്തിയ വിശ്വാസസത്യമാണെന്ന്........ നാം പ്രഖ്യാപിക്കുന്നു*". ശരീരങ്ങളുടെ ഉത്ഥാനത്തിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമാകാനിരിക്കുന്ന സ്വർഗ്ഗഭാഗ്യത്തിന്റെ പൂർണ്ണത മറിയത്തിനു മുൻകൂറായി നല്കപ്പെട്ടു എന്ന് ഈ പ്രഖ്യാപനം പഠിപ്പിക്കുന്നു.

## 2. മറിയത്തിന്റെ മറുപടി

തനിക്കു ലഭിച്ച അസാധാരണമായ കൃപാവരത്തോട് മറിയം പരിപൂർണ്ണമായി സഹകരിച്ചു; ശിശുസഹജമായ ലാളിത്യത്തോടെ അവൾ സ്വജീവിതം ദൈവകരങ്ങളിൽ സമർപ്പിച്ചു.

**a. കർത്താവിന്റെ ദാസി:** ''ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക്

എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38). മറിയത്തിന്റെ ജീവിതത്തിൽ നിറഞ്ഞു നിന്ന മനോഭാവം പ്രകടമാക്കുന്നതാണ് ഈ മറുപടി. ദൈവത്തിനു നിരുപാധികമായി അവൾ സ്വയം വിട്ടുകൊടുത്തു. 'തനിക്ക് ഇഷ്ടമുള്ളത് കർത്താവ് എന്നോടു ചെയ്തു കൊള്ളട്ടെ' എന്ന സമ്പൂർണ്ണമായ സമർപ്പണവും വിധേയത്വവും ഈ വാക്കുകളിൽ മുഴങ്ങുന്നു. ദാസിയ്ക്കു സ്വന്തമായ താല്പര്യങ്ങളില്ല; പദ്ധതികളോ പ്രതീക്ഷകളോ ഇല്ല. യജമാനന്റെ ഹിതം നിറവേറ്റുക – അതു മാത്രമാണ് ദാസിയുടെ ധർമ്മം. ഇപ്രകാരം ഒരു സമർപ്പണമാണ് മറിയം കർത്താവിനു നല്കുന്നത്.

ദൂതൻ മറിയത്തിന്റെ മുമ്പിൽ ഒരു ദൗത്യം അവതരിപ്പിക്കുകയായിരുന്നു. അതു സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാൻ മറിയത്തിനു സ്വാതന്ത്ര്യമുണ്ടായിരുന്നു. തന്റെ ജീവിതത്തെ തകിടം മറിക്കുന്നതാണ് ഈ ദൗത്യം എന്ന് അവൾക്കു വ്യക്തമായി. നിഗൂഢത നിറഞ്ഞ ഭാവിയാണ് അവൾക്കു മുമ്പിൽ തുറക്കുന്നത്. എങ്കിലും കർത്താവിന്റെ ദാസിയായി സ്വയം സമർപ്പിക്കാൻ മറിയം സ്വതന്ത്രമായി തീരുമാനിച്ചു. സ്വന്തമായി ഒന്നും മാറ്റിവയ്ക്കാതെ സന്തോഷപൂർവ്വം അവൾ സ്വയം വിട്ടുകൊടുത്തു.

കർത്താവിനെ മഹത്വപ്പെടുത്തുക, അവന്റെ പ്രവൃത്തികളെ പ്രഘോഷിക്കുക, അവന്റെ മഹിമയിൽ സന്തോഷിക്കുക (ലൂക്കാ 1,46–47) – ഇതു മാത്രമാണു മറിയത്തിനു പ്രധാനമായിട്ടുള്ളത്. ദൈവത്തിന്റെ ദാസിയായി സ്വയം സമർപ്പിച്ച മറിയം ദൈവം നിശ്ചയിച്ച വഴികളിലൂടെ അവസാനം വരെ യാത്ര ചെയ്തു. ക്ലേശകരവും ദുഃഖപൂർണ്ണവുമായിരുന്നു ആ യാത്ര. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വയം ഏല്പിച്ചുകൊടുത്ത കർത്താവിന്റെ ദാസന്റെ ജീവിതത്തോട് അനുരൂപപ്പെട്ട ഒരു ജീവിതമായിരുന്നു കർത്താവിന്റെ ദാസിയായ മറിയത്തിന്റേത്. ദാസിയുടെ ജീവിതം അധികപങ്കും അണിയറയിലാണ്. യേശുവിന്റെ പരസ്യജീവിതകാലത്ത് മറിയം മകന്റെ മഹത്വത്തിൽ പങ്കുചേരാനായി രംഗപ്രവേശം ചെയ്യുന്നില്ല. അത്ഭുത പ്രവർത്തനങ്ങളിലോ രാജകീയ പ്രവേശനത്തിലോ മറിയത്തെ കാണുന്നില്ല. നിശബ്ദമായ സേവനത്തിലൂടെ, നിരന്തരമായ സ്നേഹത്തിലൂടെ, അവൾ തന്റെ ദാസീ-ദൗത്യം നിർവ്വഹിച്ചു. എന്നാൽ തന്റെ സാന്നിധ്യം ആവശ്യപ്പെടുന്ന നിർണ്ണായക നിമിഷങ്ങളിൽ അണിയറയിൽനിന്നു പുറത്തുവരാൻ അവൾ തയ്യാറായി. അതു മഹത്വത്തിൽ പങ്കു ചേരാനല്ല, അവഹേളനത്തിലും നിന്ദനത്തിലും ക്രൂരമായ മരണത്തിലും മകനോടൊത്തു നിലകൊള്ളാൻ വേണ്ടിയായിരുന്നു.

സമ്പൂർണ്ണമായ സമർപ്പണത്തിന്റെ ഏറ്റം സ്പഷ്ടമായ അടയാളമായിരുന്നു അവളുടെ നിത്യകന്യാത്വം. 'എനിക്കു ദൈവം മാത്രം മതി' എന്ന് ഇതിലൂടെ അവൾ ഏറ്റുപറഞ്ഞു. അവിഭക്ത ഹൃദയത്തോടെ ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ച ജീവിതം സഹോദരസ്നേഹത്തിലൂടെയും നിസ്വാർത്ഥ സേവനത്തിലൂടെയും ഫലമണിഞ്ഞു. എലിസബത്തിനു ശുശ്രൂഷചെയ്യുന്നതും കാനായിലെ ആതിഥേയർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നതും ഈ സേവനത്തിന്റെ മാതൃകകളാണ്. മറിയത്തിൽ കന്യാത്വവും മാതൃത്വവും ഒരുമിച്ചു. അതോടെ കന്യാത്വത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കപ്പെട്ടു. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മാത്രമല്ല, അവനിലൂടെ രക്ഷിക്കപ്പെടുന്ന എല്ലാ ദൈവമക്കളുടെയും മാതാവായി ദൈവം അവളെ ഉയർത്തി. ദൈവത്തിനും ദൈവജനത്തിനുംവേണ്ടിയുള്ള സമ്പൂർണ്ണമായ സമർപ്പണമാണ് കന്യാവ്രതം.

**b. വിശ്വസിച്ച ഭാഗ്യവതി:** "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1,45). യേശുവിനോടൊത്തുള്ള മറിയത്തിന്റെ ജീവിതം വിശ്വാസത്തിലൂടെയുള്ള നിരന്തരമായൊരു തീർത്ഥാടനമായിരുന്നു (രക്ഷകന്റെ അമ്മ 17). അനേകം അഗ്നിപരീക്ഷണങ്ങളിലൂടെ കടന്നുപോയതാണ് മറിയത്തിന്റെ വിശ്വാസം. തികഞ്ഞ അന്ധകാരത്തിലൂടെ, വിശ്വാസത്തിന്റെ മാത്രം വെളിച്ചത്തിൽ അവസാനം വരെ അവൾ സഞ്ചരിച്ചു. മാനുഷികമായ സകല പ്രതീക്ഷകൾക്കും വിരുദ്ധമായി ജീവിതം നീങ്ങിയപ്പോഴും അവൾ പതറിയില്ല. തനിക്ക് അജ്ഞാതവും അഗ്രാഹ്യവുമായ കാര്യങ്ങൾ ചോദ്യം ചെയ്യാതെ അവൾ ജീവിച്ചു. തന്നെ വിളിച്ചവൻ എന്നും തന്നെ നയിക്കുമെന്ന് അവൾക്കു ബോധ്യമുണ്ടായിരുന്നു. എല്ലാ വഴികളും അടഞ്ഞു എന്നു തോന്നിയപ്പോഴും പുതിയ വഴികൾ കർത്താവു തുറന്നുതരും എന്ന് അവൾ ദൃഢമായി വിശ്വസിച്ചു. ഈ വിശ്വാസമാണ് മറിയത്തിന്റെ മറുപടിയുടെ മഹത്വം വെളിവാക്കുന്നത്.

രക്ഷകന്റെ അമ്മയാകാനുള്ള വിളിതന്നെ വിശ്വാസത്തിന്റെ കടുത്ത പരീക്ഷണമായിരുന്നു. ഇസ്രായേൽജനം നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന മിശിഹായുടെ അമ്മയാകാൻ നസ്രത്തിലെ ഗ്രാമീണകന്യകയായ താൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നത് ഏറ്റം വലിയ ഭാഗ്യമാണെങ്കിലും അതുമൂലമുണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് മറിയം തികച്ചും ബോധവതിയായിരുന്നു. പിതൃഭവനത്തിൽവച്ചു കല്ലെറിഞ്ഞുകൊല്ലുകയായിരുന്നു ഇപ്രകാരമുള്ള സ്ത്രീകൾക്ക് ഇസ്രയേൽ നിയമം കല്പിച്ചിരുന്ന ശിക്ഷ (നിയ 22,13-21). മരണശിക്ഷയെ മുന്നിൽ കണ്ടുകൊണ്ടുതന്നെ കർത്താവിന്റെ വിളിക്കു സമ്മതം

നല്കുന്ന മറിയം തന്റെ ജീവിതത്തെ പൂർണ്ണമായി കർത്തൃകരങ്ങളിൽ സമർപ്പിച്ചു. 'ഞാൻ കർത്താവിന്റെ ദാസിയാണ്. അവന് ഇഷ്ടമുള്ളത് എന്നോട് ചെയ്തുകൊള്ളട്ടെ'. ഇനി അങ്ങോട്ടുള്ള മറിയത്തിന്റെ ജീവിതത്തെ മുഴുവൻ നയിക്കുന്ന വിശ്വാസത്തിന്റെ പ്രകടനമാണിത്.

കാലിത്തൊഴുത്തിലെ കടുത്ത ദാരിദ്ര്യവും രാജാവിന്റെ വധഭീഷണിയും ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടവും എല്ലാം മറിയത്തിന്റെ വിശ്വാസത്തെ കഠിനമായി പരീക്ഷിച്ച അവസരങ്ങളായിരുന്നു. "ഹൃദയത്തിൽ തുളച്ചുകയറിയ വാൾ" (ലൂക്കാ 2,35) ക്രൂശിതന്റെ പുനരുത്ഥാനംവരെ അവിടെ തറച്ചുനിന്നു.

യേശുവിന്റെ നസ്രത്തിലെ അജ്ഞാതജീവിതവും അവളുടെ വിശ്വാസത്തെ പരീക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതായിരുന്നു. പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിൽവച്ച് "നിങ്ങൾ എന്തിന് എന്നെ അന്വേഷിച്ചു? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ല? "(ലൂക്കാ 2,49) എന്ന പുത്രന്റെ ചോദ്യം അമ്മയെ വിശ്വാസത്തിന്റെ അജ്ഞാത മേഖലയിലേക്ക് ഒരു പടികൂടി ഉയർത്തുന്നതാണ്. "അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല" (ലൂക്കാ 2,50). തന്റെ പുത്രനെ തനിക്കു നഷ്ടപ്പെടുന്നു എന്ന ബോധ്യം മറിയത്തിനുണ്ടായി. പുത്രനുവേണ്ടി പൂർണ്ണമായി സ്വയം സമർപ്പിച്ച അമ്മയ്ക്ക് മാനുഷികമായ മാതൃവാത്സല്യത്തിനുപരി യേശുവുമായി വിശ്വാസത്തിന്റെ ബന്ധം സ്ഥാപിക്കേണ്ടിവന്നു. കാനായിൽവച്ച് തന്റെ അപേക്ഷയ്ക്ക് "സ്ത്രീയേ, എനിക്കും നിനക്കും എന്ത്?" (യോഹ 2,4) എന്നു മകൻ നല്കിയ മറുപടി ഏതു മാതാവിനെയും അമ്പരിപ്പിക്കുന്നതായിരുന്നു. ശാരീരികമായ മാതൃത്വത്തിന്റെ പേരിൽ തനിക്ക് യേശുവിന്റേമേൽ അധികാരമൊന്നുമില്ല എന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നതായിരുന്നു ഈ മറുപടി. പക്ഷേ, മറിയം നിരാശയാവുന്നില്ല. "അവൻ പറയുന്നതു ചെയ്യുവിൻ" (യോഹ 2,5) – അമ്മയുടെ അധികാരമല്ല, ദാസിയുടെ വിശ്വാസമാണ് ഈ വാക്യം പ്രകടിപ്പിക്കുന്നത്.

"തന്റെ ഏകജാതനോടുകൂടി ദൈവികപദ്ധതിയ്ക്കനുസൃതമായി കഠിന വേദന സഹിച്ചുകൊണ്ട് കുരിശിൻ ചുവട്ടിൽ അവൾ നിലകൊണ്ടു (യോഹ 19,25). അവിടെ അവൾ മാതൃസഹജമായ വികാരങ്ങളോടെ അവിടുത്തെ ബലിയോടു സ്വയം യോജിപ്പിക്കുകയും തന്നിൽനിന്നു ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻ സ്നേഹപുരസ്സരം സമ്മതിക്കുകയും ചെയ്തു" (വത്തിക്കാൻ **II**, തിരുസ്സഭ 58). ലോകം മുഴുവന്റെയും

വിശ്വാസം നഷ്ടപ്പെട്ട ആ നിമിഷത്തിൽ ലോകത്തിന്റെ മുഴുവൻ പ്രതിനിധിയായി മറിയം തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചു. മരക്കുരിശിൽ മരിക്കുന്ന മകൻ ദൈവപുത്രനാണെന്നും മനുഷ്യരക്ഷകനാണെന്നും അവൾ വിശ്വസിച്ചു. അങ്ങനെ അവൾ സകല വിശ്വാസികളുടെയും അമ്മയായി. യേശുതന്നെ ഈ യാഥാർത്ഥ്യം വെളിപ്പെടുത്തി: "സ്ത്രീയേ, ഇതാ നിന്റെ മകൻ" (യോഹ 19,26).

കുരിശിൻ ചുവട്ടിൽവച്ചു ചിതറിപ്പോയ ശിഷ്യസമൂഹത്തെ ഒരുമിച്ചു കൂട്ടുന്നതിൽ മറിയത്തിന് നിർണ്ണായകമായൊരു പങ്കുണ്ടായിരുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി കാത്തിരിക്കുന്ന ശിഷ്യസമൂഹത്തിനു മധ്യേ അവളുണ്ട് (അപ്പ 1,14). പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ദൈവപുത്രന്റെ മാതാവായവൾ സഭയുടെ ഉത്ഭവത്തിലും ഉദ്ഘാടനത്തിലും സജീവ പങ്കാളിയായി. മംഗലവാർത്തയുടെ അവസരത്തിൽ പരിശുദ്ധാത്മാവു തന്നിൽ ആരംഭിച്ച രക്ഷാകരപ്രവൃത്തി പന്തക്കുസ്താ ദിവസം പൂർത്തിയാവുന്നത് അവൾ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കണ്ടു.

ദൈവവചനമാണ് മറിയത്തിന്റെ വിശ്വാസത്തെ നിരന്തരം പരിപോഷിപ്പിച്ചത്. "ദൈവവചനം കേട്ട് അത് പാലിക്കുന്നവരെ" (ലൂക്കാ 11,28) ഭാഗ്യവാന്മാരായി പ്രഖ്യാപിച്ചപ്പോൾ യേശു മറിയത്തിന്റെ യഥാർത്ഥ മഹത്വം വെളിപ്പെടുത്തുകയായിരുന്നു. ദൈവമാതൃത്വം മറിയത്തിനു ദൈവം നല്കിയ ദാനമാണ്. എന്നാൽ ആ ദാനത്തിനു താൻ അർഹയാണെന്ന് അവൾ തന്റെ വിശ്വാസത്തിലൂടെ തെളിയിച്ചു; ദൈവം തന്നിലർപ്പിച്ച വിശ്വാസത്തിന് വിശ്വസ്തതയിലൂടെ അവൾ പ്രത്യുത്തരം നല്കി.

### 3. മരിയഭക്തി

മറിയത്തിന്റെ ജീവിതത്തെയും രക്ഷാചരിത്രത്തിൽ അവൾക്കുള്ള സ്ഥാനത്തെയും കുറിച്ച് ക്രമേണ ആഴമേറിയ അവബോധം നേടിയ സഭ പഴയനിയമത്തിലെ പല പ്രതീകങ്ങളും അവളിൽ പൂർത്തീകരിക്കപ്പെടുന്നതായി കണ്ടു. അവളിൽനിന്നു ജനിച്ചവൻ സർപ്പത്തിന്റെ തല തകർത്തു (ഉൽപ 3,15). പുതിയ ആദമായ ക്രിസ്തുവിന്റെ മാതാവും ഏറ്റം അടുത്ത സഹകാരിണിയും രക്ഷിക്കപ്പെട്ട മനുഷ്യസമൂഹത്തിന്റെ അമ്മയും എന്ന നിലയിൽ മറിയം *പുതിയ ഹവ്വാ*യാണ്. അവിശ്വസ്തയായിത്തീർന്ന സീയോൻ കന്യകയുടെ സ്ഥാനത്ത് കർത്താവിനോടു പരിപൂർണ്ണ വിശ്വസ്തത പുലർത്തിയ *സീയോൻ കന്യകയും* ദൈവജനമായ ഇസ്രായേലിൽ അവശേഷിച്ച വിശ്വസ്തരുടെ പ്രതനിധിയുമാണ് മറിയം. ദൈവപുത്രനെ സ്വന്തം

ഉദരത്തിൽ വഹിച്ചവൾ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായിരുന്ന പഴയ *ഉടമ്പടിയുടെ പേടക*ത്തിനുപകരം നില്ക്കുന്നു. രക്ഷകനായ ഉദയസൂര്യന്റെ ആഗമനത്തെ വിളിച്ചറിയിക്കുന്ന *പുലർകാല നക്ഷത്രമാണവൾ.* ഇങ്ങനെ നിരവധി പ്രതീകങ്ങൾ മറിയത്തിന്റെ സ്ഥാനത്തെ വിശദമാക്കാനായി സഭ ഉപയോഗിക്കുന്നു. ഇവയെല്ലാം രക്ഷകനായ ക്രിസ്തുവുമായി ബന്ധപ്പെട്ട വയാണ്. ഈ ബന്ധമില്ലാതെ മറിയത്തെക്കുറിച്ചു ചിന്തിക്കാൻപോലും സാധി ക്കുകയില്ല.

സഭയുടെ മരിയഭക്തി വിശ്വാസികളെ ക്രിസ്തുവിൽ നിന്ന് അകറ്റുക യല്ല, ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കുകയാണു ചെയ്യുക. "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" എന്ന മറിയത്തിന്റെ വാക്കുകൾ എന്നും പ്രസക്തമാണ്. മറിയമല്ല, ക്രിസ്തുവാണ് കേന്ദ്രം. മറിയത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നവർ അവളെ മഹത്വമണിയിച്ച ദൈവത്തെയാണു പ്രകീർത്തിക്കുന്നത്. അവളിലൂടെ പ്രകടമായത് ദൈവത്തിന്റെ ശക്തിയും മാതൃസഹജമായ വാത്സല്യവുമാണ്. മറിയത്തിനു നല്കുന്ന വണക്കം വിശ്വാ സികളെ വിഗ്രഹാരാധകരാക്കുന്നില്ല. ആരാധനയും വണക്കവും തമ്മിൽ വേർതിരിച്ചു കാണേണ്ടതുണ്ട്. ജീവദാതാവും രക്ഷകനും സർവ്വാധിനാഥ നുമായി ദൈവത്തെ ഏറ്റുപറഞ്ഞ്, നമ്മെത്തന്നെ ദൈവത്തിന് അടിയറ വയ്ക്കുന്നതാണ് ആരാധന. മറിയത്തെയാകട്ടെ ഏറ്റം ഉത്തമസൃഷ്ടിയായും അവിടുത്തെ രക്ഷാകര പ്രവൃത്തിയുടെ പ്രഥമഫലമായും നാം കാണുന്നു. അവൾ നമ്മെപ്പോലെതന്നെ ഒരു മനുഷ്യവ്യക്തിയാണ്. മറിയം ലക്ഷ്യമല്ല, വഴികാട്ടിയാണ്; ക്രിസ്തുവിനു മുമ്പിൽ മധ്യസ്ഥയും വിശ്വാസികൾക്കു മാതൃകയുമാണ്.

ക്രിസ്തുനാഥൻ തന്നെയാണ് മറിയത്തെ മനുഷ്യർക്കു മാതാവും മധ്യ സ്ഥയുമായി നല്കിയത് (രക്ഷകന്റെ അമ്മ 20-24). കാനായിലെ കല്ല്യാണ വിരുന്നിൽ ആതിഥേയരുടെ ആവശ്യം കണ്ടറിഞ്ഞ് അവൾ മകന്റെയടുക്കൽ മാധ്യസ്ഥ്യം വഹിച്ചു. യേശു തന്റെ പരസ്യജീവിതത്തിനു തുടക്കം കുറി ച്ചത് മറിയത്തിന്റെ അർത്ഥനയ്ക്കു മറുപടിയെന്നോണമായിരുന്നു. തന്റെ സമയം ഇനിയും ആയിട്ടില്ല എന്നു പറഞ്ഞെങ്കിലും യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന്റെ ആരംഭമായി ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചു. തന്റെ മഹത്വം പൂർണ്ണമായി വെളിപ്പെട്ട കുരിശിൽ വച്ച് യേശു തന്റെ അമ്മയെ ശിഷ്യസമൂഹത്തിനു മുഴുവനും അമ്മയായി നല്കി. അങ്ങനെ മറിയത്തെ തന്റെ സഭയുടെ മാതാവായി പ്രഖ്യാപിച്ചു. യേശു തന്നെ മരിയ ഭക്തി ആവശ്യപ്പെടുന്നതായി ഇതിൽനിന്നു മനസ്സിലാക്കാം. മറിയത്തിലൂടെ

യാണ് ദൈവപുത്രൻ അവതീർണ്ണനായത്. മറിയത്തിലൂടെയാണ് അവൻ സ്നാപകനെ വിശുദ്ധീകരിച്ചത് (ലൂക്കാ 1,41–44). രക്ഷകനെ ആദ്യമായി ലോകസമക്ഷം അവതരിപ്പിച്ചതും മറിയമാണ്. രക്ഷകനെ തേടിവന്ന ജ്ഞാനികൾ "ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കാണുകയും അവനെ കുമ്പിട്ടാരധിക്കുകയും ചെയ്തു" (മത്താ 2,11).

മറിയത്തിന്റെ മാധ്യസ്ഥ്യം തേടുന്നവർ അവളെ അനുകരിക്കാനും കടപ്പെട്ടിരിക്കുന്നു. മറിയത്തിനു ദൈവം നല്കിയ ചില ദാനങ്ങൾ, അമലോത്ഭവവും ദൈവമാതൃത്വവും, അവളുടെ അനന്യമായ ദൗത്യവുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ മറിയം നല്കിയ മറുപടി നമുക്കെല്ലാം മാതൃകയായി നിലകൊള്ളുന്നു. 'കർത്താവിന്റെ ദാസി' എന്ന വിനീതമായ ഭാവം, ഏതു നിമിഷത്തിലും കർത്താവിന്റെ ഹിതത്തിനു പൂർണ്ണമായി കീഴ്വഴങ്ങുന്ന വിധേയത്വം, ഏതു പ്രതിസന്ധിയിലും അടിപറാത്ത വിശ്വാസം, സമ്പൂർണ്ണമായ സമർപ്പണത്തിലൂടെ പ്രകടമാകുന്ന സ്നേഹം, ഒരിക്കലും അസ്തമിക്കാത്ത പ്രത്യാശ, കുരിശിന്റെ വഴിയിൽ യേശുവിനെ അനുഗമിക്കാനും അവഹേളനങ്ങൾക്കു മധ്യേ കുരിശിൻ ചുവട്ടിൽ നില്ക്കാനും ഉള്ള ധൈര്യം ഇവയെല്ലാം നമുക്കും അനുകരണീയമാണ്. ദൈവവചനത്തോടുള്ള ആദരവും വചനം ശ്രവിച്ച് ഹൃദയത്തിൽ സൂക്ഷിക്കാനും (ലൂക്കാ 2,50) അതനുസരിച്ചു ജീവിക്കാനുമുള്ള സന്നദ്ധതയും നാം മറിയത്തിൽനിന്നു പഠിക്കണം. അതുവഴി നാം യേശുവിന്റെ കുടുംബത്തിലെ അംഗങ്ങളാകും (ലൂക്കാ 8,21).

# അനുബന്ധം - 1
# റീത്തുകൾ

മാർപ്പാപ്പായെ പരമാധികാരിയായി അംഗീകരിക്കുന്ന 23 വ്യക്തി സഭകളുടെ സാർവ്വത്രിക കൂട്ടായ്മയാണ് കത്തോലിക്കാസഭ.

## I പാശ്ചാത്യസഭ - ലത്തീൻസഭ

a. റോമൻ
b. അംബ്രോസിയൻ
c. വിസിഗോത്ത് / മൊസറാബിക്
d. കെൽടിക്
e. ഗാള്ളിക്കൻ
f. ബ്രാഗൻ

## II പൗരസ്ത്യസഭകൾ: 5 ആരാധനകുടുംബങ്ങളിലായി 22 സഭകൾ

### A. അലക്സാണ്ഡ്രിയൻ

1. കോപ്റ്റിക്
2. എത്യോപ്യൻ/അബിസീനിയൻ

### B. അന്ത്യോക്യൻ

1. പാശ്ചാത്യസുറിയാനി
2. മാറോനീത്താ
3. സീറോ - മലങ്കര

### C. ബൈസന്റൈൻ/കോൺസ്റ്റാന്റിനോപ്പിൾ

1. അൽബേനിയൻ
2. ബൈലോറഷ്യൻ
3. ബൾഗേറിയൻ
4. ഗ്രീക്ക്

5. ഹംഗേറിയൻ
6. ഇത്താലോ - അൽബേനിയൻ
7. മെൽക്കൈറ്റ്
8. മാസിഡോണിയൻ
9. റുമേനിയൻ
10. റഷ്യൻ
11. റുത്തേനിയൻ
12. സ്ലോവാക്യൻ
13. യുക്രേനിയൻ
14. ക്രിസേവ്ചിയൻ

## D. പൗരസ്ത്യസുറിയാനി

1. കൽദായ
2. സീറോ-മലബാർ

## E. അർമ്മേനിയൻ

1. അർമ്മേനിയൻ

# അനുബന്ധം - 2
# കത്തോലിക്കാസഭയുടെ സാർവ്വത്രിക സൂനഹദോസുകൾ

| | | |
|---|---|---|
| 1. | നിക്യാ I | 325 |
| 2. | കോൺസ്റ്റാന്റിനോപ്പിൾ I | 381 |
| 3. | എഫേസൂസ് | 431 |
| 4. | കൽക്കദോനിയാ | 451 |
| 5. | കോൺസ്റ്റാന്റിനോപ്പിൾ II | 553 |
| 6. | കോൺസ്റ്റാന്റിനോപ്പിൾ III | 680-681 |
| 7. | നിക്യാ II | 787 |
| 8. | കോൺസ്റ്റാന്റിനോപ്പിൾ IV | 867-870 |
| 9. | ലാറ്ററൻ I | 1123 |
| 10. | ലാറ്ററൻ II | 1139 |
| 11. | ലാറ്ററൻ III | 1179 |
| 12. | ലാറ്ററൻ IV | 1215 |
| 13. | ലിയോൺ I | 1245 |
| 14. | ലിയോൺ II | 1274 |
| 15. | വിയന്നാ | 1311-1312 |
| 16. | കോൺസ്റ്റൻസ് | 1414-1418 |
| 17. | ബാസൽ- ഫെറാറ - ഫ്ളോറൻസ് | 1431-1445 |
| 18. | ലാറ്ററൻ V | 1512-1514 |
| 19. | ത്രെന്തോസ് | 1545-1563 |
| 20. | വത്തിക്കാൻ I | 1870 |
| 20. | വത്തിക്കാൻ II | 1962-1965 |

# അനുബന്ധം – 3
## മാർപ്പാപ്പാമാർ

| | | |
|---|---|---|
| 1. | വി. പത്രോസ് | –67 |
| 2. | വി. ലീനുസ് | 67–76 |
| 3. | വി. അനാക്ലിറ്റസ് (ക്ലീറ്റസ്) | 76–88 |
| 4. | വി. ക്ലെമെന്റ് I | 88–97 |
| 5. | വി. എവരിസ്റ്റസ് | 97–105 |
| 6. | വി. അലക്സാണ്ടർ I | 105–115 |
| 7. | വി. സിക്സ്റ്റസ് I | 115–125 |
| 8. | വി. ടെലസ്ഫോറസ് | 125–136 |
| 9. | വി. ഹിജീനസ് | 136–140 |
| 10. | വി. പിയൂസ് | 140–155 |
| 11. | വി. അനിസേറ്റസ് | 155–166 |
| 12. | വി. സൊത്തേർ | 166–175 |
| 13. | വി. എലൂത്തേരിയസ് | 175–189 |
| 14. | വി. വിക്ടർ I | 189–199 |
| 15. | വി. സെഫിറീനസ് | 199–217 |
| 16. | വി. കലിസ്റ്റസ് I | 217–222 |
| 17. | വി. ഊർബൻ I | 222–230 |
| 18. | വി. പോൺസിയാൻ | 230–235 |
| 19. | വി. അന്തേരുസ് | 235–236 |
| 20. | വി. ഫാബിയാൻ | 236–250 |
| 21. | വി. കൊർണേലിയൂസ് | 251–253 |
| 22. | വി. ലൂഷിയസ് I | 253–254 |
| 23. | വി. സ്റ്റീഫൻ I | 254–257 |
| 24. | വി. സിക്സ്റ്റസ് II | 257–258 |
| 25. | വി. ഡയനീഷ്യസ് | 259–268 |
| 26. | വി. ഫെലിക്സ് I | 269–274 |
| 27. | വി. യൂത്തിക്യാൻ | 275–283 |

| | | |
|---|---|---|
| 28. | വി. കായൂസ് | 283–296 |
| 29. | വി. മർചെല്ലീനസ് | 296–304 |
| 30. | വി. മർചെല്ലൂസ് I | 308–309 |
| 31. | വി. യൂസേബിയുസ് | 309–310 |
| 32. | വി. മിൽത്തിയാഡെസ് (മെൽക്കിയാഡെസ്) | 311–314 |
| 33. | വി. സിൽവെസ്റ്റർ I | 314–335 |
| 34. | വി. മാർക്കുസ് | 336–336 |
| 35. | വി. ജൂലിയുസ് I | 337–352 |
| 36. | വി. ലിബേരിയസ് | 352–366 |
| 37. | വി. ഡമാസസ് I | 366–384 |
| 38. | വി. സിറീഷ്യസ് | 384–399 |
| 39. | വി. അനസ്താസിയൂസ് I | 399–401 |
| 40. | വി. ഇന്നസന്റ് I | 401–417 |
| 41. | വി. സോസിമുസ് | 417–418 |
| 42. | വി. ബോനിഫാസ് I | 418–422 |
| 43. | വി. സെലെസ്റ്റിൻ I | 422–432 |
| 44. | വി. സിക്സ്റ്റസ് III | 432–440 |
| 45. | വി. ലെയോ I (മഹാനായ ലെയോ) | 440–461 |
| 46. | വി. ഹിലാരി | 461–468 |
| 47. | വി. സിംപ്ലിസിയുസ് | 468–483 |
| 48. | വി. ഫെലിക്സ് III (II) | 483–492 |
| 49. | വി. ജെലാസിയുസ് I | 492–496 |
| 50. | വി. അനസ്താസിയുസ് II | 496–498 |
| 51. | വി. സിമ്മാക്കുസ് | 498–514 |
| 52. | വി. ഹൊർമിസ്ദാസ് | 514–523 |
| 53. | വി. ജോൺ I | 523–526 |
| 54. | വി. ഫെലിക്സ് IV (III) | 526–530 |
| 55. | ബോനിഫാസ് II | 530–532 |
| 56. | ജോൺ II (മെർക്കുറിയുസ്) | 533–535 |

| | | |
|---|---|---|
| 57. | വി. അഗാപിറ്റസ് I | 535–536 |
| 58. | വി. സിൽവേരിയുസ് | 536–537 |
| 59. | വിജീലിയൂസ് | 537–555 |
| 60. | പെലാജിയുസ് I | 556–561 |
| 61. | ജോൺ III | 561–574 |
| 62. | ബെനെഡിക്റ്റ് I | 575–579 |
| 63. | പെലാജിയുസ് II | 579–590 |
| 64. | വി. ഗ്രിഗറി I (മഹാനായ ഗ്രിഗറി) | 590–604 |
| 65. | സബിനിയാനുസ് | 604–606 |
| 66. | ബോനിഫാസ് III | 607–607 |
| 67. | വി. ബോനിഫാസ് IV | 608–615 |
| 68. | വി. ദേവൂസ്ദേദിത് (അദെയോദാതുസ്) | 615–618 |
| 69. | ബോനിഫാസ് V | 619–625 |
| 70. | ഹൊണോരിയൂസ് I | 625–638 |
| 71. | സെവെരിനസ് | 640–640 |
| 72. | ജോൺ IV | 640–642 |
| 73. | തെയൊഡോർ I | 642–649 |
| 74. | വി. മാർട്ടിൻ I | 649–655 |
| 75. | വി. യൂജെനിയുസ് I | 654–657 |
| 76. | വി. വിത്താലിയൻ | 657–672 |
| 77. | അദെയോദാത്തുസ് II | 672–676 |
| 78. | ദോനുസ് | 676–678 |
| 79. | വി. അഗാത്തോ | 678–681 |
| 80. | വി. ലെയോ II | 682–683 |
| 81. | വി. ബെനെഡിക്റ്റ് II | 684–685 |
| 82. | ജോൺ V | 685–686 |
| 83. | കോനോൻ | 686–687 |
| 84. | വി. സേർജിയൂസ് I | 687–701 |
| 85. | ജോൺ VI | 701–705 |

| | | |
|---|---|---|
| 86. | ജോൺ VII | 705–707 |
| 87. | സിസിന്നിയുസ് | 708–708 |
| 88. | കോൺസ്റ്റന്റൈൻ | 708–715 |
| 89. | വി. ഗ്രിഗറി II | 715–731 |
| 90. | വി. ഗ്രിഗറി III | 731–741 |
| 91. | വി. സഖറിയാസ് | 741–752 |
| 92. | സ്റ്റീഫൻ II | 752–752 |
| 93. | സ്റ്റീഫൻ III | 752–757 |
| 94. | വി. പോൾ I | 757–767 |
| 95. | സ്റ്റീഫൻ IV | 768–772 |
| 96. | അഡ്രിയാൻ I (ഹഡ്രിയാൻ) | 772–795 |
| 97. | വി. ലെയോ III | 795–816 |
| 98. | സ്റ്റീഫൻ V | 816–817 |
| 99. | വി. പാസ്ക്കാൽ I | 817–824 |
| 100. | യുജീൻ II | 824–827 |
| 101. | വലെൻന്റൈൻ | 827–827 |
| 102. | ഗ്രിഗറി IV | 827–844 |
| 103. | സേർജിയൂസ് II | 844–847 |
| 104. | വി. ലെയോ IV | 847–855 |
| 105. | ബെനെഡിക്റ്റ് III | 855–858 |
| 106. | വി. നിക്കോളാസ് I (മഹാനായ നിക്കോളാസ്) | 858–867 |
| 107. | അഡ്രിയാൻ II | 867–872 |
| 108. | ജോൺ VIII | 872–882 |
| 109. | മരീനുസ് I | 882–884 |
| 110. | വി. അഡ്രിയാൻ III | 884–885 |
| 111. | സ്റ്റീഫൻ VI | 885–891 |
| 112. | ഫൊർമോസുസ് | 891–896 |
| 113. | ബോനിഫാസ് VI | 896–896 |
| 114. | സ്റ്റീഫൻ VII | 896–897 |

| | | |
|---|---|---|
| 115. | റൊമാനുസ് | 897–897 |
| 116. | തെയൊഡോർ II | 897–897 |
| 117. | ജോൺ IX | 898–900 |
| 118. | ബെനെഡിക്റ്റ് IV | 900–903 |
| 119. | ലെയോ V | 903–903 |
| 120. | സേർജിയൂസ് III | 904–911 |
| 121. | അനസ്താസിയുസ് | 911–913 |
| 122. | ലാൻദോ | 913–914 |
| 123. | ജോൺ X | 914–928 |
| 124. | ലെയോ VI | 928–928 |
| 125. | സ്റ്റീഫൻ VIII | 928–931 |
| 126. | ജോൺ XI | 931–935 |
| 127. | ലെയോ VII | 936–939 |
| 128. | സ്റ്റീഫൻ IX | 939–942 |
| 129. | മരീനുസ് II | 942–946 |
| 130. | അഗാപിറ്റസ് II | 946–955 |
| 131. | ജോൺ XII | 955–964 |
| 132. | ലെയോ VIII | 963–965 |
| 133. | ബെനെഡിക്റ്റ് V | 964–965 |
| 134. | ജോൺ XIII | 965–972 |
| 135. | ബെനെഡിക്റ്റ് VI | 973–974 |
| 136. | ബെനെഡിക്റ്റ് VII | 974–983 |
| 137. | ജോൺ XIV | 983–984 |
| 138. | ജോൺ XV | 985–996 |
| 139. | ഗ്രിഗറി V | 996–999 |
| 140. | സിൽവെസ്റ്റർ II | 999–1003 |
| 141. | ജോൺ XVII | 1003–1003 |
| 142. | ജോൺ XVIII | 1004–1009 |
| 143. | സേർജിയൂസ് IV | 1009–1012 |
| 144. | ബെനെഡിക്റ്റ് VIII | 1012–1024 |
| 145. | ജോൺ XIX | 1024–1032 |

| | | |
|---|---|---|
| 146. | ബെനെഡിക്റ്റ് IX | 1032–1044 |
| 147. | സിൽവെസ്റ്റർ III | 1045–1045 |
| 148. | ബെനെഡിക്റ്റ് IX (രണ്ടാംതവണ) | 1045–1045 |
| 149. | ഗ്രിഗറി VI | 1045–1046 |
| 150. | ക്ലെമെന്റ് II | 1046–1047 |
| 151. | ബെനെഡിക്റ്റ് IX (മൂന്നാംതവണ) | 1047–1048 |
| 152. | ഡമാസസ് II | 1048–1048 |
| 153. | വി. ലെയോ IX | 1049–1054 |
| 154. | വിക്ടർ II | 1055–1057 |
| 155. | സ്റ്റീഫൻ X | 1057–1058 |
| 156. | നിക്കോളാസ് II | 1059–1061 |
| 157. | അലക്സാണ്ടർ II | 1061–1073 |
| 158. | വി. ഗ്രിഗറി VII | 1073–1085 |
| 159. | വാ. വിക്ടർ III | 1086–1087 |
| 160. | വാ. ഊർബൻ II | 1088–1099 |
| 161. | പാസ്ക്കാൽ II | 1099–1118 |
| 162. | ജെലാസിയുസ് II | 1118–1119 |
| 163. | കലിസ്റ്റസ് II | 1119–1124 |
| 164. | ഹൊണോരിയുസ് II | 1124–1130 |
| 165. | ഇന്നസന്റ് II | 1130–1143 |
| 166. | സെലെസ്റ്റിൻ II | 1143–1144 |
| 167. | ലൂഷ്യസ് II | 1144–1145 |
| 168. | വിയൂജിൻ III | 1145–1153 |
| 169. | അനസ്താസിയൂസ് IV | 1153–1154 |
| 170. | അഡ്രിയാൻ IV | 1154–1159 |
| 171. | അലക്സാണ്ടർ III | 1159–1181 |
| 172. | ലൂഷ്യസ് III | 1181–1185 |
| 173. | ഊർബൻ III | 1185–1187 |
| 174. | ഗ്രിഗറി VIII | 1187–1187 |

| | | |
|---|---|---|
| 175. | ക്ലെമെന്റ് III | 1187–1191 |
| 176. | സെലെസ്റ്റിൻ III | 1191–1198 |
| 177. | ഇന്നസന്റ് III | 1198–1216 |
| 178. | ഹൊണോരിയുസ് III | 1216–1227 |
| 179. | ഗ്രിഗറി IX | 1227–1241 |
| 180. | സെലെസ്റ്റിൻ IV | 1241–1241 |
| 181. | ഇന്നസന്റ് IV | 1243–1254 |
| 182. | അലക്സാണ്ടർ IV | 1254–1261 |
| 183. | ഊർബൻ IV | 1261–1264 |
| 184. | ക്ലെമെന്റ് IV | 1265–1268 |
| 185. | വാ. ഗ്രിഗറി X | 1271–1276 |
| 186. | വാ. ഇന്നസന്റ് V | 1276–1276 |
| 187. | അഡ്രിയാൻ V | 1276–1276 |
| 188. | ജോൺ XXI | 1276–1277 |
| 189. | നിക്കോളാസ് III | 1277–1280 |
| 190. | മാർട്ടിൻ IV | 1281–1285 |
| 191. | ഹൊണോരിയുസ് IV | 1285–1287 |
| 192. | നിക്കോളാസ് IV | 1288–1292 |
| 193. | വി. സെലെസ്റ്റിൻ V | 1294–1294 |
| 194. | ബോനിഫാസ് VIII | 1294–1303 |
| 195. | വാ. ബെനെഡിക്റ്റ് XI | 1303–1304 |
| 196. | ക്ലെമെന്റ് V | 1305–1314 |
| 197. | ജോൺ XXII | 1316–1334 |
| 198. | ബെനെഡിക്റ്റ് XII | 1334–1342 |
| 199. | ക്ലെമെന്റ് VI | 1342–1352 |
| 200. | ഇന്നസന്റ് VI | 1352–1362 |
| 201. | വാ. ഊർബൻ V | 1362–1370 |
| 202. | ഗ്രിഗറി XI | 1370–1378 |
| 203. | ഊർബൻ VI | 1378–1389 |
| 204. | ബോനിഫാസ് IX | 1389–1404 |
| 205. | ഇന്നസന്റ് VII | 1404–1406 |

| | | |
|---|---|---|
| 206. | ഗ്രിഗറി XII | 1406–1415 |
| 207. | മാർട്ടിൻ V | 1417–1431 |
| 208. | യൂജിൻ IV | 1431–1447 |
| 209. | നിക്കോളാസ് V | 1447–1455 |
| 210. | കലിസ്റ്റസ് III | 1455–1458 |
| 211. | പിയൂസ് II | 1458–1464 |
| 212. | പോൾ II | 1464–1471 |
| 213. | സിക്സ്റ്റസ് IV | 1471–1484 |
| 214. | ഇന്നസന്റ് VIII | 1484–1492 |
| 215. | അലക്സാണ്ടർ VI | 1492–1503 |
| 216. | പീയൂസ് III | 1503–1503 |
| 217. | ജൂലിയുസ് II | 1503–1513 |
| 218. | ലെയോ X | 1513–1521 |
| 219. | അഡ്രിയാൻ VI | 1522–1523 |
| 220. | ക്ലെമെന്റ് VII | 1523–1534 |
| 221. | പോൾ III | 1534–1549 |
| 222. | ജൂലിയുസ് III | 1550–1555 |
| 223. | മർചെല്ലുസ് II | 1555–1555 |
| 224. | പോൾ IV | 1555–1559 |
| 225. | പീയൂസ് IV | 1559–1565 |
| 226. | പീയൂസ് V | 1566–1572 |
| 227. | ഗ്രിഗറി XIII | 1572–1585 |
| 228. | സിക്സ്റ്റസ് V | 1585–1590 |
| 229. | ഊർബൻ VII | 1590–1590 |
| 230. | ഗ്രിഗറി XIV | 1590–1591 |
| 231. | ഇന്നസന്റ് IX | 1591–1591 |
| 232. | ക്ലെമെന്റ് VIII | 1592–1605 |
| 233. | ലെയോ XI | 1605–1605 |
| 234. | പോൾ V | 1605–1621 |
| 235. | ഗ്രിഗറി XV | 1621–1623 |
| 236. | ഊർബൻ VIII | 1623–1644 |

| | | |
|---|---|---|
| 237. | ഇന്നസന്റ് X | 1644–1655 |
| 238. | അലക്സാണ്ടർ VII | 1655–1667 |
| 239. | ക്ലെമെന്റ് IX | 1667–1669 |
| 240. | ക്ലെമെന്റ് X | 1670–1676 |
| 241. | വാ. ഇന്നസന്റ് XI | 1676–1689 |
| 242. | അലക്സാണ്ടർ VIII | 1689–1691 |
| 243. | ഇന്നസന്റ് XII | 1691–1700 |
| 244. | ക്ലെമെന്റ് XI | 1700–1721 |
| 245. | ഇന്നസന്റ് XIII | 1721–1724 |
| 246. | ബെനെഡിക്റ്റ് XIII | 1724–1730 |
| 247. | ക്ലെമെന്റ് XII | 1730–1740 |
| 248. | ബെനെഡിക്റ്റ് XIV | 1740–1758 |
| 249. | ക്ലെമെന്റ് XIII | 1758–1769 |
| 250. | ക്ലെമെന്റ് XIV | 1769–1774 |
| 251. | പീയൂസ് VI | 1775–1799 |
| 252. | പീയൂസ് VII | 1800–1823 |
| 253. | ലെയോ XII | 1823–1829 |
| 254. | പീയൂസ് VIII | 1829–1830 |
| 255. | ഗ്രിഗറി XVI | 1831–1846 |
| 256. | പീയൂസ് IX | 1846–1878 |
| 257. | ലെയോ XIII | 1878–1903 |
| 258. | വി. പീയൂസ് X | 1903–1914 |
| 259. | ബെനെഡിക്റ്റ് XV | 1914–1922 |
| 260. | പീയൂസ് XI | 1922–1939 |
| 261. | പീയൂസ് XII | 1939–1958 |
| 262. | ജോൺ XXIII | 1958–1963 |
| 263. | പോൾ VI | 1963–1978 |
| 264. | ജോൺ പോൾ I | 1978–1978 |
| 265. | ജോൺ പോൾ II | 1978–2005 |
| 266. | ബെനെഡിക്റ്റ് XVI | 2005–2013 |
| 267. | ഫ്രാൻസിസ് I | 2013– |